**KOTTAYAM PUBLIC LIBRARY**

Call No M08 Acc. No 82501

Author നായർ, കെ.കെ

Title കുട്ടിക്കാലം.

**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

**CALLING URGENT ATTENTION**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1641

1 ന. 733

# കുട്ടിക്കാലം

KOTTAYAM PUBLIC LIBRARY
82501
KOTTAYAM.

ഒന്നാം പതിപ്പ്
1952 ഏപ്രിൽ

വില
3—0—0.

M08

പരിഭാഷകൻ:

**കെ. കെ. നായർ, എം. എ., ബി. ടി.**

പ്രസാധകന്മാർ:

...ം പ്രിൻറിങ്ങ് ആൻറ്, പബ്ലിഷിങ്ങ് കമ്പനി ലിമിററഡ്

കണ്ണൂര്.

# കുറിപ്പ്.

വിശ്വസാഹിത്യത്തിൽ സമുന്നതസ്ഥാനം ആർജ്ജിച്ചിട്ടുള്ള ഉത്തമഗ്രന്ഥങ്ങളിൽ ഒന്നാണ് ഗോർക്കിയുടെ ആത്മകഥ. അതു അദ്ദേഹത്തിന്റെ ഏററവും നല്ല കൃതിയായും അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. നോവലിന്റെ രൂപത്തിൽ എഴുതിയിട്ടുള്ള ഈ മഹൽഗ്രന്ഥത്തിന്റെ ആദ്യഭാഗമാണ് കുട്ടിക്കാലമെന്നപേരിൽ ഇവിടെ പരിഭാഷപ്പെടുത്തിയിട്ടുള്ളതു. ഇംഗ്ലീഷിലുള്ള റഷ്യൻ പ്രസിദ്ധീകരണത്തിന്റെ പരിഭാഷയാണ് ഇത്.

തർജ്ജിമയുടെ കാര്യത്തിൽ ഞാൻ അല്പം ചില സ്വാതന്ത്ര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കഥയോട് കാര്യമായ ബന്ധമില്ലാത്ത പാട്ടുകളെല്ലാം ഞാൻ വിട്ടുകളഞ്ഞിട്ടുണ്ട്.

വാചകങ്ങൾ പദാനുപദമായിത്തന്നെ പരിഭാഷപ്പെടുത്താൻ ഞാൻ പരിശ്രമിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. "മുഴിക്ക" "അടുപ്പിൻതട്ട്" ഈമാതിരി പദങ്ങൾ റഷ്യൻ പശ്ചാത്തലം വിഭാവനംചെയ്തുകൊണ്ടു മാത്രമെ വായനക്കാർ വീക്ഷിക്കുകയുള്ളു എന്നു ഞാൻ ആശിക്കുന്നു.

എന്റെ പരിമിതമായ കഴിവുകൾ ഈ പരിശ്രമത്തിന്ന് എന്നെ അർഹനാക്കിയിട്ടുണ്ടോ എന്നു സഹൃദയന്മാരാണ് തീരുമാനിക്കേണ്ടത്.

പരിഭാഷകൻ.

വന. 733

# കുട്ടിക്കാലം

എൻെറ അച്ഛൻ, വെളിച്ചമില്ലാത്ത ഒരു ചെറിയ മുറിയിൽ ജനലിന്നു താഴെ നിലത്തുകിടക്കുകയായിരുന്നു. വെള്ളവസ്ത്രങ്ങൾ മാത്രം ധരിച്ചുകൊണ്ടുള്ള ആ കിടപ്പിൽ അദ്ദേഹം സാമാന്യം നീളമുള്ള ഒരാളായിത്തോന്നി. അദ്ദേഹത്തിൻെറ കാൽവിരലുകൾ വിറങ്ങലിച്ചു വിടർന്നുനിന്നു. മാറത്തു പിണച്ചുവെച്ചിരുന്ന കൈകളുടെ വിരലുകളും വല്ലാതെ വളഞ്ഞു വികൃതമായിരുന്നു സന്തോഷം തുളുമ്പാറുണ്ടായിരുന്ന ആ കണ്ണുകൾ, കറുത്ത ചെമ്പുനാണയത്തുട്ടുകൾ വെച്ചടച്ചിരിക്കയായിരുന്നു, സ്നേഹമസൃണമായ അദ്ദേഹത്തിൻെറ മുഖം കരുവാളിച്ചുകഴിഞ്ഞിരുന്നു. കടിയിട്ടുനില്ക്കുകയായിരുന്ന പല്ലുകളുടെ തിളക്കം എന്നെ ഭയപ്പെടുത്തുകയും ചെയ്തു.

ചുകപ്പു പാവാടമാത്രമുടുത്തു, എൻെറ അമ്മ, അച്ഛൻെറ അടുത്തു മുട്ടുകുത്തിയിരുന്നു, ഞാൻ വത്തക്കയുടെ തോട്ടു ഈർന്നു മുറിക്കുവാൻ ഉപയോഗിക്കാറുണ്ടായിരുന്ന ഒരു കറുത്ത ചീപ്പ്കൊണ്ടു, അദ്ദേഹത്തിൻെറ മിനുസമുള്ള മുടി, ചീകി പിന്നാക്കം ചായ്ക്കുകയായിരുന്നു. ചിലമ്പുകലർന്ന, പതുത്ത താഴ്ന്നസ്വരത്തിൽ അവർ എന്തോ മന്ത്രിക്കുന്നുണ്ടായിരുന്നു. അവരുടെ ഭംഗിയുള്ള മൈക്കണ്ണുകൾ വീർത്തു, വലിയ കണ്ണുനീർക്കണങ്ങളായലിഞ്ഞുവീഴുവാൻ ഭാവിക്കുകയായിരുന്നു.

എൻെറ അമ്മമ്മ എൻെറ കൈപിടിച്ചുകൊണ്ടവിടെ നില്ക്കുന്നുണ്ടായിരുന്നു. വലിയ തലയും, വലിയ കണ്ണുകളും തമാശതോന്നിക്കുന്ന മാംസളമായ മൂക്കുമുള്ള ഒരുരുണ്ട സ്ത്രീ. അവർ വളരെ ദയാലുവും ആർക്കും ഇഷ്ടംതോന്നിക്കുന്ന പ്രകൃതത്തോടുകൂടിയവരുമാണ്. അമ്മയുടെ കരച്ചിലിന്നു ഒരു രാഗം ചേർക്കാനെന്നപോലെ, ഒരു പ്രത്യേക സമ്പ്രദായത്തിൽ അമ്മമ്മയും കരയുന്നുണ്ടായിരുന്നു. ദേഹമാസകലം വിറച്ചുകൊണ്ടു അവർ എന്നെ അച്ഛൻെറ അരികിലേക്കു തള്ളിനീക്കി ഞാൻ പിന്നാക്കം മാറി അവരുടെ പാവാടയുടെ മറവിൽ ഒളിച്ചു. എനിക്കു എന്തെന്നില്ലാത്ത ഭയവും അസ്വാസ്ഥതയും അനുഭവപ്പെട്ടു.

മുതിന്നവർ കരയുന്നതു ഞാൻ ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല. അമ്മമ്മ എന്നോടു പറഞ്ഞുകൊണ്ടിരുന്ന വാക്കുകളുടെ അത്ഥം എനിക്കു മനസ്സിലായില്ല.

"പോയി നിൻെറ അച്ഛനോടു യാത്ര പറയു. ഇനിയൊരിക്കലും നീ അദ്ദേഹത്തെ കാണുകയില്ല. മോനെ, അച്ഛൻ കാലമെത്തുന്നതിന്നുമുമ്പ്, പ്രായമാകാതെ മരിച്ചു......."

ഞാൻ ഒരു വലിയ രോഗത്തിൽപെട്ടു സുഖം പ്രാപിച്ചുകഴിഞ്ഞിട്ടേയുണ്ടായിരുന്നുള്ളു അതെനിക്കു നല്ല ഓമ്മയുണ്ടു—അച്ഛൻ അപ്പോഴം എൻെറ അടുത്തു വന്നു എന്നോടൊപ്പം കളിച്ചു രസിക്കാറുണ്ടായിരുന്നു. എന്നാൽ പെട്ടന്നദ്ദേഹത്തെ കാണാതായി. എൻെറ അമ്മമ്മയായ ഈ അസാധാരണസ്ത്രീയെ അദ്ദേഹത്തിൻെറ സ്ഥാനത്തു കാണാൻ തുടങ്ങുകയും ചെയ്തു.

"ഇവിടെ എത്താൻ നിങ്ങടം വളരെദൂരം നടക്കേണ്ടിവന്നോ?" ഞാൻ അമ്മമ്മയോടു ചോദിച്ചു.

"ഞാൻ നടന്നല്ല വന്നതു. ഞാൻ സവാരിചെയ്താണ് എത്തിയതു. വെള്ളത്തിൽക്കൂടി ആർക്കും നടക്കാൻ കഴിയുകയില്ല, കുമ്പ

ളങ്ങെ!" അവർ പറഞ്ഞു. "ഞാൻ കീഴെ * നിന്നും മേലേക്ക വന്നതാണ്."

ഇതു എനിക്ക തമാശയായിത്തോന്നി. കുഴഞ്ഞുമറിഞ്ഞ എന്തോ കാര്യമായിത്തോന്നി. ഞങ്ങളുടെ വീട്ടിൻെറ മേലെ നിലയിൽ ദേഹത്തിൽ ചായം പൂശിയ താടിക്കാരായ ഏതാനും പേഷ്യക്കാരാണ് താമസിച്ചിരുന്നതു. നിലയറയിൽ, ആട്ടിൻതോൽ വിററുനടക്കുന്ന മഞ്ഞനിറമുള്ള ഒരു വൃദ്ധനാണുണ്ടായിരുന്നതു-മച്ചിൻ പുറത്തുനിന്നു നിരങ്ങിയിറങ്ങാം വീണുപോകയാണെങ്കിൽ മലക്കംമറിഞ്ഞു താഴെ എത്താം. ഇതെനിക്ക വെടിപ്പായറിയാം. എന്നാൽ മേലെ നിലയിലേക്ക പോകുമ്പോഠം വെള്ളമെവിടെ? അമ്മമ്മക്ക തെററുപററിയതാണ്. അവർ ബുദ്ധിക്ക സ്ഥിരതയില്ലാതെ എന്തോ പറഞ്ഞതാണ്

"നിങ്ങഠം എന്തിനാണ് എന്നെ കുമ്പളങ്ങെ എന്നു വിളിക്കുന്നതു?"

"കാരണം നീ അത്രക്കും വലുതായതുകൊണ്ടു" എന്നായിരുന്നു അവർ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞതു.

വാത്സല്യവും, ചുറുചുറുക്കും, പ്രസന്നതയും കലൻറുകൊണ്ടുള്ളതായിരുന്നു അവരുടെ സംഭാഷണരീതി. ആദ്യത്തെ ദിവസംമുതൽക്കുതന്നെ ഞാൻ അവരെ ഇഷ്ടപ്പെടുവാൻ തുടങ്ങി. ഞങ്ങഠം രണ്ടുപേരും ആ മുറിവിട്ടു പോയാൽ എത്രനന്നായിരുന്നു എന്നു എനിക്ക തോന്നി.

അമ്മയുടെ അപ്പൊഴത്തെ ഭാവം എന്നെ വല്ലാതെ അമ്പരപ്പിച്ചു. അവരുടെ കണ്ണീരും കരച്ചിലും എന്നെ പതിവില്ലാത്തവിധം ഭയപ്പെടുത്തി. ഇതിന്നുമുമ്പൊരിക്കലും ഞാൻ അവരെ ഈവിധ

---

* "കീഴെ" എന്നതു "നിഴിനി" എന്ന പട്ടണത്തിന്നു പകരം പറയാവുള്ള ഒരു വാക്കിൻെറ തജ്ജിമയാണ്.

ത്തിൽ കണ്ടിട്ടുണ്ടായിരുന്നില്ല, സാധാരണയായി അവർ വളരെ ഗൌരവക്കാരിയായ ഒരു സ്ത്രീയായിരുന്നു. അനാവശ്യമായി അവർ സംസാരിക്കാറില്ല. അവർ ഒരു പെൺകുതിരയെപ്പോലെ വലുപ്പവും മാർദ്ദവവും വെട്ടപ്പും ഉള്ള ഒരു സ്ത്രീയായിരുന്നു. ഉറച്ച ദേഹവും വളരെ ശക്തിയുള്ള കൈകളും അവക്കുണ്ടായിരുന്നു. എന്നാൽ അവിടെ അവർ വൃത്തികെട്ട, തടിച്ച, തലമുടി പറിച്ചിട്ട നില്ക്കുകയായിരുന്നു. അവരുടെ വസ്ത്രങ്ങൾ കീറിപ്പറിഞ്ഞിരുന്നു. വൃത്തിയിൽ, ആകർഷകമായി, നെറുകയിൽ ചുരുട്ടിക്കെട്ടി നിത്താറുള്ള അവരുടെ മുടി, അപ്പോൾ അവരുടെ നഗ്നമായ ചുമലുകളിലും കണ്ണുകളിലും, വീണു ചിതറിക്കിടക്കുകയായിരുന്നു. അച്ഛന്റെ മുഖത്തു ഒരു തലനാരിഴ ഉരസിക്കളിക്കുന്നുണ്ടായിരുന്നു. ഞാൻ ആ മുറിയിൽ കുറെ സമയമായി നില്ക്കുകയായിരുന്നെങ്കിലും അവർ ഒരു പ്രാവശ്യമെങ്കിലും എന്റെ നേരെ തിരിഞ്ഞുനോക്കുകയുണ്ടായില്ല. അവർ കരയുന്നതിലും, അച്ഛന്റെ മുടി ചീകിവെക്കുന്നതിലും ശ്രദ്ധിച്ച് തന്നത്താൻ മറന്നിരിക്കയായിരുന്നു.

പാറാവുനിന്നിരുന്ന പട്ടാളക്കാരനും കറുത്ത മുഖങ്ങളുള്ള ഏതാനും "മുഴികൾ"കളും മുറിയിലേക്കെത്തിനോക്കി.

"വേഗം അയാളെ ഒരുക്കിക്കിടത്തുക," പട്ടാളക്കാരൻ അക്ഷമയോടെ പറഞ്ഞു.

ജനലിന്നു നേരെ ഒരു വേഷ്ടി മറച്ചുകെട്ടിയിട്ടുണ്ടായിരുന്നു. അതു കാററുനിറഞ്ഞു ഒരു കപ്പൽപായപോലെ വീർത്തുനിന്നു. ഒരിക്കൽ അച്ഛൻ എന്നെ ഒരു തോണിയിൽ കയററി സവാരിപ്പോയതു എനിക്കോർമ്മവന്നു—പെട്ടന്നൊരിടിവെട്ടിയതും അച്ഛൻ പൊട്ടിച്ചിരിച്ചു അദ്ദേഹത്തിന്റെ കാൽമുട്ടുകൾക്കിടയിൽ എന്നെ ഒതുക്കിനിത്തിയതും ഞാൻ ഓർമ്മിച്ചു.

"അതു സാരമില്ല. പേടിക്കേണ്ട മോനെ" എന്നു അച്ഛൻ എന്നെ സാന്ത്വനപ്പെടുത്തിയതും ഞാൻ ഓർമ്മിച്ചു.

പെട്ടന്നു അമ്മ ചാടിയെഴുന്നേററു പിറകോട്ടു മറിഞ്ഞുവീണു. അവരുടെ തലമുടി നിലത്തുകിടന്നിഴഞ്ഞു. കാഴ്ചമങ്ങിയ അവരുടെ മുഖം കരുവാളിച്ചുപോയി. അവരുടെ പല്ലുകരം അച്ഛന്റെ പല്ലുകരംപോലെ കടിയിട്ടുപോകയും ചെയ്തു.

"വാതിൽ പൂട്ടു, അലക്സേയിയെ പുറത്തേക്കു കൊണ്ടുപോകൂ" ഭയംതോന്നിക്കുന്ന സ്വരത്തിൽ, അവർ കിതച്ചുകൊണ്ടു പറഞ്ഞു.

അമ്മമ്മ എന്നെ വാതില്ക്കലേക്കു തള്ളിക്കൊണ്ടുപോയി.

''നിങ്ങളാരും പേടിക്കരുതു." അവർ വിളിച്ചുപറഞ്ഞു "അവളെ തൊടരുതു. യേശുവെ ഓർത്തു ദൂരെ പോകൂ. അതു കോളറയല്ല. അവരംക്കു പ്രസവവേദന തുടങ്ങുകയാണ്. നിങ്ങരം ദയകാണിക്കണം."

ഒരിരുണ്ട മൂലയിൽ ഒരു പെട്ടിയുടെ പിന്നിൽ ഞാൻ ഒളിച്ചു. അവിടെയിരുന്നുകൊണ്ടു, അമ്മ നിലത്തുവീണുരുണ്ടു പല്ലുകടിച്ചു നിലവിളിക്കുന്നതു ഞാൻ കണ്ടു. അമ്മമ്മയാകട്ടെ വളരെ വാത്സല്യത്തോടെ എന്തോ പറഞ്ഞുംകൊണ്ടു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

''ദൈവത്തെയും യേശുവിനെയും വിചാരിച്ചു, വേദന വല്ലവിധേനയും സഹിക്കു, വര്യൂഷാ,....കന്യാമറിയമെ! ദയാലുവായ ദൈവമെ!,......."

എനിക്കു പേടിയായി. അമ്മ, അച്ഛന്നടുത്തായി കരഞ്ഞും ഞരങ്ങിയും, ഇടക്കു അദ്ദേഹത്തിന്റെ ദേഹത്തിൽ ഉരസിയും, തറയിൽ അങ്ങിങ്ങായിളകിക്കൊണ്ടിരുന്നു. അദ്ദേഹമാകട്ടെ അവിടെ അനങ്ങാതെ കിടന്നു, അമ്മയെ നോക്കി ചിരിക്കുന്നതായിത്തോന്നി. ഇങ്ങിനെ കുറെസമയം കഴിഞ്ഞു. വളരെ പ്രാവശ്യം അമ്മ പിടഞ്ഞെഴുന്നേല്ക്കുകയും ഉടനെ മറിഞ്ഞുവീഴുകയും ചെയ്തു. കറുത്ത ഒരു വലിയ പന്തുപോലെ അമ്മമ്മ, മുറിയിൽനിന്നു പുറത്തേക്കും

ഉടനെ അകത്തേക്കുമായി ചാടിനടന്നു. പെട്ടന്നു ഇരുട്ടിൽ ഒരു ശിശുവിൻെറ കരച്ചിൽ കേട്ടു.

"എൻറീശ്വരാ..." അമ്മമ്മ ദീർഘമായൊന്നു നിശ്വസിച്ചു. "ആണ്"

അവർ ഒരു മെഴുകുതിരി കൊളുത്തി. ഞാൻ ഇരുന്നേടത്തിരുന്നുറങ്ങിപ്പോയി. പിന്നീടു സംഭവിച്ചതൊന്നും ഞാനറിഞ്ഞില്ല.

തുടർന്നുകൊണ്ടെൻെറ ഓർമ്മയിൽ വരുന്നതു് മഴയുള്ള ഒരു ദിവസം, ഒരു ശവപ്പറമ്പിലെ ഒരൊഴിഞ്ഞ മൂലയാണ്. വഴുതുന്ന മൺകൂമ്പാരത്തിൽനിന്നുകൊണ്ടു അച്ഛൻെറ ശവപ്പെട്ടി താഴ്ത്തിയ കുഴിയിലേക്കു ഞാൻ നോക്കി. കുഴിയുടെ അടിയിൽ വെള്ളവും കുറെ തവളകളുമുണ്ടായിരുന്നു. രണ്ടെണ്ണം ശവപ്പെട്ടിയുടെ മഞ്ഞ നിറമുള്ള മൂടിയിന്മേൽ ചാടിക്കയറി.

ശ്മശാനത്തിൽ ആകെ നനഞ്ഞുവീർത്ത കാവല്ക്കാരൻ പട്ടാളക്കാരനും, കൈക്കോട്ടുപണിക്കാരായ രണ്ടു "മുഴിക്കുകളും" ഞാനും അമ്മമ്മയും മാത്രമെ ഉണ്ടായിരുന്നുള്ളു. ഞങ്ങളെല്ലാവരും മഴകൊണ്ടു വീക്കുകയും ചെയ്തിരുന്നു.

"അതു കുഴിച്ചുമൂടുക" കാവല്ക്കാരൻ ദൂരെ മാറിക്കൊണ്ടു പറഞ്ഞു.

വേഷ്ടികൊണ്ടു മുഖംമറച്ചു അമ്മമ്മ പൊട്ടിക്കരഞ്ഞു. "മുഴിക്കുകൾ" കുനിഞ്ഞുനിന്നു കുഴിയിലേക്കു മണ്ണുരുത്തു. വെള്ളം മേലോട്ടു തെറിച്ചു. തവളകൾ ശവക്കുഴിയുടെ പാർശ്വങ്ങളിലേക്കു തുള്ളിക്കയറാൻ ഭാവിച്ചു. എന്നാൽ കുഴിയിൽ വീഴ്ത്തിയ മണ്ണിന്നടിയിൽ തവളകളും മറവുചെയ്യപ്പെട്ടു.

"ദൂരെ പോകു, അല്യോഷാ," അമ്മമ്മ എൻെറ ചുമലിൽ പിടിച്ചുകൊണ്ടു പറഞ്ഞു. ഞാൻ അവരുടെ പിടി വിടുവിച്ചു മാറിനിന്നു. കാരണം എനിക്കു ദൂരെ പോകുവാൻ ഇഷ്ടമുണ്ടായിരുന്നില്ല.

"അല്ലയോ ദൈവമെ" അവർ നെടുവീർപ്പിട്ടു. അവരുടെ സ്വരം കേട്ടാൽ, അവക്കു എന്നോടൊ ദൈവത്തോടൊ, ആവലാതിയെന്നു മനസ്സിലാക്കാൻ വിഷമമായിരുന്നു. കുറെസമയത്തോളം അവർ അവിടെ അനങ്ങാതെ, തലതാഴ്ത്തിനിന്നു. ശവക്കുഴി മൂടിക്കഴിഞ്ഞിട്ടും വളരെ നേരം അവർ ആ നില്പിൽതന്നെ നിന്നു.

മുഴിക്കുകാം കൈക്കൊട്ടിന്റെ മടമ്പുകൊണ്ടു മണ്ണുമുട്ടിയമത്തി. ഒരു കാററടിച്ചു മഴ നിലച്ചു. അമ്മമ്മ എന്റെ കൈപിടിച്ചു, ദൂരെ കാട്ടിന്നിടയിൽ നില്ക്കുന്ന ഒരു പള്ളിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

''നീ എന്തുകൊണ്ടു കരയുന്നില്ല'' ശവപ്പറമ്പിൽനിന്നും പുറത്തെത്തിയപ്പോാം, അവർ എന്നോടു ചോദിച്ചു. "നീ കരയേണ്ടതാണ്".

''എനിക്കു കരച്ചിൽ വരുന്നില്ല" ഞാൻ പറഞ്ഞു.

"നിനക്കു കരച്ചിൽ വരുന്നില്ലെങ്കിൽ നീ കരയേണ്ട" അവർ ശാന്തമായി മറുപടി പറഞ്ഞു.

ഞാൻ കരയേണ്ടതാണെന്നു അമ്മമ്മ പറഞ്ഞതെനിക്കാശ്ചര്യമായിത്തോന്നി. ഞാൻ വളരെ ചുരുക്കമായെ കരയാറുണ്ടായിരുന്നുള്ളു. എനിക്കു വലിയ ദുഃഖംതോന്നിയാൽ മാത്രം. വേദന പററിയാൽ ഞാൻ തീരെ കരയാറില്ല. എന്റെ കണ്ണുനീർ കണ്ടാൽ അച്ഛൻ വെറുതെ ചിരിക്കും. എന്നാൽ അമ്മ എന്നോടുറക്കെ ശാസിക്കും.

"നീ കരഞ്ഞുപോകരുതു."

ഇരുവശങ്ങളിലും ഇരുണ്ടു ചുവന്ന വീടുകളുള്ള, ചളിനിറഞ്ഞ വീഥിയുള്ള, ഒരു നിരത്തിൽകൂടി ഞങ്ങാം ഒരു വണ്ടിയിൽ കയറിഓടിച്ചുപോയി.

''തവളകാംക്കു പുറത്തുവരാൻ കഴിയുമോ" ഞാൻ ചോദിച്ചു.

"ഇല്ല. കഴികയില്ല, ദൈവം അവയെ അനുഗ്രഹിക്കട്ടെ" അമ്മമ്മ മറുപടി പറഞ്ഞു.

എന്റെ അമ്മയാകട്ടെ, അച്ഛനാകട്ടെ അങ്ങിനെ കൂടക്കൂടെ, വളരെ പരിചയമുള്ളപോലെ, ദൈവത്തിന്റെ പേർവിളിക്കാറുണ്ടായിരുന്നില്ല.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ, അമ്മമ്മയും അമ്മയും ഞാനും ഒരു തീബോട്ടിന്റെ ഒരു ചെറിയ മുറിയിൽ സഞ്ചരിക്കുകയായിരുന്നു. ഒരു മൂലയിൽ മേശപ്പുറത്തു, വെള്ളവസ്ത്രത്തിൽ പൊതിഞ്ഞു ഒരു ചുകപ്പു നാടകെട്ടി, കൊച്ചു ശിശുവായ എന്റെ സഹോദരൻ മേക്സിം മരിച്ചുകിടക്കുന്നുണ്ടായിരുന്നു.

പെട്ടികളുടെയും കെട്ടുകളുടെയും മീതെ ഇരുന്നുകൊണ്ട്, ഞാൻ, കുതിരയുടെ കണ്ണുപോലെയുള്ള, ജനലിൽക്കൂടി പുറത്തേക്കു നോക്കി. കറുത്തു നുരയോടുകൂടിയ വെള്ളം ജനലിന്റെ കണ്ണാടിയിൽക്കൂടി താഴോട്ടൊലിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ കണ്ണാടി കഴുകി വൃത്തിയാക്കിയതുപോലെ തോന്നി. അപ്പോൾ ഞാൻ അറിയാതെ, തറയിലേക്കു തുള്ളിയിറങ്ങുകയും ചെയ്തു.

"പേടിക്കേണ്ട," മാർദ്ദവമുള്ള കൈകൾകൊണ്ടു എന്നെ പൊക്കിയെടുത്തു കെട്ടുകളിന്മേൽ ഇരുത്തി അമ്മമ്മ എന്നെ സമാശ്വസിപ്പിച്ചു.

നനഞ്ഞു ചാരനിറത്തിലുള്ള മൂടൽമഞ്ഞു വെള്ളത്തിന്റെ മീതെ തൂങ്ങിനിന്നിരുന്നു. വളരെ അകലത്തായി, ഇരുണ്ട വീതികുറഞ്ഞ പുഴക്കരകൾ മൂടൽമഞ്ഞിനെ ഭേദിച്ചുകൊണ്ടു ഇടക്കിടക്കു എങ്ങുനിന്നോ പ്രത്യക്ഷപ്പെടും. ഉടനെ കാഴ്ചയിൽനിന്നു മറഞ്ഞുപോകയും ചെയ്യും. ഞങ്ങൾക്കു ചുറ്റും എല്ലാവസ്തുക്കളും വിറച്ചുകൊണ്ടിരിക്കുന്നതായിത്തോന്നി. എന്റെ അമ്മമാത്രം അക്ഷോഭ്യയായുറച്ചുനിന്നു തലക്കു പിന്നിൽ കൈകൾ പിണച്ചുവെച്ചു, കണ്ണുകൾ മുറുകെ അടച്ചു, അവർ ചുമരിൽ ചാരിനിന്നു. അവരുടെ മുഖം ഇരുളുറഞ്ഞു, ഭയാനകമായി, കാഴ്ച മങ്ങിയതായിത്തോന്നി. അവർ ധരിച്ചിരുന്ന വസ്ത്രങ്ങൾപോലും എനിക്കപരിചിതങ്ങളായനുഭവപ്പെട്ടു.

ഇടക്കിടക്ക അമ്മമ്മ അമ്മയോട്ട പറഞ്ഞുകൊണ്ടിരുന്നു.

''വാര്യുഷാ, നീ ഒരിത്രവല്ലതും തിന്നരുതോ, എന്തെങ്കിലും കുറച്ചു........''

എന്നാൽ അമ്മ മിണ്ടാതെ അനങ്ങാതെ നിന്നതേയുള്ളു.

അമ്മമ്മ എന്നോട്ട വളരെ താഴ്ന്നസ്വരത്തിൽ മാത്രമെ സംസാരിച്ചുള്ളു. അമ്മയോട്ട അതിലും ഉറക്കെ അവർ സംസാരിച്ചുവെങ്കിലും, ശങ്കിച്ചു ശങ്കിച്ചു വളരെ ദുല്ലഭമായി മാത്രമെ അമ്മ വല്ലതും പറഞ്ഞുള്ളു. അമ്മമ്മക്ക അമ്മയെ വലിയ ഭയമായിരിക്കണമെന്നു ഞാൻ വിചാരിച്ചു. അങ്ങിനെയെനിക്ക മനസ്സിലാക്കാൻ കഴിഞ്ഞു. അതുകൊണ്ടു അമ്മമ്മയോട്ട എനിക്ക കൂടുതൽ അടുപ്പം തോന്നുകയും ചെയ്തു.

''സാറട്ടോവ്'' പെട്ടെന്നു ഉറക്കെ, ക്രൂരമായ സ്വരത്തിൽ അമ്മ വിളിച്ചുപറഞ്ഞു. "കപ്പൽക്കാരൻ എവിടെ?"

അവരുടെ വാക്കുകളെല്ലാം എനിക്കപരിചിതവും അസാധാരണവുമായിരുന്നു. "സാറട്ടോവ്", ''കപ്പൽക്കാരൻ.''

വീതിയുള്ള ചുമലുകളും നരച്ച മുടിയും നീലവസ്ത്രങ്ങളുമുള്ള ഒരാറം, ഒരു ചെറിയ പെട്ടിയുമെടുത്തു മുറിയിൽ കടന്നുവന്നു. അമ്മമ്മ അയാളോട്ട പെട്ടിവാങ്ങി എൻെറ അനുജൻെറ ദേഹം ആ പെട്ടിയിൽ വെക്കാൻ ആരംഭിച്ചു. അതു ചെയ്തശേഷം അവർ പെട്ടി കൈകളിൽ വിലങ്ങനെ എടുത്തുംകൊണ്ടു വാതില്ക്കലേക്ക നടന്നു. എന്നാൽ അവരുടെ ദേഹം നല്ല പുഷ്ടിയുണ്ടായിരുന്നതുകൊണ്ടു ഒരുഭാഗം ചരിഞ്ഞുമാത്രമെ അവക്ക് പുറത്തേക്ക പോകാൻ സാധിക്കുമായിരുന്നുള്ളു. അതുകൊണ്ടു അവർ പരുങ്ങലിലായി.

''ഓ, അമ്മേ!'' അമ്മ അക്ഷമയോടെ പറഞ്ഞു. അമ്മ ശവപ്പെട്ടി വാങ്ങി, അവർ രണ്ടുപേരും എങ്ങോപോയി. ഞാൻ നീലവസ്ത്രംധരിച്ച ആ ആളോടൊപ്പം മുറിയിൽതന്നെ ഇരുന്നു.

"അപ്പോൾ നിൻെറ അനുജൻ പോയി; അവൻ നമ്മളെ വിട്ടു ഇല്ലേ!?" അയാൾ എൻെറ നേരെ കുനിഞ്ഞുകൊണ്ടു ചോദിച്ചു.

"നിങ്ങൾ ആരാണ്?"

"ഒരു കപ്പൽക്കാരൻ."

"സാറട്ടോവ് ആരാണ്?"

"ഒരു നഗരം—ജനാലിൽകൂടി നോക്കു. അതാ അവിടെ കാണാം."

ഇരുട്ടു വദ്ധിച്ചു-ജനലിന്നടുത്തുകൂടി, മൂടൽമഞ്ഞിൽ മങ്ങിയ കര വല്ലരെ വേഗത്തിൽ നീങ്ങിക്കൊണ്ടിരുന്നു-ഒരു വലിയ അപ്പത്തിൽനിന്നും മുറിച്ചെടുത്ത ഒരു തുണ്ടമാണ് എനിക്കോർമ്മയിൽ വന്നതു.

"അമ്മമ്മ എവിടെയാണ പോയതു?"

"അവരുടെ പൌത്രനെ മറവുചെയ്യാൻ"

"അവർ അവനെ നിലത്തു കുഴിച്ചിട്ടുമോ?"

"തീച്ചയായും."

അച്ഛനെ കുഴിച്ചിട്ടപ്പോൾ ജീവനുള്ള തവളകളെ ഒപ്പം മൂടിക്കളഞ്ഞതു ഞാൻ കപ്പൽക്കാരനോടു പറഞ്ഞു. അയാൾ എന്നെ പൊക്കിയെടുത്തു മാറോടു ചേത്തു ചുംബിച്ചു.

"കഷ്ടം! മോനേ, നിനക്കിനിയും അതൊന്നും മനസ്സിലാകാറായിട്ടില്ല." അയാൾ പറഞ്ഞു

"തവളകളോടല്ല നിനക്കനുകമ്പതോന്നേണ്ടതു–അവ തുലയട്ടെ-അമ്മയോടാണ്. നോക്കു, അവക്കെന്തൊരു ദുഃഖമാണ് വന്നുപെട്ടതു"

പെട്ടന്നു മേൽത്തട്ടിൽനിന്നും ഒരു കരച്ചിൽ കേട്ടു. ഒരു പൊട്ടിത്തെറിക്കലും ഉണ്ടായി. എന്നാൽ അതൊരു തീബോട്ടാണെന്നെനിക്കറിയാമായിരുന്നതുകൊണ്ടു എനിക്കു ഭയപ്പെടിതോന്നിയില്ല

കപ്പൽക്കാരൻ തിരക്കിട്ടെന്നെ താഴെ ഇറക്കി, പുറത്തേക്കു കുതിച്ചു. പോകുമ്പോൾ അയാൾ പറഞ്ഞു.

"പോകാതെ ഒക്കുകയില്ല."

എനിക്കും പോകേണമെന്നുണ്ടായിരുന്നു. ഞാൻമുറിയിൽനിന്നും പുറത്തുപോയി. വാതിൽ കടന്നു വളരെ ദൂരം പോകുന്നതിന്നുമുമ്പു തന്നെ, ഏണിപ്പടിമേൽ പിച്ചള സാമാനങ്ങൾ തിളങ്ങിനില്ക്കുന്നതെനിക്കു കാണാൻ കഴിഞ്ഞു. ഞാൻമേലോട്ടു നോക്കി. അവിടെ ആളുകളും, അവരുടെ കയ്യിൽ കെട്ടുകളും സാമാനങ്ങളും ഉള്ളതായി ഞാൻ കണ്ടു. എല്ലാവരും ബോട്ടുവിട്ടു പോകുകയാണെന്നു വ്യക്തമായിരുന്നു. ഞാനും ബോട്ടിൽനിന്നിറങ്ങേണ്ടതാണെന്ന് എനിക്കു തോന്നി.

ഞാൻ മേൽത്തട്ടിൽ, "മുഴിക്കു"കൾ കൂട്ടമായി നില്ക്കുന്നിടത്തെത്തിയപ്പോൾ അവർ എന്നെ നോക്കി ഉച്ചത്തിൽ പറഞ്ഞു.

"നീ ആരാണ്; ആരുടെകൂടെയുള്ളതാണ്?"

"ഞാൻ അറിയുകയില്ല"

കുറെ നേരത്തോളം അവർ എന്നെ തൊട്ടുനോക്കുകയും ഉന്തുകയും തള്ളുകയും ചെയ്തു. ഒട്ടുക്കം നരച്ചമുടിയോടുകൂടിയ കപ്പൽക്കാരൻ അവിടെ വന്നു. അയാൾ പറഞ്ഞു.

"അവൻ ആസ്ട്രാഖാനിൽനിന്നു വരുന്നതാണ്. മുറിയിൽനിന്നും പുറത്തുവന്നുകളഞ്ഞതാണ്."

അയാൾ എന്നെ പൊക്കിയെടുത്തു മുറിയിലേക്കോടി. എന്നെ ഭാണ്ഡങ്ങളിന്മേൽ ഇരുത്തി വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു.

"നിനക്കു ഞാൻ കാണിച്ചുതരാം" എന്നെ ഭീഷണിപ്പെടുത്തി അയാൾ പുറത്തേക്കു പോയി.

ക്രമേണ മേൽത്തട്ടിൽ ബഹളം നിലച്ചു. കപ്പലിന്റെ ചലനവും നിലച്ചു വെള്ളം തെറിക്കുന്നതും നിലച്ചു. മുറിയുടെ ജനലിന്നടുത്തു നനഞ്ഞ ഒരു ചുമരുള്ളതുപോലെ തോന്നി. ഇരുട്ടും ചൂടും

വദ്ധിച്ച എൻെറ ചുററം ഭാണ്ഡങ്ങരം വദ്ധിച്ചുവരുന്നതായി തോന്നി. ഈ ഒഴിഞ്ഞ കപ്പലിൽ അവർ എന്നെ വിട്ടുപോയ്ക്കള ഞ്ഞതാണെങ്കിലോ?

ഞാൻ വാതിലിന്നടുത്തുചെന്നു. അതു അടച്ചുപൂട്ടിയിരുന്നു. എത്ര ശക്തിപ്രയോഗിച്ചിട്ടും പിച്ചളകൊണ്ടുള്ള കൈപ്പിടി തിരിക്ക വാൻ എനിക്ക കഴിഞ്ഞില്ല. കാൽതട്ടി ഒരു പാൽകുപ്പി ഉടഞ്ഞു പോയി. പാൽ എൻെറ കാലടികളിലും ചെരിപ്പിലും ഒഴുകി.

അങ്ങിനെ പരാജിതനായി, ഞാൻ ഭാണ്ഡങ്ങളിന്മേൽ ചെന്നു കിടന്നു, കരഞ്ഞുകൊണ്ടുറങ്ങിപ്പോയി.

ഞാൻ ഉണന്നപ്പോരം കപ്പൽ വീണ്ടും ഇളകുന്നുണ്ടായിരുന്നു. വെള്ളം തെറിക്കുന്നുണ്ടായിരുന്നു. മുറിയുടെ ജനൽ സൂര്യ്യനെപ്പോലെ പ്രകാശിക്കുന്നുണ്ടായിരുന്നു. അമ്മമ്മ എൻെറ അടുത്തിരുന്നു മുടി ചീകുന്നുണ്ടായിരുന്നു. മുഖം ചുളിച്ചുകൊണ്ടു അവർ എന്തോ പിറു പിറുക്കുകയും ചെയ്തിരുന്നു. ആക്കും ആശ്ചര്യ്യം ജനിപ്പിക്കുവാൻമാത്രം അവക്കു നീലിച്ച കറുത്തിടതൂന്ന കേശഭാരമുണ്ടായിരുന്നു. ചുമലിലും, മാറത്തും കാൽമുട്ടുകളിലും ചുരുണ്ടുവീണു നിലത്തുകൂടി ഇഴയുന്ന തലമുടി. ഒരു കൈകൊണ്ടു, അവർ തലമുടി നിലത്തുനിന്നും വാരി യെടുത്തു മുറുകെപ്പിടിച്ചു, മറെറക്കൈയ്യിലുള്ള ഒരു മരച്ചീപ്പു കൊണ്ടു ഇഴകരംക്കിടയിൽകൂടി വലിച്ചുകൊണ്ടിരുന്നു. അവരുടെ കണ്ണുകളിൽ ക്രോധം സ്ഫുരിച്ചുനിന്നു; ആ സമൃദ്ധമായ കേശഭാര ത്തിൽ മൂടിനില്ക്കെ അവരുടെ മുഖം വളരെ ചെറുതായി തോന്നി.

അവക്കു വളരെ കുണ്ഠിതമുള്ളതുപോലെ തോന്നി. എന്നാൽ അവക്കു ഇത്രയധികം മുടിയുണ്ടായതെങ്ങിനെയാണെന്നു ചോദിച്ച പ്പോരം, തലേദിവസത്തെപ്പോലെ ശാന്തവും സ്നേഹപൂണ്ണവുമായ സ്വരത്തിലാണവർ മറുപടി പറഞ്ഞതു.

“ദൈവം എന്നെ പരിശോധിക്കുന്നതായിരിക്കും - “നിൻെറ ഈ ശപിക്കപ്പെട്ട കുഞ്ചിരോമം ചീകിയുംകൊണ്ടു നീ ദിവസം

പോകുക'' ഇതായിരിക്കാം അദ്ദേഹത്തിന്റെ ശാസനം. ചെറുപ്പത്തിൽ ഞാൻ ഇതിനെച്ചൊല്ലി വലിയ വമ്പുനടിച്ചു. വയസ്സായതോടുകൂടി ഞാൻ ഇതിനെ ശപിക്കുകയാണ്. നീ പോയുറങ്ങു, കുട്ടീ! നേരം പുലരാൻ ഇനിയുമുണ്ട്. സൂര്യൻ ഉദിക്കാറായിട്ടില്ല.''

"എനിക്കിനി ഉറങ്ങേണമെന്നില്ല."

''വേണ്ടാ, വേണ്ടെങ്കിൽ വേണ്ടാ'' മുടി തിരുകിക്കെട്ടിയും കൊണ്ടു, കട്ടിലിൽ ഒരസ്ത്രംപോലെ മലൎന്നു നിവൎന്നു കിടക്കുന്ന അമ്മയെ നോക്കിയും കൊണ്ടു, അവർ പറഞ്ഞു.

''നീ ഇന്നലെ ആ കുപ്പി പൊളിച്ചുകളഞ്ഞതെങ്ങിനെയാണ്. മെല്ലെ സംസാരിക്കണം.''

അവർ പാട്ടുപാടുന്നതുപോലെ വാക്കുകൾ ഒരു പ്രത്യേക സമ്പ്രദായത്തിലാണുച്ചരിക്കുക. അതുകൊണ്ടു അവരുടെ വാക്കുകൾ ഓൎമ്മിക്കുവാൻ എനിക്കെളുപ്പംതോന്നി. ആ വാക്കുകൾ പുഷ്പങ്ങളെപ്പോലെ വ്യക്തവും മധുരവുമായിരുന്നു. അവർ പുഞ്ചിരിയിടുമ്പോൾ അവരുടെ കൃഷ്ണമണികൾ, വലുതായി, അവാച്യമായ എന്തോ പ്രകാശം ഉൾക്കൊള്ളുന്നതായി തോന്നും. അവരുടെ വെളുത്തുറപ്പുള്ള പല്ലുകൾ, തികച്ചും വെളിക്കു കാണും. അവരുടെ കവിളുകൾ കറപ്പുപാഞ്ഞു ചുളിവുനിറഞ്ഞവയാണെങ്കിലും, അവരുടെ മുഖം പ്രസരിപ്പും യുവത്വവും നിറഞ്ഞു തുളുമ്പുന്നതാണ്. ചുകന്നു മാംസളമായി മിന്നുന്ന അവരുടെ മൂക്കു മാത്രമെ, ആ മുഖത്തിന്നൊരു കുറവായി പറയാനുണ്ടായിരുന്നുള്ളൂ. കറുത്ത, ചിത്രപ്പണികളുള്ള വെള്ളിയുടെ ഒരു അളുക്കിൽനിന്നു അവർ ഇടക്കിടെ പൊടിയെടുത്തു വലിച്ചുകൊണ്ടിരിക്കും. അവൎക്കു പുറമം എല്ലാംതന്നെ കറുപ്പായിരുന്നെങ്കിലും, അവരുടെ കണ്ണുകളിൽ, ആന്തരാത്മാവിൽ നിന്നും ഉൽഭൂതമാകുന്ന സന്തോഷപ്രദമായ ഒരു പ്രകാശനിർഝരി, തള്ളിവരുന്നതായിത്തോന്നിയിരുന്നു. അവർ തടിച്ചിട്ടാണ്; കുനിയാണെന്നു തോന്നിക്കാൻ മാത്രം കുന്നിട്ടുമാണ്. എന്നാൽ ഒരു വലിയ

പൂച്ചയുടെ ചുറചുറക്കോടെ, അവർ കാര്യങ്ങൾ നിർവ്വഹിച്ചു. ആ സ്നേഹമുള്ള മൃഗത്തെപ്പോലെ അവരുടെ ദേഹവും വളരെ മാർദ്ദവമുള്ളതായിരുന്നു.

അവർ വരുന്നതുവരെ, ഞാൻ ഇരുട്ടിൽ, ഉറങ്ങുകയായിരുന്നു എന്നു തോന്നുന്നു. അവർ എന്നെ വിളിച്ചുണർത്തി വെളിച്ചത്തേക്കു കൂട്ടിക്കൊണ്ടുപോയി. എൻെറ പരിതഃസ്ഥിതികളെ അവർ പൊട്ടാത്ത ഒരു ചരടാക്കി ന്യൂററുനിർത്തി; പല നിറങ്ങളുള്ള ഒരു നാടയാണവർ നെയ്തുണ്ടാക്കിയതു; അതെ, അവർ എൻെറ ജീവകാലസഖിയായിത്തീൎന്നു—അവരായിരുന്നു എൻെറ ഏററവും പ്രിയപ്പെട്ട ഒരൊററച്ചങ്ങാതി. അവരെമാത്രമെ എനിക്കു തികച്ചും മനസ്സിലായുള്ളു. അവൎക്കു ജീവിതത്തോടുണ്ടായിരുന്ന അകംനിറഞ്ഞ സ്നേഹം എന്നെ ധന്യനാക്കി; വിഷമം നിറഞ്ഞ ഭാവിയെ നേരിടാനുള്ള കഴിവും അവരാണെനിക്കു പ്രദാനം ചെയ്തതു്.

നാല്പതുകൊല്ലങ്ങൾക്കു മുമ്പാണിതു്. അപ്പോൾ തീബോട്ടുകൾ വളരെ സാവധാനത്തിൽ മാത്രമെ പോകാറുണ്ടായിരുന്നുള്ളൂ. നിഴ്നി നവഗറോഡിൽ എത്താൻ ഞങ്ങൾക്കു വളരെ ദിവസം വേണ്ടിവന്നു. സൌന്ദര്യം നിറഞ്ഞ ആദ്യത്തെ കുറച്ചുദിവസങ്ങൾ എനിക്കു ഇപ്പോഴും നല്ല ഓൎമ്മയുണ്ടു.

കാലാവസ്ഥ നന്നായിരുന്നു. രാവിലെ തൊട്ടു വൈകുന്നേരം വരെ ഞാൻ അമ്മമ്മയോടൊപ്പം മേൽത്തട്ടിൽതന്നെ കഴിച്ചുകൂട്ടി. ശരൽക്കാലത്തിൻെറ സ്വൎണ്ണപ്പട്ടണിഞ്ഞു നില്ക്കുന്ന വോൾഗയുടെ ഇരുകരകൾക്കിടയിൽ പ്രകാശമാനമായ ആകാശത്തിൻകീഴിൽ ഞാൻ സമയം പോക്കുകയായിരുന്നു.

തുരുമ്പുപിടിച്ചു നിറം മങ്ങിയ ബോട്ടു, വേറൊരു വലിയ വഞ്ചിയേയും വലിച്ചുകൊണ്ടു, ഒഴുക്കിന്നെതിരായി സാവധാനം നീങ്ങിക്കൊണ്ടിരുന്നു. നരനിറംകലൎന്ന, നീലിച്ച, വെള്ളംതള്ളി നീക്കിയുംകൊണ്ടു ആ ബോട്ടു ഇഴഞ്ഞിഴഞ്ഞു മുന്നോട്ടുപോകയാ

യിരുന്നു. വഞ്ചി നരനിറമുള്ളതായിരുന്നു; ഒരു വെള്ളക്കുറയെ പ്പോലെ. സൂര്യൻ വോൾഗയുടെമീതെ ഒളിച്ചൊളിച്ചു വന്നു കയറി. ഓരോ മണിക്കൂറിലും പുതുതായെന്തെങ്കിലും കണ്ണിൽ പെടു വാനുണ്ടായിരുന്നു. ഞങ്ങൾക്കു ചുററും എല്ലാം മാറിക്കൊണ്ടി രുന്നു. പച്ചപിടിച്ച കുന്നുകൾ, ഭൂമിയുടെ വിലപിടിച്ച വസ്ത്രങ്ങ ളിലുള്ള ചുളിവുകളായിത്തോന്നി. അകലത്തു നീങ്ങിമറയുന്ന ഗ്രാമ ങ്ങളും നഗരങ്ങളും റൊട്ടിക്കഷ്ണങ്ങൾകൊണ്ടുണ്ടാക്കിവെച്ചതായി ത്തോന്നി. ഹേമന്തത്തിലെ, സ്വർണ്ണനിറംപൂണ്ടു കൊഴിഞ്ഞുവീണ ഇലകൾ, പുഴയിൽക്കൂടി ഒലിച്ചുപോകുന്നുണ്ടായിരുന്നു.

പ്രകാശമുള്ള മുഖത്തോടും, സന്തോഷംനിറഞ്ഞ കണ്ണുകളോ ടുംകൂടി, മേൽത്തട്ടിൻെറ ഒരററത്തുനിന്നും മറേറ അററത്തേക്കു നട ന്നുംകൊണ്ടിരിക്കെ, അമ്മമ്മ ഇടക്കിടെ പറയും.

“ഇതെത്ര മനോഹരമായിരിക്കുന്നു, നോക്കു.”

ഞാൻ അടുത്തുണ്ടെന്നകാര്യം വിസ്മരിച്ചുംകൊണ്ടു, ചില പ്പോൾ, അവർ ഭുജങ്ങൾ മാറത്തുപിണച്ചുവെച്ചു, ചുണ്ടുകളിൽ പുഞ്ചിരിപരത്തി, കണ്ണുകൾ കണ്ണുനീരിൽമുക്കി, വളരെനേരം, കര യിൽത്തന്നെ നോക്കിനിൽക്കും. അപ്പോൾ ഞാൻ പൂപ്പണികളുള്ള അവരുടെ പാവാടത്തുമ്പിൽ പിടിച്ചുവലിക്കും.

“ഏ!” തട്ടിപ്പിടഞ്ഞുകൊണ്ടവർ ചോദിക്കും. “ഞാൻ ഉറങ്ങി ക്കിടന്നു സ്വപ്നം കാണുകയാണെന്നു തോന്നും.”

“നിങ്ങൾ എന്തിനാണ് കരയുന്നത്?”

“എൻെറ കുട്ടീ, അതു സന്തോഷംകൊണ്ടാണ്. ബലഹീ നതകൊണ്ടാണ്.” അവർ പുഞ്ചിരിയിട്ടു പറഞ്ഞു, “എനിക്കി പ്പോൾ വയസ്സായില്ലെ, അറുപതിലധികംകൊല്ലങ്ങൾ ഞാൻ പിന്നി ട്ടുകഴിഞ്ഞു.”

പിന്നെ അവർ ഒരുനുള്ളു് പൊടിയെടുത്തു വലിച്ചു. സന്യാ സിമാരെക്കുറിച്ചും, മൃഗങ്ങളെക്കുറിച്ചും, കൊള്ളക്കാരെക്കുറിച്ചും,

യക്ഷികളെക്കുറിച്ചും പല രസമുള്ള കഥകൾ അവർ എനിക്കു പറഞ്ഞുതന്നു.

അവർ പതിഞ്ഞസ്വരത്തിൽ, ആശ്ചര്യം ജനിപ്പിക്കുന്ന സ്വരത്തിലാണ്, കഥകൾ പറയുക. അവരുടെ മുഖം എന്റെ മുഖത്തോടു ചേർത്തുവെച്ചു, അവരുടെ വികസിച്ച കണ്ണുകളെക്കൊണ്ടു എന്റെ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി, അവർ കഥപറയുന്നതു കണ്ടാൽ എന്നെ താങ്ങിനിർത്തുവാൻവേണ്ടി, എന്റെ ഹൃദയത്തിലേക്കു അവർ ശക്തിയൊഴിച്ചു തരികയാണെന്നുതോന്നും. അവർ കഥകൾ പറയുകയല്ല ചെയ്യുന്നതു, പാടുകയാണ് ചെയ്യുന്നത്. പറഞ്ഞുകൊണ്ടിരിക്കെ രാഗത്തിന്നു ആകർഷകത്വം കൂടിക്കൊണ്ടിരിക്കുകയും ചെയ്യും. അവരുടെ കഥകൾ കേട്ടുകൊണ്ടിരിക്കുകയെന്നതു വിവരിക്കാനാകാത്ത ഒരാനന്ദമാണ്. അവർ കഥ പറഞ്ഞു നിർത്തിയാൽ ഞാൻ കരഞ്ഞപേക്ഷിക്കും.

"തുടന്നോളു!"

''പിന്നെ അതിങ്ങിനെയായിരുന്നു. അടുക്കളപ്രേതം അടുപ്പിൻതട്ടിന്റെ അടിയിൽ ഇരുന്നു. പ്രേതത്തിന്റെ കയ്യിൽ പട്ടുനൂലിന്റെ ഒരു കഷ്ണം ഉണ്ടായിരുന്നു. അതു കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു, "അല്ല ചുണ്ടെലി, ചുണ്ടെലി, ഞാൻ ഇപ്പോൾ മരിക്കും" എന്നു.

അവർ കാൽ പൊക്കി, മരണവേദനയനുഭവിക്കുന്നതുപോലെ, മുന്നോട്ടും പിന്നോട്ടും ആടിക്കൊണ്ടിരുന്നു.

കപ്പൽക്കാർ, വളരെ നല്ല ശീലമുള്ള താടിക്കാരായ ആളുകൾ, ചുററും വന്നുനിന്നു അമ്മമ്മയുടെ കഥകൾ കേട്ടു ചിരിച്ചു. അവർ അമ്മമ്മയെ പ്രശംസിച്ചു കൊണ്ടു് കഥ തുടരുവാൻ ആവശ്യപ്പെട്ടു.

"പറയു അച്ഛമ്മെ, ഞങ്ങൾക്കു മറെറാരു കഥ പറഞ്ഞു തരു"

അവർ തുടന്നു.

"ഞങ്ങളോടൊപ്പം വന്നു അത്താഴം കഴിക്കൂ."

അത്താഴത്തോടൊപ്പം അവർ അമ്മമ്മക്ക "വോഡ്ക" കൊടുക്കും. എനിക്ക വത്തക്കയും പഴങ്ങളും തരും. അവർ ആരും കാണാതെയാണെനിക്ക പഴങ്ങൾ തന്നതു. കാരണം ബോട്ടിൽവെച്ചു പഴം തിന്നുന്നതിനെ തടയാൻ ഒരാളുണ്ടായിരുന്നു. ആരെങ്കിലും പഴം തിന്നുന്നതു കണ്ടാൽ, അയാൾ അതു പിടിച്ചുപറിച്ചു വെള്ളത്തിൽ എറിയും. അയാൾ ഒരു കാവല്ക്കാരൻെറ വേഷം അണിഞ്ഞിരിക്കും. പിച്ചളക്കുടുക്കുള്ള കുപ്പായമിട്ടിരിക്കും. എപ്പോഴും കുടിച്ചു മസ്തനായിരിക്കുകയും ചെയ്യും. എല്ലാവരും അയാളെ കണ്ടാൽ ഒളിക്കും.

അമ്മ മേൽത്തട്ടിൽ തീരെ വന്നില്ല. കഴിയുന്നതും ഞങ്ങളിൽനിന്നകലാനാണ് അവർ ശ്രമിച്ചതു്. അവർ ആരോടും ഒരക്ഷരം മിണ്ടിയില്ല. ദീർഘമായ, സൌന്ദര്യമുള്ള അവരുടെ രൂപം ഞാൻ ഇപ്പോഴും ഓർക്കുന്നു. തലമുടി വീണ് കറുപ്പുപരന്ന ആ മുഖം എനിക്ക ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. അവരുടെ ശക്തിയും സ്ഥൈര്യവും, പ്രകാശമുള്ള മേഘത്തിൽക്കൂടി, മൂടൽമഞ്ഞിന്നുള്ളിൽക്കൂടി, കാണുമ്പോലെ ഇപ്പോഴും എൻെറ സ്മരണയിൽ തെളിഞ്ഞുകാണുന്നുണ്ടു്. അമ്മമ്മയുടെ കണ്ണുകൾപോലെ വിശാലമായ അവരുടെ മൈക്കണ്ണുകളിൽ, അടുപ്പംതോന്നിക്കാത്ത ആ നോട്ടം, ഇപ്പോഴും, ഈ കൊല്ലങ്ങളത്രയും കടന്നുപോന്നിട്ടും, ഞാൻ കാണുന്നതായി തോന്നുന്നു.

ഒരുദിവസം അവർ രൂക്ഷതയോടെ പറഞ്ഞു.

"നിങ്ങൾ സ്വയം ഒരു പരിഹാസപാത്രമായിത്തീരുകയാണ്, അമ്മെ!"

"ആളുകൾക്കിഷ്ടമാണെങ്കിൽ അവർ ചിരിച്ചുകൊള്ളട്ടെ" അമ്മമ്മ വെറുപ്പുതോന്നിക്കാതെ പറഞ്ഞു. "അവക്കു അതുകൊണ്ടു് നന്മയല്ലെ വരാനുള്ളൂ."

നിഴിനി ദൃശ്യമായപ്പോറം, അമ്മമ്മക്ക ഒരു കട്ടിക്കെന്ന പോലെ, സന്തോഷം തോന്നി.

"നോക്കു, നോക്കു, അതെത്ര ഭംഗിയായിരിക്കുന്നു" എൻെറ കൈക്കപിടിച്ചു അഴികളുടെ അടുത്തേക്ക കൂട്ടിക്കൊണ്ടുപോയി അവർ പറഞ്ഞു. "അതാ നിൻെറ നിഴിനി, അതാ നോക്കു, എന്തൊരു ഭംഗി, പള്ളികളുടെ ഗോപുരങ്ങറം നോക്കു, അവ പറക്കാൻ ഭാവിക്കുകയാണെന്നു തോന്നും."

അവർ കണ്ണുനീരോടെ അമ്മയെ നോക്കിപ്പറഞ്ഞു.

"വാന്യഷാ, ഇതാ, ഒന്നു നോക്കു, നീ ഈ നഗരം തീരെ മറന്നുപോയെന്നു തോന്നുന്നു. ആ സന്തോഷം ഊറിക്കുടിക്കു." അമ്മ വ്യസനഭാവത്തിൽ ചിരിക്കുകമാത്രം ചെയ്തു.

കപ്പൽ ആ മനോഹരനഗരത്തിന്നു നേരെ ചെന്നുനിന്നു. കപ്പൽ പുഴയുടെ മദ്ധ്യത്തിലാണ് നിന്നതു. ബോട്ടുകളും, കപ്പലുകളും പാമരങ്ങളും പുഴനിറഞ്ഞു തിങ്ങിനിന്നിരുന്നു. നിറയെ ആളുകളുള്ള ഒരു തോണി ഞങ്ങളുടെ കപ്പലിന്നടുത്തേക്ക വന്നു. തോണി കപ്പലിൻെറ പാർശ്വത്തിൽ അടുപ്പിച്ചു കെട്ടി, ആളുകറം തോണിയിൽനിന്നും കപ്പലിൻെറ മേൽത്തട്ടിലേക്ക കയറിവന്നു. എല്ലാവരുടെയും മുമ്പിലായി, മെലിഞ്ഞു ചെറുതായ ഒരു വൃദ്ധൻ, നീളമുള്ള ഒരു കറുപ്പു കോട്ടും ധരിച്ചു മേൽത്തട്ടിലേക്ക ചാടിക്കയറി വന്നു. അദ്ദേഹത്തിൻെറ കണ്ണുകറം പച്ചനിറമായിരുന്നു. മൂക്ക വളഞ്ഞും താടി സ്വർണ്ണംപോലെ ചുകന്നും ആയിരുന്നു.

"അച്ഛാ" എന്നു ഉച്ചത്തിൽ വിളിച്ചുകൊണ്ടു അമ്മ അദ്ദേഹത്തിൻെറ കൈകളിലേക്ക ചാഞ്ഞു. അദ്ദേഹം അമ്മയുടെ ശിരസ്സ് തൻെറ ചുകന്ന ചെറുകൈകളിൽ താങ്ങി അമ്മയുടെ കവിളിൽ തലോടി.

"ഏ, ഏ, വിഡ്ഢിത്തം കാണിക്കാതെ, അങ്ങിനെ നീ ഇവിടെ എത്തിയല്ലൊ. ച്ചുച്ചുച്ചു"

അമ്മമ്മ തോണിയുടെ തണ്ടു തിരിയുംപോലെ തിരിഞ്ഞുകൊണ്ടു, വഴിക്കുവഴിയായി എല്ലാവരെയും കെട്ടിപ്പിടിച്ചു ചുംബിച്ചു.

"നോക്കൂ വേഗം.'' എന്നെ ആളുകളുടെ നേരെ തള്ളിവിട്ടുംകൊണ്ടവർ പറഞ്ഞു. "ഇതു അമ്മാമൻ മൈക്കെലോ ആണ്. ഇതു യാക്കോവ് ആണ്. ഇതു അമ്മായി നടാല്യാ ആണ്. ഈ കുട്ടികൾ നിന്റെ മച്ചുനന്മാരാണ്. രണ്ടുപേരുടെയും പേരു "സാഷ" എന്നുതന്നെ. ഇതു നിന്റെ മച്ചുനിച്ചി കേതറിന ആണ്. എല്ലാം നമ്മുടെ ആളുകൾ - എത്രയുണ്ടു അല്ലെ?"

"എടൊ, നിനക്കു സുഖംതന്നെയല്ലെ" അച്ഛാച്ഛൻ അമ്മമ്മയോടു ചോദിച്ചു. അവർ മൂന്നുവട്ടം അന്യോന്യം ചുംബിച്ചു.

പിന്നെ അച്ഛാച്ഛൻ കൂട്ടത്തിൽനിന്നും എന്നെ പിടിച്ചുമാററി എന്റെ തലയിൽ കൈവെച്ചുകൊണ്ടു പറഞ്ഞു.

"അപ്പോൾ നീ ആരാണ്?"

"ഞാൻ ആസ്ടഖാനിൽനിന്നു വരുന്നു; കപ്പലിലെ മുറിയിൽ നിന്നു."

"അവൻ എന്താണ് പറയുന്നതു'' അമ്മയുടെ നേരെ തിരിഞ്ഞുകൊണ്ടു അച്ഛാച്ഛൻ ചോദിച്ചു. മറുപടിക്കു കാത്തുനില്ക്കാതെ എന്നെ ഒരു ഭാഗത്തേക്കു തള്ളിയുംകൊണ്ടു അദ്ദേഹം അഭിപ്രായപ്പെട്ടു. ''താടിയെല്ലു അവന്റെ അച്ഛന്റേതുതന്നെയാ, തോണിയിൽ ഇറങ്ങു."

ഞങ്ങൾ തോണിയിൽ കയറി കരയിലേക്കു പോയി. വൃത്തികെട്ട, ഇരുപാർശ്വങ്ങളിലും മഞ്ഞപ്പുല്ലു മൂടിയ തിണ്ടുകളോടുകൂടിയ നിരത്തിൽ ഞങ്ങൾ ചെന്നുകയറി.

അച്ഛാച്ഛൻ അമ്മയോടൊപ്പം മുമ്പിൽ നടന്നു. അദ്ദേഹം അമ്മയുടെ ചുമലോളം മാത്രമെ ഉണ്ടായിരുന്നുള്ളു. ഒരു വെറിപിടിച്ച നടത്തവും. അമ്മ അദ്ദേഹത്തിന്റെ മുഖം കാണാൻ താഴോട്ടു

നോക്കണം. അമ്മ വായുവിൽ ഒഴുകിപ്പോകുകയാണെന്നു തോന്നും. അവരുടെ പിന്നിലായി, അമ്മാമന്മാർ ഒന്നും മിണ്ടാതെ നടക്കുന്നുണ്ടായിരുന്നു. അപ്പാപ്പനെപ്പോലെ മെലിഞ്ഞു, കറുത്തു നീണ്ട തലമുടിയോടുകൂടിയ മൈക്കേലും, ചെമ്പിച്ച ചുരുണ്ട മുടിയുള്ള യാക്കോവും അവരുടെ പിന്നിൽ പല നിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ച തടിച്ച ഏതാനും സ്ത്രീകളും അഞ്ചാറു കുട്ടികളും ഉണ്ടായിരുന്നു. കുട്ടികളെല്ലാംതന്നെ എന്നെക്കാൾ മുതിന്നവരായിരുന്നു. അവർ നിശ്ശബ്ദമായി നടന്നുപോയി. ഞാൻ അമ്മമ്മയുടെയും നടാല്യാ അമ്മായിയുടെയും കൂടെ നടന്നു. അമ്മായി വിളറി, നീലക്കണ്ണുകളോടുകൂടിയ ഒരു സ്ത്രീയായിരുന്നു. അവരുടെ വയർ വല്ലാതെ തടിച്ചതായിക്കണ്ടു. ഇടക്കിടക്ക അവർ പെട്ടന്നു നിന്നു കിതച്ചുകൊണ്ടു സാവധാനം പറയും.

"ഓ, എനിക്കു ഒരടി മുന്നോട്ടുവെക്കാൻ സാദ്ധ്യമല്ല."

"അവർ നിന്നെ എന്തിന്നു ഇങ്ങോട്ടു കൂട്ടി?" അമ്മമ്മ ക്രോധത്തോടെ പറഞ്ഞു. "ഒരു വല്ലാത്തവക."

കുട്ടികളെയാകട്ടെ, മുതിന്നവരെയാകട്ടെ ഞാൻ തീരെ ഇഷ്ടപ്പെട്ടില്ല. അവരുടെ കൂട്ടത്തിൽ ഞാനൊരപരിചിതനാണെന്നെനിക്കനുഭവപ്പെട്ടു. അമ്മമ്മപോലും എന്നിൽനിന്നകന്നുപോകുന്നുണ്ടെന്നു ഞാൻ ഭയപ്പെട്ടു.

അപ്പാപ്പനെ പ്രത്യേകിച്ചും എനിക്കിഷ്ടമായില്ല. അദ്ദേഹത്തെ ഒരു ശത്രുവായി ഞാൻ പരിഗണിച്ചു. അദ്ദേഹത്തെക്കുറിച്ച സംശയദൃഷ്ടിയോടുകൂടിയ ഒരു ജിജ്ഞാസയാണെനിക്കുണ്ടായിരുന്നതു്. അദ്ദേഹത്തെ ഞാൻ പ്രത്യേകം ശ്രദ്ധിക്കുവാൻ തുടങ്ങി.

ഞങ്ങൾ നിരത്തിൻെറ ഉയന്ന അററത്തെത്തി. വലത്തുഭാഗത്തെ തിണ്ടിന്മേൽ, ഉയരം കുറഞ്ഞ ഒരൊററനില വീടുണ്ടായിരുന്നു. നിരത്തു തുടങ്ങുന്നതുതന്നെ ആ വീട്ടിന്നടുത്തുനിന്നാണ്. അതു ഇളംചുകപ്പുനിറമുള്ള ഒരു കെട്ടിടമായിരുന്നു. പുറമേക്കു തള്ളിനില്ക്കുന്ന

ജനലുകൾക്ക മേലെ മേൽപുര താഴ്ത്തിക്കെട്ടിയിരിക്കുന്നു. പുറമെനിന്നു കണ്ടപ്പോൾ വീട്ട സാമാന്യം വലുപ്പമുള്ളതാണെന്നെനിക്ക തോന്നി. ഉള്ളിൽ പ്രവേശിച്ചപ്പോഴാണ് മുറികൾ വളരെ ചെറുതും ഇരുണ്ടതും ആണെന്നു മനസ്സിലായത്. കപ്പലിൻെറ മേൽതട്ടിലെപ്പോലെ, ആളുകൾ എല്ലാ മുറികളിലും സദാ പെരുമാറിക്കൊണ്ടിരുന്നു. കള്ളക്കെണിക്കാരായ എലികളെപ്പോലെ, കുട്ടികൾ അങ്ങുമിങ്ങും ഓടിനടന്നു. വീട്ടിൽ എല്ലായിടത്തും തീക്ഷ്ണമായ ഒരു വല്ലാത്ത മണം വ്യാപിച്ചുനില്ക്കുന്നതായി തോന്നി.

ഞാൻ മുററത്തെത്തി. മുററം വൃത്തികെട്ടു കിടക്കുകയായിരുന്നു. മുററം നിറയെ, കൊഴുത്തു പലനിറത്തിലുള്ള വെള്ളം നിറച്ച തൊട്ടികൾ നിരത്തിവെച്ചിട്ടുണ്ടായിരുന്നു. വീതിയുള്ള തുണിത്തരങ്ങൾ അയലുകളിന്മേൽ ഉണങ്ങാനിട്ടിട്ടുമുണ്ടായിരുന്നു. ഒരു മൂലയിൽ, ഉയരം കുറഞ്ഞ, വീണുപൊളിയാറായ ഒരു ചാപ്പയിലെ അടുപ്പിൽ തീക്കത്തുന്നതിൻെറ പ്രകാശം കണ്ടു; അടുപ്പത്തു എന്തോ തിളച്ചുകൊണ്ടിരിക്കുന്നു. ആരോ ഒരാൾ ഉച്ചത്തിൽ മനസ്സിലാകാത്ത ചില വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കുന്നു. "ഡ്രാണ്ടലിൻ, മെജൻറാ, ഗന്ധകദ്രാവകം," എന്നെല്ലാം.

## II

വേഗതയോടുകൂടിയ, സംഭവബഹുലമായ, പറഞ്ഞറിയിക്കാൻ കഴിയാത്തവിധം അസാധാരണമായ, ഒരു ജീവിതത്തിൻെറ ആരംഭമായിരുന്നു ഇതു. യാഥാർത്ഥ്യവാദിയായ ഒരു നല്ല കഥാകൃത്ത് ഭംഗിയായിപ്പറയുന്ന ഒരു കഥപോലെ, ആ ജീവിതത്തെക്കുറിച്ചുള്ള ഓരോന്നും ഞാൻ വ്യക്തമായോർക്കുന്നു. ഭൂതകാലത്തേക്കു പിന്നാക്കം നോക്കുമ്പോൾ, ഇപ്പോൾ, അവയെല്ലാം യഥാർത്ഥത്തിൽ അങ്ങിനെ

ആയിരുന്നുവെന്നു വിശ്വസിക്കുവാൻ എനിക്കു പ്രായസം തോന്നുന്നു. പല സംഗതികളെയും നിഷേധിക്കുവാനും അവയെക്കുറിച്ചു പ്രതിഷേധിക്കുവാനുമാണ് എനിക്കിപ്പോൾ തോന്നുന്നതു. ഈ "നശിച്ച വർഗ്ഗ"ത്തിൻെറ ജീവതം അത്രമേൽ ക്രൂരവും ഇരുളുറഞ്ഞതുമായിരുന്നു.

എന്നാൽ സത്യം അനുകമ്പക്കുമപ്പുറമാണ്. ഞാൻ എന്നെക്കുറിച്ചല്ല എഴുതുന്നത്. സാധാരണക്കാരനായ റഷ്യക്കാരൻ ജീവിച്ചുവന്ന, ജീവിച്ചുകൊണ്ടിരിക്കുന്ന, ഭയങ്കരവും ശ്വാസംമുട്ടിക്കുന്നവിധത്തിലുള്ളതുമായ പരിത:സ്ഥിതികളെക്കുറിച്ചാണ് ഞാൻ എഴുതുന്നതു.

അച്ഛാച്ഛൻെറ വീട്ടിൽ പകയുടെ ദുർമ്മണം നിറഞ്ഞുകിടക്കുകയായിരുന്നു. ഓരോ ആൾക്കും മറെറല്ലാവരോടുമുള്ള പക. പ്രായമുള്ളവരെല്ലാം അതിൻെറ വിഷജ്വാലക്കു തികച്ചും വിധേയരായിരുന്നു. കുട്ടികളിൽ ആ വിഷം പരക്കുകയും ചെയ്തു. അമ്മയുടെ ആങ്ങിളമാർ, അച്ഛാച്ഛൻെറ സ്വത്തുക്കൾ ഓഹരിചെയ്തുകിട്ടേണമെന്നാവശ്യപ്പെടുന്ന അസുഖകരമായ ഒരു സന്ദർഭത്തിലാണ് അമ്മ വന്നുചേൎന്നതെന്നു, അമ്മമ്മയുടെ വാക്കുകളിൽനിന്നും എനിക്കു മനസ്സിലായി. അപ്രതീക്ഷിതമായുള്ള അമ്മയുടെ വരവ് അമ്മാമന്മാരുടെ വാദത്തിനു ശക്തികൂട്ടി. തന്നിഷ്ടമായി വിവാഹം ചെയ്തതുകൊണ്ടു അച്ഛാച്ഛൻ അമ്മക്കു സ്ത്രീധനംകൊടുക്കാൻ കൂട്ടാക്കിയിരുന്നില്ല. ആ സ്ത്രീധനത്തിനു അമ്മ ഇപ്പോൾ ആവശ്യപ്പെട്ടേക്കുമെന്നു അമ്മാമന്മാർ ഭയപ്പെട്ടു. അവർ ആവശ്യപ്പെട്ടതു അമ്മക്കു ചെല്ലേണ്ട സ്ത്രീധനവും അവൎക്കു തമ്മിൽ ഭാഗിച്ചുകിട്ടേണമെന്നായിരുന്നു. നഗരത്തിൽ ആർ ഷാപ്പ് തുറക്കണം, ഓക്കാനദിയുടെ മറുവശത്തു കുനാവിനോ എന്ന സ്ഥലത്തു ആർ ഷാപ്പു തുറക്കണം, എന്നതിനെക്കുറിച്ചും കുറെക്കാലമായി അവരന്യോന്യം തർക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഞങ്ങൾ വന്നതിനുശേഷം, ഒരു ദിവസം മുത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അടുക്കളയിൽവെച്ചു ഒരു വലിയ കലഹമു

ണ്ടായി. അമ്മാമന്മാർ പെട്ടെന്നു ചാടി എഴുന്നേററു, പല്ലിളിച്ചും കൊണ്ടു, നായ്ക്കളെപ്പോലെ ദേഹമാസകലം വിറപ്പിച്ചുകൊണ്ട്, അപ്പാപ്പന്റെ മുഖത്തു നോക്കി ശകാരിക്കാൻ തുടങ്ങി. അപ്പാപ്പൻ കയ്യൽ മേശക്കടിച്ചുകൊണ്ടു, മുഖം ചുവപ്പിച്ചു, പരുക്കൻ ശബ്ദത്തിൽ വിളിച്ചുപറഞ്ഞു.

"ഞാൻ നിങ്ങളെയെല്ലാം അടിച്ചു തെരുവിലിറക്കും."

ദുഃഖത്തോടെ മുഖം കോട്ടിയുംകൊണ്ടു അമ്മമ്മ പറഞ്ഞു,

"അവർക്കെല്ലാം കൊടുത്തുകളയൂ. എന്നാൽ സമാധാനമുണ്ടാകുമല്ലോ."

"മിണ്ടാതിരിക്കു, പക്ഷംപിടിച്ചു വാദിക്കുന്നോ." അദ്ദേഹം കണ്ണുചുവത്തിയുംകൊണ്ടു പറഞ്ഞു. അപ്പാപ്പനെപ്പോലെ, അത്ര ചെറിയ ഒരു മനുഷ്യന്നു അത്രയുച്ചത്തിൽ സംസാരിക്കാൻ കഴിയുന്നതു എനിക്കാശ്ചര്യമായിത്തോന്നി.

അമ്മ എഴുന്നേററു ജനലിന്നടുത്തുപോയി പുറത്തേക്കു നോക്കി നിന്നു.

പെട്ടന്നു മൈക്കേലമ്മാമൻ അദ്ദേഹത്തിന്റെ സഹോദരന്റെ മുഖത്തു ശക്തിയായൊരിടി ഇടിച്ചു. മറെറയാളാകട്ടെ, ഓരിയിട്ടുംകൊണ്ടു സഹോദരനെ ആഞ്ഞുപിടിച്ചു. രണ്ടുപേരും ശപഥവാക്കുകൾ പറഞ്ഞും ശപിച്ചുംകൊണ്ടു പിടിച്ചു മറിഞ്ഞു നിലത്തു വീണുരുളാൻ തുടങ്ങി.

കുട്ടികൾ നിലവിളിച്ചു. ഗർഭിണിയായ നടാല്യാഅമ്മായി നിരാശയോടെ കരയാൻ തുടങ്ങി. അമ്മ അമ്മായിയെ മുറിയിൽ നിന്നു പുറത്തേക്കു കൂട്ടിക്കൊണ്ടുപോയി മുഖത്തു വസൂരിക്കലയുള്ള യവ്ജീനിയ കുട്ടികളെ അടുക്കളയിൽനിന്നും ആട്ടിയോടിച്ചു. പണി പഠിക്കുവാൻ വീട്ടിൽ താമസിക്കുന്ന സിഗാനോക്ക് മൈക്കേലമ്മാമന്റെ പുറം കടന്നുവെച്ചു. താടിക്കാരനായ കണ്ണടവെച്ച ഗ്രിഗറി ഐവനോവിക്ക് മേസ്ത്രി തന്റെ ഉറുമാൽ കൈകൂ ചുററിക്കെട്ടി.

അമ്മാമൻ അദ്ദേഹത്തിൻെറ കറുത്ത താടി നിലത്തുരസിയും കൊണ്ടു പരുക്കൻശബ്ദങ്ങറം പുറപ്പെടുവിക്കുവാൻ തുടങ്ങി. “സഹോദരന്മാർ–ഒരേ ചോരയുള്ള സഹോദരന്മാർ - ഫൂ–എന്തൊരു വർഗ്ഗം,” മേശക്കു ചുററം ഓടിക്കൊണ്ടു അച്ഛാച്ഛൻ വിളിച്ചു പറഞ്ഞു.

കലഹം തുടങ്ങിയപ്പോറംതന്നെ ഞാൻ പേടിച്ചു അടുപ്പിന്നടുക്കെ സ്ഥലം പിടിച്ചിരുന്നു. അമ്മമ്മ യാക്കോവമ്മാമൻെറ മുറിയേററ മുഖത്തുനിന്നും ചോര കഴുകിക്കളയുകയായിരുന്നു. അദ്ദേഹം കരഞ്ഞു കാൽ നിലത്തടിച്ചു. അമ്മമ്മ നിരാശയോടെ പറഞ്ഞു, “ശപിക്കപ്പെട്ട വിഡ്ഢികളെ, നിങ്ങറംക്കു നല്ല ബുദ്ധിതോന്നട്ടെ, എന്തൊരു നശിച്ച വർഗ്ഗം!”

കീറിയ ഷർട്ട് പിടിച്ചുവലിച്ചുംകൊണ്ടു അച്ഛാച്ഛൻ ആർത്തു വിളിച്ചു.

“നീ പെററകുട്ടിയ മൃഗങ്ങളല്ലെയിതു. മാരണക്കാരി.”

യാക്കോവമ്മാമൻ പുറത്തേക്കു പോയപ്പോറം, അമ്മമ്മ മുറിയുടെ ഒരു മൂലയിൽ കുത്തിയിരുന്നു.

“ദൈവമാതാവെ, എൻെറ കുട്ടികറംക്കു അല്പം വിവേകം നൽകണെ.”

അച്ഛാച്ഛൻ, പാത്രങ്ങറം മറിഞ്ഞുവീണും, കറികറം ഒലിച്ചു വൃത്തികെട്ടും നില്ക്കുന്ന മേശമേൽ കണ്ണുറപ്പിച്ചുകൊണ്ടു നിന്നു.

“നീ നിൻെറ മക്കളെ ശ്രദ്ധിച്ചോളൂ,” അദ്ദേഹം ശാന്തമായി പറഞ്ഞു. “അല്ലെങ്കിൽ അവർ വാർവാരയെ വല്ലതും ചെയ്യേണ്ടുന്നു വരും.”

“നിങ്ങറം പറയുന്നതെന്താണെന്നു ദൈവത്തിന്നുമാത്രം അറിയാം. നിങ്ങളുടെ ഷർട്ടിങ്ങോട്ടുരിത്തരൂ; ഞാൻ അതു തുന്നിക്കൂട്ടട്ടെ.” അമ്മമ്മ അദ്ദേഹത്തിൻെറ മുഖം കയ്യിൽ താങ്ങിനെട്ടുത്തു നെററിയിൽ പലവുരു ചുംബിച്ചു. അമ്മമ്മയെക്കാറം അദ്ദേഹം കുറുതായി

KOTTAYAM PUBLIC LIBRARY KOTTAYAM. 82501

രുന്നു. അദ്ദേഹം തന്റെ ശിരസ്സ് അമ്മമ്മയുടെ ചുമലിൽ ചായ്ച്ചുവെച്ചു.

"ഞാൻ സ്വത്തു ഭാഗിച്ചുകൊടുക്കുന്നതാണ് നല്ലതെന്നു തോന്നുന്നു."

"അതെ"

അവർ രണ്ടുപേരും കുറെ നേരം സംസാരിച്ചുകൊണ്ടിരുന്നു. ആദ്യം അവരുടെ സംഭാഷണം വളരെ സ്നേഹപൂർണ്ണമായിരുന്നു. വളരെക്കഴിയുന്നതിന്നു മുമ്പായി, അദ്ദേഹം ലഹളക്കൊരുങ്ങാൻ ഭാവിക്കുന്ന ഒരു പൂവൻകോഴിയെപ്പോലെ, അമ്മമ്മയുടെ നേരെ കടിച്ചുകയറുവാൻ തുടങ്ങി.

"നിന്നെ എനിക്കു നല്ലപോലെ അറിയാം. നിനക്കു എന്നോടുള്ളതിലും അധികം സ്നേഹം അവരോടാണ്. നിന്റെ മൈക്കേൽ ഒരു കള്ളനാണ്. യാക്കോവ് അവിശ്വാസിയുമാണ്. എന്റെ സകല സ്വത്തുക്കളും അവൻ നശിപ്പിക്കും. അവൻ എല്ലാം ചുട്ടുതിന്നും."

അടുപ്പിന്നടുത്തായി പാറിക്കൊണ്ടിരുന്ന ഒരു പാററയെ ഞാൻ കൈവീശിയടിച്ചു തൊട്ടിയിൽ വീഴ്ത്തി. ഇതു കണ്ടപ്പോഠം അച്ഛാച്ഛൻ ചാടി എഴുന്നേററു. എന്നെ ആദ്യമായിക്കണ്ടതുപോലെ അദ്ദേഹം എന്റെ മുഖത്തു തുറിച്ചുനോക്കി.

"നിന്നെ അവിടെ കയററിനിർത്തിയതാരാണ്? നിന്റെ അമ്മയാണോ?"

"ഞാൻതന്നെ കയറിയതാണ്."

"നീ കളവുപറയുകയാണ്."

"അല്ല. എനിക്കു പേടിയായതുകൊണ്ടാണ്."

അദ്ദേഹം എന്നെ ഉന്തിനീക്കി നെററിക്കൊരു കൊട്ടുകൊട്ടി.

"അച്ഛന്റെ തനിരൂപം!-ഫോ പുറത്ത്" അടുക്കളയിൽനിന്നു പുറത്തുപോകാൻ സാധിച്ചതിൽ എനിക്കു സന്തോഷമെ ഉണ്ടായിരുന്നുള്ളു.

അച്ഛാച്ഛൻ തന്റെ ക്രൂരതയുള്ള കണ്ണുകൾകൊണ്ടു എന്നെ പിന്തുടരാതിരിക്കയില്ലെന്നെനിക്കറിയാമായിരുന്നു. അദ്ദേഹത്തെ എനിക്കു ഭയംതോന്നി. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽനിന്നും ഒഴിഞ്ഞു മാറുവാൻ ഞാൻ എപ്പോഴും ശ്രമിച്ചു. അദ്ദേഹം ഒരധമനാണെന്നെനിക്കുതോന്നി. വെറുപ്പിക്കുന്ന വിധത്തിൽ, നിന്ദാഗർഭമായിട്ടു മാത്രമെ അദ്ദേഹം എല്ലാവരോടും സംസാരിക്കയുള്ളു. ആളുകളെ വെറുപ്പിക്കുന്നതിലും പ്രകോപിപ്പിക്കുന്നതിലും അദ്ദേഹത്തിന്നു വലിയ രസമായിരുന്നു.

"ഫ്ഠ! എന്തൊരു വക!" ഈ വാക്കുകൾ പറയുന്നതദ്ദേഹത്തിന്നു വലിയ ഇഷ്ടമാണ്. നീണ്ടുപോകുന്ന ആ "ഉൗ" എന്ന സ്വരം എന്നിൽ നിസ്സഹായതയും അസുഖവും ഉളവാക്കി.

വൈകുന്നേരം ചായയുടെ സമയത്തു അച്ഛാച്ഛനും, അമ്മാമന്മാരും പ്രവൃത്തിക്കാരും പണി മതിയാക്കി, ക്ഷീണിച്ചു, ചായംപുരണ്ട കൈകളോടുകൂടി, മുടി നാടകൊണ്ടു പിന്നാക്കം പിടിച്ചു കെട്ടി, പ്രതിമകളെപ്പോലെ, അടുക്കളയിലേക്കു കയറിവരുമ്പോൾ— ആ അപകടംപിടിച്ച സമയത്തു അച്ഛാച്ഛൻ എനിക്കുനേരെയാണിരിക്കുക— അദ്ദേഹം എന്നോടു പലതും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇതു മററുകുട്ടികൾക്കു എന്റെ പേരിൽ അസൂയജനിക്കുവാൻ ഇടയാക്കി. അവരോടു പറയുന്നതിലും അധികമായി അദ്ദേഹം എന്നോടെന്തിനെക്കുറിച്ചെങ്കിലും പറയും. അദ്ദേഹത്തിൽ നല്ലതും, ശരിയായതും, വൃത്തിയുള്ളതും വടിവുള്ളതും ആയ എന്തോ ചിലതെല്ലാം ഉണ്ടു ചിത്രപ്പണികളോടുകൂടിയ അദ്ദേഹത്തിന്റെ പട്ടുകുപ്പായം എത്ര പഴകിയതായിരുന്നുവെങ്കിലും, പരുത്തിത്തുണികൊണ്ടു തുന്നിയ ഷർട്ട് ചുളുക്കു വീണതാണെങ്കിലും, കാൽസ്രായി

മുട്ടിന്നടുത്തു കുറെ സ്ഥലം തുന്നിക്കൂട്ടിയിട്ടുണ്ടായിരുന്നെങ്കിലും, നല്ല കോട്ടും പട്ടുറമാലും ധരിച്ചിരുന്ന അദ്ദേഹത്തിൻെറ മക്കളെക്കാരം അച്ഛാച്ഛന്നു, വൃത്തിയും സൌന്ദര്യ്യവും ഉണ്ടായിരുന്നു.

ഞങ്ങരം വന്നു കുറച്ചുദിവസങ്ങരം കഴിഞ്ഞപ്പോരം, അദ്ദേഹം എന്നെ പ്രാർത്ഥനകരം പഠിക്കുവാൻ ഏല്പിച്ചു. മററകുട്ടികരം എന്നെക്കാരം പ്രായമുള്ളവരായിരുന്നു. അവരെ ഉസ്പെൻസ്കി പള്ളിയിലെ പാതിരിയച്ചൻ എഴുതാനും വായിക്കാനും പഠിപ്പിച്ചിരുന്നു. ഞങ്ങളുടെ വീട്ടിൻെറ ജനലുകളിൽക്കൂടി നോക്കിയാൽ ഈ പള്ളിയുടെ ഗോപുരം വ്യക്തമായിക്കാണാം.

ശാന്തശീലയും പേടിക്കാരിയുമായ എൻെറ അമ്മായി നടാല്യയാണ് എന്നെ പഠിപ്പിച്ചതു്. അവരുടെ മുഖം ഒരു ചെറുകുട്ടിയുടേതുപോലെയാണ്. തലയുടെ പിന്നിലോളം കാണാൻ കഴിയുന്നത്ര തെളിവുള്ളവയായിരുന്നു അവരുടെ കണ്ണുകരം

കണ്ണുപൂട്ടാതെ, അവരുടെ കണ്ണുകളിൽ മിഴിച്ചുനോക്കുന്നതു എനിക്കിഷ്ടമായിരുന്നു. ഞാൻ അങ്ങിനെ നോക്കുമ്പോരം അവർ അസ്വാസ്ഥ്യയാകും. കണ്ണുകരം പകുതി അടച്ചു തല ചെരിച്ചുംകൊണ്ടു വളരെ താഴ്ന്ന സ്വരത്തിൽ അവർ എന്നോടു പറയും:

“ദയചെ.. ഇതു പറയൂ. നമ്മുടെ പിതാവായ..........”

“ആയ എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?”

പേടിയോടെ ചുററും നോക്കി അവർ മറുപടി പറയും:

“ചോദിക്കരുതു്. ചോദിച്ചാൽ എല്ലാം കൂടുതൽ വിഷമമാകും. ഞാൻ പറയുമ്പോലെ ഏററുപറഞ്ഞാൽ മതി, നമ്മുടെ പിതാവായ..........”

ചോദ്യം കൂടുതൽ വിഷമമുണ്ടാക്കുന്നതെങ്ങിനെയാണെന്നു എനിക്കു മനസ്സിലായില്ല. “ആയ” എന്ന വാക്കിന്നു എന്തോ ഒരു ഗൂഢാർത്ഥമുണ്ടായിരിക്കണം. അതുകൊണ്ടു ആ വാക്കു കരുതിക്കൂട്ടി മാററിപ്പറയാൻ ഞാൻ ശ്രമിച്ചു.

സാവധാനത്തിൽ അലിഞ്ഞുപോകയാണെന്നു തോന്നുന്ന, വെളുത്ത മുഖത്തോടുകൂടിയ എൻെറ അമ്മായി ക്ഷമയോടെ എൻെറ തെററുകഠം തിരുത്തും.

"അല്ല, അതു വെറുതെയങ്ങു പറയൂ, ഇതുപോലെ, ആയ...."

എന്നാൽ അവരാകട്ടെ, അവർ പറയുന്ന വാക്കാകട്ടെ എനിക്കു ലളിതമായിത്തോന്നിയില്ല. എനിക്കു ദ്വേഷ്യം വന്നു. അതുകൊണ്ടു പ്രാത്ഥന പഠിക്കുവാൻ എനിക്കു വിഷമംതോന്നി.

ഒരു ദിവസം അച്ഛാച്ഛൻ എൻെറ പഠിത്തത്തെക്കുറിച്ചൊരന്വേഷണം നടത്തി.

"ശരി, അലകേ്സയി" അദ്ദേഹം പറഞ്ഞു, "നീ എന്താണ് ഇന്നു ചെയ്തതു്? കളിച്ചു. നിൻെറ നെററിയിലുള്ള അഴുക്കുകഠം കണ്ടാൽ അതു വ്യക്തമാണ്. "നമ്മുടെ പിതാവ്" എന്ന പ്രാത്ഥന പഠിക്കുന്ന കാര്യമെന്തായി?" "അവന്നു ഓമ്മശക്തികുറവാണ്," അമ്മായി താഴ്ന്ന സ്വരത്തിൽ പറഞ്ഞു.

അച്ഛാച്ഛൻ ചിരിച്ചുകൊണ്ടു പുരികങ്ങഠം ഉയത്തി

"അങ്ങിനെയാണെങ്കിൽ അവന്നു നല്ല അടി കിട്ടണം നിൻെറ അച്ഛൻ നിന്നെ അടിക്കാറുണ്ടോ?" അദ്ദേഹം എൻെറ നേരെ തിരിഞ്ഞുകൊണ്ടു ചോദിച്ചു.

അദ്ദേഹം ചോദിക്കുന്നതിൻെറ അത്ഥമെന്താണെന്നു എനിക്കു മനസ്സിലായില്ല. അതുകൊണ്ടു ഞാൻ ഒന്നും മിണ്ടിയില്ല.

"മേക്സിം ഒരിക്കലും കുട്ടിയെ അടിച്ചിട്ടില്ല; അടിക്കരുതെന്നു എന്നെ ശാസിക്കാറുമുണ്ട്," അമ്മ പറഞ്ഞു.

"അതെങ്ങിനെ."

"അടിച്ചിട്ടാരെയും ഒന്നും പഠിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു അദ്ദേഹം പറയും."

"അവൻ ഒരു വിഡ്ഢിയായിരുന്നു—ആ മാക്സിം. അവൻെറ ആത്മാവിന്നു ശാന്തി കൈവരട്ടെ." അപ്പാപ്പൻ വെറുപ്പോടെ മറുപടി പറഞ്ഞു.

അദ്ദേഹത്തിൻെറ ഈ വാക്കുകൾ എനിക്കിഷ്ടമായില്ല. അത ദ്ദേഹത്തിന്നു മനസ്സിലാകയും ചെയ്തു.

"നീ എന്താണ് ചുണ്ടു വീർപ്പിക്കുന്നതു ? നീ നല്ലപോലെ സൂക്ഷിച്ചോ?"

"ആ തിതാളിൻെറ കാര്യത്തിൽ ഈ ശനിയാഴ്ച ഡാഷുക നല്ല കീറൽ കൊടുക്കുന്നുണ്ട്." നരച്ചു ചെമ്പിച്ച തലമുടി പിറ കോട്ടു തടവിച്ചായിച്ചുകൊണ്ടദ്ദേഹം പറഞ്ഞു.

"നിങ്ങൾ എങ്ങിനെയാണതു ചെയ്യുക?" ഞാൻ ചോദിച്ചു. എല്ലാവരും ചിരിച്ചു. അപ്പാപ്പൻ മറുപടി പറഞ്ഞു:

"കുറച്ചു കഴിയട്ടെ, നിനക്കുതന്നെ അതു കണ്ടറിയാമല്ലൊ."

ഞാൻ ഒരു മൂലയിൽ ഒളിച്ചു അതെങ്ങിനെയാണെന്നൂഹിക്കു വാൻ ശ്രമിച്ചു. കീറുകയെന്നു പറഞ്ഞാൽ, ചായംമുക്കാൻ കൊണ്ടു വരുന്ന തുണി വേർപെടുത്തുകയെന്നാണർത്ഥം. അടിക്കുക, പ്രഹരി ക്കുക എന്നു പറഞ്ഞാൽ എന്താണെന്നു ഞാൻ മനസ്സിലാക്കീയി ട്ടുണ്ട്. ആളുകൾ കുതിരയേയും, നായയേയും, പൂച്ചയേയും അടി ക്കാറുണ്ട്. ആസ്ട്രഖാനിൽ പട്ടാളക്കാർ പേർസ്യക്കാരെയും അടിക്കാറുണ്ട്. അതു ഞാൻ എൻെറ കണ്ണുകൊണ്ടു കണ്ടിട്ടുമുണ്ട്. ചെറുകുട്ടികളെ ആരെങ്കിലും അടിക്കുന്നതു ഞാൻ ഇതുവരെ കണ്ടി ട്ടില്ല. ചിലപ്പോൾ അമ്മാമന്മാർ അവരുടെ കുട്ടികളെ തലയിലോ, നെററിക്കോ ഓരോ അടി അടിക്കാറുണ്ട്. എന്നാൽ കുട്ടികൾ അതു കാര്യമായെടുക്കാറില്ല. അവർ കുറച്ചുനേരം അടികൊണ്ടു സ്ഥലത്തു തടവും, പിന്നെ എല്ലാം മറക്കുകയും ചെയ്യും. അവൎക്കു വേദനയാകാറുണ്ടോ എന്നു ഞാൻ ചിലപ്പോൾ അവരോടു ചോ ദിക്കും.

"ലേശംപോലുമില്ല" എന്നു അവർ ധൈര്യത്തോടെ മറുപടി പറയുകയും ചെയ്യും.

തിതാളിനെ സംബന്ധിക്കുന്ന ആ പ്രസിദ്ധ സംഭവത്തെപ്പററി ഞാൻ അറിഞ്ഞു. വൈകുന്നേരത്തെ ചായക്കും അത്താഴത്തിനുമിടയിൽ അമ്മാമന്മാരും, പ്രവൃത്തിക്കാരും ചായംമുക്കിയ തുണികൾ കൂട്ടിത്തുന്നുകയും അവയുടെ അററത്തു നറുക്കുകൾ പിടിപ്പിക്കുകയും ചെയ്യാറുണ്ട്. നല്ലപോലെ കാഴ്ചയില്ലാത്ത ഗ്രിഗറിയെ തമാശയാക്കാൻവേണ്ടി, മൈക്കേലമ്മാമൻ തൻെറ മരുമകനോടു, ഗ്രിഗറിയുടെ തിതാൾ മെഴുകുതിരിക്കുവെച്ചു കാച്ചാൻ പറഞ്ഞു. സാഷ ഒരു കൊടിലുകൊണ്ടു തിതാൾ മെഴുകുതിരിയുടെ മേലെ പിടിച്ചു നല്ലപോലെ ചൂടാക്കി. പിന്നെ അവൻ അതു ഗ്രിഗറിയുടെ അടുത്തുകൊണ്ടുപോയിവെച്ചു അടുപ്പിന്നരികെ ഒളിച്ചുനിന്നു. അപ്പോൾ അപ്പാപ്പൻ മുറിയിൽ വന്നു, അദ്ദേഹം മററുള്ളവരോടൊപ്പം ജോലിചെയ്യാൻ തുടങ്ങി. അദ്ദേഹമാണ് തിതാൾ കയ്യിലെടുത്തത്.

അടുക്കളയിൽനിന്നും കേട്ട ബഹളമെന്താണെന്നു നോക്കാൻ ഞാൻ അങ്ങോട്ടു കുതിച്ചതിപ്പോഴും എനിക്കോർമ്മയുണ്ടു. പൊള്ളിയ കൈ ചെവിക്കു വെച്ചുംകൊണ്ടു അപ്പാപ്പൻ അങ്ങുമിങ്ങും തുള്ളുന്നതു ഞാൻ കണ്ടു. അദ്ദേഹം ക്രോധത്തോടെ ചോദിച്ചു:

"ഇതാരാണ് ചെയ്തതു? തെമ്മാടികളെ!" മൈക്കേൽ അമ്മാമൻ മേശക്കരികെ കുനിഞ്ഞുനിന്നു, തിതാൾ കൈകൊണ്ടു തട്ടി ഊതി ആററുകയായിരുന്നു. ഗ്രിഗറി യാതൊരു പരിഭ്രമവും കാണിക്കാതെ തുന്നിക്കൊണ്ടിരിക്കുകയായിരുന്നു. അയാളുടെ വലിയ തലമൊട്ടയിൽ നിഴൽ വീണുകിടന്നു. യാക്കോവമ്മാമൻ മുറിയിലേക്കോടിവന്നു അടുപ്പിന്നു പിറകിൽ ഒളിച്ചുനിന്നു ചിരിച്ചു. അമ്മമ്മ പൊട്ടീസ്സുണ്ടാക്കുവാൻ ഒരു പച്ച ഉരുളക്കിഴങ്ങുടച്ചു ചാലിച്ചു. "അതു യാക്കോവിൻെറ ഡ്രാഷയാണ് ചെയ്തതു" മൈക്കേലമ്മാമൻ പെട്ടന്നു പറഞ്ഞു "അതു കള്ളവാണ്" അടുപ്പിൻെറ പിന്നിൽ

നിന്നു ചാടി മുന്നോട്ടു വന്നു യാക്കോവമ്മാമൻ പറഞ്ഞു. എവി ടെയോ ഒരു മൂലയിൽനിന്നും ഡാഷ വിളിച്ചു പറഞ്ഞു:

"അദ്ദേഹം പറയുന്നതു വിശ്വസിക്കരുത്. അപ്പാ, അദ്ദേഹ മാണ് എന്നോടങ്ങിനെ ചെയ്യാൻ പറഞ്ഞതു്."

അമ്മാമന്മാർ കലമ്പാൻ തുടങ്ങി. അപ്പാപ്പൻ ഉടനെ ശാന്ത നായി. വിരലിൽ പൊട്ടീസ്സുവെച്ചുകെട്ടി ഒരക്ഷരം പറയാതെ എന്നേയുംക്കൂട്ടി പുറത്തേക്കു പോയി.

മൈക്കേലമ്മാമനാണ് കുററക്കാരനെന്നു എല്ലാവരും പറ ഞ്ഞു. അദ്ദേഹത്തെ പ്രഹരിക്കേണ്ടതാണോ എന്നു ചായ കുടിച്ചു കൊണ്ടിരിക്കെ ഞാൻ സ്വാഭാവികമായി ചോദിച്ചുപോയി.

"അവനെ തീച്ചയായും പ്രഹരിക്കണം." എൻെറ നേരെ ഇടംകണ്ണിട്ടു നോക്കിക്കൊണ്ടു അപ്പാപ്പൻ പറഞ്ഞു.

മൈക്കേലമ്മാമൻ മേശക്കിടിച്ചുംകൊണ്ടു അമ്മയോട് ഗജ്ജി ച്ചു.

"വാർവാറാ, നിൻെറ ഈ പട്ടിച്ചെക്കനെ നീ അടക്കുകയി ല്ലെങ്കിൽ ഞാൻ, അവൻെറ തലമണ്ട ഉടക്കാതിരിക്കയില്ല."

"നിങ്ങഠം അവനെ തൊടുന്നതൊന്നു കാണട്ടെ!" അമ്മ മറു പടി പറഞ്ഞു.

ആരും ഒന്നും മിണ്ടിയില്ല.

ചുരുക്കം വാക്കുകഠംമാത്രം പറഞ്ഞു ആളുകളെ മിണ്ടാതാക്കാ നുള്ള വൈഭവം അമ്മക്കുണ്ടായിരുന്നു.

എല്ലാവക്കും അമ്മയെ ഭയമാണെന്നു എനിക്കു കാണുവാൻ കഴിഞ്ഞു. അപ്പാപ്പൻപോലും അമ്മയോടു സംസാരിക്കുന്നതു വേറൊരു സ്വരത്തിലാണ്. മററുള്ളവരോടു സംസാരിക്കുന്നതിലും എത്രയോ പതിഞ്ഞ സ്വരത്തിൽ. ഇതു എന്നെ സന്തോഷിപ്പിച്ചു.

"എല്ലാവരേക്കാഠം ശക്തി എൻെറ അമ്മക്കാണ്." എൻെറ മച്ചുനന്മാരോടു ഞാൻ സൊള്ളു പറയും.

അവർ ഒരിക്കലും ആ പരമാർത്ഥം നിഷേധിച്ചില്ല.

എന്നാൽ അടുത്ത ശനിയാഴ്ചയുണ്ടായ സംഭവം അമ്മയെക്കുറിച്ചു എനിക്കുണ്ടായിരുന്ന ഈ അഭിപ്രായത്തെ തികച്ചും മാററിക്കളഞ്ഞു.

ശനിയാഴ്ച, ഞാനും അപകടത്തിൽ കുടുങ്ങി.

മുതിർന്നവർ തുണിത്തരങ്ങളുടെ നിറം മാററുന്നതു കണ്ടു എനിക്കു കൌതുകം തോന്നി. അവർ എന്തോ ഒരു മഞ്ഞസാധനമെടുത്തു കറുത്ത വെള്ളത്തിൽ ഇടും. അപ്പോഠം, വസ്ത്രം കടുംനീലയായിത്തീരും. അല്ലെങ്കിൽ ചുകപ്പുവെള്ളത്തിൽ ചാരനിറത്തിലുള്ള എന്തോ അവർ ഇടും. അപ്പോഠം തുണി കടുംചുകപ്പായിത്തീരും. എല്ലാം വളരെ എളുപ്പം. പക്ഷെ മനസ്സിലാക്കാൻമാത്രം വിഷമം.

ചായംമുക്കുന്ന വിദ്യയിൽ ഒരുകൈ നോക്കാൻ ഞാൻ രഹസ്യമായാഗ്രഹിച്ചു. ഞാൻ അതിനെപ്പററി യാക്കോവിൻെറ സാഷയോടു പറഞ്ഞു. സാഷ വളരെ മര്യാദയുള്ള ശാന്തശീലനായ ഒരു കുട്ടിയായിരുന്നു. അവൻ മുതിർന്നവരോടൊപ്പം അവരുടെ ജോലിയിൽ സഹായിച്ചിരുന്നു. അച്ഛാച്ഛനൊഴികെ മററെല്ലാവരും അവൻെറ സാമർത്ഥ്യത്തെക്കുറിച്ചു പുകഴ്ത്താറുമുണ്ടായിരുന്നു.

“ഫൂ! തവളച്ചെക്കൻ.” അവനെ പുച്ഛമായി നോക്കിയുംകൊണ്ടു അച്ഛാച്ഛൻ പറയും.

യാക്കോവിൻെറ സാഷ കറുത്ത തോൽതൂങ്ങി, ഞണ്ടിൻെറ കണ്ണുകഠംപോലെ തുറിച്ചുനില്ക്കുന്ന കണ്ണുകളുള്ള ഒരു കുട്ടിയായിരുന്നു. അവൻ വാക്കുകഠം പകുതി വിഴുങ്ങിയുംകൊണ്ടു താഴ്ന്ന സ്വരത്തിലാണ് സംസാരിക്കുക. ദൂരെയെങ്ങാനും ഓടിയൊളിക്കാൻ തക്കംപാർത്തു നില്ക്കുന്നതുപോലെ, നാലുപാടും ഒളിഞ്ഞുനോക്കിക്കൊണ്ടാണ് അവൻ സംസാരിക്കുക. തവിട്ടുനിറമുള്ള അവൻെറ

കണ്ണുകൾ സാധാരണയായി നിശ്ചലമായിരിക്കും, വികാരഭരിതമായാൽ വിറച്ചുകൊണ്ടിരിക്കുകയും ചെയ്യും.

എനിക്കവനെ ഇഷ്ടമായിരുന്നില്ല. മൈക്കേലിൻെറ സാഷ അപ്രധാനിയും വിസ്സ്റ്റിയുമായിരുന്നെങ്കിലും അവനെയാണ് ഞാൻ ഇഷ്ടപ്പെട്ടതു. അവൻ വളരെ ശാന്തനായിരുന്നു. അവൻെറ അമ്മയുടെ വ്യസനം നിറഞ്ഞ കണ്ണുകളും പ്രായംതോന്നിക്കുന്ന പുഞ്ചിരിയും അവനു കിട്ടിയിരുന്നു. അവൻെറ പല്ലുകൾ വിരൂപമായിരുന്നു. പല്ലുകൾ വായിൽനിന്നു പുറത്തേക്കു തള്ളിനിന്നു. മാത്രമല്ല മേലെ അണ്ണിയിൽ രണ്ടുവരിപ്പല്ലുകളുണ്ടായിരുന്നു. അവൻ വെറുതെയിരിക്കുകയില്ല. എപ്പോഴും വിരൽ വായിലിട്ടു പിന്നിലെ വരിയിലെ പല്ലുകൾ പിടിച്ചുവലിക്കും. ആരെങ്കിലും അവൻെറ പല്ലുകൾ തൊടാൻ ആവശ്യപ്പെട്ടാൽ, അനുസരണത്തോടെ അനുവദിക്കും. എന്നാൽ അവനെസംബന്ധിച്ചേടത്തോളം മററൊന്നും ശ്രദ്ധേയമായുണ്ടായിരുന്നില്ല. ആളുകൾ നിറഞ്ഞ ആ വീട്ടിൽ അവൻ എപ്പോഴും ഏകാകിയായിരിക്കും; ഏതെങ്കിലും ഇരുണ്ട മൂലയിൽ ഒററക്കു ചെന്നിരിക്കും. അല്ലെങ്കിൽ ജനലിന്നടുത്തിരുന്നു സമയം പോക്കും. അവനോടൊപ്പമിരിക്കുമ്പോൾ അവനോടൊന്നും മിണ്ടാതിരിക്കുന്നതു സന്തോഷപ്രദമായിരിക്കും. ജനലിന്നു താഴെ അവനോടൊപ്പം ഒരു മണിക്കൂർ മുഴുവൻ മിണ്ടാതിരിക്കുക; ഉസ്പെൻസ്കി പള്ളിയുടെ ചുററുമുള്ള മരങ്ങളെ നോക്കിക്കാണുക; അതൊരു രസമാണ്. അസ്തമയസൂര്യൻെറ വെളിച്ചത്തിൽ പള്ളിയുടെ ഗോപുരങ്ങൾ തിളങ്ങുന്നുണ്ടായിരിക്കും. കാക്കകൾ ഉയന്നും താണും പറന്നു ആ പ്രദേശം ഒരു കറുത്ത വലകൊണ്ടു മൂടിയതുപോലെയാകും. തെല്ലിട കഴിഞ്ഞാൽ അവ, അവിടമൊക്കെ വിജനമാക്കിയും കൊണ്ടപ്രത്യക്ഷമാകയും ചെയ്യും. ഇങ്ങിനെ വല്ലതും സൂക്ഷിച്ചു നോക്കി ഇരിക്കുമ്പോൾ, സംസാരിക്കാൻ ആക്കും രസംതോന്നുകയില്ല. കാരണം അപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ചെറിയൊരു വേദന തോന്നിക്കുന്ന ആനന്ദം നിറയുകയായിരിക്കും.

യാക്കോവമ്മാമന്റെ സാഷകൾ ഒരു മുതിന്ന ആളെപ്പോലെ, എന്തിനെപ്പററിയും ദീൎഘമായും ഗൌരവമായും സംസാരിക്കുവാൻ കഴിയും. ചായം മുക്കൽ പഠിക്കാൻ എനിക്കാഗ്രഹമുണ്ടെന്നറിഞ്ഞപ്പോഠം, മേശവിരിയെടുത്തു മുക്കിനോക്കുവാൻ അവൻ എന്നെ ഉപദേശിച്ചു.

“വെള്ളത്തുണിക്കാണ് ചായം നല്ലപോലെ പിടിക്കുക; അതു തീച്ചയാണ്.” അവൻ വളരെ കാൎയ്യമായിപ്പറഞ്ഞു.

ഞാൻ ആ ഘനമുള്ള മേശവിരി വലിച്ചെടുത്തു മുററത്തേക്കു പോയി നീലച്ചായമുള്ള പാത്രത്തിൽ തുണിയുടെ ഒരററം മുക്കിയതെയുള്ളു, അപ്പോഴേക്കും സിഗാനോക്ക് എന്റെ മേൽ ചാടിവീണു—അയാഠം എന്റെ കയ്യിൽനിന്നും മേശവിരി പിടിച്ചു പററി പിഴിഞ്ഞുകളഞ്ഞു. ചാപ്പയിൽനിന്നു ഇതെല്ലാം നോക്കിക്കാണുകയായിരുന്ന എന്റെ മച്ചുനന്മാരോടു വിളിച്ചുപറഞ്ഞു “അച്ഛാച്ഛനെ വിളിച്ചുകൊണ്ടുവാ.” അയാഠം എന്റെ നേരെ തിരിഞ്ഞു തന്റെ പറച്ചത്തലയാട്ടിയുംകൊണ്ടു പറഞ്ഞു “ഇതിന്നു നിനക്കു നല്ല കോളുകിട്ടും.”

അമ്മമ്മ പുറത്തേക്കോടിവന്നു. ഞാൻ ചെയ്തതു കണ്ടപ്പോഠം, അവൎക്കു കിതക്കുവാൻ തുടങ്ങി. എന്നെ ശകാരിച്ചുകൊണ്ടിരിക്കെ അവർ കരയുകയും ചെയ്തു.

“വികൃതി, മരച്ചെവിയാ, നിന്നെ എടുത്തു തോട്ടിൽ എറിയണം.”

പിന്നെ അവർ സിഗാനോക്കിനോടപേക്ഷിച്ചു.

“അവന്റെ അച്ഛാച്ഛനോടു പറയല്ലെ വന്യാ,—ഞാൻ അതൊളിപ്പിച്ചുവെക്കും. എങ്ങിനെയെങ്കിലും അദ്ദേഹം ഇതറിയാതെ കഴിക്കാൻ നോക്കാം.

"ഞാൻ പറയുകയില്ല. പക്ഷെ സാഷ പറഞ്ഞുകളയുന്നതു സൂക്ഷിച്ചോ." നനഞ്ഞ കൈ ഉടുപ്പിൽ തേച്ചുകൊണ്ടയാഠം പറഞ്ഞു.

"അവൻ പറയാതിരിക്കാൻ ഞാൻ അവന്നു കുറച്ചു പൈസ്സ കൊടുത്തുകളയാം" എന്നെ അകത്തേക്കു കൂട്ടിക്കൊണ്ടുപോകുമ്പോഠം അമ്മമ്മ പറഞ്ഞു.

ശനിയാഴ്ച സന്ധ്യക്കു ആരോ എന്നെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടുപോയി. അടുക്കളയിലേക്കു പ്രവേശിക്കുന്ന മുറിയും മററു മുറികളും അടച്ചുപൂട്ടിയിട്ടുണ്ടായിരുന്നു. പുറത്തു മഴ ചാറുന്നുണ്ടായിരുന്നു. ജനലിൽക്കൂടി പുറത്തു നോക്കിയാൽ, മൂടൽമഞ്ഞു നിറഞ്ഞ അന്തരീക്ഷം, ചാരനിറം പൂണ്ടിരിക്കുന്നതു കാണാം. അടുപ്പിന്റെ മുൻഭാഗത്തു ഒരു ബെഞ്ചിന്മേൽ സിഗാനോക്ക് വിഷണ്ണനായിരിക്കുന്നു. ഒരു മൂലക്കു മരവിയിലെ വെള്ളത്തിൽനിന്നും മരക്കൊള്ളികഠം വലിച്ചെടുത്തുംകൊണ്ടു അച്ഛാച്ഛൻ നില്ക്കുന്നു. അദ്ദേഹം കൊള്ളികഠം അളന്നു ഒപ്പിച്ചു വീശിക്കൊണ്ടിരിക്കുന്നു. നിഴലിൽ ഏതോ ഒരു ഭാഗത്തു അമ്മമ്മ ഒച്ചയോടെ പൊടിവലിച്ചു എന്തെല്ലാമോ പിറുപിറുത്തുംകൊണ്ടു നില്ക്കുന്നു.

"അതിലൊരു രസമാണ്, മൃഗം!"

കണ്ണുകളിൽ മുഷ്ടികഠം അമർത്തിവെച്ചു ഒരിരപ്പാളിയുടെ ദയനീയമായ ശബ്ദം പുറപ്പെടുവിച്ചുംകൊണ്ടു, അടുക്കളയുടെ മദ്ധ്യത്തിൽ ഒരു കസേലയിൽ യാക്കോവിന്റെ സാഷ ഇരിക്കുന്നുണ്ടായിരുന്നു.

"യേശുവിനെ വിചാരിച്ചു എന്നെ മാപ്പാക്കണം........"

മേശക്കു പിന്നിൽ കുററികഠം നാട്ടിയപോലെ, മൈക്കേലിന്റെ സാഷയും, അവന്റെ സഹോദരിയും അടുത്തടുത്തു നില്ക്കുന്നു.

"നീ അർഹിക്കുന്ന സമ്മാനം വാങ്ങിക്കഴിഞ്ഞാൽ ഞാൻ നിന്നെ മാപ്പാക്കും." ഒരു നീളമുള്ള വടി കൈകൊണ്ടുഴിഞ്ഞുകൊണ്ടു അപ്പാപ്പൻ പറഞ്ഞു.

"ശരി നിന്റെ കാൽസ്രായി നീക്കുക" അദ്ദേഹം താഴ്ന്ന സ്വരത്തിലാണ് സംസാരിച്ചതു്. അദ്ദേഹത്തിന്റെ ശബ്ദമോ, ഒച്ചയുണ്ടാക്കുന്ന കസേലയിൽ ഇരിക്കുന്ന കുട്ടിയുടെ ചലനങ്ങളോ, അമ്മമ്മയുടെ കാലടിയൊച്ചയോ, കരിപിടിച്ച തട്ടിൻപുറത്തോടു കൂടിയ ആ അടുക്കളയിലെ മറക്കാനാകാത്ത നിശ്ശബ്ദതയെ ഭഞ്ജിച്ചില്ല.

സാഷ എഴുന്നേററു കാൽസ്രായി മുട്ടുവരെ അഴിച്ചു താഴ്ത്തി. കുനിഞ്ഞുകൊണ്ടു ബെഞ്ചിന്നടുക്കലേക്കു നീങ്ങി. അവനെ ആ നിലയിൽ കാണുന്ന ആർക്കും ഭയംതോന്നും. എന്റെ കാൽമുട്ടുകൾ വിറക്കുവാൻ തുടങ്ങി.

അനുസരണത്തോടെ, മുഖം താഴോട്ടാക്കി, അവൻ ബെഞ്ചിന്മേൽ കമിഴ്ന്നു കിടന്ന ആ കാഴ്ച കാണാൻ കഴിഞ്ഞില്ല. തോളിൽകൂടി, കഴുത്തിന്നു ചുററും ഒരു തുവാലകൊണ്ടു ചുററി വന്യാ അവനെ ബെഞ്ചോടു ചേർത്തുകെട്ടി. കുനിഞ്ഞുനില്ക്കുകയായിരുന്ന അവനെ, നരിയാണിക്കു പിടിച്ചു നിലക്കു നിർത്തുവാൻ ശ്രമിക്കുകയും ചെയ്തു.

"അലക്സേയി'' അപ്പാപ്പൻ വിളിച്ചു. ''അടുത്തു വരൂ, ശരി, ഞാനാരോടാണ് സംസാരിക്കുന്നതു. ''കീറൽ" എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്. ശരിക്കു നോക്കി മനസ്സിലാക്കിക്കോ, ഒന്നു........

കൈ ചുഴററിയുംകൊണ്ടു അദ്ദേഹം വടി സാഷയുടെ ദേഹത്തിൽ കൊള്ളിച്ചു. അവൻ നിലവിളിച്ചു.

''നാട്യമൊന്നും വേണ്ടാ," അപ്പാപ്പൻ പറഞ്ഞു. "അതു വേദനിപ്പിച്ചിട്ടില്ല. എന്നാൽ ഇതു വേദനയുണ്ടാക്കും'' അപ്പും പൊന്തു

മ്പോലെ വ്ര ഉണ്ടാക്കാൻ പര്യാപ്തമായ ഒരു നല്ല അടി, അദ്ദേഹം അവൻെറ പിരടിയിൽ വെച്ചുകൊടുത്തു. എൻെറ മച്ചുനൻ ദീഘമായി ഓരിയിട്ടു.

"അതിഷ്ടമായില്ലേ?" താളത്തോടെ കൈ മേലോട്ടും താഴോട്ടും ചുഴററിക്കൊണ്ടു അച്ഛാച്ഛൻ ചോദിച്ചു. ''നിനക്കു പിടിക്കുന്നില്ലേ? നിൻെറ തിതാളിതാ, പിടിച്ചോ.''

അദ്ദേഹം കൈ പൊക്കുമ്പോഴെല്ലാം എൻെറ ഹൃദയവും ഒപ്പം പൊങ്ങിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കൈ താഴുമ്പോഠം ഞാനും ഒപ്പം വീഴുന്നതായിതോന്നി.

ഭയം തോന്നിക്കുംവിധം വളരെ ഉച്ചത്തിൽ സാഷ കരഞ്ഞുകൊണ്ടിരുന്നു.

''ഞാൻ ഇനി അങ്ങിനെ ചെയ്യുകയില്ല. മേശവിരിയുടെ കാര്യം ഞാൻ നിങ്ങളോടു പറഞ്ഞിട്ടില്ലേ? ഞാനല്ലേ അതു പറഞ്ഞതു്?''

''മറവ കഥകഠം പറഞ്ഞതുകൊണ്ടു നിൻെറ കുററം തീരുന്നില്ല. നുണ പറയുന്നവന്നാണ് ആദ്യം പ്രഹരം കൊടുക്കേണ്ടത്. ഇനി മേശവിരിയുടെ പേരിൽ നിൻെറ ഊഴമാണ്.''

അമ്മമ്മ പാഞ്ഞുവന്നു എന്നെ വാരിയെടുത്തു.

"നിങ്ങഠം അലക്സേയിയെ തൊട്ടുപോകരുത്. ഞാൻ നിങ്ങളെ അതിന്നനുവദിക്കുകയില്ല. ക്രൂരാ!"

അമ്മമ്മ വാതിലിന്നു ചവിട്ടാൻ തുടങ്ങി. "വാർവാരാ, വാർവാരാ,'' അവർ ഉറക്കെ വിളിച്ചു.

അച്ഛാച്ഛൻ ഓടിവന്നു അമ്മമ്മയെ കാൽവാരി വീഴ്ത്തി. എന്നെ കടന്നുപിടിച്ചു. ബെഞ്ചിന്മേലേക്കിഴച്ചുകൊണ്ടുപോയി. ഞാൻ പിടഞ്ഞുനോക്കി; അദ്ദേഹത്തിൻെറ ചുകന്നതാടി പിടിച്ചുവലിച്ചു; വിരലിന്നു കടിച്ചു. അദ്ദേഹം ക്രോധത്തോടെ മുരളി; എന്നെ പിടിച്ചുഞെക്കി; മുഖം ബെഞ്ചിന്മേൽ വീണടിക്കത്തക്കവിധം

എന്നെ ബെഞ്ചിന്മേൽ വലിച്ചിട്ടു അദ്ദേഹം ക്രോധത്തോടെ അലറിയതു ഞാൻ ഇപ്പോഴും ഓക്കുന്നു.

"അവനെ കെട്ടിയിടുക; ഞാൻ അവനെ കൊല്ലും."

അമ്മയുടെ വിളറിയ മുഖവും വലിയ കണ്ണുകളും ഞാൻ ഓക്കുന്നു. ബെഞ്ചിന്നു മുമ്പിൽ അങ്ങോട്ടും ഇങ്ങോട്ടും അവർ ഓടികൊണ്ടിരുന്നു.

"മതിയാക്കു അച്ഛാ, അവൻ പോയ്ക്കോട്ടെ" അമ്മ കിതച്ചുകൊണ്ടു പറഞ്ഞു.

ഞാൻ ബോധംകെടുന്നതുവരെ അച്ഛാച്ഛൻ എന്നെ അടിച്ചുകൊണ്ടിരുന്നു. ഒരു ചെറിയ ജനൽമാത്രമുള്ള ചെറിയ മുറിയിൽ, ചൂടുള്ള ഒരു കിടക്കയിൽ, മുഖം താഴോട്ടാക്കി സുഖമില്ലാതെ, കുറെ ദിവസങ്ങളോളം ഞാൻ കിടന്നു. ഒരു മൂലയിൽ ഒരു വിളക്കു എപ്പോഴും എരിഞ്ഞുകൊണ്ടിരുന്നു.

സുഖമില്ലാതെ കഴിച്ചുകൂട്ടിയ ആ ദിവസങ്ങഠം, എൻെറ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ദിവസങ്ങളായിരുന്നു. ആ ദിവസങ്ങഠംകൊണ്ടു എനിക്കു വളരെയധികം പ്രായംകൂടിയതുപോലെ തോന്നി. എന്നാൽ പുതിയ ചില വിശേഷതകഠം പ്രത്യക്ഷപ്പെട്ടതായും തോന്നി. കാരണം എല്ലാവരും എന്നിൽ കാര്യമായ താൽപര്യം പ്രദശിപ്പിച്ചു. എൻെറ ഹൃദയത്തെ മൂടിനിന്നിരുന്ന ഒരു ചമ്മം വലിച്ചുനീക്കപ്പെട്ടതായി എനിക്കനുഭവപ്പെട്ടു. എൻെറയും മററുള്ളവരുടേയും വേദനകഠം ശരിക്കറിയുവാൻ എനിക്കു കഴിവുണ്ടായി.

അമ്മയും, അമ്മമ്മയും തമ്മിലുണ്ടായ കലഹം എന്നെ അസ്വസ്ഥനാക്കി. കറുത്തു വലിയദേഹമുള്ള എന്റെ അമ്മമ്മ ആ ചെറിയ മുറിയിൽവന്നു അമ്മയോടു കയൎത്തു.

"നീ എന്തുകൊണ്ടു അവനെ പിടിച്ചുകൊണ്ടുപോയി രക്ഷപ്പെടുത്തിയില്ല?"

"എനിക്കും പേടിയായിപ്പോയി."

"നിന്നെപ്പോലെ തടിച്ച ഒരാൾക്ക് പേടിയോ? നാണമില്ലെ നിനക്കു പറയാൻ."

"അമ്മെ, എന്നെ എന്റെ പാട്ടിന്നു വിട്ടേക്കണം. എനിക്കു മടുത്തു."

"നിനക്കു അവനോടു സ്നേഹംപോരാ, അച്ഛനില്ലാത്ത ഈ കുട്ടിയോടു അനുകമ്പതോന്നിയില്ല."

"ഞാൻ ഒരനാഥയാണ്—ജീവകാലം മുഴുവൻ." ഉച്ചത്തിൽ വേദനതോന്നിക്കുന്ന സ്വരത്തിൽ അമ്മ പറഞ്ഞു.

പിന്നെ അവർ രണ്ടുപേരും മൂലയിലുള്ള ഇരുമ്പുപെട്ടിമേലിരുന്നു കരഞ്ഞു.

"അലക്സേയി ഇല്ലായിരുന്നുവെങ്കിൽ ഞാൻ എവിടെയെങ്കിലും പോയ്ക്കളയുമായിരുന്നു—എന്നേക്കുമായി." അമ്മ പറഞ്ഞു "എനിക്കീനരകത്തിൽ കഴിച്ചുകൂട്ടുവാൻ സാദ്ധ്യമല്ല, അമ്മെ! എനിക്കതിന്നുള്ള ശക്തിയില്ല."

"എന്റെ പൊന്നുമോളെ, എന്റെ ഹൃദയമെ!" അമ്മമ്മ പതുക്കെ പറഞ്ഞു.

എനിക്കു കാര്യം മനസ്സിലായി അമ്മക്കു ഞാൻ വിചാരിച്ചപോലെ ശക്തിയൊന്നുമില്ല. മററുള്ളവരെപ്പോലെ അമ്മക്കും അപ്പാപ്പനെ ഭയമാണ്. അവർ ജീവിക്കുവാൻ ഇഷ്ടപ്പെടാത്ത ഈ വീട്ടിൽ, താമസിക്കുന്നത് എനിക്കുവേണ്ടി മാത്രമാണ്. ഈ ചിന്ത എന്നെ വ്യാകുലപ്പെടുത്തി. വാസ്തവത്തിൽ വളരെ കഴിയാതെ

അമ്മ വീട്ടിൽനിന്നും അപ്രത്യക്ഷയാകയും ചെയ്തു. അവർ ആരേയോ കാണ്മാൻ എവിടേയോപോയി

അട്ടത്തുനിന്നു പൊട്ടിവീണപോലെ അച്ഛാച്ഛൻ ഒരു ദിവസം പെട്ടന്നു എന്നെ വന്നുനോക്കി. കിടക്കയുടെ വക്കിൽ ഇരുന്നുകൊണ്ടു ഹിമക്കട്ടപോലെ തണുത്തുപോയ എൻെറ നെററി അദ്ദേഹം തൊട്ടുനോക്കി.

''നിനക്കെങ്ങിനെയിരിക്കുന്നു. മോനേ, എൻെറ ചോദ്യത്തിന്നുത്തരം പറയൂ, എന്നോടു വെറുപ്പുവേണ്ടേ! ശരി—എന്താ"

എനിക്കദ്ദേഹത്തെ കടന്നു ചവിട്ടേണമെന്നുതോന്നി. എന്നാൽ കാൽ അനക്കാൻ കഴിഞ്ഞില്ല അദ്ദേഹത്തിൻെറ തലമുടി കൂടുതൽ ചുവന്നതുപോലെ തോന്നി. ചുമരിൽ ദൃഷ്ടിയുറപ്പിച്ചു അസ്വസ്ഥതയോടെ അദ്ദേഹം തലയാട്ടിക്കൊണ്ടിരുന്നു. അദ്ദേഹം കീശയിൽനിന്നു ഒരു മിഠായിക്കഷണം, കുറച്ചു കൽക്കണ്ടി, ഒരു മധുരജാമ്പ്, കുറച്ചു മുന്തിരിങ്ങ ഇവയെല്ലാം പുറത്തേക്കെടുത്തു; എൻെറ മൂക്കിന്നരികെ തലയണയിന്മേൽ വെച്ചു.

"നോക്കു ഞാൻ നിനക്കു ചില സമ്മാനങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.''

അദ്ദേഹം കനിഞ്ഞു എൻെറ നെററിയിൽ ചുംബിച്ചു. മഞ്ഞച്ചായംപുരണ്ട നഖങ്ങളോടുകൂടിയ ചെറിയ കൈകൊണ്ടു എൻെറ നെററി തലോടി അദ്ദേഹം എന്നോടു സംസാരിക്കാൻ തുടങ്ങി.

''മോനേ, നീ അർഹിക്കുന്നതിലും അധികം ഈ പ്രാവശ്യം ഞാൻ നിന്നെ പ്രഹരിച്ചു. എനിക്കത്ര ക്രോധംവന്നുപോയി. നീ എന്നെ കടിക്കുകയും മാന്തുകയും ചെയ്തു. ശരി—അതുകൊണ്ടാണ് എനിക്കു നിലവിട്ടുപോയത്. ഈ പ്രാവശ്യം നീ അധികം കൊള്ളേണ്ടിവന്നതിൽ വ്യസനിക്കണ്ട. അടുത്ത പ്രാവശ്യം ഞാൻ

ഇതു നിനക്കു വകവെച്ചതരും നീ ഒരു കാര്യംമാത്രം ഓൎമ്മിച്ചാൽ മതി. നിൻെറ സ്വന്തം ആളുകഠം നിന്നെ അടിക്കുന്നതു ഒരു കുററമല്ല. അതൊരു നല്ല പാഠമായിരിക്കാൻ വേണ്ടിയാണ്. എൻെറ ചെറുപ്പകാലത്തു എനിക്കടികൊണ്ടിട്ടില്ലെന്നാണോ നീ വിചാരിക്കുന്നത ? അല്യോഷാ, അവർ എന്നെ എങ്ങിനെ അടിക്കാറുണ്ടായിരുന്നുവെന്നു നിനക്കു സ്വപ്നത്തിൽപോലും ഊഹിക്കുവാൻ സാദ്ധ്യമല്ല. എന്നെ അവർ അടിക്കുന്നതു കണ്ടിട്ടു ദയാലുവായ ഈശ്വരൻപോലും കരഞ്ഞുപോയിട്ടുണ്ടായിരിക്കണം. നീ ഇപ്പോഠം എന്നെ നോക്കു—ഒരനാഥക്കുട്ടി, ഒരെരപ്പാളിസ്ത്രീയുടെ മകനായിരുന്ന ഞാൻ ഇപ്പോഠം ഒരു തൊഴിൽശാലയുടെ ഉടമസ്ഥനാണ്. എൻെറ കീഴിലുള്ള ആളുകളോടു കല്പിച്ചു പണിയെടുപ്പിക്കുന്നു.''

മെലിഞ്ഞു ശക്തിയുള്ള അദ്ദേഹത്തിൻെറ ദേഹം എൻെറ ദേഹത്തോടടുപ്പിച്ചുംകൊണ്ടു തൻെറ കുട്ടിക്കാലത്തെക്കുറിച്ചുള്ള സ്മരണകഠം, അദ്ദേഹം എൻെറ മുമ്പിൽ നിരത്തിവെക്കാൻതുടങ്ങി.

അദ്ദേഹത്തിൻെറ പച്ചക്കണ്ണുകഠം പ്രകാശിച്ചു. അദ്ദേഹം എൻെറ മുഖത്തുറ്റുതിയപ്പോഠം അദ്ദേഹത്തിൻെറ മുടിയിൽ സ്വൎണ്ണനിറം വ്യാപിക്കുന്നതായിതോന്നി.

''നീ ഇവിടെ ഒരു കപ്പലിലാണ് വന്നത്. ആവിയുടെ ശക്തിയാണ് നിന്നെ ഇവിടെ എത്തിച്ചത്. എനിക്കു ചെറുപ്പമായിരുന്നപ്പോഠം, എൻെറ കായബലത്തെ മാത്രം ആശ്രയിച്ചാണ്—തോണിയുടെ കയർ വലിച്ചുംകൊണ്ടാണ്—ഞാൻ വോഠംഗയുടെ വേഗതയെ ജയിച്ചത്. തോണി പുഴയിൽ, ഞാൻ കരയിൽ, കയർ പിടിച്ച് തോണി വലിച്ചുനീക്കിയുംകൊണ്ടു, കല്ലിലും പാറയിലും തട്ടിത്തടഞ്ഞു നടന്നു, സൂര്യോദയം മുതൽ സൂര്യാസ്തമനംവരെ, പതക്കുന്ന വെയിലത്തു, ചുട്ടുപഴുത്ത ഒരിരുമ്പുകമ്പിയെപ്പോലെ, തപിച്ചുകൊണ്ടു ഉള്ളിൽ പുകഞ്ഞു വലഞ്ഞു ക്ഷീണിച്ചു നട്ടുവളഞ്ഞു നടക്കുക—എല്ലു പൊട്ടുകയാണെന്നു തോന്നും. വിയപ്പു കുത്ത

യൊലിക്കുന്നുണ്ടായിരിക്കും. എവിടെക്കാണ് പോകുന്നതെന്നു യാതൊരു നിശ്ചയവുമില്ല. ഹൃദയം കരയും, ചുണ്ടുകൾ വിറക്കും— അങ്ങിനെയാണ് ഞാൻ ഇവിടെ എത്തിയത്—അല്യോഷാ, നിനക്കു ആക്ഷേപിക്കാനെന്താണുള്ളത്? അങ്ങിനെ നടന്നുകൊണ്ടിരിക്കെ, തളന്നു വീണുപോകും. അപ്പോൾ തോന്നും വീണതു നന്നായി എന്നു. കാരണം ശക്തി തികച്ചും ദേഹത്തിൽനിന്നും വിട്ടുകഴിഞ്ഞു എന്നനുഭവപ്പെടും. അങ്ങിനെ, ശേഷിക്കുമോ, ജീവിക്കുമോ, എന്നു തിട്ടമില്ലാതെ കിടക്കും. രണ്ടായാലും വ്യത്യാസമൊന്നും ഉണ്ടാകാനില്ല. അങ്ങിനെയാണ് ദൈവത്തിൻെറ മുമ്പാകെ, യേശുവിൻെറ മുമ്പാകെ, ഞങ്ങൾ ജീവിതം നയിച്ചത്. മൂന്നുപ്രാവശ്യം ഞാൻ ഇങ്ങിനെ, വോൾഗയിൽക്കൂടി അങ്ങോട്ടുമിങ്ങോട്ടും പോയിട്ടുണ്ട്. സിംബേർസ്ലിൽനിന്നു റൈബിൻസ്കിലേക്കും, സാറട്ടോവിൽനിന്നു ഇവിടേക്കും, ആസ്ട്രഖാനിൽനിന്നു മക്കാർയേവിലേക്കും,—ചന്തകളിലേക്കു—അനേകായിരം നാഴിക ഞാൻ ഇങ്ങിനെ സഞ്ചരിച്ചിട്ടുണ്ട്. നാലാമത്തെക്കൊല്ലം അവർ എന്നെ മേസ്ത്രിയാക്കി നിശ്ചയിച്ചു. മുതലാളിക്കു ഞാൻ സാധാരണക്കാരനല്ലെന്നു ബോദ്ധ്യമായി ''

അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കെ, ഒരു മേഘത്തെപ്പോലെ വലുതാകുന്നുണ്ടെന്നു—ഒരു ചെറിയ മനുഷ്യൻ എന്ന നിലയിൽനിന്നു അതിശക്തനായ ഒരു ധീരനായി—ഒഴുക്കിന്നെതിരായി ഒരു വലിയ തോണി ഒററക്കു വലിച്ചുകയററിയ ഒരു മഹാശക്തനായി—വലുതാകുന്നുണ്ടെന്നു എനിക്കുതോന്നി.

ചിലപ്പോൾ അദ്ദേഹം കിടക്കയിൽനിന്നു ചാടിയെഴുന്നേററു തോണിക്കാർ പണിയെടുക്കുന്ന സമ്പ്രദായം അഭിനയിച്ചു കാണിക്കും— അവർ എങ്ങിനെ ഒഴുക്കിൻെറ ശക്തിയെ ജയിച്ചു എന്നു പ്രദർശിപ്പിക്കും. ഇടക്കു ചിലക്കുന്ന ശബ്ദത്തിൽ അദ്ദേഹം എന്തോ ഒരു പാട്ടുപാടി. വീണ്ടും ചുറുചുറുക്കോടെ കിടക്കയിൽതന്നെ തുള്ളിക്കയറിയിരുന്നു. എനിക്കു എന്തെന്നില്ലാത്ത വിശ്വാസംതോന്നു

ത്തക്ക സ്വരത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന, ഒരസാധാരണ ജീവിയാണ് അദ്ദേഹമെന്നു ഞാൻ വിചാരിച്ചു.

"ഇങ്ങിനെയൊക്കെയാണെങ്കിലും, അലക്സേയി, വേനൽക്കാലത്തു വൈകുന്നേരം ഴിഗ്രുളിയിൽ ഞങ്ങൾ യാത്ര നിർത്തി തീക്കുണ്ഡത്തിന്നു ചുററുമിരുന്നു വിശ്രമിക്കുമ്പോഴില്ലേ-അതൊരു സന്ദർഭം തന്നെയാണ്—പുഴുക്കു പതച്ചുകൊണ്ടിരിക്കെ, ഏതെങ്കിലും ഒരു തോണിക്കാരൻ, അവൻെറ ഹൃദയത്തെ ആശ്വസിപ്പിക്കുവാൻ അകം നിറഞ്ഞ ഒരു പാട്ടുപാടും. ബാക്കിയുള്ള ഞങ്ങളെല്ലാം ഏററുപാടും. ഞങ്ങളുടെ പാട്ടു കേൾക്കാൻ മാംസംപോലും ഇഴഞ്ഞു വരും. വോൾഗതന്നെയും ഒരു കുതിരയുടെ വേഗതയോടെ, ആകാശത്തോളം കുതിച്ചുപൊന്തും. കാററിൽ പൊടിപടലമെന്നപോലെ, അപ്പോൾ ഞങ്ങളുടെ എല്ലാ കഷ്ടപ്പാടുകളും വിസ്മരിക്കപ്പെടും. പാട്ടിൻെറ തിരക്കിൽ, അടുപ്പത്തു തിളക്കുന്ന പുഴുക്കിൻെറ കാര്യം ഞങ്ങൾ വിസ്മരിക്കും. അതു തിളച്ചു അടുപ്പിൽ മറിയും. വെപ്പുകാരനു ശകാരം ബാക്കി. അവനെ ഞങ്ങൾ ശകാരിക്കും. "നീ പാട്ടിൻെറ ഓഹരിയെടുത്തുകൊള്ളുക; പക്ഷെ പുഴുക്കിൻെറ കാര്യം മറന്നുപോകരുതു" എന്നു.

വളരെ പ്രാവശ്യം ആളുകൾ വന്നു അദ്ദേഹത്തെ വിളിക്കും. എന്നാൽ ഞാൻ അദ്ദേഹത്തോടപേക്ഷിക്കും "പോകരുതു."

അദ്ദേഹം ചിരിച്ചുകൊണ്ടു കൈ വീശും. "അവർ കാത്തിരിക്കട്ടെ." അദ്ദേഹം വിളിച്ചുപറയും.

വൈകുന്നേരമാകുന്നതുവരെ അദ്ദേഹം എന്നോടു കഥകൾ പറഞ്ഞിരുന്നു. ഒടുവിൽ എന്നോടു വാത്സല്യപൂർവ്വം യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ, എനിക്കു മനസ്സിലായി, അദ്ദേഹം നീചനോ ക്രൂരനോ അല്ലെന്നു. അദ്ദേഹമാണ് ഇത്രയും നിർദ്ദയമായി എന്നെ പ്രഹരിച്ചതെന്നോർത്തപ്പോൾ എനിക്കു വലിയ വേദനതോന്നി. എന്നാലും എനിക്കതു മറക്കാൻ കഴിഞ്ഞില്ല.

അച്ഛാച്ഛൻ എന്നെ വന്നു കണ്ടതുകൊണ്ടു മററുള്ളവരും എന്നെ ഒരു വലിയ ആളായിക്കരുതാൻ സംഗതിയായി. രാവിലെ തൊട്ടു രാത്രിയാകുന്നതുവരെ, ആരെങ്കിലും കിടക്കയിൽ എൻെറ അടുത്തിരിക്കുന്നുണ്ടായിരിക്കും; എന്നെ ആശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടായിരിക്കും. എന്നെ ആശ്വസിപ്പിക്കാനുള്ള അവരുടെ ഈ പരിശ്രമം അധികവും പരാജയമായിരുന്നു എന്നു എനിക്കു നല്ല ഓർമ്മയുണ്ട്. മററാരെക്കാളും അധികം പ്രാവശ്യം എൻെറ അടുത്തു വന്നുകൊണ്ടിരുന്നത് അമ്മമ്മയായിരുന്നു. അവർ എന്നോടൊപ്പം കിടന്നുറങ്ങുകയും ചെയ്തു. എന്നാൽ എൻെറ മനസ്സിൽ ഏററവും ശക്തിയായി പതിഞ്ഞതു സിഗാനോക്കിൻെറ സഹതാപമായിരുന്നു. അയാറം വൈകുന്നേരമാണ് വരാറുണ്ടായിരുന്നത്. വിസ്താരമുള്ള ചുമലുകളും, കറുത്തിരുണ്ട രോമത്തോടുകൂടിയ ശിരസ്സുമുള്ള ഒരു ചെറുപ്പക്കാരൻ. അയാറം ഞായറാഴ്ച ധരിക്കുന്ന വസ്ത്രങ്ങറം ധരിച്ചുകൊണ്ടാണ് വരിക; തേനിൻെറ നിറത്തിലുള്ള ഒരു പട്ടുഷർട്ടും തൊള്ളയുള്ള കാൽസ്രായിയും, ഒരുറമാൽപോലെ കാലിന്നു പററി ചലിച്ചുകൊണ്ടിരിക്കുന്ന ചെരിപ്പുകളുമാണ് അയാറം ധരിച്ചിരിക്കുക. അയാളുടെ തലമുടി മിന്നുന്നുണ്ടായിരിക്കും, ചാമ്പ്രയായ അയാളുടെ കണ്ണുകറം, ഇടതൂന്ന കൺപുരികങ്ങറംക്കു കീഴെ സന്തോഷത്തോടെ പ്രകാശിക്കും, അയാളുടെ തടിച്ച മീശക്കു പിന്നിൽ, വെളുത്ത പല്ലുകറം തെളിഞ്ഞുകാണും. വിളക്കിൻെറ വെളിച്ചം തട്ടി അയാളുടെ ഷർട്ട് തിളങ്ങുകയും ചെയ്യും.

"ഇതു നോക്കു" അയാളുടെ നഗ്നമായ കൈത്തണ്ടമേലുള്ള കലകറം, കുപ്പായത്തിൻെറ കൈകയററിക്കാണിച്ചുകൊണ്ടു അയാറം പറയും. "നോക്കു, ഇതെത്ര വീങ്ങിയിരിക്കുന്നു. എന്നാൽ ഇതിലും കഷ്ടമായിരുന്നു ഈ മുറികറം, ഇപ്പോറം മിക്കവാറം ഉണങ്ങിപ്പോയി."

"നിൻെറ അച്ഛാച്ഛൻ ക്രോധംകൊണ്ടു ഭ്രാന്തനായിക്കഴിഞ്ഞു എന്നു എനിക്കു മനസ്സിലായി. അദ്ദേഹം നിന്നെ അടിച്ചു കൊന്നു

കളഞ്ഞാലോ എന്നു ഭയന്നു ഞാൻ ആ വടി പൊട്ടിപ്പോകട്ടെ എന്നാശിച്ചുകൊണ്ടു ചമ്മട്ടിയുടെ അടിയിൽ എൻെറ കൈത്തണ്ട വെച്ചുകൊടുത്തു. വടി പൊട്ടിപ്പോയെങ്കിൽ വേറൊന്നെടുക്കുവാൻ പോയ തക്കംനോക്കി, നിൻെറ അമ്മക്കോ, അമ്മമ്മക്കോ, നിന്നെ രക്ഷപ്പെടുത്തുവാൻ സാധിക്കുമെന്നും ഞാൻ ആശിച്ചു. എന്നാൽ വടി പൊട്ടിയില്ല. വെള്ളത്തിൽ കിടന്നു അതത്രക്കു പതംവന്നിരുന്നു. എന്നാലും ഞാൻ കുറച്ചടികറം നിനക്കു കൊള്ളാതെ പററിച്ചു. എത്ര അടികളെന്നു എൻെറ കൈത്തണ്ട കണ്ടാൽ നിനക്കു മനസ്സിലാകും. എൻെറ തോൽ വളരെ മിനുസമുള്ളതാണ്."

അയാറം പട്ടുപോലെ മിനുസമുള്ള ഒരു പുഞ്ചിരിയിട്ടു.

"ശ്വാസം കഴിക്കാൻ സാധിക്കാത്തവിധം നിന്നെച്ചൊല്ലി എനിക്കു വ്യസനം തോന്നി." വീങ്ങിയ കൈത്തണ്ട നോക്കിയുംകൊണ്ടയാറം തുടന്നു. "അങ്ങിനെ അടിച്ചാൽ ആപത്താണെന്നെനിക്കറിയാമായിരുന്നു. എന്നാൽ അദ്ദേഹം അടിച്ചുകൊണ്ടേയിരുന്നു."

കുതിരയെപ്പോലെ ചീററിയുംകൊണ്ടു, തലയാട്ടി, ഒരു ചെറുകുട്ടിയുടെ നിഷ്ക്കളങ്കതയോടെ അയാറം അച്ഛാച്ഛനെ ശകാരിക്കുവാൻ തുടങ്ങി. എനിക്കു അയാളുടെ പേരിൽ വലിയ സ്നേഹം തോന്നി.

ഞാൻ അയാളെ അതിയായി സ്നേഹിക്കുന്നുവെന്നുറപ്പിച്ചു പറഞ്ഞു. വിസ്മരിക്കാൻ കഴിയാത്ത നിഷ്കളങ്കതയോടെ അയാറം പറഞ്ഞു.

"ഞാൻ നിന്നെയും സ്നേഹിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ വേദന സഹിക്കാൻ തയ്യാറായത്—നിൻെറ സ്നേഹത്തിന്നുവേണ്ടി. ഞാൻ മററാക്കെങ്കിലുംവേണ്ടി ഇങ്ങിനെ ചെയ്യുമോ? ഞാൻ അവരെ കാക്കിച്ചുതുപ്പും. അത്രമാത്രം.

വാതിൽക്കലേക്ക കള്ളക്കണ്ണിട്ടുനോക്കിയുംകൊണ്ടു അയാറം എനിക്ക ചില തന്ത്രങ്ങറം പറഞ്ഞുതന്നു.

"ഇനിയൊരിക്കൽ അദ്ദേഹം നിന്നെ അടിക്കകയാണെങ്കിൽ," അയാറം പറഞ്ഞു. "നീ ശക്തികാണിക്കരുത്. ശക്തികാണിച്ചാൽ അധികം വേദനയാകും. ദേഹം അയച്ചിട്ടുകളയണം. ദേഹം കുഴമ്പുപോലെയാക്കിക്കളയണം. ശ്വാസം അടക്കിപ്പിടിക്കരുത്. ഒച്ചയോടെ ശ്വാസം കഴിക്കുക. കഴിയുന്നത്ര ഉച്ചത്തിൽ നിലവിളിക്കണം. ഇതു മറന്നുപോകരുത്."

"എന്തു അവർ ഇനിയും എന്നെ അടിക്കുമോ?" ഞാൻ ചോദിച്ചു.

"നീ എന്തു വിചാരിക്കുന്നു?" സിഗാനോക്ക ശാന്തമായി മറുപടിപറഞ്ഞു. "തീച്ചയായും അവർ അടിക്കും—ഇനിയും അനവധിപ്രാവശ്യം നിനക്ക പ്രഹരങ്ങറം കിട്ടും."

"എന്തിന്നുവേണ്ടി.?"

"എന്തിന്നുവേണ്ടിയാണെന്നു നിൻെറ അച്ഛാച്ഛൻ കണ്ടുപിടിച്ചുകൊള്ളും." ഏററവും ശ്രദ്ധയോടെ ഒരിക്കൽകൂടി അയാറം ആ തന്ത്രം ഉരുവിട്ടു എന്നെ പഠിപ്പിച്ചു.

"നേരെ താഴോട്ടു വീശിയുംകൊണ്ടു മാത്രമാണ് അദ്ദേഹം അടിക്കുന്നതെങ്കിൽ, നീ അനങ്ങാതെ കിടന്നാൽ മതി. വടി താഴോട്ടുവീശി ദേഹത്തിൽകൂടി വലിക്കുകയാണെങ്കിൽ നീ അയാളുടെ ഭാഗത്തേക്ക, വടിയുടെ ഭാഗത്തേക്കുരുണ്ടുകളയണം. എന്നാൽ അടികറം കൊള്ളുന്നതു എളുപ്പമായിരിക്കും."

അയാറം എൻെറനേരെ നോക്കി, കണ്ണുചിമ്മിയുംകൊണ്ടു പറഞ്ഞു. "അടിയുടെ കാര്യം പറയുകയാണെങ്കിൽ ഒരു പോലീസ്സുകാരനേക്കാറം വെട്ടപ്പായി എനിക്കതറിയാം എൻെറ ദേഹത്തിൽനിന്നും ഉരിഞ്ഞുപോയ തോൽകൊണ്ടു ഒരു വലിയ കാൽസ്രായിതുന്നാൻ കഴിയും.

അയാളുടെ സന്തോഷം തുളുമ്പുന്ന മുഖത്തേക്കു നോക്കിയപ്പോഴം, രാജകുമാരനായ ഐവനെക്കുറിച്ചും, വിഡ്ഢിയായ ഐവനെപ്പറ്റിയെക്കുറിച്ചും അമ്മമ്മ പറയാറുള്ള കഥകളാണെനിക്കോർമ്മവന്നത്.

# III

സിഗാനോക്കിന്നു ഞങ്ങളുടെ വീട്ടിൽ ഒരു പ്രത്യേകസ്ഥാനം അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു എനിക്കു മനസ്സിലായി. സ്വന്തം മക്കളോടു കടിച്ചുകേറാറുള്ള അപ്പാപ്പൻ അയാളോടു ഉച്ചത്തിൽ സംസാരിക്കാറില്ല. അയാളില്ലാത്തപ്പോഴം, അയാളെക്കുറിച്ചു പറയുമ്പോഴം അപ്പാപ്പൻ കണ്ണു പകുതി അടച്ചു തലയാട്ടിയുംകൊണ്ടാണ് സംസാരിക്കുക.

“ഐവന്നു സ്വർണ്ണത്തിൻെറ വിരലുകളാണുള്ളതു. ഇതാരും മറക്കരുതു, നമ്മോടൊപ്പം വളൻവരുന്ന അവൻ ഒരു സാമാന്യനല്ല.”

എൻെറ അമ്മാമന്മാക്കും സിഗാനോക്കിനെ ഇഷ്ടമായിരുന്നു. ഗ്രിഗറിമേസ്ത്രിയേക്കൊണ്ടു കളിപ്പിക്കുമ്പോലെ, അയാളെ തമാശയാക്കാൻ അവർ ധൈര്യപ്പെട്ടില്ല. ഗ്രിഗറിയെ ബേജാറാക്കാൻ, എല്ലാ ദിവസവും വൈകുന്നേരം അവർ എന്തെങ്കിലും വിദ്യ കണ്ടുപിടിക്കും. ഒന്നുകിൽ അവർ അയാളുടെ കത്തിരിയുടെ കൈപ്പിടി ചൂടാക്കിവെക്കും. അല്ലെങ്കിൽ അയാളുടെ കസേലമേൽ ഒരു മുള്ളാണിതറപ്പിച്ചുവെക്കും. അതുമല്ലെങ്കിൽ അയാൾക്കു തുന്നാനുള്ള തുണി

തരങ്ങൾക്കിടയിൽ പലനിറത്തിലുള്ള മററു തുണിസ്സാമാനങ്ങൾ കൂട്ടിക്കലർത്തിവെക്കും. അങ്ങിനെ അയാൾ ഓർമ്മിക്കാതെ, തുണികൾ തെററായി തുന്നിപ്പോയാൽ അച്ഛാച്ഛൻെറ ശകാരം കേൾക്കേണ്ട തായി വരികയും ചെയ്യും.

ഒരു ദിവസം ഗ്രിഗറി, മുത്താഴം കഴിച്ചു അടുക്കളയിൽ ഒരു മരപ്പെട്ടിമേൽ കിടന്നുറങ്ങുകയായിരുന്നു. അവർ അയാളുടെ മുഖത്തു ഇളംചുകപ്പുചായം വാരിത്തേച്ചു. തമാശതോന്നിക്കുന്ന മുഖത്തോടെ, ഒന്നുമറിയാതെ, കുറെ നേരത്തോളം അയാൾ നടക്കേണ്ടിവന്നു. അയാളുടെ കണ്ണടയുടെ കറുത്ത രണ്ടു വട്ടങ്ങൾക്കു മദ്ധ്യേ നീണ്ടു ചുവന്ന അയാളുടെ മൂക്കു കണ്ടാൽ, ആരോ നാവുനീട്ടിയതാണെന്നു തോന്നും. അയാളുടെ നരച്ച താടിരോമങ്ങൾക്കിടയിൽ ആ മൂക്കു മുഴച്ചുകാണുന്നതു ഒരു രസംതന്നെയാണ്.

അങ്ങിനെയുള്ള പുതിയ വിദ്യകൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ എൻെറ അമ്മാമന്മാർ വലിയ സമർത്ഥന്മാരായിരുന്നു. എന്നാൽ ഗ്രിഗറി അതെല്ലാം സഹിക്കും; ഒരക്ഷരം പറയുകയില്ല. കത്രികയോ ചമണയോ തിതാളോ എടുക്കുന്നതിന്നു മുമ്പായി, മുൻകരുതലായി അയാൾ, തൻെറ വിരലുകളിന്മേൽ തുപ്പി നനക്കും. ക്രമേണ ഇതു അയാൾക്കു മാറാത്ത ഒരു ശീലമായിത്തീൎന്നു. ഭക്ഷണം കഴിക്കു മ്പോൾ, കത്തിയും മുള്ളും എടുക്കുന്നതിന്നു മുമ്പും അയാൾ ഇങ്ങിനെ വിരലുകൾ നനക്കുന്നതു കാണാം. കുട്ടികൾ അതു കണ്ടു പൊട്ടിച്ചി രിക്കും. വല്ലാത്ത വേദനയോടെ, അയാളുടെ മുഖത്തു ചുളിവുകളുടെ ഒരു തിരയടിക്കുന്നതു കാണാം. നെററിയിൽ ഉയൎന്നു പടൎന്നുനില്ക്കുന്ന പുരികം ചുളിപ്പിച്ചുകൊണ്ടു, ആ തിരമാല, അയാളുടെ പൂമൊട്ട യായ ശിരസ്സിൽ, എങ്ങോചെന്നവസാനിക്കുന്നതായി തോന്നും.

അച്ഛാച്ഛൻ മക്കളുടെ ഈ തമാശയെക്കുറിച്ചു എന്തു വിചാ രിച്ചു എന്നെനിക്കറിയുകയില്ല. അമ്മമ്മയാകട്ടെ മുഷ്ടിയോങ്ങിയും കൊണ്ടു മക്കളെ കണക്കിൽ ശകാരിക്കും.

"നാണമില്ലാത്ത ചെകുത്താന്മാരെ, രാക്ഷസന്മാരെ!"

സിഗാനോക്ക് അടുത്തില്ലാത്തപ്പോഠം അയാളെക്കുറിച്ചു അമ്മാമന്മാർ വെറുപ്പോടെ സംസാരിക്കും. അയാഠം ചെയ്യുന്ന പ്രവൃത്തികഠംക്കു കുററം പറയും. അയാഠം കള്ളനാണെന്നും മടിയനാണെന്നും പറയും.

ഇതെന്തുകൊണ്ടാണെന്നു ഞാൻ അമ്മമ്മയോടു ചോദിച്ചു. "സ്വന്തം പ്രവൃത്തിശാല സ്ഥാപിച്ചാൽ തൻെറ കീഴിലായിരിക്കണം വന്യാ ജോലിചെയ്യുന്നതെന്നു അവരിൽ ഓരോരുത്തനും ആഗ്രഹിക്കുന്നുണ്ടു് അതാണ് കാരണം ഓരോ ആളും മററവൻെറ മുമ്പിൽ സിഗാനോക്കിനെക്കുറിച്ചു മോശമായിപ്പറയും. അവരാണെങ്കിൽ വലിയ മടിയന്മാരുമാണ്. എന്നാൽ വന്യാ അപ്പാച്ചൻെറ കൂടെ ഇവിടെ നിന്നുകളയുമെന്നും അവർ രണ്ടാഠംക്കും സംശയമുണ്ടു. നിൻെറ അപ്പാച്ചനും സ്വന്തമായ ചില ഉദ്ദേശങ്ങളുണ്ടു്. വന്യായെയുംകൂട്ടി വേറൊരു പ്രവൃത്തിശാല തുറക്കേണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നു. അങ്ങിനെ വന്നാൽ അതു അമ്മാമന്മാക്കു ദോഷകരമായിരിക്കും." അവർ നിശ്ശബ്ദമായി ചിരിച്ചു.

"അമ്മാമന്മാരുടെ സമ്പ്രദായങ്ങഠം ദൈവത്തിന്നുപോലും പൊരുത്തമാകയില്ല. അവരുടെ സൂത്രങ്ങളെല്ലാം നിൻെറ അപ്പാച്ചന്നു വ്യക്തമായറിയാം അതുകൊണ്ടു് അദ്ദേഹം അവരെ കരുതിക്കൂട്ടി ശല്യപ്പെടുത്തുകയാണ്. "ഞാൻ വന്യാക്കു ഒരു റിക്രൂട്ട് സട്ടിഫിക്കെററു വാങ്ങും" അദ്ദേഹം പറയും "എന്നാൽ അവൻ പട്ടാളത്തിൽ ചേരേണ്ടതായി വരികയില്ല. അവനെ പട്ടാളത്തിൽ അയക്കാൻ പററുകയില്ല." അവക്കു ഭ്രാന്തുപിടിക്കുന്നതിൽ ആശ്ചര്യമുണ്ടോ? അവക്കതിഷ്ടമല്ല. സട്ടിഫിക്കെററു കിട്ടണമെങ്കിൽ വളരെ പണം ചിലവുചെയ്യേണമെന്നും അവക്കറിയാം."

ഞാൻ അമ്മമ്മയോടൊപ്പമാണ് കിടന്നുറങ്ങാറുണ്ടായിരുന്നതു. എല്ലാ ദിവസവും ഉറങ്ങാൻപോകുന്നതിന്നുമുമ്പ് അവർ എനിക്കു

കഥകൾ പറഞ്ഞുതരും. അവരുടെ സ്വന്തം ജീവിതകഥകൾ, യക്ഷികഥകളെപ്പോലെ തോന്നിക്കുന്ന പലതരം കഥകൾ. എന്നാൽ കുടുംബകാര്യങ്ങൾ പറയാൻ തുടങ്ങിയാൽ,-അച്ഛാച്ഛൻെറ സ്വത്തുക്കൾ ഭാഗിക്കുന്നതിനെപ്പററിയോ, അദ്ദേഹം സ്വന്തമായി വേറൊരുവീടു വാങ്ങാൻ ഉദ്ദേശിക്കുന്നതിനെപ്പററിയോ, പറയാൻ തുടങ്ങിയാൽ- ഒരയൽപക്കക്കാരിയെപ്പോലെ, ഞങ്ങളുടെ കുടുംബത്തിൽ അവക്ക് യാതൊരു പദവിയുമില്ലാത്തതുപോലെ, ഒരു കാണിയുടെ സമ്പ്രദായത്തിലാണ് അവർ സംസാരിക്കാൻ തുടങ്ങുക.

അമ്മമ്മയുടെ സംസാരത്തിൽനിന്നു, സിഗാനോക്ക ഒരനാഥക്കുട്ടിയാണെന്നു ഞാൻ മനസ്സിലാക്കി. ശരൽക്കാലത്തു മഴയുള്ള ഒരു രാത്രി വീട്ടിൻെറ ഗേററിന്നു മുമ്പിൽ ഒരു ബെഞ്ചിന്മേൽ, ഒരു കുട്ടി കിടക്കുന്നതായിക്കണ്ടുപോലും.

"അവനെ ഒരു തുണിയിൽ പൊതിഞ്ഞു കിടത്തിയിരിക്കയായിരുന്നു." അവർ ചിന്താകുലയായി ആശ്ചര്യം സ്ഫുരിക്കുന്ന സ്വരത്തിൽ പറഞ്ഞു. ''അവൻ തണുത്തു വിറങ്ങലിച്ചുപോയിരുന്നു.''

''ആളുകൾ കുട്ടികളെ ഇങ്ങിനെ വിട്ടേച്ചുപോകുന്നതെന്തിനാണ്?"

"ഒരു സ്ത്രീക്കു മുലയിൽ പാലില്ലാതെയും, കുട്ടിക്കു കൊടുക്കാൻ ഭക്ഷണമില്ലാതെയുമായാൽ, ഏതു വീട്ടിലാണ് അടുത്ത അവസരത്തിൽ വല്ല കുട്ടിയും മരിച്ചുപോയിട്ടുള്ളതെന്നു നോക്കി, അവിടെ സ്വന്തം കുഞ്ഞിനെ, കൊണ്ടുപോയാക്കിക്കളയുന്നതാണ്."

അവർ മുടി ചീകിക്കൊണ്ടിരിക്കെ കുറെനേരം ഒന്നും മിണ്ടിയില്ല.

"ഇതെല്ലാം ദാരിദ്ര്യംകൊണ്ടുണ്ടാകുന്നതാണ്—അല്യോഷാ," മേലോട്ടുനോക്കി, ദീർഘമായി നെടുവീർപ്പിട്ടുംകൊണ്ടവർ തുടർന്നു. "ചില ആളുകൾ, പറഞ്ഞറിയിക്കാൻ സാധിക്കാത്തത്ര ദരിദ്ര

രാണ് മാത്രമല്ല അവിവാഹിതയായ ഒരു സ്ത്രീക്കു കുട്ടിയുണ്ടാകുന്നതു വലിയ അപമാനമാണ്. നിൻെറ അപ്പാപ്പൻ വന്യായെ പോലീസിനെ ഏല്പിക്കാമെന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തെ അതിന്നനുവദിച്ചില്ല "നമുക്കവനെ വളത്താം" ഞാൻ പറഞ്ഞു. "നമ്മുടെ മരിച്ചുപോയ കുട്ടികൾക്കു പകരം, ദൈവം നമുക്കവനെ എത്തിച്ചുതന്നതാണ്. ഞാൻ പതിനെട്ടു കുട്ടികളെ പെററു. അവരെല്ലാം ബാക്കിയായിരുന്നെങ്കിൽ, ഒരു തെരുവിലുള്ള വീടുകൾ മുഴുവൻ അവക്കു താമസിക്കാൻ വേണ്ടിവരുമായിരുന്നു. പതിനെട്ടു വീടുകൾ! എനിക്കു പതിനാലുവയസ്സാകുന്നതിന്നു മുമ്പ് എന്നെ വിവാഹംചെയ്തയച്ചു. പതിനഞ്ചുവയസ്സാകുന്നതിന്നു മുമ്പ് ആദ്യത്തെ കുട്ടി ജനിക്കുകയും ചെയ്തു. ഞാൻ പെററ കുട്ടികളോടു ദൈവത്തിന്നു വലിയ പ്രിയമായിരുന്നിരിക്കണം. ഓരോന്നായി അവരെ തൻെറ ദൂതന്മാരാക്കാൻ അദ്ദേഹം ഇച്ഛിച്ചു. അതു വലിയ ദു:ഖമായിരുന്നു-സന്തോഷവും."

ഒരു മേലങ്കിമാത്രം ധരിച്ചു, ചിന്നിക്കിടക്കുന്ന കറുത്തിരുണ്ട തലമുടികൾക്കിടയിലായി, അമ്മമ്മ കിടക്കയുടെ ഒരു വക്കിൽ ഇരിക്കുന്നതു കണ്ടപ്പോൾ, ആയിടക്കു ഒരു "മുഴിക്കു" സർഗാക്കിലെ കാട്ടിൽനിന്നും പിടിച്ചുകൊണ്ടുവന്ന ഒരു കരടിയാണ് എൻെറ ഓർമ്മയിൽ വന്നതു.

"ഏററവും നല്ല കുഞ്ഞുങ്ങളെക്കൊണ്ടുപോയി ഏററവും മോശപ്പെട്ടവരെ എനിക്കു വിട്ടുതരികയാണ് ദൈവം ചെയ്തത്." ദേഹമാസകലം വിറച്ചുകൊണ്ടു, മഞ്ഞുകട്ടപോലെ വെളുത്ത അവരുടെ മാറത്തു കുരിശുവരച്ചുകൊണ്ടു അവർ പറഞ്ഞു. "വന്യായെ ലഭിച്ചപ്പോൾ എനിക്കു വലിയ സന്തോഷംതോന്നി. നിന്നെപ്പോലുള്ള ചെറുകുട്ടികളെ എനിക്കിഷ്ടമാണ്. അതുകൊണ്ടു ഞാൻ അവനെ വീട്ടിൽകൊണ്ടുവന്നു ജ്ഞാനസ്നാനം കഴിപ്പിച്ചു. അവൻ ഇവിടെ വളൻ ഒരു നല്ല ചെറുപ്പക്കാരനായി. ആദ്യം ഞാൻ അവനെ "വണ്ട്" എന്നു വിളിച്ചു. അവൻ ഒരു വണ്ടിനെപ്പോലെ

ഒപ്പെട്ടത്തിയുംകൊണ്ടിഴഞ്ഞുപോകും. അലക്സേയി, നീ അവനെ സ്നേഹിക്കണം. അവൻ നല്ല ഒരു കുട്ടിയാണ്."

ഞാൻ ഐവനെ സ്നേഹിച്ചു. അവൻെറ നല്ല സ്വഭാവത്തിൽ ഞാൻ ആശ്ചര്യസ്തബ്ധനായിത്തീൎന്നു.

ശനിയാഴ്ച വൈകുന്നേരം, അപ്പൂപ്പൻ തെററുചെയ്ത കുട്ടികളെ ശിക്ഷിച്ചു പള്ളിയിലേക്കു പോയിക്കഴിഞ്ഞാൽ, വീട്ടിൽ അടുക്കളയിൽ, വളരെ രസകരമായ ഒരു ജീവിതം ആരംഭിക്കും. സിഗാനോക്ക് അടുപ്പിൻെറ പിന്നിൽനിന്നും കുറെ കൂറകളെ പിടിച്ചു, കടലാസ്സുകൊണ്ടു ഒരു ചെറിയ വണ്ടിയുണ്ടാക്കി, നാലുകൂറകളെ ആ വണ്ടിക്കു പൂട്ടി, മേശമേൽ അങ്ങോട്ടുമിങ്ങോട്ടും നടത്തിക്കും.

"അവർ മേലദ്ധ്യക്ഷനെ കയററിക്കൊണ്ടുവരാൻ പോകയാണ്." ഒരു ചെറിയ വടികൊണ്ടു അവയെ തെളിച്ചുകൊണ്ടിരിക്കെ അയാൾ പറയും.

മറെറാരു ക്രൂറയെ പിടിച്ച്, അതിൻെറ പുറത്തു ഒരു കഷ്ണം കടലാസ്സ് ഒട്ടിച്ചു, വണ്ടിയുടെ പിറകെ അയച്ചുംകൊണ്ടയാൾ പറയും.

"അവർ പെട്ടിയെടുക്കാൻ മറന്നു. അതുകൊണ്ടു ഒരു പാതിരിയെ പെട്ടിയുമായയച്ചിരിക്കയാണ്."

വേറൊരു കൂറയെ പിടിച്ചു അതിൻെറ കാലുകൾ കൂട്ടിക്കെട്ടി, അയാൾ നിലത്തുവെക്കും. അതു നിലത്തു തലകുത്തിമറയും.

"സഭാനാഥൻ വൈകുന്നേരത്തെ പ്രാൎത്ഥനയിൽ പങ്കുകൊള്ളാൻ മുറിയിൽനിന്നും പുറപ്പെടുകയാണ്." സന്തോഷത്തോടെ കയ്യടിച്ചുംകൊണ്ടു വന്യാ വിളിച്ചുപറയും.

പരിശീലനംകൊടുത്തു വളൎത്തുന്ന ചുണ്ടെലികളെക്കൊണ്ടു, ഞങ്ങൾ കാണാൻവേണ്ടി, വന്യാ പലകളികളും കളിപ്പിക്കും. നീണ്ട വാലുകൾ നിലത്തുരസിയും, കണ്ണുകൾ ഇടക്കിടെ അടച്ചും

ചുണ്ടെലികൾ, പിൻകാലുകളിൽ നില്ക്കുകയും നടക്കുകയും ചെയ്യും. അയാൾക്ക ഈ ചുണ്ടെലികളോടു വലിയ ഇഷ്ടമായിരുന്നു. അവയെ അയാൾ കോട്ടിന്നുള്ളിൽ കൊണ്ടുനടക്കും. അവയെ ചുംബിക്കും, അവയോടു വാത്സല്യത്തോടെ സംസാരിക്കും; മധുരപദാൎത്ഥങ്ങൾ കൊടുക്കുകയുംചെയ്യും.

"ചുണ്ടെലി ബുദ്ധിമാനായ ഒരു ചങ്ങാതിയാണ്. വളരെ സ്നേഹമുള്ള കൂട്ടത്തിലുമാണ്. ദൈവം ചുണ്ടെലികളെ പോററുന്ന വരെ അനുഗ്രഹിക്കും.'' ഇങ്ങിനെ അദ്ദേഹം അഭിപ്രായം പറയും.

നാണയങ്ങൾകൊണ്ടും ശീട്ടുകൾകൊണ്ടും പല വിദ്യകളും കാണിക്കുവാൻ സിഗാനോക്കിന്നറിയാമായിരുന്നു. അയാൾ മററു കുട്ടികളേക്കാൾ ഒച്ചയോടെ സംസാരിക്കും. അയാളുടെ വാക്കു കൾ കേൾക്കാതിരിപ്പാൻ മററു കുട്ടികൾ കൂട്ടത്തോടെ സംസാരി ക്കുകയും ചെയ്യും. ഒരു ദിവസം ശീട്ടുകളിയിൽ വന്യാ പലപ്രാ വശ്യം തോററുപോയി. അയാൾക്ക ക്രോധംവന്നു; ചുണ്ടു വീൎപ്പി ച്ചുകൊണ്ടെഴുന്നേററു പോയ്ക്കളഞ്ഞു. പിന്നീട് അയാൾ എന്നോ ടാവലാതിപ്പെട്ടു.

"അതു കള്ളക്കളിയാണ്. എനിക്കറിയാം അവരന്യോന്യം കണ്ണെറിഞ്ഞു മേശയുടെ അടിയിൽവെച്ചു ശീട്ടുകൾ മാററിക്കൊ ണ്ടിരുന്നു. ഇതു കളിയാണോ? അവരെപ്പോലെ എനിക്കും കള്ള ക്കളി കളിപ്പാൻ അറിയാഞ്ഞിട്ടല്ല!''

അയാൾക്ക വയസ്സു പത്തൊൻപതായി. ഞങ്ങൾ നാലു പേർ ഒന്നായിച്ചേൎന്നാൽ അയാളോളം പുഷ്ടികാണുകയുമില്ല.

കല്പന ദിവസങ്ങളിൽ, വൈകുന്നേരം അയാൾ കാണിക്കാ റുള്ള തമാശകൾ എന്നെ വല്ലാതെ ആകൎഷിക്കും. അപ്പൂപ്പനും മൈക്കേലമ്മാമനും അപ്പോൾ വെളിയിൽ പോയിരിക്കും. ചുരുള മുടി പിരിച്ചുവെച്ചുംകൊണ്ടു ഒരു വീണയുമേന്തി, യാക്കോവമ്മാ

മൻ അടുക്കളയിൽ കടന്നുവരും. അമ്മമ്മ എല്ലാവക്കും ചായയും മററും തയ്യാറാക്കും. ധാരാളം പലഹാരങ്ങൾ തിന്നാനുണ്ടായിരിക്കും. ചുകന്ന പുഷ്പങ്ങളുടെ ചിത്രങ്ങളോടുകൂടിയ, പച്ചനിറത്തിലുള്ള ഒരു കുപ്പിയിൽനിന്നു ഞങ്ങൾ വോഡ്ക ഒഴിച്ചുകുടിക്കും— സിഗാനോക്ക്, ഞായറാഴ്ച ധരിക്കാറുള്ള വസ്ത്രങ്ങളണിഞ്ഞുകൊണ്ടു, ഒരു പമ്പരം തിരിയുംപോലെ തിരിയുന്നതു കാണാം. ഗ്രിഗറി നിശ്ശബ്ദമായി ഒരുവശത്തുനിന്നും പ്രവേശിക്കുകയായി. അയാളുടെ കണ്ണട തിളങ്ങുന്നതു കാണാം. ഒരു പാൽപാത്രംപോലെ തടിച്ച, വസൂരിക്കലനിറഞ്ഞ, ചുകപ്പുവ്യാപിച്ച മുഖവും, പരുക്കൻ ശബ്ദവും, ചെറിയ കണ്ണുകളും ഉള്ള യവ്ജീനിയയും അവിടെ ഹാജരായിരിക്കും. ചിലപ്പോൾ പള്ളിയിലെ പാതിരിയച്ഛനും അയാളോടൊപ്പം മററു ചിലരും ഈ സംഘത്തിൽ ചേരാൻവേണ്ടി വീട്ടിൽ വരും.

എല്ലാവരും, വേണ്ടത്ര തിന്നുകയും കുടിക്കുകയും ചെയ്തു. കുട്ടികൾക്കും അവരുടെ ഓഹരി ലഭിച്ചു. (കുട്ടികൾക്ക് ഒരു വീഞ്ഞു ഗ്ലാസ്സിൽ മധുരമുള്ള ഒരു ലഹരിപദാത്ഥം കുടിക്കുവാൻ കിട്ടും) ക്രമേണ എന്തെന്നില്ലാത്ത ഒരുല്ലാസം എല്ലാവരേയും ആവേശം കൊള്ളിക്കും.

യാക്കോവമ്മാമൻ വീണമീട്ടും. വീണവായിക്കാൻ തുടങ്ങുമ്പോൾ, പ്രാരംഭമായി എല്ലായ്പ്പോഴും ഒരേവാക്കുകൾതന്നെയാണ്, അദ്ദേഹം പറയുക

“ശരി, ഞാൻ തുടങ്ങുകയാണ്.”

ചുരുളമുടി പിറകോട്ടു മാടിവെച്ചു, അല്പം കുനിഞ്ഞിരുന്നു അദ്ദേഹം ഒരു വാത്തിനെപ്പോലെ കഴുത്തു നീട്ടുന്നതുകാണാം. സന്തോഷംനിറഞ്ഞ അദ്ദേഹത്തിൻെറ മുഖം സ്വപ്നം കാണുമ്പോലെയുള്ള ഒരു ഭാവം കൈക്കൊള്ളും. കമ്പികളിൽ മീട്ടിക്കൊണ്ടു ശ്രോതാക്കളുടെ ശ്രദ്ധ ആകഷിച്ചുകഴിഞ്ഞതായി മനസ്സിലാക

മ്പോഠം, അദ്ദേഹത്തിൻെറ കണ്ണുകളിൽ ഒരു നേരിയ ചർമ്മം ആവരണംചെയ്യുന്നതായിത്തോന്നും.

അമ്മാമൻ പാടുമ്പോഠം മുറിയിൽ നിശ്ശബ്ദത കളിയാടും. ദൂരെയെങ്ങുന്നോ കുത്തിയൊലിച്ചുവന്നു, ചുമരുകഠംക്കുള്ളിൽക്കൂടിയും, മേൽപ്പുരയിൽക്കൂടിയും തള്ളിവരുന്ന നീച്ചാലുകഠംപോലെ, മുറിയിൽ മാറെറാലിക്കൊള്ളുന്ന ആ സംഗീതം, ശ്രോതാക്കളുടെ ഹൃദയത്തിൽ, വ്യസനകരമായ ഒരസ്വാസ്ഥ്യതയുളവാക്കും. അവനവനെ ച്ചൊല്ലിയും, മററുള്ളവരുടെ പേരിലും, അപ്പോഠം ആക്കും എന്തെന്നില്ലാത്ത ഒരു സഹതാപംതോന്നും. മുതിന്നവർ ചെറുകുട്ടികളായി മാറും. എല്ലാവരും നിശ്ശബ്ദരായി, നിശ്ചലരായി, ചിന്താകുലരായി നിലകൊള്ളും.

മൈക്കേലിൻെറ സാഷ വലിയ താല്പര്യത്തോടെ ഈ സംഗീതത്തിൽ മുഴുകും. കണ്ണുകഠം വീണമേൽ പതിപ്പിച്ചു, വായതുറന്നു, ചുണ്ടുകളിൽ ഉമിനീരൊലിപ്പിച്ചു, അവൻെറ ദേഹം അമ്മാമൻെറ ദേഹത്തിൽ ഉരസിയുംകൊണ്ടു, അവൻ പാട്ടുകേഠംക്കും. ചിലപ്പോഠം അവൻ തന്നത്താൻമറന്നു, കസാലയിൽനിന്നും താഴെ മറിഞ്ഞുവീഴും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ, അവൻ വീണിടത്തുതന്നെ കിടന്നു, ശൂന്യതയിലേക്കു തുറിച്ചുനോക്കുന്നതു കാണാം.

എല്ലാവരും, സംഗീതത്തിൻെറ ലഹരിയിൽ, ശ്വാസമടക്കിയിരിക്കുകയായിരിക്കും. സമാവറിൽ, വെള്ളംപതക്കുന്ന ശബ്ദം മാത്രമെ വേറെ കേഠംക്കാനുണ്ടായിരിക്കയുള്ളൂ. മുറിയുടെ ചെറിയ രണ്ടു ജനലുകളിൽക്കൂടി വെളിയിലേക്കു നോക്കിയാൽ, പുറമെ ഇരുട്ടു വ്യാപിച്ചുകഴിഞ്ഞതായിക്കാണാം. ചിലപ്പോഠം ആരെങ്കിലും പതുക്കെ കതകുകളിൽ മുട്ടുന്നതു കേഠംക്കാം. മേശപ്പുറത്തു കുന്തമുനപോലെ കൂത്ത തീനാളങ്ങളോടെ രണ്ടു മെഴുകുതിരികഠം കത്തുന്നുണ്ടായിരിക്കും.

യാക്കോവമ്മാമൻ ക്രമേണ തന്നത്താൻ മറക്കും. അദ്ദേഹം പല്ല് അമരെ കടിച്ചു ഗാഢനിദ്രപൂണ്ടിരിക്കയാണെന്നു തോന്നും. എന്നാൽ

അദ്ദേഹത്തിൻെറ വിരലുകൾ മറെറാരു ജീവിതം ആസ്വദിക്കുക യായിരിക്കും—അദ്ദേഹത്തിൻെറ വളഞ്ഞ വിരലുകൾ, ചെറു പക്ഷികളെപ്പോലെ, വീണക്കമ്പികളിൽ പറന്നു കളിക്കും.

ഒന്നുരണ്ടു ഗ്ലാസ്സ് വോഡ്ക അകത്തായിക്കഴിഞ്ഞാൽ, അവ സാനമില്ലാത്ത ഒരു പാട്ടു, വ്യസനകരമായ ഒരു സ്വരത്തിൽ, അദ്ദേഹം ആലാപിക്കാൻ തുടങ്ങും

എരപ്പാളികളുടെ കഷ്ടപ്പാടുകൾ വിവരിക്കുന്ന ആ പാട്ട് എനിക്കസഹനീയമായിത്തോന്നി. ദരിദ്രരെക്കുറിച്ചു അമ്മാമൻ പാടിക്കൊണ്ടിരിക്കുമ്പോൾ, അടക്കാൻവയ്യാത്ത ദു:ഖത്തോടെ ഞാൻ കരഞ്ഞുപോകാറുണ്ടായിരുന്നു.

മററുള്ളവരെപ്പോലെ, സിഗാനോക്കും സംഗീതത്തിൽ ലയിക്കും. ഒച്ചയോടെ ശ്വാസംകഴിച്ചുകൊണ്ടു, വിരലുകൾ കറുത്ത മുടിയിഴകളിൽ തിരുകി, ഒരു മൂലയിൽ ദൃഷ്ടിപതിപ്പിച്ചു, അയാൾ സംഗീതം ആസ്വദിക്കും. ചിലപ്പോൾ അയാൾ ദു:ഖത്തോടെ വിളിച്ചുപറയും.

“ഓ! എൻെറ ശബ്ദം നല്ലതായിരുന്നെങ്കിൽ ഞാൻ എത്ര നന്നായി പാടുമായിരുന്നു!”

“നിൻെറ ഹൃദയം പിളർന്നു കീറിയതു മതി. യാഷോവ്!” അമ്മമ്മ നെടുവീർപ്പിട്ടുംകൊണ്ടു പറയും. “ഞങ്ങൾ നിൻെറ നൃത്ത മൊന്നു കാണട്ടെ, വന്യാ!”

അമ്മമ്മയുടെ ഈ അപേക്ഷ എപ്പോഴും സ്വീകരിക്കപ്പെടാ റില്ല. എന്നാൽ ചിലപ്പോൾ പാട്ടുകാരൻ, തൻെറ കൈകൾ ഒരു നിമിഷനേരം കമ്പികളിൽതന്നെവെച്ചു, പിന്നെ മുഷ്ടിചുരുട്ടി, ഒരു വല്ലാത്ത ആംഗ്യത്തോടെ, ഒരു തെമ്മാടിയെപ്പോലെ ഗർജ്ജി ച്ചുകൊണ്ടു, അദൃശ്യമായ എന്തോ ഒന്നു, തീരെ ശബ്ദമുണ്ടാക്കാതെ, തറയിലേക്കു തള്ളിയിടുന്നതായിത്തോന്നും.

"ഈ പാട്ട കേട്ടതു മതി. വന്യാ, താളം ചവിട്ടാൻ തുടങ്ങൂ!''

വന്യാ, ഉടനെ എഴുന്നേല്ക്കും. വസ്ത്രം ഒതുക്കി, മഞ്ഞക്കുപ്പായം വലിച്ചു നിവൎത്തി, മുറിയുടെ മദ്ധ്യത്തിലേക്കു, ഒരു പളുങ്കുപലകയിന്മേലെന്നപോലെ, സാവധാനം നടന്നുചെല്ലും.

''വേഗതകൂട്ടൂ, യാക്കോവ് വേസിലേവിക്കു!'' അയാഠം ലജ്ജ ഭാവിച്ചു വിനയത്തോടെ അമ്മാമനോടപേക്ഷിക്കും.

അദ്ദേഹത്തിൻെറ വീണ വളരെ വേഗതയിൽ ഒരു നല്ല രാഗം ആലാപിക്കും. സിഗാനോക്കിൻെറ കാലടികഠം താളത്തിനൊത്തു നീങ്ങാൻ തുടങ്ങും. മേശമേലും അളമാരയിലുമുള്ള തളികകഠം ഇളകാൻ തുടങ്ങും. ഒരു പക്ഷി ചിറകുകഠം വീശുമ്പോലെ, കൈകഠം ചലിപ്പിച്ചു, കാണികഠംക്കു തിരിച്ചറിയാൻ കഴിയാത്ത വേഗതയോടെ, കാലടികളെക്കൊണ്ടു താളം ചവിട്ടി, സിഗാനോക്ക്, മുറിയുടെ മദ്ധ്യത്തിൽ തിരിഞ്ഞുതുള്ളും. ഇടക്കയാഠം, പെട്ടന്നു നിലത്തു കുത്തിയിരിക്കും. ഉടനെ ഒരു സ്വൎണ്ണപ്പമ്പരംപോലെ തിരിഞ്ഞുകൊണ്ടു, തൻെറ പട്ടുഷട്ടിൻെറ തിളക്കത്തിൽ, സകല വസ്തുക്കളെയും പ്രകാശമാനമാക്കിത്തീക്കും.

സിഗാനോക്ക്, തന്നത്താൻ മറന്നു, ക്ഷീണം ഭാവിക്കാതെ, നൃത്തംവെക്കുകയായിരിക്കും. വാതിൽ തുറന്നുപോകയാണെങ്കിൽ, മുറിയിൽനിന്നു പുറത്തേക്കും, തെരുവിൻെറ അററംവരെക്കും, നഗരം മുഴുവനുംതന്നെ, നൃത്തംവെച്ചുകൊണ്ടു, അയാഠം അജ്ഞാതമായ ഏതോ ദിക്കിലേക്കു കടന്നുപോയ്ക്കളയുമോ എന്നു കാണികഠം ഭയപ്പെട്ടും.

"വിലങ്ങനെ ചവിട്ടുക" - കാലടികഠംകൊണ്ടു താളമടിച്ചുകൊണ്ടിരിക്കെ യാക്കോവമ്മാമൻ വിളിച്ചുപറഞ്ഞു.

ചെവിയിൽ തുളഞ്ഞുകയറുന്ന ഒരു ചൂളംവിളിച്ചു, വല്ലാത്ത പരുക്കൻ സ്വരത്തിൽ അദ്ദേഹം ഒരീരടിപാടി.

മേശക്കു ചുററുമിരിക്കുന്ന എല്ലാ ആളുകളിലും ഈ ആവേശം വ്യാപിച്ചു. ചുട്ടുപഴുത്ത ഒരിരുമ്പാണിയിൽ ചവിട്ടിയപോലെ അവർ നിലവിളിച്ചു. ഗ്രിഗറി ശ്വാസമടക്കി, താഴ്ന്നസ്വരത്തിൽ ചില വാക്കുകറം ഉച്ചരിച്ച് തൻെറ പൂമൊട്ടയിൽ താളമടിക്കാൻ തുടങ്ങി. അയാറം എൻെറ നേരെ ചാഞ്ഞു, മാർദ്ദവമുള്ള അയാളുടെ താടി, എൻെറ ചുമലിൽ ഉരസിയുംകൊണ്ടു മുതിന്ന ഒരാളോടെന്ന പോലെ, ചെകിട്ടിൽ മന്ത്രിച്ചു.

“നിൻെറ അച്ഛൻ ഇപ്പോറം ഇവിടെ ഉണ്ടായിരുന്നെങ്കിൽ, അലക്സേയിമേക്സിമോവിക്ക്!,–അദ്ദേഹം തികച്ചും വ്യത്യസ്തമായ ഒരു പ്രകാശം ഇവിടമെങ്ങും വ്യാപിപ്പിക്കുമായിരുന്നു. അദ്ദേഹം ഒരു നല്ല തമാശക്കാരനായിരുന്നു. നിനക്കദ്ദേഹത്തെ ഓർമ്മയുണ്ടോ?”

“ഇല്ല”

“ഹാ, അദ്ദേഹവും നിൻെറ അമ്മമ്മയും എത്ര ഭംഗിയായി നൃത്തംചെയ്യാറുണ്ടായിരുന്നു?–ഇതാ ഒരു മിനുട്ടുകൂടി ക്ഷമിക്കു!”

ഗ്രിഗറി എഴുന്നേററുനിന്നു. ഒരു സന്യാസിയുടെ പ്രതിരൂപം പോലെ. അമ്മമ്മയുടെ മുമ്പിൽ വണങ്ങിനിന്നു അസാധാരണമായ, അഗാധമായ, ഒരു സ്വരത്തിൽ അയാറം പറഞ്ഞു.

“ആകുലീനാ ഐവനോവ്നാ, ഞങ്ങറംക്കുവേണ്ടി കുറച്ചു നേരം നിങ്ങറം നൃത്തംവെക്കുകയില്ലെ? മേക്സിംസേവറേറവിക്കിനോടൊപ്പം നിങ്ങറം എത്ര ഭംഗിയായി നൃത്തംവെക്കാറുണ്ടായിരുന്നു! ഇപ്പോഴും ഞങ്ങളോടു ദയയുണ്ടാകണം.”

“നിങ്ങറം എന്താണ് പറയുന്നതു, ഗ്രിഗറി ഐവനോവിക്കു?” പിന്നാക്കം നീങ്ങിനിന്നു അമ്മമ്മ ചിരിച്ചു. “ഞാൻ നൃത്തംചെയ്യുകയോ? ആളുകളെക്കൊണ്ടു ചിരിപ്പിക്കുവാൻ, അല്ലെ?”

എന്നാൽ എല്ലാവരും അവരെ അതിന്നു പ്രേരിപ്പിച്ചു. പെട്ടന്നു അവർ ഒരു ചെറിയ പെൺകുട്ടിയുടെ ഉത്സാഹത്തോടെ എഴുന്നേ

ററുനിന്നു. പാവാട ശരിപ്പെടുത്തി, നിവൻനിന്നു, തല പിന്നാക്കം ചായ്ച്ച് അവർ നൃത്തംവെക്കാൻ തുടങ്ങി. അവർ പറഞ്ഞു.

“ചിരിക്കാൻ തോന്നുന്നവർ ചിരിച്ചുകൊള്ളട്ടെ, നോക്കു, യാക്കോവ്, രാഗം ഒപ്പിക്കു!”

അമ്മാമൻ പിറകോട്ടു ചാഞ്ഞിരുന്നു, കാൽനീട്ടി, കണ്ണു പകുതികണ്ടടച്ചു, വേഗതകുറഞ്ഞ ഒരു രാഗം വായിക്കുവാൻ ആരംഭിച്ചു. സിഗാനോക്ക് കുറച്ചുസമയം നിശ്ചലനായി നിന്നു. അങ്ങോട്ടുമിങ്ങോട്ടും ചുററിത്തിരിഞ്ഞു നടന്നു അമ്മമ്മ താളം ചവിട്ടാൻ തുടങ്ങി. തറയിൽ, കാററത്തൊഴുകുന്നതുപോലെ കാലടികൾ, ഉരസിവലിച്ചു, കൈകൾ ഭംഗിയായി വീശി, കൺപുരികങ്ങൾ ഉയത്തി, ദൃഷ്ടികൾ വിദൂരതയിൽ ഉറപ്പിച്ചു, അമ്മമ്മ ചുവടുവെക്കുകയാണ്. അവരെ കാണാൻ വളരെ തമാശതോന്നി. ഞാൻ മൂക്കുകൊണ്ടൊന്നു ചീററി. ഗ്രിഗറി എൻെറ നേരെ വിരൽചൂണ്ടി മുതിന്നവരെല്ലാം തന്നെ എന്നെ വളരെ അതൃപ്തിയോടെ നോക്കി.

“ദൂരെ പോകൂ, ഐവൻ” ഗ്രിഗറി ചിരിച്ചുകൊണ്ടു പറഞ്ഞു. സിഗാനോക്ക് അനുസരണത്തോടെ, ഒരു ഭാഗത്തേക്കു നീങ്ങി ഒതുങ്ങിയിരുന്നു. യവ്ജീനിയ തൊണ്ട തുറന്നു നല്ല മധുരമായ സ്വരത്തിൽ ഒരു പാട്ടുപാടി.

അമ്മമ്മ നൃത്തംവെക്കുകയല്ല, ഒരു നല്ലകഥ പറയുകയാണ് ചെയ്യുന്നതെന്ന് എനിക്കുതോന്നി. ഓരോ ഭാഗത്തേക്കുചാഞ്ഞു, ഇടക്കു സാവധാനം ആലോചനാപൂർവ്വം ഉയത്തിപ്പിടിച്ച കൈകൾക്കിടയിൽ നോക്കിക്കൊണ്ടു, അവർ ശങ്കിച്ചു ശങ്കിച്ചു, സൂക്ഷിച്ചു സൂക്ഷിച്ചു, ചുവടുകൾവെച്ചു, തറയിൽ നീങ്ങിക്കൊണ്ടിരിക്കും. കുറച്ചുകഴിഞ്ഞാൽ പേടിച്ചു വിറച്ചിട്ടെന്നപോലെ, അവർ പെട്ടെന്നു നിന്നുകളയും. സ്നേഹമസൃണമായ അവരുടെ പുഞ്ചിരിയുടെ പ്രകാശത്തിൽ, അവരുടെ രൂപംമുഴുവനും മുങ്ങുന്നതായിത്തോന്നും. മററ

ള്ളവരെയെല്ലാം തള്ളിമാററി, മാറിപ്പോകാൻ ഉദ്ദേശിക്കുന്ന ആരോ ഒരാറാക്ക, വഴിയുണ്ടാക്കിക്കൊടുക്കാനെന്നപോലെ, അമ്മമ്മ പിന്നെ ഒരു ഭാഗത്തേക്കു തുള്ളിനീങ്ങും. തലതാഴ്ത്തി, ആകർഷകമായി പുഞ്ചിരിയിട്ടുംകൊണ്ടു, എന്തോ ശ്രദ്ധിക്കുന്നമട്ടിൽ, അവർ കുറച്ചിട നില്ക്കും. പെട്ടെന്നു വീണ്ടും, വിചാരിക്കാൻ കഴിയാത്തത്ര വേഗതയിൽ, അവർ ഒരു നൃത്തവിശേഷമായി പൊട്ടിത്തെറിക്കും. അവർ കൂടുതൽ നീളംവെച്ചതുപോലെ, ദേഹത്തിന്നു വടിവും ഭാഷയും വദ്ധിച്ചതുപോലെ, ചുററിത്തിരിഞ്ഞു പുതിയ താളങ്ങറം ചവിട്ടാൻ തുടങ്ങും. പുനരുജ്ജീവിപ്പിക്കപ്പെട്ട യുവത്വം മൂത്തീകരിച്ചപോലെ അവരെ അപ്പോറം കാണുന്ന ആക്കും ആ രൂപത്തിൽനിന്നും ദൃഷ്ടി പറിക്കുവാൻ സാധിക്കുകയില്ല.

യവ്ജീനിയയാകട്ടെ മുഴുവൻ സമയവും ഒരു കാഹളം പോലെ ശബ്ദിച്ചുകൊണ്ടിരിക്കും.

നൃത്തം അവസാനിച്ചപ്പോറം, അമ്മമ്മ സമാവറിൻെറ അടുത്തായി, അവരുടെ സ്ഥാനത്തുചെന്നിരുന്നു. എല്ലാവരും അവരെ മുക്തകണ്ഠം പുകഴ്ത്തി. എന്നാൽ അവർ അതിൽ പ്രതിഷേധിച്ചു.

“മതി, മതി, നിങ്ങളാരും ഒരു ശരിയായ നൃത്തക്കാരിയെ ഒരിക്കലും കണ്ടിട്ടില്ല.” പാറിക്കളിക്കുന്ന അവരുടെ തലമുടി ശരിപ്പെടുത്തിയുംകൊണ്ടു അമ്മമ്മ പറഞ്ഞു. ‘‘ബാലക്നയിൽ ഞാൻ താമസിച്ചിരുന്നകാലത്തു അവിടെ ഒരു യുവതി ഉണ്ടായിരുന്നു. അവളുടെ പേർ ഞാൻ മറന്നുപോയി. ഏതു കുടുംബത്തിലാണെന്നും പറയാൻ സാദ്ധ്യമല്ല. അവറം നൃത്തംചെയ്യുന്നതു കണ്ടാൽ, കരഞ്ഞുപോകാത്ത ആളുണ്ടായിരിക്കുകയില്ല. അവളെ കാണുന്നതു, കൽപനാദിവസങ്ങളുടെ ഉല്ലാസം അനുഭവിക്കുംപോലെയാണ്. മറെറാന്നും വേണ്ടെന്ന ഒരു തോന്നലാണ് ആക്കും ഉണ്ടാകുക. എനിക്കു അവളുടെ പേരിൽ എങ്ങിനെ അസൂയ തോന്നിയിരുന്നു! ഞാൻ ഒരു പാപിയാണ്.’’

"പാട്ടുകാരും നൃത്തക്കാരും ഭൂമിയുടെ ഉപ്പാണ്." ആയ യവ്ജീനിയ അഭിപ്രായപ്പെട്ടു. അവർ ഡേവിഡ് രാജാവിനെ ക്കുറിച്ചു ഒരു പാട്ടുപാടി.

"നിനക്കു ഒരു നൃത്തശാലയിൽ ജോലി കിട്ടേണ്ടതാണ്." യാക്കോവമ്മാമൻ സിഗാനോക്കിനെ കെട്ടിപ്പിടിച്ചുംകൊണ്ടു പറഞ്ഞു. "നീ ജനങ്ങളെ എങ്ങിനെയെന്നില്ലാതെ ആഹ്ലാദി പ്പിക്കും."

"എനിക്കു പാടണം" സിഗ്നോക്ക് ആവലാതിപ്പെട്ടു. "എനിക്കു നല്ല ഒരു സ്വരമുണ്ടായിരുന്നെങ്കിൽ, നിത്താതെ ഒരു കൊല്ലത്തോളം ഞാൻ പാടിക്കൊണ്ടെയിരിക്കും. പിന്നെ എനി ക്കെന്തു സംഭവിച്ചാലും തരക്കേടില്ല. ഞാൻ പാതിരിയച്ഛനായാൽ പോലും തരക്കേടില്ല.

എല്ലാവരും വോഡ്ക കുടിച്ചു. വിശേഷിച്ചും ഗ്രിഗറി.

"വളരെ സൂക്ഷിച്ചോള്ളൂ ഗ്രിഗറി, അല്ലെങ്കിൽ നീ തീരെ കുരുടനായിപ്പോകും" അയാൾക്കു കൂടക്കൂടെ വോഡ്ക ഒഴിച്ചുകൊ ടുത്തുകൊണ്ടിരിക്കെ അമ്മമ്മ ഗുണദോഷിച്ചു.

"എന്നാലെന്താ?" അയാൾ മറുപടി പറഞ്ഞു. "ഇനി എനിക്കു കണ്ണിൻെറ ആവശ്യമില്ല. ഞാൻ കാണേണ്ടതെല്ലാം കണ്ടു കഴിഞ്ഞു."

അയാൾക്കു മസ്സുപിടിച്ചില്ല. അയാൾ അധികമായി സംസാ രിക്കാൻ തുടങ്ങി. മുഴുവൻ സമയവും അയാൾ എൻെറ അച്ഛ നെക്കുറിച്ചാണ് പറഞ്ഞതു.

"അദ്ദേഹത്തിന്നൊരു നല്ല ഹൃദയമുണ്ടായിരുന്നു; എൻെറ സ്നേഹിതൻ മേക്സിംസേവിറേറവിക്കിന്നു."

അമ്മ ദീർഘശ്വാസം വിട്ടുകൊണ്ടു അയാളുടെ അഭിപ്രായ ത്തോടു യോജിച്ചു.

"അതെ, അതെ, അയാറം ദൈവത്തിൻെറ ഒരു നല്ല സന്താനമായിരുന്നു."

ഇതെല്ലാം എനിക്കു രസകരമായിത്തോന്നി. ഞാൻ ഏതോ വികാരാവേശത്തിൽ മുഴുകി. ശാന്തമായ, മടുപ്പുതോന്നിക്കാത്ത, ദുഃഖമയമായ ഒരന്തരീക്ഷം! ശോകവും, ആഹ്ലാദവും, അഭേദ്യമായി, ഒന്നിനുപിറകെ മറെറാന്നായി, വിവരിക്കാനാകാത്ത വേഗതയോടെ അവിടെ, കൂടിയിരുന്ന ആളുകളുടെ ഹൃദയങ്ങളിൽ, തിരതല്ലുന്നുണ്ടായിരുന്നു.

വളരെയൊന്നും മസ്സുപിടിച്ചിട്ടില്ലാത്ത യാക്കോവമ്മാമൻ പെട്ടെന്നു തൻെറ കുപ്പായം വലിച്ചഴിച്ചു, രണ്ടു കൈകൊണ്ടും തലമൂടി പിടിച്ചു വലിച്ചു. നിറം മങ്ങിയ മീശയും, തള്ളിനില്ക്കുന്ന ചുണ്ടുകളും തടവിക്കൊണ്ടു അമ്മാമൻ അനങ്ങാതിരുന്നു.

"എന്തിന്നു? അയ്യോ! എന്തിന്നു?" കരഞ്ഞു കണ്ണുനീരൊലിപ്പിച്ചുകൊണ്ടദ്ദേഹം പിറുപിറുക്കാൻ തുടങ്ങി. "അതെന്തിന്നങ്ങിനെ ആയി?"

അദ്ദേഹം പൊട്ടിക്കരഞ്ഞു. കവിളത്തും നെററിയിലും മാറിലും തെരുതെരെ അടിക്കുവാൻ തുടങ്ങി.

"ഞാൻ ക്രൂരനാണ്, കൊള്ളരുതാത്തവനാണ്, പാപിയാണ്."

"ആ, അതാണ് കാര്യം" ഗ്രിഗറി ഗജ്ജിച്ചു.

"മതിയാക്കു, യാക്കോവ്, നമ്മെ എന്തു പഠിപ്പിക്കേണമെന്നു ദൈവത്തിന്നറിയാം." അല്പം മസ്സുപിടിച്ചപോലെ, മകൻെറ കൈ പിടിച്ചുംകൊണ്ടു അമ്മമ്മ പറഞ്ഞു.

കുറെ കുടിച്ചപ്പോറം, അവക്കു പ്രസരിപ്പു വദ്ധിച്ചിട്ടുള്ളതായി തോന്നി. പുഞ്ചിരി തുളുമ്പുന്ന അവരുടെ കറുത്ത കണ്ണുകറം എല്ലാവരിലും ഒരുതരം പ്രകാശം ചൊരിഞ്ഞു. ചുകന്നു തുടുത്തു

പ്രസന്നമായ തന്റെ മുഖത്തു കയ്യുറമാൽകൊണ്ടു വീശിക്കൊണ്ടിരിക്കെ അവർ സംഗീതം നിറഞ്ഞ ഒരു സ്വരത്തിൽ പറഞ്ഞു.

"ഓ, ദൈവമെ, അതെല്ലാം എത്ര നന്നായിരിക്കുന്നു! നോക്കു, അതെല്ലാം എത്ര നന്നായിരിക്കുന്നു!"

അത് അവരുടെ ഹൃദയത്തിന്റെ രോദനമായിരുന്നു. അവരുടെ ജീവിതത്തിന്റെ മുദ്രാവാക്യം.

ഉല്ലാസശീലനായ അമ്മാമന്റെ കണ്ണുനീരും കരച്ചിലും എന്നെ ആശ്ചര്യപ്പെടുത്തി. അദ്ദേഹം എന്തിനാണ് കരയുകയും മാറത്തടിക്കുകയും ചെയ്തതെന്നു ഞാൻ അമ്മമ്മയോടു ചോദിച്ചു.

"നീ എല്ലാം അറിവാനിരിക്കുന്നതെയുള്ളു." സാധാരണയിൽ നിന്നും ഭിന്നമായി ഇഷ്ടമില്ലാത്ത ഒരു ഭാവത്തിൽ അവർ പറഞ്ഞു.

"കുറച്ചു ക്ഷമിക്കു; അങ്ങിനെയുള്ള കാര്യങ്ങളിൽ തലയിടാൻ മാത്രം നിനക്കു പ്രായമായിക്കഴിഞ്ഞിട്ടില്ല."

എന്റെ ജിജ്ഞാസക്കു മൂർച്ചകൂട്ടുവാനേ ഇതു പര്യാപ്തമായുള്ളു. ഞാൻ പ്രവൃത്തിശാലയിൽപോയി ഐവനോടു ചോദിച്ചു. അയാളും ശരിയായ മറുപടി പറഞ്ഞില്ല. ശാന്തമായി ചിരിച്ചു, മേസ്ത്രിയെ ഇടംകണ്ണിട്ടു നോക്കിയുംകൊണ്ടു, അയാറം എന്നെ പ്രവൃത്തിശാലയിൽനിന്നും പറഞ്ഞയക്കുകയാണ് ചെയ്തതു.

"മതിയാക്കു, ഇവിടെനിന്നു വേഗം പോയ്ക്കോ. അല്ലെങ്കിൽ ഏതെങ്കിലും ഒരു പീപ്പയിൽ എടുത്തു താഴ്ത്തി ഞാൻ നിന്നെ പച്ചച്ചായം മുക്കിക്കളയും" അയാറം ഉറക്കെ പറഞ്ഞു.

മൂന്നു വലിയ തൊട്ടികറം പടുത്തുനിർത്തിയ ഒരടുപ്പിന്നു മുമ്പിലായിരുന്നു മേസ്ത്രി നിന്നിരുന്നതു. കറുത്ത നീളമുള്ള ഒരു വടികൊണ്ടു അയാറം ഒരു തൊട്ടിയിൽ ഇളക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആ വടികൊണ്ടുതന്നെ, തൊട്ടിയിൽനിന്നും തുണി പൊക്കി

യെടുത്തു വെള്ളം വാൻവീഴുന്നതുനോക്കി, അയാഠം നിൽക്കുന്നതു കാണാം. തോൽകൊണ്ടുള്ള അയാളുടെ മിന്നാരത്തുണിയിൽ, തീയിൻെറ വെളിച്ചം പ്രതിബിംബിച്ചുകാണും. അങ്ങിനെ പല നിറത്തിലുള്ള ഒരു പട്ടുമേലങ്കി ധരിച്ച ഒരു പാതിരിയച്ചനെപ്പോലെ അയാഠം നിൽക്കുകയാണ്. തൊട്ടിയിൽ ചായമിട്ട വെള്ളം തിളക്കുന്നുണ്ടു. വാതിൽക്കലും നനഞ്ഞ മുററത്തും ചൂടുള്ള പുകച്ചുരുളുകഠം വ്യാപിച്ചുനിൽക്കുന്നു.

കണ്ണടയുടെ ഉള്ളിൽക്കൂടി, ചുവന്നു പാടമൂടിയ കണ്ണുകളെക്കൊണ്ടു മേസ്ത്രി എന്നെ തുറിച്ചുനോക്കി. പിന്നെ അദ്ദേഹം ഐവൻെറ നേരെ തിരിഞ്ഞു.

"എനിക്കു കുറച്ചു വിറകു വേണമെന്നു നീ കാണുന്നില്ലേ" അയാഠം ശുണ്ഠിയോടെ പറഞ്ഞു.

സിഗാനോക്ക് വിറകെടുക്കാൻ മുററത്തേക്കിറങ്ങി. അപ്പോഠം മേസ്ത്രി ഒരു ചാക്കിൻകെട്ടിന്മേലിരുന്നുകൊണ്ടു എന്നെ അയാളുടെ അരികിലേക്കു വിളിച്ചു.

"ഇവിടെ വാ" അയാഠം പറഞ്ഞു.

അയാഠം എന്നെ മടിയിൽ ഇരുത്തി, ചൂടുള്ള, മൃദുവായ അയാളുടെ താടി എൻെറ കവിളത്തുരുമ്മി, എനിക്കൊരിക്കലും മറക്കാൻ കഴിയാത്ത ചില കാര്യങ്ങഠം എന്നോടു പറഞ്ഞു.

"നിൻെറ അമ്മാമൻ അയാളുടെ ഭാര്യയെ അടിച്ചുകൊന്നുകളഞ്ഞു. അതുകൊണ്ടു അയാഠംക്കൊരിക്കലും മനസ്സമാധാനം ലഭിക്കുന്നില്ല. മനസ്സിലായോ? എല്ലാം നീ അറിഞ്ഞിരിക്കണമെന്നതു ശരിയാണ്. നീ എപ്പോഴും ശ്രദ്ധയോടുകൂടിയിരിക്കണം. അല്ലെങ്കിൽ നീ ബുദ്ധിമുട്ടിപ്പോകും."

അമ്മമ്മയോടെന്നപോലെ ഗ്രിഗറിയോടു സംസാരിക്കുവാൻ എളുപ്പമാണ്. എന്നാൽ ഞാൻ ഈ കേട്ടതു ഭയാനകമായ ഒരു കാര്യമാണ്. തൻെറ കറുത്ത കണ്ണടയുടെ ഉള്ളിൽക്കൂടി നോക്കുമ്പോഠം

അയാൾക്ക് എല്ലാ കാര്യങ്ങളും എളുപ്പം മനസ്സിലാക്കാൻ കഴിയുന്നുണ്ടായിരിക്കണം.

"അയാൾ ആ സ്ത്രീയെ എങ്ങിനെ കൊന്നുകളഞ്ഞു എന്നോ?" ഗ്രിഗറി തുടർന്നു, "ഇങ്ങിനെയാണ്. "അവളോടൊപ്പം അയാൾ കിടക്കയിൽ കയറിക്കിടക്കും. പുതപ്പുകൊണ്ടവളെ തലമൂടിപ്പുതപ്പിച്ച നിത്യം രാത്രി അവളെ തല്ലുകയും ഇടിക്കുകയും ചെയ്യും.—ഇങ്ങിനെ അയാളുടെ മർദ്ദനം സഹിച്ചുകൊണ്ടു ഒടുക്കം അവൾ മരിച്ചു. എന്താണ് കാരണം? അയാൾക്കുതന്നെ അതു പറയാൻ സാദ്ധ്യമല്ല."

ഐവൻ വിറകുമായി വന്നു. കൈ ചൂടാക്കാൻ തീക്കടുത്തു പോയിരുന്നു. അവനെ ഗൌനിക്കാതെ ഗ്രിഗറി തുടർന്നു

"ഒരുകിൽ അവൾ അയാളെക്കാൾ നല്ലവളായിരുന്നതുകൊണ്ടു, അവളോടസൂയതോന്നി, അയാൾ അവളെ അടിച്ചതായിരിക്കണം. കാശിറിൻ കുടുംബത്തിൽ ജനിച്ചവർക്കു നല്ലതൊന്നും കണ്ടുസഹിച്ചിരിക്കാൻ സാദ്ധ്യമല്ല, മോനെ. അവർ വലിയ അസൂയാലുക്കളാണ്. അവർക്കാണെങ്കിൽ നല്ലവരാകാൻ കഴികയില്ല. അതുകൊണ്ടു നല്ലതു എന്തുകണ്ടാലും അവർ നശിപ്പിക്കും. നീ നിന്റെ അമ്മമ്മയോടു ചോദിക്കു, നിന്റെ അച്ഛനെ ഈ ജീവിതത്തിൽ നിന്നും, അവർ മായ്ച്ചുകളഞ്ഞതെങ്ങിനെയാണെന്നു. അവർ എല്ലാം നിനക്കു പറഞ്ഞുതരും. അവർക്കു കള്ളത്തരം പൊറുപ്പിക്കുവാൻ സാദ്ധ്യമല്ല. കള്ളത്തരം മനസ്സിലാക്കുവാൻ കഴിയുകയില്ല. അവർ ഇടക്കിടക്കു കുടിക്കുകയും അല്ലാല്ലും പൊടിവലിക്കുകയും ചെയ്യും. എന്നാലും അവർ ഒരു സന്യാസിനിയാണ്. പുണ്യവതിയായ ഒരു സ്ത്രീ. നീ അവരെ സ്നേഹിക്കണം മോനെ........"

അയാൾ എന്നെ തള്ളിനീക്കി. ഞാൻ അമ്പരന്നു ഭയന്നു മുററത്തേക്കിറങ്ങി. വാതില്ക്കൽ എത്തിയപ്പോഴേക്കും വന്യാ എന്നോടൊപ്പം വന്നു.

"അയാളെ പേടിക്കരുതു, അയാറം ഒരു നല്ല മനുഷ്യനാണ്." എൻെറ തലയിൽ കൈവെച്ചുകൊണ്ടു വന്യാ എൻെറ ചെവിട്ടിൽ പറഞ്ഞു. "അയാളെ നേരെ നോക്കി വിശ്വസിക്കുക. അങ്ങിനെ ചെയ്യുന്നവരെ അയാറംക്കു വലിയ ഇഷ്ടമാണ്."

ഇതെല്ലാം എന്നെ അസ്വസ്ഥനാക്കി. എനിക്കു മററൊരു ജീവിതം അറിയുകയില്ല. എൻെറ അമ്മയും അച്ഛനും, അമ്മാമൻെറയും അദ്ദേഹത്തിൻെറ ഭാര്യയുടെയും മാതിരിയിലുള്ള ജീവിതമല്ല നയിച്ചിരുന്നതു. അങ്ങിനെയാണ് എൻെറ ഓമ്മ. അവർ നല്ല വാക്കുകറം സംസാരിച്ചു. നല്ല തമാശകളിൽ ഏപ്പെട്ടു. എപ്പോഴും ഒപ്പം ഇരിക്കുകയും സംസാരിക്കുകയും രസിക്കുകയും ചെയ്തു. വൈകുന്നേരം അവർ ജനലിന്നടുത്തിരുന്നു പാട്ടുപാടും. അവർ ഉറക്കെ ദീഘനേരം ചിരിക്കും. അയൽപക്കത്തുള്ളവർ ഈ ചിരിയും പാട്ടും കേട്ടു തടിച്ചുകൂടും. ഈ ആളുകളുടെ മുഖങ്ങറം വൃത്തികെട്ട തളികകറംപോലെ ആയിരുന്നു. ഇവിടെയാണെങ്കിൽ ആരും ചിരിക്കുന്നില്ല. അഥവാ അവർ ചിരിക്കുകയാണെങ്കിൽ, എന്തുകണ്ടിട്ടാണവർ ചിരിക്കുന്നതെന്നു മനസ്സിലാക്കാൻവയ്യ. ഇവിടെ ആളുകറം എപ്പോഴും അന്യോന്യം കലഹിക്കുന്നു; ഭീഷണിപ്പെടുത്തുന്നു. മൂലയിൽ ഇരുന്നു അവർ കുശുകുശുക്കുന്നു. കുട്ടികറം ഒന്നും മിണ്ടുന്നില്ല. അവക്കു യാതൊരു പ്രാധാന്യവുമില്ല. മഴയത്തു പൊടിപടലം പോലെ അവര അടിച്ചമത്തപ്പെടുന്നു. വീട്ടിൽ ഞാൻ ഒരപരിചിതനാണെന്നെനിക്കനുഭവപ്പെട്ടു. എൻെറ ചുററുമുള്ള ജീവിതം ഒരായിരം സൂചികളെക്കൊണ്ടു എന്നെ കുത്തുന്നതായിത്തോന്നി. വളരെ ശ്രദ്ധയോടെ, സംശയദൃഷ്ടിയോടെ സംഗതികറം വീക്ഷിക്കുകയെന്ന ഒരു ശീലം എന്നിൽ വേരൂന്നി.

ഐവനുമായുള്ള എൻെറ സ്നേഹത്തിന്നു ശക്തികൂടി. സൂര്യോദയംതൊട്ടു രാത്രി വളരെ വൈകുന്നതുവരെ, അമ്മമ്മക്കു വീട്ടിൽ വലിയ തിരക്കായിരിക്കും. അതുകൊണ്ടു പകൽ മുഴുവനും ഞാൻ സിഗാനോക്കിൻെറക്കൂടെയായിരിക്കും. എൻെറ അച്ഛാച്ഛൻ

എന്നെ പ്രഹരിക്കുമ്പോഴെല്ലാം അയാറം കൈകറം വിടത്തി എനിക്കടികൊള്ളാതാക്കാൻ ശ്രമിച്ചു. പിറെറദിവസം വേദനയേററ കൈ എന്നെ കാണിച്ചു ആവലാതിപ്പെടുകയും ചെയ്യും.

"ഇതിന്നർത്ഥമില്ല. നിനക്കിതുകൊണ്ടു യാതൊരു ഗുണവുമുണ്ടാകുന്നില്ല. എനിക്കു ഇതാണ് കിട്ടുന്നത്. ഇതവസാനത്തെ തവണയാണ്. ഇനിമേലാൽ നിനക്കു കിട്ടുന്നതു നീതന്നെ വാങ്ങിക്കൊള്ളണം."

എന്നാൽ അടുത്തതവണ താനർഹിക്കാത്ത ശിക്ഷവാങ്ങാൻ അയാറം തയ്യാറായിനില്ക്കുകയും ചെയ്യും.

"നിങ്ങറം മേലാൽ ഇങ്ങിനെ എന്നെ സഹായിക്കുകയില്ലെന്നല്ലെ പറഞ്ഞതു?"

"വാക്കും പ്രവൃത്തിയും രണ്ടല്ലെ? ഞാൻ എന്തുകൊണ്ടാണിങ്ങിനെ ചെയ്യുന്നതെന്നു എനിക്കുതന്നെ നിശ്ചയമില്ല."

എനിക്കു സിഗാനോക്കിനോടുള്ള താല്പര്യവും ബഹുമാനവും വർദ്ധിപ്പിക്കുവാൻ സംഗതിയാക്കിയ ചില കാര്യങ്ങളുണ്ടായിരുന്നു.

എല്ലാ വെള്ളിയാഴ്ചയും "ഷാരപ്പ്" എന്നു പേരുള്ള തവിട്ടുനിറമുള്ള കുതിരയെ (നല്ല പല്ലുകളുള്ള കുസൃതിക്കുടുക്കയായ ഒരു മൃഗം—അമ്മമ്മയുടെ പ്രിയപ്പെട്ട കുതിര) വണ്ടിക്കുകെട്ടി, താൻ വലിയ ഒരു തൊപ്പിധരിച്ചു, ഒരു പച്ച അരപ്പട്ടയോടുകൂടിയ ആട്ടിൻതോൽ അരക്കു ചുററിക്കെട്ടി, ആ ആഴ്ചയിലാവശ്യമായ സാമാനങ്ങറം വാങ്ങാൻ സിഗാനോക്ക് ചന്തയിലേക്കു പോകും. ചിലപ്പോറം വളരെ വൈകീട്ടുമാത്രമെ അയാറം തിരിച്ചുവരികയുള്ളു. വീട്ടിൽ എല്ലാവരും പരിഭ്രമിക്കും; ജനലിന്നടുത്തുചെന്നു നോക്കിനില്ക്കും.

"വരുന്നുണ്ടോ?"

"ഇല്ല."

അമ്മമ്മക്കാണ് അധികം പരിഭ്രമം തോന്നുക.

"അയ്യോ!" അവർ മക്കളോടും ഭർത്താവിനോടും പറഞ്ഞു കൊണ്ടിരിക്കും. "ഒരു നല്ല കുതിരയേയും ഒരു നല്ല കുട്ടിയേയും നിങ്ങൾ കളഞ്ഞുകുളിക്കുകയാണ്. നാണമില്ലാത്തകൂട്ടർ; നിങ്ങൾക്കൊരു മനസ്സാക്ഷിയാണാവശ്യം. നിങ്ങൾ ഉള്ളതുകൊണ്ടു ഒരിക്കലും തൃപ്തിപ്പെടുകയില്ല. ഒരു നശിച്ച ദുരപിടിച്ച വകക്കാർ. ദൈവം നിങ്ങളെ ശിക്ഷിക്കാതിരിക്കയില്ല."

അപ്പാപ്പൻ മുഖംചുളിച്ചു പിറുപിറുക്കും.

"അതു സാരമില്ല. ഇതു അവസാനത്തെ പ്രാവശ്യമാണ്."

ചിലപ്പോൾ സിഗാനോക്കു, ഉച്ചതിരിഞ്ഞുമാത്രമെ തിരിച്ചു വരികയുള്ളൂ. അപ്പോൾ അപ്പാപ്പനും അമ്മാമന്മാരും, അയാളെ സ്വാഗതംചെയ്യാൻ മുററത്തേക്കോടും—പൊടിവലിച്ചു തുമ്മിയും കൊണ്ടു ഒരു കരടിയെപ്പോലെ, അമ്മമ്മയും അവരുടെ പിന്നാലെ ഉണ്ടായിരിക്കും. കുട്ടികളെല്ലാം പുറത്തേക്കോടിവരും. പിന്നെ വണ്ടിയിൽനിന്നു സാധനങ്ങൾ ഇറക്കുകയായി. പന്നിക്കുട്ടികൾ, മത്സ്യം, പലതരത്തിലുള്ള മാംസക്കഷ്ണങ്ങൾ മുതലായവ.

"ഏല്പിച്ച എല്ലാ സാധനങ്ങളും വാങ്ങിയിട്ടുണ്ടോ?" കൂർത്ത, ചെറിയ കണ്ണുകളെക്കൊണ്ടു വണ്ടിക്കുള്ളിൽനോക്കി അപ്പാപ്പൻ ചോദിക്കും.

"ഏല്പിച്ചതെല്ലാം." തുള്ളിനടന്നു, ഉറയിട്ട കൈകൾ ചൂടു പിടിപ്പിക്കുവാൻ തമ്മിലുരസി, സന്തോഷത്തോടെ ഐവൻ മറുപടിപറഞ്ഞു.

"കയ്യുറ ഉരസരുതു—അതു പണംകൊടുത്തു വാങ്ങിയതല്ലെ?" അപ്പാപ്പൻ ക്രോധത്തോടെ പറഞ്ഞു. "പൈസ്സ വല്ലതും ബാക്കിയുണ്ടോ?"

"ഇല്ല"

അച്ഛാച്ഛൻ പിറുപിറുത്തുകൊണ്ടു വണ്ടിക്കുചുററും നടന്നു. "വീണ്ടും നീ എന്തൊക്കെയോ കൊണ്ടുവന്നിട്ടുണ്ടെന്നു തോന്നുന്നുണ്ടല്ലൊ. കേട്ടോ, എൻെറ വീട്ടിൽ ഇതൊന്നും പററുകയില്ല."

മുഖം വീർപ്പിച്ചുകൊണ്ടു വേഗത്തിൽ അദ്ദേഹം അവിടെനിന്നു പോയ്ക്കളഞ്ഞു.

പിന്നെ അമ്മാമന്മാർ വണ്ടിയുടെ അടുത്തുവന്നു. കോഴികറം, മത്സ്യം, കോഴിയുടെ കരറം, കാളയുടെ കൊറക് മുതലായ സാധനങ്ങളുടെ തൂക്കം കണക്കാക്കുന്നതിൽ അവർ ഉത്സാഹം കാണിച്ചു.

"നീ നല്ലപോലെ സൂക്ഷിച്ചു സാധനങ്ങറം വാങ്ങിയിട്ടുണ്ട്." അവർ അയാളെ പുകഴ്ത്തിപ്പറഞ്ഞു.

മൈക്കേലമ്മാമനു വിശേഷിച്ചും വലിയ ഉത്സാഹമായിരിക്കും. കുടിച്ചു മത്തനായതുപോലെ അദ്ദേഹം വണ്ടിക്കുചുററും തുള്ളിക്കളിക്കും. മരക്കൊത്തനെപ്പോലെ ഭ്രാണിച്ചും, ചുണ്ടുകറം കൊണ്ടു നുണച്ചിറക്കിയും, കണ്ണു പകുതികണ്ടടച്ചും, അദ്ദേഹം വണ്ടിക്കരികെ പററിക്കൂടും. അദ്ദഹം അച്ഛാച്ഛനെപ്പോലെ മെലിഞ്ഞിട്ടായിരുന്നു. അവർ തമ്മിൽ വലിയസാമ്യവുമുണ്ടായിരുന്നു. അമ്മാമൻ കുറച്ചധികം നീളമുണ്ട് കുറവന്മാരെപ്പോലെ കുറെ കറുത്തിട്ടുമാണ്. അദ്ദേഹം മരവിച്ച തൻെറ കൈകറം നീട്ടിയും കൊണ്ടു ചോദിക്കും.

"കിഴവൻ നിനക്കു എത്ര പണം തന്നിരുന്നു."

"അഞ്ചുറുബിറം"

"എന്നാൽ ഇവിടെ ചുരുങ്ങിയതു പതിനഞ്ചു റുബിളിൻെറ സാധനങ്ങളുണ്ടല്ലൊ. നീ എത്ര ചിലവാക്കി?"

"നാലെപത്തു."

"അതായതു നിൻെറ കയ്യിൽ തൊണ്ണൂറു കൊപ്പെക്ക ബാക്കിയുണ്ട്. കേട്ടോ, യാക്കോവ് ഇതാണ് പണം സമ്പാദിക്കാനുള്ള മാർഗ്ഗം."

മഞ്ഞുമൂടിയ ആകാശത്തിൽ നോക്കി, യാക്കോവമ്മാമൻ ചിരിച്ചുകൊണ്ടു നില്ക്കും.

"വന്യാ, ഞങ്ങൾക്കും അരേര പൈൻറ് സൽക്കരിക്കരുതോ?" അദ്ദേഹം കെഞ്ചും.

അമ്മമ്മ കുതിരയെ വണ്ടിയിൽനിന്നും അഴിച്ചുമാററും.

"എന്താണ് പൊന്നെ, എന്താണ് കുട്ടീ," കുതിരയെ അഴിച്ചുവിടുമ്പോൾ അമ്മമ്മ പറഞ്ഞുകൊണ്ടിരിക്കും. "കുറച്ചു കളിക്കണം; ഇല്ലേ? പോയിക്കളിച്ചോ, നേരെ പോയ്ക്കോ. കുറച്ചു കളിക്കുന്നതിന്നു ദൈവം എതിരല്ല."

ആ വലിയ കുതിര, കുഞ്ചിരോമം കുലുക്കി, അതിൻെറ വെളുത്ത പല്ലുകൾ അമ്മമ്മയുടെ ചുമലുകളിൽ ഉരസും. ദേഹം വിറപ്പിച്ചു, പൊടിമണ്ണു തെറിപ്പിച്ചു, അതു സന്തോഷത്തോടെ അമ്മമ്മയുടെ കണ്ണുകളിലേക്കു നോക്കും.

"നിനക്കൊരു കഷണം അപ്പമാണോ വേണ്ടതു?". ഒരു വലിയ കഷണം അപ്പം കുതിരയുടെ വായിൽ തിരുകിക്കൊടുത്തു, അതു അപ്പം ചവച്ചുതിന്നുന്നതു നോക്കിയുംകൊണ്ടു അമ്മമ്മ പറയും.

"അവൻ ഒരു സുന്ദരനാണ്-ആ കുതിര, വലിയമ്മെ!" കുതിരയെപ്പോലെതന്നെ, തമാശതോന്നുന്നവിധത്തിൽ സിഗാനോക്കു പറയും. "അവൻ വളരെ സമർത്ഥനാണ്."

"പോ, ദൂരെ. ഇവിടെ ചുററിപ്പററിനിന്നു നീ വാലാട്ടിക്കളിക്കേണ്ടാ." കാൽ നിലത്തു ചവിട്ടിയുംകൊണ്ടു അമ്മമ്മ ഉറക്കെ പറഞ്ഞു. 'ഇങ്ങിനെയുള്ള ദിവസങ്ങളിൽ നിന്നെക്കൊണ്ടു എനിക്കു യാതൊരു പ്രയോജനവുമില്ലെന്നു നിനക്കറിയുകയില്ലെ?"

സിഗാനോക്ക് ചന്തയിൽ പോയാൽ വിലക്കു മേടിക്കുന്നതിനേക്കാരം അധികം സാധനങ്ങരം കട്ടുകൊണ്ടുവരികയാണ് ചെയ്യാറെന്നു അമ്മമ്മ എന്നോടു പറഞ്ഞു.

"അച്ഛാച്ഛൻ അവന്നു അഞ്ചു റുബിരം കൊടുക്കും. അവൻ മൂന്നു റുബിരം ചിലവാക്കി സാധനങ്ങരം വാങ്ങും. പത്തു റുബിരം വിലവരുന്ന സാധനങ്ങരം കട്ടുകൊണ്ടുവരികയും ചെയ്യും." അവർ വളരെ കുണ്ഠിതത്തോടെ പറഞ്ഞു. "കക്കുന്നതു അവന്നു വലിയ രസമാണ്, വഷളൻ! ഒരിക്കൽ അവൻ അതു പരിശോധിച്ചുനോക്കി. അതു ഫലിച്ചു. ഇവിടെ വീട്ടിലുള്ള എല്ലാവരും അവനെ പുകഴ്ത്തി. അതിനെ തുടൎന്നു ഇങ്ങിനെ കക്കുന്നതു അവന്നൊരു ശീലമായിത്തീൎന്നു. നിൻെറ അച്ഛാച്ഛൻ വളരെ ദരിദ്രനായിരുന്നതുകൊണ്ടു, വയസ്സാകുന്തോറും അദ്ദേഹത്തിന്നു ലുബ്ധ് കൂടിക്കൂടിവരികയാണ്. അയാരം സ്വന്തം മക്കളേക്കാരം പണത്തെയാണ് സ്നേഹിക്കുന്നതു. വിലകൊടുക്കാതെ സാമാനങ്ങരം ലഭിക്കുന്നതു അദ്ദേഹത്തിന്നു വലിയ സന്തോഷമാണ്. മൈക്കേലിൻെറയും യാക്കോവിൻെറയും കാൎയ്യം പറയുകയാണെങ്കിൽ........"

അവരെക്കുറിച്ചു കൂടുതലായൊന്നും പറയാതെ അമ്മമ്മ കൈ വീശിയുംകൊണ്ടു കുറെനേരം നിശ്ശബ്ദമായി നിന്നു.

"കുരുടിയായ ഒരു കിഴവി!, മാതൃക മനസ്സിലാകാതെ, ചിക്കു പിടിച്ച ഒരു നാട തുന്നിയുണ്ടാക്കാൻ ശ്രമിക്കുംപോലെയാണതു. അല്യോഷാ," അവർ പൊടിക്കുപ്പിയിൽ നോക്കിയുംകൊണ്ടു പറഞ്ഞു. നിനക്കും എനിക്കും അതിൻെറ വാലും തലയും തിരിയാത്തതിൽ ആശ്ചൎയ്യമില്ല. എന്നാൽ വന്യായെ വല്ലപ്പോഴും പിടിച്ചു പോകയാണെങ്കിൽ അവർ അവനെ തച്ചുകൊന്നുകളയും."

വീണ്ടും അവർ കുറെനേരം മിണ്ടാതിരുന്നു. സംസാരം തുടൎന്നപ്പോരം അവരുടെ ശബ്ദം വളരെ ശാന്തമായിരുന്നു.

"ആ-നമുക്കു ധാരാളം നിയമങ്ങളുണ്ട്. എന്നാൽ അവയൊന്നും തന്നെ സത്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ളവയല്ല"

പിറേറദിവസം ഞാൻ സിഗാനോക്കിനോടു മേലാൽ കക്കരുതെന്നപേക്ഷിച്ചു.

"അവർ നിങ്ങളെ അടിച്ചുകൊന്നുകളയും."

"അവക്കെന്നെ പിടിക്കാൻ കഴിയുകയില്ല. ഞാൻ ഓടിക്കളയും. ഞാൻ വളരെ സമർത്ഥനാണ്. എൻെറ കുതിരകൾ വളരെ വേഗത്തിൽ ഓടാനും കഴിയും" അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു. എന്നാൽ ആ ചിരി അധികനേരം നിന്നില്ല. അയാളുടെ പുരികം തനിയെ വളഞ്ഞു. കക്കുന്നതു തെററാണ്, ആപല്ക്കരമാണ്, എന്നെനിക്കറിയാം. ഞാൻ കക്കുന്നതു അതിൻെറ തമാശക്കുവേണ്ടിയാണ്. ഞാൻ സ്വന്തമായി പണമൊന്നുംതന്നെ ലാഭിക്കുന്നില്ല. ഒരാഴ്ചകൊണ്ടു നിൻെറ അമ്മാമന്മാർ പൈസ്സ മുഴുവൻ എന്നോടു വാങ്ങിപ്പോരും. അതുകൊണ്ടെനിക്കൊന്നുമില്ല. അവരതു എടുത്തുകൊള്ളട്ടെ. എനിക്കു തിന്നാൻവേണ്ടതു കിട്ടുന്നുണ്ടല്ലോ."

പെട്ടെന്നയാൾ എന്നെ വാരിയെടുത്തു സാവധാനം കുലുക്കി.

"നീ മെലിഞ്ഞു വളരെ ഘനംകുറഞ്ഞതാണിരിക്കുന്നതു. എന്നാൽ നിൻെറ എല്ലുകൾക്കു നല്ല ഉറപ്പുണ്ട്. നീ നല്ല ഒരു ശക്തനായി വളരും. നോക്കു, നീ വീണവായിക്കാൻ പഠിക്കണം. നിൻെറ യാക്കോവമ്മാമനോടു പഠിപ്പിച്ചുതരാൻ പറയണം. തമാശയല്ല നീ നന്നെ ചെറുപ്പമായിപ്പോയെന്നുമാത്രം. അതാണൊരു വിഷമം. ഒരു ചെറിയ ആൾ. എന്നാൽ നല്ല ഉശിരുണ്ട്. നിൻെറ അച്ഛാച്ഛനെ നീ ഇഷ്ടപ്പെടുന്നില്ല, അല്ലെ?"

"എനിക്കറിയുകയില്ല."

"വലിയമ്മയൊഴികെ, ഈ കാശീറിൻ കുടുംബത്തിൽ ഒരാളെയും ഞാൻ ഇഷ്ടപ്പെടുന്നില്ല. ചെകുത്താനുമാത്രമെ അവരെ ഇഷ്ടപ്പെടാൻ കഴികയുള്ളൂ."

"എന്നെയും?"

"നീ കാശീറിൻ അല്ല. നീ പെഷ്ലോവ് കുടുംബക്കാരനാണ്. അതു മറെറാരു ചോരയാണ്–വേറൊരു വർഗ്ഗം."

പെട്ടെന്നയാൾ എന്നെ അമത്തിപ്പിടിച്ചു ഒരു ഞരക്കത്തോടെ തുടൻ.

"ഈശ്വരാ, എനിക്കും പാടാൻകഴിഞ്ഞിരുന്നെങ്കിൽ! ഞാൻ ആളുകളുടെ ഹൃദയം എങ്ങിനെ വശീകരിക്കുമായിരുന്നു! ശരി; നീ പോയ്ക്കോളൂ, അനിയാ, എനിക്കു ജോലിയുണ്ടു."

അയാൾ എന്നെ താഴെ ഇറക്കി, കൈ നിറയെ ആണികൾ വാരി വായിലിട്ടു, എന്തോ കറുത്ത ഒരു സാധനം ചതുരമായ ഒരു പലകയുടെ അടുത്തേക്കെടുത്തുകൊണ്ടുപോയി.

വളരെ നാൾ കഴിയുന്നതിന്നുമുമ്പായി സിഗാനോക്ക് കൊല്ലപ്പെട്ടുപോയി.

അതിങ്ങിനെയാണ് സംഭവിച്ചതു. ഞങ്ങളുടെ മുററത്തിന്നു പുറം കെട്ടിയിരുന്ന വേലിയിൽ ചാരിക്കൊണ്ട്, ഗയിററിന്നടുത്തു, ഒരു പീഠത്തിന്മേൽ പിടിപ്പിച്ചുനിർത്തിയ, കരുവേലകമരത്തിൻെറ ഒരു വലിയ കുരിശുണ്ടായിരുന്നു. അതു വളരെക്കാലമായവിടെ കിടക്കുകയായിരുന്നു. ഞാൻ ആദ്യമായി ഈ വീട്ടിൽ താമസിക്കാൻ വന്നപ്പോൾതന്നെ ആ കുരിശു അവിടെ നിൽക്കുന്നതു ഞാൻ കാണുകയും ചെയ്തിരുന്നു. അപ്പോൾ അതു പുതുതായിരുന്നു; മഞ്ഞനിറമായിരുന്നു. ഇപ്പോൾ അതു മഴകൊണ്ടു നനഞ്ഞു ഒരു മണം പുറപ്പെടുന്നുണ്ടായിരുന്നു. പുല്ലുമൂടിനില്ക്കുന്ന ഞങ്ങളുടെ ചെറുമുററത്ത് അതു സ്ഥലംമുടക്കിനിൽക്കുകയാണ്.

അദ്ദേഹത്തിൻെറ ഭാര്യയുടെ ശവക്കല്ലറയുടെമേൽ വെക്കുവാൻവേണ്ടി യാക്കോവമ്മാമൻ അതു വാങ്ങിയതായിരുന്നു. അമ്മായിയുടെ ശ്രാദ്ധദിവസം താൻ ഒററക്കു, ആ കുരിശു ശവപ്പറമ്പി

ലേക്ക, ചുമലിൽ വഹിച്ചുകൊണ്ടുപോകുന്നതാണെന്നു അദ്ദേഹം ശപഥംചെയ്തിട്ടുണ്ടായിരുന്നു.

ശീതകാലത്തിന്റെ തുടക്കത്തിൽ ഒരു ശനിയാഴ്ചയായിരുന്നു ശ്രാദ്ധം. വല്ലാത്ത തണുപ്പ്. കാററം. മേൽപുരമേൽ മഞ്ഞുവീണു മൂടിയിരിക്കുന്നു. അമ്മമ്മയും അപ്പാപ്പനും അവരുടെ മൂന്നു പൌത്രന്മാരും ചടങ്ങുകളിൽ പങ്കെടുക്കുവാൻ ശവപ്പറമ്പിലേക്ക മുൻകൂട്ടി പോയ്ക്കഴിഞ്ഞു. മറെറല്ലാവരും മുററത്തിറങ്ങി നിൽക്കുന്നുണ്ട്. ഞാൻചെയ്ത എന്തോ ഒരു തെററിന്നു ശിക്ഷയായി എന്നെ അവർ കൂട്ടിയില്ല. ഞാൻ വീട്ടിൽ ഒററക്കിരിക്കേണ്ടിവന്നു.

കറുത്ത കോട്ടുധരിച്ചുകൊണ്ടു അമ്മാമന്മാർ, ആ വലിയ കുരിശുപൊക്കിയെടുത്തു. കുരിശിന്റെ ഒരു കമ്പ് യാക്കോവമ്മാമനും, മറെറക്കമ്പ് മൈക്കേലമ്മാമനും താങ്ങിനിർത്തി. ഗ്രിഗറിയും പുറമേയുള്ള വേറൊരാളുംചേൻ കുരിശിന്റെ പീഠം വളരെ വിഷമിച്ചു പൊക്കിയെടുത്തു സിഗാനോക്കിന്റെ വിസ്താരമുള്ള ചുമലിൽ വെച്ചു. സിഗാനോക്ക്, ലാഞ്ചിക്കൊണ്ടു, കാലുകറം പാത്തി വെച്ചു, ഘനംധരിച്ചു നിൽക്കാൻ ശ്രമിച്ചു."

"നിനക്കിതു കൊംണ്ടുപോകാൻ കഴിയുമോ?" ഗ്രിഗറിചോദിച്ചു.

"അറിയില്ല; വല്ലാത്ത ഘനം."

"ഗേററു തുറക്കു, കുരുടനായ ചെകുത്താനെ." മൈക്കേലമ്മാമൻ അലറി.

"നിനക്കു നാണമില്ലേ വന്യാ," യാക്കോവമ്മാമൻ പറഞ്ഞു. "ഞങ്ങറം രണ്ടാളും നിന്നേക്കാറം മെലിഞ്ഞിട്ടല്ലേ?"

ഗേററു തുറന്നുകൊണ്ടു ഗ്രിഗറി വന്യായുടെ നേരെ തിരിഞ്ഞു അയാളെ ഉപദേശിച്ചു.

"എവിടെയെങ്കിലും ഉളുക്കു പററാതിരിക്കുവാൻ ശ്രദ്ധിക്കണം. ശരി, ദൈവം നിന്നെ സഹായിക്കട്ടെ."

"വിഡ്ഢിയായ കിഴവാ," മൈക്കേലമ്മോമൻ നിരത്തിന്മേൽ നിന്നു വിളിച്ചുപറഞ്ഞു.

മുററത്തു നിൽക്കുന്നവരെല്ലാം പൊട്ടിച്ചിരിച്ചു. പലതും ഉറക്കെ സംസാരിച്ചു. ആ കരിശ്ശു മുററത്തുനിന്നു നീക്കംചെയ്തതിൽ അവക്കെല്ലാം വലിയ സന്തോഷമായതുപോലെ തോന്നി.

ഗ്രിഗറി എന്നെ കൈക്കു പിടിച്ചു പ്രവൃത്തിശാലയിലേക്കു കൂട്ടിക്കൊണ്ടുപോയി.

"നിൻെറ അപ്പാപ്പൻ ഇന്നു നിന്നെ അടിക്കുകയില്ല. അദ്ദേഹത്തിന്നു എന്തോ ഒരു നല്ല സന്തോഷമുണ്ട്."

ചായം മുക്കാൻ ഒരുക്കിവെച്ചിരുന്ന രോമത്തുണികളിന്മേൽ അയാൾ എന്നെ പിടിച്ചിരുത്തി. തൊട്ടിയിൽനിന്നും പുറപ്പെടുന്ന നീരാവി മണത്തുംകൊണ്ടയാൾ പറഞ്ഞു.

മോനെ, ഇക്കഴിഞ്ഞ 30 കൊല്ലങ്ങളായി ഞാൻ നിൻെറ അപ്പാപ്പനെ നല്ലപോലെ അറിയും. ഈ വ്യാപാരം തുടങ്ങുമ്പോൾ തന്നെ ഞാൻ ഇവിടെയുണ്ടു. ഇതു പൊളിയാൻ പോകയാണെന്നും ഞാൻ മനസ്സിലാക്കുന്നുണ്ട്. ഞങ്ങൾ ചങ്ങാതിമാരായിരുന്നു. ഞങ്ങൾ ഒപ്പം ഈ വ്യാപാരത്തിലേപ്പെട്ടു. ഒപ്പം ഇതിന്നു രൂപം കൊടുത്തു. നിൻെറ അപ്പാപ്പൻ വലിയ സമത്ഥനാണ്. നോക്കു, അയാൾ ഇവിടെ മുതലാളിയായി. എനിക്കതു സാധിച്ചില്ല. എന്നാൽ ഈശ്വരൻ നമ്മൾ ആരേക്കാളും സമത്ഥനാണ്. അദ്ദേഹം ഒന്നു പുഞ്ചിരിയിട്ടാൽ മതി; ഏററവും ബുദ്ധിമാനായ ആൾപോലും ഒരു വിഡ്ഢിയെപ്പോലെ മിഴിച്ചുനിന്നുപോകും. കാര്യങ്ങൾ എങ്ങിനെ, എന്തുകൊണ്ടു, അതാതിൻെറ നിലക്കാകുന്നു എന്നു മനസ്സിലാക്കുവാൻമാത്രം നിനക്കു പ്രായമായിട്ടില്ല. എന്നാൽ എല്ലാം നീ അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. അച്ഛനില്ലാത്ത ഒരു കുട്ടിയുടെ ജീവിതം അത്ര സുഗമമല്ല. നിൻെറ അച്ഛൻ മേക്സിംസേവറേവ്യവിക്ക് ഒരു നല്ല മിടുക്കനായിരുന്നു. അയാൾക്കും എല്ലാം മനസ്സിലായിരുന്നു. അതുകൊ

ണ്ടാണ് നിൻെറ അച്ഛാച്ഛൻ അയാളെ ഇഷ്ടപ്പെടാഞ്ഞതു്. അയാള മായി ഇടപെടാൻ കൂട്ടാക്കാഞ്ഞതു്."

അടുപ്പിൽ ചുകന്നു, പ്രകാശിച്ചു കത്തിക്കൊണ്ടിരിക്കുന്ന തീ നോക്കിയുംകൊണ്ടു, തൊട്ടികളിൽനിന്നും പൊങ്ങുന്ന നീരാവി, മച്ചിൻെറ പലകകളിന്മേൽ പാലിൻെറ നിറം ചേർത്തുകൊണ്ടൊ ട്ടിപ്പിടിക്കുന്നതു കണ്ടു രസിച്ചു, ഗ്രിഗറിയുടെ വാത്സല്യം തുളുമ്പുന്ന വാക്കുകൾ കേട്ടിരിക്കുന്നതു, സന്തോഷകരമായ ഒരു കാര്യമായി രുന്നു. ഒരു ചെറിയ വിള്ളലിൽക്കൂടി, നീലനിറത്തിലുള്ള ആകാശ ത്തിൻെറ ഒരു ഭാഗം ഞാൻ കാണുന്നുണ്ടായിരുന്നു. കാററു ശമിച്ചു; സൂര്യൻ പ്രകാശിക്കാൻ തുടങ്ങി; മുററത്തു കണ്ണാടിച്ചില്ലുകൾ നിര ത്തിയിട്ടുണ്ടോ എന്നു തോന്നിപ്പോയി. നിരത്തിന്മേൽ വണ്ടിക്കാ രുടെ ഒച്ചുകേൾക്കാനുണ്ടു്. വീടുകളിൽ തീമാടങ്ങളിൽനിന്നു പുക ച്ചുരുളുകൾ ഉയൎന്നുകൊണ്ടിരിക്കുന്നു. മഞ്ഞിന്മേൽ വീണുകിടക്കുന്ന നിഴലുകൾ എന്തോ കഥകൾ പറഞ്ഞുകൊണ്ടിരിക്കയാണെന്നും തോന്നി.

തിളച്ചുകൊണ്ടിരിക്കുന്ന ചായവെള്ളം ഇളക്കിയും, എനിക്കു പല നിർദ്ദേശങ്ങൾ തന്നും, തലയിൽ തൊപ്പിയില്ലാതെ നില്ക്കുന്ന, നീണ്ടുമെലിഞ്ഞു, നീണ്ടതാടിയും വലിയ ചെവികളുമുള്ള ഗ്രിഗറി മേസ്ത്രി ഒരു ജാലവിദ്യക്കാരനാണോ എന്നു ഞാൻ സംശയിച്ചു.

"ആളുകളെ എല്ലാപ്പോഴും നേരെ മുഖത്തുനോക്കണം. അങ്ങി നെചെയ്താൽ നിന്നെ കടിക്കാൻ ഓടിവരുന്ന നായ്ക്കൾപോലും അമ്പരന്നു നിന്നുപോകും."

അയാളുടെ ഘനമുള്ള കണ്ണട മൂക്കിൻെറ പാലത്തിന്മേൽ അമൎന്നുനില്ക്കുകയാണ്. അമ്മമ്മയുടെ മൂക്കുപോലെ അയാളുടെ മൂക്കിൻെറ അററവും നീലനിറമാകാൻ തുടങ്ങിയിരിക്കുന്നു.

"അതെന്താണ്?" പെട്ടെന്നു നിത്തിയുംകൊണ്ടയാഠം ചോദിച്ചു. ഒരു നിമിഷനേരം ശ്രദ്ധിച്ചുനിന്നു, അടുപ്പിലെ വിറകുകൊള്ളികഠം കാൽകൊണ്ടു തള്ളിയുള്ളിലാക്കി, അയാഠം മുററത്തേക്കോടി. ഞാനും അയാളെ പിന്തുടൎന്നു.

അടുക്കളയിൽ, ഒത്ത നടുവിൽ തറയിൽ സിഗാനോക്ക മലൎന്നു കിടക്കുന്നു. ജനലിൽക്കൂടി രണ്ടു നല്ല രശ്മികഠം അകത്തു വീഴുന്നുണ്ട്. ഒന്നു സിഗാനോക്കിൻെറ മുഖത്തും മറേറതു അയാളുടെ കാലുകളിലും സ്പൎശിക്കുന്നു. അയാളുടെ നെററി അസാധാരണമായ മട്ടിൽ പ്രകാശമുള്ളതായിത്തീൎന്നിട്ടുണ്ടു. പുരികങ്ങഠം ഉയൎന്നുനില്ക്കുന്നു. ചരിഞ്ഞ കണ്ണുകഠം, കരിപിടിച്ച മച്ചിന്മേൽ തുറിച്ചുനോക്കുന്നു. ചുണ്ടുകഠം ഒട്ടിപ്പിടിച്ച ചുകന്ന നര പുറത്തേക്കു വമിക്കുന്നു. വായയുടെ രണ്ടറ്റങ്ങളിൽനിന്നും രക്തം ഒലിച്ചു വീണ് അയാളുടെ കഴുത്തിലും തറയിലും തളംകെട്ടിനില്ക്കുന്നു. ഐവൻെറ കാലുകഠം വിറങ്ങലിച്ചു പോയിരിക്കുന്നു. കാൽസ്രായി നിലത്തു ഒട്ടിപ്പിടിച്ചുനില്ക്കുന്നതു കണ്ടാൽ, അതും നനഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കാം. തറയിൽ പൂഴിവിതറിയിട്ടുണ്ടു. പൂഴി സൂൎയ്യപ്രകാശമേററു മിന്നുന്നു. രക്തച്ചാലുകഠം വാതിൽക്കലേക്കൊഴുകുന്നുണ്ടു. സൂൎയ്യൻെറ രശ്മികഠം പതിച്ചിട്ടുള്ള സ്ഥലത്തെല്ലാം രക്തം വല്ലാതെ തിളങ്ങുന്നുമുണ്ടു.

ആയ യവ്ജീനിയ, കുനിഞ്ഞുനിന്നു ഐവൻെറ കയ്യിൽ ഒരു മെഴുകുതിരി പിടിപ്പിക്കുവാൻ ശ്രമിക്കുകയാണ്. എന്നാൽ അയാഠംക്കതു പിടിക്കുവാൻ കഴിഞ്ഞില്ല. മെഴുകുതിരി വീണുപോയി. രക്തത്തിൽ മുങ്ങി അതു കെട്ടുപോകയും ചെയ്തു. ആയ അതു വീണ്ടു മെടുത്തു തുടച്ചു വൃത്തിയാക്കി, ഒരിക്കൽക്കൂടി അയാളുടെ കൈവിരലുകഠംക്കിടയിൽ പിടിപ്പിക്കുവാൻ നോക്കി. അടുക്കളയിൽ ആളുകഠം പരിഭ്രമിച്ചുനില്ക്കുന്നു. വാതിൽപടിമേൽ നില്ക്കുന്ന ഞാൻ വീണുപോകുമോ എന്നു എനിക്കു ഭയംതോന്നി. ഞാൻ കുറമ്പടിയിൽ മുറുകെ പിടിച്ചുനിന്നു.

"അവൻ കാലിടറി വീണു'' വിളറിയ സ്വരത്തിൽ, തലയാട്ടിയുംകൊണ്ട് യാക്കോവമ്മാമൻ പറഞ്ഞു. അദ്ദേഹത്തിൻെറ മുഖം വിളറി, ചുളിവുകൾ നിറഞ്ഞു നിശ്ചേഷ്ടമായിക്കഴിഞ്ഞിരുന്നു. അദ്ദേഹം മങ്ങിയ തൻെറ കണ്ണുകൾ ഇടക്കിടെ അടച്ചുകൊണ്ടിരുന്നു.

"അവൻ വീണു; അതു അവനെ ചതച്ചുകളഞ്ഞു. പുറത്താണ് കൊണ്ടതു. ഞങ്ങൾ തക്കസമയത്തു അതു ഇട്ടുകളഞ്ഞിരുന്നില്ലെങ്കിൽ ഞങ്ങളും അതിന്നടിയിൽ പെട്ടുപോകുമായിരുന്നു."

"എന്നാൽ നിങ്ങളാണ് അവനെ ചതച്ചുകൊന്നതു" ഗ്രിഗറി തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു.

"ശരി, ഞങ്ങൾ എന്തുമാതിരിയാണെന്നാണ് നിങ്ങൾ വിചാരിക്കുന്നതു?''

"നിങ്ങളോ!"

രക്തത്തിൻെറ ഒഴുക്കു നിലച്ചിട്ടില്ല. വാതിലിന്നടുത്തു ഒരു കുളമായിക്കഴിഞ്ഞു. രക്തം വർദ്ധിച്ച നിറം കറുപ്പായി മാറി. ഉറക്കിലെന്നപോലെ എന്തോ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു സിഗാനോക്ക് അവിടെ കിടന്നു. ചുവന്ന നുര വായിൽനിന്നു വന്നുകൊണ്ടേയിരുന്നു. അയാളുടെ ദേഹം ഉരുകിയുരുകി നിലത്തോടു പററിച്ചേൎന്നുപോകുന്നതായിത്തോന്നി.

"മൈക്കേൽ ഒരു കുതിരപ്പുറത്തു അച്ഛനെ വിവരമറിയിക്കാൻ പോയിട്ടുണ്ടു.'' യാക്കോവമ്മാമൻ താഴ്ന്ന സ്വരത്തിൽ പറഞ്ഞു. ''ഞാൻ അവനെ ഒരു കൈവണ്ടിയിലെടുത്തിട്ടു ഇങ്ങോട്ടു കൊണ്ടുവരികയും ചെയ്തു. ആ പീഠം ഞാൻ എടുക്കാഞ്ഞതു നന്നായി. എടുത്തിരുന്നുവെങ്കിൽ ഇപ്പോൾ എൻെറ സ്ഥിതി എന്താകുമായിരുന്നു എന്നു ഓൎത്തുനോക്കു!''

ഒരിക്കൽക്കൂടി ആയ സിഗാനോക്കിൻെറ കയ്യിൽ മെഴുകുതിരി പിടിപ്പിക്കുവാൻ നോക്കി. മെഴുകിൻെറ തുള്ളികളും അയാളുടെ

കണ്ണുനീർത്തുള്ളികളും അയാളുടെ കൈപ്പടത്തിൽ വീണുകൊണ്ടിരുന്നു.

"അവൻെറ തലയ്ക്കൽ നിലത്തു മെഴുകുതിരിവെക്കു!" ഗ്രിഗറി വെറുപ്പോടെ പറഞ്ഞു. "അതാണ് ശരി."

"അവൻെറ തൊപ്പി എടുത്തു മാററുക."

ആയ അയാളുടെ തൊപ്പി നീക്കംചെയ്തു. ഐവൻെറ തല ശബ്ദത്തോടെ നിലം സ്പർശിച്ചു. അയാളുടെ തല മറെറാരുഭാഗത്തേക്കു ചരിഞ്ഞുവീണപ്പോൾ വായിൽനിന്നു രക്തം ധാരാളമായൊഴുകുവാൻ തുടങ്ങി. എന്നാൽ ഒരു ഭാഗത്തുകൂടിമാത്രം രക്തം ഇങ്ങിനെ വളരെനേരത്തോളം ഒഴുകിക്കൊണ്ടിരുന്നു. ആദ്യം ഞാൻ വിചാരിച്ചതു അയാൾ കുറച്ചുനേരം വിശ്രമിച്ചു, പിന്നെ എഴുനേററു, പുച്ഛരസത്തിൽ തുപ്പിയുംകൊണ്ടു, അയാളുടെ സാധാരണമട്ടിൽ, "ഫൂ! എന്തൊരു ചൂടു!" എന്നുപറയാൻതുടങ്ങുമെന്നായിരുന്നു.

എല്ലാ ഞായറാഴ്ചയും മുത്താഴം കഴിഞ്ഞുറങ്ങി എഴുനേൽക്കുമ്പോൾ, അയാൾ അങ്ങിനെയാണ് പറയാറുണ്ടായിരുന്നതു്. എന്നാൽ എഴുനേല്ക്കുന്നതിന്നു പകരം, അയാൾ തറയിൽതന്നെ കിടക്കുകയാണ്. തെല്ലിടകൊണ്ടു അയാൾ മെലിഞ്ഞു തറയോടലിഞ്ഞുചേരുന്നതായും തോന്നി. സൂര്യൻ താണുപോയി. മുറിയിലേക്കു കടന്നുവരികയായിരുന്ന രശ്മികൾ കുറുതായി ജനൽപടിയിന്മേൽ മാത്രമെ എത്തിയുള്ളു. സിഗാനോക്കിൻെറ മുഖവും കൈകളും കരുവാളിച്ചുപോയി. വിരലുകൾ അനങ്ങാതായി. വായിൽനിന്നും നുരവരാതെയുമായി. അയാളുടെ തലക്കുചുററുമായി മൂന്നു മെഴുകുതിരികൾ കത്തുന്നു. നീലിച്ച കറുപ്പുകലൎന്ന അയാളുടെ തലമുടിയും രക്തം പുരണ്ട പല്ലുകളും ആ വെളിച്ചത്തിൽ മിന്നിക്കൊണ്ടിരുന്നു. അയാളുടെ കറുത്ത കവിളുകളിലും അവിടവിടെ വെളിച്ചം തട്ടുന്നുണ്ടായിരുന്നു.

ആയ കരഞ്ഞുകൊണ്ടു അയാളുടെ അടുത്തു മുട്ടുകുത്തി.

"ഹാ! ഓമനപ്പിറാവെ, നീ എത്രനല്ലൊരാനന്ദമായിരുന്നു!" അവർ വളരെ താഴ്ന്നസ്വരത്തിൽ പറഞ്ഞു.

എനിക്കു വല്ലാതെ തണുപ്പുതോന്നി. ഭയം തോന്നി. ഞാൻ മേശയുടെ അടിയിൽ പോയൊളിച്ചു. അപ്പോഠം അപ്പാപ്പൻ അദ്ദേഹത്തിൻെറ വലിയ കോട്ടും ധരിച്ചുകൊണ്ടു അടുക്കളയിലേക്കു കടന്നുവന്നു. കഴുത്തിന്നുചുററും തൊങ്ങലോടുകൂടിയ അവരുടെ കോട്ടു ധരിച്ചുകൊണ്ടു അമ്മമ്മയും പിന്നാലെവന്നുകയറി. അവരോടൊപ്പം മൈക്കേലമ്മാമനും, മററുചില അപരിചിതന്മാരും മുറിയിലേക്കു കടന്നുവന്നു.

അപ്പാപ്പൻ കോട്ടു തറയിലേക്കു വലിച്ചെറിഞ്ഞുംകൊണ്ടു ഗർജ്ജിച്ചു.

"ചെററകഠം, ഒരു നല്ല യുവാവിനെ ഇങ്ങിനെ ചതച്ചു നശിപ്പിക്കുക. അഞ്ചുകൊല്ലം കഴിഞ്ഞാൽ അവന്നു അവൻെറ തൂക്കത്തോളം സ്വർണ്ണം വിലനില്ക്കുമായിരുന്നു."

വസ്ത്രങ്ങഠംമറഞ്ഞു എനിക്കു ഐവനെ കാണാൻ കഴിഞ്ഞില്ല. ഞാൻ ഇഴഞ്ഞിഴഞ്ഞു അമ്മാമ്മയുടെ അടുത്തേക്കുമാറിനിന്നു. അമ്മാമന്മാരുടെനേരെ മുഷ്ടിയോങ്ങിയുംകൊണ്ടു അപ്പാപ്പൻ എന്നെ മറെറാരുഭാഗത്തേക്കു തള്ളിയിട്ടു.

"ചെന്നായ്ക്കഠം—നിങ്ങഠം ചെന്നായ്ക്കളാണ്"

പിന്നെ അദ്ദേഹം ഒരു ബെഞ്ചിന്മേൽ പോയിരുന്നു. കൈകൊണ്ടു ബെഞ്ചു മുറുകെപ്പിടിച്ചു വിങ്ങിക്കരഞ്ഞുകൊണ്ടു അദ്ദേഹം ഗൽഗദമായിപ്പറഞ്ഞു.

"എനിക്കറിയാം. നിങ്ങഠംക്കവനെ പൊറുപ്പിക്കാൻ കഴികയില്ല. ഹാ വന്യാ, എൻെറ കുട്ടീ. ഇനി ഞങ്ങഠം എന്തുചെയ്യും. എന്നാണ് ചോദിക്കുന്നതു. കുതിര കിഴവനായി. ജീനിവിററും

പോയി. ദൈവം ഈ അടുത്ത കാലത്തായി നമ്മെ കഷ്ടപ്പെടുത്തുവാൻ ഒരുങ്ങിയിരിക്കയാണ്. നീ എന്തുപറയുന്നു?"

അമ്മമ്മ അവൻെറ അടുത്തായി തറയിൽ വീണുകിടക്കുകയായിരുന്നു. അയാളുടെ തലയും മുഖവും മാറിടവും തൊട്ടുനോക്കി, അയാളുടെ കണ്ണുകളിൽനോക്കി നെടുവീപ്പിട്ടു, അയാളുടെ കൈകഠം പൊക്കിയെടുത്തു തടവി, അവർ പരവശപ്പെട്ടു കിടന്നു. ഒടുക്കം അവർ നിവന്നുനിന്നു. ഒരു വലിയ കറുത്തരൂപം. അവരുടെ കറുത്ത വസ്ത്രങ്ങഠം തിളങ്ങുന്നു അവരുടെ കറുത്ത കണ്ണുകഠം ഭയംതോന്നിക്കുന്നവിധം മിഴിച്ചുകൊണ്ടു അമ്മമ്മ വളരെ താഴ്ന്ന സ്വരത്തിൽപറഞ്ഞു.

"പോ പുറത്തു, ശപിക്കപ്പെട്ട നായ്ക്കളെ"

അച്ഛാച്ഛൻ ഒഴികെ മറ്റെല്ലാവരും അപ്രത്യക്ഷരായി.

സിഗാനോക്കിനെ യാതൊരാഘോഷവുമില്ലാതെ മറവുചെയ്തു.

## IV

വീതിയുള്ള ഒരു കിടക്കയിൽ കിടന്നു, പുതപ്പുകൊണ്ടു ചുററിപ്പുതച്ചു ഞാൻ, അമ്മമ്മ പ്രാത്ഥിക്കുന്നതു ശ്രദ്ധിച്ചു കേഠംക്കുകയായിരുന്നു. അവർ മുട്ടുകുത്തിയിരുന്നു, ഒരു കൈ മാറത്തുവെച്ചു മറെറ കൈകൊണ്ടു ഇടക്കിടെ കുരിശടയാളമുണ്ടാക്കുകയാണ്.

ജനലിന്നപ്പുറത്തു മൂടൽമഞ്ഞു വീഴുന്ന ശബ്ദം കേഠംക്കാം. മഞ്ഞുമൂടി മരവിച്ച ജനലിൻെറ ചില്ലുകളിൽക്കൂടി വരുന്ന ചന്ദ്രിക അമ്മമ്മയുടെ മുഖത്തും, മൂക്കിന്മേലും ഇരുണ്ട കണ്ണുകളിലും പ്രകാശം

വീശി. അവരുടെ തലമുടി മൂടിക്കെട്ടിയിരുന്ന പട്ടുതുണി ഒരു ലോഹ തകിടെന്നപോലെ മിന്നി. ചുമലിൽനിന്നു ഞാന്നുനില്ക്കുന്ന കറുത്ത വസ്ത്രത്തിൻെറ മറെറ അററം തറയിൽ വീണു ചുരുണ്ടുകിടക്കുന്നു.

പ്രാൎത്ഥന കഴിഞ്ഞശേഷം അമ്മമ്മ വസ്ത്രം മാററി എന്നോടൊപ്പം കിടക്കയിൽ വന്നുകിടന്നു. ഞാൻ ഉറങ്ങിപ്പോയതായി നടിച്ചു.

"നിൻെറ നാട്യം മതിയാക്കു, വഷളാ, നീ ഉറങ്ങുന്നില്ല." അവർ ശാന്തമായിപ്പറഞ്ഞു. "നീ ഉറങ്ങുന്നുണ്ടോ കള്ളക്കുറുക്കാ — നോക്കട്ടെ; ആ പുതപ്പിൻെറ ഒരററം എനിക്കും തന്നാട്ടെ."

എന്താണ് ഭാവമെന്നു മനസ്സിലായതുകൊണ്ട് എനിക്കു ചിരിയടക്കാൻ കഴിഞ്ഞില്ല. അവർ ശാസിച്ചു.

"അപ്പോഠം നീ നിൻെറ അമ്മമ്മയെ കളിപ്പിക്കാനാണ് വിചാരിക്കുന്നതു, അല്ലെ?"

പുതപ്പിൻെറ ഒരററം പിടിച്ചു വളരെ വേഗത്തിലും സാമൎത്ഥ്യത്തിലും അവർ ഒരു വലിവലിച്ചു. ഞാൻ മേലോട്ടു തെറിച്ച് കിടക്കയിൽത്തന്നെ വീണു. അവർ പൊട്ടിച്ചിരിച്ചു.

"അങ്ങിനെ വേണം കള്ളച്ചെറുക്കാ—എന്നാലെ നീ പഠിക്കുകയുള്ളൂ."

ചില ദിവസങ്ങളിൽ അവർ വളരെ നേരം പ്രാൎത്ഥിച്ചുംകൊണ്ടിരിക്കും. ഞാൻ ഉറങ്ങിപ്പോകും. അവർ കിടക്കയിൽ കയറിക്കിടക്കുന്നതു ഞാൻ അറിയുകയില്ല.

കുഴപ്പമുള്ള ദിവസങ്ങളിൽ, കലമ്പും കൂട്ടവും നടക്കുന്ന ദിവസങ്ങളിൽ, അവർ ഇങ്ങിനെ വളരെ നേരം പ്രാൎത്ഥന നടത്തും. സംഭവങ്ങളുടെ ഒരു വിശദവിവരണം അമ്മമ്മ ഈശ്വരസമക്ഷം സമൎപ്പിക്കുന്നതു കേഠക്കാൻ വലിയ രസമായിരിക്കും. മുട്ടുകുത്തിയി

രുന്നു, വളരെ വേഗതയോടെ, അവ്യക്തമായ സ്വരത്തിൽ അവർ പ്രാർത്ഥിക്കുവാൻ തുടങ്ങും.

"അങ്ങേക്കറിയാം, ദൈവമെ, ഓരോ ആൺകുട്ടം ഉയർന്നുവരാൻ ആഗ്രഹമുണ്ടായിരിക്കുമെന്ന്. മൈക്കേൽ ഏററവും മൂത്തവനായതുകൊണ്ടു ഇവിടെ, നഗരത്തിൽ താമസിക്കേണ്ടതവനാണ്. പുഴക്കക്കരെ ഒരു പുതിയ സ്ഥലത്തേക്കവനെ അയക്കുന്നതു തെററായിരിക്കും–ആരും പണ്ടങ്ങിനെ ചെയ്തിട്ടില്ല. അതിൻെറ അനന്തരഫലം എന്തായിരിക്കുമെന്നു ആക്കും പറയാനും സാദ്ധ്യമല്ല. എന്നാൽ എൻെറ ഭത്താവിന്നു യാക്കോവിനെയാണ് അധികം ഇഷ്ടം. അച്ഛൻ മക്കൾ തമ്മിൽ വ്യത്യാസം കാണിക്കാൻ പാടുണ്ടോ? കിഴവൻ ഒരു വല്ലാത്ത വാശിക്കാരനാണ്. ദൈവമെ, അങ്ങുന്നു അദ്ദേഹത്തിന്നു നല്ല ബുദ്ധിതോന്നിക്കണേ!"

അമ്മമ്മ അവരുടെ ദൈവത്തോടു ഇങ്ങിനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ, മുറിയിലുള്ള പ്രതിമകളെ അവർ കണ്ണിമക്കാതെ നോക്കുന്നുണ്ടായിരിക്കും.

"മക്കൾക്കു തൻെറ സ്വത്തു ഏതുവിധത്തിലാണ് ഭാഗിച്ചുകൊടുക്കേണ്ടതെന്നു, ദൈവമെ, അങ്ങുന്നദ്ദേഹത്തിന്നു, സ്വപ്നത്തിലെങ്കിലും കാണിച്ചുകൊടുക്കണേ!"

പിന്നെ അവർ കുരിശടയാളമുണ്ടാക്കി, നെററി തറയിൽ മുട്ടുന്നതുവരെ വണങ്ങി, വീണ്ടും എഴുന്നേററു പ്രാർത്ഥന തുടരും.

"എന്തുകൊണ്ടങ്ങുന്നു വാർവാരക്കും ഒരിത്ര സന്തോഷം അനുവദിച്ചുകൊടുക്കുന്നില്ല? ദൈവമെ, അങ്ങയെ അപ്രീതിപ്പെടുത്തുവാൻ അവൾ എന്തുകുററമാണ് ചെയ്തതു? മററുള്ളവരേക്കാൾ അവൾ എന്തുകൊണ്ടാണ് മോശമായിപ്പോയതു? ഇത്ര ശക്തിയും യുവത്വവുമുള്ള ഒരു സ്ത്രീ, ഇത്രയും കഷ്ടപ്പെട്ടു ജീവിക്കേണ്ടിവന്നിട്ടുണ്ടോ? ഗ്രിഗറിഃയാ, ദൈവമെ, അയാളുടെ കണ്ണുകൾ അന്നന്നു മോശമാ

യിവരികയാണ്. കരുടനായിക്കഴിഞ്ഞാൽ ഉപജീവനത്തിനു ഇരക്കുകയല്ലാതെ അയാഠംക്കു മറെറന്താണ് ഗതി? ഇതു ന്യായമാണോ? ഭത്താവിൻെറ കച്ചവടത്തിൽ മുഴവൻ ജീവിതവും ചിലവഴിച്ചിട്ടുള്ള ഒരാളാണയാഠം. എന്നാൽ കിഴവൻ അയാഠംക്കു ഒന്നും കൊടുക്കുകയില്ല ദൈവമെ, പ്രിയപ്പെട്ട ദൈവമെ!"

ഉറങ്ങിപ്പോയപോലെ കൈകഠം താഴ്ത്തി തലകുനിച്ചു വളരെ നേരത്തോളം അവർ അങ്ങിനെ നിശ്ശബ്ദമായിരിക്കും

"പിന്നെയോ?" അവസാനമായി പുരികം ചുളിച്ചുകൊണ്ടവർ തുടരും "വിശ്വാസികളായ എല്ലാവരോടും അങ്ങുന്നു ദയകാണിക്കണം. പാപിയായ എന്നെ അങ്ങുന്നു മാപ്പാക്കണം. വിഡ്ഢിത്തംകൊണ്ടു മാത്രമാണ് ഞാൻ പാപംചെയ്തുപോകുന്നത്. ഞാൻ ക്രൂരമനസ്സയായതുകൊണ്ടല്ല."

അവർ ദീഘമായൊന്നു നെടുവീപ്പിട്ടു വലിയസംതൃപ്തിയോടെ ആവത്തിക്കും

"എന്നാൽ ദൈവമെ, അങ്ങേക്കറിയാത്തതായി, മനസ്സിലാകാത്തതായി, അനുഗ്രഹീതനായ പിതാവെ, ഒന്നുംതന്നെയില്ല."

അമ്മമ്മയുടെ ദൈവത്തെ എനിക്കും വലിയ ഇഷ്ടമായി. ദൈവത്തിന്നു അമ്മമ്മയോടു അത്രക്കടുപ്പവും സ്നേഹവുമുള്ളതായി തോന്നി. പലപ്പോഴും ഞാൻ അവരോടു പറയും:

"ദൈവത്തെക്കുറിച്ചെന്നോടു പറയുക."

അവർ ഒരു പ്രത്യേകസമ്പ്രദായത്തിലാണ് ദൈവത്തെക്കുറിച്ചു സംസാരിക്കുക. ഒരിടത്തിരുന്നു ശാന്തമായ സ്വരത്തിൽ അവർ പറയാൻ തുടങ്ങും. എഴുന്നേററു കുത്തിയിരുന്നു, തലയിൽ ഒരു റുമാൽ മൂടിക്കെട്ടി, ഞാൻ ഉറങ്ങുന്നതുവരെ, ദൈവത്തെക്കുറിച്ചു സംസാരിക്കാറുള്ളതു ഞാൻ ഇപ്പോഴും ഓക്കുന്നു.

"സ്വർഗ്ഗത്തിൽ, ചുററും പരന്ന മൈതാനങ്ങളുള്ള ഒരു കുന്നിന്മേലാണ് ദൈവം ഇരിക്കുന്നതു്. എല്ലായ്പ്പോഴും പുഷ്പം നിറഞ്ഞു നില്ക്കുന്ന ഒരു ഭംഗിയുള്ള വൃക്ഷത്തിൻെറ ചുവട്ടിൽ, ഇന്ദ്രനീലക്കല്ലു കൊണ്ടുണ്ടാക്കിയ ഒരു സിംഹാസനത്തിന്മേലാണദ്ദേഹം ഇരിക്കുന്നതു. സ്വർഗ്ഗത്തിൽ ശീതകാലവും ശരൽക്കാലവുമെന്ന വ്യത്യാസമില്ല. അതുകൊണ്ടു എല്ലാ വൃക്ഷങ്ങളിലും എല്ലാ കാലത്തും പൂക്കുലകറം തൂങ്ങിനില്ക്കുന്നുണ്ടായിരിക്കും. സ്വർഗ്ഗത്തിലെ സന്യാസിമാക്കും എപ്പോഴും പരമാനന്ദമാണ്. ദൈവത്തിന്നു ചുററുമായി അനേകശതം ദൈവദൂതന്മാർ പറന്നുകൊണ്ടിരിക്കുന്നുണ്ടായിരിക്കും. സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കും, ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കും സദാ പറന്നുനടന്നു, ഭൂമിയിലെ ജീവികളായ നമ്മെക്കുറിച്ചുള്ള വിവരങ്ങളെല്ലാം ദൈവത്തെ അറിയിച്ചുംകൊണ്ടു, ഹിമക്കട്ടപോലെ വെളുത്ത തേനീച്ചക്കൂട്ടംപോലെ, പ്രാവുകളുടെ കൂട്ടമെന്നപോലെ, ദൈവദൂതന്മാർ, ദൈവത്തിന്നു ചുററുമായി കഴിഞ്ഞുകൂടുകയാണ്. മനുഷ്യരിൽ ഓരോ ആറംക്കും ഓരോ ദൈവദൂതനുണ്ടു. നിനക്കും അപ്പൂപ്പന്നും, എനിക്കും ഓരോ ദൈവദൂതനുണ്ടു. കാരണം ദൈവത്തിൻെറ ദൃഷ്ടിയിൽ, അദ്ദേഹത്തിൻെറ എല്ലാ സൃഷ്ടികളും ഒരുപോലെയാണ്. നിൻെറ ദൈവദൂതൻ ഇപ്പോറം ഇവിടെ വന്നു ദൈവത്തെ അറിയിക്കും: "അലക്സേയി അവൻെറ അപ്പൂപ്പനെ നോക്കി, നാവു നീട്ടി." അപ്പോറം ദൈവം കല്പിക്കും: "ആ കിഴവൻ അവന്നു നല്ല പ്രഹരംകൊടുക്കട്ടെ." അങ്ങിനെയാണ് എല്ലാവരെക്കുറിച്ചും എല്ലാ കാര്യങ്ങളെക്കുറിച്ചും അദ്ദേഹം കല്പിക്കുന്നതു. എല്ലാവക്കും അതാതാറം അർഹിക്കുന്ന പ്രതിഫലം ലഭിക്കുന്നു. ചിലക്കു ദുഃഖവും മററുള്ളവക്കു സന്തോഷവും. ദൈവദൂതന്മാർ സന്തോഷത്തോടെ, അവരുടെ ചിറകുകളടിച്ചു പാട്ടുപാടിക്കൊണ്ടിരിക്കുന്നതു എത്ര നല്ലൊരു കാഴ്ചയാണ. "ദൈവം, സ്വർഗ്ഗസ്ഥനായ ദൈവം, പുകഴ്ത്തപ്പെടേണ്ടവനാണ്." അദ്ദേഹം പുഞ്ചിരിയിട്ടുംകൊണ്ടു അവരോടു പറയും: "ശരി, എനിക്കു സന്തോഷമായി, നിങ്ങറം നിങ്ങളുടെ കടമകറം നിവ്വഹിക്കുക."

ഇത്രയുംപറഞ്ഞു അമ്മമ്മ പുഞ്ചിരിയിടുകയും തലയാട്ടുകയും ചെയ്യും.

"നിങ്ങറം ഇതെല്ലാം കണ്ടിട്ടുണ്ടോ?"

"ഞാൻ കണ്ടിട്ടില്ല. എനിക്കു അതറിയാം." അവർ പ്രസന്നതയോടെ മറുപടിപറയും.

ദൈവത്തേയും, സ്വർഗ്ഗത്തേയും, ദൈവദൂതന്മാരേയും കുറിച്ചു പറയുമ്പോഴെല്ലാം അവർ ചെറുതായിത്തീരുന്നതു കാണാം. അവരുടെ മുഖത്തെ ചുളിവുകറം മാഞ്ഞുപോകുന്നതായി കാണാം. നനഞ്ഞ കണ്ണുകളിൽ ഒരു പ്രകാശം വീശുന്നതായി കാണാം. അവരുടെ തലമുടി എൻെറ കഴുത്തിൽ ചുററി ഈ കഥകറംകേട്ടു സന്തോഷിച്ചു, ഞാൻ നിശ്ചലനായിരിക്കും.

"മർത്ത്യന്മാരായ നമുക്കു ദൈവത്തെ കാണാൻ അർഹതയില്ല. ദൈവത്തെ കാണാൻ ഒരുമ്പെട്ടാൽ നാം അന്ധന്മാരായിപ്പോകും. സന്യാസിമാക്കു മാത്രം അദ്ദേഹത്തെ കാണാൻ കഴിയും. എന്നാൽ ദൈവദൂതന്മാരെ ഞാൻ കണ്ടിട്ടുണ്ട്. ഹൃദയത്തിൽനിന്നും എല്ലാ കാലുഷ്യങ്ങളും അകററിയാൽ, ഹൃദയം പരിശുദ്ധമായാൽ ദൈവദൂതന്മാരെ കാണാം. ഒരു ദിവസം രാവിലെ പ്രാർത്ഥനായുടെ സമയത്തു ഞാൻ പള്ളിയിൽ നില്ക്കുകയായിരുന്നു. അപ്പോറം പ്രസംഗപീഠത്തിന്നരികിലായി രണ്ടു ദൈവദൂതന്മാർ നില്ക്കുന്നതു ഞാൻ കണ്ടു. മൂടൽമഞ്ഞുപോലെയായിരുന്നു അവരുടെ രൂപം. എന്തൊരു പ്രകാശമായിരുന്നു! തറയോളമെത്തുന്ന ചിറകുകറം! മനോഹരമായ ചിറകുകറം! വൃദ്ധനായ ഇല്യാ എന്ന പാതിരിയച്ചനെ സഹായിച്ചുംകൊണ്ടു അവർ സിംഹാസനത്തിന്നു ചുററും നീങ്ങിക്കൊണ്ടിരുന്നു. പാതിരിയച്ചൻ പ്രാർത്ഥിക്കുവാൻ കൈകറം ഉയർത്തുമ്പോറം, അവർ അദ്ദേഹത്തിൻെറ കൈമുട്ടുകറം താങ്ങിക്കൊടുക്കും. അദ്ദേഹം അവശനായിരുന്നു; കുരുടനുമായിരുന്നു. അതുകൊണ്ടു കൂടക്കൂടെ തടഞ്ഞുവീഴും—വളരെക്കഴിയാതെ അദ്ദേഹം മരിച്ചു—

ദൈവദൂതന്മാരെ കണ്ടപ്പോ:ൾ, എനിക്ക എന്തെന്നില്ലാത്ത ആനന്ദം തോന്നി. സന്തോഷംകൊണ്ട എനിക്ക പ്രജ്ഞയില്ലാതാകുന്ന പോലെ തോന്നി. എൻെറ ഹൃദയം തകരാൻ പോകുകയാണെന്നു ഞാൻ വിചാരിച്ചു എൻെറ കണ്ണുകളിൽനിന്നു കണ്ണുനീർ ധാര യായൊഴുകി. ഹാ, അതെന്തൊരാനന്ദമായിരുന്നു! സ്വർഗ്ഗസ്ഥ നായ ദൈവത്തിൻെറ കാര്യങ്ങൾ എത്ര ഭംഗിയായി നിവ്വഹിക്ക പ്പെടുന്നു! എൻെറ കൊച്ചുകുഞ്ഞേ, അല്യോഷാ, ഇവിടെ ഭൂമി യിലും കാര്യങ്ങൾ എത്ര ഭംഗിയായി നടക്കുന്നു!"

"ഇവിടെ നമ്മുടെ വീട്ടിലുമോ?"

"അതെ, എല്ലായിടത്തും. കന്യാമറിയം പുകഴ്ത്തപ്പെടട്ടെ." കുരിശുവരച്ചുംകൊണ്ട അമ്മമ്മ മറുപടി പറഞ്ഞു.

ഇതു എനിക്ക മനസ്സിലായില്ല. ഞങ്ങളുടെ വീട്ടിൽ എല്ലാ കാര്യങ്ങളും ഭംഗിയായി നടക്കുന്നു എന്നു സമ്മതിക്കുവാൻ എനിക്ക വിഷമംതോന്നി. വീട്ടിൽ ഓരോ ദിവസം കഴിയുന്തോറും കുഡും ബാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ശിഥിലമായിക്കൊണ്ട വരിക യായിരുന്നു.

ഒരു ദിവസം മൈക്കേലമ്മാമൻെറ മുറിയുടെ മുൻവശത്തു കൂടി കടന്നുപോകുമ്പോൾ, വെള്ളവസ്ത്രം ധരിച്ചു, മാറിൽ കയ്യ മത്തിവെച്ചു, മുറിയിൽ ചുററും ഓടിനടന്നുകൊണ്ട, നടാല്യാ അമ്മായി, ദയനീയമായ സ്വരത്തിൽ നിലവിളിക്കുന്നതു കേട്ടതു എൻെറ ഓർമ്മയിൽ വന്നു.

"അല്ലയോ ദൈവമെ! എന്നെ ഇവിടെനിന്നും കൊണ്ടുപോ കണെ. എന്നെ പോകാൻ അനുവദിക്കണെ."

എനിക്കവരുടെ പ്രാത്ഥനയുടെ അത്ഥം മനസ്സിലായി ഗ്രിഗറി പറഞ്ഞ വാക്കുകളുടെ അത്ഥവും മനസ്സിലായി.

"എനിക്കു തീരെ കണ്ണുകാണാതായാൽ ഞാൻ ഇരന്നു നടക്കും. അതാണ് ഇതിലും ഭേദം."

അയാറം വേഗം കുരുടനാകട്ടെ എന്നു ഞാൻ ആശിച്ചു. എന്നാൽ ഉപജീവനമാർഗ്ഗം അന്വേഷിച്ചു ഇരന്നു നടക്കുന്ന അയാറംക്കു വഴികാണിച്ചുകൊടുത്തുംകൊണ്ടു എനിക്കും ലോകം മുഴുവനും ചുററിസ്സഞ്ചരിക്കാമല്ലൊ എന്ന് ഞാൻ ആശിച്ചു ഈ ആഗ്രഹത്തെക്കുറിച്ചു ഒരു ദിവസം ഞാൻ ഗ്രിഗറിയോടു പറഞ്ഞു. അയാറം ചിരിച്ചു. താടിതടവിക്കൊണ്ടു അഭിപ്രായപ്പെട്ടു.

"വളരെ നല്ലതു. നമുക്കു ഒപ്പം പോകാം. എല്ലാവരും കേറംക്കെ ഞാൻ തെരുവിൽനിന്നുകൊണ്ടു വിളിച്ചുപറയും 'ചായക്കമ്പിനിയുടെ ഉടമയായ വാസിലി കാശിറിൻെറ പൌത്രനാണിത്.' അതു നല്ലതമാശയായിരിക്കും. വളരെ നല്ലതു."

നടാല്യാ അമ്മായിയുടെ ചുണ്ടു വീങ്ങിയനിലയിൽ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു. അവരുടെ മഞ്ഞനിറമുള്ള മുഖത്തു കരുത്തു നീലിച്ച അടയാളങ്ങളുമുണ്ടായിരിക്കും.

"അമ്മാമൻ അവരെ അടിക്കാറുണ്ടോ?" ഞാൻ അമ്മമ്മയോടു ചോദിച്ചു.

"ആരും കാണാതെ—അവൻ നശിച്ചുപോകും" അവർ നെടുവീർപ്പിട്ടുംകൊണ്ടു പറഞ്ഞു. "നിൻെറ അച്ഛാച്ഛൻ അതനുവദിക്കുകയില്ല. അതുകൊണ്ടു അവൻ രാത്രിയാണവളെ അടിക്കുക. അവൻ ഒരു നീചനാണ്. അവറംക്കു നട്ടെല്ലുമില്ല"

അമ്മമ്മ രസംപിടിച്ചപോലെ കഥ തുടരും.

"അവൻ പണ്ടത്തെപ്പോലെ ഇപ്പോറം അവളെ അടിക്കാൻ ധൈര്യപ്പെടുന്നില്ല. ചിലപ്പോറം അവൻ അവളുടെ പല്ലിന്മേലോ ചെകിടത്തോ ആഞ്ഞിടിക്കും. അല്ലെങ്കിൽ കുറെ നേരം അവളുടെ മുടി പിടിച്ചുവലിക്കും. പണ്ടൊക്കെ അവൻ വളരെ

മണിക്കൂറുകളോളം അവളെ ഭേദ്യംചെയ്തുകൊണ്ടിരിക്കാറുണ്ടായിരുന്നു — ഒരിക്കൽ ഈസ്റ്റർ ദിവസം നിൻെറ അച്ഛാച്ഛൻ രാവിലെ തൊട്ടു വൈകുന്നേരംവരെ എന്നെ മട്ടിച്ചുകൊണ്ടിരുന്നു. കുറെ അടിക്കും—പിന്നെ കുറെ വിശ്രമിക്കും. വീണ്ടും അടിക്കും—വീണ്ടും വിശ്രമിക്കും. അതും കുതിരച്ചമ്മട്ടികൊണ്ടോ, കയ്യിൽ കിട്ടിയ മറേറതെങ്കിലും സാധനംകൊണ്ടോ.''

"എന്തിന്നു?"

"ഇപ്പോഠം എനിക്കോമ്മതോന്നുന്നില്ല. ഒരിക്കൽ ഞാൻ ബോധംകെട്ടു വീഴുന്നതുവരെ അദ്ദേഹം എന്നെ അടിച്ചു — പിന്നെ തുടച്ചയായി അഞ്ചു ദിവസങ്ങളോളം എന്നെ പട്ടിണികിടത്തി. ഞാൻ ബാക്കിയായതു് വളരെ ആശ്ചര്യമാണു്. അല്ലെങ്കിൽ വീണ്ടും...........''

"അദ്ദേഹം നിങ്ങളേക്കാഠം അത്രക്കെല്ലാം ശക്തനാണോ?"

"എന്നെക്കാഠം ശക്തനല്ല. എന്നെക്കാഠം അദ്ദേഹത്തിന്നു പ്രായമുണ്ടു്. കൂടാതെ, അദ്ദേഹം എൻെറ ഭത്താവല്ലെ? അദ്ദേഹത്തെയാണു് ദൈവം എൻെറ രക്ഷിതാവായി നിശ്ചയിച്ചതു്. ആ മട്ടനമെല്ലാം സഹിക്കാൻ ദൈവം എന്നോടു് കല്പിച്ചു"

അമ്മമ്മ പ്രതിമകളിന്മേൽ പററിനില്ക്കുന്ന അഴുക്കുകഠം തുടച്ചു കളഞ്ഞു പീഠത്തിന്മേൽ അണിനിരത്തുന്നതു കാണുന്നതു എനിക്കിഷ്ടമായിരുന്നു. അവർ വളരെ വിനയത്തോടുകൂടി മാത്രമെ ആ പ്രതിമകഠം സ്പശിക്കാറുണ്ടായിരുന്നുള്ളു.

''എത്ര മധുരമായ മുഖം''

അവയെ ചുംബിച്ചു കുരിശുവരച്ചുംകൊണ്ടവർ പറയും.

"എല്ലാം പൊടിയും കരിയും പുരണ്ടിരിക്കുന്നു. സവ്വശക്തയായ ദൈവമാതാവു് സന്തോഷം പൊഴിച്ചുകൊണ്ടിരിക്കുകയാണു്. നോക്കു അല്യോഷാ, ഇവ എത്ര മനോഹരമായിരിക്കുന്നു. എത്ര

ചെറിയ വിരലുകൾ. ഓരോന്നും വേറെ വേറെ നില്ക്കുന്നു. ഇതിൻെറ പേർ "പന്ത്രണ്ടു കല്പനദിവസങ്ങൾ" എന്നാണ്. മദ്ധ്യത്തിൽ ഫിയഡോറോവ്സ്കി കന്യകയും. എത്ര ദയാലുവായ ഒരു മഹിള്ലാരത്നം. ഇതു "അമ്മെ എൻെറ ശവക്കുഴിക്കടുത്തുവെച്ചു കരയരുതു" എന്ന പ്രതിമയാണ്.

എൻെറ മച്ചുനിച്ചി കേതറിന, അവളുടെ പാവകളെക്കൊണ്ടു കളിക്കാറുള്ളതുപോലെ, അമ്മമ്മ ഈ പ്രതിമകളെക്കൊണ്ടു, കാര്യമായും വിശ്വസനീയമായും വളരെ നേരം കളിച്ചുകൊണ്ടിരിക്കാറുണ്ടു.

ചിലപ്പോൾ അവർ ചെകുത്താന്മാരെയും ഒററക്കും കൂട്ടായും കാണാറുണ്ടായിരുന്നു.

"ഒരു രാത്രി ലെൻറിൽവെച്ചു, ഞാൻ റഡോൾഫിൻെറ വീട്ടിന്നടുത്തുകൂടി പോകുകയായിരുന്നു. നല്ല ചന്ദ്രികയുള്ള സമയം. മേൽപുരയിൽ പുകമാടത്തിൻെറ അടുത്തായി, കറുത്ത എന്തോ ഒന്നു, കാൽകവച്ചുവെച്ചു നടക്കുന്നതായെനിക്കുതോന്നി. അതു വളരെ വലിയ രോമംകൊണ്ടു മൂടിയ ഒരു സത്വമായിരുന്നു. കൊമ്പുകൾ പുകക്കുഴലിൽ താഴ്ത്തി മുരണ്ടു മണപ്പിച്ചു, വാൽ പുരപ്പുറത്തടിച്ചുംകൊണ്ടു അതു ചുററിനടക്കുകയാണ്. ഞാൻ കുരിശടയാളം വരച്ചുകൊണ്ടു പറഞ്ഞു; "ശത്രുക്കളെ അമ്പരപ്പിക്കുംവണ്ണം യേശു വീണ്ടും ഉയിർത്തെഴുന്നേല്ക്കും." ആ സത്വം നിലവിളിച്ചുംകൊണ്ടു താഴത്തേക്കു തുള്ളിവീണു. അതു പേടിച്ചുപോയി. ഒരുപക്ഷെ റഡോൾഫ് കുടുംബക്കാർ വ്രതം മുറിക്കുന്നതിന്നുവേണ്ടി എന്തോ ഭക്ഷണസാധനം പാകംചെയ്യുന്നതായിരിക്കും. അതു മണത്തറിഞ്ഞു ആ സത്വം അവിടെ വന്നതായിരിക്കും."

ചെകുത്താൻ മുററത്തേക്കു തലകുത്തിമറിഞ്ഞു വീഴുന്ന കാഴ്ചയോർത്തു ഞാൻ ചിരിച്ചു. അമ്മമ്മയും എന്നോടൊപ്പം ചിരിച്ചു.

“ചെറുകുട്ടികളെപ്പോലെ ചെകുത്താന്മാൎക്കു കുസൃതികളിക്കുന്നതു വലിയ ഇഷ്ടമാണ്. ഒരുദിവസം അൎദ്ധരാത്രി, ഞാൻ കുളിമുറിയിൽവെച്ചു പാത്രങ്ങരം കഴുകുകയായിരുന്നു. അപ്പോരം പെട്ടെന്നു കുസിനിയുടെ വാതിൽ തള്ളിത്തുറന്നു കുറെ ചെകുത്താന്മാർ, കുളിമുറിയിലേക്കു തള്ളിക്കയറി. ചെറിയതു, അതിലും ചെറിയതു, ചുകന്നതു, പച്ച, കറുപ്പ് ഇങ്ങിനെ എല്ലാ നിറത്തിലുമുള്ളവർ. ക്ഷുറകരം കയറിവരുമ്പോലെ. ഞാൻ വാതില്ക്കലേക്കോടി. എന്നാൽ അവർ എന്നെ വിട്ടില്ല. ഞാൻ കുളിമുറിയിൽ ഒരു തടവുകാരിയാക്കപ്പെട്ടു-ചെകുത്താന്മാരോടൊപ്പം. അവർ എൻെറ കാലിന്നടിയിൽ കടിച്ചും, നുള്ളിയും, കുത്തിയും എന്നെ അലോസരപ്പെടുത്തി. അവരെ ഓടിച്ചുകളയുന്നതിന്നുവേണ്ടി, കുരിശടയാളംവരക്കാൻ പോലും എനിക്കു സൌകൎയ്യപ്പെട്ടില്ല. അവരുടെ ദേഹം മൃദുവായിരുന്നു. ചൂടോടുകൂടിയതു. പൂച്ചക്കുട്ടികളെപ്പോലെ പിൻകാലിന്മേൽ നിന്നുകൊണ്ടു, തിരിഞ്ഞും തുള്ളിയും, ചുണ്ടെലികളുടെതുപോലുള്ള പല്ലുകരം ഇളിച്ചുകാട്ടിയും, മുളച്ചുപൊന്തിയ തലകളാട്ടിയും, പന്നികളുടെതുപോലുള്ള വാലുകരം വീശിയുംകൊണ്ടു, ആ ചെകുത്താന്മാർ ആ മുറിയിൽ തിക്കിത്തിരക്കി. എൻെറ ഈശ്വരാ, ഞാനെങ്ങിനെ വിഷമിച്ചു! എനിക്കു ബോധമില്ലാതായി. ബോധം വന്നപ്പോരം മെഴുകുതിരി കത്തിത്തീൎന്നിരിക്കുന്നു. പാത്രം കഴുകാൻ കൊണ്ടുവെച്ച വെള്ളം തണുത്തിരിക്കുന്നു. കഴുകാനുള്ള പാത്രങ്ങരം തറയിൽ ചിതറിക്കിടക്കുന്നു. “ഫൂ!” ഞാൻ വിചാരിച്ചു. “നിങ്ങരം നശിച്ചുപോകട്ടെ! ചെകുത്താന്മാരെ!”

ഞാൻ എൻെറ കണ്ണുകരം അടച്ചു. കല്ലുകൊണ്ടു പണിത കുസിനിയുടെ വാതിൽ തുറന്നുകിടക്കുന്നതു എനിക്കു കാണാൻ കഴിഞ്ഞു. ഒരുകൂട്ടം കുട്ടിപ്പിശാചുക്കരം കുളിമുറിയിലേക്കു തള്ളിക്കേറുന്നതു ഭാവനയിൽക്കൂടി ദൎശിക്കുവാൻ എനിക്കു സാധിച്ചു. ഓരിക്കുറുക്കൻെറതുപോലുള്ള അവരുടെ ചുകന്ന നാക്കുകരം ഞാൻ കാണുന്നതായിത്തോന്നി. അതു വലിയ തമാശയാണ്; എന്നാൽ ഭയങ്കര

വുമാണ്." അമ്മമ്മ ഒരു മിനുട്ടുനേരം ഒന്നും പറയാതെ തലയാട്ടി ക്കൊണ്ടിരുന്നു. ഉടനെ അവർ വീണ്ടും ഭാവനാലോകത്തിൽ സഞ്ച രിക്കാൻ തുടങ്ങി.

"ശപിക്കപ്പെട്ട കുട്ടരെയും ഞാൻ കണ്ടിട്ടുണ്ടു. അതും ശീത കാലത്തു രാത്രി, മഞ്ഞുകാററടിച്ചുംകൊണ്ടിരിക്കുമ്പോഴായിരുന്നു. ഡുക്കോവ് നീച്ചാൽ മുറിച്ചുകടക്കുകയായിരുന്നു ഞാൻ. ഞാൻ നിന്നോടു പറഞ്ഞിട്ടുണ്ടു, അവിടെവെച്ചു മൈക്കേലും യാക്കോവും നിൻെറ അച്ഛാച്ഛനെ, ഒരു കുണ്ടിൽ തള്ളിയിട്ടു കൊലപ്പെടുത്താൻ ശ്രമിച്ചു എന്നു. ഞാൻ അവിടെക്കു പോകുകയായിരുന്നു. ഞാൻ നീർചാലിൽ ഇറങ്ങി മദ്ധ്യത്തിലെത്തി. പെട്ടന്നതാ ഒരു ചൂളംവിളി. ഒരു നീണ്ട നിലവിളി. ഞാൻ മേലോട്ടു നോക്കി. കറുത്ത നിറ മുള്ള കുറെ കുതിരകളെപ്പൂട്ടിയ ഒരു വണ്ടി എൻെറ നേരെ ഓടി ച്ചുവന്നു. ചുകന്നുരുണ്ട ഒരു ചെറിയ ചെകുത്താൻ, തലയിൽ ചുക നുകൂർത്ത ഒരു തൊപ്പി ധരിച്ചുകൊണ്ടു, കൈവീശിയുംകൊണ്ടു കുതിരകളെ ചങ്ങലപിടിച്ചു—കടിഞ്ഞാണല്ല—ഓടിക്കുന്നു. കുതിര കാംക്ക നീർച്ചാൽ കടക്കാൻവയ്യെന്നായപ്പോഠം, അവ മഞ്ഞുമൂടി നില്ക്കുന്ന ഒരു കുഴിയുടെ നേരെ ഓടി. വണ്ടിയിൽവേറെ അനേകം ചെകുത്താന്മാർ, തൊപ്പി വീശിക്കൊണ്ടു, ചൂളംവിളിക്കുകയും അട്ട ഹസിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അങ്ങിനെ ഏഴുവണ്ടികഠം ചെകുത്താന്മാരെയും വഹിച്ചുകൊണ്ടു ഞാൻ നില്ക്കുന്ന സ്ഥലത്തു കൂടി കടന്നുപോയി. എല്ലാ വണ്ടികഠംക്കും കറുത്ത കുതിരകളെ യാണ പൂട്ടിയിരുന്നതു്, വണ്ടിയിലാകട്ടെ ശപിക്കപ്പെട്ട ആളുകളും. അങ്ങിനെയുള്ളവരെ ദ്രോഹിക്കുന്നതു ചെകുത്താന്മാക്കു വലിയ ഇഷ്ട മാണ്. ചെകുത്താന്മാർ അങ്ങിനെയുള്ള ആളുകളെ തിരഞ്ഞുപി ടിച്ചു വണ്ടിയിൽ വലിച്ചിട്ടു ഓടിച്ചുപോയി രാത്രിയിൽ പല തമാ ശകളും കാണിക്കും. ഞാൻ അന്നു കണ്ടതു ഒരു ചെകുത്താൻെറ വിവാഹയാത്രയായിരുന്നു........"

അമ്മമ്മ ലളിതമായും, വിശ്വാസത്തോടെയും സംസാരിക്കുന്നതു കണ്ടാൽ, അവർ പറയുന്നതു മുഴുവൻ സത്യമാണെന്നു ആക്കും തോന്നാതിരിക്കയില്ല.

കൊള്ളക്കാരിയായ യെങ്കൽഷേവാ രാജകുമാരിയോട്ട, റഷ്യക്കാരെ കൊള്ളയടിക്കുകയും തല്ലിക്കൊല്ലുകയും ചെയ്യരുതെന്നഭ്യർത്ഥിച്ചുകൊണ്ടു കന്യാമറിയം മുള്ളുനിറഞ്ഞ വഴികളിൽക്കൂടി, ഈ ലോകം മുഴുവനും ചുററിനടന്ന കഥ വിവരിക്കുന്ന കവിതകൾ അവർ പാടികേൾക്കുന്നതു ഏററവും വലിയ ഒരാനന്ദമാണ്. ദൈവത്തിൻെറ സേവകനായ അലക്സേയിയെക്കുറിച്ചുള്ള കവിത, ഐവൻ എന്ന യോദ്ധാവിനെപ്പററിയുള്ള കവിത, ബുദ്ധിമാനായ വേസലിസയെക്കുറിച്ചുള്ള കഥകൾ, ഇവയെല്ലാം അമ്മമ്മ പാടുന്നതും പറയുന്നതും കേൾക്കേണ്ടതാണ്. കവിതകളുടെയും കഥകളുടെയും ഇതിഹാസങ്ങളുടെയും ഒരു കലവറയാണവർ. ആ കലവറ ഒരിക്കലും തീൻറുപോകയില്ല.

അവക്കാളുകളെപ്പേടിയില്ല; അപ്പാപ്പനെപ്പോലും. ചെകുത്താന്മാരേയും പിശാചുക്കളെയും പേടിയില്ല. എന്നാൽ അവക്കു കൂറകളെ വലിയ ഭയമാണ്. അവ വരുന്നുണ്ടെങ്കിൽ വളരെ ദൂരത്തുനിന്നുതന്നെ അവർ മണത്തറിയും. ചിലപ്പോൾ അദ്ധ്രാത്രി അവർ എന്നെ വിളിച്ചുണത്തി മെല്ലെ മന്ത്രിക്കും.

"അല്യോഷാ, മോനെ, അതാ ഒരു കൂറ ഇഴഞ്ഞു വരുന്നു; യേശുവിനെ വിചാരിച്ചു അതിനെ കൊല്ലൂ."

ഉറക്കം നല്ലപോലെ ഉണരാതെ, മെഴുകതിരി കത്തിച്ചു, മുട്ടുകുത്തി ഇഴഞ്ഞിഴഞ്ഞു, തറയിലങ്ങോളം ഞാൻ ഈ ശത്രുക്കളെ തിരഞ്ഞു നടക്കും എന്നാൽ അധികവും എൻെറ പരിശ്രമങ്ങൾ വിജയിക്കാറില്ല.

''ഒന്നിനെയും കാണുന്നില്ല.'' ഞാൻ പറയും. ആകെ മൂടിപ്പുതച്ചു അനങ്ങാതെ കിടക്കുന്നിടത്തുനിന്നു അവർ കിതച്ചുകൊണ്ടു പറയും

"ഓ, ഉണ്ട്. അതവിടെ ഉണ്ട്. നീ തിരഞ്ഞുകൊണ്ടിരിക്കു, ഞാൻ നിന്നോടപേക്ഷിക്കുന്നു. അതവിടെയുണ്ട്. എനിക്കറിയാം."

അവർ പറയുന്നതു ശരിയായിരിക്കുകയും ചെയ്യും. കിടക്കയിൽനിന്നും വളരെ അകലത്തായി ചില ക്കുറകൾ ഉണ്ടായിരിക്കും.

"നീ അതിനെ കൊന്നോ! ഈശ്വരോ രക്ഷ. ഞാൻ നിനക്കു നന്ദിപറയുന്നു മോനേ!" പുതപ്പു വലിച്ചെറിഞ്ഞു സന്തോഷത്തോടെ പുഞ്ചിരിയിട്ടുംകൊണ്ടവർ പറയും.

എനിക്കു ക്കുറയെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ അമ്മമ്മ അന്നുറങ്ങുകയില്ല. കിതച്ചുകൊണ്ടവർ മെല്ലെ പറയും: "അതാ, അതു വാതിലിന്നടുത്താണുള്ളത്. ഇപ്പോൾ അതു ആ പെട്ടിയുടെ അടിയിൽ പോയിട്ടുണ്ട്."

"നിങ്ങൾക്കെന്താണ് ക്കുറകളെ ഇത്ര പേടി?"

"അവയെക്കൊണ്ടെന്താണ് ഉപകാരം?" അവർ ബുദ്ധിപൂർവ്വം മറുപടി പറയും. "ഇഴഞ്ഞിഴഞ്ഞുപോകുന്ന കറുത്ത ചെകുത്താന്മാർ—ദൈവം ഏററവും നികൃഷ്ടമായ സൃഷ്ടിയെക്കൊണ്ടുപോലും ചില ഉപയോഗങ്ങൾ ഉദ്ദേശിച്ചിട്ടുണ്ട്. ചേരട്ടയെ കണ്ടാൽ, മുറിക്കകത്തു തണുപ്പുകേറിയിട്ടുണ്ടെന്നറിയാം; കിടക്കയിൽ മൂട്ടയുണ്ടായാൽ, ചുമരുകൾ വൃത്തികേടായിട്ടുണ്ടെന്നറിയാം. തലയിൽ പേനുണ്ടെങ്കിൽ രോഗംവരുന്നുണ്ടെന്നു തീർച്ച. ഇതെല്ലാം ശരിയാണ്. എന്നാൽ ക്കുറയെക്കൊണ്ടെന്തൊരു കാര്യമാണുള്ളതെന്നു ആക്കും നിശ്ചയമില്ല. അവക്കു ജീവിക്കാൻ എന്താണർഹതയുള്ളത്?"

•

ഒരിക്കൽ അവർ മുട്ടുകുത്തിയിരുന്നു ഈശ്വരനുമായി വളരെ കാര്യമായി സംഭാഷണംചെയ്തുകൊണ്ടിരിക്കെ, അപ്പാപ്പൻ വാതിൽ തള്ളിത്തുറന്നു പരുക്കൻ സ്വരത്തിൽ വിളിച്ചുപറഞ്ഞു:

"ശരി, ഈശ്വരൻ വന്നിട്ടുണ്ട്, അല്ലേ? നന്നായി. പ്രവൃത്തിശാലക്കു തീ പിടിച്ചിരിക്കുന്നു."

"എന്തു്?" ഞെട്ടിപ്പിടഞ്ഞെഴുന്നേററുകൊണ്ടു അമ്മമ്മ നിലവിളിച്ചു. അവർ രണ്ടുപേരും ഇരുളിൽ പൂമുഖത്തുകൂടി വെളിയിലേക്കോടി.

"യവ്ജീനിയ പ്രതിമകളെയെടുക്കു, നടാല്യാ കുട്ടികളെ പുറത്തുകൊണ്ടുപോകു," അമ്മമ്മ ഉറക്കെ ദൃഢസ്വരത്തിൽ കല്പിച്ചു.

"ആ....ആ........" അപ്പൂപ്പൻ നിലവിളിച്ചു. ഞാൻ അടുക്കളയിലേക്കോടി. മുററത്തിൻെറ ഭാഗത്തുള്ള ജനൽ സ്വർണ്ണം പോലെ തിളങ്ങുന്നു. തറയിൽ സ്വർണ്ണനിറത്തിലുള്ള വൃത്തങ്ങൾ അങ്ങിങ്ങായി കാണുന്നു. യാക്കോവമ്മാമൻ കാലിൽ ബൂട്ട്സ് വലിച്ചിട്ടുംകൊണ്ടു, ഈ വൃത്തങ്ങളിൽ ചവിട്ടി പൊള്ളിയപോലെ, തുള്ളിക്കൊണ്ടു നടന്നു. അദ്ദേഹം വിളിച്ചുപറഞ്ഞു:

"ആഹാ, മൈക്കേലാണ് തീ വെച്ചതു്. തീവെച്ചോടിക്കളഞ്ഞു."

"ശ്, ശ് –പട്ടിനായെ," അദ്ദേഹം മറിഞ്ഞുവീഴത്തക്കവണ്ണം അദ്ദേഹത്തെ വാതിലിൽകൂടി തള്ളിപ്പുറത്താക്കിയുംകൊണ്ടു അമ്മമ്മ ശാസിച്ചു.

മഞ്ഞു വീണുകിടക്കുന്ന ജനൽകണ്ണാടിയിൽകൂടി തൊഴിൽശാലക്കു തീപ്പിടിച്ചതു ഞാൻ കണ്ടു. ആളിക്കത്തുന്ന തീനാളങ്ങൾ പ്രവൃത്തിശാലയുടെ വാതിലുകളിൽകൂടി പുറത്തേക്കു ചാടുകയാണ്. നിശ്ശബ്ദമായ രാത്രിയിൽ, തീയുടെ ചുകന്ന പുഷ്പങ്ങൾ, ആകാശത്തിലേക്കുയരുന്നു. വളരെ ഉയരത്തിൽ മാത്രമെ പുകയുടെ മേഘക്കൂട്ടം കാണാനുണ്ടായിരുന്നുള്ളു. ഈ പുകക്കിടയിൽക്കൂടിയും ആകാശഗംഗ വ്യക്തമായിക്കാണാം. തീയുടെ പ്രഭയേററു മൂടൽമഞ്ഞു ചുകപ്പായിമാറി. കൂടകളും കെട്ടിടങ്ങളും വിറക്കുന്നതായിത്തോന്നി. അവയുടെ മേൽപുരകൾ തീയിലേക്കാഞ്ഞുവീഴുവാൻ വെമ്പുകയാണെന്നുതോന്നി. പ്രവൃത്തിശാലയുടെ ചുമരുകളുടെ വിള്ളലുകളിൽക്കൂടി

തീനാളങ്ങളുടെ നാക്കുകഠം നീണ്ടു. മേൽപുരയുടെ കഴുക്കോലുകളിൽ; ചുകന്നു സ്വൎണ്ണനിറമായ വലിയ നാടകഠം ചുറഞ്ഞുകൂടുന്നതായിത്തോന്നി—തീമാടം നേരിയ ധൂമപടലങ്ങഠം വമിച്ചുകൊണ്ടിരുന്നു. ജനവാതിലിന്മേൽ ഒരു ചെറിയ കറക്കവും ഇളക്കവും ഉണ്ടായിക്കൊണ്ടിരുന്നു. തീ പാളിപ്പിടിച്ചു. പ്രവൃത്തിശാല, ആകമാനമെടുത്താൽ, ഒരു മനോഹരമായ കാഴ്ചയായി മാറി കാണികളെ ഹഠാദാകൎഷിക്കുന്ന ഒരു മനോഹരമായ കാഴ്ച.

ഞാൻ ഒരാട്ടിൻതോൽ വലിച്ചെടുത്തു തലയിൽ മൂടി. ആരുടെയോ ബൂട്ട്സ് കാലുകളിൽ വലിച്ചിട്ടു, പിന്നെ തപ്പിത്തടഞ്ഞു വാതില്ക്കലേക്കു നടന്നു. പൂമുഖം കടന്നു വെളിയിൽ എത്തിയപ്പോഠം ഞാൻ സ്തംഭിച്ചുനിന്നുപോയി. നേരിടാൻ വിഷമമായ തീയിന്റെ പ്രകാശത്തിൽ എനിക്കു കണ്ണുകാണാതായി. തീയുടെ അലൎച്ചയും, അച്ഛാച്ഛന്റെയും അമ്മമ്മയുടെയും ഗ്രിഗറിയുടെയും നിലവിളികളും കേട്ടു എന്റെ ചെകിടുകഠം അടഞ്ഞുപോയി. അമ്മമ്മയുടെ പരിഭ്രമം എന്നെ അമ്പരപ്പിച്ചു. ഒരു ഒഴിഞ്ഞ ചാക്കു തലയിലിട്ടു, ഒരു പരുക്കൻ കമ്പിളികൊണ്ടു ദേഹമാസകലം മൂടി, അവർ പ്രവൃത്തിശാലയിലേക്കു പലതും വിളിച്ചുപറഞ്ഞുംകൊണ്ടോടി

"ഗന്ധകദ്രാവകം—വിഡ്ഢികളെ—ഗന്ധകദ്രാവകം പൊട്ടിത്തെറിക്കും."

"അവളെ പിടിച്ചുനിൎത്തു. ഗ്രിഗറി, അവഠം വെന്തു നശിച്ചു!"

എന്നാൽ അമ്മമ്മ തിരിച്ചെത്തിക്കഴിഞ്ഞു. ഗന്ധകദ്രാവകം നിറച്ച ഭരണി ചുമലിലെടുത്തു, പുകകൊണ്ടു മൂടി, ദേഹമാസകലം വിറച്ചുകൊണ്ടു അവർ വെളിയിലേക്കോടിവന്നു.

"കുതിരയെ അഴിച്ചുവിടു," അവർ കുരച്ചുകൊണ്ടു പരുക്കൻ സ്വരത്തിൽ വിളിച്ചുപറഞ്ഞു. ഇതെല്ലാം വലിച്ചെടുക്കു. ഇതിനെല്ലാം തീപ്പിടിച്ചതു നിങ്ങഠം കാണുന്നില്ലെ?"

ഗ്രിഗറി, അമ്മമ്മയുടെ ചുമലുകളിൽനിന്നും കത്തിക്കൊണ്ടിരിക്കുന്ന കരിമ്പടം വലിച്ചുമാററി. അയാറം ഒരു കൈക്കോട്ടെടുത്തു പ്രവൃത്തിശാലയുടെ വാതില്ക്കലുണ്ടായിരുന്ന ഒരു വലിയ ഹിമക്കട്ട തല്ലിപ്പൊളിച്ചു. അമ്മാമൻ ഒരു മഴുവും കയ്യിലേന്തി ചുററുപാടും ചാടിനടന്നു. അച്ഛാച്ഛൻ അമ്മമ്മയുടെ പിറകിൽ ഓടിക്കൊണ്ടു അവരുടെ ദേഹത്തിൽ ഹിമക്കഷണങ്ങറം വാരിയെറിഞ്ഞു. ഭരണി ഹിമക്കട്ടകളുടെ ഇടയിൽ പൂഴ്ത്തിവെച്ചുംകൊണ്ടു അമ്മമ്മ പടിവാതിൽ തുറക്കുവാൻ ഓടി.

"അയൽപക്കക്കാരെ, കളപ്പുര രക്ഷപ്പെടുത്തണം" ഓടിവന്നുകൊണ്ടിരുന്ന ആളുകളോടവർ കേണപേക്ഷിച്ചു-"തീ കളപ്പുരയിന്മേലും പുൽക്കുമ്പാരങ്ങളിന്മേലും പാളിപ്പിടിക്കാൻ പോകയാണ്. ഞങ്ങളുടെ എല്ലാ കെട്ടിടങ്ങളും വെന്തുവീഴും. പിന്നെ നിങ്ങളുടെ കെട്ടിടങ്ങളുമായിരിക്കും ആപത്തിൽ പെടുന്നതു. മേൽപുര വലിച്ചു നീക്കി, വൈക്കോൽ തോട്ടത്തിലേക്കു നീക്കംചെയ്യുവിൻ. ഗ്രിഗറി, മഞ്ഞുകട്ടകറം ഉയരത്തിൽ എറിയണം. അതു നിലത്തു നിരന്നു വീണതുകൊണ്ടെന്താണ് കാര്യം? യാക്കോവെ, നിൻെറ ഓട്ടം മതിയാക്കു, ആളുകറംക്കു കൈക്കോട്ടുകളും മഴുവും എടുത്തുകൊടുക്കുക. ആങ്ങളമാരെ, നിങ്ങറം ഒപ്പം നിന്നു പരിശ്രമിക്കുവിൻ, ദൈവം നമ്മെ സഹായിക്കും."

അമ്മമ്മ തീയിനൊപ്പാലെതന്നെ മനോഹരിയായിത്തീൎന്നു. പാളിയടുക്കുന്ന തീജ്വാലയേററു, അവർ മുററത്തങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു. എല്ലാ സംഗതികളും അവരുടെ ദൃഷ്ടിയിൽ പെടുന്നു. എല്ലായിടത്തും അവരെക്കാണുന്നു. എല്ലാവൎക്കും അവർ നിൎദ്ദേശം കൊടുക്കുന്നു.

ഞങ്ങളുടെ കുതിര മുററത്തേക്കു ഓടിവന്നു, പിൻകാലുകളിന്മേൽ പൊന്തിനിന്നു. കുതിരയുടെ കാലുകറംക്കിടയിൽപെട്ടു അച്ഛാച്ഛൻ മറിഞ്ഞുവീണു. തീയിൻെറ വെളിച്ചത്തിൽ, കുതിരയുടെ കൺ

മണികഠം, ചുകന്നു തിളങ്ങി. കുതിര ചിനച്ചുകൊണ്ടു പെട്ടെന്നു നിന്നു കളഞ്ഞു. അച്ഛാച്ഛനു അതിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കടിഞ്ഞാൺ വിട്ടുകളഞ്ഞു ഒരു ഭാഗം മാറിനിന്നു.

"അതിനെ പിടിച്ചുനിർത്തു'' അദ്ദേഹം അമ്മമ്മയോടു വിളിച്ചു പറഞ്ഞു.

പരിഭ്രമിച്ചു തുള്ളുന്ന കുതിരയുടെ കാലുകഠംക്കിടയിൽ കടന്നു നിന്നു കൈകഠം വിടർത്തിയും കൊണ്ടു അമ്മമ്മ അനങ്ങാതെ നിന്നു. കുതിര ആവലാതിപ്പെട്ടുന്നപോലെ ചിനച്ചുകൊണ്ടു, ശാന്തനായി, തീയിൻെറ നേരെ ഒളിക്കണ്ണിട്ടു നോക്കി.

"പേടിക്കേണ്ട," കുതിരയുടെ കഴുത്തിൽ തലോടി, കടിഞ്ഞാൺ കയ്യിലെടുത്തുംകൊണ്ടു അമ്മമ്മ പറഞ്ഞു. "ഇത്ര ആപല്ക്കരമായ ഒരു സന്ദർഭത്തിൽ ഞാൻ നിന്നെ മറക്കുമോ, വിഡ്ഢിയായ ചുണ്ടെലി!

അമ്മമ്മയുടെ മൂന്നിരട്ടി വലിപ്പമുള്ള ആ ചുണ്ടെലി, അവരുടെ മുഖത്തു ദൃഷ്ടികളുറപ്പിച്ചു, ചിനച്ചുകൊണ്ടു, വളരെ അനുസരണത്തോടെ, അവരുടെ പിന്നാലെ പടിവാതില്ക്കലേക്കു നടന്നു.

ആയ വാസിലേവിക്ക് കുട്ടികളെ പുറത്തേക്കു കൊണ്ടുവന്നു. കുട്ടികളണിഞ്ഞിരിക്കുന്ന വസ്ത്രങ്ങഠം അവരെ വിഴുങ്ങിയിട്ടുള്ളതായി തോന്നി.

"വാസിലി വാസിലേവിക്ക്, അലക്സേയിയെ കാണുന്നില്ലല്ലോ." അമ്മമ്മ ബഹളംകൂട്ടി.

''നടക്കു, നടക്കു'' അച്ഛാച്ഛൻ ശാസിച്ചു. യവ്ജീനിയ എന്നെയും കൂട്ടിക്കൊണ്ടുപോയ്ക്കളയുമെന്നു സംശയിച്ചു ഞാൻ പൂമുഖത്തിൻെറ പടവുകഠംക്കു പിന്നിൽ ഒളിച്ചു.

തൊഴിൽശാലയുടെ മേൽപ്പുര കത്തി നിലംപതിച്ചു. പുകഞ്ഞു കത്തുന്ന കഴുക്കോലുകഠം മാത്രം ആകാശത്തിൽ പൊന്തിക്കാണുന്നുണ്ട്. കെട്ടിടത്തിൻെറ ഉള്ളിൽനിന്നു, ചുകപ്പും പച്ചയും നീല

യുമായ തീനാളങ്ങൾ മുററത്തേക്കു കത്തിത്തെറിച്ചു. ഹിമക്കട്ടകൾ വാരിയെറിഞ്ഞു തീക്കെടുത്തുവാൻ ശ്രമിക്കുന്ന ആളുകളുടെ നേർക്കും തീജ്വാല വ്യാപിക്കാൻതുടങ്ങി. തൊട്ടികളിലെ വെള്ളം തിളച്ചു മറിഞ്ഞു. തൊട്ടികളിൽനിന്നു പൊങ്ങിയ നീരാവിയും തീക്ഷ്ണമായ മണവുമേററു ആളുകളുടെ കണ്ണിൽനിന്നും വെള്ളമൊഴുകി. ഞാൻ പടവുകളുടെ പിന്നിൽനിന്നും വെളിയിലേക്കു വന്നു, അമ്മമ്മയുടെ കാലടിക്കടുത്തായി ചെന്നുനിന്നു.

"പോ ദൂരെ! നിന്നെ ചവിട്ടിച്ചതഞ്ഞുപോകും–പോ ദൂരെ!"

തൂവൽ പിടിപ്പിച്ച ഒരിരുമ്പുതൊപ്പി ധരിച്ചുംകൊണ്ടു ഒരു കുതിരസ്സവാരിക്കാരൻ മുററത്തു തുള്ളിവീണു. അദ്ദേഹത്തിൻെറ ചുകന്ന കുതിരയുടെ വായിൽനിന്നു നര തള്ളിവരുന്നുണ്ടായിരുന്നു. കൊരടാവ് പൊക്കിയുംകൊണ്ടു അയാൾ വിളിച്ചുപറഞ്ഞു.

"മാറിക്കോ!''

ചെറിയ മണികളുടെ ശബ്ദം നാലുപാടും മുഴങ്ങി. എനിക്കെല്ലാം ഭംഗിയും തമാശയും ഉള്ളതായിത്തോന്നി. അമ്മമ്മ എന്നെ പൂമുഖത്തേക്കെടുത്തുകയററി.

''ഞാൻ പറഞ്ഞതു കേട്ടില്ലെ? ഇവിടെനിന്നും പോ! നിന്നോടാണ് ഞാൻ പറഞ്ഞത്.''

ആ സന്ദർഭത്തിൽ അവരെ അനുസരിക്കാതിരിക്കുകയെന്നതസാദ്ധ്യമായിരുന്നു. ഞാൻ അടുക്കളയിൽ പോയി. ജനലിന്നടുത്തു ചെന്നുനിന്നു. എന്നാൽ മുററത്തു ധാരാളം ആളുകളുണ്ടായിരുന്നതുകൊണ്ടു എനിക്കു കത്തിക്കാളുന്ന തീ വ്യക്തമായി കാണാൻ കഴിഞ്ഞില്ല. സാധാരണ തൊപ്പിയിട്ട തലകൾക്കിടയിൽ ഇരുമ്പു തൊപ്പികൾ മിന്നിത്തിളങ്ങുന്നതു ഞാൻ കണ്ടു.

തച്ചുകെടുത്തും വെള്ളമൊഴിച്ചും തീ നിയന്ത്രണാധീനമായി. പോലീസ്സുകാർ ജനങ്ങളെ ആട്ടിപ്പായിച്ചു. ഒടുവിൽ അമ്മമ്മ അടുക്കളയിൽ വന്നു.

"ആരാതു? നീയോ? നീ ഉറങ്ങിയിട്ടില്ലെ? പേടിച്ചുപോയോ? പേടിക്കേണ്ട. എല്ലാം കഴിഞ്ഞു."

അമ്മമ്മ എൻെറ അരികെ ഇരുന്നു ഒന്നും മിണ്ടാതെ ആടികൊണ്ടിരുന്നു. രാത്രിയുടെ ശാന്തതയും ഇരുട്ടും വീണ്ടുകിട്ടിയതു വലിയ സന്തോഷമായി. പക്ഷെ ആളിക്കത്തുന്ന തീ കെട്ടുപോയതിൽ എനിക്കു സങ്കടംതോന്നുകയുംചെയ്തു.

അച്ഛാച്ഛൻ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു.

"എടോ."

"ഓ."

"പൊള്ളിയിട്ടുണ്ടോ?"

"വല്ലരെയൊന്നുമില്ല."

അച്ഛാച്ഛൻ ഒരു തീപ്പെട്ടിക്കോൽ ഉരസികത്തിച്ചു അദ്ദേഹത്തിൻെറ കരിപുരണ്ടമുഖം ആ വെളിച്ചത്തിൽ തെളിഞ്ഞുകണ്ടു. അദ്ദേഹം മേശപ്പുറത്തുണ്ടായിരുന്ന മെഴുകുതിരി കത്തിച്ചു. അമ്മമ്മയുടെ അടുത്തായി അദ്ദേഹം ചാരുകസാലയിൽ വീണു.

"പോയൊന്നു കുളിക്കരുതോ?" അമ്മമ്മ ചോദിച്ചു. അവരെയും കരിപുരണ്ടു പുകമണക്കുന്നുണ്ടായിരുന്നു. "ചിലപ്പോഴം ദൈവം കരുണകാണിക്കുന്നതാണ്." അച്ഛാച്ഛൻ ദീർഘശ്വാസം വിട്ടു. "അല്പം വിവേകം അദ്ദേഹം നമുക്കനുവദിക്കുന്നു."

അദ്ദേഹം അമ്മമ്മയുടെ ചുമലിൽ തടവി പുഞ്ചിരിയിട്ടുംകൊണ്ടു തുടന്നു. "കുറച്ചു നിമിഷംമാത്രം—ഇടക്കിടക്കു—എന്നാലും അദ്ദേഹം അതനുവദിക്കുന്നു." അമ്മമ്മയും ചിരിച്ചു. അവരും എന്തോ പറയുവാൻ ഭാവിക്കുകയായിരുന്നു. എന്നാൽ അച്ഛാച്ഛൻ മുഖം ചുളിച്ചു.

"ആ ഗ്രിഗറിയെ പിരിച്ചയക്കണം. അവൻെറ സൂക്ഷ്മതക്കുറവാണ്. അവൻെറ കാലമെത്തി. അവൻ ജീവിക്കേണ്ടതിലും

അധികം ജീവിച്ചുകഴിഞ്ഞു. യാക്കോവ് പൂമുഖത്തിരുന്നു കരയുകയാണ്. വിഡ്ഢി! നീ അവൻെറ അടുത്തേക്കു ഒന്നു ചെന്നാട്ടെ."

അവർ എഴുന്നേററു ഒരു കൈ പൊക്കിപ്പിടിച്ചു വിരലിന്മേൽ ഊതിക്കൊണ്ടു പുറത്തേക്കു പോയി.

"എല്ലാം കണ്ടോ, ആദ്യംമുതൽക്കുതന്നെ?" എൻെറ മുഖത്തു നോക്കാതെ അച്ഛാച്ഛൻ ചോദിച്ചു. ''നിൻെറ അമ്മമ്മയെക്കുറിച്ചു നീ എന്തു വിചാരിക്കുന്നു. അവൾക്കു വയസ്സായിപ്പോയെന്നും ഓർമ്മിക്കണം. തല്ലുകൊണ്ടു പരവശയായായി! അവളെ മാത്രമെ എന്തിനെങ്കിലും കൊള്ളുകയുള്ളു. മററു സകലതും—ഫൂ!''

അദ്ദേഹം കുനിഞ്ഞിരുന്നു; കുറെനേരത്തോളം ഒന്നും പറഞ്ഞില്ല. പിന്നെ എഴുന്നേററു കത്തിത്തീൎന്ന മെഴുകുതിരിയുടെ നാട വലിച്ചുനീക്കിയുംകൊണ്ട് പറഞ്ഞു.

"നിനക്കു പേടിതോന്നിയോ?"

"ഇല്ല.''

"അതു നന്നായി. പേടിക്കാനൊന്നുമില്ല.''

അദ്ദേഹം വെറുപ്പോടെ ഷൎട്ടഴിച്ചു നീക്കി. ഒരു മൂലയിൽ വെള്ളംവെച്ചിരിക്കുന്ന സ്ഥലത്തേക്കു പോയി.

"തീപ്പിടിക്കുകയെന്നു പറഞ്ഞാൽ എന്തൊരു കഷ്ടമാണ്.'' നിലത്തു ചവിട്ടി ശബ്ദമുണ്ടാക്കിയുംകൊണ്ടു അദ്ദേഹം ഉറക്കെ പറഞ്ഞു. ''തീപ്പിടിക്കാൻ സംഗതിയാക്കുന്നവനെ, ഒരു കള്ളനെപ്പോലെ, പരസ്യമായി അങ്ങാടിയിൽവെച്ചു കണക്കിൽ പ്രഹരിക്കണം. അങ്ങിനെയുള്ളവരെ അതാണ് ചെയ്യേണ്ടത്. എന്നാൽ പിന്നെ തീപ്പിടിക്കുവാൻ ഇടയാകുകയില്ല. പോയിക്കിടക്കു—നീയെന്തിനാണിവിടെത്തന്നെ ഇരിക്കുന്നതു?''

ഞാൻ പുറത്തേക്കു പോയി. അന്നു രാത്രി പിന്നെ ഉറങ്ങുകയെന്ന പ്രശ്നം ഉണ്ടായിരുന്നില്ല. എന്നാൽ ഞാൻ കിടക്കയിൽ കയറിക്കിടന്നു. മനുഷ്യസഹജമല്ലാത്ത ഒരു നിലവിളി കേട്ടു ഞാൻ ഞെട്ടി. ഞാൻ വീണ്ടും അടുക്കളയിലേക്കോടിച്ചെന്നു—ഷർട്ടിടാതെ, കയ്യിൽ ഒരു മെഴുകുതിരി പിടിച്ചുംകൊണ്ടു അപ്പൂപ്പൻ മുറിയുടെ മദ്ധ്യത്തിൽ നില്ക്കുന്നു. മെഴുകുതിരി വിറച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ കാലടികൾ നിലത്തുറച്ചുനില്ക്കുന്നില്ല. എന്നാൽ അദ്ദേഹം നിന്നേടത്തുനിന്നു നീങ്ങുന്നുമില്ല.

"എടോ!, യാക്കോവ്, എന്താ അത്" അദ്ദേഹം കിതച്ചുകൊണ്ടു വിളിച്ചു ചോദിച്ചു.

ഞാൻ അടുപ്പിൻതട്ടിന്മേൽ ചാടിക്കയറി ഒരു മൂലക്കൊളിച്ചു. തീപ്പിടിച്ചപ്പോളെന്നപോലെ, വീണ്ടും, വീട്ടിൽ സകല കാര്യങ്ങളും തലകീഴായി മറഞ്ഞു. ചുമരുകളിലും മച്ചിലും, ഇടവിട്ടു, ഒരുതരം രാഗത്തോടുകൂടിയ ആ നിലവിളി കൂടുതൽ കൂടുതൽ ഉച്ചയോടെ, തുടച്ചയായിച്ചെന്നലച്ചുകൊണ്ടിരുന്നു. ഭ്രാന്തന്മാരെപ്പോലെ അപ്പൂപ്പനും അമ്മാമനും ചുററും ഓടിക്കൊണ്ടിരുന്നു. അമ്മമ്മ അവരെ അടുക്കളയിൽനിന്നും അധിക്ഷേപിച്ചു പറഞ്ഞയച്ചു. അടുപ്പിൽ വിറകുനിറച്ചുകൊണ്ടിരിക്കെ ഗ്രിഗറി എന്തോ ശബ്ദമുണ്ടാക്കി. ചില പീപ്പകളിൽ അയാൾ വെള്ളം നിറച്ചു. ആസ്ട്രഖാനിലെ ഒരൊട്ടകത്തെപ്പോലെ തലയാട്ടിയുംകൊണ്ടു യാൾ നടന്നു.

"ആദ്യം തീകത്തിച്ചു ശരിപ്പെടുത്തുക" അമ്മമ്മ കല്പിച്ചു.

ഗ്രിഗറി തീകത്തിച്ചുകൊണ്ടിരിക്കെ എന്തോ എടുക്കാൻ അടുപ്പിന്മേൽ കയറി. അപ്പോൾ അയാൾ എൻെറ കാലിനു തട്ടിപ്പോയി. അയാൾ ഞെട്ടി നിലവിളിച്ചു.

"ആരാതു്? ഹൃ! നീ എന്നെ വല്ലാതെ ഭയപ്പെടുത്തിക്കളഞ്ഞു. നീ ഉണ്ടായിരിക്കുമെന്നൂഹിക്കാൻ കഴിയാത്ത സ്ഥലത്തു മാത്രമെ നിന്നെ കാണുകയുള്ളു."

"എന്തു സംഭവിച്ചു?"

"നിൻെറ അമ്മായി നടാല്യാ പ്രസവിക്കുകയാണ്." അടുപ്പിന്മേൽനിന്നു താഴെ ഇറങ്ങിയുംകൊണ്ടയാറം പറഞ്ഞു.

അമ്മ പ്രസവിച്ചപ്പോറം അവർ ഇങ്ങിനെ നിലവിളിച്ചിട്ടുണ്ടായിരുന്നില്ലെന്നെനിക്കോർമ്മവന്നു.

പീപ്പകറം അടുപ്പിൽ കയററിവെച്ചതിന്നുശേഷം ഗ്രിഗറി, അടുപ്പിൻതട്ടിൽ കയറി എൻെറ അരികത്തിരുന്നു. അയാറം കളിമണ്ണുകൊണ്ടുള്ള തൻെറ ചുരുട്ടുകുഴൽ കീശയിൽനിന്നു പുറത്തേക്കെടുത്തു.

"എൻെറ കണ്ണിൻെറ രോഗം സുഖപ്പെടുമെന്നു വിചാരിച്ചു ഞാൻ പുകവലി ശീലിച്ചു." കുഴൽ എന്നെ കാണിച്ചുംകൊണ്ടു് അയാറം പറഞ്ഞു. "നിൻെറ അമ്മമ്മ പറയുന്നതു പുകവലിക്കുന്നതു നല്ലതാണെന്നാണ്. പുകവലിക്കുന്നതാണ് നല്ലതെന്നു എനിക്കും തോന്നി."

അടുപ്പിൻതട്ടിൻെറ വക്കിലിരുന്നു കാലാട്ടിയുംകൊണ്ടു, മുനിഞ്ഞുകത്തുന്ന മെഴുകുതിരിയിൽ നോക്കി അയാറം അനങ്ങാതിരുന്നു. അയാളുടെ കവിളത്തും ചെവിക്കും കരിപുരണ്ടിരുന്നു. ഷട്ട് കീറിയിരുന്നു. അയാളുടെ വാരിയെല്ലുകറം വളപോലെ വളഞ്ഞുകാണപ്പെട്ടു. അയാളുടെ കണ്ണടയുടെ ഒരു ചില്ല് പൊട്ടിപ്പോയിരുന്നു; ഒരു കഷണം എവിടെയോ വീണുപോകയും ചെയ്തിരുന്നു. ചുകന്നു വൃത്തികെട്ടു നനഞ്ഞ അയാളുടെ കണ്ണു ആ ദ്വാരത്തിൽക്കൂടി കാണാം.

അയാഠം ആ കുഴലിൽ പുകയിലക്കഷ്ണം തിരുകി. കുടിച്ചു മത്തനായപോലെ പിറുപിറുത്തുംകൊണ്ടു അയാഠം അമ്മായിയുടെ നിലവിളി ശ്രദ്ധിച്ചുകൊണ്ടിരുന്നു.

"നിൻെറ അമ്മമ്മക്കു കുറച്ചു പൊള്ളിയതുപോലെ തോന്നുന്നുണ്ടു്. അവർ എങ്ങിനെയാണ് നിൻെറ അമ്മായിയെ സഹായിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. നിൻെറ അമ്മായി നിലവിളിക്കുന്നതു കേട്ടോ. എല്ലാവരും അവളെ വിസ്മരിച്ചു കളഞ്ഞു. തീപ്പിടിച്ച ഉടനെതന്നെ അവഠംക്കു വേദനതുടങ്ങി. ഭയപ്പെട്ടുപോയതുകൊണ്ടായിരിക്കണം അത്ര പെട്ടെന്നായിപ്പോയതു്. ജീവനോടെ ഒരു കുട്ടിയെ പ്രസവിക്കുക എന്നതു എത്ര വിഷമമുള്ള കാര്യമാണെന്നോർത്തുനോക്കു. എന്നാൽ ഒരാളും സ്ത്രീയുടെ മാഹാത്മ്യം അറിയുന്നില്ല. സ്ത്രീ എന്നും ബഹുമാനിക്കപ്പെടേണ്ടവളാണ് — അതായതു ഒരമ്മ— അമ്മ—ഇതു നീ ഒരിക്കലും വിസ്മരിച്ചുപോകരുതു്."

ഞാൻ കുറഞ്ഞൊന്നു മയങ്ങി. വാതിൽ അടക്കുന്ന ശബ്ദവും, മൈക്കേലമ്മാമൻെറ നിലവിളിയും മററു ബഹളങ്ങളും കേട്ടു ഞാൻ ഞെട്ടിയുണൎന്നു. അസാധാരണമായ ചില വാക്കുകഠം പറയുന്നതായി ഞാൻ കേട്ടു.

"സ്വൎഗ്ഗത്തിൻെറ വാതിൽ തുറക്കപ്പെടാൻ സമയമായി."

"കുറച്ചു കസ്തൂരിയും കരിമ്പുറാക്കും ചേൎത്തു അവഠംക്കു കുറച്ചെണ്ണകൊടുക്കു." അരഗ്ലാസ്സ് എണ്ണയും, അരഗ്ലാസ്സ് കരിമ്പുറാക്കും, ഒരു കരണ്ടി ഇല്ലട്ടക്കരിയും.......

"ഞാൻ അവളെ ഒരു നോക്കുകണ്ടോട്ടെ!" മൈക്കേലമ്മാമൻ തിടുക്കിക്കൊണ്ടിരുന്നു.

അദ്ദേഹം നിലത്തിരുന്നു, കാലുകഠംക്കിടയിൽ തുപ്പിയും കൈകഠം നിലത്തടിച്ചും പരിഭ്രമംപൂണ്ടിരിക്കയായിരുന്നു അടു

പ്പിൻതട്ടിന്മേൽ ചൂടുസഹിക്കവയ്യാതായപ്പോഠം ഞാൻ താഴെ ഇറങ്ങി. ഞാൻ അമ്മാമൻെറ അടുത്തെത്തിയപ്പോഠം അദ്ദേഹം എൻെറ കാലിന്നു പിടിച്ചുവലിച്ചു. ഞാൻ നിലത്തു തലയടിച്ചുംകൊണ്ടു വീണുപോയി.

"വിസ്കി!" ഞാൻ ഉറക്കെ പറഞ്ഞു. അദ്ദേഹം തുള്ളിയെഴുന്നേററു എന്നെ പിടിച്ചെടുത്തു അലറിയുംകൊണ്ടു മേലോട്ടെറിഞ്ഞു.

"ഞാൻ നിന്നെ അടുപ്പിൻകല്ലിന്മേലടിച്ചു ചതക്കാതിരിക്കയില്ല."

എനിക്കു ബോധം വീണപ്പോഠം ഞാൻ പൂമുഖത്തു അച്ഛാച്ഛൻെറ മടിയിൽ കിടക്കുകയായിരുന്നു. അദ്ദേഹം ഒരു മൂലയിലിരുന്നു മച്ചിന്മേൽ ദൃഷ്ടിയുറപ്പിച്ചു എന്നെ അങ്ങോട്ടുമിങ്ങോട്ടും ആട്ടിക്കൊണ്ടിരുന്നു. അദ്ദേഹം പിറുപിറുത്തു.

"ഞങ്ങഠംക്കാക്കും മാപ്പുകിട്ടുകയില്ല. ഞങ്ങളിലൊരാഠംക്കും..........."

അദ്ദേഹത്തിൻെറ തലക്കുമീതെ, പ്രതിമകളുടെ അടുത്തു ഒരു വിളക്കു എരിഞ്ഞുകൊണ്ടിരിക്കുന്നു. മുറിയുടെ മദ്ധ്യത്തിൽ മേശമേൽ ഒരു മെഴുകുതിരിയും കത്തുന്നുണ്ടു്. ജനലിൽക്കൂടി, തണുപ്പോടുകൂടിയ പുലർവെളിച്ചം എത്തിനോക്കുവാൻ ഭാവിക്കുകയും ചെയ്യുന്നു.

"എവിടെയാണ് വേദനിക്കുന്നതു?" എൻെറ നേരെ കുനിഞ്ഞുകൊണ്ടു അച്ഛാച്ഛൻ ചോദിച്ചു.

എനിക്കു ദേഹമാസകലം വേദനിക്കുന്നുണ്ടായിരുന്നു. എൻെറ തല നനഞ്ഞിരിക്കുന്നു. ദേഹം ഒരീയ്യക്കട്ടിപോലെ ഘനമുള്ളതായിത്തോന്നി. എന്നാൽ അതൊന്നും പറയുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. എനിക്കു ചുററും സകല കാര്യങ്ങളും വളരെ അസാധാരണമായെനിക്കനുഭവപ്പെട്ടു മുറിയിൽ മിക്ക കസേലകളിലും പുറമെ ആളുകളാണിരിക്കുന്നതു ധൂമ്രവസ്ത്രം ധരിച്ച ഒരു പാതിരിയച്ഛൻ,

പട്ടാളഉടുപ്പു ധരിച്ചു കണ്ണടയിട്ട നരച്ച തലയുള്ള വേറൊരാറം; മററു പലരും. ആരും ഒന്നും പറയുന്നില്ല. മരംകൊണ്ടുണ്ടാക്കിയ പ്രതിമകറംപോലെ, അടുത്തെവിടെയോ വെള്ളമനങ്ങി ഒച്ചയാകുന്നതിൽനിന്നും എന്തോ സംഭവിക്കാൻപോകുന്നതു കാത്തിരിക്കുന്നതു പോലെ, അവർ സ്തംഭിച്ചിരിക്കുകയാണ്. കൈകറം പിന്നിൽ പിണച്ചുകെട്ടി യാക്കോവമ്മാമൻ വാതില്ക്കൽ നില്ക്കുന്നു.

"ഇതാ, ഇവനെ കിടക്കയിൽ കൊണ്ടുപോയിക്കിടത്തു, യാക്കോവ്" അച്ഛാച്ഛൻ പറഞ്ഞു.

അമ്മാമൻ എന്നെ ആംഗ്യംകാട്ടി വിളിച്ചു. ഞങ്ങറം ഒച്ചയുണ്ടാക്കാതെ അമ്മമ്മയുടെ മുറിയിലേക്കു പോയി. ഞാൻ കിടക്കയിൽ ഇഴഞ്ഞുകയറിക്കിടന്നശേഷം അദ്ദേഹം വളരെ താഴ്ന്ന സ്വരത്തിൽ പറഞ്ഞു.

"നിൻെറ അമ്മായി നടാല്യാ മരിച്ചുപോയി."

ഇതെന്നെ ആശ്ചര്യപ്പെടുത്തിയില്ല. കുറച്ചുകാലമായി ഞാൻ അവരെ മുറിയിലെങ്ങും കാണാറുണ്ടായിരുന്നില്ല. അവർ അടുക്കളയിൽ വരികയോ അത്താഴത്തിന്നു മേശക്കരികെ ഞങ്ങളോടൊപ്പം ഇരിക്കുകയോ ചെയ്യാറുണ്ടായിരുന്നില്ല.

"അമ്മമ്മ എവിടെ?"

"അവിടെയുണ്ടു." അദ്ദേഹം കൈവീശി ചൂണ്ടിപ്പറഞ്ഞു. അദ്ദേഹം പുറത്തേക്കുപോയി; കാലോച്ച കേറംക്കാൻ ഇടയാക്കാതെ.

ഞാൻ പരിഭ്രമിച്ചു നാലുപാടും നോക്കി, കിടക്കയിൽത്തന്നെ കിടന്നു. തല നരച്ച കുരുടന്മാരുടെ മുഖങ്ങറം ജനലിൻെറ ചില്ലുകളിൽ പതിഞ്ഞുനില്ക്കുന്നുണ്ടെന്നെനിക്കുതോന്നി. ഒരു മൂലയിൽ പെട്ടിമേൽ അമ്മമ്മയുടെ വസ്ത്രങ്ങറം തൂങ്ങിനില്ക്കുന്നു. അതു വസ്ത്രമാണെന്നെനിക്കുറപ്പുണ്ടു. എന്നാലും അവിടെ നിഴലിൽ ആരോ ഒളിച്ചു നില്ക്കുന്നുണ്ടെന്നു ഞാൻ ധരിച്ചു. ഒരു കണ്ണുകൊണ്ടു വാതില്ക്കലേക്കു നോക്കിയുംകൊണ്ടു ഞാൻ എൻെറ തല തലയണക്കടിയിൽ ഒളി

പ്പിച്ചു. ചാടിയെഴുന്നേററു ദൂരെ ഓടിക്കളഞ്ഞാലോ എന്നു ഞാൻ വിചാരിച്ചു. മുറിയിൽ വല്ലാത്ത ഉഷ്ണംതോന്നി. സിഗാനോക്ക് മരിച്ചതും രക്തം അട്ടക്കളയിൽ മുഴുവൻ തളംകെട്ടിനിന്നതും അനുസ്മരിപ്പിക്കുവാനെന്നപോലെ, മുറിയിൽ മുഴുവനും എന്തോ ഒരു മണം നിറഞ്ഞിട്ടുള്ളതായെനിക്കുതോന്നി. ഒരുപക്ഷേ, എൻെറ തല, എൻെറ ഹൃദയം, വീങ്ങുന്നുണ്ടോ എന്നു ഞാൻ ഭയപ്പെട്ടു. ശീതകാലത്തു നിരത്തിന്മേൽക്കൂടി, ഒരു വണ്ടി, എന്നെ ചതച്ചരച്ചുകൊണ്ടു പോകുന്നതുപോലെ, വീട്ടിൽ നടക്കുന്ന സംഗതികൾ എൻെറ ഉള്ളിൽക്കൂടി, വലിഞ്ഞിഴഞ്ഞുപോകുകയാണെന്നു ഞാൻ വിചാരിച്ചു.

സാവധാനത്തിൽ മുറിയുടെ വാതിൽ തുറക്കപ്പെട്ടു. അമ്മമ്മ മുറിയിൽ കടന്നുവന്നു. വാതിൽ പിറകുകാട്ടു ചാരി അവർ കുറേനേരം വാതിലിന്മേൽ ചാര്നിന്നു. പ്രതിമകളുടെ അട്ടക്കെ കത്തിക്കൊണ്ടിരുന്ന വിളക്കുനോക്കി, കയ്യുകൾ നിവത്തി, അവർ കുറെനേരം നിന്നു

“എൻെറ ബലഹീനമായ കൈകൾ! അവ എങ്ങിനെ വേദനിക്കുന്നു!” ഒരു കുട്ടിയെപ്പോലെ അവർ ആവലാതിപ്പെട്ടു.

## V

ആ ശരൽകാലത്തു സ്വത്തു ഭാഗംചെയ്തു. യാക്കോവമ്മാമൻ നഗരത്തിൽനിന്നു; മൈക്കേലമ്മാമൻ പുഴക്കക്കരെ പോകേണ്ടിവന്നു. അപ്പാച്ഛൻ പോളിവോയിത്തെരുവിൽ ഒരു പുതിയ വീടു വിലക്കു വാങ്ങി. ഈ വീട്ടിൻെറ താഴെനിലയിൽ ഒരു ചാരായക്കടയായിരുന്നു. വീട്ടിന്നുതൊട്ടു, അലറി വൃക്ഷങ്ങൾ നിറഞ്ഞു നില്ക്കുന്ന കുന്നിൽചെരിവിൻെറ ഭാഗത്തു ഒരു നല്ല തോട്ടവുമുണ്ടു.

"ധാരാളം ചമ്മട്ടിയുണ്ടാക്കാം!" തോട്ടത്തിന്റെ എല്ലാഭാഗങ്ങളും പരിശോധിച്ചുകൊണ്ടിരിക്കെ, അച്ഛാച്ഛൻ എന്റെ നേരെ നോക്കി, കണ്ണുചിമ്മിയുംകൊണ്ടുപറഞ്ഞു.

"വളരെക്കഴിയാതെ, ഞാൻ നിന്നെ അക്ഷരങ്ങൾ പഠിപ്പിക്കാൻ പോകയാണ്, അപ്പോൾ ചമ്മട്ടികൾ ആവശ്യമാണല്ലോ."

വീട്ടിൽ, പുറമെയുള്ള ആളുകളും വാടക തന്നു താമസിച്ചിരുന്നു. അച്ഛാച്ഛൻ സ്വന്താവശ്യങ്ങൾക്കും, വിരുന്നുകാരെ സ്വീകരിക്കുന്നതിന്നുമായി മേലെനിലയിൽ ഒരു മുറി നീക്കിവെച്ചു. ഞാനും അമ്മമ്മയും മറ്റൊരു മുറി ഉപയോഗിച്ചു. ഈ മുറിയുടെ ജനലിൽക്കൂടി നോക്കിയാൽ, തെരുവിൽ നടക്കുന്നതെല്ലാംകാണാം. ചാരായക്കടയിൽ വൈകുന്നേരം ആളുകൾ പോകുന്നതുംനോക്കി ഞാൻ ജനലിന്നടുത്തു നിൽക്കും. അവർ തെരുവിൽക്കൂടി ആടികുഴഞ്ഞു നടക്കുന്നുണ്ടായിരിക്കും. ഇടക്കു വീശി, വീശി ഓവുചാലിൽപോയി വീഴുകയുംചെയ്യും. ചിലപ്പോൾ ചാരായക്കടയിൽനിന്നു, ആളുകളെ, ചാക്കുകൾ എറിയുംപോലെ, പുറത്തേക്കു തള്ളിയിടുന്നതും കാണാം. ഉടനെ അവർ പിടഞ്ഞെഴുന്നേററു കടയിലേക്കിഴഞ്ഞു കയറുന്നതു കാണാം. അപ്പോൾ അകത്തുള്ളവർ വാതിൽ കൊട്ടിയടക്കാൻ നോക്കും; തുടർന്നുകൊണ്ടു വാശിമൂത്തു, അടികലശൽ ആരംഭിക്കുകയും ചെയ്യും. മേലെനിലയിൽ നിന്നുകൊണ്ടു ഇതെല്ലാം നോക്കിക്കാണുന്നതു് വലിയ രസമായിരുന്നു. മക്കളുടെ പ്രവൃത്തിശാലകൾ ശരിയാക്കികൊടുക്കുവാൻ വേണ്ടി, അച്ഛാച്ഛൻ ദിവസേന രാവിലെ അങ്ങോട്ടുപോകും. വൈകുന്നേരം അദ്ദേഹം ക്ഷീണിച്ചു നിരാശനായി ശുണ്ഠിപിടിച്ച നിലയിലാണ് തിരിച്ചെത്തുക.

അമ്മമ്മ തുന്നുകയും, ഭക്ഷണം പാകംചെയ്യുകയുംചെയ്തു. അദൃശ്യമായ ചരടുകളാൽ വലിച്ചു ചുററപ്പെടുന്ന ഒരു പമ്പരം പോലെ, അവർ പകൽമുഴുവൻ പല ജോലികളിലും ഏർപ്പെട്ടു.

പൊടിവലിച്ചു, തുമ്മി, മുഖത്തു പൊടിഞ്ഞു നില്ക്കുന്ന വിയപ്പു തുടച്ചുംകൊണ്ടു, അവർ പറയും

"ദൈവദൂതന്മാരും സന്യാസികളും നീണാറം ജയിക്കട്ടെ! അല്യോഷാ, അങ്ങിനെ, നാം ഒടുക്കം ഒരു ശാന്തമായ ജീവിതം ആരംഭിച്ചിരിക്കുന്നു ഇപ്പോറം നമുക്കു എല്ലാം നന്മയാണ് - കന്യാമറിയത്തിൻെറ കാരുണ്യംകൊണ്ടു."

എന്നാൽ ഞങ്ങളുടെ ജീവിതം അത്രയെല്ലാം ശാന്തമായിക്കഴിഞ്ഞു എന്നെനിക്കനുഭവപ്പെട്ടില്ല. വീട്ടിൻെറ മററു മുറികളിൽ താമസിച്ചിരുന്നവർ രാവിലെ തൊട്ടു വൈകുന്നേരംവരെ, ബഹളംകൂട്ടിക്കൊണ്ടിരിക്കും. അയൽപക്കക്കാരാണെങ്കിൽ, എപ്പോഴും എങ്ങോട്ടോ ബദ്ധപ്പെട്ടുപോകും; അല്ലെങ്കിൽ എന്തോ കാര്യത്തിനു വൈകിപ്പോയതുപോലെ പരിഭ്രമം കാണിക്കും; അതുമല്ലെങ്കിൽ എന്തിന്നോ തയ്യാറായിനിന്നു തിരക്കുകൂട്ടും.

"ആ കുലിനാ ഐവനോവ്നാ!" അവർ അമ്മമ്മയെ വിളിക്കും.

ആകുലിനാ ഐവനോവ്നാ, സ്വതസ്സിദ്ധമായ സ്നേഹഭാവത്തോടെ, എല്ലാവരെയും നോക്കി പുഞ്ചിരിയിടും. ചുണ്ടുവിരൽകൊണ്ടു മൂക്കിൽ പൊടിതള്ളിക്കയററി, ഒരു വലിയ ഉറുമാൽകൊണ്ടു മുഖം തുടച്ചു അവർ എല്ലാവരും പറയുന്നതു സശ്രദ്ധം കേറക്കും.

"പേൻ ഇല്ലാതാക്കാനോ?" അവർ മറുപടി പറയും. 'പേനില്ലാതാക്കാൻ നിത്യം കുളിക്കണം. എണ്ണതേക്കുകയും വേണം. പേൻ തോലിനുള്ളിൽ ഒട്ടിനില്ക്കുകയാണെങ്കിൽ, ഒരു കരണ്ടി, വാത്തിൻ കൊഴുപ്പു കഴിക്കണം. മൂന്നു തുള്ളി രസം, ഒരു കരണ്ടി രസബാഷ്പത്തിൻെറ കലപ്പോട്ടു ചേക്കുക. ഇതു ഒരു നല്ല കോപ്പയിലാക്കി, കോപ്പക്കുട്ടിൻെറ ഉലക്കകൊണ്ടു ഉരസിച്ചേക്കുക. എന്നിട്ടു, ഈ കൂട്ടു ദേഹത്തിൽ പുരട്ടുക മരംകൊണ്ടോ, അസ്ഥികൊണ്ടോ ഉണ്ടാ

ക്കിയ കരണ്ടി ഉപയോഗിക്കരുതു്. രസം ചീത്തയായിപ്പോകും. വെള്ളികൊണ്ടോ, ചെമ്പുകൊണ്ടോ കൂട്ട തൊട്ടുപോകരുതു്. അതു ദോഷമാണ്.''

ചിലപ്പോഠം വളരെനേരം ആലോചിച്ചുനോക്കിയശേഷം അവർ പറയും.

''നിങ്ങഠം പള്ളിയിലെ പാതിരിയച്ഛനെ കാണുന്നതാണ് നല്ലതു. നിങ്ങളുടെ ചോദ്യത്തിന്നു ശരിയായ ഉത്തരം പറയാൻ എന്നാൽ സാദ്ധ്യമല്ല."

അവർ പേററിച്ചിയാകും. കുടുംബകലഹങ്ങളിൽ മാദ്ധ്യസ്ഥം വഹിക്കും. രോഗികളായ കുട്ടികളെ ചികിത്സിക്കും. പാട്ടുപാടും. മററു സ്ത്രീകഠം അവരുടെ പാട്ടുകഠം കേട്ടുപഠിക്കും. അവർ അയൽ പക്കക്കാൎക്കു വീട്ടുകാൎയ്യങ്ങളെസംബന്ധിച്ചു ഉപദേശം കൊടുക്കും.

''വെള്ളരിക്ക എപ്പോഴാണ് അച്ചാറിടേണ്ടതെന്നു അവ കണ്ടാലറിയാം. മണ്ണിൻെറ മണമില്ലാതായിക്കഴിഞ്ഞാൽ, അവക്കു ഉപ്പുപിടിക്കേണ്ട കാലമായിക്കഴിഞ്ഞെന്നു മനസ്സിലാക്കാം. യവത്തിൻെറ ബീരിന്നുള്ള ശക്തി മനസ്സിലാക്കാൻ അതൊന്നിളക്കിനോക്കിയാൽ മതി. ആ ബീരിൽ മധുരമുള്ളതൊന്നും ചേൎന്നുകിട്ടുകയില്ല. കുറച്ചു ഉണങ്ങിയ മുന്തിരിങ്ങയോ, പഞ്ചസാരയോ ചേൎക്കുക; ഒരു കരണ്ടി മുതൽ ഒരു കിണ്ണം നിറയെ. കാച്ചിയ തൈരിന്നു തരത്തിന്നനുസരിച്ചാണ് രുചി. ഡാന്യൂബിൻെറ കരക്കുള്ളവർ ഒരു തരത്തിലും, സ്പെയിൻകാർ മറെറാരുതരത്തിലും, കൊക്കേഷ്യക്കാർ വേറൊരു തരത്തിലുമാണ് തൈരുണ്ടാക്കുന്നതു.''

പകൽ മുഴുവൻ ഞാൻ അമ്മമ്മയുടെ പിന്നാലെ നടക്കും. മുററത്തും തോട്ടത്തിലും അവർ വളരെ നേരം ചിലവാക്കും. അയൽപക്കത്തെ വീടുകളിൽ ചായകുടിച്ചു കഥകഠം പറഞ്ഞും, അവർ അനവധി മണിക്കൂറുകഠം കഴിക്കും. ഞാൻ അവരുടെ അടുത്തിരിക്കും.

ഞാൻ അമ്മമ്മയുടെ ഒരു ഭാഗമായിക്കഴിഞ്ഞിരുന്നു എന്റെ ജീവിതത്തിൽ ആ കാലത്തു, ആ ദയാലുവായ, അദ്ധ്വാനശീലയായ കിഴവിയെയൊഴിച്ച മറെറാന്നിനെക്കുറിച്ചും എനിക്കോർമ്മിക്കുവാൻ സാദ്ധ്യമല്ല.

ചിലപ്പോഠം കുറച്ചുദിവസത്തേക്കു എന്റെ അമ്മ പ്രത്യക്ഷപ്പെട്ടും. അവർ എപ്പോഴും ഗൌരവത്തോടെ വികാരങ്ങളൊന്നുമില്ലാത്തപോലെയാണ് പെരുമാറുക. ശീതകാലത്തെ വെയിൽപോലെയുള്ള അവരുടെ മൈക്കണ്ണുകഠംകൊണ്ടു അവർ എല്ലാ സാധനങ്ങളും നോക്കിക്കാണും. അവർ ഒരിക്കലും അധികദിവസങ്ങഠം ഞങ്ങളോടൊപ്പം താമസിച്ചില്ല. അവരെക്കുറിച്ചു യാതൊരു സ്മരണകളും ഇടംവെക്കാതെ അവർ സ്ഥലംവിട്ടുപോകയും ചെയ്യും.

ഒരുദിവസം ഞാൻ അമ്മമ്മയോടു ചോദിച്ചു.

"നിങ്ങഠം ഒരു മന്ത്രവാദിനിയാണോ?"

"അതെന്താ, നീ അങ്ങിനെ വിചാരിക്കാൻ കാരണമെന്താണ്?" അവർ ചിരിച്ചു. പെട്ടെന്നു ഗൌരവം ഭാവിച്ചുകൊണ്ടവർ തുടൻനു. "ഒരു മന്ത്രവാദിനിയാവാൻ ഞാൻ ആരാണ്? മന്ത്രവാദം അറിയാൻ വലിയ പാഠിപ്പുവേണം. എനിക്കാണെങ്കിൽ അക്ഷരങ്ങഠംപോലും അറിയുകയില്ല. നിന്റെ അച്ഛാച്ഛൻ എത്ര പഠിച്ച ആളാണ്? എന്നാൽ കന്യാമറിയം എന്നെ പഠിപ്പുള്ളവളായിക്കാണാൻ ഇഷ്ടപ്പെട്ടില്ല."

പിന്നെ അവർ അവരുടെ ജീവിതത്തെ സ്പർശിക്കുന്ന മറെറാരു രഹസ്യം എന്നോടു പറഞ്ഞു.

"ഞാനും അച്ഛനില്ലാത്ത കുട്ടിയായിട്ടാണ് വളന്നത്. എന്റെ അമ്മക്ക് ഭർത്താവുണ്ടായിരുന്നില്ല. അംഗഹീനയുമായിരുന്നു. കന്യകയായിരിക്കുമ്പോഠംതന്നെ അവരുടെ യജമാനൻ അവരെ ഭീഷണിപ്പെടുത്തി അയാളുടെ ഇച്ഛക്കു കീഴ്പെടുത്തി. അതുകൊണ്ടു

അവർ രാത്രി ജനലിൽക്കൂടി പുറത്തേക്കു ചാടി. അവരുടെ ചുമലിന്നും, പുറത്തും കാര്യമായ പരുക്കുകളേററു. അങ്ങിനെയാണ് അവരുടെ വലംകൈ ഉപയോഗശൂന്യമായിപ്പോയത്. അമ്മ ഒരു നല്ല തുന്നൽകാരിയായിരുന്നു. വലംകൈ ഒടിഞ്ഞുപോയതോടെ യജമാനന്നു അവരെക്കൊണ്ടു ഉപയോഗമില്ലാതെയായി. അയാറം അവരെ വീട്ടിൽനിന്നു പുറത്താക്കി. എങ്ങിനെയെങ്കിലും ജീവിച്ചു കൊള്ളാൻ പറഞ്ഞുകൊണ്ട്. ഒററക്കൈ മാത്രമുള്ള അവർ എങ്ങിനെ ജോലിയെടുത്തു ജീവിക്കും? അതുകൊണ്ടു അമ്മ ഇരന്നുനടക്കാൻ തുടങ്ങി. അക്കാലത്ത് ബാലക്നയിലെ ജനങ്ങറം പണക്കാരായിരുന്നു; നല്ലവരുമായിരുന്നു. അവർ മരപ്പണിക്കാരും തുന്നൽക്കാരുമായിരുന്നു. ഒരാറം മററാളുകളേക്കാറം കേമൻ—ഞങ്ങറം ഇരന്നുനടന്നു, ഞാനും അമ്മയും. ശരൽക്കാലത്തും ശീതകാലത്തും. ദൈവദൂതനായ ഗബ്രിയേൽ തൻെറ വാറം ഉയർത്തി മൂടൽമഞ്ഞില്ലാതാകുമ്പോറം, ഞങ്ങറം കഴിയുന്നത്ര ദൂരം നഗരം വിട്ടുപോകും. മുറോമിലും യൂറിവെററ്സിലും, വോറംഗയുടേയും ഓക്കയുടേയും കരകളിൽക്കൂടിയും, ഞങ്ങറം തെണ്ടിത്തിരിയും. വസന്തകാലത്തും ഉഷ്ണകാലത്തും നാട്ടനീളെ നടക്കുന്നതെത്ര ആനന്ദപ്രദമാണ്. മൃദുവായ നിലത്തു വില്ലീസുപോലെ മിനുത്ത പുല്ലിൽക്കൂടി നടക്കുക; അപ്പോറം നാട്ടനീളെ, കന്യാമറിയം, പുഷ്പങ്ങറം നിരത്തിയിരിക്കും. എങ്ങുനോക്കിയാലും ഹൃദയം കവരുന്ന, വിശാലമായ വയലുകളും മൈതാനങ്ങളും—ചിലപ്പോറം അമ്മ അവരുടെ നീലക്കണ്ണുകറം പകുതി അടച്ചുംകൊണ്ടു പാടാൻ തുടങ്ങും. അവരുടെ പാട്ട് സ്വർഗ്ഗത്തിലും കേറംക്കും. അവരുടെ ശബ്ദം മനോഹരമായിരുന്നു; മധുരമായിരുന്നു. ചുററുപാടുമുള്ള എല്ലാവസ്തുക്കളും പാട്ടിൽ ലയിച്ചു നിശ്ചലമായി നിൽക്കും. അന്നു ഇരന്നു നടക്കുന്നതു അസുഖകരമായിരുന്നില്ല. എന്നാൽ എനിക്കു പത്തുവയസ്സായിക്കഴിഞ്ഞപ്പോറം, ഇരക്കാൻ പോകുന്നിടത്തെല്ലാം എന്നെയും കൂടെക്കൊണ്ടുപോകാൻ അമ്മ ഇഷ്ടപ്പെട്ടില്ല. അവക്കതിൽ ലജ്ജതോന്നി! അതു വലിയൊരപമാനമായിരുന്നു. അതുകൊണ്ടു

അവർ ബാലക്നയിൽ പാപ്പ്റപ്പിച്ചു. അവർ ഒററക്കു വീട്ടുതോറും കയറിയിറങ്ങി യാചിക്കും. ഞായറാഴ്ച പള്ളിയുടെ മുമ്പിൽനിന്നു കൊണ്ടു ഭിക്ഷവാങ്ങും. ഞാൻ വീട്ടിലിരുന്നുകൊണ്ടു നാടയുണ്ടാക്കാനും തുന്നുവാനും പഠിച്ചു. എനിക്കമ്മയെ സഹായിക്കാൻ വലിയ ആഗ്രഹംതോന്നി. അതുകൊണ്ടു ഞാൻ വേണ്ടത്ര വേഗത്തിൽ തുന്നാൻ പഠിക്കുന്നില്ലെ എന്നുപോലും ഭയപ്പെട്ടു. തുന്നിയതൊന്നും ശരിപ്പെടുന്നില്ലെന്നു കണ്ടാൽ, ഞാൻ രണ്ടു കവിളുകളിലും കണ്ണുനീരൊലിപ്പിച്ചു ദു:ഖിച്ചിരിക്കും. ഏതാണ്ടു രണ്ടുകൊല്ലംകൊണ്ടു ഞാൻ നാടയുണ്ടാക്കാൻ പഠിച്ചു. എൻെറ കീർത്തി പട്ടണം മുഴുവൻ വ്യാപിച്ചു. പ്രത്യേകമായി വല്ലതും തുന്നിയുണ്ടാക്കേണമെങ്കിൽ എല്ലാവരും ഞങ്ങളുടെ അടുക്കെവരും. "ശരി, ആകുല്യാ, നിൻെറ സൂചികാം പണിയെടുക്കട്ടെ." ഇതു കേറംക്കുമ്പോറം ഞാൻ വലിയ ഭാഗ്യവതിയാണെന്നഭിമാനിക്കും. ഇതിൻെറ യോഗ്യത എൻെറതായിരുന്നില്ല; എന്നെ വളരെ ക്ഷമയോടെ പഠിപ്പിച്ച എൻെറ അമ്മയുടെതായിരുന്നു. ഒരു കൈ പൊട്ടിപ്പോയതുകൊണ്ടു അവക്കു തുന്നാൻ കഴിഞ്ഞില്ലെങ്കിലും, അവക്കു നല്ലപോലെ തുന്നൽപഠിപ്പിക്കുവാൻ വശമായിരുന്നു ഒരു നല്ല അദ്ധ്യാപിക പത്തു തൊഴിലാളികളെക്കാറം സമത്ഥയാണ്. എനിക്കു വലിയ അഭിമാനം തോന്നി. ''നിങ്ങറം ഇനി യാചിക്കാൻ പോകേണ്ടതില്ല.'' ഞാൻ അമ്മയോടു പറഞ്ഞു "ഞാൻ ജോലിയെടുത്തു നിങ്ങളെ പോററം എന്നാൽ ''മിണ്ടല്ല" എന്നു പറഞ്ഞു അമ്മ ശാസിക്കും. "ആ പണം കൂട്ടിവെച്ചു നിൻെറ സ്ത്രീധനം ഉണ്ടാക്കുകയാണ് വേണ്ടതെന്നു നിനക്കു തോന്നുന്നില്ലെ?" -വളരെക്കഴിയാതെ നിൻെറ അച്ഛാച്ഛൻ വന്നു. കാണാൻകൊള്ളാവുന്ന ഒരു യുവാവ്. ഇരുപത്തിരണ്ടുവയസ്സുപ്രായം. തോണിപ്പണിക്കാരുടെ മേസ്ത്രി. അദ്ദേഹത്തിൻെറ അമ്മ വന്നെന്നെക്കണ്ടു. ഞങ്ങറം എത്ര ദരിദ്രരാണെന്നവർ മനസ്സിലാക്കി. ഒരിരപ്പാളിസ്ത്രീയുടെ മകറം അതുകൊണ്ടു ഞാൻ കത്തവ്യബോധമുള്ള ഒരു ഭാര്യയായിരിക്കുമെന്നവർ കരുതിയിരിക്കണം. അവരുടെ

ജോലി ബന്ധവിറാമനടക്കലായിരുന്നു. ഒരു മൂധേവി നമ്മാം മരിച്ച വരെപ്പററി എന്തിന്നു ദൂഷിച്ചുപറയുന്നു? നമ്മുടെ സഹായമില്ലാതെതന്നെ ദൈവം എല്ലാം കാണുമല്ലോ. ദൈവം എല്ലാം കാണുന്നു.

അവർ ഹൃദയം തുറന്നൊന്നു ചിരിച്ചു. അവരുടെ മൂക്കു തമാശ തോന്നിക്കുന്നവിധത്തിൽ വിറച്ചു അവർ കണ്ണുകളെക്കൊണ്ടു എന്നെ സ്നേഹപുരസ്സരമൊന്നാശ്ലേഷിച്ചു. വിവരിക്കാനാകാത്ത സ്നേഹമാണവർ പ്രകടിപ്പിച്ചതു്.

ഒരുദിവസം വൈകുന്നേരം ഞാനും അമ്മമ്മയും അച്ഛാച്ഛൻെറ മുറിയിലിരുന്നു ചായകഴിക്കുകയായിരുന്നു. അച്ഛാച്ഛന്നു സുഖമില്ല. അദ്ദേഹം ഷർട്ടിടാതെ കിടക്കയിൽ ഇരിക്കുന്നു. ചുമലിലിട്ട ഒരു തോർത്തുകൊണ്ടു അദ്ദേഹം ഇടക്കിടെ വിയർപ്പു തുടക്കുന്നു. അദ്ദേഹം വേഗതയോടെ, കുറുക്കിയുംകൊണ്ടാണ് ശ്വാസം കഴിക്കുന്നതു. കണ്ണുകാം ാടനിറഞ്ഞതുപോലെയിരിക്കുന്നു. മുഖം ചുകന്നു തുടിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ കുത്ത, ചെറിയ ചെവികാം, വിശേഷിച്ചും ചുകന്നിരുന്നു. ഗ്ലാസ്സിൽ ചായ ഒഴിച്ചു കുടിക്കുമ്പോാം, അദ്ദേഹത്തിൻെറ കൈ വല്ലാതെ വിറച്ചിരുന്നു. അച്ഛാച്ഛൻ തീരെ ശക്തിയില്ലാതെ, അദ്ദേഹമല്ലാതായപോലെ തോന്നി.

"നീ എന്തുകൊണ്ടു എൻെറ ചായയിൽ ഒട്ടും പഞ്ചസാര ചേർത്തില്ല? ഒരു വികൃതിക്കുട്ടിയുടെ സ്വരത്തിൽ അദ്ദേഹം അമ്മമ്മയോടാവലാതിപ്പെട്ടു.

"നിങ്ങാംക്കു തേനാണ് നല്ലതു." അവർ ശാന്തമായി ദൃഢസ്വരത്തിൽ പറഞ്ഞു.

അദ്ദേഹം ചൂടുള്ള ചായ, തൊണ്ടയിൽനിന്നും ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു, ഗ്ലാസ്സിൽ പൊക്കിളുകളുണ്ടാക്കിക്കൊണ്ടു കുടിച്ചുതീൎത്തു.

"ഞാൻ മരിച്ചുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചോ." അദ്ദേഹം കല്പിച്ചു.

"പേടിക്കേണ്ട. ഞാൻ സൂക്ഷ്മതയോടെ നിങ്ങളെ നോക്കിക്കൊള്ളാം."

"അതു ശരി. ഞാനിപ്പോഠം മരിച്ചുപോകുകയാണെങ്കിൽ, ഞാൻ ഇത്രയും കാലം ജീവിച്ചിട്ടില്ലാത്തപോലെയാ യിപ്പോകും.—എല്ലാം വൃഥാ വിൽ."

"അവിടെ കിടക്കൂ, സംസാരിക്കാതെ."

കുറച്ചുനേരം അദ്ദേഹം അനങ്ങാതെ കണ്ണടച്ചു കിടന്നു. പെട്ടന്നു ആരോ നുള്ളിവേദനിപ്പിച്ചപോലെ അദ്ദേഹം ചാടിയെഴുന്നേററു.

"യാക്കോവിനെയും മൈക്കേലിനെയുംകൊണ്ടു കഴിയുന്ന വേഗം വിവാഹം ചെയ്യിക്കണം ഭാൎയ്യമാരും കുറച്ചു കുട്ടികളുമുണ്ടായാൽ അവർ ശാന്തരായിക്കൊള്ളും-ഇല്ലെ?"

നഗരത്തിൽ അവൎക്കു യോജിച്ച പെണ്ണുങ്ങളെപ്പററി അച്ഛാച്ഛൻ പറയുവാൻ തുടങ്ങി. ഒന്നും അഭിപ്രായം പറയാതെ, അമ്മമ്മ കുറെ ഗ്ലാസ്സ് ചായ കുടിച്ചുതീൎത്തു. ഞാൻ എന്തോ തെററചെയ്തതുകൊണ്ടു അച്ഛാച്ഛൻ എന്നെ പുറത്തുപോകുവാൻ അനുവദിച്ചില്ല. അസ്തമിക്കുവാൻ ഭാവിച്ചു മങ്ങിനില്ക്കുന്ന സൂൎയ്യനെയും വീടുകളുടെ ജനലുകളിൽ വീണുനില്ക്കുന്ന രശ്മികളെയും നോക്കി ഞാൻ ജനലിന്നരികെ ഇരുന്നു.

താഴെ തോട്ടത്തിൽ വണ്ടിൻകൂട്ടം, ബേർച്ച്മരങ്ങൾക്കിടയിൽ മൂളിനടക്കുന്നുണ്ട്. അടുത്ത വീട്ടിൻെറ മുററത്തു ഒരു ചെമ്പോട്ടി മുട്ടിക്കൊണ്ടിരിക്കുന്നു. വളരെയകലത്തല്ലാതെ, കത്രിക അണസ്സുന്ന ചക്രത്തിൻെറ ശബ്ദം കേൾക്കുന്നു. കുന്നിൻചരിവിൻെറ അപ്പുറത്തു നിന്നു മരങ്ങൾക്കിടയിൽ ചാടിക്കളിക്കുന്ന കുട്ടികളുടെ ബഹളം കേൾക്കുന്നു. അവരോടൊപ്പം പോയിക്കളിക്കുവാൻ എനിക്കതിയായ ആഗ്രഹമുണ്ടായി. വൈകുന്നേരത്തെ മങ്ങിയ പ്രകാശത്തിൽ എൻെറ ഹൃദയം ദുഃഖപൂർണ്ണമായിത്തീൻ.

പെട്ടെന്നു അച്ഛാച്ഛൻ ഒരു പുതിയ പുസ്തകം എടുത്തു അതു കൈപ്പടത്തിൽ അടിച്ചൊച്ചയുണ്ടാക്കി, എന്നെ സന്തോഷത്തോടെ വിളിച്ചു.

"ഏ, കുഞ്ഞിക്കുറക്കാ, മരത്തലയാ, ഇങ്ങോട്ടുവാ, ഇരിക്കു, ആ അടയാളം നോക്കു—അ. അറയിൽ, അതു പറയു. ആ ആനയിൽ. ഇ. ഇഞ്ചിയിൽ. ഇതെന്താണ്.

"ആ— ആനയിൽ"

"ശരി— ഇതോ?"

''ഇ—ഇഞ്ചിയിൽ."

"തെററ-അ. അറയിൽ. സൂക്ഷിച്ചുനോക്കു, ഈ-ഈച്ചയിൽ. ഉ—ഉണ്ടയിൽ. ഊ—ഊമയിൽ. ഇതെന്താണ്?"

"ഊ— ഊമയിൽ."

"ശരി— ഇതോ?''

"ഈ—ഈച്ചയിൽ!''

''ഭേഷ്! ഇതോ?"

''അ—അറയിൽ.''

അമ്മമ്മ ഇടക്കു കടന്നുപറഞ്ഞു.

"നിങ്ങൾ ഒന്നനങ്ങാതിരിക്കുമോ?"

"മിണ്ടാതിരിക്കു, എൻെറ മനഃക്ലേശങ്ങളിൽനിന്നും രക്ഷപ്പെടാൻ ഇതുമാത്രമാണ്ണെനിക്കൊരു പോംവഴി. നീ നോക്കു, അലക്ഷ്മീ."

അദ്ദേഹം ചൂടുള്ള വിയത്ത തൻെറ വലംകൈ എൻെറ ചുമലിൽക്കൂടിയിട്ടു അക്ഷരങ്ങളുടെനേരെ ചൂണ്ടി. മററെ കൈകൊണ്ടു പുസ്തകം എൻെറ മൂക്കിന്നു താഴെ പൊക്കിക്കാണിച്ചു. ചൊക്കിൻെറയും, വിയപ്പിൻെറയും, വറത്ത ഉള്ളിയുടേയും മണമാണ് അദ്ദേഹത്തിൻെറ ദേഹത്തിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്നതു. എനിക്കു ശ്വാസംമുട്ടി. അദ്ദേഹം ആവേശത്തോടെ എൻെറ ചെകിട്ടിൽ കൂവി.

"എ-എട്ടിൽ. എ. എട്ടിൽ."

ഈ വാക്കുകളെല്ലാം എനിക്കറിയാമായിരുന്നു. എന്നാൽ അദ്ദേഹം ചൂണ്ടിക്കാണിച്ച അക്ഷരങ്ങാം ഒരു തരത്തിലും ആ വാക്കുകളെപ്പോലെ എനിക്കു പരിചയമുള്ളതായി തോന്നിയില്ല. ആ യും ആനയും തമ്മിൽ യാതൊരു ബന്ധവുമുള്ളതായി തോന്നിയില്ല. ക എന്നതു കണ്ണുമായെന്തടുപ്പമാണുള്ളതു്?. ഈ എല്ലാ അക്ഷരങ്ങാംക്കും അച്ഛാച്ഛനും തമ്മിൽ എന്തോ പൊരുത്തമുണ്ടായിരുന്നു. അക്ഷരങ്ങാം വഴിക്കുവഴിയായും അല്ലാതെയും എന്നെക്കൊണ്ടു മനഃപാഠം പഠിപ്പിക്കാൻ അദ്ദേഹം ഉത്സാഹിച്ചു. അദ്ദേഹത്തിൻെറ ആവേശം എന്നെയും ബാധിച്ചു. ഞാനും വിയത്തൊലിച്ചു ഒച്ചയോടെ വായിക്കുവാൻ തുടങ്ങി. ഇത് അച്ഛാച്ഛനെ രസിപ്പിച്ചു. അദ്ദേഹം പൊട്ടിച്ചിരിച്ചു. അതിൻെറ ഫലമായി അദ്ദേഹം കുറെ നേരം നിത്താതെ ചുമച്ചുകൊണ്ടിരുന്നു.

"എടോ, നോക്കു, അവൻ എത്ര ഭംഗിയായി അതു പഠിക്കുവാൻ നോക്കുന്നു!!" പുസ്തകം മാറോടുചേത്തു കിതച്ചുംകൊണ്ടദ്ദേഹം പറഞ്ഞു.

"വല്ലാത്ത മനുഷ്യൻ, വെറുതെ മിണ്ടാതിരിക്കരുതോ."

"ഛീ! ശവമെ! നീ എന്താണവിടെ ചിലച്ചുകൊണ്ടിരിക്കുന്നത്?"

"നിങ്ങളാണ് ചിലക്കുന്നത്." അമ്മമ്മ മറുപടി പറഞ്ഞു.

അമ്മമ്മയും അച്ഛാച്ഛനും അങ്ങിനെ ഇരിക്കുന്നതു കാണാൻ എനിക്കു വലിയ കൌതുകംതോന്നി. അമ്മമ്മ മേശമേൽ കൈമുട്ടുകറംകുത്തി, കൈപ്പടങ്ങറം കവിളത്തുചേർത്തു സാവധാനം ചിരിച്ചുകൊണ്ടു ഞങ്ങളെ നോക്കുകയാണ്.

"വെറുതെ തലപിളുക്കാതിരിക്കണം" അവർ പറഞ്ഞു.

അച്ഛാച്ഛൻ സ്നേഹത്തോടെ എനിക്കു കാര്യങ്ങറം വിവരിച്ചുതരാൻ ഭാവിച്ചു.

"ഞാൻ ഒച്ചയെടുക്കുന്നതു എനിക്കു സുഖമില്ലാത്തതുകൊണ്ടാണ്. നീ എന്തിനാണ് ഒച്ചയെടുക്കുന്നതു്?"

പിന്നെ അദ്ദേഹം തൻെറ വിയർത്ത ശിരസ്സു കാണിച്ചുകൊണ്ടു അമ്മമ്മയോടു പറഞ്ഞു.

"അവനു ഓർമ്മശക്തി കുറവാണെന്നു നടാല്യാ പറഞ്ഞതു തെററായിരുന്നു. അവനു ഒരു കുതിരയെപ്പോലെ ഓർമ്മശക്തിയുണ്ട്. നോക്കു, അണ്ടിമൂക്കാ!"

ഒടുക്കം അദ്ദേഹം തമാശക്കുവേണ്ടി എന്നെ കിടക്കയിൽനിന്നും താഴെ തള്ളിയിട്ടു. "അത്രമതി—പുസ്തകം നോക്കിക്കൊണ്ടിരിക്കു. നാളെ തെററുകൂടാതെ, മുഴുവൻ അക്ഷരങ്ങളും നീ വായിക്കണം. എന്നാൽ ഞാൻ നിനക്കു അഞ്ചു കൊപ്പെക്കു സമ്മാനമായിത്തരും."

ഞാൻ പുസ്തകമെടുക്കാൻ കൈ നീട്ടിയപ്പോറം അദ്ദേഹം എന്നെ പിടിച്ചുടുപ്പിച്ചു വ്യസനത്തോടെ പറഞ്ഞു.

"നിൻെറ അമ്മ നിന്നെ ഉപേക്ഷിച്ചു പോയ്ക്കളയരുതായി രുന്നു, മോനെ!"

"പിന്നെ, അതൊന്നും പറയേണ്ട യാതൊരാവശ്യവുമില്ലെ!" അമ്മമ്മ ഇടക്കു കടന്നു പറഞ്ഞു.

"ദുഃഖംകൊണ്ടു മാത്രമാണ് ഞാനങ്ങിനെ പറഞ്ഞതു........ ഹാ! അവളെന്നെ ധിക്കരിച്ചില്ലെ!"

അദ്ദേഹം എന്നെ തള്ളിനീക്കി. "പുറമെ പോയിക്കളി ച്ചോളൂ. തെരുവിലല്ലാ, മുററത്തോ തോട്ടത്തിലോ മാത്രം, കേട്ടോ!"

തോട്ടത്തിൽ പോകണമെന്നുതന്നെയാണ് ഞാനും വിചാരി ച്ചിരുന്നതു. ഞാൻ മതിലിൻെറ അടുത്തു ചെന്നുനിന്നാൽ കുന്നിൻ ചുവട്ടിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികഠം എന്നെ കല്ലെടുത്തെ റിയും. അവക്കങ്ങോട്ടും നല്ല സമ്മാനം കൊടുക്കുന്നതിലാണ് ഞാൻ എൻെറ സാമത്ഥ്യം കാണിക്കേണ്ടതെന്നു ഞാൻ വിചാരിച്ചു.

"അതാ, മൺചാക്ക്" എന്നെ കണ്ട ഉടനെ അവർ വിളിച്ചു പറഞ്ഞു. "ഇതാ, പിടിച്ചോ!" അവർ ഉടനെ കല്ലുകഠം ശേഖ രിക്കുവാൻ തുടങ്ങി.

മൺചാക്കെന്നാൽ എന്താണെന്നു എനിക്കു മനസ്സിലായില്ല. അവർ എന്നെ അങ്ങിനെ വിളിച്ചതിൽ എനിക്കു വെറുപ്പുതോന്നി യില്ല. ഞാൻ ഏകനായി, അവർ വളരെപ്പേരോടെതൃക്കുകയാ ണെന്നതിൽ എനിക്കു തമാശതോന്നി. കുറിക്കുകൊണ്ട ഒരൊററ ഏറുകൊണ്ടു അവരെയെല്ലാം തോല്പിച്ചോടിക്കുവാൻ സാധിച്ച തിൽ എനിക്ക് അഭിമാനംതോന്നി. അങ്ങിനെയുള്ള ലഹളകഠം അന്യോന്യം പകയുണ്ടാക്കിയില്ല; ആക്കും വേദന തോന്നിയില്ല.

ഞാൻ അക്ഷരങ്ങഠം വളരെ വേഗത്തിൽ പഠിച്ചു. ഒരുപക്ഷെ അതുകൊണ്ടായിരിക്കണം അച്ഛാച്ഛൻ എൻെറ പേരിൽ കൂടുതൽ

ശ്രദ്ധചെലുത്താനും, എന്നെ പ്രഹരിക്കാറുള്ളതു വേണ്ടെന്നുവെക്കു വാനും കാരണമാക്കിയത്. എനിക്കു പ്രായം കൂടിവന്നപ്പോഠം, എനിക്കു ധൈര്യം വദ്ധിച്ചുവന്നപ്പോഠം, അച്ഛാച്ഛൻെറ കല്പന കളും നിയമങ്ങളും ഞാൻ ലംഘിക്കുവാൻ തുടങ്ങി. അദ്ദേഹം എന്നെ ശകാരിക്കാനെ ധൈര്യപ്പെട്ടുള്ളൂ; ഇടക്കു മുഷ്ടി ഓങ്ങുകയും ചെയ്യും.

പലപ്പോഴും അദ്ദേഹം എന്നെ കാരണംകൂടാതെയാണടി ക്കാറുണ്ടായിരുന്നത്. ഞാൻ അതു അദ്ദേഹത്തോടു നേരെ പറഞ്ഞു.

അദ്ദേഹം എൻെറ താടിക്കൊന്നു തട്ടി, മുഖത്തു നോക്കി കണ്ണു ചിമ്മി.

"എന്തു?" അദ്ദേഹം ചോദിച്ചു. ചിരിച്ചുകൊണ്ട് അദ്ദേഹം തുടന്നു.

"കൊച്ചു ചെകുത്താനെ, നിനിക്കെത്ര അടികിട്ടേണമെന്നു തീരുമാനിക്കാൻ നീ ആരാണ്? അതെനിക്കുമാത്രമെ അറിയാൻ പാടുള്ളൂ; ഇതാ നോക്കു."

ഞാൻ തിരിഞ്ഞുനിന്നപ്പോഠം അദ്ദേഹം എൻെറ ചുമലിനു പിടിച്ചു എൻെറ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി.

"നീ കള്ളം പറയുകയാണോ? അതോ ഒരു പാവത്തെപ്പോലെ ചോദിക്കുകയാണോ?"

"എനിക്കറിയുകയില്ല."

"നീ അറിയില്ല. അല്ലെ? ശരി. എന്നാൽ ഞാൻ നിനക്കു പറഞ്ഞുതരാം. കള്ളം പറഞ്ഞാലും തരക്കേടില്ല. ഒരു പാവമായി പ്പോകരുതു. ഒരു കന്നുകുട്ടി പാവമാണ്. മനസ്സിലായോ? ഇനി പുറ ത്തുപോയി കളിച്ചോളൂ."

ഞാൻ അക്ഷരങ്ങാം വഴിക്കുവഴിയായി വായിക്കുവാൻ പഠിച്ചുകഴിഞ്ഞു. സാധാരണയായി വൈകുന്നേരം ചായകഴിച്ചതിന്നു ശേഷമാണ് ഞങ്ങാം വായിക്കാൻ തുടങ്ങാറ്. ഓരോ ദിവസവും ഞാൻ ഒരു പാഠം മുഴുവൻ പഠിക്കണമെന്നായിരുന്നു നിശ്ചയം. അതാതക്ഷരമുള്ള വാക്കുകളുടെ നേരെ വിരൽചൂണ്ടി മനഃപാഠം ചൊല്ലുക; അതെനിക്കു മടുപ്പുണ്ടാക്കും. അപ്പോാം ഞാൻ ചോദ്യങ്ങാം ചോദിക്കും.

"അദ്ദേഹം അനുഗ്രഹീതനാണ്" പാഠം ഉരുവിടുമ്പോാം ഞാൻ വായിക്കും.

"ആരാണ് അനുഗ്രഹീതൻ? യാക്കോവമ്മാമനാ?"

"ഞാൻ നിൻെറ തലക്കൊരു കൊട്ടുതരും. അനുഗ്രഹീതൻ ആരാണെന്നു അപ്പോാം നിനിക്കു മനസ്സിലാകും." അച്ഛാച്ഛൻ കോപിച്ചു ചീററിക്കൊണ്ടു മറുപടിപറഞ്ഞു. എന്നാൽ അദ്ദേഹത്തിന്നു വാസ്തവത്തിൽ കോപം വന്നിരുന്നില്ലെന്നു എനിക്കു മനസ്സിലായി. സാധാരണമട്ടിൽ, വെറും നാട്യമായി അദ്ദേഹം കോപം ഭാവിച്ചതായിരുന്നു.

എനിക്ക് തെററുപററിയില്ല. ഒരു മിനുട്ടു കഴിഞ്ഞപ്പോാം, ഞാൻ മുമ്പിലിരിക്കുന്നുണ്ടെന്ന കാര്യമോക്കാതെ, അദ്ദേഹം പിറുപിറുത്തു.

"പാട്ടും കളിയുമാണെങ്കിൽ അവൻ ഡേവിഡ് രാജകുമാരനാണ്. എന്നാൽ പ്രവൃത്തിയുടെ കാര്യം വരുമ്പോാം, അവൻ ശരിക്കൊരു അബ്സലാമാണ്. ഒരു പാട്ടുകാരൻ, കുസൃതിക്കാ

രൻ, വിദൂഷകൻ ഫൂ!-ശരി. നൃത്തംവെച്ചതുകൊണ്ടു എന്താണ് കിട്ടാൻപോകുന്നതു്? -വളരെയൊന്നുമില്ല."

അദ്ദേഹത്തിൻെറ വാക്കുകറം ശ്രദ്ധിക്കുവാൻവേണ്ടി ഞാൻ വായന നിർത്തി ഞാൻ അദ്ദേഹത്തിൻെറ ദുഃഖപൂർണ്ണമായ മുഖത്തേക്കുനോക്കി. പകുതി ചിമ്മിയ അദ്ദേഹത്തിൻെറ കണ്ണുകറം ദൂരത്തെങ്ങോ ലക്ഷ്യംവെക്കുകയാണ്. അദ്ദേഹത്തിൻെറ സ്വാഭാവികമായ രൂക്ഷതക്കു പകരം ആ കണ്ണുകളിൽ ഒരു വ്യസനച്ഛായ കലൻ കാണാമായിരുന്നു. സ്വർണ്ണനിറത്തിലുള്ള അദ്ദേഹത്തിൻെറ പുരികങ്ങറം വിറച്ചു. മേശമേൽ താളംപിടിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിൻെറ ചായംപുരണ്ട കൈവിരലുകറം മിന്നുന്നതായിത്തോന്നി.

"അപ്പാപ്പാ!"

"ങ്ഹേ!"

"എനിക്കൊരു കഥ പറഞ്ഞുതരൂ."

"നീ പാഠങ്ങറം വായിക്കു, മടിയാ." അപ്പോറം ഉറങ്ങി എഴുന്നേററപോലെ, കണ്ണുകറം തിരുമ്മിക്കൊണ്ടദ്ദേഹം പറഞ്ഞു. "നീ അക്ഷരങ്ങറം പഠിക്കാൻ കൂട്ടാക്കാതെ യക്ഷികഥകറം കേറംക്കാൻ കാത്തിരിക്കുകയാണ്."

അദ്ദേഹത്തിന്നും, അക്ഷരങ്ങറം ചൊല്ലിക്കേറംക്കുന്നതിനേക്കാറം യക്ഷികഥകറം പറഞ്ഞുകേറംക്കുന്നതാണ് ഇഷ്ടമെന്നു എനിക്കു മനസ്സിലായി അദ്ദേഹത്തിന്നു അക്ഷരമാല നല്ലപോലെ മനഃപാഠമായിരുന്നു. നിത്യം ഉറങ്ങാൻപോകുന്നതിന്നു മുമ്പ് ഉച്ചത്തിൽ അദ്ദേഹം അക്ഷരങ്ങറം ഒരാവൎത്തി വായിക്കും. പള്ളിയിൽവെച്ചു പാതിരിയച്ചൻ പ്രാൎത്ഥനചൊല്ലുമ്പോലെ.

എങ്കിലും ഞാൻ അദ്ദേഹത്തെ ഒരു കഥപറയാൻ നിർബ്ബന്ധിച്ചു. ഒടുക്കം അദ്ദേഹം കീഴടങ്ങി.

"ഓ, അങ്ങിനെയാകട്ടെ. ജീവകാലം മുഴുവനും അക്ഷരങ്ങറം നിൻെറ ഒപ്പമുണ്ടായിരിക്കും. എന്നാൽ, ഞാൻ എൻെറ സ്രഷ്ടാവിനെ, അദ്ദേഹത്തിൻെറ ന്യായാസനത്തിന്നു മുമ്പിൽ ചെന്നു കാണാൻ ഇനി വളരെ ദിവസങ്ങറം കഴിയാനില്ല."

പഴയ ചാരുകസേലയിൽ ചാരിരുന്നു മച്ചിന്മേൽ ദൃഷ്ടികറം പതിപ്പിച്ചു അദ്ദേഹം കുറച്ചുനേരം പഴയകാലത്തെ സ്മരണകളിൽ ലയിച്ചിരുന്നു. "ഒരിക്കൽ ബാലക്നയിൽ സായേവ് എന്ന കച്ചവടക്കാരൻെറ പീടിക കൊള്ളചെയ്യാൻ വേണ്ടി ഒരുക്കൂട്ടം കള്ളന്മാർ വന്നിട്ടുണ്ടായിരുന്നു. അച്ഛൻ വിവരമറിയിക്കുവാൻ ഓടി. എന്നാൽ കള്ളന്മാർ അദ്ദേഹത്തെ പിടിച്ചു വാളുകൊണ്ടു വെട്ടിക്കൊന്നു ശവം വലിച്ചു വഴിയിലിട്ടു."

"ഞാൻ ഒരു ചെറിയ കുട്ടിയായിരുന്നു. എന്തു സംഭവിച്ചു എന്നെനിക്കു മനസ്സിലായില്ല. ഒന്നും എനിക്കിപ്പോറം ഓർമ്മയുമില്ല. 1812ൽ ഫ്രഞ്ചുകാർ വന്നതുമുതൽക്കുള്ള സംഭവങ്ങറംമാത്രമെ എനിക്കോർമ്മയുള്ളു—എനിക്കു പന്ത്രണ്ടുവയസ്സായതിന്നുശേഷം സംഭവിച്ച കാര്യങ്ങറം. അന്നൊരിക്കൽ ഏകദേശം മുപ്പതു തടവുകാരെ പിടിച്ചുകൊണ്ടുവന്നു. ചെറിയ ആളുകറം-ഏതെല്ലാമോ വിധത്തിൽ വസ്ത്രം ധരിച്ചിരിക്കുന്നു. കണ്ടാൽ എരപ്പാളികളെക്കാറം മോശം. ശീതംകൊണ്ടു വിറക്കുന്നു. ചിലരുടെ കൈകാലുകറം മരവിച്ചുപോയിരിക്കുന്നു. അവക്കു എഴുന്നേററുനില്ക്കാൻ കഴിഞ്ഞില്ല. ജനങ്ങറംക്കു അവരെ കൊന്നുകളയേണമെന്നുണ്ടായിരുന്നു. പോലീസ്സുകാർ അതിന്നനുവദിച്ചില്ല. പട്ടാളക്കാർ വന്നു "മുഴിക്കു"കളെ അവരുടെ കുടിലുകളിലേക്കോടിച്ചു. ക്രമേണ ജനങ്ങറംക്കു തടവുകാരുടെ സ്വഭാവം മനസ്സിലായി. ഫ്രഞ്ചുകാർ കുസൃതിക്കാരും മോശക്കാരുമാണെന്നു വ്യക്തമായി. അവക്കു തോന്നുമ്പോഴെല്ലാം അവർ പാട്ടുപാടിക്കൊണ്ടിരുന്നു. നിഴിനിയിൽനിന്നും ചില വലിയ ആളുകറം അവരെ കാണാൻവന്നു. കാണാൻവന്നവരിൽ ചിലർ അവരെ ശപിക്കുകയും അവരുടെ നേരെ മുഷ്ടിയോങ്ങുകയും, അവരെ അടിക്കുകയും ചെയ്തു.

മററു ചിലർ അവരെ അനുമോദിക്കുകയും അവക്കു പണവും വസ്ത്ര ങ്ങളും കൊടുക്കുകയും ചെയ്തു. എനിക്കു നല്ല ഓർമ്മയുണ്ട്-ഒരു വയസ്സൻ-അയാറം ഒരു ഭേദപ്പെട്ട ആളായിരുന്നു-കൈകൊണ്ടു മുഖം പൊത്തിക്കരഞ്ഞു പറഞ്ഞു. "ആ ചെകുത്താനായ നെപ്പോളിയൻ ഫ്രഞ്ചുകാരെ, എന്താക്കിക്കളഞ്ഞു എന്നു നോക്കൂ." അതോർത്തു നോക്കൂ! ഒരു മനുഷ്യൻ എത്ര ദയയുള്ള ഒരു ഹൃദയം! വിദേശികളുടെ പേരിൽ അത്രയും വലിയ അനുകമ്പ പ്രദർശിപ്പിക്കുക!"

കുറച്ചുനേരത്തേക്ക് അദ്ദേഹം മിണ്ടാതിരുന്നു, കണ്ണടച്ചു തല തടവിക്കൊണ്ടിരുന്നു. പിന്നെ ശങ്കിച്ചു ശങ്കിച്ചു പഴയകാലത്തെ സംഗതികറം തപ്പിയെടുത്തുംകൊണ്ടദ്ദേഹം തുടൻ.

"ശീതകാലം. ഞങ്ങളുടെ കുടിലിന്നകത്തു ശീതക്കാററടിച്ചു കയറുന്നു. ഫ്രഞ്ചുകാർ ജനലിന്നടുത്തുവന്നു എൻെറ അമ്മയെ വിളിച്ചു. അമ്മ ബന്നുണ്ടാക്കി വില്ക്കാറുണ്ടായിരുന്നു. അവർ ജനലിന്നു മുട്ടി, തുള്ളിച്ചാടിക്കൊണ്ടു ബന്നിന്നാവശ്യപ്പെട്ടു. അമ്മ അവരെ കുടിലിന്നുള്ളിൽ പ്രവേശിക്കുവാൻ അനുവദിച്ചില്ല. ജനലിൽക്കൂടി, അവക്കു അമ്മ ബന്നുകൊടുത്തു. അപ്പോറം അടുപ്പത്തുനിന്നും എടുത്തുകൊണ്ടുവന്ന ചൂടുള്ള ബന്നു അവർ വാങ്ങി. ഷട്ടിന്നടിയിൽ മാറത്തു വിറങ്ങലിച്ച സ്ഥലത്തടുപ്പിച്ചുവെച്ചു. അവർ ആ ചൂടു സഹിച്ചതെങ്ങിനെയാണെന്നു എനിക്കു മനസ്സിലായില്ല. തണുപ്പുകൊണ്ടു അപ്പോറം വളരെയാളുകറം മരിക്കുന്നുണ്ടായിരുന്നു. ഉഷ്ണരാജ്യത്തുനിന്നു വരുന്ന അവക്കു അത്ര വലിയ ശീതംസഹിച്ചു ശീലമുണ്ടായിരുന്നില്ല. അവരിൽ രണ്ടുപേർ ഞങ്ങളുടെ കുളിമുറിയിലാണ് താമസിച്ചിരുന്നത്. ഒരാപ്പീസ്സരും അയാളുടെ ശിപായിമിറോനും. ആപ്പീസ്സർ നീണ്ടുമെലിഞ്ഞിട്ടായിരുന്നു. വെറും കൊട്ടും തോലും. സ്ത്രീകറം ധരിക്കുന്ന, മുട്ടോളമെത്തുന്ന ഒരു മേലങ്കിധരിച്ചുംകൊണ്ടാണ് അയാറം അധികസമയവും കഴിച്ചു കൂട്ടുക. അയാറം ഒരു നല്ല മനുഷ്യനായിരുന്നു. എന്നാൽ എപ്പോഴും കുടിച്ചു മത്തനായിരിക്കും. അമ്മ മദ്യമുണ്ടാക്കി വില്ക്കാറുണ്ടായിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

അയാരം ബീരുകുടിച്ചു മത്തനായി പാട്ടുപാടിക്കൊണ്ടിരിക്കും. അയാരം നമ്മുടെ ഭാഷ തപ്പിത്തടഞ്ഞു സംസാരിക്കുവാൻ പഠിച്ചു. "നിങ്ങരം വെള്ളക്കാരല്ല.'' അയാരം പറയും. ''നിങ്ങളുടെ നാട്ടുകരുത്തു കട്ടപ്പുമുള്ളതാണ്." അയാരം തപ്പിത്തടഞ്ഞാണ് സംസാരിക്കുക. അയാരം പറയുന്നതിൻെറ അത്ഥം എന്നാലും നമുക്കു വ്യക്തമാകും. അയാരം പറഞ്ഞതു പരമാത്ഥമാണ്. നമ്മുടെ വടക്കൻ പ്രദേശങ്ങളിൽ നല്ലതെന്താണുള്ളത്? വോംഗയുടെ അടുത്തു രാജ്യം പതവും ചൂടുമുള്ളതാണ്. കാസ്പിയൻ കടലിന്നടുത്തു മഞ്ഞു തീരെയില്ല. ഇതു ശരിയാണ്. കാരണം മഞ്ഞിനേപ്പററിയും ശീതകാലത്തെപ്പററിയും സുവിശേഷങ്ങളിൽ നാം ഒന്നുംതന്നെ പറഞ്ഞുകാണുന്നില്ല. അവിടെയാണ് കൃസ്തു ജീവിതം നയിച്ചത്. കീത്തനങ്ങരം വായിക്കാൻ പഠിച്ചുകഴിഞ്ഞാൽ, നിനക്കു സുവിശേഷങ്ങരം വായിക്കാൻ തുടങ്ങാം.''

അദ്ദേഹം കുറെനേരം മിണ്ടാതിരുന്നു. ഉറങ്ങിപ്പോയൊ എന്നു ഞാൻ സംശയിച്ചു. മനസ്സ് എന്തിലെങ്കിലും ഏകാഗ്രമായിക്കഴിഞ്ഞാൽ, കണ്ണു പകുതി ചിമ്മിയുംകൊണ്ടു അദ്ദേഹം ജനലിൽക്കൂടി പുറത്തേക്കു നോക്കും. അദ്ദേഹത്തിൻെറ ദേഹം ചുരുങ്ങി കൂത്തുപോകുന്നതായി തോന്നും.

''പറയൂ" ഞാൻ ശാന്തമായദ്ദേഹത്തോടപേക്ഷിച്ചു.

"ങ്ഹാ, ശരി" അദ്ദേഹം ഞെട്ടിയുംകൊണ്ടു പറഞ്ഞു. ഞാനെന്തിനെപ്പററിയാണ് പറഞ്ഞത്? ഫ്രഞ്ചുകാരെപ്പററി. അവരും മനുഷ്യരാണ്. അവർ പാപികളായ നമ്മളെക്കാരം മോശക്കാരല്ല. അവർ അമ്മയെ "മാഡം'', "മാഡം" എന്നു ഉച്ചത്തിൽ വിളിക്കും. അവരുടെ ഭാഷയിൽ ''മാഡം'' എന്നാൽ "അമ്മാ'' എന്നാണത്ഥം. നമ്മുടെ അമ്മാ, എന്ന വാക്കിന്നു അവരുടെ ഭാഷയിൽ വേറെയാണത്ഥം. അമ്മക്കു ഒരു കാളയുടെ കായബലമുണ്ടായിരുന്നു. എനിക്കിരുപതു വയസ്സായപ്പോഴും എന്നെ പൊക്കി ആകാശത്തിലേക്കെ

റിയുവാൻ അവക്കു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഞാനാണെങ്കിൽ അപ്പോഠം നല്ല തടിയനായിരുന്നു. ആ മിറോൻ എന്ന പട്ടാളക്കാരന്നു കുതിരകളെ വലിയ ഇഷ്ടമായിരുന്നു. അയാഠം ഓരോ വീട്ടിൻെറയും മുററത്തുചെന്നു കുതിരകളെ ശുശ്രൂഷിക്കുവാൻ അനുവദിക്കേണമെന്നപേക്ഷിക്കും. ആദ്യം ആളുകഠം അയാളെ വിശ്വസിച്ചില്ല. അയാഠം ഒരു ശത്രുപക്ഷക്കാരൻ. കുതിരകളെ ചീത്തയാക്കിയാലോ? കുറെ കഴിഞ്ഞപ്പോഠം "മുഴിക്കു"കഠം അയാളെ വിളിക്കാൻ തുടങ്ങി. "ഏ, കൂ, മിറോൻ" അയാഠം ചിരിച്ചു ഒരു കാളയെപ്പോലെ തല പൊക്കിപ്പിടിച്ചു ഓടിവരും. അദ്ദേഹത്തിൻെറ മുടി കേററു കിഴങ്ങുപോലെ ചുവന്നിട്ടായിരുന്നു. വലിയ മൂക്കും തടിച്ച ചുണ്ടുകളുമായിരുന്നു അദ്ദേഹത്തിന്നു. അയാഠം ഒരു നല്ല കുതിരക്കാരനായിരുന്നു. കുതിരകഠംക്കുണ്ടാകാറുള്ള പല രോഗങ്ങളും അയാഠം ചികിത്സിച്ചു മാററും. കുറെ കഴിഞ്ഞപ്പോഠം അയാഠം നിഴിനിയിൽ ഒരു കുതിരക്കാരനായി നിശ്ചയിക്കപ്പെട്ടു. പക്ഷെ കുറച്ചു നാളുകഠംക്കുശേഷം അയാഠം ഭ്രാന്തനായിപ്പോയി. പോലീസ്സുകാർ അയാളെ അടിച്ചു കൊന്നുകളുകയുംചെയ്തു. ആപ്പീസ്സറാണെങ്കിൽ, വസന്തകാലം വന്നപ്പോഠം നന്നെ ക്ഷീണിച്ചുപോയി. നിക്കൊലായി പുണ്യവാളൻെറ സുദിനത്തിൽ അയാളും മരിച്ചുപോയി; കുളിമുറിയുടെ ജനലിന്നടുത്തിരുന്നു, സ്വപ്നംകണ്ടു കൊണ്ടെന്നപോലെ, ശാന്തമായയാഠം പരലോകം പ്രാപിച്ചു. തല പുറത്തേക്കു നീട്ടിയുംകൊണ്ടയാഠം ജനലിന്നടുത്തു മരിച്ചു കിടന്നു. എനിക്കയാളെപ്പററി വലിയ വ്യസനംതോന്നി. ഞാൻ കുറച്ചു നേരം കരഞ്ഞു കണ്ണീരൊഴുക്കി. അയാഠം ഒരു നല്ല മനുഷ്യനായിരുന്നു. എൻെറ ചെകിട്ടിൽ പലപ്പോഴും അയാളുടെ ഭാഷയിൽ എന്തെല്ലാമോ അയാഠം മന്ത്രിക്കാറുണ്ടായിരുന്നു. അയാഠം പറയുന്നതിൻെറ അത്ഥം എനിക്കു മനസ്സിലാകാറുണ്ടായിരുന്നില്ല. എന്നാൽ അയാളുടെ വാക്കുകഠം കേഠംക്കുന്നതൊരു രസമായിരുന്നു. ഈ ലോകത്തു മനുഷ്യസ്നേഹമുള്ളവർ വളരെ കുറവാണു്. അയാഠം എന്നെ അയാളുടെ ഭാഷ പഠിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ

അമ്മ അയാളെ വിലക്കി. എന്നെ പാതിരിയച്ചന്റെ അടുത്തു കൊണ്ടുപോയി ശിക്ഷിക്കേണ്ടതാണെന്നു അമ്മ പറഞ്ഞു. മാത്ര മല്ല ആപ്പീസ്സരെപ്പററി അമ്മ പള്ളിയിൽ ആവലാതിബോ ധിപ്പിക്കുകയും ചെയ്തു. അക്കാലത്തു ആളുകൾക്കു എല്ലാ സംഗതി കളിലും വലിയ ചിട്ടയായിരുന്നു. ഞങ്ങൾ അനുഭവിച്ച വിഷമ ങ്ങളൊന്നും നീയിപ്പോൾ അറിയുന്നില്ല. മററുള്ളവർ നിനക്കു വേണ്ടി വളരെ കഷ്ടപ്പെട്ടിട്ടുണ്ട്. അതു നീ മറക്കരുതു. ഉദാ ഹരണത്തിന്നു എന്റെ കാര്യമെടുക്കുക—ഞാൻ എത്ര കഷ്ടപ്പാ ടുകൾ സഹിച്ചു!"

ഇരുട്ടായി. ഇരുട്ടിൽ അച്ചാച്ചൻ വളരെ വലുതായിക്കാണ പ്പെട്ടു. അദ്ദേഹത്തിന്റെ കണ്ണുകൾ, പൂച്ചയുടെ കണ്ണുകൾപോലെ മിന്നാൻ തുടങ്ങി. അദ്ദേഹം വളരെ രസംപിടിച്ചപോലെ, ശാന്ത മായി സൂക്ഷിച്ചു സൂക്ഷിച്ചു തന്റെ കഥ തുടൻ. തന്നെക്കുറിച്ചു സംസാരിക്കുമ്പോഴെല്ലാം അദ്ദേഹം ആവേശത്തോടെ, സൊള്ളോ ടെ പലതും പറഞ്ഞുകൊണ്ടിരിക്കും അദ്ദേഹത്തെപ്പററി അദ്ദേഹം തന്നെ സംസാരിച്ചുകേൾക്കുന്നതു എനിക്കു തീരെ ഇഷ്ടമായിരു ന്നില്ല. കൂടക്കൂടെ അദ്ദേഹം എന്നെ ഗുണദോഷിച്ചുകൊണ്ടിരുന്നതും ഞാൻ ഇഷ്ടപ്പെട്ടില്ല. "അതോമ്മിച്ചോ, അതു നീ മറന്നുപോക രുതു!" എന്നെല്ലാം.

അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും മറന്നുപോയാൽ നന്നാ യിരുന്നു എന്നു ഞാൻ വിചാരിച്ചു. എന്നാൽ ആ സംഗതികളെല്ലാം എന്റെ മനസ്സിൽ മുള്ളുപോലെ തറച്ചുനിന്നു. അദ്ദേഹം ഒരിക്കലും എനിക്കു യക്ഷികഥകൾ പറഞ്ഞുതന്നില്ല. യഥാൎത്ഥസംഭവങ്ങൾ മാത്രമെ അദ്ദേഹം പറഞ്ഞുള്ളു. ചോദ്യങ്ങൾ ചോദിച്ചാൽ അദ്ദേ ഹത്തിന്നു കോപംവരും. അതുകൊണ്ടു ഞാൻ കരുതിക്കൂട്ടി അദ്ദേഹ ത്തോടിടക്കിടെ ചോദ്യങ്ങൾ ചോദിക്കും.

"ആരാണ് നല്ലതു? റഷ്യക്കാരോ ഫ്രഞ്ചുകാരോ?"

‘‘ആക്ക പറയാൻകഴിയും. ഞാൻ ഫ്രഞ്ചുകാരെ അവരുടെ നാട്ടിൽവെച്ച ഒരിക്കലും കണ്ടിട്ടില്ല.” അദ്ദേഹം വെറപ്പോടുകൂടി പ്പറഞ്ഞു. അദ്ദേഹം തുടൎന്നു.

‘‘സ്വന്തം മാളത്തിൽ ഒരെലിപോലും നല്ലതായിരിക്കും.”

“റഷ്യക്കാർ നല്ലവരാണോ?”

“ചിലർ നന്നു. ചിലരല്ല. അവർ അടിമകളായിരുന്നപ്പോൾ നല്ലവരായിരുന്നു. ചീനച്ചട്ടിക്കുട്ടുപോലെ. ഇപ്പോൾ റഷ്യക്കാരുടെ കാലിൽ ചങ്ങലയില്ല. എന്നാൽ അവക്കൊന്നും തിന്നാനില്ല. ധനികന്മാർ വലിയ ക്രൂരന്മാരാണ്. എന്നാൽ അവക്ക മൃഗങ്ങളെക്കാൾ ബുദ്ധിയുണ്ടു. അവരിൽ എല്ലാവരെക്കുറിച്ചും അങ്ങിനെ പറയുവാൻ ഒക്കുകയില്ല. എന്നാൽ ധനികന്മാരിൽ ആരെങ്കിലും നല്ലവനാണെങ്കിൽ, അയാൾ വളരെ നല്ലവനായിരിക്കും. ചിലർ വെറും വിഡ്ഢികളാണ്—എന്തു പറഞ്ഞാലും വിശ്വസിച്ചുകൊള്ളും. നമ്മുടെ കൂട്ടത്തിലും വെറും തൊണ്ടുകൾ ധാരാളമുണ്ടു്. ഒരു നോട്ടത്തിൽ മനുഷ്യനാണെന്നു തോന്നും, എന്നാൽ സൂക്ഷിച്ചുനോക്കിയാൽ കഴമ്പുമുഴുവനും ചിതൽതിന്നതായിക്കാണാം. നമുക്കാവശ്യം കുറച്ചു വിദ്യാഭ്യാസമാണ്. നമ്മുടെ ബുദ്ധിക്കു കൂൎമ്മതവരണം. എന്നാൽ ബുദ്ധിവികസിപ്പിക്കുവാൻ എന്താണ് മാൎഗ്ഗം?’’

“റഷ്യക്കാർ ശക്തന്മാരാണോ?”

‘‘ചിലർ ശക്തന്മാരാണ്. എന്നാൽ ശക്തിയല്ല കാര്യം. സാമൎത്ഥ്യമാണ്. എത്ര ശക്തനായാലും ഒരു കുതിരയോളം ശക്തിയുണ്ടാകയില്ലല്ലോ?”

“ഫ്രഞ്ചുകാർ എന്തിനാണ് നമ്മോടു യുദ്ധം ചെയ്യുന്നതു.?’’

“ശരി, പിന്നെ,—യുദ്ധം—അതു സാർ ചക്രവൎത്തിയുടെ കാര്യമാണ്. നമ്മെപ്പോലുള്ള സാധാരണക്കാൎക്കു യുദ്ധം എന്തിനാണെന്നറിയേണ്ട കാര്യമില്ല.”

ബോണാപ്പാട്ട് ആരാണെന്നു ചോദിച്ചപ്പോഠം, അച്ഛാച്ഛൻ പറഞ്ഞ മറുപടി ഞാൻ ഒരിക്കലും മറക്കുകയില്ല.

"ലോകം മുഴുവൻ കീഴടക്കി, എല്ലാ മനുഷ്യക്കും തുല്യരായി ജീവിക്കുവാൻ സൌകര്യങ്ങഠം ഉണ്ടാക്കുന്നതിന്നുവേണ്ടി, അങ്ങേ അററം പരിശ്രമിച്ച ഒരു ധീരനാണദ്ദേഹം. പ്രഭുക്കന്മാരും ഉദ്യോഗസ്ഥന്മാരുമെന്ന വ്യത്യാസമില്ലാതെ, എല്ലാവരും സമന്മാരായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. പേരിൽ വ്യത്യാസമുണ്ടായിരിക്കും. എന്നാൽ അവകാശങ്ങഠം എല്ലാവക്കും ഒരുപോലെ; എല്ലാവരുടെയും വിശ്വാസം ഒന്നു-ഇതിലത്ഥമില്ല. ഞണ്ടുകഠം മാത്രമെ ഒരുപോലെയായിരിക്കുകയുള്ളു. മത്സ്യങ്ങളെയെടുക്കുക. അവയെല്ലാം അന്യോന്യം വ്യത്യാസപ്പെട്ടിരിക്കുന്നു. കുയിൽമീൻ ഏട്ടയുടെ ചങ്ങാതിയല്ല. കടൽക്കുരിക്ക ചാളമത്തിയോടു വലിയ പകയാണ്. നമുക്കും നമ്മുടെ ബോണാപ്പാട്ടുമാർ ഉണ്ടായിരുന്നു. ഉദാഹരണത്തിന്നു സ്റ്റീപ്പൻരാസിൻ–എമെല്യൻപുഗക്കോവ്–അവരെക്കുറിച്ചു ഞാൻ പിന്നീടൊരിക്കൽ നിനക്കു പറഞ്ഞുതരുന്നതാണ്."

ചിലപ്പോഠം, തീരെ പരിചയമില്ലാത്തതുപോലെ, അദ്ദേഹം വളരെ നേരം എന്നെത്തന്നെ മിഴിച്ചുനോക്കും. ഇതു എനിക്കസുഖകരമായിത്തോന്നുകയും ചെയ്യും.

എന്നാൽ അദ്ദേഹം, ഒരിക്കലും എൻെറ അച്ഛനെക്കുറിച്ചോ അമ്മയെക്കുറിച്ചോ ഒന്നും പറഞ്ഞില്ല.

ചിലപ്പോഠം ഈ സംഭാഷണങ്ങഠംക്കിടയിൽ അമ്മമ്മ മുറിയിൽ കടന്നുവരും. അവർ ഒരു മൂലയിൽ വല്ലതിന്മേലും ചെന്നിരിക്കും. ഒന്നും മിണ്ടുകയില്ല വളരെ സ്നേഹംതുളുമ്പുന്ന സ്വരത്തിൽ അവർ പെട്ടെന്നു ചോദിക്കും.

"കന്യാമറിയത്തോടു പ്രാൎത്ഥിക്കുവാൻവേണ്ടി, ഞാനും നിങ്ങളും മുറോമിലേക്കു ഒരു തീൎത്ഥയാത്രപോയതു നിങ്ങൾ ഓക്കുന്നുണ്ടോ? അതു ഏതുകൊല്ലമായിരുന്നു?"

"ശരിക്കോൎമ്മയില്ല. എന്നാൽ അതു കോളറക്കുമുമ്പായിരുന്നു. ഓലഞ്ചന്മാരെ പിടിക്കാൻ കാടുതിരഞ്ഞ കൊല്ലം."

"അതു ശരിയാണ്. അവരെ നാം എങ്ങിനെ ഭയപ്പെട്ടിരുന്നു എന്നു ഞാൻ ഇപ്പോഴും ഓക്കുന്നു.''

"ഊം"

ഓലഞ്ചന്മാർ ആരായിരുന്നെന്നും അവർ കാട്ടിൽ ഒളിച്ചതെന്തിനായിരുന്നെന്നും ഞാൻ ചോദിച്ചു. അപ്പൂപ്പൻ മനമില്ലാമനസ്സോടെ പറഞ്ഞു.

"ഓലഞ്ചന്മാർ "മുഴിക്കു"കൾതന്നെയായിരുന്നു. തൊഴിൽശാലയിൽ പ്രവൃത്തിയെടുക്കുന്നിടത്തുനിന്നും ഓടിക്കളഞ്ഞ തൊഴിലാളികൾ.''

"അവരെ എങ്ങിനെയാണ് പിടിച്ചതു?

"എങ്ങിനെയാണെന്നാണ് നീ വിചാരിക്കുന്നതു്? കുട്ടികൾ ഒളിച്ചുകളിക്കുമ്പോലെ, ചിലർ ഓടിപ്പോയൊളിക്കുക; മററുള്ളവർ അവരെ പിടിച്ചുകൊണ്ടുവരിക. അവരെ പിടികിട്ടിയാൽ അവരെ കൊരടാവുകൊണ്ടും തോൽവാറുകൊണ്ടും അടിച്ചുപൊരിക്കും. അവരുടെ മൂക്കിൻെറ അററം കത്തിക്കീറിക്കളയും-അവർ ശിക്ഷിക്കപ്പെട്ടവരാണെന്നു കാണിക്കാൻ അവരുടെ നെററിയിൽ ചൂടുവെച്ചടയാളപ്പെടുത്തുകയും ചെയ്യും.

"എന്തിന്നു?"

"ആൎക്കറിയാം. അതു വളരെ ക്രൂരമായ ഒരേൎപ്പാടാണ്. ആരാണ് കുററക്കാരെന്നു പറയുവാനും വിഷമമാണ്; ഓടിപ്പോയ്ക്കളഞ്ഞവരോ, ഒളിച്ചവരെ പിടിച്ചുകൊണ്ടുവരുന്നവരോ?"

"ഓർമ്മയുണ്ടോ?" അമ്മ ഇടക്കു കടന്നുചോദിച്ചു. "ആ വലിയ തീപ്പിടുത്തത്തിന്നുശേഷം എന്തു സംഭവിച്ചു എന്നു?"

''ഏതു തീപ്പിടുത്തം?'' കാര്യങ്ങഠം തിട്ടമായിപ്പറയുന്നതിൽ നിർബ്ബന്ധം കാണിച്ചുംകൊണ്ടപ്പൂപ്പൻ ചോദിച്ചു.

അവരുടെ പഴയകാലത്തെ അനുസ്മരണകളിൽ മുഴുകിയിരിക്കെ, ഞാൻ അടുത്തിരിക്കുന്നുണ്ടെന്ന വസ്തുതപോലും അവർ വിസ്മരിച്ചു. താളംകലൻ സ്വരത്തിൽ അവർ സംസാരം തുടന്നു. ചിലപ്പോഠം അവർ പാട്ടുപാടുകയാണെന്നു തോന്നി. തീപ്പിടുത്തം, പകച്ചവ്യാധി, ആളുകളെ അടിച്ചു കൊലപ്പെടുത്തിയതു്, മതഭ്രാന്തന്മാരുടെ കടുംകൈകഠം, പ്രഭുകടുംബങ്ങളിലെ മുൻകോപികളായ ആളുകഠം, ഇങ്ങിനെ പലതിനെക്കുറിച്ചും അവർ സംസാരിച്ചു.

"നമ്മളെന്തെല്ലാം കണ്ടുകഴിഞ്ഞു. എന്തെല്ലാം അനുഭവിച്ചു?" അപ്പൂപ്പാൻ പറഞ്ഞു.

"നമ്മുടെ ജീവിതം മോശമായിരുന്നോ?" അമ്മമ്മ ചോദിച്ചു. "വാർവാര ജനിച്ച ആ ശരല്ക്കാലം എത്ര മനോഹരമായിരുന്നു?"

"അതു '48 ലായിരുന്നു. ഹങ്കറിക്കെതിരായ യുദ്ധം നടന്ന കൊല്ലം. വാർവാരയുടെ ജ്ഞാനസ്നാനം കഴിഞ്ഞതിൻെറ പിറെറ ദിവസം അവളുടെ തലതൊട്ടപ്പനായ ടിക്കനെ അവർ ഓടിച്ചു കളഞ്ഞു."

"അദ്ദേഹം പിന്നെ ഒരിക്കലും തിരിച്ചുവന്നില്ല." അമ്മമ്മ ഒരു നെടുവീർപ്പിട്ടു.

"ഒരിക്കലും തിരിച്ചുവന്നില്ല. അന്നുമുതൽ ദൈവകാരുണ്യം, കുഴക്കോലിന്മേൽക്കൂടി വെള്ളമെന്നപോലെ, നമ്മളിൽ തങ്ങിനില്ക്കാതെ ഒഴുകിപ്പോയി. ഹാ! വാർവാരാ,...........

"മതി, അതുപറയേണ്ട."

“എന്തുകൊണ്ടു?” അച്ഛാച്ഛൻ ക്രോധത്തോടെ ചോദിച്ചു. “എല്ലാം നശിച്ചുപോയി. എങ്ങിനെ ശ്രദ്ധിച്ചിട്ടും നമ്മുടെ മക്കളെല്ലാം ചീത്തയായിപ്പോയി. നമ്മുടെ അദ്ധ്വാനം മുഴുവൻ വൃഥാവിലായി. നീയും ഞാനും വിചാരിച്ചു നമ്മൾ നമ്മുടെ സമ്പാദ്യങ്ങൾ ഒരു കൊട്ടയിൽ ശേഖരിച്ചുവെച്ചിരിക്കയാണെന്നു. എന്നാൽ ദൈവം ഒരരിപ്പയാണ് നമ്മുടെ കയ്യിൽ വെച്ചുതന്നതു്.”

കുററവാളിയെന്നു പ്രഖ്യാപിക്കുവാൻ നെററിയിൽ ചൂടുവെച്ചാലെന്നപോലെ അദ്ദേഹം നിലവിളിച്ചു കരഞ്ഞും, മക്കളെ ശകാരിച്ചും, അമ്മമ്മയുടെ നേരെ മുഷ്ടിയോങ്ങിക്കൊണ്ടും, മുറിയിൽ ഓടിനടന്നു.

“നിൻെറ ദോഷംകൊണ്ടാണ് അവരെല്ലാം ഇങ്ങിനെ തുലഞ്ഞുപോയത്. മാരണമെ, മൂധേവി!”

പ്രതിമകൾ നില്ക്കുന്ന മൂലയിൽചെന്നു, മാറത്തടിച്ചു, കണ്ണുനീരൊലിപ്പിച്ചുകൊണ്ടു അദ്ദേഹം ആവലാതിപ്പെട്ടു.

“എന്തു? ദൈവമെ! ഞാൻ മററുള്ളവരെക്കാൾ ഇത്ര പാപിയായിപ്പോയോ?”

അദ്ദേഹത്തിൻെറ നനഞ്ഞ കണ്ണുകളിൽ വ്യസനവും ക്രോധവും ഓളംവെട്ടി; ദേഹമാസകലം വിറച്ചു.

അമ്മമ്മ ഇരുട്ടിൽ അനങ്ങാതിരുന്നു കുരിശുവരച്ചുകൊണ്ടിരുന്നു. അവസാനം അവർ അദ്ദേഹത്തിൻെറ അടുത്തുചെന്നു.

“നിങ്ങൾ എന്തിന്നിങ്ങിനെ വേദനയനുഭവിക്കുന്നു;” അമ്മമ്മ അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിയുംകൊണ്ടു പറഞ്ഞു. “ദൈവത്തിന്നു അദ്ദേഹം ചെയ്യുന്നതെന്താണെന്നറിയാം. നമ്മുടെ കുട്ടികളേക്കാൾ നല്ലവർ മററു കുഡുംബങ്ങളിലും കുറവാണ്. എവിടെയും ഇതുതന്നെയാണ് സ്ഥിതി. കലമ്പും, തക്കവും, ബഹളവും. എല്ലാ അമ്മമാരും അച്ഛന്മാരും അവരുടെ പാപങ്ങൾ കണ്ണുനീരിൽ കഴുകിക്കളയുകയാണ് നിങ്ങൾ മാത്രമല്ല..........”

ചിലപ്പോഠം അമ്മമ്മയുടെ വാക്കുകഠം അദ്ദേഹത്തെ സാന്ത്വനപ്പെടുത്തും. അദ്ദേഹം ക്ഷീണിച്ചു പരവശനായി കിടക്കുവാൻ പോകും. ഞാനും അമ്മമ്മയും ഞങ്ങളുടെ മുറിയിലും പോകും.

ഒരു ദിവസം അമ്മമ്മ സാന്ത്വനവാക്കുകഠം പറഞ്ഞു അദ്ദേഹത്തെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കെ, അദ്ദേഹം തിരിഞ്ഞുനിന്നു അവരുടെ മുഖത്തു മുഷ്ടിചുരുട്ടി ശക്തിയായി ഒന്നു പ്രഹരിച്ചു. അമ്മമ്മ വീഴാൻ ഭാവിച്ചു. അവർ ചുണ്ടുകളിൽ കയ്യമർത്തിവെച്ചു. തലചുററൽ മാറിയപ്പോഠം അവർ ശാന്തസ്വരത്തിൽ പറഞ്ഞു.

"വില്ലി........" അവർ അദ്ദേഹത്തിൻെറ കാൽക്കൽ രക്തം തുപ്പിക്കളഞ്ഞു. അദ്ദേഹം തലക്കുമീതെ കൈകളുയത്തി രണ്ടു പ്രാവശ്യം വിളിച്ചുപറഞ്ഞു.

"ഞാൻ നിന്നെ കൊല്ലുന്നതിന്നു് മുമ്പു ഇവിടെനിന്നും പോയ്ക്കോ!"

''വില്ലി!'' വാതില്ക്കലേക്കു നടന്നുംകൊണ്ടു അമ്മമ്മ വീണ്ടും പറഞ്ഞു. അദ്ദേഹം അമ്മമ്മയുടെ പിന്നാലെ ഓടി. എന്നാൽ അവർ സാവധാനം നടന്നുപോയി, അദ്ദേഹത്തിൻെറ മുഖത്തു വാതിൽ കൊട്ടിയടച്ചു.

"തുള്ളിച്ചിക്കിഴവി!" കുറമ്പടിയിൽ ഇടിച്ചുംകൊണ്ടു, കത്തിയെരിയുന്ന കൽക്കരിക്കഷണംപോലെ, ചുകന്ന മുഖത്തോടെ, അദ്ദേഹം അട്ടഹസിച്ചു.

ഞാൻ അടുപ്പിന്നരികെ, ശവംപോലെ അനങ്ങാതിരുന്നു. എനിക്കു എൻെറ കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഞാൻ കാണെ അദ്ദേഹം അമ്മമ്മയെ പ്രഹരിക്കുന്നതു് ഇതാദ്യമാണ്. അതിൻെറ നിഷ്ഠുരതയോത്തു ഞാൻ നട്ടുങ്ങിപ്പോയി. അദ്ദേഹ

ത്തിൽ ഒളിഞ്ഞുനില്ക്കുന്ന എന്തോ ഒരു ശക്തിയുടെ പ്രത്യക്ഷത്തിലുള്ള തെളിവായിരുന്നു അത്. അതു ന്യായീകരിക്കാൻ സാദ്ധ്യമായിരുന്നില്ല. അതെന്നെ അമ്പരപ്പിച്ചു. കുറമ്പടിയിൽ പിടിച്ചുകൊണ്ടു കുറെനേരം അദ്ദേഹം അനങ്ങാതെ നിന്നു. പിന്നെ അദ്ദേഹം ചുളുങ്ങി വശംകെട്ടു പിന്മാറി. ഉടനെ മുറിയുടെ മദ്ധ്യത്തിൽ ചെന്നു നിന്നു, മുട്ടുകുത്തി, മുന്നോട്ടു ചാഞ്ഞു, വീണ്ടും നിവന്നിരുന്നു, രണ്ടു കൈകൾകൊണ്ടും മാറത്തടിച്ചു നിലവിളിച്ചു.

"ഓ! ദൈവമെ! ദൈവമെ!"

ഞാൻ അനങ്ങാതെ പുറത്തേക്കോടി. മേലെനിലയിൽ എത്തിയപ്പോൾ അമ്മമ്മ കുലുക്കുഴിഞ്ഞുംകൊണ്ടു മുറിയിൽകൂടി നടക്കുന്നതു കണ്ടു.

"വല്ലാതെ വേദനിക്കുന്നുണ്ടോ?"

മൂലയിൽ വെച്ചിരുന്ന ഒരൊഴിഞ്ഞ തൊട്ടിയിൽ അവർ വായിലുള്ള വെള്ളം തുപ്പിക്കളഞ്ഞു.

"സാരമില്ല." അവർ ശാന്തമായി മറുപടി പറഞ്ഞു. എന്റെ പല്ലുകൾ അനങ്ങുകയില്ല. ചുണ്ടിൽ ലേശം മുറിഞ്ഞു. അത്രയേയുള്ളു."

"അദ്ദേഹം എന്തിനാണ് അങ്ങിനെ ചെയ്തത്?"

"കോപം വന്നുപോയി" ജനലിൽകൂടി പുറത്തേക്കു നോക്കിയുംകൊണ്ടു അവർ മറുപടി പറഞ്ഞു.

"അദ്ദേഹത്തിനു ജീവിതം വളരെ വിഷമമായി തോന്നുകയാണ്. വാർദ്ധക്യം വരികയും. വല്ലാത്ത ദൗർഭാഗ്യം.......നീ പോയുറങ്ങു. എല്ലാം മറന്നുകളയൂ."

ഞാൻ അവരോടു വേറെ എന്തോ ചോദിച്ചു. അസാധാരണമായ കോപത്തോടെ അവർ ശാസിച്ചു.

"ഞാൻ പറഞ്ഞതു കേട്ടില്ലെ? പോയുറങ്ങു! ഒരനുസരണമില്ലാത്ത കുട്ടി!........"

അവർ ജനലിന്നരികെയിരുന്നു ചുണ്ടുകഠം നക്കി നനച്ചുകൊണ്ടിരുന്നു. അവരുടെ തലക്കപ്പുറം ആകാശത്തിൽ നക്ഷത്രങ്ങഠം മിന്നിത്തിളങ്ങുന്നതു ഞാൻ കണ്ടു. പുറമെ എല്ലാം ശാന്തമായിരുന്നു. അകത്തു വല്ലാത്ത ഇരുട്ടും.

ഞാൻ പോയിക്കിടന്നപ്പോഠം അവർ എന്റെ അരികെ വന്നു എന്റെ നെററിയിൽ തലോടി.

“നീ ശാന്തമായുറങ്ങു” അവർ പറഞ്ഞു “ഞാൻ അദ്ദേഹത്തിന്റെ അടുത്തു പോകട്ടെ. നീ എന്നെ വിചാരിച്ചു ദുഃഖിക്കേണ്ട. കുറെയെല്ലാം എന്റെ കുററമാണ്. നീ ഉറങ്ങു!”

അവർ എന്നെ ചുംബിച്ചു പുറത്തേക്കു പോയി. എനിക്കെന്തെന്നില്ലാത്ത വ്യസനംതോന്നി. ഞാൻ കിടക്കയിൽനിന്നും തുള്ളി എഴുന്നേററു ജനലിന്നടുത്തുചെന്നുനിന്നു ഒഴിഞ്ഞ തെരുവിലേക്കു നോക്കി. എന്തോ കലശലായ ഒരു വേദനയാണെനിക്കനുഭവപ്പെട്ടത്.

## VI

വീണ്ടും ജിവിതം ഒരു ദുസ്വപ്നമായിത്തീൎന്നു. ഒരുദിവസം വൈകുന്നേരം ഞാനും അച്ഛാച്ഛനും ചായകഴിഞ്ഞു കീൎത്തനം വായിച്ചുകൊണ്ടിരിക്കെ, അമ്മമ്മ പാത്രങ്ങഠം കഴുകിക്കൊണ്ടിരിക്കെ, യാക്കോവമ്മാമൻ മുറിയിലേക്കോടിവന്നു. അദ്ദേഹത്തിന്റെ തലമുടി പറിച്ചിട്ടിരിക്കയാണ്; ഒരു തയഞ്ഞ മാച്ചിൽപോലെ. തൊപ്പി ഒരു മൂലക്കു വലിച്ചെറിഞ്ഞു, ക്രോധത്തോടെ ആംഗ്യങ്ങഠം കാണിച്ചുംകൊണ്ടു അദ്ദേഹം പറഞ്ഞു.

"മൈക്കേലിന്നു ഭ്രാന്താണ്, അച്ഛാ! അയാൾ ഞങ്ങളോടൊപ്പമാണ് മുത്താഴം കഴിച്ചതു—പിന്നെ അയാൾ വല്ലാതെ കുടിച്ചു കളഞ്ഞു. ഒരു ഭ്രാന്തനെപ്പോലെ തളികകൾ പൊളിച്ചു. ഒരു കപ്പൽ വടക്കാരൻെറ വസ്ത്രങ്ങൾ പറിച്ചുകീറി. ജനലിൻെറ കതകുകൾ തല്ലിപ്പൊളിച്ചു. എന്നെയും ഗ്രിഗറിയെയും കണക്കില്ലാതെ ശകാരിച്ചു. അയാൾ ഇപ്പോൾ ഇങ്ങോട്ടു വരും. നിങ്ങളെ കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തുകയുണ്ടായി. "അച്ഛൻെറ താടിരോമങ്ങൾ മുഴവൻ പൊരിച്ചെടുക്കുമെന്നു" പറഞ്ഞു. "ഞാൻ അയാളെ കൊല്ലു"മെന്നു അയാൾ കൂക്കിവിളിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ വളരെ സൂക്ഷിക്കേണ്ടതാവശ്യമാണ്............"

അപ്പാച്ചൻ മേശമേൽ ഊന്നിയുംകൊണ്ടെഴുന്നേററുനിന്നു.

"എടോ, നീയതു കേട്ടോ?" അദ്ദേഹം അമ്മമ്മയോടു ചോദിച്ചു. "നീ അതിനെക്കുറിച്ചെന്തു വിചാരിക്കുന്നു? അവൻെറ സ്വന്തം അച്ഛനെ കൊല്ലാൻ വരുന്നുപോലും! അതാണ് നിൻെറ മകൻ! എങ്ങിനെ? സമയമെത്തിപ്പോയി, കുട്ടരെ! സമയമെത്തിപ്പോയി!........"

അദ്ദേഹം ചുമൽ ഇളക്കിയുംകൊണ്ടു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുവാൻ തുടങ്ങി. പിന്നെ അദ്ദേഹം വാതിലിന്നടുത്തു ചെന്നു വാതിൽ ഭദ്രമായി ബന്ധിച്ചു.

"നിങ്ങൾ രണ്ടുപേരും വാർവാരക്കവകാശപ്പെട്ട സ്ത്രീധനത്തിന്നു വേണ്ടി, വാശിപിടിക്കുകയാണ്; എനിക്കറിയാം."

യാക്കോവമ്മാമൻെറ നേരെ തിരിഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു.

"നിങ്ങൾക്കതു കിട്ടുന്നതെങ്ങിനെയാണെന്നു ഞാൻ നോക്കട്ടെ!"

അദ്ദേഹം അമ്മാമൻെറ താടിക്കു താഴെ മുഷ്ടിയോങ്ങി.

"എന്തിന്നെൻെറ നേരെ കടിച്ചുകേറുന്നു? അപ്പാ!" അമ്മാമൻ പിറകോട്ടു മാറിയുംകൊണ്ടു് ക്രോധംകലൎന്ന സ്വരത്തിൽ ചോദിച്ചു.

"നീയോ?–നിന്നെയും എനിക്കു നന്നായറിയാം."

അമ്മമ്മ കോപ്പകൾ അലമാറിയിൽ തിരക്കിട്ടടുക്കിവെച്ചു. അവർ ഒന്നും പറഞ്ഞില്ല.

"ഞാൻ നിങ്ങളെ രക്ഷപ്പെടുത്തുവാൻവേണ്ടിയാണ് ഇങ്ങോട്ടുവന്നതു."

"ഹ! ഹ! ഹ!" അപ്പൂപ്പൻ പുച്ഛരസത്തിൽ പൊട്ടിച്ചിരിച്ചു. "അതു പററി! മോനെ, ഞാൻ നിനക്കു നന്ദിപറയുന്നു. എടോ, നോക്കൂ, ഇവന്നു ഒരു തീക്കൊള്ളിയെടുത്തുകൊടുക്കൂ! അതല്ലെങ്കിൽ ഒരിരുമ്പുപാര! യാക്കോവ് വാസിലേവിക്ക്! നിൻെറ ജ്യേഷ്ഠൻ വാതിൽ പൊളിച്ചു മുറിയിൽ കടക്കുമ്പോഴേക്കും, നീ എന്നെ തലക്കടിച്ചു താഴെ വീഴ്ത്തിക്കോ—"

അമ്മാമൻ രണ്ടുകൈയ്യും കീശയിൽ തിരുകി ഒരു വശത്തേക്കു മാറി.

"ശരി, നിങ്ങൾക്കു എന്നെ വിശ്വാസമാകുന്നില്ലെങ്കിൽ......"

"നിന്നെ വിശ്വസിക്കുക!" നിലത്തു ശക്തിയായി ചവിട്ടിയുംകൊണ്ടു അപ്പൂപ്പൻ ഗൎജ്ജിച്ചു.

"ഞാൻ ഒരു പൂച്ചയെയും എലിയെയും കങ്കാരുവെയും വിശ്വസിക്കാം. എന്നാൽ നിന്നെ ഞാൻ വിശ്വസിക്കുകയില്ല. നീയാണവനെ മദ്യംകുടിപ്പിച്ചിങ്ങോട്ടു തിരിച്ചുവിട്ടതു; എനിക്കറിയാം. ഇനി അവനെയോ, എന്നെയോ അടിച്ചുകൊള്ളുക. നിനക്കിഷ്ടമുള്ള ആളെ... ......."

അമ്മമ്മ എൻെറ നേരെ തിരിഞ്ഞു സാവധാനം പറഞ്ഞു.

“മേലെ നിലയിൽ കയറി മൈക്കേലമ്മാമൻ വരുന്നുണ്ടോ എന്നു നോക്കു വരുന്നതു കണ്ടാൽ ഉടനെ ഇവിടെ വന്നു പറയണം. വേഗം പോകൂ!”

ഞാൻ മേലെനിലയിൽ കയറി ജനലിന്നരികെ സ്ഥാനം പിടിച്ചു. അമ്മാമൻ വീട്ടിൽ പ്രവേശിച്ചാൽ എന്തെല്ലാമാണ് കാട്ടാൻപോകുന്നതെന്നോർത്തപ്പോറം ഞാനൊന്നു നടുങ്ങി. അതേ അവസരത്തിൽതന്നെ, എന്നെ ഭരമേല്പിച്ച ഉത്തരവാദപ്പെട്ട ജോലിയിൽ എനിക്കു വലിയ അഭിമാനം തോന്നുകയും ചെയ്തു. തെരുവീഥിയുള്ളതും പൊടിനിറഞ്ഞതുമായിരുന്നു. നിരത്തു ഇടത്തോട്ടു നീണ്ടുപോയി, ഒരു കുന്നിൻചെരുവിന്നപ്പുറം ഓസ്ട്രോഴ്ന്യാസ്റ്റപയറിൽചെന്നവസാനിച്ചു. റോഡിൻെറ അററത്തു പഴയ ജെയിലിൻെറ നാലുഗോപുരങ്ങറം ആകാശത്തിൽ ഉയൎന്നുനില്ക്കുന്നു. ഈ എടുപ്പിന്നു വ്യസനദ്യോതകമായ ഒരു ഭംഗിയുള്ളതായിത്തോന്നി. വലത്തുഭാഗത്തു, മൂന്നു വീടുകറംക്കപ്പുറം, നിരത്തു സെന്നായാസ്റ്റപയറിലെത്തുന്നു. അവിടെ എതിർവശത്തു തടവുകാർ താമസിക്കുന്ന കെട്ടിടങ്ങളാണ്. തൊട്ടുതന്നെ വിളക്കുമാടവുമുണ്ട്. വിളക്കുമാടത്തിൻെറ മേൽത്തട്ടിൽ കാവല്ക്കാരൻ, ചങ്ങലയിലിട്ട ഒരു നായയെപ്പോലെ, ചുററിനടന്നുകൊണ്ടിരിക്കുന്നു. ആ ഗോപുരത്തിന്നടുത്തു കുണ്ടും കുഴികളുമാണ്. ഒരു കുഴിയിൽ കുമ്മായവെള്ളം നിറഞ്ഞു നില്ക്കുന്നു. അതിൻെറ വലത്തുഭാഗത്താണ് ഡ്യൂംക്കാവ്കുളം അമ്മാമന്മാർ അവിടെവെച്ചാണ് അച്ഛാച്ഛനെ കൊല്ലാൻശ്രമിച്ചതെന്നു അമ്മമ്മ എന്നോടു പറഞ്ഞിരുന്നു. ഞാൻ നില്ക്കുന്ന ജനലിന്നെതിരായി ഒരു ചെറിയ നിരത്തും, നിരത്തിൻെറ പാൎശ്വങ്ങളിൽ ചെറിയ കെട്ടിടങ്ങളുമാണുള്ളതു. പള്ളി കുറെയങ്ങോട്ടാണ്; നിലത്തു പതുങ്ങിനില്ക്കുന്ന ഒരു വലിയ കെട്ടിടം ജനലിൽക്കൂടി പുറത്തേക്കു നോക്കിയപ്പോറം, ഫലവൃക്ഷങ്ങറം തിങ്ങിനില്ക്കുന്ന തോട്ടങ്ങളുടെ മീതെ, കമിഴ്ത്തിവെച്ചിരിക്കുന്ന കുറെ തോണികളെപ്പോലെയാണ് കെട്ടിടങ്ങളുടെ മേൽപുരകറം എൻെറ ദൃഷ്ടിയിൽ പെട്ടതു്.

ഞങ്ങളുടെ തെരുവിലെ പൊടിപുരണ്ട വീടുകൾ, വളരെ കൊല്ലത്തെ കാററും മഴയുമേററുമങ്ങി, പള്ളിമുററത്തു തടിച്ചുകൂടിയ ഏരപ്പാളികളെപ്പോലെ, തിങ്ങിനില്ലുകയാണ്. എന്നെപ്പോലെ, എന്തോ കാത്തുനില്ലുന്നമാതിരി, ആ കെട്ടിടങ്ങളുടെ ജനലുകളും തുറിച്ചുനോക്കുന്നതായിത്തോന്നി. അടുപ്പിൻതട്ടിലേക്കു കയറിപ്പോകുന്ന ക്രൂരകളെപ്പോലെ, തെരുവിൽ ഏതാനും ആളുകൾ, സാവധാനം നടന്നുപോകുന്നുണ്ടു. ഞാൻ നില്ലുന്ന ജനലിന്നടുത്തു ചൂടുള്ള കാററുവീശുവാൻ തുടങ്ങി. ഉള്ളിയുടെ മണംപോലെ, ഹൃദ്യമല്ലാത്ത എന്തോ ഒരു മണം എങ്ങുനിന്നോ പൊന്തിവരുന്നതായി തോന്നി. ഇപ്പോഴും ആ മണത്തിൻെറ രൂക്ഷത എന്നെ അലട്ടാറുണ്ടു്.

ആ രംഗം ആകപ്പാടെ അസഹ്യമായിരുന്നു. പൊറുപ്പിക്കുവാൻ വയ്യാത്തവിധം അസാധാരണമായ ഒരസഹ്യത! എൻെറ ഹൃദയത്തിൽ ഈൎഷ്യം ഉരുക്കിയൊഴിച്ചതായിത്തോന്നി. ഈൎഷ്യം എൻെറ ഉള്ളിൽ തിങ്ങിവിങ്ങി, ഞാൻ ഒരു പൊക്കിളുയായി വീൎത്തു, മുറിയിൽ കൊള്ളാത്തത്ര വലുതായി, പൊട്ടിത്തെറിക്കാൻപോകയാണെന്നു ഞാൻ ഭയപ്പെട്ടു.

പെട്ടെന്നു, നിരത്തിൻെറ വക്കിലുള്ള ഒരു ചെറിയ വീട്ടിൻെറ പിന്നിൽനിന്നും മൈക്കേലമ്മാമൻ എത്തിനോക്കുന്നതു ഞാൻ കണ്ടു. അദ്ദേഹം തൊപ്പി ഒരുഭാഗത്തേക്കു വലിച്ചുതാഴ്ത്തിയിരിക്കുന്നു. താഴ്ച കുറഞ്ഞ തവിട്ടുനിറമുള്ള ഒരു കോട്ടാണ് അദ്ദേഹം ധരിച്ചിട്ടുള്ളതു്. മുട്ടോളമെത്തുന്ന ബൂട്ടുകൾ പൊടിപുരണ്ടു വൃത്തികേടായിരിക്കുന്നു. അദ്ദേഹം ഒരു കൈ കാൽസ്രായിയുടെ കീശയിൽ കുത്തിത്തിരുകിയിരിക്കുന്നു. മറെറക്കൈകൊണ്ടു അദ്ദേഹം താടിപിടിച്ചിരിക്കുന്നു. എനിക്കദ്ദേഹത്തിൻെറ മുഖം കാണാൻകഴിഞ്ഞില്ല. നിരത്തു വില്ലങ്ങനെ കടന്നുചാടി, ഞങ്ങളുടെ വീട്ടിൻെറ ചുമരുകൾ തല്ലിപ്പൊളിക്കാൻ അദ്ദേഹം തക്കംപാൎത്തുനില്ലുകയാണെന്നു വ്യക്തമാണ്. താഴത്തേക്കോടി, അമ്മാമൻ വരുന്നുണ്ടെന്നു ഉടനെ അറിയിക്കുക

യാണ് ഞാൻ ചെയ്യേണ്ടിയിരുന്നത്. എന്നാൽ ജനലിന്നടുത്തു നിന്നും മാറിപ്പോകുവാൻ എനിക്കു തോന്നിയില്ല. അമ്മാമൻ നിരത്തുമുറിച്ചു കടന്നു, ശബ്ദമുണ്ടാക്കാതെ മുന്നോട്ടുവന്നു വാതിൽ വലിച്ചു തുറന്നു. ബിശാഗരി പറിഞ്ഞുപോകുന്നതും കണ്ണാടിച്ചില്ലു പൊട്ടിവീഴുന്നതും ഞാൻ കേട്ടു.

ഞാൻ താഴത്തേക്കോടി. അച്ഛാച്ഛനെ വാതിലിന്നു മുട്ടി വിളിച്ചു.

"ആരാണതു്?" വാതിൽ തുറക്കാതെ അദ്ദേഹം വിളിച്ചു ചോദിച്ചു. ''നീയ്യോ? ശരി, മദ്യശാലയിലാണ് കയറിയിട്ടുള്ളത്, അല്ലേ? തരക്കേടില്ല, നീ വന്ന സ്ഥലത്തേക്കുതന്നെ പോയ്ക്കോളു!"

"എനിക്കു പേടിയാകുന്നു."

"കൂടാതെ കഴിയുമോ?"

ഞാൻ പോയി ഇരുട്ടാകാൻ തുടങ്ങി. തെരുവിൽ പൊടിപടലത്തിന്നു കട്ടികൂടി. ജനലുകളിലെല്ലാം മഞ്ഞനിറത്തിലുള്ള വെളിച്ചം പ്രത്യക്ഷപ്പെട്ടു. തെരുവിൻെറ മറുവശത്തുള്ള ഒരു വീട്ടിൽ നിന്നു വ്യസനകരമായ ഒരു രാഗം ആലാപിക്കുന്നുണ്ടായിരുന്നു. മദ്യഷാപ്പിൽനിന്നും ആരോ പാടുകയും ചെയ്യുന്നു. വാതിൽ തുറക്കുമ്പോഴെല്ലാം ക്ഷീണിച്ചിടറിയ ഒരു ശബ്ദം കേട്ടു. താടിക്കാരനായ ഒററക്കണ്ണൻ നികട്ഷ്ഹായുടെ ശബ്ദമായിരുന്നു അതു—അയാളുടെ വലത്തെ കണ്ണു കാണുകയില്ല. ഇടത്തെ കണ്ണാണെങ്കിൽ ചുട്ടു പഴുത്ത കല്ക്കരിക്കഷണംപോലെ തിളങ്ങുന്നതുമാണ്. വാതിലടക്കുമ്പോഠം, ഒരു കോടാലികൊണ്ടു വെട്ടിമുറിച്ചതുപോലെ, അയാളുടെ പാട്ടു പെട്ടെന്നു കേഠംക്കാതാകും.

എൻെറ അമ്മമ്മക്കു അയാളുടെ പേരിൽ അസൂയതോന്നും. അയാഠം പാടിക്കേഠംക്കുമ്പോഴെല്ലാം അമ്മമ്മ നെടുവീപ്പിട്ടുകൊണ്ടു പറയും.

"ഇത്രയധികം പാട്ടുകൾ അയാൾക്കറിയാമല്ലോ! അയാൾ എന്തൊരു ഭാഗ്യവാനാണ്!"

ചിലപ്പോൾ അമ്മമ്മ അയാളെ ഞങ്ങളുടെ മുററത്തേക്കു വിളിച്ചുവരുത്തും. അയാൾ വടിയൂന്നി, പൂമുഖത്തിരുന്നു പാടുകയും പദ്യം ചൊല്ലുകയും ചെയ്യും. അമ്മമ്മ അയാളുടെ അരികത്തു ചെന്നിരിക്കും. ഇടക്കു അയാളോടവർ ചോദിക്കും.

"കന്യാമറിയം റൈസാനിൽ ഉണ്ടായിരുന്നു എന്നാണോ നിങ്ങൾ പറയുന്നത്?"

"അവർ എല്ലായിടത്തുമുണ്ടായിരുന്നു... ..........." അദ്ദേഹം വിശ്വാസം ജനിപ്പിക്കുന്നമട്ടിൽ ഊന്നിപ്പറയും.

ഉറക്കംതൂങ്ങിയായ ഒരു വല്ലാത്ത ക്ഷീണം തെരുവിൽകൂടി ഇഴഞ്ഞുവന്നു എൻെറ ഹൃദയത്തിന്മേലമർത്തി, എൻെറ കണ്ണുകൾ അടച്ചുകളയുന്നതായിത്തോന്നി, അമ്മമ്മ വേഗം വന്നെങ്കിൽ! അപ്പാപ്പനായാലും മതിയായിരുന്നു! എൻെറ അച്ഛൻ എന്തു തരക്കാരനായിരുന്നു, ആവോ! അമ്മാമന്മാരും അപ്പാപ്പനും അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നില്ലെന്നല്ലേ പറയുന്നതു്. അമ്മമ്മയും, ഗ്രിഗറിയും, ആയയവ്ജീനിയയും എപ്പോഴും അദ്ദേഹത്തെക്കുറിച്ചു പുകഴ്ത്തിപ്പറയുകയും ചെയ്യുന്നുണ്ട്, എൻെറ അമ്മ എവിടെപ്പോയി?"

ഈയിടെയായി ഞാൻ അധികസമയവും അമ്മയെക്കുറിച്ചു വിചാരിക്കുന്നതു ഒരു പതിവായിരിക്കുന്നു. അമ്മമ്മ പറഞ്ഞുതരാറുള്ള കഥകളിലെ നായികയാണ് എൻെറ അമ്മയെന്നു ഞാൻ സങ്കല്പിച്ചു. ഈ വീട്ടിൽ ബന്ധുക്കളോടൊപ്പം താമസിക്കുവാൻ ഇഷ്ടപ്പെട്ടില്ലെന്നകാര്യം അമ്മയോടു എനിക്കുള്ള ബഹുമാനം വർദ്ധിപ്പിക്കുകയാണ് ചെയ്തതു. കുറെ കൊള്ളക്കാരോടൊപ്പം അവർ ഒരു സത്രത്തിൽ താമസിക്കുകയാണെന്നു ഞാൻ വിഭാവനം ചെയ്തു. ആ കൊള്ളക്കാർ ധനികരെ കൊള്ളയടിക്കുകയും, കൊള്ളചെയ്തു കിട്ടിയ

ധനം ദരിദ്രക്കിടയിൽ വിതരണം ചെയ്കയും ചെയ്തു എന്നു ഞാൻ സങ്കല്പിച്ചു. അല്ലെങ്കിൽ അവർ ദയാലുക്കളായ ഒരുക്കൂട്ടം തസ്കരന്മാരോടൊപ്പം കാട്ടിൽ ഒരു ഗുഹയിൽ താമസിക്കുകയാണെന്നു ഞാൻ വിചാരിച്ചു. അവർ തസ്കരന്മാൎക്കു ഭക്ഷണം പാകംചെയ്തു കൊടുക്കുകയും അവരുടെ സ്വൎണ്ണത്തിന്നു കാവൽനില്ക്കുകയും ചെയ്തു. അങ്ങിനെ അമ്മയെ എല്ലാ കഥകളിലെയും നായികയായി ഞാൻ സങ്കല്പിച്ചു.

ഈ അനുസ്മരണങ്ങളിൽ, സ്വപ്നത്തിലെന്നപോലെ മയങ്ങിയിരിക്കുകയായിരുന്നു ഞാൻ. താഴെ തളത്തിൽനിന്നും മുററത്തുനിന്നും കേട്ട അട്ടഹാസവും കോലാഹലവും എന്നെ പിടിച്ചു കുലുക്കി. അച്ഛാച്ഛനും, യാക്കോവമ്മാമനും, മദ്യശാലയിലെ കാവല്ക്കാരനായ മെല്യാനുംകൂടി മൈക്കേലമ്മാമനെ തള്ളിക്കൊണ്ടുപോയി പടിപ്പുരക്കപ്പുറമാക്കുന്നതാണ്, ജനലിൽകൂടി നോക്കിയപ്പോൾ ഞാൻ ആദ്യമായിക്കണ്ടതു. അമ്മാമൻ തിരിച്ചുവരാൻ ശ്രമിച്ചു. എന്നാൽ അവർ അദ്ദേഹത്തെ ചവിട്ടിയും അടിച്ചും പൊടിനിറഞ്ഞ തെരുവിലേക്കു വീണ്ടും തള്ളിയിട്ടു. അവർ പടിവാതിൽ കൊട്ടിയടച്ചു; അദ്ദേഹത്തിൻെറ തൊപ്പി വേലിക്കപ്പുറം വലിച്ചെറിഞ്ഞു. പിന്നെ അവിടമെങ്ങും ശാന്തമായി.

വെറും നിലത്തു കുറേനേരം നിശ്ചേഷ്ടമായി കിടന്നതിന്നു ശേഷം അമ്മാമൻ എഴുന്നേററിരുന്നു, ഒരു വണ്ണമുള്ള കല്ലു അടത്തിയെടുത്തു പടിപ്പുരയുടെ നേരെ വലിച്ചെറിഞ്ഞു. ഒരു പീപ്പയുടെ അടിക്കു മുട്ടിയാലുണ്ടാകുന്ന ശബ്ദത്തോടെ കല്ല് പടിവാതിലിന്നു കൊള്ളുകയും ചെയ്തു. മദ്യശാലയിൽനിന്നു കറുത്തമുഖമുള്ള ചില ആളുകൾ പുറത്തേക്കു വന്നു. അവർ കൂക്കിവിളിച്ചു. അയൽവാസികൾ ജനലിൽകൂടി എത്തിനോക്കി. തെരുവിലങ്ങോളം കൂക്കിവിളിയും പൊട്ടിച്ചിരിയും മുഴങ്ങി. എല്ലാംതന്നെ ഒരു യക്ഷികഥയിലെ സംഭവങ്ങളാണെന്നെനിക്കുതോന്നി. ആകൎഷകമായ— എന്നാൽ ഭയംതോന്നിക്കുന്നതും വെറുപ്പുളവാക്കുന്നതുമായ ഒരു വല്ലാത്ത കഥ.

പെട്ടെന്നു എല്ലാം കഴിഞ്ഞു. എല്ലാവരും പോയി. എല്ലാം ശാന്തമായി.

വാതിലിന്നടുത്തു, പെട്ടിമേൽ അമ്മമ്മ അനങ്ങാതെ, മിണ്ടാതെ ഇരിക്കുന്നു. അവരുടെ മൃദുവായ, ചൂടുള്ള, നനഞ്ഞ, കവിളുകൾ തലോടിയുംകൊണ്ടു ഞാൻ അവരുടെ മുമ്പിൽ നില്ക്കുകയാണ്. ഞാൻ അവിടെ നില്ക്കുന്നുണ്ടെന്നു അവർ മനസ്സിലാക്കിയതായി തോന്നിയില്ല. അവർ ദുഃഖത്തോടെ എന്തെല്ലാമോ പിറുപിറുത്തു കൊണ്ടിരിക്കുകയാണ്.

“എനിക്കും എന്റെ കുട്ടികൾക്കും ഇങ്ങിനെ, വിവേകമില്ലാതായിപ്പോയല്ലൊ! ദൈവമെ, ഞങ്ങളെ അനുഗ്രഹിക്കേണമെ!”

പോളിവോയിത്തെരുവിലുള്ള ഈ വീട്ടിൽ ഒരു കൊല്ലം മാത്രമെ—ശരല്കാലംതൊട്ടു ശരല്കാലംവരെ—അച്ഛാച്ഛൻ താമസിച്ചുള്ളു. എന്നാൽ അത്രയും ചുരുങ്ങിയകാലംകൊണ്ടുതന്നെ ആ വീടു ആ ദിക്കിലെങ്ങും കുപ്രസിദ്ധമായിക്കഴിഞ്ഞു. എല്ലാ ഞായറാഴ്ചയും കുറെ കുട്ടികൾ ഞങ്ങളുടെ പടിക്കൽവന്നുനിന്നു എല്ലാവരോടും വിളിച്ചു പറയും.

“കാശീറിൻ കുട്ടരുടെ വീട്ടിൽ, ഇതാ വീണ്ടുമൊരു ലഹള!”

മൈക്കേലമ്മാമൻ സാധാരണയായി വൈകുന്നേരമാണ് വരിക. രാത്രി മുഴുവനും വീട്ടിലുള്ളവർ ഭയന്നു കഴിക്കണം—ഒരു കോട്ട നിരോധിച്ചപോലെ. ചിലപ്പോൾ ഒന്നോ രണ്ടോ സഹായികളേയും അദ്ദേഹം ഒപ്പം കൊണ്ടുവരും—കുനാവിനൊ തൊഴിൽശാലയിൽ പ്രവൃത്തിചെയ്യുന്ന തെമ്മാടികളായ ചെറുപ്പക്കാർ. അവർ കുന്നിൻപാർശ്വത്തിൽക്കൂടി തോട്ടത്തിൽ കയറി, കുടിച്ചു മത്തുപൂണ്ട അവരുടെ ബുദ്ധിയിൽ തോന്നുന്ന എല്ലാ പേക്കൂത്തുകളും

അഭിനയിക്കും. അവർ ചെടികളും ഫലവൃക്ഷങ്ങളും തല്ലിയൊടിക്കും. ഒരു ദിവസം അവർ കളിമുറിയിൽ കയറി; ഉടച്ചുകളയാൻ കഴിയുന്ന എല്ലാ സാധനങ്ങളും ഉടച്ചുകളഞ്ഞു. അലമാറകൾ, ബഞ്ചുകൾ, പാത്രങ്ങൾ എല്ലാം. അവർ അടുപ്പ് തല്ലിപ്പൊളിച്ചു. തറയിൽ ഉറപ്പിച്ചിരുന്ന പലകകൾ വലിച്ചെടുത്തു. വാതിൽ തച്ചുതകർത്തു കുറുമ്പടി വലിച്ചുനീക്കി.

അച്ഛാച്ഛൻ ജനലിന്നടുത്തു നിന്നുകൊണ്ടു അവരുടെ ചെയ്തികൾ കാണുന്നുണ്ടായിരുന്നു. അമ്മമ്മ മുററത്തേക്കോടി. ഇരുട്ടിൽ അവരെ കാണാതായി. എന്നാൽ അവരുടെ ശബ്ദം വ്യക്തമായി കേൾക്കാമായിരുന്നു.

''മൈക്കേൽ, നീ ചെയ്യുന്നതെന്താണെന്നോർമ്മിക്കു, മൈക്കേൽ!''

ഇതിന്നു മറുപടി അശ്ലീലമായ, കേൾക്കാൻ കൊള്ളാത്ത ശകാരമായിരുന്നു. ആ വാക്കുകൾ വിളിച്ചുപറഞ്ഞ മൃഗങ്ങൾക്കു, അവയുടെ അർത്ഥം എത്ര നീചമാണെന്നു മനസ്സിലായിരിക്കയില്ല.

അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അമ്മമ്മയെ പിന്തുടരുകയെന്ന പ്രശ്നമേയില്ല; എന്നാൽ അവർ അടുത്തില്ലെന്നു കണ്ടാൽ എനിക്കു പേടിയാകയും ചെയ്യും. ഞാൻ താഴെ അച്ഛാച്ഛൻെറ മുറിയിലേക്കു പോകും.

"ഫോ, പുറത്തു" അദ്ദേഹം എന്നെ ആട്ടിപ്പായിക്കും.

ഞാൻ തട്ടിൻപുറത്തേക്കു ഓടിക്കയറി. ഇരുട്ടിൽ തോട്ടത്തിൽ ചുഴിഞ്ഞുനോക്കി. ഞാൻ അമ്മമ്മയെ വിളിച്ചു കരഞ്ഞു. അവരെ കണ്ടുപിടിക്കാൻ ശ്രമിച്ചു. അവർ അമ്മമ്മയെ കൊന്നുകളയുമെന്നു ഞാൻ ഭയപ്പെട്ടു. അമ്മമ്മ വന്നില്ല. എൻെറ ശബ്ദം കേട്ടപ്പോൾ അമ്മാമൻ വളരെ അശ്ലീലമായ ഭാഷയിൽ എൻെറ അമ്മയെപ്പററി ശകാരവർഷം ചൊരിഞ്ഞു.

അച്ഛാച്ഛന്നു തീരെ സുഖമില്ലാത്ത ഒരു രാത്രി. അദ്ദേഹം കിടക്കയിൽ കിടന്നു തലയണയിന്മേൽ തലയിട്ടുരുട്ടിയുംകൊണ്ടാവലാതിപ്പെട്ടു.

"ഇതിന്നുവേണ്ടിയാണോ ഞാൻ ഇത്രയും കഷ്ടപ്പെട്ടതു? പാപകർമ്മങ്ങൾ ചെയ്തതു? പണം സമ്പാദിച്ചതു? അതു വലിയ പോരായ്മയാണല്ലൊ; അല്ലെങ്കിൽ ഞാൻ പോലീസ്സിനെ വരുത്തി, അവനെ ഗവണ്ണരുടെ മുമ്പാകെ ഹാജരാക്കുമായിരുന്നു. എന്തൊരപമാനമാണ്? അമ്മയച്ഛന്മാർതന്നെ മക്കളെ പിടിപ്പിക്കുവാൻ പോലീസ്സിനെ വരുത്തുക! ഇവിടെ കിടന്നു നിലവിളിക്കുകയല്ലാതെ മററന്തു ചെയ്യാൻകഴിയും!"

പെട്ടന്നദ്ദേഹം കട്ടിലിൻെറ ഒരു ഭാഗത്തേക്കുരുണ്ടു, എഴുന്നേററു ജനലിന്നടുക്കലേക്കോടി.

"നോക്കു, നിങ്ങൾ എവിടെയാണ് പോകുന്നതു?" അദ്ദേഹത്തിൻെറ കൈ കടന്നുപിടിച്ചുംകൊണ്ടു അമ്മമ്മ ചോദിച്ചു.

"എനിക്കൊരു വിളക്കു തരൂ," കിതച്ചുംകൊണ്ടദ്ദേഹം കല്പിച്ചു.

അമ്മമ്മ ഒരു മെഴുകുതിരി കത്തിച്ചുകൊടുത്തപ്പോൾ, അതു ഒരു കുന്തംപോലെ ഉയർത്തിപ്പിടിച്ചുംകൊണ്ടു, അദ്ദേഹം ജനലിൽക്കൂടി തലനീട്ടി വിളിച്ചുപറഞ്ഞു.

"ഫൂ! മിഷ്ടാ, രാത്രിസമയത്തു കടന്നുവരുന്ന കള്ളാ, ചെള്ളുനിറഞ്ഞ ഭ്രാന്തൻപട്ടീ!"

പെട്ടെന്നു ജനൽകതകിൻെറ മേലെ അററത്തെ കണ്ണാടി തകന്നുവീണു. ചുമരിന്മേൽനിന്നു മേശക്കരികെ, ഒരിഷ്ടികക്കഷണം തെറിച്ചുവീഴുകയും ചെയ്തു.

"കൊണ്ടില്ല." അച്ഛാച്ഛൻ വിളിച്ചുപറഞ്ഞു. അദ്ദേഹം ചിരിക്കുകയാണോ, കരയുകയാണോ എന്നു പറയുവാൻ പ്രയാസമായിരുന്നു.

അമ്മമ്മ എന്നെ വാരിയെടുക്കുമ്പോലെ, നിഷ്പ്രയാസം അദ്ദേഹത്തെ പൊക്കിയെടുത്തു കിടക്കയിൽകൊണ്ടുപോയിക്കിടത്തി. ഭയപ്പെട്ടപോലെ അവർ ജല്പിച്ചു.

"നിങ്ങൾ എന്താണ് ചെയ്യാൻപോകുന്നതു? യേശുവിനെയോൎത്തു അനങ്ങാതെ കിടക്കുക. വല്ലതും സംഭവിക്കുകയാണെങ്കിൽ അവന്നു സൈബീരിയായായിരിക്കും ഗതി! അങ്ങിനെ കടിച്ച ഭ്രാന്തനായി വല്ലതും കാട്ടിയാൽ അവന്നു ലഭിക്കുവാൻപോകുന്നതു സൈബീരിയായായിരിക്കുമെന്നു അവൻ ഓൎക്കുന്നില്ല!"

കിടക്കയിൽ ഉരുണ്ടുകരഞ്ഞു കാലിട്ടടിച്ചുകൊണ്ടു അച്ഛാച്ഛൻ ഗൎജ്ജിച്ചു.

"അവൻ എന്നെ കൊല്ലട്ടെ........"

വെളിയിൽ നിലത്തു ഉറക്കെ ചവിട്ടുന്ന ശബ്ദം കേട്ടു; ഒരട്ടഹാസവും. ഞാൻ മേശയുടെ അടുത്തുനിന്നു ഇഷ്ടികക്കഷണവുമെടുത്തു ജനലിന്നടുത്തുചെന്നുനിന്നു. എന്നാൽ അമ്മമ്മ എന്നെ പിടിച്ചു വലിച്ചു ഒരു മൂലയിൽകൊണ്ടുപോയി നിൎത്തി.

"ഭ്രാന്തൻചെറുക്കാ!"

മറെറാരവസരത്തിൽ അമ്മാമൻ പിമ്പുറത്തെ മുറിയുടെ മേൽത്തട്ടിൽ കയറി വാതിലിന്നു നേരെ ഒരു വലിയ ഗദതാഴ്ത്തിപ്പിടിച്ചാട്ടാൻ തുടങ്ങി. അച്ഛാച്ഛൻ തളത്തിൽ, അമ്മാമൻ പ്രവേശിക്കുന്നതും കാത്തിരുന്നു. അദ്ദേഹത്തെ സഹായിക്കാൻ വേറെ രണ്ടു ആളുകളുണ്ടായിരുന്നു. അവരുടെ കയ്യിലും ഗദകളുണ്ടു. കൂടാതെ മദ്യശാലയുടെ ഉടമയുടെ ഭാൎയ്യയും ഒരു വലിയ വടിയുമായി വന്നിട്ടുണ്ടു്. എല്ലാവൎക്കും പിന്നിലായി അമ്മമ്മയും നില്ക്കുന്നു.

"ഞാൻ അവൻെറ അടുത്തുപോകട്ടെ?" അവർ അപേക്ഷിച്ചു "ഞാൻ അവനോടു ഒരു വാക്കുപറഞ്ഞു നോക്കട്ടെ."

അച്ഛാച്ഛൻ തൻെറ ഗദയുയൎത്തിപ്പിടിച്ചു; "കരടി നായാട്ട്" എന്ന ചിത്രത്തിൽ കുന്തമുയൎത്തിപ്പിടിച്ചു നില്ക്കുന്ന മുഴിക്കിനെപ്പോലെ, ഒരു കാൽ മുന്നോട്ടുന്നി തയ്യാറെടുത്തുനിന്നു. അമ്മമ്മ അദ്ദേഹത്തിൻെറ അടുത്തേക്കോടി. അദ്ദേഹം അവരെ കാലുകൊണ്ടും കൈമുട്ടുകൾകൊണ്ടും ഒരു വശത്തേക്കു തള്ളിനീക്കി. നാലുപേരും ആപല്ക്കരമായ എന്തോ സംഭവം പ്രതീക്ഷിക്കുന്നതുപോലെ ഒരുങ്ങിനിന്നു. ചുമരിന്മേലുള്ള ഒരു വിളക്കിൻെറ വെളിച്ചത്തിൽ അവരുടെ മുഖങ്ങൾ വ്യക്തമായിക്കണ്ടു. ഞാൻ മേലെ നിലയിൽനിന്നു, സംഗതികൾ വീക്ഷിക്കുകയായിരുന്നു. അമ്മമ്മയെ ആപത്തിൽനിന്നും രക്ഷിക്കുവാൻ ഞാൻ അതിയായാഗ്രഹിച്ചു.

അമ്മാമൻ വാതിലിന്മേൽ ഇടിച്ചുംകൊണ്ടിരുന്നു. താഴത്തെ ബിശാഗരി ഒരു കറങ്ങലോടെ പൊട്ടിവീണു. മേലെയുള്ള ഒററ ബിശാഗരിയിന്മേൽ വാതിൽക്കതകു ആടിനില്ക്കുകയാണ്. അതും പൊട്ടിവീഴുമെന്നനിലയായി. അച്ഛാച്ഛൻ തൻെറ കൂട്ടാളികളോടു പരുക്കൻ സ്വരത്തിൽ വിളിച്ചുപറഞ്ഞു.

"അവനെ കാലിന്നും കൈക്കും അടിച്ചുവീഴ്ത്തുക. തലക്കടിക്കരുതു. കേട്ടോ!"

വാതിലിന്നടുത്തു ഒരു ചെറിയ ജനൽ ഉണ്ടായിരുന്നു - ഒരാളുടെ തല നീട്ടുവാൻമാത്രം വീതിയുള്ള ഒരു ജനൽ. അമ്മാമൻ ഈ ജനലിൻെറ കണ്ണാടി തല്ലിപ്പൊളിച്ചു. കണ്ണാടിക്കഷണങ്ങൾ പററിനിന്നു, വായതുറന്നു നില്ക്കുന്ന ആ ജനൽകണ്ടാൽ ഒരു വലിയ കൺകുഴിപോലെ തോന്നും.

അമ്മമ്മ ജനലിന്നടുത്തേക്കോടി. ജനലിന്നുള്ളിൽക്കൂടി കൈവീശിയുംകൊണ്ടു അവർ വിളിച്ചുപറഞ്ഞു.

"മിഷാ, യേശുവിനെ വിചാരിച്ചു ദൂരെ പോക്കു! അവർ നിന്നെ അടിച്ചു കാലൊടിച്ചുകളയും. ദൂരെ പോകൂ."

അമ്മാമൻ തൻെറ ഗദകൊണ്ടു അമ്മമ്മയുടെ കൈത്തണ്ട മേൽ ആഞ്ഞടിച്ചു. എന്തോ ഘനമുള്ള ഒരു സാധനം ശക്തിയോടെ ഓങ്ങുന്നതു ഞാൻ കണ്ടിരുന്നു. അമ്മമ്മ പിന്നാക്കം മറിഞ്ഞുവീണു. ബോധംകെട്ടു വീഴുന്നതിന്നുമുമ്പായി അവർ വീണ്ടും വിളിച്ചുപറഞ്ഞു. "ഓടിക്കോ, മിഷാ!"

"ആ ആകുലീന!" അച്ഛാച്ഛൻ പരിഭ്രമിച്ചു നിലവിളിച്ചു.

വാതിൽ മലക്കെ തുറന്നുപോയി. അമ്മാമൻ അകത്തേക്കു ചാടിക്കയറി കൈക്കോട്ടുകൊണ്ടു ചളി കോരിയെറിയുംപോലെ, അദ്ദേഹത്തെ അവർ വെളിയിലേക്കു തള്ളിവീഴ്ത്തി.

ഷാപ്പുടമസ്ഥൻെറ ഭാര്യ അമ്മമ്മയെ അച്ഛാച്ഛൻെറ മുറിയിലേക്കെടുത്തുകൊണ്ടുപോയി. അദ്ദേഹവും അങ്ങോട്ടുചെന്നു.

"എല്ലു പൊട്ടിയിട്ടുണ്ടോ?'' അമ്മമ്മയുടെ അടുത്തുചെന്നു അദ്ദേഹം അനുകമ്പയോടെ ചോദിച്ചു.

"പൊട്ടിയപോലെ തോന്നുന്നുണ്ടു" കണ്ണുതുറക്കാതെ അമ്മമ്മ മറുപടി പറഞ്ഞു. ''നിങ്ങൾ അവനെ എന്താണ് ചെയ്തതു?"

"ക്ഷീണം തീരട്ടെ, പെണ്ണേ!'' അച്ഛാച്ഛൻ കോപത്തോടെ പറഞ്ഞു "ഞാനാരാണെന്നാണ് നീ വിചാരിക്കുന്നതു? ഒരു മൃഗമെന്നോ? ഞങ്ങൾ അവനെ പിടിച്ചുകെട്ടി കോലായിൽ ഇട്ടിരിക്കയാണ്. അവൻെറ തലയിൽ ഞാൻ ഒരു തൊട്ടിവെള്ളവും ഒഴിച്ചു. ഒരു ചെകുത്താൻ! അവൻ ഇത്രയും ക്രൂരനായിപ്പോയല്ലൊ!'' അച്ഛാച്ഛൻ വിലപിച്ചു.

"പൊട്ടിയ എല്ലു ശരിയാക്കുന്ന ആളെ വിളിക്കാൻപോയിട്ടുണ്ടു. കുറച്ചുസമയം നീ ഈ വേദന സഹിക്കാൻ ശ്രമിക്കൂ'' കിടക്കയിൽ അമ്മമ്മയുടെ അടുത്തുചെന്നിരുന്നുകൊണ്ടു അച്ഛാച്ഛൻ പറഞ്ഞു.

"അവൻ നമ്മെ കൊല്ലാതിരിക്കയില്ല. അവൻെറ കയ്യാൽ നാം മരിക്കേണ്ടിവരും."

"എല്ലാം അവക്ക പങ്കിട്ടുകൊടുത്തുകളയു."

"പിന്നെ വാർവാരാ എന്തുചെയ്യും?"

അവർ വളരെനേരം സംസാരിച്ചു; അമ്മമ്മ ശാന്തമായും അച്ഛാച്ഛൻ ക്രോധത്തോടെയും.

ഒരു കൂനിയായ സ്ത്രീ മുറിയിൽ കയറിവന്നു. വീതിയുള്ള മത്സ്യത്തിൻെറ വായപോലുള്ള വായ, വിറച്ചുകൊണ്ടിരിക്കുന്ന താടി, കൂത്ത മൂക്കുകൊണ്ടു രണ്ടായി വിഭജിക്കപ്പെട്ട ചുണ്ടു; ഇങ്ങിനെ വിരൂപിയായ ഒരു സ്ത്രീ. ആ സ്ത്രീയുടെ കണ്ണുകഠം കാണാൻ എനിക്കു കഴിഞ്ഞില്ല. കാലുകഠം നിലത്തുകൂടി വലിച്ചുകൊണ്ടു വളരെ പ്രയാസപ്പെട്ടാണ് നടക്കുന്നതു. കയ്യിലുള്ള മാറാപ്പിന്നുള്ളിൽ എന്തോ കിലുങ്ങിക്കൊണ്ടിരിക്കുന്നു.

അമ്മയെക്കൊണ്ടുപോകാൻ വന്ന ചെകുത്താനാണതെന്നു ഞാൻ വിചാരിച്ചു. ഞാൻ ആ കിഴവിയുടെ മുമ്പിലേക്കോടിച്ചെന്നു നിന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "ഫോ! പുറത്തു."

അച്ഛാച്ഛൻ എന്നെ ഞങ്ങളുടെ മുറിയിലേക്കു വലിച്ചുകൊണ്ടുപോയി.

## VII

കുറച്ചു ദിവസങ്ങഠംകൊണ്ടു എനിക്കു ഒരു പരമാൎത്ഥം അറിയാൻ സാധിച്ചു; അച്ഛാച്ഛൻെറ ദൈവവും അമ്മമ്മയുടെ ദൈവവും ഒരാളായിരുന്നില്ല!

രാവിലെ ഉറക്കം ഞെട്ടിയാൽ അമ്മമ്മ മുടിചീകിയുംകൊണ്ടു കുറെ നേരം കിടക്കയിൽതന്നെയിരിക്കും. തലയാട്ടി, പല്ലുകടിച്ചു,

പട്ടുനൂൽപോലെ മിനുസമുള്ള കറുത്തു നീണ്ട ആ തലമുടി ചിക്ക് തീർത്തുകൊണ്ടിരിക്കെ, എന്നെ ഉണർത്താതെ, വളരെ പതിഞ്ഞ സ്വരത്തിൽ അവർ ആവലാതിപ്പെടുന്നുണ്ടായിരിക്കും.

"നീ കരിഞ്ഞുപോകട്ടെ! നശിച്ചുപോകട്ടെ!"

തലമുടി നല്ലപോലെ ചീകിമിനുക്കി, പലതും പിറുപിറുത്തുകൊണ്ടു, മടഞ്ഞുകെട്ടിയ ശേഷം അവർ മുഖം കഴുകി വൃത്തിയാക്കും. അതൃപ്തി സൂചിപ്പിക്കുന്ന മുഖത്തെ ആ ചുളിവുകൾ മാഞ്ഞുപോകുന്നതിന്നു മുമ്പായിത്തന്നെ അവർ പ്രതിമകളുടെ മുമ്പിൽ മുട്ടുകുത്തിയിരിക്കും. കുറെക്കഴിഞ്ഞാൽ മാത്രമെ അവർ കുളിക്കുകയുള്ളൂ. അപ്പോഴേക്കും അവർ തികച്ചും ഉത്സാഹഭരിതയായിത്തീരും.

നിവർന്നുനിന്നു, തല പിന്നാക്കം ചരിച്ചു, സ്നേഹത്തോടെ അവർ കന്യാമറിയത്തിൻെറ പ്രതിമയുടെ മുഖത്തുനോക്കി പ്രാർത്ഥിക്കും.

"കന്യാമറിയമെ! അങ്ങയുടെ അനുഗ്രഹം ഇന്നു മുഴുവനും എന്നിൽ ഉണ്ടായിരിക്കേണമെ!''

പിന്നെ അവർ നിലത്തുമുട്ടുന്നതുവരെ ശിരസ്സു നമിക്കും. സാവധാനം നിവർന്നുനിന്നു വീണ്ടും ആവേശപൂർവ്വം ഉച്ചരിക്കും.

"സകല സന്തോഷങ്ങളുടെയും ഉറവിടമെ, അവർണ്ണനീയമായ സൌന്ദര്യത്തിൻെറ ഇരിപ്പിടമെ! പൂത്തുനില്ക്കുന്ന ആപ്പിൾ വൃക്ഷമെ!........"

ഓരോ ദിവസവും അവർ പുതിയ പുതിയ സ്തുതികൾ കണ്ടുപിടിക്കും. അതുകൊണ്ടു ഞാൻ അവരുടെ പ്രാർത്ഥനകൾ ഒരിക്കലും ശ്രദ്ധിക്കാതിരിക്കയില്ല.

"പ്രിയപ്പെട്ട ഹൃദയമെ! പരിശുദ്ധയായ ദേവീ! എൻെറ ആത്മാവിൻെറ വെളിച്ചമെ! എൻെറ തറവാട്ടിൻെറ രക്ഷിതാവെ!

സ്വർഗ്ഗത്തിലെ വെളിച്ചമെ! പ്രകാശമയിയായ ദൈവമാതാവെ! ഞങ്ങളെ സകല കഷ്ടതകളിൽനിന്നും അപമാനങ്ങളിൽനിന്നും മോചിപ്പിക്കേണമെ! കാരണംകൂടാതെ ഒരിക്കലും ക്രോധംവരാൻ സംഗതിയാക്കരുതെ!''

അപ്പോറം അമ്മമ്മയുടെ കറുത്ത കണ്ണുകളിൽ ഒരു പ്രകാശം വ്യാപിക്കും. അവർ ഒരു യുവതിയാണെന്നു തോന്നിപ്പോകും. അവർ ശക്തിയുള്ള തന്റെ കൈകറംകൊണ്ടു വീണ്ടും കുരിശുവരച്ചു പ്രാത്ഥിക്കും.

"പ്രിയപ്പെട്ട യേശു! ദൈവപുത്രാ! അങ്ങയുടെ മാതാവിനെ വിചാരിച്ചു പാപിയായ എന്നിൽ ദയകാണിക്കേണമെ!''

അവരുടെ പ്രാത്ഥനകറം എപ്പോഴും സ്തുതിഗീതങ്ങളുടെ രൂപത്തിലുള്ള നിവേദ്യങ്ങളായിരുന്നു; ആത്മാത്ഥതയുള്ള ഒരു ഹൃദയത്തിൽനിന്നും പൊന്തിവരുന്ന പ്രശംസകളായിരുന്നു.

രാവിലെ അധികസമയം അവർ പ്രാത്ഥിക്കാറില്ല. വീട്ടിൽ ഭൃത്യനില്ലാത്തതുകൊണ്ടു അമ്മമ്മതന്നെ സമാവാറിൽ വെള്ളം തിളപ്പിക്കാൻ ഒരുക്കംചെയ്യണം. അച്ഛാച്ഛന്നു രാവിലെ ചായ കിട്ടാൻ വൈകിപ്പോയാൽ അമ്മമ്മക്കു കിട്ടുന്നതു്, കേറംക്കാൻ പററാത്ത അവസാനമില്ലാത്ത ശകാരമായിരിക്കും.

അമ്മമ്മ ഉണരുന്നതിന്നുമുമ്പു അച്ഛാച്ഛൻ എഴുന്നേല്ക്കുകയാണെങ്കിൽ അദ്ദേഹം ഞങ്ങളുടെ മുറിയിൽവന്നു, അവർ പ്രാത്ഥിച്ചുകൊണ്ടിരിക്കുന്നതു നോക്കിനൽക്കും. ആ നേരിയ ചുണ്ടുകളുടെ അററത്തു പുച്ഛംനിറഞ്ഞ ഒരു പുഞ്ചിരിയോടെ, അദ്ദേഹം നിശ്ശബ്ദമായി അമ്മമ്മയുടെ പ്രാത്ഥനകറം ശ്രദ്ധിച്ചുകേറംക്കും—പിന്നീടു പ്രാതൽ കഴിച്ചുകൊണ്ടിരിക്കെ അദ്ദേഹം അഭിപ്രായപ്പെടും.

"വിസ്സി! പ്രാർത്ഥിക്കേണ്ടതെങ്ങിനെയാണെന്നു എത്ര പ്രാവശ്യം ഞാൻ നിനക്കു പറഞ്ഞുതന്നിട്ടുണ്ടു്? എന്നിട്ടും ഒരവിശ്വാ

സിയെപ്പോലെ, നീ നിൻെറ പഴയ സമ്പ്രദായത്തിൽതന്നെയാണ് പ്രാത്ഥിക്കുന്നത്. ദൈവം ഇതെങ്ങിനെയാണ് പൊറുപ്പിക്കുന്ന തെന്നു എനിക്കു മനസ്സിലാകുന്നില്ല!"

"അദ്ദേഹത്തിന്നു എൻെറ പ്രാത്ഥനകഠം നല്ലപോലെ മന സ്സിലാകുന്നുണ്ട്" അമ്മമ്മ വിശ്വാസപൂർവ്വം മറുപടിപറഞ്ഞു. "നാം എന്തു പറഞ്ഞാലും അദ്ദേഹത്തിന്നു എല്ലാം മനസ്സിലായി ക്കൊള്ളും."

"നീ ഒരു ഭ്രാന്തത്തിയാണ്; അതെ ഭ്രാന്താണ് നിനക്കും. ഛൂ!"

അമ്മമ്മയുടെ ദൈവം പകൽ മുഴുവനും അവരുടെകൂടെയുണ്ടാ യിരിക്കും. ദൈവത്തെക്കുറിച്ചു മൃഗങ്ങളോടുപോലും അവർ പറ ഞ്ഞുകൊണ്ടിരിക്കും. എല്ലാ ജീവികളും—മനുഷ്യർ, പക്ഷികഠം, നായ്ക്കഠം, തേനീച്ചകഠം, ചെടികഠം മുതലായ എല്ലാ ചരാചര ങ്ങളും—എളുപ്പം ദൈവത്തിന്നു കീഴടങ്ങുമെന്നു ഞാൻ വിചാരിച്ചു. ഭൂമിയിലുള്ള സകലതിനോടും അദ്ദേഹത്തിന്നു തുല്യമായ സ്നേഹ മാണ്. തുല്യമായ ദയയുമാണ്.

ഒരു ദിവസം മദ്യഷാപ്പുടമയുടെ ഭാര്യ പോററുന്ന ഒരു പൂച്ച – സ്വണ്ണംപോലെ ഭംഗിയുള്ള തലയോടുകൂടി, നരവിറത്തി ലുള്ള ഒരു മനോഹരജീവി—കട്ടുതിന്നുന്ന ഒരു മാരണമാണെങ്കിലും സകലരുടെയും കണ്ണിലുണ്ണിയായ ഒരു ജീവി—ഒരു മൈനക്കുട്ടിയെ പിടിച്ചുകൊണ്ടുവന്നു. അമ്മമ്മ പരുക്കേററ ആ പക്ഷിയെ പൂച്ച യുടെ വായിൽനിന്നും മോചിപ്പിച്ചു. ക്രോധത്തോടെ അവർ പൂച്ചയെ അധിക്ഷേപിച്ചു.

"നിനക്കു ദൈവത്തെ അല്പംപോലും ഭയമില്ല. അതാണ് നിനക്കുള്ള ഒരൊററക്കുറവു, ക്രൂരമൃഗമെ!"

കാവൽക്കാരനും മദ്യഷാപ്പുടമയുടെ ഭാര്യയും അമ്മമ്മയുടെ ഈ വാക്കുകൾ കേട്ടു പൊട്ടിച്ചിരിച്ചുപോയി. അമ്മമ്മ അവരെയും ശാസിച്ചു.

"മൃഗങ്ങൾക്കു ദൈവത്തെക്കുറിച്ച് ഒന്നും അറിയുകയില്ലെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? ദയയില്ലാത്ത ക്രൂരന്മാരെ, ഏറ്റവും എളിയ ജീവികൾപോലും, നിങ്ങളെപ്പോലെതന്നെ ദൈവത്തെക്കുറിച്ച് അറിയുന്നുണ്ട്."

തടിച്ചു കൊഴുത്ത "ഷാരപ്പ്" എന്നു പേരുള്ള ഞങ്ങളുടെ കുതിരയെ ജീനിയിട്ടു തയ്യാറാക്കി നിർത്തുമ്പോൾ അവർ അതിനോടു ചോദിക്കും.

"ദൈവത്തിന്റെ പണിക്കാരാ, എന്താ നിനക്കൊരുവല്ലായ്മ? വയസ്സനായിപ്പോയി, അല്ലേ?"

കുതിര നെടുവീർപ്പിട്ടുംകൊണ്ടു തലയാട്ടും.

അമ്മമ്മ അപ്പൂപ്പൻ ചെയ്യാറുള്ളതുപോലെ, ദൈവത്തിന്റെ പേർ അധികം പ്രാവശ്യം ഉരുവിട്ടുകൊണ്ടിരിക്കുകയില്ല. എനിക്കു അമ്മമ്മയുടെ ഈശ്വരനെ മനസ്സിലാക്കുവാൻ വിഷമംതോന്നിയില്ല. അദ്ദേഹത്തെ ഭയപ്പെടേണ്ടതാണെന്നും ഞാൻ വിചാരിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ മുമ്പിൽ കളവുപറയുവാൻ എനിക്കു ഭയമായിരുന്നു. അതു അപമാനകരമാണെന്നു ഞാൻ വിചാരിച്ചു. അമ്മമ്മയോടും ഞാൻ ഒരിക്കലും കളവുപറഞ്ഞില്ല. അത്ര ദയാലുവായ ദൈവത്തിൽനിന്നു എന്തും മറച്ചുവെക്കുകയെന്നതസാദ്ധ്യമായിരുന്നു. എനിക്കങ്ങിനെ ചെയ്യാൻ തീരെ ഇഷ്ടമുണ്ടായിരുന്നില്ലെന്നാണ് എന്റെ ഓർമ്മ.

ഒരുദിവസം ഷാപ്പുകാരന്റെ ഭാര്യയും അപ്പൂപ്പനും തമ്മിൽ ശണ്ഠകൂട്ടുവാൻ ഇടയായി. നിർദ്ദോഷിയായ എന്റെ അമ്മമ്മയും

ആ സ്ത്രീയുടെ ശകാരത്തിന്നു പാത്രമായി. അമ്മമ്മയുടെ നേരെ മറെറ സ്ത്രീ ഒരു കേറട്ടകിഴങ്ങു വലിച്ചെറിഞ്ഞു.

"നീയൊരു വിഡ്ഢിയാണ്." അമ്മമ്മ വളരെ ശാന്തമായി ആ സ്ത്രീയെ വിമശിച്ചു. അത്രമാത്രം. എന്നാൽ എനിക്കു ആ സ്ത്രീയോടു വലിയ ക്രോധം തോന്നി. അമ്മമ്മയോടു കാണിച്ച ഈ ധിക്കാരത്തിന്നു പ്രതികാരം വീട്ടാൻ ഞാൻ തീരുമാനിച്ചു.

ചുകന്ന തലയും ഇരട്ടത്താടിയും വളരെച്ചെറിയ കണ്ണുകളുമുള്ള ഈ തടിച്ച സ്ത്രീയെ ഉപദ്രവിക്കേണ്ടതെങ്ങിനെയാണെന്നു ഞാൻ കുറച്ചുകാലം ചുഴിഞ്ഞാലോചിച്ചുകൊണ്ടിരുന്നു.

ഞങ്ങളുടെ അയൽപക്കക്കാർ അന്യോന്യം കലഹിച്ചാൽ, പകരം വീട്ടാൻ എന്താണ് ചെയ്യാറുള്ളതെന്നു ഞാൻ ഓർമ്മിച്ചു നോക്കി. പൂച്ചയുടെ വാൽ മുറിക്കുക; നായക്കു വിഷം കൊടുക്കുക; കോഴിക്കുഞ്ഞുങ്ങളെ കൊല്ലുക; രാത്രി അടുക്കളയിൽ കടന്നു സാധനങ്ങൾ മോഷ്ടിക്കുക; അച്ചാർഭരണികളിൽ മണ്ണെണ്ണ ഒഴിക്കുക; മദ്യം നിറച്ചുവെച്ചിട്ടുള്ള കുപ്പികളുടെ മൂടികൾ വലിച്ചെടുത്തുകളയുക; ഇതെല്ലാമാണ് സാധാരണയായി ചെയ്യാറുണ്ടായിരുന്നതു. എന്നാൽ ഇതൊന്നും മതിയായ ശിക്ഷയാണെന്നെനിക്കു തോന്നിയില്ല. കൂടുതൽ ദ്രോഹകരവും സാഹസമുള്ളതുമായ വല്ല മാർഗ്ഗവും കണ്ടുപിടിക്കണമെന്നു ഞാൻ ആഗ്രഹിച്ചു.

ഞാൻ ഒരു വിദ്യ കണ്ടുപിടിച്ചു. ഷാപ്പുടമയുടെ ഭാര്യ മദ്യക്കലവറയിൽ പ്രവേശിച്ചപ്പോൾ, ഞാൻ പിന്നാലെ ചെന്നു വാതിലടച്ചുപൂട്ടി, താക്കോൽ മേൽപുരയിലേക്കു വലിച്ചെറിഞ്ഞു. ഞാൻ സന്തോഷംകൊണ്ടു നൃത്തംചവിട്ടിക്കൊണ്ടു അടുക്കളയിലേക്കോടി. അമ്മമ്മ ഭക്ഷണം പാകംചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ അവരുടെ അടുത്തുചെന്നുനിന്നു. എൻെറ ഈ ഉത്സാഹത്തുള്ളിച്ചയുടെ അർത്ഥം അവക്കു പെട്ടെന്നു മനസ്സിലായില്ല. പിന്നെ സംഗതി

വ്യക്തമായപ്പോഠം, അവർ എൻെറ കവിളത്തു നല്ലപോലെ പ്രഹരിച്ചു. എന്നെ മുററത്തേക്കു വലിച്ചുകൊണ്ടുപോയി താക്കോലെടുക്കുവാൻ മേൽപുരയിൽ കയററി. അമ്മമ്മയുടെ ക്രോധം കണ്ടു വല്ലായ്മതോന്നി ഞാൻ താക്കോൽ തിരഞ്ഞെടുത്തുകൊണ്ടുവന്നു. പിന്നെ ഞാൻ മുററത്തു ഒരു മൂലയിൽപോയൊളിച്ചു. കുറച്ചു കഴിഞ്ഞപ്പോഠം അമ്മമ്മ എൻെറ തടവുകാരിയെ മോചിപ്പിച്ചു, രണ്ടുപേരും സൌഹാർദ്ദപൂർവ്വം, ചിരിച്ചുകൊണ്ടു പുറത്തേക്കു വരുന്നതാണ് ഞാൻ കണ്ടതു.

"നിനക്കു ഞാൻ കാണിച്ചുതരാം." എൻെറ നേരെ മുഷ്ടിയോങ്ങിയുംകൊണ്ടു ഷാപ്പുടമയുടെ ഭാര്യ എന്നെ ഭീഷണിപ്പെടുത്തി. എന്നാൽ ആ സ്ത്രീയുടെ കണ്ണുകളിൽ തമാശയാണ് സ്ഫുരിച്ചു കണ്ടിരുന്നതു്. അമ്മമ്മ കുഞ്ചിക്കു പിടിച്ചു എന്നെ അടുക്കളയിലേക്കു വലിച്ചുകൊണ്ടുപോയി.

"നീ എന്തിനാണ് അങ്ങിനെ ചെയ്തതു?"

"അവർ നിങ്ങളുടെ നേരെ ഒരു കേററുകിഴങ്ങു വലിച്ചെറിഞ്ഞില്ലേ?"

"ആഹാ! എന്നോടു ചെയ്ത അപരാധത്തിന്നാണ് നീ ഈ ശിക്ഷ വിധിച്ചതു, അല്ലേ? ഞാൻ നിന്നെ വെറുതെ വിടുകയില്ല. അന്തസ്സാരമില്ലാത്ത കഴുതെ നിന്നെ ചുണ്ടെലികളോടൊപ്പം ഒരു മാളത്തിൽ അടച്ചുപൂട്ടണം. എന്നാൽ മാത്രമെ നീ ഗുരുത്വമെന്താണെന്നു പഠിക്കുകയുള്ളു. ഓ! എൻെറ മാനം കാക്കാൻ പിറന്ന ഒരു ധീരൻ! ഈ പൊക്കിള പൊട്ടുന്നതിന്നുമുമ്പ് ഇതെല്ലാവരും ഒന്നു വന്നു നോക്കണെ! ഇതെങ്ങാൻ നിൻെറ അച്ഛാച്ഛൻ അറിഞ്ഞു പോയെങ്കിൽ അദ്ദേഹം നിൻെറ തൊലിയുരിച്ചുകളയുകയില്ലേ? നീ നിൻെറ മുറിയിൽപോയി പുസ്തകങ്ങഠം എടുത്തുവായിക്കു."

അന്നു മുഴുവനും അവർ എന്നോടു മിണ്ടിയില്ല. എന്നാൽ വൈകുന്നേരം പ്രാർത്ഥിക്കാൻ തുടങ്ങുന്നതിന്നു മുമ്പായി ഒരിക്കലും മറക്കാൻകഴിയാത്ത ചില കാര്യങ്ങഠം അവർ എന്നോടുപദേശിച്ചു.

"മായാ, ഇതുകേൾക്ക. ഇതു നീ എപ്പോഴും ഓൎമ്മിക്കണം. മുതിൎന്നവരുടെ കാൎയ്യങ്ങളിൽ നീ ഒരിക്കലും തലയിടരുത്. മുതിൎന്നവർ പാപികളാണ്. അവർ പല വിഷമങ്ങളിൽപെട്ടു കഷ്ടപ്പെടുകയാണ്. നീ അങ്ങിനെയല്ല—ഇപ്പോൾ. അതുകൊണ്ടു നീ ഒരു കുട്ടിക്കു യോജിച്ച വിധത്തിൽ നിൻെറ ജീവിതം നയിക്കണം. കുട്ടികൾക്കാവശ്യമായ കാൎയ്യങ്ങളിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടു. ദൈവം നിൻെറ ഹൃദയത്തിൽ മുതിൎന്നവൎക്കുള്ള ചിന്തകളുളവാക്കി, നിന്നെ മുതിൎന്നവരുടെ പന്ഥാവിലേക്കു നയിക്കുന്നതുവരെ, നീ അങ്ങിനെ ജീവിച്ചാൽമതി. മനസ്സിലായോ? ഏതെങ്കിലും സംഗതിയിൽ ആരാണ് കുററംചെയ്തിട്ടുള്ളതെന്നു തീരുമാനിക്കേണ്ടതു നിൻെറ പണിയല്ല. ദൈവം അക്കാൎയ്യം നോക്കിക്കൊള്ളും; ശിക്ഷിക്കേണ്ടവരെ ശിക്ഷിച്ചുകൊള്ളും. അതു അദ്ദേഹത്തിൻെറ അധികാരമാണ്; നമ്മുടെതല്ല."

കുറച്ചു നിമിഷങ്ങൾ അവർ മിണ്ടാതിരുന്നു. പിന്നെ അല്പ്പ്പ്പക്കെടുത്തു കുറെ പൊടി മൂക്കിൽ തള്ളിക്കയററി. വലത്തെ കണ്ണ് പകുതി ചിമ്മിയുംകൊണ്ടവർ പറഞ്ഞു.

''ചിലപ്പോൾ, ആരാണ് കുററക്കാരനെന്നു തീരുമാനിക്കാൻ ദൈവത്തിന്നുപോലും വിഷമമായിരിക്കും.''

"എന്തുകൊണ്ടു അദ്ദേഹത്തിന്നു എല്ലാം അറിയുവാൻ കഴിയുന്നില്ല?'' ഞാൻ ആശ്ചൎയ്യത്തോടെ ചോദിച്ചു.

"അദ്ദേഹം എല്ലാം അറിയുമെങ്കിൽ," അവർ വ്യസനത്തോടെ മറുപടി പറഞ്ഞു. "ആളുകൾ പല കാൎയ്യങ്ങളും ചെയ്യാൻ ഭയപ്പെട്ടമായിരുന്നു. അദ്ദേഹം സ്വൎഗ്ഗത്തിലിരുന്നുകൊണ്ടു ഈ ലോകത്തിൽവെച്ചു പാപികൾ ചെയ്യുന്ന കൃത്യങ്ങൾ വീക്ഷിക്കുകയാണ്. ചിലപ്പോൾ അദ്ദേഹം പൊട്ടിക്കരഞ്ഞു കണ്ണുനീരൊഴുക്കാറുണ്ട്. "ആ, എൻെറ ആളുകൾ, എൻെറ സ്വന്തം പ്രിയപ്പെട്ട ആള

കാം," അദ്ദേഹം പറയും "നിങ്ങൾക്കുവേണ്ടി എന്റെ ഹൃദയം എങ്ങിനെ വേദനിക്കുന്നു!"

ഇത്രയും പറഞ്ഞപ്പോൾ അമ്മമ്മ കരഞ്ഞുപോയി. കണ്ണുനീർ തുടക്കാതെ അവർ പ്രാൎത്ഥിക്കുവാൻവേണ്ടി പ്രതിമകളുടെ അടുത്തേക്കു പോയി.

അന്നുമുതൽക്കു അമ്മമ്മയുടെ ദൈവത്തെ എനിക്കു കൂടുതൽ പരിചയമായി; അധികം ഇഷ്ടംതോന്നുകയുംചെയ്തു.

ദൈവം സൎവ്വശക്തനും, സർവ്വജ്ഞനും സർവ്വവ്യാപിയും ആണെന്നും, എല്ലാ വിഷയങ്ങളിലും അദ്ദേഹമാണ് മനുഷ്യന്നു ഏകാവലംബമെന്നും അച്ഛാച്ഛൻ എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കെ പലപ്പോഴും ഓൎമ്മിപ്പിക്കാറുണ്ടായിരുന്നു.

പ്രാൎത്ഥിക്കുവാൻ പ്രതിമകളുടെ മുമ്പിൽ ചെന്നുനില്ക്കുന്നതിന്നു മുമ്പായി, അദ്ദേഹം മുഖം വെടിപ്പായി കഴുകി, ചുകന്ന തലമുടിയും താടിയും ചീകി വൃത്തിയാക്കും. കണ്ണാടിയിൽ നോക്കി കുപ്പായം നേരെയാക്കി ഒരുറുമാൽ കഴുത്തിന്നു ചുററി, അദ്ദേഹം സാവധാന ത്തിൽ പ്രതിമകളുടെ അടുത്തു പോകുന്നതു കാണാം. തറയിൽ പതിച്ചിരിക്കുന്ന പലകകളിലൊന്നിൽ, കുതിരയുടെ കണ്ണുപോലെ യുള്ള ഒരാണിമൊട്ടു പൊന്തിനില്ക്കുന്നുണ്ടായിരുന്നു. എല്ലാ ദിവ സവും ആ ആണിയുടെ അടുത്തു കുറച്ചുസമയം അദ്ദേഹം അന ങ്ങാതെ നില്ക്കും. ഒരു പട്ടാളക്കാരനെപ്പോലെ, കൈകൾ രണ്ടു വശവും ദേഹത്തോടടുപ്പിച്ചു ഉലക്ക വിഴുങ്ങിയതുപോലെയാണ് അദ്ദേഹം നില്ക്കുക അങ്ങിനെ ഒരു നിമിഷനേരം നിശ്ശബ്ദമായി നിന്നശേഷം അദ്ദേഹം പറയും.

"സ്വൎഗ്ഗസ്ഥനായ പിതാവിന്റെയും, ദൈവപുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പേരിൽ!"

അദ്ദേഹം ഈ വാക്കുകൾ ഉച്ചരിച്ചു കഴിയുമ്പോഴേയ്ക്കും മുറിയിൽ ഒരു ശാന്തത പരന്നതായനുഭവപ്പെട്ടും. ഈച്ചകൾപോലും വളരെ ഭക്തിയോടുകൂടി മാത്രമെ മുറിയിൽ അങ്ങിങ്ങായി പറക്കുന്നുണ്ടായിരിക്കയുള്ളൂ.

പിന്നെ അദ്ദേഹം ശിരസ്സു പിന്നാക്കം താഴ്ത്തി, സ്വർണ്ണനിറത്തിലുള്ള താടിരോമങ്ങൾ, തറക്കു സമാന്തരമാക്കി പൊക്കിപ്പിടിക്കും. അപ്പോൾ അദ്ദേഹത്തിൻെറ പുരികങ്ങളിൽ പ്രകാശം വീഴുന്നുണ്ടായിരിക്കും. മന:പാഠം ഉരുവിടുന്നതുപോലെ, വാക്കുകൾ ശക്തിയോടെ, അധികാരത്തോടെ ഉച്ചരിച്ചുകൊണ്ടു നല്ല ദൃഢസ്വരത്തിലാണ് അദ്ദേഹം പ്രാർത്ഥിക്കുക.

"ഒരാളും ഓർത്തിരിക്കാത്ത ഒരു നിമിഷത്തിൽ, മനുഷ്യൻെറ സകല തെററുകളും വെളിപ്പെടുന്ന, അന്ത്യന്യായവിസ്താര ദിവസം വരും."

സാവധാനത്തിൽ മാററത്തു തൊഴിച്ചുംകൊണ്ടു അദ്ദേഹം ഈ അപേക്ഷ ആവർത്തിക്കും.

"അങ്ങെക്കെതിരായി മാത്രമെ ഞാൻ വല്ല പാപവും ചെയ്തിട്ടുള്ളൂ. എൻെറ പാപങ്ങൾ അങ്ങുന്ന് കണ്ടതായി വിചാരിക്കരുത്!......."

അദ്ദേഹം പ്രാർത്ഥനാഗീതങ്ങൾ പാടുമ്പോൾ ഓരോ വാക്കും ശക്തിയോടെ ഊന്നിപ്പറയും. വലത്തെക്കാൽകൊണ്ടു നിലത്തു താളംപിടിക്കുകയും ചെയ്യും. ദേഹം മുഴുവൻ പ്രതിമകളുടെ ഭാഗത്തേക്കു ചാച്ചുകൊണ്ടു കൂടുതൽ നീളവും ശക്തിയും കൈവന്ന ഒരാളെപ്പോലെ അദ്ദേഹം അങ്ങിനെ നില്ക്കുകയായിരിക്കും.

"സകല പാപികളെയും മോചിപ്പിച്ചവൻെറ മാതാവായ അങ്ങുന്നു എൻെറ മനസ്സിൽനിന്നു എല്ലാ ദുർവ്വിചാരങ്ങളും നീക്കം

ചെയ്യേണമെ! എൻെറ ആത്മാവിൻെറ രോദനം കേഠംക്കേണമെ! ദൈവമാതാവെ!''

പിന്നെ അദ്ദേഹം വളരെ പതിഞ്ഞ സ്വരത്തിൽ കരയാൻ തുടങ്ങും. അദ്ദേഹത്തിൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞുനില്ക്കും.

“അല്ലയോ ദൈവമെ; എൻെറ വിശ്വാസം എൻെറ പരിശ്രമങ്ങഠം വിജയപ്പ്രദമാക്കിത്തീക്കേണമെ! എനിക്കു താങ്ങാൻകഴിയാത്ത ഭാരം എൻെറ ചുമലിൽവന്നു വീഴാൻ ഇടയാക്കാതിരിക്കേണമെ!''

അദ്ദേഹം ദേഹമാസകലം വിറപ്പിച്ചുകൊണ്ടു വീണ്ടും വീണ്ടും കുരിശുവരച്ചുകൊണ്ടിരിക്കും. ഒരു മുട്ടാടിനെപ്പോലെ തലയാട്ടിയും കൊണ്ടു, വാങ്ങിക്കരയുംപോലുള്ള ഒരു ശബ്ദത്തിൽ, വാക്കുകഠം ഉച്ചരിക്കും. പ്രായമായപ്പോഠം യഹൂദന്മാരുടെ ദേവാലയം സന്ദശിക്കുവാൻ എനിക്കൊരവസരം ലഭിച്ചു. അപ്പോഴാണ് ഒരു യഹൂദനെപ്പോലെയാണ് അപ്പൂപ്പൻ പ്രാത്ഥിച്ചിരുന്നതെന്നു എനിക്കു മനസ്സിലായതു്.

ഒരു ദിവസം അപ്പൂപ്പൻ ഇങ്ങിനെ പ്രാത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. മേശമേലുള്ള സമാവർ തിളക്കുവാൻ തുടങ്ങിയിട്ടു നേരം കുറച്ചായി. പാൽക്കട്ടി നിറച്ച ചൂടുള്ള ഓട്ടടയുടെ മണം മുറിയിലാസകലം വ്യാപിച്ചിട്ടുണ്ടു. എൻെറ വയർ വിശന്നു പൊരിയുന്നു. അമ്മമ്മ വാതിലിന്നടുത്തു ചാരിനിന്നു, മുഖം ചുളിച്ചു നെടുവീപ്പിട്ടുകൊണ്ടു, തറയിൽ ദൃഷ്ടിയുറപ്പിച്ചുനില്ക്കുകയായിരുന്നു. സൂര്യൻ ജനലിൽക്കൂടി എത്തിനോക്കി. വെളിയിൽ പച്ചിലകളിന്മേൽ, മഞ്ഞിൻതുള്ളികഠം മുത്തുമണികഠംപോലെ തിളങ്ങി. പുലർകാററ് ഹൃദ്യമായ എന്തോ ഒരു വാസന ഉഠംക്കൊണ്ടിട്ടുള്ളതായിത്തോന്നി. എന്നാൽ അപ്പൂപ്പൻ പ്രാത്ഥനയിൽ മുഴുകി, കരഞ്ഞു, മാറത്തടിച്ചു കൊണ്ടു നില്ക്കുകയാണ്.

“ഞാൻ പാപിയും ശപിക്കപ്പെട്ടവനും ആയിപ്പോകാതിരിക്കാൻ, എൻെറ വികാരങ്ങാംക്ക തീക്ഷ്ണതയില്ലാതാക്കിത്തീക്കേണമെ!”

അദ്ദേഹത്തിൻെറ ഈ പ്രാത്ഥനാഗീതങ്ങളെല്ലാം എനിക്ക് മനഃപാഠം ചൊല്ലാൻ അറിയാമായിരുന്നു. അതുകൊണ്ടു അദ്ദേഹം ചൊല്ലുമ്പോാം വല്ലതും തെററിക്കുന്നുണ്ടോ, വല്ല വാക്കും വിട്ടുകളയുന്നുണ്ടോ എന്നു ഞാൻ വളരെ ശ്രദ്ധയോടെ സൂക്ഷിക്കുന്നുണ്ടായിരുന്നു.

അപൂൎവ്വമായിട്ടുമാത്രമെ അദ്ദേഹത്തിന്നു തെററുപററുകയുള്ളു. എന്നാലും അങ്ങിനെയുള്ള സന്ദൎഭങ്ങളിൽ ഞാൻ എത്രയെന്നില്ലാതെ അഹങ്കരിക്കും.

പ്രാത്ഥന കഴിഞ്ഞപ്പോാം അച്ഛാച്ഛൻ അമ്മമ്മയുടെയും എൻെറയും നേരെ തിരിഞ്ഞുകൊണ്ടു കുശലപ്രശ്നം ചെയ്തു.

“നമസ്കാരം.”

ഞങ്ങാം അദ്ദേഹത്തെ വണങ്ങി മേശക്കരികെ ഞങ്ങളുടെ സ്ഥാനങ്ങളിൽ ചെന്നിരുന്നു.

“നിങ്ങാം “വേണ്ടത്ര” എന്ന വാക്കുവിട്ടുകളഞ്ഞു.” അച്ഛാച്ഛൻെറ നേരെ നോക്കിയുംകൊണ്ടു ഞാൻ പറഞ്ഞു.

“നീ കളവുപറയുന്നതല്ലല്ലൊ?” അദ്ദേഹം സംശയത്തോടെ ചോദിച്ചു.

“അല്ല.” എൻെറ ആവശ്യങ്ങാം സാധിക്കാൻ വേണ്ടത്ര വിശ്വാസം എനിക്കുണ്ടായിരിക്കേണമെ!” എന്നാണ് നിങ്ങാം പറയേണ്ടിയിരുന്നത്. നിങ്ങാം “വേണ്ടത്ര” എന്ന വാക്കു വിട്ടുകളഞ്ഞു.”

"ഉം–'' ഒരു കുററവാളിയെപ്പോലെ മിഴിച്ചുനിന്നുകൊണ്ട് ദ്ദേഹം കീഴടങ്ങി.

എൻെറ ഇങ്ങിനെയുള്ള വിമർശനങ്ങരാക്ക പലിശയോടുകൂടി അദ്ദേഹം പകരംവീട്ടും. എന്നാലും അദ്ദേഹത്തിൻെറ അപ്പോഴത്തെ പരിഭ്രമത്തിൽ ഞാൻ തികച്ചും അഭിമാനംകൊണ്ടു.

ഒരുദിവസം അമ്മമ്മ തമാശയായിപ്പറഞ്ഞു

"നിങ്ങളുടെ പ്രാർത്ഥനകേട്ടു ദൈവത്തിന്നു മടുപ്പുതോന്നിയിരിക്കും. എപ്പോഴും ഒരേവാക്കുകരംതന്നെ ഉച്ചരിക്കുക!''

"എന്തു?" അദ്ദേഹം കോപത്തോടെ ചോദിച്ചു. "നീ എന്താണ് പറഞ്ഞതു?"

''നിങ്ങരം നിങ്ങളുടെ സ്രഷ്ടാവിനോടു ആത്മാവിൽ തട്ടിയുംകൊണ്ടുള്ള വാക്കുകളല്ല പറയുന്നതു്–എന്നാണ് ഞാൻ വിചാരിക്കുന്നതു്."

കോപിച്ചു വിറച്ചുംകൊണ്ടു അദ്ദേഹം ഒരു കസാലമേൽ ചാടിക്കയറി. അമ്മമ്മയുടെ നേരെ ഒരു കോപ്പവലിച്ചെറിഞ്ഞു.

"ഫോ! പുറത്തു, പെറുക്കിക്കിഴവി!" കണ്ണാടിച്ചില്ലുകരം ഊന്നുമുറിക്കുമ്പോഴുണ്ടാകുന്ന ഒരുതരം സ്വരത്തിൽ അദ്ദേഹം തട്ടിക്കയറി.

ദൈവത്തിൻെറ ശക്തികളെക്കുറിച്ചു സംസാരിക്കുമ്പോരം, അദ്ദേഹം ആ ശക്തികളുടെ ക്രൌര്യത്തെക്കുറിച്ചാണ് ഊന്നിപ്പറയുക. ആളുകരം പാപം ചെയ്താൽ വെള്ളപ്പൊക്കത്തിൽപെട്ടു മുങ്ങിച്ചാവും. നഗരങ്ങരം തീപ്പിടിച്ചു നശിക്കുകയോ വീണുപൊളിഞ്ഞു തരിപ്പണമാകയൊ ചെയ്യും. ജനങ്ങളെ ശിക്ഷിക്കാനാണ് ദൈവം പകച്ചവ്യാധിയും ക്ഷാമങ്ങളും ഉണ്ടാക്കുന്നതു്. അച്ഛാച്ഛൻെറ ദൃഷ്ടിയിൽ ദൈവം ഓങ്ങിനില്ക്കുന്ന ഒരു വാളാണ്; ക്രൂരന്മാരുടെ തലക്കുമീതെ തൂങ്ങിനില്ക്കുന്ന ഒരു ചമ്മട്ടിയാണ്.

"ദൈവത്തിന്റെ കല്പനകഠം ലംഘിക്കുന്നവർ എന്തെങ്കിലും ആപത്തിൽ പെടാതിരിക്കുകയില്ല." മേശക്കിടിച്ചുകൊണ്ടു അദ്ദേഹം എന്നെ താക്കീതുചെയ്തു.

ദൈവം അത്ര ക്രൂരനാണെന്നു വിശ്വസിക്കുവാൻ എനിക്കു വിഷമംതോന്നി. ഞാൻ ദൈവത്തെയല്ല, എന്റെ അച്ഛാച്ഛനെ ഭയപ്പെടാൻവേണ്ടി അദ്ദേഹം കണ്ടുപിടിച്ച കെട്ടുകഥകളാണിതെല്ലാമെന്നു ഞാൻ വിചാരിച്ചു.

"നിങ്ങഠം പറയുന്നതെല്ലാം ഞാൻ അനുസരിക്കുവാൻവേണ്ടി, നിങ്ങഠം ഇതൊക്കെ എന്നോട് പറയുന്നതല്ലേ?" ഞാൻ നിഷ്കളങ്കമായദ്ദേഹത്തോടു ചോദിച്ചു.

"തീച്ചയായും അതെ." അദ്ദേഹം തുറന്നുപറഞ്ഞു. "നീ അനുസരണക്കേടു കാണിച്ചാൽ അപ്പോഠം കാണാം!"

"അമ്മമ്മയോ?"

"ആ കിഴവി പറയുന്നതൊന്നും നീ വിശ്വസിക്കേണ്ട." അദ്ദേഹം കശ്നമായെന്നോടു ശാസിച്ചു. "ജീവകാലം മുഴുവനും അവഠം അങ്ങിനെയായിരുന്നു–കിറുക്കുപിടിച്ചപോലെ. വിവേകശൂന്യമായി, പ്രധാനസംഗതികളെക്കുറിച്ചു ഒന്നുംതന്നെ നിന്നോടു സംസാരിച്ചുപോകരുതെന്നു ഞാൻ അവളെ താക്കീതുചെയ്യും. ഇനി ഇതിന്നു നീ മറുപടി പറയൂ. ദൈവദൂതന്മാരുടെ ഇടയിൽ എത്ര പദവിക്കാരുണ്ട്?"

ഞാൻ ആ ചോദ്യത്തിന്നുത്തരം പറഞ്ഞു. പിന്നെ അങ്ങോട്ടും ഇങ്ങിനെ ചോദിച്ചു.

"വലിയ പദവിയിലുള്ള ആഠം എന്നതിന്റെ അത്ഥമെന്താണ്?"

"നിനക്കെല്ലാം അറിയണം, അല്ലെ?" ചുണ്ടുകടിച്ചു താഴെ നോക്കിയുംകൊണ്ടദ്ദേഹം ചോദിച്ചു. മററെന്തോ വിചാരിച്ചു പോലെ, അദ്ദേഹം ഇഷ്ടമില്ലാതെ വിശദീകരിച്ചു.

"നിൻെറ ഈ ചോദ്യത്തിന്നു ദൈവത്തിൻെറ കാര്യങ്ങളു മായി യാതൊരു ബന്ധവുമില്ല. അവ മനുഷ്യൻെറ കാര്യങ്ങളാണ്. പദവിയിലുള്ള ആളുകഠം, ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ മുതലായവർ. ഉദ്യോഗസ്ഥന്മാർ എന്നു പറഞ്ഞാൽ നിയമം അനുസരിക്കാത്തവ രാണ്; നിയമങ്ങഠം വിഴുങ്ങുന്നവരാണ്."

"നിയമം എന്നാൽ എന്താണ്?" "നിയമമോ!" ജനങ്ങഠം അംഗീകരിക്കുന്ന ഒരു ശീലമാണ് നിയമം." ഈ ചോദ്യങ്ങളൊന്നും ഇഷ്ടമാകാത്തതുപോലെ അദ്ദേഹം തുടൎന്നു.

"ജനങ്ങഠം ഒപ്പം ജീവിക്കുന്നു. അപ്പോഠം അവർ അന്യോന്യം ചില കരാറുകളിൽ ഏൎപ്പെടുന്നു. അതാണ് എന്തൊരു കാര്യം ചെയ്യുന്നതിന്നും ഏററവും നല്ല മാൎഗ്ഗം. അങ്ങിനെ ജനങ്ങഠംക്കു ചില ശീലങ്ങളെല്ലാം ഉണ്ടാകുന്നു. ആ ശീലം ഒരു നിയമമായി തീരുന്നു. നിയമം എന്നാണതിനെ ആളുകഠം വിളിക്കുന്നത്. കുട്ടികഠം പല കളികളിലും ഏൎപ്പെടുമ്പോഠം ചില വ്യവസ്ഥകഠം ചെയ്തു ആ വ്യവസ്ഥകഠം അനുസരിക്കുന്നതുപോലെ, അവർ ചെയ്യുന്ന തീരുമാനങ്ങളെല്ലാം അവരുടെ നിയമങ്ങളാണ്."

"ഉദ്യോഗസ്ഥന്മാരോ?"

"കളിയുടെ നിയമങ്ങഠം എപ്പോഴും ലംഘിച്ചുകൊണ്ടിരിക്കുന്ന വികൃതിക്കുട്ടികളെപ്പോലെയാണ് ഉദ്യോഗസ്ഥന്മാർ."

"എന്തുകൊണ്ട്?"

"അതു നിനക്കു മനസ്സിലാകയില്ല." അദ്ദേഹം മുഖം ചുളിച്ചു കൊണ്ടു പറഞ്ഞു, "ഈശ്വരൻ എല്ലാ മനുഷ്യരുടെയും എല്ലാ

കാര്യങ്ങൾക്കും ഉപരിയായി നില്ക്കുന്നു. മനുഷ്യക്കൊരാഗ്രഹം; ദൈവം ചെയ്യുന്ന തീരുമാനം മറെറാന്ന്. മനുഷ്യരുടെ കാര്യങ്ങൾക്കൊന്നിനും ഉറപ്പില്ല. ദൈവം മറിച്ചൊന്നു കരുതിയാൽ മതി, എല്ലാംതന്നെ തകൎന്നു തരിപ്പണമായിപ്പോകും."

ഉദ്യോഗസ്ഥന്മാരെക്കുറിച്ചു ഞാൻ പ്രത്യേകം താല്പൎയ്യം കാണിക്കുവാൻ കാരണമുണ്ടായിരുന്നു. അതുകൊണ്ടു ഞാൻ അവരെക്കുറിച്ചു വീണ്ടും ചോദിച്ചു.

"യാക്കോവമ്മാമൻ പാടുന്ന പാട്ടില്ലേ? പുണ്യവാളന്മാരായ ദൈവപുത്രന്മാർ—ദൈവത്തിൻെറ ഭൃത്യന്മാർ—ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ—ചെകുത്താൻെറ അടിമകൾ എന്നെല്ലാം."

അപ്പാപ്പൻ കണ്ണടച്ചു. ഉള്ളംകയ്യിൽ താടിരോമം പൊക്കിയെടുത്തു അതിൻെറ അററം തൻെറ വായിൽ തിരുകി. അദ്ദേഹത്തിൻെറ കവിളുകൾ വിറക്കുന്നതു കണ്ടപ്പോൾ അദ്ദേഹം ഉള്ളാലെ ചിരിക്കുകയാണെന്നെനിക്കു മനസ്സിലായി.

"നിന്നെയും യാക്കോവിനെയും ഒരു ചാക്കിൽ കെട്ടി പുഴയിൽ എറിയണം. അവൻ അങ്ങിനെയുള്ള പാട്ടുകൾ നിനക്കു പാടിത്തരേണ്ട കാൎയ്യമില്ല. നീ ആ പാട്ടുകൾ കേൾക്കേണ്ടതായ കാൎയ്യവുമില്ല. അവിശ്വാസികൾ എഴുതിയുണ്ടാക്കിയ പാട്ടാണതു്. ഒരു വൃത്തികെട്ട ഫലിതം." അദ്ദേഹം ഒരു നിമിഷനേരം ചിന്താകുലനായിരുന്നു് എന്നെ മിഴിച്ചുനോക്കി. പിന്നെ നെടുവീൎപ്പിട്ടുംകൊണ്ടു പറഞ്ഞു: "ഛൂ! എന്തൊരു വൎഗ്ഗം!"

അദ്ദേഹത്തിൻെറ ദൈവം മനുഷ്യരുടെ എല്ലാ ഏൎപ്പാടുകൾക്കും ഉപരിയായി നിൽക്കുന്നു. ദൈവത്തിനു അപ്പാപ്പൻെറ എല്ലാ കാൎയ്യങ്ങളിലും ഒരു പങ്കുണ്ടെന്നു അദ്ദേഹം വിശ്വസിച്ചു—ദൈവത്തിനും എണ്ണമററ പുണ്യവാളന്മാൎക്കും. അമ്മമ്മ അംഗീകരിച്ച പുണ്യവാളന്മാർ നിക്കൊലായി, യൂറി, ഫ്രോൽ, ലാവർ ഇവർ

മാത്രമായിരുന്നു. അവർ ദയാലുക്കളായിരുന്നു; നല്ലവരായിരുന്നു. അവർ ഗ്രാമങ്ങളിലും നഗരങ്ങളിലും സഞ്ചരിച്ചു ജനങ്ങളെ എല്ലാ കാര്യങ്ങളിലും സഹായിച്ചു, എല്ലാവരുടെയും ജീവിതത്തിൽ ഒരു കാര്യമായ പങ്കുവഹിച്ചുകൊണ്ടിരിക്കുകയാണ്. നേരെമറിച്ചു അച്ചാച്ചൻെറ പുണ്യവാളന്മാർ എല്ലാവരുംതന്നെ രക്തസാക്ഷികളാണ്. ബിംബങ്ങൾ നശിപ്പിക്കയും ചക്രവത്തികൾക്ക് എതിരായി പോരാടുകയുംചെയ്ത ധീരന്മാർ. അതുകൊണ്ടു അവരെ ഭേദ്യംചെയ്തു തോലുരിച്ചു, കുററികളോടു ചേത്തുകെട്ടി ജീവനോടു കൂടെ ദഹിപ്പിച്ചുകളയുകയാണുണ്ടായത്.

ചിലപ്പോൾ അച്ചാച്ചൻ അത്യാത്തിയോടെ പറയും:

“ഈ വീടു വെറും അഞ്ചൂറുറുപ്പിക ലാഭത്തിന്നു വില്ക്കുവാൻ ദൈവം എന്നെ സഹായിക്കുകയാണെങ്കിൽ, രക്തസാക്ഷിയായ നിക്കൊലായിക്ക് ഞാൻ ഒരു നല്ല നേച്ചകൊടുക്കും.”

അമ്മമ്മ ചിരിച്ചുംകൊണ്ടെന്നോടു പറഞ്ഞു:

“വിഡ്ഢിയായ കിഴവൻ! ഇദ്ദേഹത്തിൻെറ വീടു വിററു ലാഭമുണ്ടാക്കിക്കൊടുക്കയല്ലാതെ നിക്കൊലായിക്കു വേറെ പണിയുണ്ടോ?”

കുറെകൊല്ലങ്ങളോളം ഞാൻ അച്ചാച്ചൻെറ പഞ്ചാംഗം സൂക്ഷിച്ചുവെക്കുകയുണ്ടായി. ആ പുസ്തകത്തിൽ അദ്ദേഹത്തിൻെറ കയ്യക്ഷരത്തിൽ ചിലതെല്ലാം എഴുതിയിട്ടുണ്ടായിരുന്നു. അയോഷിൻെറയും അന്നയുടെയും പുണ്യദിനങ്ങൾക്കു നേരെ, അദ്ദേഹം ചുകപ്പുമഷികൊണ്ട് ഇങ്ങിനെ എഴുതിയിരുന്നു;

“ഇവരുടെ കാരുണ്യംകൊണ്ടു വലിയൊരാപത്തിൽനിന്നും രക്ഷപ്പെട്ടു.”

ആ ആപത്തു എന്തായിരുന്നു എന്നു എനിക്കോൎമ്മയുണ്ട്. ഒന്നിനും കൊള്ളാത്ത തൻെറ മക്കളെ സഹായിക്കാൻവേണ്ടി, അദ്ദേഹം പല സാധനങ്ങളും പണയംവാങ്ങിയിട്ടുണ്ടായിരുന്നു. ഈ വിവരം കിട്ടിയതുകൊണ്ടു പോലീസ്സുകാർ ഒരുദിവസം രാത്രി ഞങ്ങളുടെ വീടു പരിശോധിച്ചു. വലിയ ബഹളമായി. എന്നാൽ എല്ലാം സന്തോഷപ്രദമായി കലാശിക്കയും ചെയ്തു. അച്ഛാച്ഛൻ സൂര്യോദയംവരെ പ്രാൎത്ഥിച്ചുംകൊണ്ടിരുന്നു. പ്രഭാതമായപ്പോൾ എൻെറ മുമ്പാകെ, പഞ്ചാംഗത്തിൽ അദ്ദേഹം അങ്ങിനെ എഴുതി വെക്കുകയും ചെയ്തു.

അത്താഴത്തിന്നുമുമ്പ് അദ്ദേഹം എന്നെക്കൊണ്ടു പ്രാൎത്ഥനാ ഗീതം വായിപ്പിക്കും. അത്താഴത്തിന്നുശേഷം അദ്ദേഹം സ്വയം പ്രാൎത്ഥിക്കുകയും ചെയ്യും. വൈകുന്നേരത്തെ നിശ്ശബ്ദതയിൽ അദ്ദേഹം പശ്ചാത്താപപൂൎവ്വം ദൈവത്തോടു പ്രാൎത്ഥിക്കുന്നതു സാധാരണയാണ്.

"അങ്ങുന്നാണ് തരേണ്ടതു. അങ്ങുന്നാണതു എടുത്തുകളയേണ്ടതു. അമൎത്ത്യനായ, സൎവ്വാധികാരിയായ രാജാവെ! ഞങ്ങളെ ദുഷ്പ്രവൃത്തികളിൽ ഏൎപ്പെടാൻ പ്രേരിപ്പിക്കരുതെ! ഞങ്ങളെ ക്രൂരന്മാരിൽനിന്നും രക്ഷിക്കേണമെ! എൻെറ കണ്ണുനീർ എൻെറ പാപങ്ങൾ കഴുകിക്കളയാൻ പൎയ്യാപ്തമായിരിക്കേണമെ!"

പലപ്പോഴും അമ്മമ്മ പറയും "ഓ! ഞാൻ വല്ലാതെ ക്ഷീണിച്ചുപോയി. ഇന്നു പ്രാൎത്ഥിക്കാതെ കിടന്നുറങ്ങേണ്ടിവരുമോ, ആവോ"

അച്ഛാച്ഛൻ എന്നെ പള്ളിയിലേക്കു കൂട്ടിക്കൊണ്ടുപോകും. ശനിയാഴ്ച വൈകുന്നേരത്തെ പ്രാൎത്ഥനാക്കും, ഞായറാഴ്ച രാത്രിയത്തെ പ്രാൎത്ഥനാക്കും. പള്ളിയിൽവെച്ചു ആളുകൾ ഏതു ദൈവത്തോടാണ് പ്രാൎത്ഥിച്ചിരുന്നതെന്നു എനിക്കു പറയാൻ വശമായിരുന്നു.

പാതിരിയച്ചനും സഭാനാഥനും അച്ഛാച്ഛന്റെ ഈശ്വരനെ വിളിച്ചു പ്രാർത്ഥിക്കും. എന്നാൽ ഗായകസംഘം എപ്പോഴും അമ്മമ്മയുടെ ഈശ്വരന്റെ അപദാനങ്ങളാണു് കീർത്തിക്കാറുണ്ടായിരുന്നതു്.

അമ്മമ്മയുടെയും അച്ഛാച്ഛന്റെയും ഈശ്വരന്മാർ തമ്മിൽ കാര്യമായ ചില വ്യത്യാസങ്ങളുണ്ടായിരുന്നതിന്റെ ബാലിശമായ ഒരു ചിത്രീകരണമാണിപ്പറഞ്ഞതു്. ഈ വ്യത്യാസങ്ങൾ എന്റെ മനസ്സിൽ വലിയ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. അച്ഛാച്ഛന്റെ ഈശ്വരനെ ഞാൻ ഭയപ്പെടുകയും വെറുക്കുകയും ചെയ്തു. കാരണം ആ ഈശ്വരൻ ജനങ്ങളെ ഈർഷ്യയോടെ വീക്ഷിച്ചു; ഒരു ജീവിയോടും സ്നേഹം പ്രദർശിപ്പിച്ചില്ല. മനുഷ്യന്റെ തെററുകളെയും കുററങ്ങളെയും കണ്ടുപിടിക്കുകയാണദ്ദേഹത്തിന്റെ ജോലി. അദ്ദേഹം ജനങ്ങളെ വിശ്വസിച്ചില്ല; അവർ പശ്ചാത്തപിക്കുന്നതും കാത്തിരുന്നു. അവരെ ശിക്ഷിക്കുന്നതു അദ്ദേഹത്തിന്നു വലിയ രസവുമാണു്.

ആ കാലത്തു എന്റെ മനസ്സു ഈശ്വരനെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകിഇരിക്കുകയായിരുന്നു. അതു വലിയ ഒരു സന്തോഷമായി എനിക്കു തോന്നി. ജീവിതത്തെ സ്പർശിക്കുന്ന മററു സംഗതികൾ, ക്രൂരവും, നീചവും ദുഃഖമയവുമായി മാറി എന്നെ എങ്ങിനെയെന്നില്ലാതെ മടുപ്പിച്ചുകഴിഞ്ഞിരുന്നു. അമ്മമ്മയുടെ ഈശ്വരൻ—എല്ലാ ജീവികളുടെയും ഉത്തമസ്നേഹിതൻ—ചുററുപാടുമുള്ള എല്ലാററിലുംവെച്ചു മനോഹരവും ഹൃദ്യവുമായി എനിക്കു തോന്നി. അച്ഛാച്ഛന്നു ആ ഈശ്വരന്റെ സൽഗ്ഗുണങ്ങളെപ്പററി ഒന്നും മനസ്സിലാകാഞ്ഞതെന്തുകൊണ്ടാണെന്നു ഞാൻ ആശ്ചര്യപ്പെട്ടു.

നിരത്തിന്മേൽ പോയി മററു കുട്ടികളോട് ചേർന്നു കളിക്കുവാൻ എനിക്കനുവാദമുണ്ടായിരുന്നില്ല. കാരണം അതു പല അനിഷ്ടസംഭവങ്ങൾക്കും ഇടയാക്കാറുണ്ടായിരുന്നു. തെരുവിലിറങ്ങി

കളിക്കുമ്പോഴുണ്ടാകുന്ന സന്തോഷം എന്നെ മത്തുപിടിപ്പിക്കും. എൻെറ പരാക്രമങ്ങൾ കലഹങ്ങളിൽചെന്നവസാനിക്കും. എനിക്ക ആരെയും ചങ്ങാതിയായി കിട്ടിയില്ല. അയൽപക്കത്തെ കുട്ടികളെല്ലാം എനിക്കെതിരായിരുന്നു, അവർ എന്നെ "കാശിറിൻ" എന്നു വിളിക്കുന്നതു എനിക്കിഷ്ടമായിരുന്നില്ല. ഇതു എല്ലാകുട്ടികൾക്കുമറിയാമായിരുന്നു. അതുകൊണ്ടു അവർ അന്യോന്യം ആ പേർ വിളിച്ചുകൊണ്ടു എന്നെ വിറളിപിടിപ്പിക്കും.

"അതാ, ലുബ്ധനായ കാശിറിൻെറ പൌത്രൻ വരുന്നു, അതാ! നോക്കൂ!"

"അവനെ അടിച്ചുവീഴ്ത്തണം."

ഒരടികലശലിന്നിത്രയും മതി. എൻെറ പ്രായത്തിൽകവിഞ്ഞ ശക്തി എനിക്കുണ്ടായിരുന്നു. ഞാൻ ഒരു നല്ല അടിക്കാരനുമായിരുന്നു. എൻെറ എതിരാളികൾപോലും ഇതംഗീകരിച്ചു. അവരിൽ ആരും ഒററക്ക എന്നോടെതൃക്കുവാൻ ധൈര്യപ്പെട്ടില്ല. അവർ എല്ലാവരുംകൂടി എന്നെ അടിക്കാൻ നോക്കും. മൂക്ക ചതഞ്ഞും, ചുണ്ടുകൾ മുറിഞ്ഞും വസ്ത്രങ്ങൾ കീറിപ്പറിഞ്ഞും ആണ് ഞാൻ വീട്ടിൽ തിരിച്ചെത്തുക.

അമ്മമ്മ പരിഭ്രമിച്ചു, പരവശയായി, എന്നെ അകത്തേക്ക കൂട്ടിക്കൊണ്ടുപോകും.

"എന്തു? നീ വീണ്ടും അടിയാക്കി, അല്ലെ?"

അവർ എൻെറ മുഖം കഴുകിച്ചു, മുറികളിൽ വല്ല മരുന്നും പുരട്ടിത്തരും. അവർ ആവലാതിപ്പെടും.

"നീ എന്തിനാണിങ്ങിനെ അടിയുണ്ടാക്കുന്നത്? വീട്ടിലാണെങ്കിൽ വളരെ ഒതുക്കമുള്ള ഒരു കുട്ടി; തെരുവിലിറങ്ങിക്കഴിഞ്ഞാൽ ഒരു രാക്ഷസനായി മാറും! നാണമില്ലെ നിനക്ക? ഞാൻ

നിൻെറ അച്ഛാച്ഛനോടു നിന്നെ പുറത്തുവിടരുതെന്നു പറയാതിരിക്കയില്ല."

അപ്പാപ്പൻ എൻെറ മുറിവുകളും ചതവുകളും കാണാറുണ്ട്. എന്നാൽ എന്നോടു ക്രോധിക്കാറില്ല. അദ്ദേഹം പിറുപിറുക്കും

"വീണ്ടും സമ്മാനം വാങ്ങി! എന്തൊരു ധീരനായ പടയാളി? ഇനി തെരുവിൽ പോകുന്നതു ഞാൻ കാണട്ടെ! കേട്ടോ?"

തെരുവിലത്തോളം നിശ്ശബ്ദമായിരിക്കുമ്പോൾ അവിടെ പോകുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. കുട്ടികളുടെ ഉല്ലാസം തുളുമ്പുന്ന ശബ്ദം കേൾക്കുമ്പോൾ അച്ഛാച്ഛൻെറ നിരോധനാജ്ഞകൾ വിസ്മരിച്ചു ഞാൻ നിരത്തിലേക്കോടും. എനിക്കു കിട്ടുന്ന അടികളും മുറിവുകളും ഞാൻ കാര്യമാക്കിയില്ല. എന്നാൽ ഈ ക്രൂരതയിൽ കൂടി എന്തൊരു രസമാണ് ആ കുട്ടികൾക്കു ലഭിച്ചതെന്നു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഈ ചിന്ത എന്നെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. അവർ നായ്ക്കളും പൂച്ചകളുമായി കളിക്കുന്നതും, മററുള്ളവരുടെ പൂച്ചകളെ ഉപദ്രവിക്കുന്നതും, ആടുകളെ അടിച്ചോടിക്കുന്നതും, "കീശയിൽ മരണംകൊണ്ടു നടക്കുന്ന" ഇഗോഷയെയും, മററു കുടിയന്മാരെയും തമാശയാക്കുകയും ചെയ്യുന്നതു കാണുമ്പോൾ എനിക്കു വല്ലാത്ത അസഹ്യതതോന്നും.

ഇഗോഷ, നീണ്ടു മെലിഞ്ഞു, മിന്നുന്ന താടിയോടുകൂടിയ ഒരാളായിരുന്നു. ആട്ടിൻതോൽകൊണ്ടുള്ള ഒരു വലിയ കോട്ടു ധരിച്ചു അയാൾ നിരത്തിന്മേൽക്കൂടി, മുഖം കുനിച്ചു ആടിക്കുഴഞ്ഞു നടക്കുകയായിരിക്കും. ചെറിയ കണ്ണുകളോടുകൂടി, വ്യസനാചരായ കലന്ന അയാളുടെ മെലിഞ്ഞ മുഖം കാണുമ്പോൾ, എനിക്കയാളോടു ഭക്തിയും ഭയവുമാണ് തോന്നിയിരുന്നത്. അയാൾക്കു കാര്യമായി എന്തെങ്കിലും ഒരു ജോലികൊടുത്തു അങ്ങിനെ തുടൻപോകുവാൻ അനുവദിക്കേണ്ടതായിരുന്നു എന്നാണെനിക്കു തോന്നിയത്.

എന്നാൽ കുട്ടികൾ അയാളുടെ പിന്നാലെ ഓടും; അയാളെ കല്ലെറിയും. കുറച്ചു സമയത്തേക്കു അയാൾ അതൊന്നും ശൌനിക്കയില്ല. ഏറുകൊണ്ടതായി നടിക്കുകയില്ല. എന്നാൽ പെട്ടെന്നയാൾ തിരിഞ്ഞുനില്ക്കും; തല പിന്നാക്കം ചരിച്ചു ചുററുപാടും നോക്കും. ഉടനെ ഉറക്കംഞെട്ടിയപോലെ വലിഞ്ഞു നിവൻറു തൊപ്പി നേരെയാക്കും.

"കീശയിൽ മരണംകൊണ്ടു നടക്കുന്ന ഇഗോഷാ, നിങ്ങളെ ആരാണ് കെട്ടിക്കളഞ്ഞത്? നിങ്ങളുടെ കീശയിൽ നോക്കു, കീശയിൽ മരണമുണ്ടോ എന്നു നോക്കു" കുട്ടികൾ വിളിച്ചുപറഞ്ഞു.

കീശ തിരുകിപ്പിടിച്ചുംകൊണ്ടു അയാൾ കുനിഞ്ഞു നിന്നു. കല്ലുകൾ പെറുക്കിയെടുത്തു കൈ ചുഴററിയുംകൊണ്ടു കുട്ടികളുടെ നേരെ എറിഞ്ഞു. ഒരേ ശകാരവാക്കുകളാണ് അയാൾ എപ്പോഴും പറയാറുണ്ടായിരുന്നത്. കുട്ടികൾക്കാണെങ്കിൽ എത്രയെങ്കിലും ചീത്തവാക്കുകൾ മന:പാഠമായിരുന്നു. ചിലപ്പോൾ അവർ അയാളുടെ പിന്നാലെ മുടന്നുകൊണ്ടോടിച്ചെല്ലും. അപ്പോൾ കോട്ടിൻെറ അററം ചവിട്ടിപ്പറിച്ചു അയാൾ കൈകൾകുത്തി നിലത്തു മറിഞ്ഞു വീഴും—അപ്പോൾ കുട്ടികൾ നാലുഭാഗത്തുനിന്നും കല്ലുകൾ പെറുക്കി അയാളെ എറിഞ്ഞുകൊണ്ടിരിക്കും. കൂടുതൽ ധൈര്യമുള്ളവർ അടുത്തുചെന്നു അയാളുടെ തലയിൽ മണ്ണുവാരിയിട്ടോടിക്കളയും.

ഞങ്ങളുടെ മുമ്പത്തെ മേസ്ത്രി ഗ്രിഗറി ഐവനോവിക്കിൻെറ നില ഇതിലും കഷ്ടതരമായിരുന്നു. അയാൾ തീരെ കണ്ണുകാണാതായി, ഇരന്നുനടക്കുകയായിരുന്നു. ഒരക്ഷരം ശബ്ദിക്കാതെ നടക്കുന്ന അയാളെ ഒരു വൃദ്ധസ്ത്രീ കൈക്കുപിടിച്ചു വഴികാട്ടിക്കൊണ്ടുപോകും. അവർ ഓരോ വാതിൽക്കലുംചെന്നു ഭക്ഷണത്തിന്നു യാചിക്കും.

"യേശുവിനെയോർത്തു ഈ കുരുടനായ പാവത്തെ സഹായിക്കണേ,,......"

ഗ്രിഗറി ഐവനോവിക്ക് ഒന്നും മിണ്ടുകയില്ല. അയാളുടെ കറുത്ത കണ്ണടച്ചില്ലുകൾ ചുമരിന്മേലേക്കോ ജനലിന്നുള്ളിലേക്കോ തുറിച്ചുനോക്കുന്നുണ്ടായിരിക്കും. ചായത്തിൻെറ കറപിടിച്ച കൈ കൊണ്ടു അയാൾ താടിതടവിക്കൊണ്ടിരിക്കും. എന്നാൽ അയാളുടെ ചുണ്ടുകൾ ഒരിക്കലും അനങ്ങുകയില്ല. ഞാൻ പലപ്പോഴും ഗ്രിഗറിയെ കാണാറുണ്ടായിരുന്നു. എന്നാൽ ഒരൊററ വാക്കെങ്കിലും അയാൾ പറയുന്നതു ഞാൻ കേട്ടിരുന്നില്ല. ഗ്രിഗറിയുടെ ഈ മൌനം എന്നെ വല്ലാതെ വേദനിപ്പിച്ചു. ഞാൻ ഒരിക്കലും അയാളുടെ അടുത്തു പോയില്ല. അതിന്നു മാത്രമുള്ള ധൈര്യം എനിക്കുണ്ടായില്ല. അയാളെ കാണുമ്പോഴെല്ലാം ഞാൻ വീട്ടിലേക്കോടിപ്പോയി അമ്മമ്മയോടു പറയും:

"ഗ്രിഗറി വരുന്നുണ്ടു്."

"ആ!" അമ്മമ്മ വല്ലാത്ത ദുഃഖത്തോടെ എന്നോടപേക്ഷിക്കും. "ഓടിപ്പോയി അയാൾക്കിതു കൊടുക്കു!"

എനിക്കതു അനുസരിക്കുവാൻ വിഷമമായിരുന്നു. അമ്മമ്മ തന്നെ പടിവാതിൽ കടന്നുപോയി കുറേനേരം ഗ്രിഗറിയുമായി സംസാരിച്ചുനില്ക്കും. അയാൾ താടിയാട്ടിക്കൊണ്ടു ചിരിക്കും. എന്നാൽ ഒരക്ഷരം മറുപടിപറയുകയില്ല.

ചിലപ്പോൾ അമ്മമ്മ ഗ്രിഗറിയെ അടുക്കളയിൽ കൂട്ടിക്കൊണ്ടുവന്നു ഭക്ഷണം വിളമ്പിക്കൊടുക്കും. ഒരുദിവസം ഞാൻ എവിടെയാണെന്നു അയാൾ അമ്മമ്മയോടു ചോദിച്ചു. അമ്മമ്മ എന്നെ വിളിച്ചു. ഞാൻ ഓടിപ്പോയൊരുഭാഗത്തൊളിച്ചുകളഞ്ഞു. ഗ്രിഗറിയുടെ മുമ്പിൽ ചെല്ലാൻ എനിക്കതിയായ ലജ്ജതോന്നി. അമ്മമ്മക്കും അങ്ങിനെ തോന്നിയിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അമ്മമ്മയും ഞാനും ഒരിക്കൽമാത്രമേ ഗ്രിഗറിയെക്കുറിച്ചു സംസാരിക്കുകയുണ്ടായുള്ളു. അവർ പടി കടന്നുപോയി ഗ്രിഗറിക്കു എന്തോ കൊടുത്തു പറഞ്ഞയച്ചതിന്നുശേഷം തലതാഴ്ത്തി കരഞ്ഞുംകൊണ്ടു

അകത്തേക്കു കയറിവന്നു. ഞാൻ ഓടിച്ചെന്നു അവരുടെ കൈ പിടിച്ചു.

"നീ എന്തിനാണ് എല്ലായ്പോഴും അയാളെക്കാണുമ്പോൾ ഓടിക്കളയുന്നതു്?" അവർ ചോദിച്ചു. "അയാൾക്കു നിന്നെ വലിയ സ്നേഹമാണ്. ഒരു നല്ല മനുഷ്യനാണ് ഗ്രിഗറി."

"അച്ഛാച്ഛൻ എന്തുകൊണ്ടയാളെ രക്ഷിക്കുന്നില്ല?"

"അച്ഛാച്ഛനോ?.........."

അമ്മമ്മ പെട്ടന്നു സംസാരം നിത്തി. അവർ എന്നെ കെട്ടിപ്പിടിച്ചു എൻെറ ചെവിട്ടിൽ പറഞ്ഞു.

"ഈ വാക്കുകൾ നീ മറക്കരുതു. ഇതിന്നു ദൈവം നമ്മെ കഠിനമായി ശിക്ഷിക്കും—കഠിനമായി ശിക്ഷിക്കാതിരിക്കയില്ല."

അവരുടെ വാക്കുകൾ ശരിയായി വന്നു. ഏകദേശം പത്തുകൊല്ലം കഴിഞ്ഞപ്പോൾ, എൻെറ അമ്മമ്മ അന്ത്യവിശ്രമം പ്രാപിച്ചുകഴിഞ്ഞപ്പോൾ, ഭ്രാന്തനായിക്കഴിഞ്ഞ അച്ഛാച്ഛൻ, തെരുവുകളിൽ തെണ്ടിനടന്നു ഓരോ പടിക്കലും ചെന്നു ഭിക്ഷയാചിക്കുന്നതു ഞാൻ കാണേണ്ടിവന്നു.

"നല്ല ആളുകൾ എനിക്കൊരു ചെമ്പുതുട്ടുതരുന്നു. ഒരു ചെമ്പുതുട്ടു.......ഫൂ! എന്തൊരു വർഗ്ഗം!"

വെറുപ്പോടുകൂടിയ "ഫൂ! എന്തൊരു വർഗ്ഗം!" എന്ന ആ ശാപവാക്കുകൾ മാത്രമെ, പഴയകാലത്തെ ഐശ്വര്യത്തിൻെറ ഒരൊററ അവശിഷ്ടമായി അദ്ദേഹത്തിൽ ബാക്കിയായുള്ളൂ.

ഇഗോഷയെയും ഗ്രിഗറിയെയും പോലെ ഞാൻ സാധാരണയായി മറെറാരു കിഴവിയും ഇരന്നു നടക്കുന്നതു കാണാറുണ്ടായിരുന്നു. ആ കിഴവിയെക്കണ്ടാൽ ഞാൻ തെരുവിൽ നില്ക്കുകയില്ല; ഓടിക്കളയും. എല്ലാ ഞായറാഴ്ചയും ആ സ്ത്രീയെ കാണാം. കുടിച്ചു

ബോധംകെട്ടു തലമുടി പറിച്ചിട്ടു നടക്കുന്ന ഒരു ഭയങ്കരി. നിലം തൊടാത്തപോലെ, മൂളൻ പാട്ടുപാടിയുംകൊണ്ടു കിഴവി അങ്ങിനെ കാൽവലിച്ചിഴച്ചുപോകുന്നതു കാണാം. ആ സ്ത്രീയെ കണ്ടാൽ ആരും നിരത്തിന്മേൽ നില്ക്കുകയില്ല. പീടികകളിലും, കെട്ടിടങ്ങൾക്ക പിന്നിലും; വേലിക്കപ്പുറവും പോയൊളിച്ചുകളയും. ആ കിഴവി വരുമ്പോൾ തെരുവിലങ്ങോളം വിജനമായിക്കഴിയും—മത്തങ്ങ പോലെ വീൎത്തു നീലനിറമായ മുഖവും, തുറിച്ചുനില്ക്കുന്ന കണ്ണുകളും കണ്ടാൽ ആരും പേടിച്ചുപോകും.

"എൻെറ കുട്ടികൾ എവിടെ? എൻെറ കുട്ടികൾ?'' എന്നു ചിലപ്പോൾ ആ സ്ത്രീ നിലവിളിക്കും.

ഇതിൻെറ അൎത്ഥമെന്താണെന്നു ഞാൻ അമ്മമ്മയോടു ചോദിച്ചു.

"അതു നിനക്കറിയേണ്ടതില്ല." ആദ്യം അവർ അങ്ങിനെയാണ് പറഞ്ഞത്. തെല്ലിട കഴിഞ്ഞപ്പോൾ അവർ തുടൎന്നു. "അവളുടെ ഭൎത്താവ് വൊറോനോവ് എന്നു പേരുള്ള ഒരുദ്യോഗസ്ഥനായിരുന്നു. ഉദ്യോഗക്കയററം കിട്ടാൻവേണ്ടി അയാൾ തൻെറ ഭാൎയ്യയെ മേലുദ്യോഗസ്ഥന്നു കാഴ്ചവെച്ചു. അയാൾ അവളെ രണ്ടു കൊല്ലം വെപ്പാട്ടിയാക്കിവെച്ചു. അവൾ തിരിച്ചു വരുമ്പോഴേക്കും അവളുടെ രണ്ടു കുട്ടികളും—ഒരാണും ഒരു പെണ്ണും—മരിച്ചുപോയിരുന്നു. അവളുടെ ഭൎത്താവു ഗവൎമ്മേണ്ടുവക പണം കട്ടിച്ചു തോററു ജയിലിലുമായിരുന്നു. ദുഃഖംകൊണ്ടു അവൾ കുടിക്കുവൻ തുടങ്ങി. ക്രമേണ അവൾ ഒരു വേശ്യയായിത്തീൎന്നു. എല്ലാ ഞായറാഴ്ചയും പോലീസ്സുകാർ അവളെ അവരുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോകും.''

ഒന്നു തീൎച്ച. തെരുവിലേക്കാൾ ശാന്തമായിരുന്നു വീട്ടിലെ അന്തരീക്ഷം വിശേഷിച്ചും മുത്താഴത്തിനുശേഷം. അപ്പോൾ അച്ഛാച്ഛൻ യാക്കോവമ്മാമൻെറ അടുത്തേക്കു പോകും. അമ്മമ്മ

ജനലിന്നു അടുത്തിരുന്നു അച്ഛനെക്കുറിച്ച പല കഥകളും എനിക്കു പറഞ്ഞുതരും.

അമ്മമ്മ പൂച്ചയിൽനിന്നും രക്ഷിച്ച മൈനക്കുഞ്ഞിനെ ഒരു കൂട്ടിലാക്കി പോററുന്നുണ്ടായിരുന്നു. പക്ഷിയുടെ മുറിയേററ കാലിന്നു ഒരു ചെറിയ വടിക്കഷ്ണം കെട്ടിക്കൊടുത്തു മുറി ഉണക്കിയിരുന്നു. അമ്മമ്മ പക്ഷിയെക്കൊണ്ടു സംസാരിപ്പിക്കുവാൻ ശ്രമിച്ചു. ഒരു മണിക്കൂർ മുഴുവൻ അവർ ജനലിന്നരികെ പക്ഷിയുടെ കൂടിനു മുമ്പിൽ നില്ക്കും, പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വാക്കുകൾ ഉരുവിട്ടു കൊണ്ടു.

"ഇതാ, പക്ഷിക്കു കുറച്ചു കുഞ്ഞിവേണം."

മൈനയാകട്ടെ, അമ്മമ്മയുടെ നേരെ നോക്കിയൊന്നു കണ്ണു ചിമ്മി, വടികെട്ടിയ കാൽകൊണ്ടു കൂട്ടിനുള്ളിൽ മാന്തി, കഴുത്തു വെളിയിലേക്കു നീട്ടി ഒന്നു കൂവി, പൂച്ചയെപ്പോലെയും നായയെപ്പോലെയും ശബ്ദങ്ങൾ പുറപ്പെടുവിക്കുവാൻ ശ്രമിക്കും. മനുഷ്യരെപ്പോലെ വാക്കുകൾ ഉച്ചരിക്കുവാൻ മൈനക്കു വളരെ വിഷമമാണെന്നു ഞാൻ വിചാരിച്ചു.

"നിൻെറ തമാശപോകട്ടെ!" അമ്മമ്മ പക്ഷിയെ ശാസിക്കും "ഒന്നുകൂടി ശ്രമിക്കു. "പക്ഷിക്കു കുറച്ചു കുഞ്ഞിവേണം."

അമ്മമ്മ പറയുന്ന വാക്കുകളോടു സാമ്യമുള്ള വല്ല ശബ്ദവും അതു പുറപ്പെടുവിച്ചാൽ അവർ സന്തോഷിച്ചു ചിരിച്ചു അതിന്നു വിരലിന്മേൽ അന്നംവെച്ചുകൊടുക്കും.

"എനിക്കു നിന്നെ നന്നായറിയാം-നിൻെറ കുസൃതികൾ" അവർ പരിഭവിക്കും. "വേണമെന്നു വിചാരിച്ചാൽ നിനക്കെന്തും പറയാൻ സാധിക്കും."

അമ്മമ്മ പക്ഷിയെ സംസാരിക്കുവാൻ പഠിപ്പിച്ചു കുറച്ചു കഴിഞ്ഞപ്പോൾ മൈന കുഞ്ഞിക്കു ചോദിക്കുവാൻ തുടങ്ങി. അമ്മ

മ്മയെ കാണുമ്പോഴെല്ലാം അതു "അല്ലാ" എന്നതിന്നു സാമ്യമുള്ള ഒരു ശബ്ദം പുറപ്പെടുവിക്കും.

ആദ്യം പക്ഷിക്കൂട്ട അച്ഛാച്ഛൻെറ മുറിയിലായിരുന്നു. പിന്നെ അദ്ദേഹം അതവിടെ പാടില്ലെന്നു വിധിച്ചു. കാരണം മൈന അദ്ദേഹത്തിൻെറ വാക്കുകൾ അനുകരിക്കുവാൻ ശ്രമിച്ചു. അച്ഛാച്ഛൻ പ്രാൎത്ഥിക്കുമ്പോൾ അതു കൂട്ടിൻെറ ദ്വാരത്തിൽകൂടി മഞ്ഞ നിറത്തിലുള്ള കൊക്കു വെളിയിലിട്ടുംകൊണ്ടു പറയും. "സത്യം— സത്യം—സ - ത്യം—സ....— ത്യം. സത്യം."

അച്ഛാച്ഛന്നു കോപം വന്നു. ഒരുദിവസം പ്രാൎത്ഥിച്ചുകൊണ്ടിരിക്കെ അദ്ദേഹം കാൽ നിലത്തു ചവിട്ടിയുംകൊണ്ടു ഗജ്ജിച്ചു:

"ഈ ചെകുത്താനെ ഇവിടെനിന്നും വെളിയിലേക്കു കൊണ്ടുപോ, അല്ലെങ്കിൽ ഞാൻ ഇതിനെ ഇപ്പോൾ കൊന്നുകളയും."

അങ്ങിനെ ഞങ്ങളുടെ വീട്ടിൽ രസകരമായ പലതും, തമാശ തോന്നിക്കുന്ന പലതും സംഭവിക്കാറുണ്ടായിരുന്നു. എന്നാലും ചില പ്പോൾ എനിക്കു എന്തെന്നില്ലാത്ത നിരാശതോന്നും. ഒരു ഭാരം എന്നെ താഴത്തേക്കാഴ്ത്തുന്നതായിത്തോന്നും. മഷികലക്കിയ വെള്ളം നിറഞ്ഞുനില്ക്കുന്ന ഒരു കുഴിയിൽ ഒന്നും കാണാതെ, ഒന്നും കേൾക്കാതെ,—പകുതി കുരുടനായും, പകുതി ചത്തുംകൊണ്ടു—ഞാൻ ജീവിതം നയിക്കുകയാണെന്നു എനിക്കു ബോദ്ധ്യമായി.

## VIII

തീരെ അപ്രതീക്ഷിതമായി അച്ഛാച്ഛൻ ഞങ്ങളുടെ വീട്ടു മദ്യഷാപ്പുടമക്കു വിററു. പകരം കനത്്നയാത്തെരുവിൽ വേറൊന്നു വാങ്ങുകയും ചെയ്തു. ഈ തെരു വളരെ വൃത്തിയിൽ വെച്ചിരുന്നു; മാത്രമല്ല അവിടെ ബഹളവും കുറവായിരുന്നു നിരത്തിന്മേൽ ഇഷ്ടി

കപടുത്തിട്ടില്ലാത്തതുകൊണ്ടു അവിടവിടെ പുല്ലുപിടിച്ചുനില്ക്കുന്നുണ്ടു. നിരത്തു ചെന്നവസാനിക്കുന്നതു ഒരു വയലിലാണ്. നിരത്തിൻെറ രണ്ടു പാൾ്ശ്വങ്ങളിലും ഭംഗിയായി ചായംതേച്ച ചെറുകെട്ടിടങ്ങൾ നിരന്നു നില്ക്കുന്നു.

പുതിയ വീട്ടിൽ പഴയതിലേക്കാൾ ഉല്ലാസം നിറഞ്ഞുനില്ക്കുന്നതായിത്തോന്നി. മുൻഭാഗം ചുകപ്പുചായം തേച്ചിട്ടുണ്ടു്. ആ പശ്ചാത്തലത്തിൽ താഴത്തെ നിലയുടെ മൂന്നു ജനലുകൾ മലക്കെ തുറന്നുവെച്ചിട്ടുള്ളതു കാണാൻ കൌതുകംതോന്നും. മേൽപുരയുടെ ഇടതുഭാഗം ഇരിമ്പകവൃക്ഷത്തിൻെറയും പുളിനാരകത്തിൻെറയും ഇടതൂന്ന കൊമ്പുകൾക്കിടയിൽ മറഞ്ഞുനില്ക്കുന്നു. മുററത്തും തോട്ടത്തിലും ഒളിച്ചുകളിക്കാൻ പററുന്ന അനവധി സ്ഥലങ്ങൾ ഉണ്ടു. തോട്ടം ഭംഗിയുള്ളതാണ്. പക്ഷെ വളരെ വലുതല്ല. തോട്ടത്തിലങ്ങോളം ചെറുവൃക്ഷങ്ങൾ തിങ്ങിവളൻ് എങ്ങും പച്ചപിടിച്ചുനില്ക്കുന്നു. ഒരു മൂലക്കു കാടും പടലും നിറഞ്ഞ ഒരു കുഴിയുണ്ടു. അവിടെ ഒരു ചെറിയ കെട്ടിടം വീണുപൊളിഞ്ഞു കിടക്കുന്നുണ്ടു. തോട്ടത്തിൻെറ ഇടത്തെ അററത്തിയിൽ കേണൽ ഓസിയോ നിക്കോവിൻെറ കുതിരപ്പന്തികളാണുള്ളതു്. വലതുവശത്തു ബററ്ലണ്ട് കുടുംബക്കാരുടെ ആലകളും കൂടുകളുമാണ്. തോട്ടത്തിൻെറ അങ്ങേഅററം പാൽക്കാരിയായ പെടൊവിനയുടെ പറമ്പിനോട് തൊട്ടുകിടക്കുന്നു. ചുകന്ന മുഖവും ഒരു വലിയ മണിപോലെ ഉരുണ്ടു തടിച്ച ദേഹവുമുള്ള, എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ത്രീയാണ് പെടോവിന. കരിപിടിച്ചു കറുത്തു പൊളിയാൻ പോകുന്ന അവളുടെ കുടിൽ നിലംപൊത്തി പൂപ്പു നിറഞ്ഞു നിൽക്കുകയാണ്. ആ വീട്ടിനുള്ള രണ്ടു ജനലുകളും വയലിൻെറ ഭാഗത്താണ് — വയലിൻെറ മദ്ധ്യത്തിൽക്കൂടി നീർചാലുകൾ ഒഴുകുന്നുണ്ട്: വയലിന്നപ്പുറം അകലത്തായി കാണുന്ന കാട്ടുകൾ വളരെ മനോഹരമായ ഒരു കാഴ്ചയാണ്. പകൽ മുഴുവനും പട്ടാളക്കാർ വയലിൽനിന്നു കവാത്തുചെയ്യുന്നുണ്ടായിരിക്കും, അവ

രുടെ തോക്കുകളുടെ അററത്തു പിടിപ്പിച്ചിട്ടുള്ള വാളുകൾ വെയിൽ തട്ടി മിന്നുന്നുണ്ടായിരിക്കും.

ഒരു വലിയ പന്തുപോലെ തടിച്ചുരുണ്ട പാൽക്കാരിയുടെ ഭർത്താവ് ജനലിന്നടുത്തിരുന്നു കവിളുകൾ വീർപ്പിച്ചുകൊണ്ടു കുഴലിൽ നിന്നും പുകവലിച്ചു കയററി കൂടക്കുടെ ചുമച്ചുംകൊണ്ടിരിക്കും.

രണ്ടുവണ്ടിക്കാരും, ഒരു താർത്തരി പട്ടാളക്കാരനും പത്താഴപ്പുരയുടെ അടുത്തുള്ള ഒരു ചെറിയ കെട്ടിടത്തിൽ താമസിക്കുന്നുണ്ടു വണ്ടിക്കാരിൽ ഒരാൾ, വളരെ ഉത്സാഹിയായ ഒരു ചെറിയ മനുഷ്യനാണ്. അയാളെ എല്ലാവരും പ്യോട്ടർ അമ്മാമൻ എന്നാണ് വിളിക്കുക. മറേറയാൾ പ്യോട്ടറിൻെറ മരുമകനായ സ്റ്റയോപ്പായിരുന്നു. ശാന്തശീലത്തോടുകൂടിയ ഒരു ബധിരൻ. എനിക്കാരെയും പരിചയമില്ല. അതുകൊണ്ടു അവരുമായുള്ള സാഹചര്യത്തിൽ രസകരമായ പല അനുഭവങ്ങളും ഉണ്ടായിരിക്കുമെന്നു ഞാൻ ആശിച്ചു.

ഇവരുടെ കൂട്ടത്തിൽ എനിക്കേററവും ഇഷ്ടമായതു ഞങ്ങൾ "അതു നന്നായി" എന്നു വിളിക്കാറുള്ള ഒരാളെയാണ്. വീട്ടിൻെറ പിൻഭാഗത്തു അടുക്കളക്കടുത്തുള്ള ഒരു മുറിയാണ് അയാൾ ഉപയോഗിച്ചതു്. രണ്ടു ജനലുകളുള്ള ഒരു നീണ്ടമുറി, ഒരു ജനൽ തോട്ടത്തിൻെറ ഭാഗത്തും മറേറതു മുററത്തിൻെറ ഭാഗത്തുമായിരുന്നു.

അയാൾ നീണ്ടു വളഞ്ഞിട്ടാണ്. താടിരോമത്തിന്നു ഒരു പ്രത്യേകനിറമാണ്; അതുകൊണ്ടയാളുടെ മുഖത്തിന്നുമുണ്ടായിരുന്നു ഒരു പ്രകാശം. കണ്ണട ഉപയോഗിക്കും. സാധാരണയായി അയാൾ വളരെ ശാന്തനാണ്. ഒരുപദ്രവവുമില്ല. ചായക്കു സമയമായി, മുത്താഴം തയ്യാറായി എന്നു ഞാൻ അയാളെ അറിയിക്കുമ്പോൾ അയാൾ പറയും.

"അതു നന്നായി."

അതുകൊണ്ടു അമ്മമ്മ അയാളെ അയാറം കേറംക്കാതെ, "അതു നന്നായി" എന്നു വിളിക്കാൻ തുടങ്ങി. ചിലപ്പോറം അയാളുടെ മുമ്പിൽവെച്ചും അമ്മമ്മ അങ്ങിനെ വിളിക്കുവാൻ ശ്രമിക്കും

"അലക്സേയി, "അതു നന്നായിയോടു" ചായ തയ്യാറായെന്നു പറയൂ." അവർ എന്നോടങ്ങിനെ പറയും. അയാളോടു, "കുറച്ചു കൂടി കഴിക്കൂ, അതു നന്നായി, നിങ്ങറം വേണ്ടത്ര ഒന്നും കഴിക്കുന്നില്ലല്ലൊ" എന്നും പറയും.

അയാളുടെ മുറിയിൽ മരപ്പെട്ടികറം അട്ടിയായി വെച്ചിരിക്കുന്നു. അനവധി പുസ്തകങ്ങളും. അങ്ങിനെയുള്ള പുസ്തകങ്ങറം ഞാൻ അതിന്നുമുമ്പ് ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല. പല നിറത്തിലുള്ള ദ്രാവകങ്ങറം നിറച്ച കുപ്പികളും ചെമ്പിൻെറയും ഇരിമ്പിൻെറയും കഷണങ്ങളും ഈയ്യക്കട്ടികളും മുറിയിൽ അവിടവിടെയായി കിടക്കുന്നു. അയാറം എപ്പോഴും ഒരു തോൽകുപ്പായവും കള്ളിവരകളുള്ള ഒരു കാൽസ്രായിയും ധരിച്ചിരിക്കും വസ്ത്രങ്ങറം മുഴുവൻ ചായംപുരണ്ടു എന്തോ വല്ലാത്ത ഒരു മണം പുറപ്പെടുന്നുണ്ട്. രാവിലെതൊട്ടു വൈകുന്നേരംവരെ ഈയ്യം ഉരുക്കുക; ചെമ്പുതകിടുകറം തട്ടിയൊടിക്കുക; ചെറിയ ഒരു തുലാസ്സിൽ എന്തെല്ലാമോ ഇട്ടു തൂക്കംകണക്കാക്കുക; എന്നു തുടങ്ങി പല കൃത്യങ്ങളിലും ഏൎപ്പെട്ടിരിക്കും. എന്തെല്ലാമോ പിറുപിറുത്തുകൊണ്ടിരിക്കുകയും ചെയ്യും. ഇടക്കിടെ അയാളുടെ കൈ പൊള്ളും. അപ്പോറം വിരലിന്നു ഊതിക്കൊണ്ടിരിക്കും. ഇടക്കു ചുമരിന്നടുത്തേക്കോടി, ചുമരിന്മേൽ തൂങ്ങിനില്ക്കുന്ന ചില പടങ്ങളിൽ അയാറം സൂക്ഷിച്ചു നോക്കുന്നുണ്ടായിരിക്കും—കണ്ണട തുടച്ചുകൊണ്ടു ആ പടത്തിൽ സൂക്ഷിച്ചു പരിശോധിക്കുമ്പോറം, അയാറം തൻെറ മൂക്കുകൊണ്ടു് കടലാസ്സിൽ ഉരസുകയാണെന്നു തോന്നും. ചിലപ്പോറം അയാറം ജനലിന്നടുത്തോ, മുറിയുടെ ഒത്ത മദ്ധ്യത്തിലോ വടിപോലെ

കത്തനെ നില്ക്കും. തലയുയർത്തിപ്പിടിച്ചു, കണ്ണടച്ചു, അനങ്ങാതെ, അങ്ങിനെ അയാരം വളരെനേരം നില്ക്കുന്നതു കാണാം.

മുററം കടന്നുപോയി ജനലിൽകൂടി ഞാൻ അയാളുടെ മുറിയിൽ എത്തിനോക്കി. മേശമേൽ ഒരു വിളക്കെരിഞ്ഞുകൊണ്ടിരിക്കുന്നു. അയാരം കുനിഞ്ഞിരുന്നു എന്തോ ചെയ്യുകയാണ്. ഒരു പഴയ നോട്ടുപുസ്തകത്തിൽ ഇടക്കിടെ എന്തോ കുറിച്ചിടുന്നുണ്ട്. അയാളുടെ കണ്ണടച്ചില്ലുകരം നീലനിറം പുരണ്ട ഹിമക്കട്ടകരം പോലെ മിന്നുന്നു. അയാരം ചെയ്യുന്നതെന്താണെന്നറിയാനുള്ള ആഗ്രഹത്തോടെ, ഈ മാതിരി ജാലവിദ്യകരം നോക്കി ഞാൻ ജനലിന്നടുത്തു വളരെനേരം നിന്നുപോകും.

ചിലപ്പോരം അയാരം കൈ പിറകിൽകെട്ടി മേലോട്ടുനോക്കി ജനലിന്നടുത്തു വളരെ നേരത്തോളം നില്ക്കും. എന്നാൽ ഞാൻ അവിടെ നില്ക്കുന്നത് അയാരം അറിയുകയുമില്ല. അങ്ങിനെ നിന്നുകൊണ്ടിരിക്കെ, പെട്ടെന്നു അയാരം ചാടിപ്പോയി കടലാസ്സുകരം ക്കിടയിൽ എന്തോ തിരയുന്നതു കാണാം.

നല്ല മോടിയിൽ വസ്ത്രംധരിച്ചു നടക്കുന്ന ഒരു ധനികനായിരുന്നു അയാളെങ്കിൽ എനിക്ക് അയാളെ ഭയംതോന്നുമായിരുന്നു. എന്നാൽ അയാരം വളരെ ദരിദ്രനായിരുന്നു. അയാളുടെ കുപ്പായം വളരെ പഴയതാണ്. കാൽസ്രായി അവിടവിടെ തുന്നിപ്പിടിപ്പിച്ചിരിക്കുന്നു. ചെരിപ്പുകരം പഴകി ഉപയോഗശൂന്യമായിക്കഴിഞ്ഞിരിക്കുന്നു. ദരിദ്രരെ കണ്ടാൽ ആക്കും പേടിയോ അപായശങ്കയോ തോന്നാറില്ല. അമ്മമ്മ അവരോടു വളരെ അനുകമ്പ പ്രദർശിപ്പിക്കാറുണ്ട്. അച്ഛാച്ഛൻ അവരോടു പുച്ഛരസത്തിൽ പെരുമാറും. അതുകൊണ്ടു അവർ ആപല്ക്കാരികളല്ലെന്നു ഞാൻ തീർച്ചയാക്കി.

വീട്ടിൽ ആരുംതന്നെ, "അതു നന്നായി"യെ ഇഷ്ടപ്പെട്ടില്ല. എല്ലാവരും അയാളെ പരിഹസിച്ചുകൊണ്ടിരിക്കും. പട്ടാളക്കാ

രൻെറ രസികത്തിയായ ഭാര്യ അയാളെ "ചോക്കമൂക്കൻ'' എന്നു വിളിച്ചു; പ്യോട്ടർ അമ്മാമൻ മന്ത്രവാദി എന്നു വിളിച്ചു, അച്ഛാച്ഛൻ മാരണക്കാരനായ മരുന്നുകാരൻ എന്നു വിളിച്ചു.

"അയാറം എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?" ഞാൻ അമ്മമ്മയോടു ചോദിച്ചു. അവർ ക്രോധത്തോടെ പറഞ്ഞു:

"അതു നിൻെറ കാര്യമല്ല. ഈമാതിരി കാര്യങ്ങളിൽ നീ ശ്രദ്ധിക്കേണ്ടതില്ലെന്നു നീ മനസ്സിലാക്കണം."

ഒരു ദിവസം ധൈര്യം അവലംബിച്ചുകൊണ്ടു ഞാൻ അയാളുടെ ജനലിന്നടുത്തുചെന്നു അയാളോടുതന്നെ ചോദിച്ചു:

"നിങ്ങറം എന്താണ് ചെയ്യുന്നത്?''

അയാറം ഞെട്ടിപ്പോയി. എന്നെ കണ്ണടയുടെ ഉള്ളിൽക്കൂടി തുറിച്ചുനോക്കിയുംകൊണ്ടു, പൊള്ളിയ കൈ പൊക്കിപ്പിടിച്ചുംകൊണ്ട് അയാറം എന്നെ വിളിച്ചു.

''നോക്കൂ, ഇങ്ങോട്ടു കയറിവരൂ."

ജനലിൽക്കൂടി അകത്തേക്കു കയറിച്ചെല്ലാൻ പറഞ്ഞതിൽ എനിക്കയാളോടു വലിയ ബഹുമാനം തോന്നി. അയാറം ഒരു പെട്ടിമേൽ ഇരുന്നു. എന്നെ പിടിച്ചു മുമ്പിൽനിൎത്തി അങ്ങോട്ടുമിങ്ങോട്ടും വട്ടംതിരിച്ചുകൊണ്ടു ചോദിച്ചു:

"നീ എവിടെയാണ്?"

ഇതൊരസാധാരണമായ ചോദ്യമായിരുന്നു. ഒരു ദിവസം നാലു പ്രാവശ്യം ഞാൻ അയാളോടൊപ്പം ഭക്ഷണം കഴിക്കുവാൻ മേശക്കരികെ ഇരിക്കാറുണ്ട്.

''ഞാൻ അച്ഛാച്ഛൻെറ മകളുടെ മകനാണ്." ഞാൻ മറുപടി പറഞ്ഞു.

''ആ, ശരി." അത്രമാത്രം പറഞ്ഞു വിരലുകളിൽ നോക്കി അയാറം കുറെനേരം മിണ്ടാതിരുന്നു.

കാര്യങ്ങഠം കൂടുതൽ വ്യക്തമാക്കേണ്ടതാവശ്യമാണെന്ന് എനിക്ക തോന്നി.

"എന്നാൽ ഞാനൊരു 'കാഷ്ഠിറിൻ' അല്ല, ഞാനൊരു 'പെഷ്ലോവ്' ആണ്."

"പെഷ്ലോവ്" അയാഠംക്ക ആ വാക്ക ശരിക്ക പറയാൻ കഴിഞ്ഞില്ല. "അതു നന്നായി.'' അയാഠം തുടൎന്നു.

എന്നെ ഒരു വശത്തേക്ക തള്ളിനീക്കി എഴുന്നേററ അയാഠം മേശക്കരികെ ചെന്നുനിന്നു.

"ശരി. ഇരിക്കു, ഒന്നും മിണ്ടരുത്.''

അയാഠം ഒരു ചെമ്പുകഷണം ഒരു കൊടിലിൽ ഇറുക്കിപ്പിടിച്ചു രാകുന്നതും നോക്കി ഞാൻ വളരെ നേരം ഇരുന്നു. വേണ്ടത്ര പൊടി രാകിഎടുത്തശേഷം സ്വൎണ്ണനിറത്തിലുള്ള ആ ചൂൎണ്ണം ശേഖരിച്ചു അയാഠം ഒരു പാട്ടയിൽ ഇട്ടു. പിന്നെ മറെറാരു പാട്ടയിൽ നിന്നു ഉപ്പുപോലെ വെളുത്ത വേറൊരു പൊടി നുള്ളിയെടുത്തു അതും ആദ്യത്തെ പാട്ടയിൽ ഇട്ടു ഒരു കറുത്ത ദ്രാവകം അതിൽ ഒഴിച്ചു. പാട്ടയിൽ എല്ലാംകൂടി പതച്ചുപൊങ്ങി ഒരു വല്ലാത്ത മണം പുറപ്പെട്ടു ഞാൻ ചുമക്കുവാൻ തുടങ്ങി.

"മോശമാണോ ആ മണം." ഈ ജാലവിദ്യക്കാരൻ വളരെ അഭിമാനത്തോടെ ചോദിച്ചു.

"അതെ.''

''ആഹാ! അതു നന്നായി, സഹോദരാ, അതു വളരെ നന്നായി."

അയാഠംക്ക ഊററംകൊള്ളത്തക്കതായി എന്താണുണ്ടായതെന്നു എനിക്ക മനസ്സിലായില്ല.

''അതു മോശമാണ്; അതു നന്നാകാൻ കാരണമില്ല." ഞാൻ വെറുത്തു പറഞ്ഞു.

"അങ്ങിനെ പറയരുത്'' അയാൾ എൻെറ മുഖത്തുനോക്കി കണ്ണുചിമ്മി.

"ശരി—അതു എല്ലാപ്പോഴും സത്യമായിരിക്കേണമെന്നില്ല, സഹോദരാ!''

"നീ എന്തെങ്കിലും കളിയിൽ ഏൎപ്പെട്ടുവാൻ ഇഷ്ടപ്പെട്ടുന്നുണ്ടോ?"

"ഉവ്വ്."

"ശരി, അതു നന്നായി. നിനക്കു ഞാൻ എന്തെങ്കിലും ഒരു കളിക്കോപ്പുണ്ടാക്കിത്തരികയാണെങ്കിലോ?"

"ഞാൻ വളരെ സന്തോഷിക്കും.''

''എന്നാൽ ഞാൻ നിനക്കു എന്തെങ്കിലും ഉണ്ടാക്കിത്തരാം."

വീണ്ടും അയാൾ ആ പുകനിറമുള്ള പാട്ട പൊക്കിപ്പിടിച്ചുംകൊണ്ടു എൻെറ അരികിലേക്കു വന്നു.

"ഞാൻ വല്ലതും ഉണ്ടാക്കിത്തരാം. നീ വീണ്ടും ഇവിടെ വരികയില്ലെന്നു എന്നോടു വാഗ്ദത്തം ചെയ്യു!"

കൺകോണുകൊണ്ടു എന്നെ വീക്ഷിച്ചുംകൊണ്ടു അയാൾ പറഞ്ഞു. ഇതു എന്നെ വല്ലാതെ വ്യാകുലപ്പെടുത്തി.

"എന്നാൽ ഞാൻ ഒരിക്കലും ഇവിടെ വരുന്നില്ല" ഞാൻ കയൎത്തുപറഞ്ഞുംകൊണ്ടു തോട്ടത്തിലേക്കോടി.

അപ്പാപ്പൻ തോട്ടത്തിലുള്ള ആപ്പിൾമരങ്ങൾക്കു വളമിടുകയാണ്. ശരൽക്കാലം; ഇലകൾ കൊഴിഞ്ഞുവീഴാൻ തുടങ്ങിയിരിക്കുന്നു.

''ഇതാ, ഈ ചെടികളുടെ കൊമ്പുകൾ മുറിച്ചു ശരിപ്പെടുത്തു;" കത്രിക എൻെറ കയ്യിൽ തന്നു, അപ്പാപ്പൻ പറഞ്ഞു.

''അതു നന്നായി'' എന്താണുണ്ടാക്കുന്നതു?" ഞാൻ ചോദിച്ചു.

"എന്താ നൂലാമാലാ." ക്രോധത്തോടെ അദ്ദേഹം മറുപടി പറഞ്ഞു. മുറി വൃത്തികേടാക്കുക! അയാൾ അകം മുഴുവൻ കരിച്ചു കളഞ്ഞു. ചുമരു വൃത്തികേടാക്കി. അയാളെ നോട്ടീസ്സുകൊടുത്തു പറഞ്ഞയയ്ക്കണം.

"അതു ശരിയാണ്;" കൊമ്പുകൾ മുറിച്ചുകൊണ്ടിരിക്കെ ഞാൻ ശരിവെച്ചു.

മഴയുള്ള ദിവസങ്ങളിൽ വൈകുന്നേരം അച്ഛാച്ഛൻ പുറമെ പോകയാണെങ്കിൽ, വീട്ടിൽ താമസിക്കുന്ന എല്ലാവരെയും അമ്മമ്മ ചായക്കു ക്ഷണിക്കും. വണ്ടിക്കാരെയും പട്ടാളക്കാരനെയും എല്ലാവരെയും ഈ ചായസല്ക്കാരത്തിൽ പങ്കുകൊള്ളിക്കും. വീട്ടിൽ ഒരു യുവതിയും താമസിക്കുന്നുണ്ടായിരുന്നു. ആ സ്ത്രീയും ക്ഷണിക്കപ്പെടുന്നവരിൽ ഉൾപ്പെടും. രസികത്തിയായ പെട്രോവ്നയും അങ്ങിനെയുള്ള സന്ദർഭങ്ങൾ പാഴാക്കുകയില്ല. "അതു നന്നായി" അടുപ്പിന്നരികെ ഒരു മൂലക്കാണിരിക്കുക. അയാൾ അനങ്ങാതെ മിണ്ടാതെ ചടഞ്ഞുകൂടും. സ്റ്റയോപ്പാ താത്തരിക്കാരനായ വലേയിയോടൊപ്പം ഇരുന്നു ശീട്ടുകളിക്കും. വലേയി മററെയാളെ മൂക്കിന്നു നുള്ളിയും കൊണ്ടു തമാശയാക്കും.

"ചെകുത്താനെ!"

പ്യോട്ടർ അമ്മാമൻ വെളുത്ത ഒരു വലിയ അപ്പവും ഒരു വലിയ ഭരണിനിറയെ പഴക്കട്ടിയും കൊണ്ടുവരും. അയാൾ അപ്പം ഒരേവലിപ്പമുള്ള കുറെ കഷണങ്ങളാക്കി പഴക്കട്ടി പുരട്ടി ഓരോ അതിഥിക്കും എടുത്തുകൊടുക്കും.

"ദയചെയ്തു ഇതു സ്വീകരിക്കു" അയാൾ താണുവണങ്ങി ഓരോ ആളോടും അപേക്ഷിക്കും. ഒരാൾ ഒരു കഷണം എടുത്തു കഴിഞ്ഞാൽ അയാൾ ഉള്ളംകൈ സൂക്ഷിച്ചു പരിശോധിച്ചു അവിടെ പററിനില്ക്കുന്ന പഴക്കട്ടി നക്കിയെടുക്കും.

പെഡോവിനെ കുറെ വീഞ്ഞുകൊണ്ടുവരും-മററെയുവതി അങ്ങി പ്പുരിപ്പും കൽക്കണ്ടിയും സംഭാവന ചെയ്യും. അങ്ങിനെ എല്ലാവരും ഒത്തുചേൎന്നു ഒരു നല്ല സദ്യയുടെ വട്ടംക്കൂട്ടും. മററുള്ളവരെ സല്ക്കരി ക്കുന്നതു് അമ്മമ്മക്കു പ്രിയതരമായ ഒരു വിനോദമാണ്.

ഒരുദിവസം ഇത്തരത്തിലുള്ള ഒരു ചായസല്ക്കാരം നടക്കുക യായിരുന്നു. ശരൽക്കാലത്തുണ്ടാകാറുള്ള ഒരു ചെറിയ മഴച്ചാറലു ണ്ടായിരുന്നു അന്നു. കാററിൽ മരക്കൊമ്പുകൾ ഒച്ചപ്പെട്ടുത്തിയും കൊണ്ടു വീട്ടിൻെറ ചുമരിന്മേൽ ഉരസിയാടിക്കൊണ്ടിരിക്കുന്നു. അടുക്കളയിൽ നല്ല ചൂടും സുഖവുമുണ്ടു്. ആളുകൾ അന്യോന്യം ചേൎന്നിരുന്നു വളരെ സൌഹാൎദ്ദത്തോടുകൂടിയ ഒരന്തരീക്ഷം സൃഷ്ടിച്ചു. അമ്മമ്മ വളരെ ഉത്സാഹത്തോടെ കഥ പറയുവാൻ തയ്യാറായി.

അടുപ്പിൻതട്ടിന്മേലാണ് അവർ ഇരുന്നതു്. അടുത്തു കത്തുന്ന വിളക്കിൻെറ വെളിച്ചത്തിൽ അമ്മമ്മയുടെ മുഖത്തിന്നും പ്രകാശമു ള്ളതായിത്തോന്നി. സന്തോഷമുള്ളപ്പോഴെല്ലാം അവർ അടുപ്പിൻ തട്ടിന്മേൽ ഇരിക്കാനാണിഷ്ടപ്പെടുക.

“ഉയരത്തിൽ ഇരുന്നു സംസാരിക്കുന്നതാണ് എനിക്കിഷ്ടം. താഴോട്ടു നോക്കി സംസാരിക്കുന്നതു വലിയ ഒരു സൌകര്യമാണ്.” അവർ അങ്ങിനെ തൻെറ ഈ ശീലത്തെ ന്യായീകരിച്ചു.

ഞാൻ അമ്മമ്മയുടെ കാൽക്കൽ അടുപ്പിൻതട്ടിൻെറ ചവിട്ടു പടിയിന്മേൽ ഇരുന്നു. എൻെറ നേരെ താഴെ “അതു നന്നായി”യും വന്നിരുന്നു. പോരാളിയായ ഐറനെയും മഹർഷിയായ മിറോ നെയും കുറിച്ചുള്ള ഒരു രസകരമായ കഥയാണ് അവർ പറഞ്ഞതു. കഥ പറയാൻ തുടങ്ങിയപ്പോൾതന്നെ “അതു നന്നായി” എന്തോ വല്ലാത്ത ഒരു പരിഭ്രമം പ്രദൎശിപ്പിച്ചിരുന്നു. അയാൾ തൻെറ കൈകൾ അനാവശ്യമായിളക്കിക്കൊണ്ടിരുന്നു; കണ്ണട എടുക്കു കയും വെക്കുകയും ചെയ്തുകൊണ്ടിരുന്നു. അമ്മമ്മ വളരെ രാഗത്തി

ലാണ് കഥ തുടന്നതു. ആ രാഗത്തിന്നൊത്ത ഒരു താളത്തിൽ അയാറം തലയാട്ടിക്കൊണ്ടിരുന്നു. അയാളുടെ നെററിയിലും കവിളത്തും വിയപ്പു പൊടിഞ്ഞു. ആരെങ്കിലും ചുമക്കുകയോ, കാൽ നിലത്തുരസുകയോ ചെയ്താൽ അയാറം ഉടനെ അതിൽ പ്രതിഷേധിക്കും.

"ശ്!"

അമ്മമ്മ കഥ പറഞ്ഞവസാനിപ്പിച്ചപ്പോറം, കൈവീശിയുംകൊണ്ട് അയാറം ചാടിയെഴുന്നേററു മുറിയിൽ ചുററിനടന്നുംകൊണ്ടു പിറുപിറുത്തു.

"ഇതൊരാശ്ചര്യകരമായ കഥയാണ്. ഇതു എഴുതിവെക്കേണ്ടതാണ്. ഏതു നിലക്കും ഈ കഥ അത്രക്കും പരമാത്ഥമായിരിക്കുന്നു."

അയാറം കരയുകയായിരുന്നു എന്നു ഞാൻ മനസ്സിലാക്കി. അയാളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു കവിളുകളിൽക്കൂടി താഴോട്ടൊഴുകി. ഇതസാധാരണമായി, വളരെ ദയനീയമായെനിക്കു തോന്നി. അയാറം അടുക്കളയിൽക്കൂടി തുള്ളിത്തുള്ളി നടന്നു; കണ്ണട മൂക്കിന്മേൽ ഉറപ്പിച്ചുനിത്തുവാൻ ശ്രമിച്ചു. പക്ഷെ സാധിച്ചില്ല. പ്യോട്ടർ അമ്മാമൻ പൊട്ടിച്ചിരിച്ചു. മററാരും ഒന്നും അനങ്ങിയില്ല.

"ശരി, നിങ്ങറം അതു എഴുതിവെക്കു," അമ്മമ്മ ബദ്ധപ്പെട്ടു പറഞ്ഞു. "അതിൽ പാപമില്ല ഈ കഥ അധികം ആളുകറംക്കും ഇഷ്ടമാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു."

"അല്ലല്ല! ഈ കഥമാത്രം. ഇതത്രക്കും റഷ്യൻമട്ടിലുള്ളതായതുകൊണ്ടാണ്!" അയാറം വളരെ ആവേശത്തോടെ പറഞ്ഞു. പെട്ടന്നയാറം അടുക്കളയുടെ മദ്ധ്യത്തിൽ ചെന്നുനിന്നു ഒച്ചയെടുത്തു സംസാരിക്കാൻ തുടങ്ങി. വലത്തെകൈ വീശിക്കൊണ്ടു, വിറക്കുന്ന

ഇടത്തേകയ്യിൽ കണ്ണട പിടിച്ചുംകൊണ്ടു, അയാരം ദീഘനേരം പ്രസംഗിച്ചു. കാൽ നിലത്തു ചവിട്ടിയും ശബ്ദം ഉയർത്തിയും അയാരം ഓരോ വാക്കും ഊന്നിയൂന്നിപ്പറഞ്ഞു.

"നിങ്ങളുടെ മനസ്സാക്ഷിസൂക്ഷിപ്പുകാരനായി മററൊരാളെ കണക്കാക്കുന്നതു വളരെ തെററാണ്;" അയാരം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു.

പെട്ടെന്നു അയാരംക്ക് ഒച്ചയടച്ചുപോയി. അവിടെക്കൂടിയിരുന്ന ആളുകളെ മാറിമാറി നോക്കിയുംകൊണ്ടു കുറെനേരം നിന്ന ശേഷം, ഒരു കുററക്കാരനെപ്പോലെ അയാരം പുറത്തേക്കിറങ്ങിപ്പോയി. എല്ലാവരും വായപൊത്തിച്ചിരിച്ചു. അത്ഥഗർഭമായന്യോന്യം നോക്കുകയും ചെയ്തു. അമ്മമ്മ ദീഘമായൊന്നു നെടുവീപ്പിട്ടു.

"അയാരംക്കു എന്തുപററി? എന്തോ നിരാശയിൽ പെട്ടിട്ടുണ്ടായിരിക്കണം." ചുവന്നു തടിച്ച ചുണ്ടുകളിൽ വിരലുകരം അമത്തിവെച്ചുംകൊണ്ടു പെടോവിനാ ചോദിച്ചു.

"ഒന്നുമല്ല." പ്യോട്ടർഅമ്മാമൻ മറുപടി പറഞ്ഞു. "അതയാളുടെ സമ്പ്രദായംമാത്രമാണ്."

അമ്മമ്മ അടുപ്പിൻതട്ടിൽനിന്നിറങ്ങിവന്നു, സമാവറിൽ വെള്ളം ചൂടാക്കാൻ തുടങ്ങി.

"വലിയകൂട്ടർ എപ്പോഴും അങ്ങിനെയാണ്–അഹംഭാവികരം." വലേയി ഇടക്കു കടന്നുപറഞ്ഞു.

എല്ലാവരും ചിരിച്ചു. പ്യോട്ടർ അമ്മാമൻ അഭിപ്രായപ്പെട്ടു:

"അയാരം കരയുകയായിരുന്നു. കടൽക്കുരി തിന്നുശീലിച്ച ആരം ചാളമത്തി തിന്നേണ്ടിവന്നാൽ അങ്ങിനെയിരിക്കും."

പിന്നെ അവിടെ നടന്ന സംഗതികളിലൊന്നും എനിക്കു രസംതോന്നിയില്ല. എന്റെ ഹൃദയത്തിൽ എന്തോ ഒരു ദുഃഖം

വ്യാപിക്കുന്നതായിത്തോന്നി. ''അതു നന്നായി''യുടെ പെരുമാററം എന്നെ ആശ്ചര്യപ്പെടുത്തി. എനിക്കയാളോടനുകമ്പതോന്നി. വെള്ളം നിറഞ്ഞുനില്ക്കുന്ന അയാളുടെ കണ്ണുകഠം എനിക്കു മറക്കുവാൻ കഴിഞ്ഞില്ല.

അന്നു രാത്രി അയാഠം വീട്ടിൽ വന്നില്ല. പിറേറദിവസം മുത്താഴത്തിൻെറ സമയത്തു മാത്രമെ അയാഠം എത്തിയുള്ളു. അയാഠം വളരെ പരവശനായി കാണപ്പെട്ടു.

"ഞാൻ ഇന്നലെ എന്തെല്ലാമോ ഗോഷ്ടികഠം കാണിച്ചു" കുററക്കാരനായ ഒരു കുട്ടിയെപ്പോലെ അയാഠം അമ്മമ്മയോടു പറഞ്ഞു. "നിങ്ങഠംക്കു എന്നോടു കോപംതോന്നിയോ?"

"ഞാൻ എന്തിന്നു നിങ്ങളോടു കോപിക്കണം?"

''ഞാൻ അങ്ങിനെ പറഞ്ഞതുകൊണ്ടു."

''നിങ്ങഠം അതുകൊണ്ടാരെയും ദ്രോഹിച്ചിട്ടില്ലല്ലൊ."

അമ്മമ്മക്കു അയാളെ ഭയമാണെന്നു ഞാൻ മനസ്സിലാക്കി. അവർ അയാളുടെ മുഖത്തു നോക്കിയില്ല. വളരെ പതിഞ്ഞ സ്വരത്തിൽ മാത്രമെ അവർ അയാളോടു സംസാരിച്ചുള്ളു.

അയാഠം അമ്മമ്മയുടെ അടുത്തുചെന്നുനിന്നു വളരെ നിഷ്കളങ്കഭാവത്തിൽ പറഞ്ഞു:

"ഞാൻ ഏകാകിയാണ്. ഈ ലോകത്തിൽ എനിക്കാരുമില്ല. എപ്പോഴും മിണ്ടാതിരിക്കുന്ന ഒരാളുടെ ഉള്ളിൽ, ചില നിമിഷങ്ങളിൽ, വികാരങ്ങഠം വല്ലരെ ശക്തിയോടെ ഇളകിമറിയും—അങ്ങിനെയുള്ള സന്ദർഭങ്ങളിൽ പാറകളോടും മരങ്ങളോടും അയാഠം സംസാരിക്കാൻ തുടങ്ങും....... "

''നിങ്ങഠം എന്തുകൊണ്ടു വിവാഹംചെയ്യുന്നില്ല?" അല്പം മാറിനിന്നുകൊണ്ടു അമ്മമ്മ ചോദിച്ചു.

"ആ!'' കൈ വീശിയുംകൊണ്ടയാരം വിലപിച്ചു. അയാളുടെ മുഖം ദുഃഖംകൊണ്ടിരുണ്ടുപോയി.

അമ്മമ്മ അയാരം പോകുന്നതും നോക്കിനിന്നു. പിന്നെ ഒരു നുള്ളുപൊടിയെടുത്തു മൂക്കിൽ കയററിയുംകൊണ്ടു എന്നെ താക്കീതു ചെയ്തു.

''അയാളുടെ അടുത്തു പോകരുത്. അയാരം എന്തുമാതിരിക്കാരനാണെന്നു തീരുമാനിക്കാൻ സാദ്ധ്യമല്ല.

എന്നാൽ ഞാൻ അയാളോടു കൂടുതൽ അടുക്കുകയാണ് ചെയ്തത്.

"ഞാൻ ഏകാകിയാണ്" എന്നു പറഞ്ഞപ്പോരം അയാളുടെ മുഖത്തിനുണ്ടായ മാററം ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എൻെറ ഹൃദയത്തെ സ്പർശിച്ച എന്തോ ഒന്നു ആ വാക്കുകളിൽ ഉരംക്കൊണ്ടിരുന്നു. അതുകൊണ്ടാണ് ഞാൻ അയാളെ കാണാൻ തീച്ച്പ്പെടുത്തിയത്.

ഞാൻ അയാളുടെ മുറിയുടെ അടുത്തുചെന്നു ജനലിൽക്കൂടി അകത്തേക്കു നോക്കി. അയാരം അവിടെ ഉണ്ടായിരുന്നില്ല. ഉപയോഗശൂന്യമായ സാധനങ്ങരം മുറിയിൽ അവിടവിടെ ചിതറിക്കിടക്കുന്നു. ആകപ്പാടെ ആ മുറിയുടെ ഉടമയെപ്പോലെതന്നെ മുറിയും ഉപയോഗശൂന്യമായി, അസാധാരണമായ ഒരവസ്ഥയെ പ്രാപിച്ചിരുന്നു. ഞാൻ തോട്ടത്തിൽ ചെന്നുനോക്കി. മുൻപറഞ്ഞ ആ കുഴിയിൽ, അയാരം ഒരു മരക്കഷ്ണത്തിന്മേൽ ഇരിക്കുകയാണ്. കൈകരം പിന്നിൽ പിണച്ചുവെച്ചു അയാരം കുഴിയുടെ വക്കിൽ ചാഞ്ഞിരിക്കുകയാണ്. മരക്കഷ്ണം വൃത്തികെട്ട വള്ളികളുടെ ഇടയിൽ ചിതൽതിന്നു കിടക്കുന്നു. അയാളെ ഈ ദയനീയാവസ്ഥയിൽ കണ്ടപ്പോരം എനിക്കയാളോടു വലിയ അടുപ്പംതോന്നി.

ദൃഷ്ടികഠം ശൂന്യതയിൽ ഉറപ്പിച്ച നിൎത്തിയിരുന്നതുകൊണ്ടു അയാഠം എന്നെ കാണാൻ ഇടയായില്ല. കുറച്ചു കഴിഞ്ഞപ്പോഠം കോപം വന്നതുപോലെ അയാഠം എന്നോടു ചോദിച്ചു.

"എന്നെ കാണാൻ വന്നതാണോ?"

"അല്ല"

"പിന്നെ?"

"വിശേഷിച്ചൊന്നുമില്ല."

അയാഠം കണ്ണടയെടുത്തു ഉറമാൽകൊണ്ടു ചില്ലുകഠം തുടച്ചു.

"ശരി, ഇങ്ങോട്ടിറങ്ങിവരൂ!"

ഞാൻ അയാളുടെ അടുത്തു ചെന്നിരുന്നപ്പോഠം അയാഠം എന്നെ കെട്ടിപ്പിടിച്ചു.

"ഇവിടെ ഇരിക്കൂ, വെറുതെ മിണ്ടാതെ—ഇങ്ങിനെ—അനുസരണമില്ലാത്ത കുട്ടി!"

"ശരി."

"അതു നന്നായി."

ഒന്നും മിണ്ടാതെ ഞങ്ങഠം വളരെനേരം ഇരുന്നു

അതു വൈകുന്നേരമായിരുന്നു; നോക്കിക്കൊണ്ടിരിക്കെതന്നെ പുഷ്പങ്ങളുടെ ദളങ്ങഠം തനിയെ കൊഴിഞ്ഞുവീഴുന്ന ഉഷ്ണകാലത്തെ നിശ്ശബ്ദമായ ഒരു സായാഹ്നം. മണ്ണ് വരഠംചയോടുകൂടിയ മണത്തിന്നു പകരം, നനവിൻെറ ചുവയാണ് വമിച്ചുകൊണ്ടിരുന്നത്. പരിശുദ്ധമായ വായുമണ്ഡലത്തിൽ കാക്കകഠം ഉയൎന്നു പറക്കുന്നു. എങ്ങുനോക്കിയാലും നിശ്ശബ്ദത. ഒരു ചെറുപക്ഷിയുടെ ചിറകടിപോലും, ഒരു ചെറിയ ഇലവീഴുന്ന ശബ്ദംപോലും വ്യക്തമായി

കേൾക്കാൻ സാധിക്കും ആ നിശ്ശബ്ദത ആരെയും അമ്പരപ്പിക്കും; എന്നാൽ തെല്ലിടകഴിഞ്ഞാൽ അമ്പരപ്പില്ലാതാകുകയും ചെയ്യും.

അങ്ങിനെയുള്ള സന്ദർഭങ്ങളിൽ വളരെ നല്ല ചിന്തകൾ മനസ്സിനെ ആഹ്ലാദംകൊള്ളിക്കും. അവ എങ്ങിനെയുള്ള ചിന്തകളാണെന്നു വാക്കുകളെക്കൊണ്ടു വിവരിക്കുവാൻ സാദ്ധ്യമല്ല. വികാരങ്ങൾ ഹൃദയത്തിൽക്കൂടി പാഞ്ഞുപോകും; നക്ഷത്രങ്ങൾ മുറിഞ്ഞു വീഴുംപോലെ; മനസ്സിനെ വല്ലാതെ വ്യാകുലപ്പെടുത്തുകയും ചെയ്യും. അങ്ങിനെയുള്ള സന്ദർഭങ്ങളാണ് നമ്മുടെ സ്വഭാവരൂപീകരണത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നത്.

എൻെറ ഈ ചങ്ങാതിയുടെ ദേഹത്തിൽ ചാരിയിരുന്നുംകൊണ്ടു ഞാൻ ആപ്പിൾവൃക്ഷങ്ങളുടെ കൊമ്പുകൾക്കിടയിൽക്കൂടി ദൃഷ്ടികൾ പായിച്ചു. ചെറുപക്ഷികൾ അങ്ങിങ്ങായി പറക്കുന്നതു ഞാൻ കണ്ടു; വയലിനുമീതെ, ആകാശത്തിൽ മേഘശകലങ്ങൾ സഞ്ചരിക്കുന്നതു ഞാൻ കണ്ടു; കാക്കകൾ പള്ളിയുടെ ഭാഗത്തുള്ള അവയുടെ കൂടുകളിലേക്കു പറന്നുപോകുന്നതു ഞാൻ കണ്ടു. ഇതെല്ലാം ആകർഷണീയമായ കാഴ്ചകളായിരുന്നു. മുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്തത്ര വ്യക്തതവുമായിരുന്നു.

ചിലപ്പോൾ എൻെറ ചങ്ങാതി ദീർഘനിശ്വാസം വിട്ടുംകൊണ്ടു പറയും.

"ഭേഷ്! ഇല്ലേ? സഹോദരാ! ഊം. എങ്കിലും വല്ലാത്ത തണുപ്പ്. നിനക്കു തണുപ്പ് തോന്നുന്നില്ലേ?"

സന്ധ്യയായി. ആകാശത്തിൽ ഇരുൾനിറഞ്ഞപ്പോൾ അയാൾ പറഞ്ഞു.

"ശരി. അത്രമതിയെന്നു വിചാരിക്കുക. വരൂ........"

തോട്ടത്തിൻെറ അററത്തെത്തിയപ്പോൾ കുറെനേരം അയാൾ നിശ്ശബ്ദത അവലംബിച്ചു.

"നിൻെറ അമ്മമ്മ വളരെ നല്ല ഒരു സ്ത്രീയാണ്" അയാഠം പറഞ്ഞു. "ആ.........എന്തൊരു ലോകം."

പിന്നെ അയാഠം കണ്ണടച്ചു പുഞ്ചിരിക്കൊണ്ടു്.

"നിനക്കെഴുത്തറിയാമോ?"

"ഇല്ല."

"പഠിക്കണം. പഠിച്ചുകഴിഞ്ഞാൽ അമ്മമ്മ പാടുന്ന പാട്ടുകഠം എഴുതിവെക്കണം. അതു വളരെ പ്രധാനമാണ്."

ഈ സംഭവത്തിന്നുശേഷം ഞങ്ങഠം വലിയ ചങ്ങാതികളായിത്തീൎന്നു. അന്നുമുതല്ക്കു തോന്നുമ്പോഴെല്ലാം ഞാൻ "അതു നന്നായി" യെച്ചെന്നു കാണും. തുണിക്കഷ്ണങ്ങഠം നിറച്ച ഒരു പെട്ടിമേൽ ഞാൻ ഇരിക്കും. അയാഠം ഈയ്യം ഉരുക്കുകയോ, ചെമ്പിൻകഷ്ണം ചൂടാക്കുകയോ ചെയ്യുമ്പോഠം ഞാൻ അയാളെത്തന്നെ നോക്കിക്കൊണ്ടിരിക്കും–അയാഠം ഈയ്യം ഉരുക്കി അടോലത്തിന്മേൽ ഒഴിച്ചു, എന്തെല്ലാമോ രൂപത്തിൽ ഭാഷപ്പെടുത്തുവാൻ നോക്കും–ഉരുക്കാനുള്ള സാധനങ്ങഠം അയാഠം ഒരു തുലാസ്സിൽ തൂക്കിയെടുക്കും. പലവിധ ദ്രാവകങ്ങഠം ഒന്നായി കൂട്ടിക്കലൎത്തും. അപ്പോഠം മുറിയിൽ ഒരുതരം വല്ലാത്ത ഒരു പുകവ്യാപിക്കും. അങ്ങിനെ കണ്ടാൽ ഒരു പുസ്തകത്തിൽ നോക്കി അയാഠം എന്തെല്ലാമോ പിറുപിറുക്കും.

"നിങ്ങളെന്താണുണ്ടാക്കുന്നതു?"

"ഒരു സാധനം."

"എന്തു സാധനം?"

"നിനക്കു മനസ്സിലാകുന്നവിധത്തിൽ അതു വിവരിക്കുവാൻ സാദ്ധ്യമല്ല."

"നിങ്ങഠം കള്ളനാണയങ്ങളുണ്ടാക്കുന്നതെന്നാണ് അച്ഛാച്ഛൻ വിചാരിക്കുന്നതു്.

"അപ്പാപ്പനോ? ഉം അതെല്ലാം വിസ്മൃതമാണ്. പണം അത്രകാര്യമായെടുക്കേണ്ട ഒരു വിഷയമല്ല; സഹോദരാ!"

"പണമില്ലാതെ റൊട്ടിവാങ്ങാൻ കഴിയുമോ."

"അതു ശരിയാണ്. പണമില്ലാതെ റൊട്ടിവാങ്ങാൻ കഴിക യില്ല."

"നോക്കൂ, ഇറച്ചിവാങ്ങാൻ കഴിയുമോ?"

"ഇറച്ചിയും വാങ്ങാൻ കഴിയുകയില്ല."

എന്നെ രസംപിടിപ്പിക്കുന്നവിധത്തിൽ അയാൾ ചിരിച്ചു. ഒരു പൂച്ചക്കുട്ടിയെയെന്നപോലെ അയാൾ എൻെറ ചെകിടത്തു തലോടി.

"നിന്നെ തോല്പിക്കാൻ കഴികയില്ല." അയാൾ പറഞ്ഞു— ഓരോ സംഗതിയിലും നീ എന്നെ പരാജയപ്പെടുത്തുന്നു. അതു കൊണ്ടു ഇനി നമ്മൾ തക്കിക്കേണ്ടതില്ല."

ചിലപ്പോൾ അയാൾ സകലപ്രവൃത്തികളും വേണ്ടെന്നുവെച്ചു ജനലിന്നടുത്തു എൻെറ അരികത്തുവന്നിരിക്കും. അങ്ങിനെ ഇരുന്നു കൊണ്ടു ആപ്പിൾമരങ്ങളുടെ ഇലകൾ വീഴുന്നതുനോക്കി രസിക്കും. അല്ലെങ്കിൽ മുററത്തു മഴത്തുള്ളികൾ വീഴുന്നതുനോക്കി നേരംകളയും "അതു നന്നായി" അധികം സംസാരിക്കുകയില്ല. എന്നാൽ പറ യുന്ന വാക്കുകൾ വളരെ അത്ഥവത്തായിരിക്കും. കൈകൊണ്ടു ദേഹം സ്പശിച്ചും, കണ്ണുകൊണ്ടാംഗ്യംകാണിച്ചും, ഞാൻ കാണേ ണമെന്നു അയാൾ ഉദ്ദേശിക്കുന്ന എല്ലാ വസ്തുക്കളും അയാൾ എനിക്കു കാണിച്ചുതരും.

ഞങ്ങളുടെ വീട്ടിൻെറ പരിസരങ്ങൾക്കു അത്രയൊന്നും ആക ഷകത്വമുള്ളതായി എനിക്കു തോന്നിയില്ല. എന്നാൽ അയാൾ പറയുന്നതു കേട്ടാൽ ഏതു വസ്തുവും വളരെ പ്രാധാന്യമുള്ളതാണെ

ന്നാരും വിചാരിക്കും. അയാഠം പറയുന്ന കാര്യങ്ങഠം എൻെറ മന സ്സിൽ നല്ലപോലെ പതിഞ്ഞു.

ഒരുദിവസം ഒരു പൂച്ച മുററത്തുക്കൂടെ വിലങ്ങനെ ഓടി. ഒരു ചെറിയ കുഴിയിൽ കെട്ടിനില്ക്കുന്ന വെള്ളത്തിൽ അതിൻെറ രൂപം നോക്കിക്കൊണ്ടുനിന്നു. വെള്ളത്തിൽ കാണുന്ന പൂച്ചയെ അടിക്കാ നെന്നപോലെ അതു കൈപൊക്കി.

"പൂച്ചകഠം അഹംഭാവികളും സംശയാലുക്കളുമാണ്." ഇതു കണ്ടപ്പോഠം "അതു നന്നായി" വളരെ ശാന്തസ്വരത്തിൽ പറഞ്ഞു.

മറെറാരിക്കൽ ഞങ്ങളുടെ പൂവൻകോഴി വേലിമേൽ പറന്നു കയറി ചിറകടിച്ചുകൊണ്ടു വീഴാൻ ഭാവിച്ചു. ഉടനെ കോപം വന്നപോലെ കഴുത്തുനീട്ടി കൊക്കുവാൻ തുടങ്ങി.

"അവൻ വളരെ കേമനാണ്. പക്ഷെ ബുദ്ധി നന്നെ കുറ വാണ്."

കുറച്ചു കഴിഞ്ഞപ്പോഠം വലേയി, ചളിയിൽക്കൂടി ഒരു കുതിര യെപ്പോലെ, ആകാശത്തിലേക്കു കോങ്കണ്ണിട്ടു നോക്കിയുംകൊണ്ടു കടന്നുപോയി. സൂര്യൻെറ രശ്മി അയാളുടെ മാറിൽ പതിച്ചു. അയാ ളുടെ പിച്ചളക്കുടുക്കുകഠം മിന്നിക്കളിച്ചു. ആ താത്തരിപ്പട്ടാളക്കാരൻ വളഞ്ഞ വിരലുകഠംകൊണ്ടു് തൻെറ കുടുക്കുകഠം തൊട്ടുനോക്കി.

"ഇപ്പോഠം അയാഠംക്കു സമ്മാനമായി ഒരു മെഡൽ കുത്തി ക്കൊടുത്തതാണെന്നു തോന്നും."

"അതു നന്നായി"യോടു എനിക്കു ആത്മാർത്ഥമായ സ്നേഹം തോന്നി. എൻെറ സുഖത്തിലും ദുഃഖത്തിലും അയാളും പങ്കുകൊ ള്ളേണമെന്നു എനിക്കു നിർബ്ബന്ധമായിത്തീർന്നു. അയാഠം എന്നോടു അധികമായി സംസാരിക്കാറില്ലെങ്കിലും, ഞാൻ എൻെറ മനസ്സി ലുള്ളതെല്ലാം അയാളോടു പറയാൻ തുടങ്ങിയാൽ അയാഠം എന്നെ

തടസ്ഥപ്പെടുത്തുകയില്ല. നേരെമറിച്ച അച്ഛാച്ഛനാണെങ്കിൽ, ഞാൻ വല്ലതും പറയാൻ തുടങ്ങുമ്പോഠം ഇടയിൽ കടന്നുപറയും.

''നിൻെറ ചിലക്കൽ മതിയാക്കു, സൊള്ളൻ ചെറുക്കാ!''

അമ്മമ്മയുടെ മനസ്സിൽ പലവിധം ചിന്തകഠം തിങ്ങിനിന്നിരുന്നതുകൊണ്ടു, മററുള്ളവരുടെ ചിന്തകളെന്തെന്നറിയുവാൻ അവക്ക സമയം കിട്ടിയില്ല.

''അതു നന്നായി'' ഞാൻ പറയുന്നതെല്ലാം ശ്രദ്ധയോടെ ചെവിക്കൊണ്ടു. പലപ്പോഴും അയാഠം ചിരിച്ചുകൊണ്ടു പറയും

''എന്നാൽ അതു സത്യമല്ല, സഹോദരാ! നീ അതു വെറുതെ കെട്ടിച്ചമച്ചുണ്ടാക്കുകയാണ്.''

അയാളുടെ വാചകങ്ങഠം എപ്പോഴും കുറിക്കുകൊള്ളും. എൻെറ മനസ്സിലുള്ള വിചാരങ്ങഠം അയാഠംക്ക വ്യക്തമായറിയുന്നതുപോലെ തോന്നും. വാക്കുകഠം എൻെറ വായിൽനിന്നു വീഴുന്നതിന്നുമുമ്പ് ശരിയല്ലാത്തതെല്ലാം തന്നെ അയാഠം കണ്ടുപിടിച്ചു കഴിയും, ഉടനെ വെറും രണ്ടുമൂന്നു വാക്കുകളെക്കൊണ്ടു അയാഠം എന്നെ ഉത്തരം മുട്ടിച്ചുകളയും.

''നീ കള്ളവുപറയുകയാണ്, സഹോദരാ.''

ഞാൻ ചിലപ്പോഠം, കെട്ടുകഥകഠം സൃഷ്ടിച്ചുപറഞ്ഞു അയാളുടെ കഴിവുകളെ പരിശോധിക്കുവാൻ ശ്രമിക്കും. ഒരു മിനുട്ടുനേരം ശ്രദ്ധിച്ചുകേട്ടശേഷം അയാഠം തലയാട്ടിയുംകൊണ്ടു പറയും.

''നീ കള്ളവുപറയുകയാണ്, സഹോദരാ!''

''നിങ്ങഠംക്കതെങ്ങിനെ അറിയാം.''

''അതു എനിക്കു വെടിപ്പായറിയാം.''

കുഴലിൽനിന്നു വെള്ളമെടുക്കാൻ പോകുമ്പോൾ അമ്മമ്മ എന്നെയും കൂടെകൊണ്ടുപോകാറുണ്ടായിരുന്നു. ഒരുദിവസം നാലഞ്ചാളുകൾ ചേൎന്നു ഒരു "മുഴിക്കി"നെ അടിക്കുന്നതു ഞാൻ കണ്ടു്. അവർ അയാളെ താഴെ തള്ളിവീഴ്ത്തി ഒരുകൂട്ടം കടിയുള്ള നായ്ക്കളെപ്പോലെ, നിൎദ്ദയം ദ്രോഹിക്കുകയായിരുന്നു. അമ്മമ്മ പാത്രങ്ങൾ താഴെ ഇറക്കിവെച്ചു പാത്രങ്ങൾ വഹിച്ചുകൊണ്ടുപോകാൻ ഉപയോഗിക്കുന്ന വലിയ തണ്ടുമായി, ആ അക്രമികളുടെ നേരെ ഓടി. അമ്മമ്മ എന്നോട് വിളിച്ചുപറഞ്ഞു.

"ഫോ, ദൂരെ."

എനിക്കു വല്ലാത്ത ഭയംതോന്നി. ഞാൻ അമ്മമ്മയുടെ പിന്നാലെതന്നെ ഓടി. ഞാൻ ആ നിഷ്ഠുരന്മാരെ കല്ലെറിയുവാൻ തുടങ്ങി. അമ്മമ്മ അവരെ ചുമലിന്നും, തലക്കും വടികൊണ്ടടിക്കുകയും കുത്തുകയും ചെയ്തു. ഈ അടികലശലിൽ മററുള്ളവരും വന്നുകൂടി; അക്രമികളെ അടിച്ചോടിച്ചു. അമ്മമ്മ ആ "മുഴിക്കിന്റെ" മുഖത്തുനിന്നും രക്തം കഴുകിക്കളഞ്ഞു. അയാളുടെ മുഖത്തു സാരമായ പരുക്കുകൾ ഉണ്ടായിരുന്നു. അയാൾ തന്റെ കീറി മുറിഞ്ഞ മൂക്കിൽ വിരൽ അമൎത്തിവെച്ചതും, അയാളുടെ വിരലുകൾക്കിടയിൽകൂടി, അമ്മമ്മയുടെ മുഖത്തും മാറത്തും രക്തം വീണുകൊണ്ടിരിക്കുന്നതും ആയ ആ കാഴ്ച, ഇപ്പോഴും എന്നിൽ അറപ്പുളവാക്കുന്നുണ്ടു. അമ്മമ്മ കേശാദിപാദം വിറച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു.

ഞാൻ വീട്ടിൽ തിരിച്ചുചെന്നപ്പോൾ ഈ സംഗതിയെക്കുറിച്ചു "അതു നന്നായി"യോട് വിസ്തരിച്ചു പറഞ്ഞു. അയാൾ പ്രവൃത്തിനിൎത്തി, ഒരരം, വാളെന്നപോലെ പൊക്കിപ്പിടിച്ചുംകൊണ്ടു് എന്റെ മുമ്പിൽ നിവൎന്നുനിന്നു. അയാൾ കണ്ണടച്ചില്ലുകൾക്കിടയിൽകൂടി എന്നെ മിഴിച്ചുനോക്കി. പിന്നീടു ശക്തിയായ ഭാഷയിൽ എന്നെ നോക്കിപ്പറഞ്ഞു.

"ഭേഷ്! അതങ്ങിനെതന്നെയായിരുന്നു വേണ്ടതു. വളരെ നല്ലതു."

ഞാൻ കണ്ട ആ കാഴ്ച എന്റെ മനസ്സിൽ നല്ലപോലെ പതിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു അയാറം പറയുന്നതെന്താണെന്നു ഗൌനിക്കാതെ, ഞാൻ എന്റെ വിവരണം തുടന്നു. അയാറം എന്റെ കഴുത്തിൽ കൈചുററിയുംകൊണ്ടു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി.

"അതു മതി, അതു മതി.'' അയാറം ശാസിച്ചു. "നിനക്കു പറയാനുള്ളതെല്ലാം നീ പറഞ്ഞുകഴിഞ്ഞു, മനസ്സിലായോ? ഇനി മതിയാക്കണം."

ഞാൻ സംസാരം നിത്തി. ആദ്യം എനിക്കയാളോടല്പം ക്രോധം തോന്നി. പക്ഷെ കുറഞ്ഞൊന്നാലോചിച്ചപ്പോറം അയാറം എന്നെ തടഞ്ഞതു തക്ക സമയത്താണെന്നു എനിക്കു ബോദ്ധ്യമായി. കാരണം ഞാൻ എന്റെ വിവരണം മുഴുമിച്ചുകഴിഞ്ഞിരുന്നു.

"ഇങ്ങിനെയുള്ള കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചു നീ നിന്റെ മനസ്സ് പുണ്ണാക്കേണ്ടതില്ല." അയാറം പറഞ്ഞു. "അതെല്ലാം മറന്നുകളയൂ.''

ചിലപ്പോറം ജീവകാലം മുഴുവൻ ഓമ്മിക്കുവാൻ ഇടയാക്കുന്ന ചില സംഗതികളെക്കുറിച്ചാണ് അയാറം സംസാരിക്കുവാൻ തുടങ്ങുക. ഒരുദിവസം ഞാൻ എന്റെ ഒരെതിരാളിയായ, ക്ലൂഷിനിക്കോവിനെക്കുറിച്ചു അയാളോടു പറഞ്ഞു. അവൻ തടിച്ചു, തലവണ്ണമുള്ള ഒരു ചെറുക്കനായിരുന്നു. എനിക്കവനെയും അവനെന്നെയും തോല്പിക്കുവാൻ കഴിഞ്ഞില്ല.

''അതു നന്നായി'' എന്റെ വിഷമങ്ങറം മനസ്സിലാക്കി, എന്നിട്ടിങ്ങിനെ പറഞ്ഞു.

"വിഡ്ഢിത്തം. അതൊന്നും ശരിയായ ദേഹശക്തിയല്ല. വേഗതയാണ് വാസ്തവത്തിലുള്ള ശക്തി. നിനക്കെത്ര വേഗതയുണ്ടോ അത്രയും ശക്തിയുമുണ്ടായിരിക്കും. മനസ്സിലായോ?"

അടുത്ത ഞായറാഴ്ച ഞാൻ ഈ തത്വം പരിശോധിച്ചു നോക്കി. മുഷ്ടിചുരുട്ടി വളരെ വേഗത്തിൽ ഇടിച്ചുകൊണ്ടു ഞാൻ ക്ലുഷിനിക്കോവിനെ നിഷ്പ്രയാസം തോല്പിച്ചുകളഞ്ഞു—അന്നുമുതല്ലു "അതു നന്നായി"യുടെ വാക്കുകളിൽ എനിക്കു കൂടുതൽ വിശ്വാസം ജനിച്ചു.

"സാധനങ്ങൾ എങ്ങിനെയാണ് പിടിക്കേണ്ടതെന്നു നീ മനസ്സിലാക്കണം. മനസ്സിലായോ? അതു വളരെ വിഷമമുള്ളകാര്യമാണ്, സാധനങ്ങൾ ശരിയായി പിടിക്കുന്നതു്."

അയാൾ പറഞ്ഞതിൻെറ അർത്ഥം എനിക്കു മനസ്സിലായില്ല. എന്നാൽ ഈ വാക്കുകളെല്ലാം ഞാൻ മറന്നുകളഞ്ഞില്ല. അയാളുടെ വാക്കുകൾക്കു എന്തോ ഒരർത്ഥം ഉണ്ടായിരുന്നു. ഒരു കല്ലോ, ഒരു കഷണം റൊട്ടിയോ, ഒരു കോപ്പയോ, ഒരു മുട്ടികയോ പിടിക്കുന്നതിന്നു എന്തു വിഷമമാണുള്ളതെന്നു എനിക്കു മനസ്സിലായില്ല.

വീട്ടിലുള്ളവർ "അതു നന്നായി"യെ കൂടുതൽ കൂടുതൽ വെറുക്കുവാൻ തുടങ്ങി. വീട്ടിൽ താമസിച്ചിരുന്ന ആ യുവതിയുടെ പൂച്ച പോലും അയാളുടെ അടുത്തു പോകാൻ ഇഷ്ടപ്പെട്ടില്ല. അയാൾ വിളിച്ചാൽ പൂച്ച ഗൌനിക്കയില്ല. ഞാൻ പൂച്ചയെ ഇക്കാരണത്താൽ പലപ്പോഴും അടിച്ചു. ചെവിക്കു പിടിച്ചു പൊക്കിയെടുത്തു. "അതു നന്നായിയെ" ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ലെന്നു അതിനെ മനസ്സിലാക്കിക്കുവാൻ ശ്രമിച്ചു.

''എൻെറ വസ്ത്രങ്ങൾ തീവെള്ളം മണക്കുന്നുണ്ടായിരിക്കും. അതാണ് പൂച്ച എൻെറ അടുക്കെ വരാത്തതു്.'' അയാൾ പൂച്ച

യുടെ നീരസത്തെ അങ്ങിനെയാണ് വ്യാഖ്യാനിച്ചത്. എന്നാൽ വീട്ടിലുള്ള എല്ലാവരും, അമ്മമ്മപോലും, മററൊരുവിധത്തിലാണ് അക്കാര്യം വ്യക്തമാക്കാൻ ശ്രമിച്ചതു. അവരെല്ലാംതന്നെ അയാറം ക്കെതിരായിരുന്നു. ആ മനോഭാവം തെററാണെന്നും വേദനാജനക മാണെന്നും എനിക്കറിയാമായിരുന്നു.

"നീയെന്തിനാണ് എപ്പോഴും അയാളെ ചുററിപ്പററി നടക്കു ന്നതു?" അമ്മമ്മ കോപത്തോടെ എന്നോടു ചോദിച്ചു.

"സൂക്ഷിച്ചോ, അയാറം നിന്നെ പല കുസൃതികളും പഠി പ്പിക്കും."

ഞാൻ "അതു നന്നായി"യുമായി സംസാരിച്ചതായറിയുമ്പോ ഴെല്ലാം അച്ഛാച്ഛൻ എന്നെ കണക്കിൽ പ്രഹരിക്കും. ഞാൻ അയാ ളുടെ അടുത്തു ചെല്ലുന്നതു നിരോധിക്കപ്പെട്ടിരിക്കയാണെന്നു ഞാൻ അയാളെ അറിയിച്ചില്ല. എന്നാൽ മററുള്ളവക്കു അയാളെക്കുറിച്ചു എന്തഭിപ്രായമാണുള്ളതെന്നു ഞാൻ അയാളോടു തുറന്നുപറഞ്ഞു.

"അമ്മമ്മക്കു നിങ്ങളെ ഭയമാണ്. നിങ്ങറം ഒരു ജാലവിദ്യക്കാ രനാണെന്നാണ് അവർ വിശ്വസിക്കുന്നതു്. നിങ്ങറം ഈശ്വരന്നെ തിരാണെന്നും, നിങ്ങളുമായി ഇടപെടുന്നതാപൽക്കരമാണെന്നും അച്ഛാച്ഛൻ പറയുന്നു."

അയാറം തലയാട്ടി, ചിരിച്ചു. പക്ഷെ അയാളുടെ മുഖം വല്ലാതെ വിളറി, എൻെറ ഹൃദയം ചുരുങ്ങിപ്പോകുന്നതായെനിക്കു തോന്നി, തല കറങ്ങുന്നതായിത്തോന്നി.

"അതെല്ലാം എനിക്കു മനസ്സിലാകുന്നുണ്ട്, സഹോദരാ," അയാറം ശാന്തമായി പറഞ്ഞു. "കാര്യം വളരെ മോശംതന്നെ അല്ലെ?"

"അതെ."

"വളരെ മോശംതന്നെ, സഹോദരാ."

ഒടുക്കം അയാറം ഞങ്ങളുടെ വീടുവിട്ടു പോകേണ്ടിവന്നു.

ഒരുദിവസം രാവിലെ, പ്രാതലിന്നു ശേഷം, തറയിൽ കുനിഞ്ഞിരുന്നു, ഒരു മൂളൻപാട്ടും പാടി, ഒരു പെട്ടിയിൽ ചില സാധനങ്ങളെല്ലാം അയാറം അടുക്കിവെക്കുന്നതായി ഞാൻ കണ്ടു.

"ശരി, സഹോദരാ, നിനക്കു നന്മഭവിക്കട്ടെ, ഞാൻ ഇവിടം വിട്ടു പോകയാണ്.

ഞാൻ ഉത്തരം പറയുന്നതിന്നു മുമ്പായി, കുറെനേരം അയാറം എൻെറ മുഖത്തുതന്നെ സൂക്ഷിച്ചുനോക്കി.

''നീ അറിയുകയില്ലേ? ഈ മുറി നിൻെറ അമ്മക്കുവേണ്ടി ഒഴിക്കുകയാണ്."

''ആരാണങ്ങിനെ പറഞ്ഞതു.''

"നിൻെറ അച്ഛാച്ഛൻ.''

''അദ്ദേഹം കളവുപറയുകയാണ്.''

"അതു നന്നായി'' എന്നെ അടുത്തുവിളിച്ചിരുത്തി എന്നോടു ശാന്തസ്വരത്തിൽ പറഞ്ഞു.

''ദേഷ്യം വേണ്ടാ. നീ അറിയുമെന്നാണ് ഞാൻ വിചാരിച്ചത്. അതുകൊണ്ടാണ് ഞാൻ ഒന്നും പറയാഞ്ഞതു. സഹോദര, എന്നാൽ ഇവിടം വിടുന്നതിൽ എനിക്കിഷ്ടമില്ല.

എന്തുകൊണ്ടാണെന്നറിഞ്ഞില്ല എനിക്കു വലിയ കുണ്ഠിതം തോന്നി.

"നോക്കൂ,'' ചിരിച്ചുംകൊണ്ടു വളരെ പതിഞ്ഞ സ്വരത്തിൽ അയാറം പറഞ്ഞു "നീ എന്നെ വന്നുകാണരുതെന്നു ഞാൻ പറയാറുള്ളതു നീ ഓക്കുന്നുണ്ടോ?"

ഞാൻ തലയാട്ടി.

''അപ്പോഠം നിനക്കങ്ങിനെ പറഞ്ഞതിൽ വലിയ സങ്കടം തോന്നിയിരുന്നു, അല്ലെ?''

"ഉവ്വ്."

"നിന്നെ ദുഃഖിപ്പിക്കുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നില്ല. നീ എൻെറ ചങ്ങാതിയാകാൻ ശ്രമിച്ചാൽ അവർ നിന്നെ ശകാരിക്കുമെന്നെനിക്കറിയാമായിരുന്നു."

ഒരു കുട്ടിയെപ്പോലെയാണയാഠം എന്നോടു സംസാരിച്ചതു. അയാളുടെ വാക്കുകഠം എന്നെ സാന്ത്വനപ്പെടുത്തി. അയാഠം പറഞ്ഞതെല്ലാം വളരെ മുമ്പുതന്നെ എനിക്കും അറിയാമായിരുന്നു.

"അതെല്ലാം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്." ഞാൻ പറഞ്ഞു.

''ശരി, നല്ലതു. അങ്ങിനെയാണ് കാര്യങ്ങളിരിക്കുന്നത്. സഹോദരാ! ഉം........"

എൻെറ മനസ്സിൽ വല്ലാത്തൊരു വേദനതോന്നി.

''നിങ്ങളെ ആരുംതന്നെ എന്തുകൊണ്ടാണിഷ്ടപ്പെടാത്തത്?''

എന്നെ ഗാഢമായാശ്ലേഷിച്ചുംകൊണ്ട് അയാഠം മറുപടി പറഞ്ഞു.

"കാരണം ഞാൻ അവരെപ്പോലെയല്ല."

എന്താണ് പറയേണ്ടതെന്നറിയാതെ ഞാൻ അയാളുടെ കുപ്പായക്കൈ പിടിച്ചുവലിച്ചു.

"നീ എന്നെ വെറുക്കരുത്." അയാഠം പറഞ്ഞു. തെല്ലിട കഴിഞ്ഞപ്പോഠം അയാഠം എൻെറ ചെകിട്ടിൽ മന്ത്രിച്ചു "കരയുകയും ചെയ്യരുത്."

അയാളുടെ കണ്ണടച്ചില്ലുകഠക്കടിയിൽ, അയാളുടെ കവിളുകളിൽക്കൂടി, കണ്ണുനീർ ധാരയായൊഴുകുന്നുണ്ടായിരുന്നു.

ഒന്നും മിണ്ടാതെ ഞങ്ങൾ അങ്ങിനെ വളരെനേരം ഇരുന്നു. ഇടക്കമാത്രം ഒററൊററവാക്കുകൾ അന്യോന്യം പറഞ്ഞു.

അന്നു വൈകുന്നേരം എല്ലാവരോടും സ്നേഹപുരസ്സരം യാത്ര പറഞ്ഞു, എന്നെ ഗാഢമായാശ്ലേഷിച്ചു, അയാൾ ഞങ്ങളെ വിട്ടു പോയി. ഞാൻ ആരും കാണാതെ പടികടന്നുപോയി, അയാൾ അകന്നകന്നുപോകുന്നതുംനോക്കി വളരെനേരം നിന്നു.

അയാൾപോയ ഉടനെ അമ്മമ്മ അയാൾ ഉപയോഗിച്ചിരുന്ന മുറി വൃത്തിയാക്കാൻ തുടങ്ങി, ഞാൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടി അമ്മമ്മയെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

എൻെറ കാലിന്നു തടഞ്ഞു വീണപ്പോൾ അവർ എന്നെ അധിക്ഷേപിച്ചു. "ഛേ, പുറത്തു."

''നിങ്ങൾ എന്തിനാണ് അയാളെ പുറത്താക്കിയത്?'' ഞാൻ ചോദിച്ചു.

"അതു നീ അറിയേണ്ടകാര്യമല്ല.''

''നിങ്ങളെല്ലാം വിഡ്ഢികളാണ്. മുഴുവൻ ആളുകളും." ഞാൻ പറഞ്ഞു.

ഒരു നനഞ്ഞ തുണിക്കഷണംകൊണ്ട് എന്നെ പ്രഹരിച്ചുംകൊണ്ടവർ ചോദിച്ചു.

"നിനക്കു ഭ്രാന്തായിപ്പോയോ?"

"അവരെല്ലാം ഭ്രാന്തന്മാരാണ്. നിങ്ങൾ ഒഴികെ." ഞാൻ കടന്നുപറഞ്ഞു. അതവൎക്കിഷ്ടമായില്ല.

"ശരി, ഏതായാലും അയാൾ ഇവിടംവിട്ടതു നന്നായി.'' അത്താഴം കഴിച്ചുകൊണ്ടിരിക്കെ അച്ഛാച്ഛൻ അഭിപ്രായപ്പെട്ടു. "അയാളെ കാണുമ്പോഴെല്ലാം എൻെറ മാറത്തു ഒരു കഠാരികുത്തിക്കയററുകയാണെന്നെനിക്കുതോന്നാറുണ്ടു—അയാളെ പറഞ്ഞയക്കുകയല്ലാതെ വേറെ മാൎഗ്ഗം എന്താണുള്ളത്?''

ക്രോധംകൊണ്ടു ഞാൻ ഒരു കോപ്പ ഉടച്ചുകളഞ്ഞു. അതിന്നു എനിക്കു തക്കതായ ശിക്ഷ കിട്ടുകയുംചെയ്തു.

അങ്ങിനെ, സ്വന്തം നാട്ടിൽ അന്യനാട്ടുകാരായി ജീവിക്കുന്ന, രാജ്യത്തിൻെറ ഏററവും നല്ല സന്താനങ്ങളായ ഏതാനും ആളുകളിൽ ഒരാളുമായി എനിക്കുണ്ടായിരുന്ന സാഹചര്യവും അവസാനിച്ചു.

# IX

അക്കാലത്തു ഞാൻ ഒരു തേൻപലകയെപ്പോലെയായിരുന്നു. മററുള്ളവർ ലോകപരിജ്ഞാനമാകുന്ന തേൻ എന്നിൽ ശേഖരിച്ചുവെക്കുകയായിരുന്നു; അവരുടെ ഈ സംഭാവനകൾ എൻെറ സ്വഭാവത്തിന്നു രൂപംകൊടുക്കുകയായിരുന്നു. പലപ്പോഴും അവർ ശേഖരിച്ചു നൽകുന്ന തേൻ വൃത്തികെട്ടതായിരിക്കും, കൈപ്പിൻെറ ചുവയുള്ളതായിരിക്കും എന്നാലും അതു അറിവിൻെറ ശകലങ്ങളാണെന്നുള്ളതുകൊണ്ടു, അതിനെ തേനെന്നുതന്നെയാണ് ഞാൻ കരുതിയത്.

"അതു നന്നായി" വിട്ടുപോയപ്പോൾ ഞാൻ പ്യോട്ടർ അമ്മാമനോടടുത്തുകൂടി. അയാൾ എൻെറ അച്ഛാച്ഛനെപ്പോലെ, മെലിഞ്ഞു വച്ചുരെ വൃത്തിയിലും ചിട്ടയിലും നടക്കുന്ന ഒരാളായിരുന്നു. എന്നാൽ മറെറതുസംഗതിയിലും അയാൾക്കു അച്ഛാച്ഛനോടു കിടനില്ക്കാൻ സാദ്ധ്യമല്ല. വെറും തമാശക്കുവേണ്ടി, ഒരു ബാലനെ, മുതിന്ന ഒരാൾ ധരിക്കുന്ന വസ്ത്രങ്ങളുടുപ്പിച്ചുനിർത്തിയ

ഒരു പ്രതീതിയാണ് അയാളെ കണ്ടാൽ ഉണ്ടാകുക. അയാളുടെ മുഖം ചുളിഞ്ഞ തോലുകൊണ്ടുമൂടിയ ഒരു ചൂരൽക്കൂട്ടുപോലെയുണ്ട്. ആ കണ്ണുകൾ കൂട്ടിൽ അടച്ചിരിക്കുന്ന രണ്ടു ചെറുപക്ഷികളെപ്പോലെ, ഇളകിക്കൊണ്ടിരിക്കുന്നുണ്ടായിരിക്കും. അയാളുടെ നരച്ച തലമുടി ചുരുളനാണ്; താടിരോമങ്ങളും ചുരുണ്ടു ഇടതൂർന്നു നില്ക്കുന്നു. അയാൾ കുഴലിൽനിന്നും വലിച്ചൂതുന്ന പുകയുടെ നിറവും തലമുടിയുടെ നിറവും തമ്മിൽ വലിയ പൊരുത്തമുണ്ട്. വളരെ ദയതോന്നിക്കുന്ന, പതിഞ്ഞ സ്വരത്തിലാണയാൾ സംസാരിക്കുക; എന്നാലും അയാൾ മററുള്ളവരെ പരിഹസിക്കുകയാണെന്നാണ് ഞാൻ വിചാരിക്കാറുണ്ടായിരുന്നത്.

എൻെറ യജമാനത്തിയായിരുന്ന ആ പ്രഭുകുമാരി,-അവരുടെ സ്വന്തം പേർ താത്ത്യാൻ എന്നും കുഡുംബപ്പേർ അലക്സേയ്‌വ്നാ എന്നും ആയിരുന്നു—പറയും "നീ ഒരു കൊല്ലനാകുന്നതാണ് നല്ലത്." ഞാൻ കൊല്ലപ്പണി പഠിക്കാൻ തുടങ്ങുമ്പോഴേക്കും, അവർ പറയും "തോട്ടക്കാരൻെറകൂടെ പണിയെടുക്കുക." എനിക്കതിന്നും വിരോധമുണ്ടായിരുന്നില്ല. എന്നാൽ പണ്ടാരോ പറഞ്ഞതുപോലെ, നിങ്ങൾ മറെറാരാളുടെ കീഴിലാണെങ്കിൽ എല്ലാം അവതാളത്തിൽ കലാശിക്കുകയെയുള്ളു. അങ്ങിനെ ആ ജോലിയിൽ ഞാൻ കുറച്ചു പഴകുമ്പോഴേക്കും അവർ കല്പിച്ചു. "നീ മത്സ്യംപിടിക്കാൻ പഠിച്ചുനോക്കു, പെററ്‌റുഷ്‌കാ! എന്നെ സംബന്ധിച്ചേടത്തോളം ആ ജോലിയും എനിക്കു സ്വീകാര്യമായിരുന്നു. ഞാൻ മത്സ്യംപിടിക്കാൻ പഠിച്ചുനോക്കി. ആ ജോലിയിൽ എനിക്കു രസംതോന്നുമ്പോഴേക്കും എന്നെ പട്ടണത്തിലേക്കു വണ്ടിതെളിക്കാൻ പറഞ്ഞയച്ചു. എനിക്കേതു ജോലിയും ഇഷ്ടമായിരുന്നല്ലൊ. തുടർന്നു മറെറാരു ജോലിയിൽ നിശ്ചയിക്കപ്പെടുന്നതിന്നുമുമ്പു അടിമസമ്പ്രദായം അവസാനിച്ചു, എൻെറ കുതിരയും വണ്ടിയും എനിക്കുതന്നെ കിട്ടി. പ്രഭുകുമാരിയുടെ പിന്നാലെ പോക

ന്നതിന്നു പകരം, ഞാനിപ്പോ൦ കുതിരയുടെ പിന്നാലെ ഓടുക യാണ്."

അതൊരു വെളുത്ത വയസ്സൻ കുതിരയാണ്. കുടിച്ചു മത്ത നായ ഒരു ചിത്രകാരൻ തൻെറ കുഞ്ചംകൊണ്ട് പലതരം ചായ ങ്ങ൦ ആ മൃഗത്തിൻെറ ദേഹത്തിൽ അവിടവിടെ വാരിത്തേച്ചിട്ടു ള്ളതായിത്തോന്നി. ആ കുതിര വട്ടക്കാലുള്ള ഒരു മെലിഞ്ഞ മൃഗ മാണ്. അസ്ഥികൾ മുഴച്ചുകാണുന്ന അതിൻെറ തല ദേഹവുമായി കഷ്ടിച്ചു തൊട്ടുനില്ക്കുന്നതെയുള്ളു. പ്യോട്ടർ അമ്മാമന്നു, ഈ കുതി രയെ വലിയ ബഹുമാനമായിരുന്നു. അയാ൦ അതിനെ "ടാന്യാ" എന്നാണ് വിളിക്കുക. ഒരിക്കലും അതിനെ അടിക്കുകയുമില്ല.

"നിങ്ങളുടെ കുതിരക്കു ആളുക൦ക്കിടുന്ന പേരെന്തിനാണ് കൊടുത്തത്?" എൻെറ അപ്പാപ്പൻ ഒരിക്കൽ അയാളോടു ചോദിച്ചു.

"അതു ഒരാളുടെ പേരല്ല—വാസിലി വാസിലോവിക്ക്!" അയാ൦ മറുപടിപറഞ്ഞു. "ടാന്യാ" എന്നതു ആളുകളുടെ പേരല്ല. ആളുകളുടെ പേരാണെങ്കിൽ "ടാററ്യാനാ" എന്നാകേ ണ്ടതാണ്.

പ്യോട്ടർ അമ്മാമന്നു എഴുതാനും വായിക്കാനും അറിയാമായി രുന്നു. അയാ൦ മതഗ്രന്ഥങ്ങളിൽ ചിലതെല്ലാം വായിച്ചിട്ടുണ്ട്. പുണ്യവാളന്മാരിൽ ഏററവും മഹാനാരാണെന്നും മററും പറഞ്ഞു അയാ൦ അപ്പാപ്പനുമായി വളരെനേരം തക്കിച്ചുകൊണ്ടിരിക്കുന്ന തുകാണാം. സുവിശേഷത്തിൽ സൂചിപ്പിച്ചിട്ടുള്ള പാപികളെ കുററ പ്പെടുത്തുന്നതിൽ അവർ എപ്പോഴും വളരെ യോജിപ്പാണ്. അവർ അബ്സലാമിനെ ഏററവും നീചനായിക്കരുതി. ചിലപ്പോ൦ അവരുടെ തക്കം വാക്കുകളുടെ രൂപഭേദത്തെക്കുറിച്ചായിരിക്കും. പദാന്തങ്ങളെച്ചൊല്ലി അവർ എത്രയെങ്കിലും തക്കിക്കും.

"എൻെറ ചിന്താഗതി ഒന്നും നിങ്ങളുടേതു മറെറാന്നുമാണ്." മുഖം ചുവപ്പിച്ചുകൊണ്ടു അച്ഛാച്ഛൻ അയാളെ അധിക്ഷേപിച്ചു. "നിങ്ങളുടെ വ്യാകരണം പോയി തുലയട്ടെ."

എന്നാൽ പ്യോട്ടർഅമ്മാമൻ യാതൊരു കലുക്കവും കൂടാതെ പുകവലിച്ചുംകൊണ്ടിരുന്നു.

"ഹോ! നിങ്ങളുടെ വ്യാകരണത്തിന്നു എന്തൊരു മെച്ചമാണു ള്ളതു." അയാറം പകപോക്കാനെന്നപോലെ പ്രതിഷേധിച്ചു. "ദൈവത്തിൻെറ മുമ്പിൽ ആ വ്യാകരണത്തിന്നു പ്രത്യേകമെച്ചമൊന്നുമില്ല. ഒരുപക്ഷെ നിങ്ങളുടെ പ്രാൎത്ഥനകേറംക്കുമ്പോറം ദൈവം വിചാരിക്കുന്നുണ്ടായിരിക്കും "ഇയാളുടെ പ്രാൎത്ഥനകേറംക്കുമ്പോറം വലിയ ഭക്തിയാണെന്നു തോന്നും, എന്നാൽ അതെല്ലാം വെറും നാട്യമാണ്'' എന്നു.

"അലക്സേയി, നീ ദൂരെപോ.'' കണ്ണുമിഴിച്ചു എന്നെ ഭയപ്പെടുത്തിയുംകൊണ്ടു അച്ഛാച്ഛൻ എന്നോടു കല്പിച്ചു.

പ്യോട്ടറിന്നു വൃത്തിയിലും ചിട്ടയിലും വലിയ പിടുത്തമാണ്. മുററത്തുകൂടി നടക്കുമ്പോറം, അങ്ങിങ്ങായി കിടക്കുന്ന കൊള്ളികളും പൊളുക്കുകളും അയാറം കാലുകൊണ്ടു് തട്ടിക്കളയും. അയാറം ഇങ്ങിനെ ആക്ഷേപിക്കും.

"വെറുതെ കാലിന്നു തടയാനല്ലാതെ മറെറാരു കാര്യവുമില്ല."

അയാറം ഒരു വായാടിയായിരുന്നു. വളരെ ദയാലുവും ഉല്ലാസശീലനുമാണെന്നു തോന്നിക്കുകയും ചെയ്യും. ചിലപ്പോറം അയാളുടെ കണ്ണുകറം ചുവന്നു തുറിച്ചുനില്ക്കുന്നതു കാണാം. പല അവസരങ്ങളിലും അയാറം ഒരു മൂലക്കു ചെന്നിരുന്നു നിരാശയോടെ, നിശ്ശബ്ദമായിരിക്കുന്നതു കാണാം.

"എന്തുപററി? പ്യോട്ടർ അമ്മാമ?''

"ഫോ! ദൂരെ!" അയാറം കശ്നമായി എന്നെ ശാസിക്കും.

ഞങ്ങളുടെ തെരുവിൽ മറെറാരു വീട്ടിൽ, നെററിയിൽ ഒരു മുഴയും വല്ലാത്ത ഒരു ശീലവുമുള്ള ഒരു മാന്യൻ താമസമാക്കിയിട്ടുണ്ടായിരുന്നു. എല്ലാ ഞായറാഴ്ചയും അയാറം ജനലിന്നടുത്തിരുന്നു ഒരു കൈത്തോക്കുകൊണ്ടു നായ്ക്കളെയും പൂച്ചകളെയും, കാക്കകളെയും കോഴിക്കുട്ടികളെയും വെടിവെച്ചുകൊല്ലാൻ ശ്രമിക്കും. ചിലപ്പോറം ആളുകളെയും അയാറം ലക്ഷ്യംവെക്കാതിരിക്കയില്ല. ഒരു ദിവസം അയാറം "അതു നന്നായി"യുടെ നേരെ ചില്ലുകറം ഒഴിച്ചു. ചില്ലുകറം അയാളുടെ ദേഹത്തിൽ പതിച്ചില്ല. കുറെയെണ്ണം അയാളുടെ കീശയിൽചെന്നു വീണു. "അതു നന്നായി" ആ ചില്ലുകറം കയ്യിൽ പെറുക്കിയെടുത്തു സൂക്ഷിച്ചു പരിശോധിച്ചു. അപ്പാപ്പൻ "അതു നന്നായി"യോടു അധികാരസ്ഥന്മാരുടെ മുമ്പാകെ ആവലാതിബോധിപ്പിക്കേണമെന്നുപദേശിച്ചു. എന്നാൽ അയാറം ചില്ലുകറം അടുക്കളയുടെ ഒരു മൂലയിൽ വലിച്ചെറിഞ്ഞുകൊണ്ടു പറഞ്ഞു.

"അതുകൊണ്ടു ഒരു കാര്യവുമില്ല."

ഒരുദിവസം അയാറം അപ്പാപ്പൻെറ കാലിനെ ഉന്നംവെച്ചുകൊണ്ടു ചില്ലുകറം ഒഴിച്ചു. ചില്ലുകറം നേരെ കാലിന്നു കൊള്ളുകയും ചെയ്തു. അദ്ദേഹത്തിന്നു കലശലായ കോപംവന്നു. അദ്ദേഹം ആക്ഷേപം ബോധിപ്പിച്ചു; സാക്ഷികളെ ശേഖരിക്കുവാൻ തുടങ്ങി, എന്നാൽ പെട്ടെന്നു അയാളെ കാണാനില്ലാതായി.

അയാളുടെ വെടിയുടെ ശബ്ദം കേറംക്കുമ്പോഴെല്ലാം. പ്യോട്ടർ അമ്മാമൻ തൻെറ തൊപ്പി തലയിലിട്ടുംകൊണ്ടു തിരക്കിട്ടു പടികടന്നു വെളിയിലേക്കോടും. നിരത്തിലെത്തിക്കഴിഞ്ഞാൽ, കോട്ടിൻെറ കീശയിൽ കൈതാഴ്ത്തി, വയറന്തി, പ്രമാണിത്തം നടിച്ചു അയാറം ജനലിന്നു താഴെ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങും. ആദ്യം ഒരുവട്ടം അങ്ങിനെ നടന്നുകഴിഞ്ഞാൽ, വെടിക്കാരന്നു അയാളെക്കണ്ടു ഭയംതോന്നുന്നില്ലെന്നു തോന്നിയാൽ, പ്യോട്ടർ

രണ്ടും മൂന്നും പ്രാവശ്യം തെരുവിൽ ഇങ്ങിനെ ചുററിനടക്കും. ഞങ്ങളുടെ വീട്ടിലുള്ള എല്ലാവരും ഇതു കാണുവാൻ പുറത്തേക്കുവരും. പട്ടാളക്കാരനും അയാളുടെ ഭാര്യയും ജനലിന്നടുത്തു നിന്നുംകൊണ്ടു എല്ലാം വീക്ഷിക്കുന്നുണ്ടായിരിക്കും. ബെററ്ലങ്ങ് വീട്ടുകാരും മുററത്തിറങ്ങിനില്ക്കുന്നുണ്ടായിരിക്കും. ഒസ്യാനിക്കോവ് കൂട്ടരുടെ വീട്ടിൽ മാത്രം ഒരനക്കവും കാണുകയില്ല.

പ്യോട്ടർഅമ്മാമൻെറ പരിശ്രമങ്ങൾ ചിലപ്പോൾ വെറുതെയായിപ്പോകും. വെടിക്കാരൻ ഒരു നല്ല ഇരയായി അയാളെ അംഗീകരിക്കുകയില്ല. ചിലപ്പോൾ പ്യോട്ടരുടെ നേരെ അയാൾ നിർദ്ദയം വെടിവെക്കാനും മടിക്കുകയില്ല.

പ്യോട്ടർഅമ്മാമൻ വലിയ സംതൃപ്തിയോടെ, വേഗത്തിൽ നടന്നുവന്നു, ഞങ്ങളോടു സംഗതികൾ വിവരിച്ചുപറയും.

"എൻെറ കോട്ടിൻെറ കീശയിലാണ് ചില്ലുകൾ വീണതു."

ഒരു ദിവസം അയാളുടെ കഴുത്തിലും ചുമലിലും ചില്ലുകൾ വന്നു തറച്ചു.

"നിങ്ങൾ എന്തിനാണ് അങ്ങിനെയുള്ള ഒരു ജീവിയുമായി ഇടപെടാൻ പോകുന്നത്?" ഒരു സൂചികൊണ്ട് ആ ചില്ലുകൾ ചിള്ളിയെടുത്തുകൊണ്ടിരിക്കെ അമ്മമ്മ അയാളോടു ചോദിച്ചു. "അയാൾ നിങ്ങളുടെ കണ്ണിൽനോക്കി ചില്ലുകളൊഴിച്ചു നിങ്ങളെ കുരുടനാക്കിക്കളയും."

"ഒരിക്കലുമില്ല, ആ കുലിനാഐെവ്നോവ്നാ!" അയാൾ പുച്ഛരസത്തോടെ മറുപടിപറഞ്ഞു "അയാൾ ഒരു നല്ല നോട്ടക്കാരനൊന്നുമല്ല."

"എന്നാലും അയാൾ അങ്ങിനെയൊരു നാട്യമുണ്ടാകാൻ എന്തിനിടംകൊടുക്കുന്നു?"

"നാട്യമോ? ഞാൻ അയാളെ കിറുക്കുപിടിപ്പിക്കുവാൻ വേണ്ടി അങ്ങിനെ ചെയ്യുന്നതാണ്."

അയാൾ തൻെറ കൈക്കുപററിയ മുറിവുകൾ പരിശോധിച്ചു കൊണ്ടിരിക്കെ പറഞ്ഞു. "അയാൾ തീച്ചയായും ഒരു നോട്ടക്കാരനല്ല. എൻെറ യജമാനത്തിയായിരുന്ന താത്ത്യാൻ അലക്സേയ്‌വ്നാമമ്മോൺട് ഇല്ലിക്ക് എന്നു പേരായ ഒരു പട്ടാള ഉദ്യോഗസ്ഥനുമായി, താല്ക്കാലികമായി ചില വിവാഹബന്ധങ്ങളിൽ ഏപ്പെട്ടിരുന്നു. ആ പ്രഭുകുമാരി പണിക്കാരെ മാററുമ്പോലെ ഭത്താക്കന്മാരെയും മാററിക്കൊണ്ടിരിക്കും. ആ പട്ടാള ഉദ്യോഗസ്ഥൻ ഒരു നല്ല നോട്ടക്കാരനായിരുന്നു. അയാൾ തോക്കുകൊണ്ടു എന്തെല്ലാം അഭ്യാസങ്ങൾ കാണിക്കുമെന്നോ? അയാൾ ഇഗ്നാഷ്കയെ കുറെ ദൂരെ—ഒരു നാല്പതടി ദൂരെ—കുത്തനെ നിത്തും. അവൻെറ അരപ്പട്ടയിൽ ഒരു കുപ്പികെട്ടിത്തൂക്കും. അവൻ കാൽ വിടത്തിനില്ക്കുമ്പോൾ കുപ്പി കാലിന്നിടയിൽ ആടിക്കളിക്കും. മാമ്മോൺട് ഇല്ലിക്ക് നോട്ടംപിടിച്ചു വെടിപൊട്ടിക്കും. കുപ്പി ചരടററു നിലംപതിക്കും. ഒരുദിവസം ഇങ്ങിനെ നില്ക്കുമ്പോൾ അവൻെറ ദേഹത്തിൽ ഒരീച്ചവന്നു പററി. അപ്പോൾ അവൻ ദേഹമല്പമൊന്നിളക്കി. ചില്ലുകൾ അവൻെറ കാൽമുട്ടിൻെറ ചിരട്ടക്കു വന്നു തറച്ചു. ഡാക്കുരെ വരുത്തി കാൽ മുറിക്കേണ്ടിവന്നു; മുറിച്ചുകളഞ്ഞ കഷ്ണം കുഴിച്ചിടുകയും ചെയ്തു.

"ഇഗ്നാഷ്ക പിന്നെ എന്തായി."

"അയാൾക്കൊന്നും പററിയില്ല. അവൻ ഒരു വിഡ്ഢിയായിരുന്നു. കാലും കയ്യുംകൊണ്ടു അവന്നു യാതൊരുപയോഗവും ഉണ്ടായിരുന്നില്ല. അവൻെറ വിഡ്ഢിത്തമായിരുന്നു അവൻെറ ഉപജീവനമാഗ്ഗം. എല്ലാവരും ഒരു പടുവിഡ്ഢിയെ സഹായിക്കും; പണ്ടാരോ പറഞ്ഞതുപോലെ, അവർ നിരുപദ്രവികളാണ്. "ബുദ്ധിയില്ല, ഉപദ്രവവുമില്ല."

ഈ കഥയിൽ അമ്മമ്മക്ക തീരെ രസംതോന്നിയില്ല. അതു പോലുള്ള അനവധി കഥകൾ അവൾക്കറിയാമായിരുന്നു. എന്നാൽ എനിക്കീകഥയിൽ വലിയ താല്പര്യംതോന്നി.

"ധനികക്ക ആളുകളെ കൊല്ലാൻ അധികാരമുണ്ടോ?''

"എന്തുകൊണ്ടില്ല. തീർച്ചയായും അധികാരമുണ്ടു, തീർച്ചയായും. ചിലപ്പോൾ അവർ അന്യോന്യം വെടിവെച്ചുകൊല്ലും. ഒരുദിവസം ഒരുദ്യോഗസ്ഥൻ താത്ത്യാൻ അലക്സേയ്വ്നയെ കാണാൻ വന്നു. അയാളും മമ്മോൺട്ടുമായി ശണ്ഠയായി. രണ്ടുപേരും കൈത്തോക്കു വലിച്ചു. തോട്ടത്തിൽപോയി, തടാകത്തിൻെറ കരയിൽവെച്ച് അവർ അന്യോന്യം വെടിവെക്കാൻ ഒരുങ്ങി. മമ്മോൺടിൻെറ ഹൃദയത്തിന്നു വെടികൊണ്ടു. ശരി, മമ്മോൺട് സ്വർഗ്ഗത്തിലേക്ക് പോയി. ഉദ്യോഗസ്ഥൻ കാക്കസസ്സിലേക്കും പോയി. കാര്യം അവിടെ അവസാനിക്കുകയും ചെയ്തു. നിനക്കിപ്പോൾ മനസ്സിലായോ? അവർ അന്യോന്യം കൊല്ലും. "മുഴിക്കു"കളെയും മററു പാവങ്ങളെയുമാണെങ്കിൽ അവർ എത്രയെങ്കിലും കൊല്ലാൻ മടിക്കുകയില്ല. വിശേഷിച്ചും ഇക്കാലത്തു ഇപ്പോൾ "മുഴിക്കു"കൾ അടിമകളല്ലാത്തതുകൊണ്ടു നഷ്ടമൊന്നുമില്ലല്ലൊ. പണ്ടെല്ലാം അവർ കുറച്ചൊക്കെ ശ്രദ്ധിക്കും. കാരണം "മുഴിക്കുകൾ'' അപ്പോൾ അവരുടെ സ്വത്തായിരുന്നല്ലൊ."

"അന്നും, അവർ അത്രയൊന്നും ശ്രദ്ധിക്കാറില്ല." അമ്മമ്മ ഇടയിൽകടന്നു പറഞ്ഞു.

"ശരിയാണ്," പ്യോട്ടർ അമ്മാമൻ സമ്മതിച്ചു. ''സ്വത്തു തന്നെ; എന്നാൽ വളരെ വിലകുറഞ്ഞ സ്വത്തു.''

അയാൾക്ക എപ്പോഴും എന്നോടു വലിയ ദയയായിരുന്നു. മുതിർന്നവരോടെന്നതിനേക്കാൾ എന്നോടാണ് അയാൾ സംസാരിക്കുക. എന്നാൽ എനിക്കിഷ്ടമാകാത്ത എന്തോ അയാളിൽ ഉണ്ടായിരുന്നു. അയാൾ ഞങ്ങൾക്ക് റൊട്ടിക്കഷണത്തിന്നു പഴപ്പാവു

പുരട്ടുമ്പോഠം, എൻെറ ഓാഹരിയായിത്തരുന്ന കഷണത്തിന്മേൽ അധികം പുരട്ടും. അയാഠം പട്ടണത്തിലേക്ക പോയി തിരിച്ചു വരുമ്പോഠം, എനിക്ക മിഠായിയും പുഷ്പങ്ങളും കൊണ്ടുവന്നുതരും. അയാഠം എപ്പോഴും എന്നോട്ട വളരെ കാര്യമായിട്ട മാത്രമെ സംസാരിക്കുകയുള്ളു.

"നീ വലുതായാൽ എന്താകാനാണിഷ്ടപ്പെടുന്നത്? പട്ടാള ക്കാരനോ, അല്ല ഗൃഹസ്ഥനോ?"

"പട്ടാളക്കാരൻ."

"അതു നിനക്ക നല്ലതാണ്. ഇക്കാലത്തു ഒരു പട്ടാളക്കാര നാകാൻ അത്രയൊന്നും വിഷമമില്ല. പാതിരിയച്ചനാകാനും വളരെ എളുപ്പമാണ്. "ദൈവം പുകഴ്ത്തപ്പെടട്ടെ" എന്നു വളരെ നേരം പറഞ്ഞുകൊണ്ടിരുന്നാൽ മതി. ഒരു പട്ടാളക്കാരനാകുന്ന തിലും എളുപ്പമാണ് ഒരു പാതിരിയച്ചനാകാൻ. എന്നാൽ എല്ലാ ററിലും സൌകര്യം ഒരു മീൻപിടുത്തക്കാരനാകുന്നതാണ്. അതിന്നു ഒന്നുംതന്നെ പഠിക്കേണ്ടതില്ല. ആ ഒരു ശീലം ഉണ്ടാകണം; അത്ര മാത്രം."

ചൂണ്ടൽകൊണ്ടു മത്സ്യങ്ങളെ ചുഴററി വലിക്കുന്നതെങ്ങിനെ യെന്നയാഠം അഭിനയിച്ചു കാണിച്ചു. ചൂണ്ടലിൽ കുടുങ്ങിയാൽ അയിലയും ഏട്ടയും മററും കാണിക്കുന്ന മരണഗോഷ്ടികളെക്കുറിച്ചു അയാഠം എനിക്ക വിവരിച്ചുതന്നു.

"അച്ചാച്ചൻ വല്ലതിന്നും പ്രഹരിച്ചാൽ നിനക്ക ഭ്രാന്തുവരുന്നു, അല്ലേ?" അയാഠം എന്നെ സമാശ്വസിപ്പിക്കുവാനായിപ്പറഞ്ഞു. എന്നാൽ അതിലൊന്നും അത്ര ക്രോധംതോന്നാനില്ല. അയാഠം ശിക്ഷിക്കുന്നതു നിൻെറ നന്മയെ ഉദ്ദേശിച്ചുമാത്രമാണ്. അദ്ദേഹം അടിക്കുന്നതു വേദനിപ്പിക്കാൻവേണ്ടിയല്ല. ഉദാഹരണത്തിന്നു, താത്യാൻ അലക്സേയ്വ്നായെ എടുക്കുക. അവർ അടിശിക്ഷ നട

ത്തുവാൻ വേണ്ടി ഒരാളെ പ്രത്യേകം നിയമിച്ചിട്ടുണ്ടായിരുന്നു. ക്രിസ്റ്റോഫർ—അക്കാര്യത്തിൽ അവൻ വലിയ സമത്ഥനായിരുന്നതു കൊണ്ടു അയൽപക്കക്കാരായ പ്രഭുക്കന്മാരും അയാളുടെ സേവനം ആവശ്യപ്പെട്ടും. "ഒന്നുരണ്ടു ശിക്ഷകറം നടത്തുവാൻവേണ്ടി, താത്ത്യാൻ അലക്സേയ്‌വ്നാ, നിങ്ങളുടെ ക്രിസ്റ്റോഫറെ, ദയ ചെയ്തു വായ്പതരണം." അവർ അവനെ അയച്ചുകൊടുക്കുകയും ചെയ്യും.

താത്ത്യാൻ അലക്സേയ്‌വ്നാ, കൊട്ടാരത്തിൻെറ പൂമുഖത്തു വെള്ളവസ്ത്രം ധരിച്ചു, നീലനിറമുള്ള ഒരുറുമാൽ കഴുത്തിന്നു ചുററി, ഒരു ചുകന്ന ചാരുകസേലമേൽ ഇരുന്നു, സ്ത്രീകളും പുരുഷന്മാരു മായ അടിമകളെ ക്രിസ്റ്റോഫർ നിർദ്ദയം അടിക്കുന്നതും നോക്കി രസിക്കാറുണ്ടായിരുന്നതിനെപ്പററി അയാറം എനിക്കു വിവരിച്ചു തന്നു.

"ക്രിസ്റ്റോഫർ റൈസാൻകാരനാണ്. ഒരു ജിപ്സിയെപ്പോ ലെയുള്ള പ്രകൃതം. വലിയ മീശയാണ്. അവൻെറ മുഖം നീലനിറ മാണെന്നു തോന്നും. അവൻ വാസ്തവത്തിൽ ഒരു വങ്കനാണോ എന്നു തീച്ചപ്പെടുത്താൻ വയ്യ. ജീവിതം സുഖകരമാക്കിത്തീക്കാൻ അവൻ അങ്ങിനെ അഭിനയിക്കുന്നതാണോ എന്നു നിണ്ണയിക്കുവാനും സാദ്ധ്യമല്ല. അവൻ അടുക്കളയിൽപോയി ഒരു കിണ്ണത്തിൽ വെള്ള മെടുത്തു ഒരു ഈച്ചയെയോ, ക്രൂറയെയോ പിടിച്ചു അതിലിട്ടു ഒരു കൊള്ളികൊണ്ടു മുക്കിക്കൊണ്ടിരിക്കും. അങ്ങിനെ കുറെനേരംകൊണ്ടു അതിനെ മുക്കിക്കൊല്ലും."

ഇങ്ങിനെയുള്ള കഥകറം കേട്ടു എനിക്കു മടുപ്പുവന്നുകഴിഞ്ഞി രുന്നു. അമ്മമ്മയും അച്ഛാച്ഛനും, അങ്ങിനെയുള്ള കഥകറം വളരെ പറഞ്ഞുതന്നിട്ടുണ്ടായിരുന്നു. ഈ കഥകളെല്ലാം ഒരുപോലെയി രിക്കും, മനുഷ്യൻ അനുഭവിക്കുന്ന മദ്ദനങ്ങളെക്കുറിച്ചും കഷ്ടതകളെ ക്കുറിച്ചും ഉള്ള കഥകറം.

"മററവല്ലതിനെക്കുറിച്ചും പറയുക." ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം എൻെറ അപേക്ഷ സ്വീകരിക്കുവാൻ തയ്യാറായി.

"ശരി, ഒരു വലിയ ആഗ്രഹംതന്നെ. ഇതാ മറെറാരു കഥ കേട്ടോളൂ. ഒരിക്കൽ ഞങ്ങാംക്കൊരു വെപ്പുകാരൻ ഉണ്ടായിരുന്നു."

"ആക്കു?"

"പ്രഭ്വിയായ താത്ത്യാൻ അലക്സേയ്വ്നക്കു."

"ഒരു പുരുഷനെപ്പോലെ, നിങ്ങാം ആ സ്ത്രീയെ താത്ത്യാൻ എന്നു വിളിക്കുന്നതെന്തിനാണ്? താത്ത്യാനാ എന്നല്ലെ വിളിക്കേണ്ടതു? അവർ പുരുഷനല്ലല്ലൊ? ആണോ?"

"തീച്ച്യയായും അല്ല. അവർ ഒരു സ്ത്രീതന്നെയാണ്. പക്ഷെ അവക്കു മീശയുണ്ടായിരുന്നു. കറുത്ത ചെറിയ മീശ. ജനനംകൊണ്ടു അവർ ഒരു ജമ്മൻകാരിയായിരുന്നു. ഒരുവക കാപ്പിരിവഗ്ഗത്തിൽ പെട്ടമത്രെ-ശരി........ഞങ്ങളുടെ ഈ വെപ്പുകാരൻ....ഇതു ഒരു തമാശയുള്ള കഥയായിരിക്കും. കേട്ടോ."

വെപ്പുകാരൻ പലഹാരം ചീത്തയാക്കിയതും, ശിക്ഷയായ മുഴുവനും അവൻതന്നെ തിന്നേണ്ടിവന്നതും, അതിൻെറ ഫലമായി അവന്നു സുഖക്കേടുപിടിച്ചതും മററുമായിരുന്നു ആ കഥയുടെ ഉള്ളടക്കം.

"ഈ കഥ രസമില്ല" ഞാൻ അതൃപ്തിയോടെ പറഞ്ഞു.

"എന്നാൽ തമാശയുള്ള കഥയേതാണ്? നീ പറയൂ."

"എനിക്കറിയുകയില്ല."

"എന്നാൽ പിന്നെ നീ മിണ്ടാതിരിക്കണം."

പിന്നെ അയാാം വേറൊരു കഥ പറയാൻ തുടങ്ങി.

ചിലപ്പോഠം എൻെറ മച്ചുനന്മാർ ഞങ്ങളുടെ വീട്ടിൽ വിരുന്നുവരും. മൈക്കേലമ്മാമൻെറ മടിയനായ സാഷയും, യാക്കോവമ്മാമൻെറ ബുദ്ധിയുള്ള സാഷയും. ഒരുദിവസം ഞങ്ങഠം മൂന്നുപേരുംകൂടി, ആലയുടെ മേൽപുരമേൽ കയറിക്കളിക്കുമ്പോഠം, ബെററ്ലങ്ങ് കൂട്ടരുടെ മുററത്തു, ഒരു വിറകുകെട്ടിന്മേലിരുന്നു ഒരു മാന്യൻ കുറെ നായക്കുട്ടികളുമായി കളിച്ചുകൊണ്ടിരിക്കുന്നതു ഞങ്ങഠം കണ്ടു. അയാഠം പച്ചനിറത്തിലുള്ള നീളമുള്ള ഒരു കോട്ടാണ് ധരിച്ചിരുന്നതു. എന്നാൽ പൂമൊട്ടയായ അയാളുടെ തലയിൽ തൊപ്പിയൊന്നും ധരിച്ചിട്ടുണ്ടായിരുന്നില്ല. എൻെറ മച്ചുനൻ നായക്കുട്ടികളിൽ ഒന്നിനെ കട്ടുകൊണ്ടുവരേണമെന്നഭിപ്രായപ്പെട്ടു. ഉടനെ ഞങ്ങഠം ഒരു വിദ്യ കണ്ടുപിടിച്ചു. മച്ചുനന്മാർ ബെററ്ലങ്ങ് കുടുംബക്കാരുടെ പടിക്കൽചെന്നു കാത്തിരിക്കുക; ഞാൻ വല്ലവിധേനയും അയാളെ ഭയപ്പെടുത്തി, അവിടെനിന്നും ഓടിച്ചുകളയുക. അയാഠം ദൂരെ മാറുമ്പോഠം, എൻെറ മച്ചുനന്മാർ മുററത്തു ചാടിക്കയറി നായക്കുട്ടിയെ എടുത്തുകൊണ്ടുവരിക. ഇതായിരുന്നു തീരുമാനം.

"ഞാൻ അയാളെ ഭയപ്പെടുത്താൻ എന്താണ് ചെയ്യേണ്ടതു?"

"അയാളുടെ പൂമൊട്ടയിൽ തുപ്പുക." എൻെറ ഒരു മച്ചുനൻ അഭിപ്രായപ്പെട്ടു.

ഒരാളുടെ പൂമൊട്ടയിൽ തുപ്പുന്നതു അത്ര ഗൌരവമുള്ള ഒരു കുററമായി ഞാൻ കരുതിയില്ല. ആളുകഠം അതിലും എത്രയോ ഗൌരവമുള്ള കുററങ്ങഠം ചെയ്യുന്നുണ്ടെന്നെനിക്കറിയാം. അതുകൊണ്ടു ഞാൻ ഏററകാര്യം ചെയ്യുന്നതിൽ വൈമുഖ്യം കാണിച്ചില്ല.

എന്നാൽ ആ സംഭവം വലിയ ഒച്ചപ്പാടുണ്ടാക്കി. ബെററ്ലങ്ങ് വീട്ടിലെ കുറെ സ്ത്രീകളും പുരുഷന്മാരും ഞങ്ങളുടെ മുററത്തേക്കോടിവന്നു. മുമ്പിൽ ഓടിയെത്തിയതു സുമുഖനായ ഒരു പട്ടാളഉദ്യോഗസ്ഥനായിരുന്നു. ഞാൻ ഈ കുററം ചെയ്യുമ്പോഠം എൻെറ

മച്ചുനന്മാർ പടിപ്പുരക്കു മുമ്പിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ടു അവർ തികച്ചും നിർദ്ദോഷികളായി കണക്കാക്കപ്പെട്ടു. ബെററ്ലങ്ങ് കൂട്ടരെ തൃപ്തിപ്പെടുത്തുവാൻവേണ്ടി അച്ഛാച്ഛൻ വിധിച്ച കഠിനശിക്ഷ മുഴുവൻ ഞാൻതന്നെ അനുഭവിക്കേണ്ടിവന്നു.

അടികൊണ്ടു പരവശനായി ഞാൻ അടുക്കളയിൽ കിടക്കുകയായിരുന്നു. അപ്പോറം പ്യോട്ടർഅമ്മാമൻ വിശേഷവിധിയായി വസ്ത്രം ധരിച്ചുകൊണ്ടു എൻെറ അരികെ വന്നു. അദ്ദേഹത്തിന്നു എന്തോ രസംപിടിച്ചിട്ടുള്ളതുപോലെ തോന്നി.

"അതു വളരെ തമാശയുള്ള ഒരു കണ്ടുപിടുത്തംതന്നെയാണ്, ഛങ്ങാതി!" അയാറം പതിഞ്ഞസ്വരത്തിൽ എന്നെ അനുമോദിച്ചു. "അയാറംക്കതു കിട്ടണം; ആ കിഴവൻ കോലാട്ടിന്നു. അവിടെയുള്ള എല്ലാ ആളുകളുടെയും തലയിൽ തുപ്പേണ്ടിയിരുന്നു. അയാളുടെ തലയിൽ ഒരു വലിയ കല്ലും വലിച്ചിടേണ്ടതായിരുന്നു!"

പച്ചക്കോട്ടു ധരിച്ച ആ മനുഷ്യൻെറ, രോമമൊന്നും കാണാനില്ലാത്ത, ആ വട്ടമുഖം എനിക്കിപ്പോഴും ഓർമ്മിക്കുവാൻ കഴിയും. തലയിൽ വീണുകിടക്കുന്ന എൻെറ ഉമിനീർ കൈകൊണ്ടു തുടച്ചുകളയുമ്പോറം ഒരു നായക്കുട്ടിയെപ്പോലെ അയാറം ഒച്ചയെടുക്കുന്നുണ്ടായിരുന്നു.

ഈ സംഭവം മുതൽ ഞാൻ എൻെറ മച്ചുനന്മാരെ വെറുക്കുവാൻ തുടങ്ങി. എനിക്കു വല്ലാത്ത ലജ്ജതോന്നി. പ്യോട്ടർ അമ്മാമൻെറ മുഖത്തുനോക്കിയപ്പോറം, എനിക്കയാളോടും വെറുപ്പു തോന്നി അച്ഛാച്ഛൻ എന്നെ പ്രഹരിച്ചപ്പോറം, അദ്ദേഹത്തിൻെറ മുഖത്തു തെളിഞ്ഞുകണ്ട അതേ രൂക്ഷതയാണ് പ്യോട്ടരുടെ മുഖത്തും പ്രത്യക്ഷപ്പെട്ടതു.

"ഫോ, പുറത്തു" ഞാൻ കാലും കൈകളും ഇളക്കിക്കൊണ്ടു പ്യോട്ടരോടാവശ്യപ്പെട്ടു.

അയാറം പൊട്ടിച്ചിരിച്ചു, കണ്ണുചിമ്മിയുംകൊണ്ടെഴുന്നേററ.

അതിന്നുശേഷം അയാളോടു സംസാരിച്ചുകൊണ്ടിരിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. ഞാൻ അയാളിൽനിന്നും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. അയാളിൽനിന്നും എന്തോ ഒരാപത്തുണ്ടാകാൻപോകുന്നുണ്ടെന്ന ഭയത്തോടെ ഞാൻ അയാളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുവാൻ തുടങ്ങി.

ഈ സംഭവത്തെ തുടൎന്നു മററുചില സംഗതികളും ഉണ്ടായി. ഓവ്സ്യാനിക്കോവ് വീട്ടുകാരെക്കുറിച്ചു എനിക്കു വലിയ മതിപ്പായിരുന്നു. ആ വീട്ടിൽ യക്ഷികഥകളിൽ പറയുന്നമാതിരിയിലുള്ള ചില സംഭവങ്ങറം നടന്നുകൊണ്ടിരിക്കുന്നതായി ഞാൻ ഊഹിച്ചു.

ബെററ്ലങ്ങുക്രൂട്ടരുടെ വീട്ടിൽ എപ്പോഴും ബഹളമായിരിക്കും. അവിടെ സുന്ദരികളായ കുറെ യുവതികറം ഉണ്ടായിരുന്നു. ചിരിച്ചും കളിച്ചും തമാശപറഞ്ഞും നടക്കുന്ന ഏതാനും വിദ്യാൎത്ഥികളും ഉദ്യോഗസ്ഥന്മാരും ഈ യുവതികളുമായി പ്രേമബന്ധത്തിൽ ഏൎപ്പെട്ടിട്ടുണ്ടു. ആ വീട്ടിന്നുതന്നെ അസാധാരണമായ എന്തോ ഒന്നുണ്ടു. എൻെറ അച്ഛാച്ഛൻ ആ വീട്ടുകാരെ തീരെ ഇഷ്ടപ്പെട്ടില്ല

"അവിശ്വാസികറം! മ്ലേച്ഛന്മാർ!" അവിടെയുള്ളവരെ പൊതുവിൽ അങ്ങിനെയാണദ്ദേഹം തരംതിരിച്ചതു. ആ വീട്ടിലെ സ്ത്രീകളെക്കുറിച്ചു പറയുമ്പോറം വളരെ അശ്ലീലമായ പദങ്ങളാണ് അദ്ദേഹം ഉപയോഗിക്കാറുള്ളത്. ഒരുദിവസം പ്യോട്ടർ ആ വാക്കുകളുടെ അൎത്ഥം വളരെ അറപ്പുതോന്നിക്കുന്ന ഭാഷയിൽ എനിക്കു വിവരിച്ചുതന്നു.

ഓവ്സ്യാനിക്കോവ് വീട്ടുകാരെക്കുറിച്ചു അച്ഛാച്ഛന്നും വലിയ മതിപ്പായിരുന്നു.

അതു ഉയരമുള്ള ഒരു ഒററനിലക്കെട്ടിടമാണ്. പിൻഭാഗത്തു പച്ചപ്പരവതാനിവിരിച്ചപോലെ പുല്ലുനിറഞ്ഞുനില്ക്കുന്ന ഒരു വൃത്തിയുള്ള മുററമുണ്ടു. മുററത്തിൻെറ മദ്ധ്യത്തിൽ രണ്ടു തൂണുകളിന്മേൽ നില്ക്കുന്ന മേൽപ്പുരയോടുകൂടിയ ഒരു കിണറുണ്ടു—ആ വീടു നിരത്തിൽനിന്നും വളരെ അകലെയാണ്; ആരും കാണാതിരിക്കാൻ ഒളിച്ചുനില്ക്കുകയാണെന്നു തോന്നും. കമാനങ്ങളുള്ള മൂന്നു ചെറിയ ജനലുകളുടെ കണ്ണാടിച്ചില്ലുകളിൽ സൂര്യകിരണങ്ങൾ പതിച്ചു പല നിറങ്ങൾ പ്രത്യക്ഷപ്പെടും. പടിവാതിലിൻെറ ഒരു ഭാഗത്തുള്ള കളപ്പുരക്കും അതുപോലുള്ള മൂന്നു ജനലുകൾ ഉണ്ടു. ഈ ജനലുകൾക്കു എന്തോ ഒരു ഭംഗികേടുണ്ടു. നിരത്തിൽനിന്നും അകന്നൊഴിഞ്ഞു ജീവിക്കാൻ ശ്രമിക്കുന്നതിൽ വീടിനെപ്പററി ആ പടിപ്പുര അനുകമ്പപ്രദർശിപ്പിക്കുകയായിരിക്കും. ഒഴിഞ്ഞ കുതിരലായങ്ങളും, കളപ്പുരകളും, വലിയ പടിവാതിലുകളും ഉള്ള ഈ വീടു, വൈഷമ്യങ്ങളെ തരണംചെയ്യുകയാണെന്നു വ്യക്തമാണ്; എന്നാൽ അഭിമാനകരമാംവണ്ണം അന്തസ്സുപാലിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടു.

നരച്ച സൂചിപോലെ കൂത്ത മീശരോമങ്ങളുള്ള ഒരു പൂമൊട്ടക്കാരൻ ചിലപ്പോൾ ആ മുററത്തുകൂടി നടക്കുന്നതു കാണാം. മറെറാരു മീശക്കാരൻകിഴവൻ ലായത്തിൽനിന്നു, നരനിറമുള്ള ഒരു കുതിരയെ, പുറത്തേക്കു നയിക്കും. മെലിഞ്ഞു നീണ്ട ആ കുതിര, മുററത്തെത്തിയാൽ, അടുത്തുകാണുന്ന സകല വസ്തുക്കളോടും തലയാട്ടിക്കൊണ്ടിരിക്കും. കിഴവൻ അതിനെ കുറച്ചുനേരം പ്രഹരിച്ചു, ദീർഘശ്വാസംവിട്ടു, വീണ്ടും ലായത്തിലേക്കുതന്നെ തിരികെക്കൊണ്ടുപോകും. ആ കിഴവന്നു ആ വീട്ടിൽനിന്നും രക്ഷപ്പെടേണമെന്നാഗ്രഹമുള്ളതുപോലെ തോന്നി. എന്നാൽ എന്തോ ഒരു മാന്ത്രികശക്തി അയാളെ അവിടെ പിടിച്ചുനിർത്തി.

മിക്കവാറും എല്ലാ ദിവസങ്ങളിലും ഉച്ചമുതൽ വൈകുന്നേരംവരെ മൂന്നു ചെറുകുട്ടികൾ, മുററത്തു കളിച്ചുകൊണ്ടിരിക്കും. അവരുടെ കാൽസ്രായിയും കുപ്പായവും തൊപ്പിയും ഒരേനിറത്തിലും

ആകൃതിയിലുമായിരുന്നു. എല്ലാംകൊണ്ടും അവർ തമ്മിൽ വലിയ സാമ്യമായിരുന്നു. വലിപ്പത്തിലുള്ള വ്യത്യാസംനോക്കി മാത്രമെ, അവരെ തിരിച്ചറിയാൻ കഴിഞ്ഞുള്ളു.

ഞാൻ വേലിക്കരികെനിന്നു അവരെ സൂക്ഷിച്ചുനോക്കി. എന്നാൽ അവർ എന്നെ കണ്ടില്ല. എനിക്കറിയാത്ത പല കളികളും വളരെ സൌഹാർദ്ദത്തോടെ, അവർ ഒപ്പംചേൎന്നു കളിക്കുന്നതു കാണാൻ എനിക്കു വലിയ കൌതുകംതോന്നി. അവരുടെ വസ്ത്രങ്ങൾ എനിക്കിഷ്ടമായി. അവരന്യോന്യം പ്രദർശിപ്പിച്ച സൌഹാർദ്ദം എന്നെ ആകർഷിച്ചു. വിശേഷിച്ചും മൂത്ത രണ്ടു കുട്ടികളും ഇളയവനോടു കാണിച്ച സ്നേഹം എന്നെ പുളകംകൊള്ളിച്ചു. ആ കുട്ടി വീണുപോയാൽ, മൂത്ത രണ്ടുപേരും സാധാരണ ആരെങ്കിലും വീണാൽ നാമെല്ലാം ചിരിക്കാറുള്ളതുപോലെ, ചിരിക്കാറുണ്ട്. എന്നാൽ അവരുടെ ചിരിയിൽ പരിഹാസത്തിൻെറ യാതൊരു ലാഞ്ഛനയുമുണ്ടായിരുന്നില്ല. അവർ ഉടനെ അനുജനെ പിടിച്ചെഴുന്നേല്പിക്കും. കാലിന്നും കൈക്കും പുരണ്ടിരിക്കുന്ന അഴുക്കുകൾ ഉറുമാൽകൊണ്ടു തുടച്ചുകൊടുക്കും.

"വൃത്തികെട്ട കുട്ടി!" രണ്ടാമൻ പറയും.

അവർ ഒരിക്കലും അന്യോന്യം കലഹിക്കാറില്ല. അന്യോന്യം കുസൃതികളിക്കാറുമില്ല. അവർ മൂന്നുപേരും ശക്തിയും, ആരോഗ്യവും, ചുറുചുറുക്കും, ഉല്ലാസവുമുള്ള കുട്ടികളായിരുന്നു.

ഒരു ദിവസം ഞാൻ ഒരു മരക്കൊമ്പിൽ കയറിയിരുന്നു അവർക്കു കേൾക്കുവാൻവേണ്ടി, ചൂളമിട്ടുംകൊണ്ടിരുന്നു. ശബ്ദം കേട്ടു അവർ തിരിഞ്ഞുനോക്കി. പിന്നെ മൂന്നുപേരും ചേൎന്നു എന്തോ ആലോചിച്ചുറച്ചു. അവർ എന്നെ കല്ലെറിയുവാൻ ഒരുക്കംകൂട്ടുകയാണെന്നു ഞാൻ വിചാരിച്ചു. ഞാൻ താഴെ ഇറങ്ങി. കീശകളിൽ കല്ലുകൾ പെറുക്കി നിറച്ചു വീണ്ടും മരത്തിന്മേൽ കയറിയിരുന്നു.

എന്നാൽ അവർ മുററത്തിൻെറ അങ്ങേ മൂലയിൽപോയി കളിക്കു വാൻ തുടങ്ങി. അവർ എന്നെക്കുറിച്ചു തീരെ വിസ്മരിച്ചുകളഞ്ഞു. എനിക്കു വലിയ നിരാശതോന്നി. ഞാനായിട്ടാദ്യം ലഹളക്കൊരു മ്പെടുന്നതു യുക്തമല്ലെന്നു എനിക്കുതോന്നി. അതുകൊണ്ടു ഞാൻ അങ്ങോട്ടു കല്ലെറിഞ്ഞില്ല. അപ്പോഴേക്കും അവരുടെ വീട്ടിൻെറ ജനാലിന്നടുത്തുനിന്നു ആരോ വിളിച്ചുപറഞ്ഞു.

"കുട്ടികളെ! ഇങ്ങോട്ടുവരൂ, വേഗം!"

അവർ വളരെ അനുസരണത്തോടെ, വാത്തുകൾ നടന്നുപോകുമ്പോലെ, സാവധാനത്തിൽ അകത്തേക്കു പോയി.

എന്നേയും അവരോടൊപ്പം കളിക്കുവാൻ വിളിച്ചേക്കുമെന്ന പ്രതീക്ഷയോടെ, ഞാൻ വളരെ പ്രാവശ്യം മരത്തിന്മേൽ കയറി ഇങ്ങിനെ അവരുടെ ശ്രദ്ധയെ ആകൎഷിക്കുവാൻ ശ്രമിച്ചു. എന്നാൽ അവർ എന്നെ കളിക്കുവാൻ വിളിച്ചില്ല. ഞാൻ അവരോടു പലതും വിളിച്ചു പറഞ്ഞു. പല ശബ്ദങ്ങളും പുറപ്പെടുവിച്ചു. ഉച്ചത്തിൽ ചിരിച്ചു. അവരുടെ കളികളിൽ പങ്കുകൊള്ളുന്നതായി നടിച്ചു. അപ്പോഴെല്ലാം അവർ എന്നെ നോക്കി, അന്യോന്യം എന്തെല്ലാമോ പറയും. ഞാൻ ലജ്ജിച്ചു മരത്തിന്മേൽനിന്നു താഴെ ഇറങ്ങുകയും ചെയ്യും.

ഒരു ദിവസം അവർ ഒളിച്ചുകളിക്കുകയായിരുന്നു. രണ്ടാമൻ മററു രണ്ടുപേരെയും തിരഞ്ഞുപിടിക്കണം. അവൻ കുളപ്പുരയുടെ അടുത്തു കണ്ണുപൊത്തിയിരുന്നു. മൂത്തകുട്ടി കുളപ്പുരയുടെ പിൻഭാഗത്തു ചെന്നൊളിച്ചു. മൂന്നാമൻ എവിടെ ഒളിക്കേണമെന്നറിയാതെ, നാലുപാടും ഓടുകയായിരുന്നു.

"ഒന്നു." രണ്ടാമൻ പറഞ്ഞു "രണ്ടു."

ഇളയകുട്ടി, കിണററിൻെറ ആൾമറയിന്മേൽ കയറി തൊട്ടിക്കുകെട്ടിയ കയർ പിടിച്ചു. അവൻ തൊട്ടിയിൽ കയറിയിരുന്നു.

തൊട്ടി കിണററിൻെറ പാൾപങ്ങളിൽ തടഞ്ഞുംകൊണ്ടു കിണററിലേക്കു താഴാൻ തുടങ്ങി.

ഞാൻ ഭയംകൊണ്ടു വിറങ്ങലിച്ചുപോയി. തൊട്ടിയും കുട്ടിയും കിണററിൽ താണുപോകയാണ്. എന്താണ് സംഭവിക്കാൻ പോകുന്നതെന്നു എനിക്കു മനസ്സിലായി. ഞാൻ അവരുടെ മുററത്തേക്കോടി. ഞാൻ വിളിച്ചുപറഞ്ഞു.

"അവൻ കിണററിൽ വീണുപോയി." രണ്ടാമനും കിണററിന്നരികെ എത്തി. അവൻ കയറിൻെറ അററംപിടിച്ചു. അവനും മുന്നോട്ടു വലിഞ്ഞുപോകുന്നതു കണ്ടപ്പോഠം, ഞാൻ അവനെ മുറുകെ പിടിച്ചു. അപ്പോഴേക്കും മൂത്തകുട്ടിയും അവിടെ എത്തി.

ഞങ്ങഠം തൊട്ടി വലിച്ചുകയററാൻ തുടങ്ങി.

"അത്രവേഗത്തിൽ വലിക്കരുത്." അവൻ പറഞ്ഞു.

ഞങ്ങഠം ആ കുട്ടിയെ രക്ഷപ്പെടുത്തി. അവൻ പേടിച്ചരണ്ടുപോയിരുന്നു. അവൻെറ വിരലുകളിൽനിന്നു ചോരയൊലിക്കുന്നുണ്ടായിരുന്നു. കവിളത്തു ഒരു ചെറിയ പരുക്കുണ്ട്. അരയോളം നനഞ്ഞിരിക്കുന്നു. മുഖം വല്ലാതെ വിളറിയിട്ടുണ്ട്. അവൻ ചിരിച്ചു. എന്നാൽ ഭയപ്പെട്ടുകൊണ്ടു പറഞ്ഞു.

"എന്തൊരു വീഴ്ച!"

"ഒരു കിറുക്കൻ കുട്ടി!" രണ്ടാമൻ അവൻെറ മുഖത്തുനിന്നും ചോരതുടച്ചു അവനെ ഗാഢമായാശ്ലേഷിച്ചുകൊണ്ടു പറഞ്ഞു. മൂത്തവൻ പുരികം ചുളിച്ചു ഗൌരവത്തോടെ അഭിപ്രായപ്പെട്ടു.

"നമുക്കിതു ഒളിച്ചുവെക്കാൻ സാദ്ധ്യമല്ല. വീട്ടിലേക്കു പോകുന്നതാണ് നല്ലതു."

"നിങ്ങൾക്കു ഇതിന്നു പ്രഹരം കിട്ടുമോ?" ഞാൻ ചോദിച്ചു.

അവൻ തലയാട്ടിയുംകൊണ്ടു കൈനീട്ടി.

"നീ വളരെവേഗം ഓടിയെത്തിയതു ഭാഗ്യമായി!"

ഞാൻ അമ്പരന്നു. ഞാൻ അവന്നങ്ങോട്ടും ഹസ്തദാനം ചെയ്യുന്നതിന്നുമുമ്പായി, അവൻ അനുജനോടു പറഞ്ഞു.

"വരൂ! അല്ലാഞ്ഞാൽ അവന്നു തണുപ്പുപിടിക്കും. അവൻ തനിയെ വീണുപോയതാണെന്നു പറയാം. കിണററിൽ വീണതു പറഞ്ഞാൽ തകരാറാണ്."

"അതു ശരിയാണ്." ഇളയകുട്ടി പറഞ്ഞു. "ഞാൻ ഒരു കുഴിയിൽ വീണുപോയെന്നു മാത്രം പറയാം."

അവർ പോയി.

എല്ലാം എത്ര വേഗത്തിൽ കഴിഞ്ഞു. ഞാൻ തുള്ളിയിറങ്ങിയ മരക്കൊമ്പു അപ്പോഴും ചലിച്ചുകൊണ്ടിരിക്കുകയായിരുന്നു.

അതിൽപിന്നെ ഒരാഴ്ചയോളം അവർ പുറത്തുവന്നു കളിക്കുന്നതു കണ്ടില്ല. പിന്നീടവർ വീണ്ടും വരാൻ തുടങ്ങി. കൂടുതൽ ഒച്ചയോടെ ബഹളമുണ്ടാക്കാനും തുടങ്ങി. എന്നെ കണ്ടപ്പോൾ മൂത്തകുട്ടി സ്നേഹപൂർവ്വം വിളിച്ചുപറഞ്ഞു.

"ഞങ്ങളോടൊപ്പം കളിക്കാൻവരൂ."

ഞങ്ങൾ അടുത്തിരുന്നു അന്യോന്യം പരിചയിക്കുവാൻ ശ്രമിച്ചു.

"നിങ്ങൾക്കു അടികിട്ടിയോ?" ഞാൻ ചോദിച്ചു!

"നല്ലപോലെ കിട്ടി. സാരമില്ല. മൂത്തകുട്ടി പറഞ്ഞു.

എന്നെപ്പോലെ, ഈ കുട്ടികൾക്കു പ്രഹരങ്ങൾ കിട്ടാറുണ്ടെന്നു വിശ്വസിക്കുവാൻ എനിക്കു പ്രയാസംതോന്നി. അതന്യായമാണെന്നും എനിക്കുതോന്നി.

"നീ എന്തിനാണ് പക്ഷികളെ പിടിക്കുന്നതു? ചെറിയകുട്ടി ചോദിച്ചു.

"അവ നന്നായി പാടുന്നതുകൊണ്ടു."

"ഇനി അവയെ പിടിക്കരുത്. അവ സ്വാതന്ത്ര്യമായി അവക്കിഷ്ടമുള്ള സ്ഥലത്തു ജീവിച്ചുകൊള്ളട്ടെ."

"ശരി, ഇനി ഞാൻ പക്ഷികളെ പിടിക്കയില്ല."

"അല്ലെങ്കിൽ ആദ്യം ഒരു പക്ഷിയെ എനിക്കു പിടിച്ചു തരണം. പിന്നെ പിടിക്കേണ്ട."

"ഏതു പക്ഷിയാണ് വേണ്ടത്?"

"തമാശയുള്ള ഒന്നു. കൂട്ടിൽ വളത്താൻ പററുന്ന ഒന്നു."

"ഒരു നല്ല കിളിയായാലോ."

"പൂച്ച അതിനെ കൊന്നുകളയും." രണ്ടാമൻ പറഞ്ഞു. "അച്ഛാച്ഛൻ അതിനെ പോററാൻ അനുവദിക്കുകയുമില്ല."

"അതു ശരിയാണ്." മൂത്തകുട്ടി സമ്മതിച്ചു.

"നിങ്ങൾക്കു അമ്മയില്ലെ?"

"ഇല്ല. മൂത്തകുട്ടിപറഞ്ഞു. എന്നാൽ രണ്ടാമൻ ഇങ്ങിനെ തിരുത്തി.

"ഞങ്ങൾക്കു വേറൊരമ്മയുണ്ടു. ഞങ്ങളുടെ അമ്മയല്ല. ഞങ്ങളുടെ അമ്മ മരിച്ചുപോയി."

"അതായതു ചിററമ്മ" ഞാൻ പറഞ്ഞു. മൂത്തകുട്ടി തലയാട്ടി.

"അതു ശരിയാണ്."

അവർ മൂന്നുപേരും കുറെനേരം മൌനം അവലംബിച്ചു.

അമ്മമ്മ പറഞ്ഞുതരാറുള്ള കഥകളിൽനിന്നു, ചിററമ്മമാർ എന്തുമാതിരിയായിരിക്കുമെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. അവർ മിണ്ടാതിരിക്കുന്നതെന്തുകൊണ്ടാണെന്നു എനിക്കു വ്യക്തമായി. അവർ അടുത്തടുത്തിരിക്കുകയാണ്. ജാലവിദ്യക്കാരിയായ ഒരു ചിററമ്മ, ശരിയായ അമ്മയുടെ സ്ഥാനംവഹിക്കാൻ ശ്രമിച്ച ഒരു കഥ എനിക്കോർമ്മവന്നു. ഞാൻ കുട്ടികളെ സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

''വ്യസനിക്കേണ്ട. നിങ്ങളുടെ ശരിയായ അമ്മ തിരിച്ചു വരും.''

"എങ്ങിനെ വരാൻകഴിയും? അവർ മരിച്ചുപോയില്ലേ? അതൊരിക്കലും സാദ്ധ്യമല്ല." മൂത്തകുട്ടി ചുമലുകളിളക്കിയുംകൊണ്ടു പറഞ്ഞു.

ഒരിക്കലും സാദ്ധ്യമല്ല? തീർത്ഥവെള്ളം കുടഞ്ഞാൽ, തനിയെ മരിച്ച ആളുകൾ മാത്രമല്ല, കഷണങ്ങളാക്കി നുറുക്കിക്കൊലപ്പെട്ടുത്തപ്പെട്ടവർപോലും ഉയർത്തെഴുന്നേൽക്കുമെന്നാണ് പറയുന്നത്. അത്തരം കഥകൾ വളരെയെണ്ണം എനിക്കറിയാം. മരണം യഥാർത്ഥത്തിൽ മരണമല്ലാതിരുന്നിട്ടുണ്ടു. മാരണക്കാരുടെ ജാലവിദ്യ മാത്രം!

ഞാൻ അമ്മമ്മ പറഞ്ഞുതന്ന കഥകൾ അവരോടു പറയാൻ ഭാവിച്ചു, എന്നാൽ മൂത്തകുട്ടി ചിരിച്ചുംകൊണ്ടെന്നോടു പറഞ്ഞു.

"ആ കഥകളെല്ലാം ഞങ്ങളും കേട്ടിട്ടുണ്ടു. അവയെല്ലാം വെറും യക്ഷികഥകൾ മാത്രമാണ്."

അവന്റെ അനുജൻ അവന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടു. ഇളയകുട്ടി പുരികംചുളിച്ചു ചുണ്ടുകൾ അമരപ്പിടിച്ചു. രണ്ടാമൻ ഒരു കൈകൊണ്ടു തന്റെ കാൽമുട്ടിൽ താങ്ങി മറെറക്കൈ ചെറിയ കുട്ടിയുടെ കഴുത്തിൽ ചുററി.

വൈകുന്നേരമായപ്പോഠം ആകാശത്തിന്നു ഭംഗികൂടി. ഇളം ചുകപ്പുള്ള മേഘങ്ങഠം ആകാശത്തിൽ നിരന്നു. അപ്പോഠം നരച്ച മീശയോടുകൂടിയ ആ കിഴവൻ ഞങ്ങളുടെ അടുത്തുവന്നു. ഒരു പാതിരിയച്ചനെപ്പോലെ, അയാഠം തവിട്ടുനിറമുള്ള ഒരു കുപ്പായമാണ് ധരിച്ചിരുന്നതു്. തലയിൽ ഒരു രോമത്തൊപ്പിയും ഉണ്ടായിരുന്നു.

"അതാരാണ്?" അയാഠം എൻെറ നേരെ വിരൽചൂണ്ടിയുംകൊണ്ടു ചോദിച്ചു.

മൂത്തകുട്ടി എഴുന്നേററുനിന്നു, ഞങ്ങളുടെ വീട്ടിന്നു നേരെ ചൂണ്ടിക്കാണിച്ചു.

"ആ വീട്ടിലാണ്."

"ഇവിടെ വരാൻ അവനോടാരാണ് പറഞ്ഞതു?"

മൂന്നു കുട്ടികളും ഒന്നും മിണ്ടാതെ വീട്ടിലേക്കുപോയി. വളരെ അനുസരണമുള്ള മൂന്നു വിത്തുകളെയാണ് എനിക്കപ്പോഴും ഓർമ്മ വന്നതു്.

കിഴവൻ എൻെറ കുഞ്ചിക്കുപിടിച്ചു എന്നെ മുററത്തുകൂടി പടിവാതില്ക്കലേക്കു വലിച്ചുകൊണ്ടുപോയി. ഞാൻ പേടിച്ചു കരയാൻഭാവിക്കുകയായിരുന്നു. അപ്പോഴേക്കും അയാഠം എന്നെയുംകൊണ്ടു നിരത്തിൽ എത്തിക്കഴിഞ്ഞിരുന്നു. എൻെറ നേരെ വിരൽ ചൂണ്ടിയുംകൊണ്ടു അയാഠം താക്കീതുചെയ്തു.

"ഇനി എന്നെക്കാണാൻ നീ ഇവിടെ വരാൻപാടില്ല."

"ഞാൻ നിങ്ങളെ കാണാനല്ല വന്നതു. കിഴവൻ ചെകുത്താനെ." ഞാൻ കോപത്തോടെ മറുപടി പറഞ്ഞു.

"നിൻെറ അച്ഛാച്ഛൻ വീട്ടിൽ ഉണ്ടോ?" എൻെറ നിർഭാഗ്യത്തിന്നു അദ്ദേഹം വീട്ടിൽ ഉണ്ടായിരുന്നു. അയാഠം കോപിച്ചു വിറ

ക്കുന്ന ഈ കിഴവൻെറ മുമ്പിൽ തല പിന്നാക്കം ചരിച്ചു, കണ്ണു മിഴിച്ചു ഭയംനടിച്ചുനിന്നു

"അവൻെറ അമ്മ ഇവിടെ ഇല്ല. എനിക്കെപ്പോഴും ജോലി തിരക്കാണ്. അവനെ നോക്കാൻ ആരുമില്ല. നിങ്ങരം ദയവായി മാപ്പാക്കണം. കേണൽ അവർകളെ!'' അപ്പൂപ്പൻ വളരെ വിനയത്തോടെയാണ് സംസാരിച്ചതു.

കേണൽ വീട്ടിലുള്ള എല്ലാവരും കേരംക്കുവാൻമാത്രം ഉച്ചത്തിൽ ഗജ്ജിച്ചുകൊണ്ടു വേഗത്തിൽ തിരിഞ്ഞുനടന്നു. കുറച്ചുകഴിഞ്ഞപ്പോരം അപ്പൂപ്പൻ എന്നെ കണക്കിൽ പ്രഹരിച്ചു, പ്യോട്ടർ അമ്മാമൻെറ വണ്ടിയിൽ പിടിച്ചിട്ടു.

"ഇന്നും അടികിട്ടി?'' പ്യോട്ടർഅമ്മാമൻ കുതിരയെ അഴിച്ചു മാററാൻ ശ്രമിച്ചുകൊണ്ടിരിക്കെ എന്നോടു ചോദിച്ചു. "ഇപ്പോരം എന്തിന്നാണ് നിനക്കടികിട്ടിയതു?"

ഞാൻ അയാളോടു സംഗതികരം വിസ്തരിച്ചു പറഞ്ഞപ്പോരം അയാരം കോപിച്ചു വിറച്ചുംകൊണ്ടു പറഞ്ഞു.

''അങ്ങിനെയുള്ള കുട്ടികളുടെ കൂട്ടുകെട്ടിന്നു നീ എന്തിന്നു പോയി? അവരെല്ലാം വലിയ ധനികന്മാരാണ്. അവരെച്ചൊല്ലി നിനക്കു കിട്ടിയ സമ്മാനം കണ്ടില്ലെ? ഇനി അവരും ഒരു പാഠം പഠിക്കട്ടെ."

അയാരം പിറുപിറുത്തുംകൊണ്ടിരുന്നു. കലശലായ വേദന സഹിച്ചുകൊണ്ടിരിക്കെ, ആദ്യം, ഞാൻ അയാരം പറയുന്നതിനോടനുകൂലിച്ചു. എന്നാൽ അയാളുടെ അറപ്പുതോന്നിക്കുന്ന മുഖഭാവം കണ്ടപ്പോരം, എൻെറ അഭിപ്രായം മാറി. ഞാൻ വല്ലതും ചെയ്താൽ എൻെറ കുററംകൊണ്ടു നിർദ്ദോഷികളായ ആ കുട്ടികരംക്കു പ്രഹരം കിട്ടുമെന്നു എനിക്കു ബോദ്ധ്യമായി. അവരാണെങ്കിൽ എനിക്ക് യാതൊരു ദ്രോഹവും ചെയ്തിട്ടുമില്ല.

"അവക്ക യാതൊരു ദ്രോഹവും ചെയ്യേണ്ടതായ കാര്യമില്ല." ഞാൻ പറഞ്ഞു. "നിങ്ങറം പറയുന്നതു തികച്ചും കളവാണ്."

അയാറം എന്നെ മിഴിച്ചുനോക്കി, പിന്നീടു ഉച്ചത്തിൽ പറഞ്ഞു.

''എൻെറ വണ്ടിയിൽനിന്നു പുറത്തിറങ്ങൂ."

"വിഡ്ഢി!'' ഞാൻ താഴെ തുള്ളിയിറങ്ങിയുംകൊണ്ടു അയാളെ അധിക്ഷേപിച്ചു.

''വിഡ്ഢിയോ? ഞാനോ? ഞാൻ കളവുപറകയാണെന്നോ? ഞാൻ? ഞാൻ നിനക്കു കാണിച്ചുതരാം.''

അയാറം എന്നെ പിടിക്കുവാൻ മുററംചുററിയുംകൊണ്ടെൻെറ പിന്നാലെ ഓടി. പക്ഷെ അയാറംക്കു എന്നെ പിടിക്കുവാൻ കഴിഞ്ഞില്ല.

അടുക്കളയുടെ വാതിലിന്നടുത്തു എൻെറ അമ്മമ്മ വന്നുനില്ക്കുന്നതു ഞാൻ കണ്ടു. ഞാൻ അങ്ങോട്ടോടിച്ചെന്നു. അയാറം അമ്മമ്മയോടു എന്നെക്കുറിച്ചു പല ആവലാതികളും പറഞ്ഞു.

''ഞാൻ ഈ കുട്ടിയെക്കൊണ്ടു പൊറുതിമുട്ടി. അവൻെറ വാക്കുകറംക്കു യാതൊരു വകതിരിവുമില്ല. അവൻ എന്നെ ചീത്ത പറയുകയാണ്–അവൻെറ അഞ്ചിരട്ടിവയസ്സുള്ള എന്നെ "

എൻെറ മുമ്പിൽവെച്ചു ആളുകറം കളവുപറയാൻ തുടങ്ങിയാൽ എനിക്കതു സഹിക്കാൻ സാദ്ധ്യമല്ല. പ്യോട്ടരുടെ വാക്കുകറം കേട്ടപ്പോറം എനിക്കെന്തെന്നില്ലാത്ത ക്രോധംതോന്നി. എനിക്കയാളോടു സമാധാനം പറയാൻ പററിയ വാക്കുകറം തോന്നിയില്ല. എന്നാൽ അമ്മമ്മ അയാളെ ശാസിച്ചു.

"പിന്നെ, ഒരുകാര്യം. പ്യോട്ടർ, നിങ്ങറം, കുറെ കടന്നു സംസാരിക്കുകയാണ്. അവൻ നിങ്ങളെ ചീത്തപറഞ്ഞു എന്നാണോ നിങ്ങറം പറയുന്നതു?"

ആ വണ്ടിക്കാരൻെറ വാക്കുകൾ, അച്ഛാച്ഛനാണെങ്കിൽ, അപ്പടി വിശ്വസിച്ചുകളയുമായിരുന്നു.

അതിൽപിന്നെ ഞാനും അയാളും തമ്മിൽ തീരെ വിരോധത്തിലായി.

അബദ്ധത്തിൽ തട്ടിപ്പോയതാണെന്ന നാട്യത്തിൽ, കുതിരയുടെ കടിഞ്ഞാൺ ഇടക്കൊക്കെ, എൻെറ ദേഹത്തിൽ കൊള്ളിക്കാൻ അയാൾ തക്കംപാർത്തിരിക്കും. അയാൾ എൻെറ പക്ഷികളെ തുറന്നുവിട്ടു. ഒരുദിവസം പൂച്ചയെക്കൊണ്ടു പക്ഷികളെ ഉപദ്രവിപ്പിക്കുവാൻ ശ്രമിച്ചു. എപ്പോഴും അച്ഛാച്ഛനോടു എന്നെക്കുറിച്ചു ആവലാതികൾ പറഞ്ഞു. അയാൾ ഒരു വെറും കുട്ടിയെപ്പോലെ പകവെച്ചെന്നോടു പെരുമാറാൻ തുടങ്ങി. ഞാനും അയാളെ വെറുതെവിട്ടില്ല. അയാളുടെ ചെരിപ്പിൻെറ തോലുകൾ വലിച്ചുകീറി, നാടകൾ വലിച്ചുപൊട്ടിച്ചു. ഒരുദിവസം ഞാൻ അയാളുടെ തൊപ്പിയിൽ കുറച്ചു മുളകുപൊടി വിതറിക്കളഞ്ഞു. ഒരു മണിക്കൂർ മുഴുവൻ അയാൾ തുമ്മിക്കൊണ്ടിരുന്നു. അയാൾക്കു കഴിയുന്നത്ര ദ്രോഹമുണ്ടാക്കാൻ എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്തു. ഞായറാഴ്ച മുഴുവൻ സമയവും അയാൾ എൻെറ പ്രവൃത്തികൾ വീക്ഷിച്ചുകൊണ്ടു ഒരിടത്തു ഒളിച്ചിരിക്കും. ഞാൻ ഓവ്സ്യാനിക്കോവ് വീട്ടിലെ കുട്ടികളോടൊപ്പം ഇടക്കെല്ലാം കളിച്ചുകൊണ്ടിരുന്നതു അയാൾ കണ്ടുപിടിച്ചു. നേരെ വിവരം അച്ഛാച്ഛനെ അറിയിക്കുകയും ചെയ്തു.

ഞാൻ ആ കുട്ടികളുമായുള്ള സമ്പക്കം വേണ്ടെന്നുവെച്ചില്ല. എനിക്കവരുടെ സാഹചര്യത്തിൽ വലിയ സന്തോഷംതോന്നി. ഞങ്ങളുടെ വീട്ടിന്നും അവരുടെ പറമ്പിൻെറ അതിരിലുള്ള വേലിക്കുമദ്ധ്യേ രണ്ടു വലിയ വൃക്ഷങ്ങൾ നില്ക്കുന്നുണ്ടായിരുന്നു. ആ വൃക്ഷങ്ങളുടെ മറവിൽ വേലിക്കരികെ നിന്നുംകൊണ്ടു ഞാൻ ആ ചങ്ങാതികളോടു സംസാരിച്ചു. വേലിയിൽ ഞാൻ ഒരു വലിയ വിടവു

ണ്ടാക്കി. അതിൽക്കൂടി അവർ ഞങ്ങളുടെ തോട്ടത്തിൽ കടന്നുവന്നു. ഒരേസമയം രണ്ടുപേർ മാത്രം. ഒരാറം എപ്പോഴും അവരുടെ അച്ഛൻ വന്നുകളയുകയാണെങ്കിൽ മുന്നറിയിപ്പുതരാൻവേണ്ടി, വേലിക്കരികെ കാവൽനിന്നു.

അവരുടെ മുഷിപ്പൻ ജീവിതത്തെക്കുറിച്ചു അവർ എന്നോടു പറഞ്ഞു. ഇതെന്നെ വല്ലാതെ വേദനിപ്പിച്ചു. എൻെറ പക്ഷികളെക്കുറിച്ചും എനിക്കിഷ്ടമായ മററുകാര്യങ്ങളെക്കുറിച്ചും ഞാൻ അവരോടു പറഞ്ഞു. എന്നാൽ അവരുടെ അച്ഛനെക്കുറിച്ചോ, അവരുടെ ചിററമ്മയെക്കുറിച്ചോ, അവർ എന്നോടു പറഞ്ഞില്ല. അധികസമയവും അവർ എന്നെക്കൊണ്ടു കഥകറം പറയിക്കും. അമ്മമ്മ എനിക്കു പറഞ്ഞുതന്ന കഥകളെല്ലാം ഞാൻ അവക്ക് പറഞ്ഞുകൊടുത്തു. ഏതെങ്കിലും കഥയുടെ ഒരു ഭാഗം മറന്നുപോയിട്ടുണ്ടെങ്കിൽ, അതു ചോദിക്കുവാൻ ഞാൻ അപ്പപ്പോറം, അമ്മമ്മയുടെ അടുത്തേക്കോടും—അങ്ങിനെ ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ അമ്മമ്മ വലിയ താല്പര്യം പ്രദശിപ്പിച്ചു.

ഞാൻ പലപ്പോഴും അവരോടു എൻെറ അമ്മമ്മയെക്കുറിച്ചു പറഞ്ഞു. ഒരുദിവസം മൂത്തകുട്ടി ദീഘശ്വാസം വിട്ടുംകൊണ്ടെന്നോടുപറഞ്ഞു.

"അമ്മമ്മമാർ വളരെ നല്ലവരാണ്. ഞങ്ങറക്കും ഒരു നല്ല അമ്മമ്മയുണ്ടായിരുന്നു......."

"ഒരു കാലത്തു" "ഉണ്ടായിരുന്നു" എന്നുംമററും വളരെ വ്യസനത്തോടുകൂടി അവൻ പറയുന്നതു കേട്ടാൽ, ഒരു നൂറുവയസ്സു പ്രായമായ ഒരാളാണ് അവനെന്നു എനിക്കു തോന്നാറുണ്ട്. അവന്നു പതിനൊന്നുവയസ്സുമാത്രമെ പ്രായമുണ്ടായിരുന്നുള്ളു. അവൻെറ മെലിഞ്ഞ കരങ്ങളും നീണ്ട വിരലുകളും എനിക്കിപ്പോഴും ഓമ്മയുണ്ടു പള്ളിയിൽ കാണുന്ന പ്രതിമകളെപ്പോലെ അവൻ മെലിഞ്ഞു സൌന്ദയ്യമുള്ള ഒരു പ്രകൃതമായിരുന്നു. അവൻെറ അനുജന്മാ

രെയും ഞാൻ ഇഷ്ടപ്പെട്ടു. എനിക്കവരോടനുകമ്പതോന്നി അവക്കു വേണ്ടി വല്ലതും ചെയ്യാൻ സാധിക്കേണമെന്നു ഞാൻ ആശിച്ചു. മൂത്തകുട്ടിയെയാണ് ഞാൻ ഏററവും ഇഷ്ടപ്പെട്ടതു.

സംഭാഷണത്തിൽ മുഴികിയിരിക്കെ, പിന്നിൽക്കൂടി പ്യോട്ടർ വരുന്നതു ഞാൻ അറിയുകയില്ല. അയാൾ ഞങ്ങളെ ഭയപ്പെടുത്തും.

"എന്തു? നിങ്ങൾ വീണ്ടും ഒപ്പംകളിക്കുകയാണ്? അല്ലെ?"

അയാൾ പലപ്പോഴും നിരാശപൂണ്ടിരിക്കാറുണ്ടെന്നു ഞാൻ മനസ്സിലാക്കി. ജോലികഴിഞ്ഞു മടങ്ങിവരുമ്പോൾ അയാളുടെ മുഖഭാവം ഞാൻ വീക്ഷിക്കും. അയാൾ എപ്പോഴും പടിവാതിൽ ശക്തിയോടെ വലിച്ചുതുറക്കും—പ്യോട്ടർ കോപംപൂണ്ടിരിക്കുന്ന ദിവസങ്ങളിൽ ഇങ്ങിനെ വാതിൽവലിച്ചു തുറക്കുമ്പോൾ വല്ലാത്ത ഒരു കരക്കം വളരെ ഒച്ചയിൽ കേൾക്കാറുണ്ടു്.

പ്യോട്ടരുടെ മരുമകൻ വിവാഹം ചെയ്യാനെന്നും പറഞ്ഞു നാട്ടിൻപുറത്തേക്കുപോയി. പ്യോട്ടർ ലായത്തിന്നടുത്തുള്ള ചെറിയ മുറിയിൽ താമസം തുടൎന്നു. ഒരു ചെറിയ ജനൽമാത്രമുള്ള ആ മുറിയിൽ ഒരു വല്ലാത്ത മണം നിറഞ്ഞുനില്ക്കുന്നുണ്ടായിരിക്കും. താറിൻെറയും പുകയിലയുടെയും, തോലിൻെറയും, വിയപ്പിൻെറയും; മണങ്ങൾ കൂടികലൎന്ന ഒരനുഭവം. അതുകൊണ്ടു ഞാൻ അയാളെ കാണാൻ ആ മുറിയിലേക്കു പോകാറില്ല. ആയിടക്കു അയാൾ വിളക്കണെക്കാതെയാണ് കിടന്നുറങ്ങാറുണ്ടായിരുന്നതു. ഇതു അച്ഛാച്ഛന്നു തീരെ ഇഷ്ടമായില്ല.

"നീ നല്ലപോലെ സൂക്ഷിക്കണം. നീ ഈ വീടു അഗ്നിക്കിരയാക്കിക്കളയരുതു."

"ആ പേടിവേണ്ട. ഞാൻ വിളക്കു, വെള്ളമുള്ള ഒരു കിണ്ണത്തിൽ താഴ്ത്തിവെക്കുകയാണ് ചെയ്യാറുള്ളതു."

അയാഠംക്കെന്തോ ഒരു കുണ്ഠിതം ഉള്ളതായെനിക്കുതോന്നി. അയാഠം അമ്മമ്മയുടെ ചായസല്ലാരത്തിൽ പങ്കെടുക്കാതായി. ഞങ്ങഠംക്കു പഴക്കട്ടി സംഭാവനചെയ്യാതെയുമായി. അയാളുടെ മുഖം ഉണങ്ങിവരണ്ടുപോയി. മുഖത്തുള്ള ചുളിവുകഠംക്കു ആഴംകൂടി. നടക്കുമ്പോഠം ഒരു രോഗിയെപ്പോലെ അയാഠം വീണുപോകാൻ ഭാവിച്ചു.

ഒരുദിവസം രാവിലെ, ഞാനും അപ്പാപ്പനും, വാഴ്ക്കോട്ടുകൊണ്ട് ഹിമകണങ്ങഠം വലിച്ചുനീക്കുകയായിരുന്നു. അപ്പോഠം പടിവാതിൽ തുറക്കുന്ന ശബ്ദംകേട്ടു. ഒരു പോലീസ്സുകാരൻ പടിവാതിൽ പിറകോട്ടുചാരി, മുററത്തേക്കു കടന്നുവന്നു, അപ്പാപ്പനോടു അടുത്തുചെല്ലുവാൻ ആംഗ്യംകാണിച്ചു, അപ്പാപ്പൻ അയാളുടെ അടുത്തുചെന്നു. പോലീസ്സുകാരൻ മൂക്കുതുടച്ചുംകൊണ്ടു അദ്ദേഹത്തോട് എന്തോ പറഞ്ഞു. അപ്പാപ്പൻ അയാളോടു ചോദിച്ചു.

"ഇവിടെയോ? എപ്പോഠം? എനിക്കോർമ്മതോന്നുന്നില്ലല്ലോ?"

പെട്ടെന്നു ഞെട്ടിയുംകൊണ്ടദ്ദേഹം തുടൻു.

"ദയാലുവായ ദൈവമെ! ഈ കേഠംക്കുന്നതു പരമാർത്ഥമാണോ?"

"ശ്ശ്" പോലീസ്സുകാരൻ അദ്ദേഹത്തെ തടഞ്ഞു.

അപ്പാപ്പൻ ചുററും നോക്കി. അദ്ദേഹം എന്നെ കണ്ടു.

"വാഴ്ക്കോട്ടുമെടുത്തു അകത്തേക്കു പോയ്ക്കോളു."

ഞാൻ വീട്ടിൻെറ പിൻഭാഗത്തു ചെന്നൊളിച്ചു. അവർ പ്യോട്ടരുടെ മുറിയിൽ പ്രവേശിക്കുന്നതു ഞാൻ കണ്ടു. പോലീസ്സുകാരൻ കൈകഠംതമ്മിൽ ഉരസിക്കൊണ്ടിരുന്നു.

"അവന്നു കാര്യം മനസ്സിലായിട്ടുണ്ട്. കുതിരയെ ഉപേക്ഷിച്ചു അവൻ എവിടെയോ ഒളിച്ചോടിപ്പോയിരിക്കയാണ്."

ഞാൻ, കണ്ടതും കേരംക്കാൻ ഇടയായതും ഒന്നൊഴിയാതെ, അമ്മമ്മയോടു ചെന്നുപറഞ്ഞു. അവർ മാവു കുഴച്ചുകൊണ്ടിരിക്കെ, പൊടിപുരണ്ടു നില്ക്കുന്ന തൻെറ തലയാട്ടിയുംകൊണ്ടു് എന്നോടു പറഞ്ഞു.

"അവൻ എന്തെങ്കിലും കട്ടിട്ടുണ്ടായിരിക്കും." അവർ എന്നോടു ശാന്തസ്വരത്തിൽ കല്പിച്ചു. "പോയി കളിക്കു, നിനക്കെന്താണതുകൊണ്ടു?"

ഞാൻ മുററത്തു ചെന്നപ്പോരം അച്ഛാച്ഛൻ പടിക്കൽനിന്നു, തൊപ്പി കയ്യിലെടുത്തു് ആകാശത്തിലേക്കു നോക്കി, കുരിശുവരച്ചു നില്ക്കുന്നതാണു് കണ്ടതു്. അദ്ദേഹത്തിൻെറ മുഖം ക്രോധംകൊണ്ടു ചുവന്നിരുന്നു. കാലുകരം വിറക്കുന്നുണ്ടായിരുന്നു.

"നിന്നോടല്ലെ പറഞ്ഞതു? അകത്തേക്കുപോകാൻ." നിലത്തു ചവിട്ടിയുംകൊണ്ടു അദ്ദേഹം എന്നെ ശകാരിച്ചു.

എൻെറ പിന്നാലെതന്നെ അദ്ദേഹവും അടുക്കളയിൽ കയറിവന്നു.

"എടോ, ഒന്നിങ്ങോട്ടുവാ." അദ്ദേഹം അമ്മമ്മയെ വിളിച്ചു. അവർ അടുത്ത മുറിയിൽപോയി, എന്തെല്ലാമോ സ്വകാര്യം പറഞ്ഞു. അമ്മമ്മ പുറമെ വന്നപ്പോരം, അവരുടെ മുഖഭാവം കൊണ്ടു, എന്തോ ഭയങ്കരസംഭവം ഉണ്ടായിട്ടുണ്ടെന്നു ഞാൻ ഊഹിച്ചു.

"നിങ്ങരം എന്തിനാണു് ഇങ്ങിനെ പരിഭ്രമിക്കുന്നതു്" ഞാൻ അവരോടു ചോദിച്ചു.

"നിന്നോടാണു് മിണ്ടാതിരിക്കാൻ പറഞ്ഞതു്." അവർ ശാന്തമായി മറുപടിപറഞ്ഞു.

അന്നു മുഴുവനും വീട്ടിൽ ദുഃഖമയമായ ഒരന്തരീക്ഷമായിരുന്നു. അമ്മമ്മയും അച്ഛാച്ഛനും അന്യോന്യം നോക്കുന്നുണ്ട്. എന്നാൽ ഇടക്കെങ്ങാനും ഒററവാക്കുകൾ മാത്രമെ പറയുന്നുള്ളു.

“പ്രതിമകളുടെ മുമ്പിലുള്ള എല്ലാ വിളക്കുകളും കത്തിച്ചുവെക്കുക” അച്ഛാച്ഛൻ അമ്മമ്മയെ ഏല്പിച്ചു.

അമ്മമ്മയും അച്ഛാച്ഛനും അത്താഴത്തിനു അധികമൊന്നും ഭക്ഷിച്ചില്ല. അവർ ആരെയോ കാത്തിരിക്കയാണെന്നു ഞാൻ വിചാരിച്ചു. അച്ഛാച്ഛൻ ഇടക്കു ഇങ്ങിനെ പറഞ്ഞു.

“ചെകുത്താൻ എതിരായിക്കഴിഞ്ഞാൽ ഒരു മനുഷ്യനു എന്തൊന്നാണ് ചെയ്യാൻകഴിയുക—അവൻെറ കാര്യംതന്നെ എടുക്കുക എത്ര ശാന്തശീലനായ ഒരു മനുഷ്യൻ—എന്നിട്ടും അവൻ ചെയ്തുവെച്ചതു നോക്കുക!”

വൈകുന്നേരമായി. കാര്യങ്ങൾ കൂടുതൽ പരിഭ്രമജനകമായി മാറാൻ തുടങ്ങി.

മറെറാരു പോലീസ്സുകാരനും എത്തി. തടിച്ച, ചുകന്ന തലമുടിയോടുകൂടിയ, അയാൾ അടുക്കളയിൽ കടന്നുവന്നു ഒരു ബെഞ്ചിന്മേൽ ഇരിപ്പുറപ്പിച്ചു ഉറക്കംതൂക്കാൻ തുടങ്ങി.

“അവർ എങ്ങിനെ അതു കണ്ടുപിടിച്ചു?”

കുറച്ചുനേരം മിണ്ടാതിരുന്നശേഷം അയാൾ മറുപടിപറഞ്ഞു. “അതിനെക്കുറിച്ചു പരിഭ്രമിക്കേണ്ടതില്ല. അവക്ക് എല്ലാം കണ്ടുപിടിക്കാൻ കഴിയും.”

ഞാൻ വായിൽ ഒരു ചെമ്പുനാണയവും വെച്ചുകൊണ്ടു്, ജനലിന്നടുത്തുതന്നെ ഇരിക്കുന്നുണ്ടായിരുന്നു.

പെട്ടെന്നു വാതില്ക്കൽ ഒരു ബഹളംകേട്ടു വാതിൽ തള്ളിത്തുറന്നു പെട്രോവ്നാ, വിളിച്ചുപറഞ്ഞു:

"നിങ്ങളുടെ തോട്ടത്തിൽ എന്തു സംഭവിക്കുന്നു എന്നു പോയി നോക്കു."

പോലീസ്സുകാരനെ കണ്ടപ്പോൾ ആ സ്ത്രീ പിന്നാക്കം മാറിക്കളഞ്ഞു. എന്നാൽ അയാൾ അവളുടെ പാവാടത്തുമ്പിൽ പിടിച്ചു അവളെത്തടഞ്ഞുനിത്തിയുംകൊണ്ടു ചോദിച്ചു.

"ഒരു നിമിഷം നില്ക്കൂ, നീയാരാണ്? അവിടെ എന്തുസംഭവിച്ചു."

പെട്രോവ്നാ കുനിഞ്ഞിരുന്നു കരയാൻതുടങ്ങി.

"ഞാൻ പശുവിനെ കറക്കാൻപോയതായിരുന്നു. അപ്പോൾ കാശീറിൻെറ മുററത്തു ചെരിപ്പുള്ള രണ്ടുകാലുകൾ നില്ക്കുന്നതു കണ്ടു."

"അതു വേണ്ടാപെണ്ണേ!" അച്ചാച്ചൻ ക്രോധത്തോടെ കടന്നു പറഞ്ഞു. "ഞങ്ങളുടെ മുററത്തു ഒന്നുമില്ല. വേലി വളരെ ഉയരമുണ്ടു. എങ്ങും ഒരു പഴുതുമില്ലാ, നീ കളവുപറയുകയാണ്. അവിടെ ഒന്നും തന്നെയില്ല.

പെട്രോവ്നാ ഒരു കൈ അദ്ദേഹത്തിൻെറ നേരെ ചൂണ്ടി, മറെറക്കൈകൊണ്ടു തലതാങ്ങിപ്പിടിച്ചുകൊണ്ടു പറഞ്ഞു

"ഞാൻ കളവുപറയുകയാണെന്നദ്ദേഹം പറയുന്നതു നേരാണ്. ഞാൻ നടന്നുപോകയായിരുന്നു. അപ്പോൾ പെട്ടെന്നു വേലിക്കുട്ടത്തേക്കു ആരോ കടന്നുപോയ കാലടികൾ ഹിമത്തിന്മേൽ പതിഞ്ഞുനില്ക്കുന്നതായിക്കണ്ടു. അതുകൊണ്ടു ഞാൻ വേലിയുടെ അടുത്തു ചെന്നു നോക്കി അപ്പോഴാണ് അയാൾ അവിടെ കിടക്കുന്നതു ഞാൻ കണ്ടതു."

"ആ..........ർ....?"

ആ ചോദ്യം പരിഭ്രമജനകമായിരുന്നു. എനിക്കൊന്നും മന സ്സിലായില്ല. എല്ലാവരും ഭ്രാന്തുപിടിച്ചതുപോലെ അടുക്കളയിൽ നിന്നു മുററത്തേക്കോടി. അവിടെ ആ കുഴിയിൽ, മഞ്ഞിന്നുമീതെ, പ്യോട്ടർഅമ്മാമൻ മലൻകിടക്കുന്നു. ഒരു മരക്കഷ്ണത്തിന്മേൽ ചാഞ്ഞുവീണു, തല മാറത്തേക്കൊടിഞ്ഞുതാണനിലയിലാണുള്ളതു്. അയാളുടെ വലത്തെ ചെവിക്കു താഴെ തുറന്നുവെച്ച ചുകന്ന ഒരു വലിയ വായപോലെ, രക്തമൊലിച്ചുകൊണ്ടിരിക്കുന്ന ഒരു മുറിപ്പ റ്റിയതായി കാണുന്നുണ്ടു. ഞാൻ ഭയപ്പെട്ടു കണ്ണുകൾ അടച്ചു. ഞാൻ വീണ്ടും നോക്കിയപ്പോൾ, പ്യോട്ടർഅമ്മാമന്റെ വലിയ കത്തി, കയ്യിൽ മുറുകെപിടിച്ച നിലക്കു, അയാളുടെ കാൽമുട്ടിന്ന ടുത്തു ചാഞ്ഞുനില്ക്കുന്നതു കണ്ടു. അദ്ദേഹത്തിന്റെ ഇടത്തെകയ്യിൽ ഒന്നുമില്ല. ഒരററം മഞ്ഞുവീണു മൂടിയിരിക്കുന്നു. അയാളുടെ ദേഹ ത്തിന്നു ചുററും മഞ്ഞെല്ലാം ഉരുകിപ്പോയിട്ടുണ്ടു. ആ കിടപ്പിൽ അയാൾ ഒരു ചെറിയ കുട്ടിയോളമെ വലിപ്പം തോന്നിയുള്ളു-അയാളുടെ വലത്തുഭാഗം, മഞ്ഞു ചുകപ്പുനിറമായിട്ടുണ്ടു. ഇടതുവശത്തു മഞ്ഞിനു യാതൊരു നിറവ്യത്യാസവും വന്നിട്ടില്ല. മാറത്തു തൂങ്ങിനില്ക്കുന്ന പിച്ചളകൊണ്ടുള്ള ഒരു കുരിശും രക്തംപുരണ്ടു വൃത്തികേടായിരി ക്കുന്നു. പലവിധത്തിലുള്ള ശബ്ദങ്ങൾ കേട്ടു എന്റെ തല കറങ്ങു ന്നതായിത്തോന്നി.

പെടോവ്നാ എന്തൊക്കെയോ വിളിച്ചുപറയുന്നുണ്ടു. പോലീ സ്സുകാരൻ വലേയിയോടു എവിടേയോ പോകാൻ ആജ്ഞാപിച്ചു. അച്ഛാച്ഛൻ ഓർമ്മപ്പെടുത്തി.

"മഞ്ഞിൽ പതിഞ്ഞുനില്ക്കുന്ന കാലടികൾ അനക്കരുതു."

പെട്ടെന്നദ്ദേഹം മുഖംചുളിച്ചുകൊണ്ടു പോലീസ്സുകാരനോടു പറഞ്ഞു.

"ഇങ്ങിനെ ബഹളംകൂട്ടുന്നതിൽ യാതൊരത്ഥവുമില്ല, ഇതു ദൈവേച്ഛയാണു് ദൈവത്തിന്റെ കല്പനയാണു്. നിങ്ങൾ വെറുതെ ബഹളംകൂട്ടുകയാണു്."

എല്ലാവരും നിശ്ശബ്ദമായി, അവരെല്ലാം ദീഘശ്വാസം വിട്ടു കൊണ്ടു കരിശ്ശുവരച്ചുംകൊണ്ടു മരിച്ചുകിടക്കുന്ന പ്യോട്ടരെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

കുറെയാളുകഠം, പെട്രോവ്നയുടെ മുറിക്കുട്ടത്തുകൂടി, വേലി കയറിയിറങ്ങി, മുററത്തുകൂടി ഓടി, തടഞ്ഞുവീണു പിടഞ്ഞെഴു ന്നേററു ഞങ്ങഠം നില്ക്കുന്ന സ്ഥലത്തേക്കു വന്നു. അവർ കാര്യം മനസ്സിലായപ്പോഠം ഒന്നും മിണ്ടിയില്ല. അച്ഛാച്ഛൻ അവരോടാവ ലാതിപ്പെട്ടു.

"നിങ്ങഠം എൻെറ ചെടികളെല്ലാം ചവിട്ടിനശിപ്പിച്ചു. നിങ്ങ ഠംക്കു ലജ്ജതോന്നുന്നില്ലെ?"

അമ്മമ്മ എന്നെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

"അയാഠം എന്താണ് ചെയ്തതു?" ഞാൻ ചോദിച്ചു.

"നീ കണ്ടില്ലെ?" അവർ മറുപടിയായി എന്നോടിങ്ങോട്ടും ചോദിച്ചു.

അന്നു വൈകുന്നേരം, രാത്രി വളരെ സമയംവരെയ്ക്കും, ആരെ ല്ലാമോ, അപരിചിതരായ ആളുകഠം ഞങ്ങളുടെ അടുക്കളയിലും അടുത്ത മുറിയിലും എന്തൊക്കെയോ ചെയ്തുകൊണ്ടിരുന്നു. പോലീ സ്സുകാർ ആളുകളോടു പലതും കല്പിച്ചുകൊണ്ടിരുന്നു. ഒരാഠം ഒരു പുസ്തകത്തിൽ എന്തൊക്കെയോ എഴുതിക്കൊണ്ടിരുന്നു അയാളുടെ ശബ്ദം കേട്ടാൽ ഒരു വാത്തു ചിലക്കുകയാണെന്നു തോന്നും.

"എന്താതു? എന്താതു? എന്നിങ്ങിനെ.

അമ്മമ്മ എല്ലാവക്കും ചായകൊടുത്തു. മുഖം നിറയെ വസൂ രിക്കലയുള്ള ഒരാഠം മേശക്കരികെ ഇരിക്കുന്നുണ്ടായിരുന്നു. അയാഠം ഒരു പരുക്കൻ സ്വരത്തിൽ വിവരിച്ചു.

“ആക്കും അയാളുടെ ശരിയായ പേർ അറിയുകയില്ല. അയാൾ ഇലാത്ത്മ എന്ന പ്രദേശക്കാരനാണെന്നുമാത്രം നിങ്ങൾക്കു പറയാൻകഴിയും. ആ പൊട്ടൻ പൊട്ടനുമല്ല ബധിരനുമല്ല. അവൻ മുഴുവൻ സംഗതികളും സമ്മതിച്ചു. മൂന്നാമനും കുററം സമ്മതിച്ചു. അവർ പള്ളികൾ കൊള്ളചെയ്യാൻ തുടങ്ങിയിട്ടു കാലം കുറച്ചായി. അതായിരുന്നു അവരുടെ പ്രധാനജോലി........”

“എന്റെ ഈശ്വരാ!” പെഡോവ്നാ പരിഭ്രമത്തോടെ നിലവിളിച്ചു.

ഞാൻ അടുപ്പിൻതട്ടിന്മേലിരുന്നു അവരുടെ നേരെ കീഴോട്ടു നോക്കി. അവരെല്ലാം കുറതായി വിരൂപികളായി മാറുന്നുണ്ടെന്നു ഞാൻ വിചാരിച്ചു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

X

അന്നൊരു ശനിയാഴ്ചയായിരുന്നു. ഞാൻ രാവിലെ, പെഡോവ്നയുടെ തോട്ടത്തിൽപോയി ചെറുപക്ഷികളെ പിടിക്കുവാൻ ശ്രമിക്കുകയായിരുന്നു. സമയം വളരെക്കഴിഞ്ഞു. എന്നാൽ പക്ഷികളൊന്നുംതന്നെ എന്റെ വലയിൽപെട്ടില്ല. അവ വളരെ അഹങ്കാരത്തോടെ, മഞ്ഞുവീണുകിടക്കുന്ന നിലംസ്പർശിച്ചുംകൊണ്ടു പറന്നുകളിച്ചു; വൃക്ഷങ്ങൾക്കിടയിൽചെന്നൊളിച്ചു; ഇടക്കിടക്കു കൊമ്പുകളിൽ ഇരുന്നു വാലാട്ടിക്കൊണ്ടിരുന്നു. ഇതെല്ലാം കണ്ടപ്പോൾ, എനിക്കല്പം സമാധാനം തോന്നി. പക്ഷിയെ പിടിക്കുന്നതിൽ ഞാനൊരു സമത്ഥനൊന്നുമായിരുന്നില്ല. ഞാൻ മാഗ്ഗത്തെക്കാൾ ലക്ഷ്യത്തെയാണ് കാര്യമാക്കിയതു. അതുപോലെതന്നെ പക്ഷിക

ളെക്കുറിച്ചും അവയുടെ ജീവിതത്തെക്കുറിച്ചും ചിന്തിക്കുന്നതിൽ എനിക്കു വലിയ താല്പര്യമായിരുന്നു.

ശിശിരകാലത്തു മഞ്ഞുമൂടിക്കിടക്കുന്ന വയലിന്റെ കരക്കിരുന്നു, പക്ഷികൾ പാട്ടുപാടുന്നതും കേട്ടിരിക്കുന്നതു ഒരു വലിയ രസമാണ്. അപ്പോൾ അകലത്തുനിന്നു ഒരു കുതിരയുടെ കഴുത്തിൽ കെട്ടിയ മണികളുടെ കിലുക്കം കേൾക്കുക; അതൊരാനന്ദംതന്നെയാണ്.

അങ്ങിനെ സമയം കടന്നുപോയ്ക്കൊണ്ടിരിക്കെ എനിക്കു വല്ലാത്ത തണുപ്പുതോന്നി. ചെവികൾ മരവിച്ചുപോയി. ഞാൻ വലകളും കൂടുകളും എടുത്തു വേലികടന്നു വീട്ടിലേക്കു പോയി. പടിവാതിൽ തുറന്നുകിടക്കുന്നു. ഒരു "മുഴിക്കു" മൂന്നു കുതിരകളെ പൂട്ടിയ ഒരു വണ്ടിയുമായി നിരത്തിന്മേൽ നില്ക്കുന്നുണ്ടു. കുതിരകളുടെ മൂക്കിൽനിന്നു നീരാവിപൊങ്ങുന്നു. "മുഴിക്കു" ചൂളംവിളിച്ചുകൊണ്ടിരിക്കുന്നു എന്റെ ഹൃദയത്തിന്റെ ചലനം നിലച്ചുപോയതായിത്തോന്നി.

"വണ്ടിയിൽ ആരാണ് വന്നതു?" ഞാൻ ചോദിച്ചു.

അയാൾ തിരിഞ്ഞുനിന്നു. എന്നെ മിഴിച്ചുനോക്കി. പിന്നെ വണ്ടിയുടെ മുൻഭാഗത്തു കയറി ഇരുന്നു എന്നോടു അലക്ഷ്യമായി പറഞ്ഞു.

"പാതിരിയച്ഛൻ!"

അതിൽ എനിക്കു താല്പര്യംതോന്നിയില്ല. പാതിരിയച്ഛനാണെങ്കിൽ പള്ളിയുമായി ബന്ധമുള്ള ആരെയെങ്കിലും കാണ്മാൻ വന്നതായിരിക്കും.

"വേഗംനടക്കു, മക്കളെ!" വണ്ടിക്കാരൻ കുതിരകളെ തെളിച്ചുകൊണ്ടു പറഞ്ഞു. അവ മണികൾ കുലുക്കിക്കുതിച്ചു പാഞ്ഞു.

ഞാൻ ആ കുതിരകൾ ഓട്ടുന്നതും നോക്കിനിന്നു. കുറച്ചുകഴിഞ്ഞപ്പോൾ പടിയടച്ചു ഞാൻ വീട്ടിലേക്കു പോയി. അടുക്കളയിൽ കടന്നപ്പോൾ അടുത്തമുറിയിൽ എന്റെ അമ്മയുടെ ശബ്ദം കേട്ടു.

"ശരി, ഞാനെന്തുചെയ്യണം? തിരികെപോകേണമോ? അതാണോ ഞാൻ ചെയ്യേണ്ടതു?"

ഞാൻ കൂട്ടുകൾ വലിച്ചെറിഞ്ഞു. ആ മുറിയിലേക്കോടി വാതിൽ അടച്ചിരിക്കുന്നു. അച്ഛാച്ഛൻ എന്നെ തടഞ്ഞുനിർത്തി. അദ്ദേഹം എന്നെ കണ്ണുരുട്ടി ഭയപ്പെടുത്തി,-പിന്നെ കിതച്ചുംകൊണ്ടുപറഞ്ഞു.

"നിന്റെ അമ്മ വന്നിട്ടുണ്ടു്-അവളുടെ അടുത്തുപോയ്ക്കോളൂ!-നിൽക്കൂ!" അദ്ദേഹം എന്നെ പിടിച്ചുകുലുക്കി. ഞാൻ മറിഞ്ഞു വീണുപോകുമെന്നു വിചാരിച്ചു. ഉടനെ അദ്ദേഹം എന്നെ അകത്തേക്കുതള്ളി.

"പോയ്ക്കോളൂ! പോയ്ക്കോളൂ!" അദ്ദേഹം കല്പിച്ചു. ഞാൻ കതകുകളിന്മേൽ തപ്പിനോക്കി. മരവിച്ചു വിറക്കുന്ന കൈകൾകൊണ്ടു എനിക്കു തഴുതുനീക്കുവാൻ പ്രയാസംതോന്നി. ഒടുക്കം ഞാൻ വാതിൽതുറന്നു. എന്നാൽ സംസാരിക്കാൻ വയ്യാതെ, ചവിട്ടുപടിയിന്മേൽ സ്തംഭിച്ചുനിന്നു.

"ആ, അവൻ എത്തി." അമ്മ പറഞ്ഞു. ''നീ എത്രവലുതായിപ്പോയി? നിനക്കെന്നെ മനസ്സിലായില്ലേ? അവന്റെ ഉടുപ്പുകൾ നോക്കൂ! ചെവികൾ എങ്ങിനെ മരവിച്ചിരിക്കുന്നു! കുറച്ചു കൊഴുപ്പു കൊണ്ടുവരൂ-അമ്മേ!-വേഗം.''

അമ്മ മുറിയുടെ മദ്ധ്യത്തിൽ എന്റെ അരികെ കുനിഞ്ഞു നിന്നു, എന്നെ ഒരു പന്തുപോലെ പിടിച്ചുതിരിച്ചുംകൊണ്ടു എന്റെ

ഉടുപ്പുകൾ അഴിച്ചുമാററി. അവർ വളരെ തടിച്ചിരിക്കുന്നു; ഒരു പുരുഷൻെറ മേലങ്കിപോലെ വലിപ്പമുള്ള ഒരു വലിയ കുപ്പായമാണ് അമ്മ ധരിച്ചിട്ടുള്ളതു്. ചുമൽതൊട്ടു കടിപ്രദേശംവരെയും, രണ്ടു പാൎശ്വങ്ങളിലും, വലിയ കറുത്ത കുടുക്കുകൾ തുന്നിപ്പിടിപ്പിച്ചിട്ടുള്ള ചുകന്ന മിനുസമുള്ള ഒരു നല്ല കുപ്പായമാണതു്. അങ്ങിനെയുള്ള ഒരുടുപ്പു ഞാൻ അതിന്നുമുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ല.

അവരുടെ മുഖം വിളറി കുറെച്ചെറുതായതായിത്തോന്നി. കണ്ണുകൾ വലുതായിട്ടുണ്ടു. തലമുടിയുടെ സ്വൎണ്ണനിറത്തിന്നല്പം മാററം കൂടിയിരിക്കുന്നു. അവർ എൻെറ വസ്ത്രങ്ങൾ ഒരു ഭാഗത്തേക്കു വലിച്ചെറിഞ്ഞു-ചുകന്ന ചുണ്ടുകൾ കോട്ടിയുംകൊണ്ടു് പുച്ഛംതുളുമ്പുന്ന സ്വരത്തിൽ അവർ പറഞ്ഞു.

“ശരി! നീ എന്തുകൊണ്ടു എന്നോടൊന്നും പറയുന്നില്ല. നിനക്കു എന്നെ കണ്ടതിൽ അല്പവും സന്തോഷംതോന്നുന്നില്ലേ? ഛീ! എന്തൊരു വൃത്തികെട്ട കുപ്പായം?”

പിന്നെ അമ്മ എൻെറ ചെവികളിൽ കൊഴുപ്പുപുരട്ടിത്തന്നു. എനിക്കല്പം വേദനതോന്നി. എന്നാൽ അമ്മയുടെ വസ്ത്രങ്ങളിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന വാസന എന്നെ സമാശ്വസിപ്പിച്ചു. ഞാൻ അവരുടെ ദേഹത്തോടു ചേൎന്നുനിന്നു; അവരുടെ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി. എനിക്കൊരക്ഷരം പറയാൻകഴിഞ്ഞില്ല. അമ്മയുടെ വാക്കുകൾക്കു ശക്തികൂട്ടാനെന്നപോലെ, അമ്മമ്മ സാവധാനം ആവലാതിപ്പെട്ടു.

“അവനെ നിയന്ത്രിക്കാൻ വയ്യാതായിരിക്കുന്നു. അച്ഛാച്ഛനെപ്പോലും ഭയമില്ല. ആ, വാര്യാ! വാര്യാ!”

“വെറുതെ പരിഭ്രമിക്കാതിരിക്കു, അമ്മേ! എല്ലാം ശരിപ്പെട്ടുകൊള്ളും.”

ആ പരിസരവുമായി അമ്മക്ക യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. എല്ലാം പഴയതും ചെറുതും വൃത്തികെട്ടതുമായിത്തോന്നി. എനിക്ക അച്ഛാച്ഛനോളം പ്രായംചെന്നതായി ഞാൻ ഭാവിച്ചു.

അമ്മ എന്നെ അവരുടെ കാൽമുട്ടുകൾക്കിടയിൽ അമർത്തിപ്പിടിച്ചു. ചൂടുള്ള, പുഷ്ടിയുള്ള കൈകൾകൊണ്ടു അവർ എൻെറ ശിരസ്സിൽ തലോടിക്കൊണ്ടിരുന്നു—അവർ തന്നത്താൻ പറഞ്ഞു.

"തലമുടി മുറിക്കണം. സ്കൂളിൽ പോകേണ്ടതായ പ്രായം കഴിഞ്ഞു. നിനക്ക പഠിക്കുവാൻ ആഗ്രഹമില്ലേ?"

"ഞാൻ പഠിച്ചിട്ടുണ്ടു."

"ഇനിയും വളരെ പഠിക്കുവാനുണ്ടു—നീ എത്രശക്തിയുള്ള ഒരു കുട്ടിയായി വളൎന്നിരിക്കുന്നു! അവർ എന്നെ ലാളിച്ചുകൊണ്ടു ഉറക്കെ, നൂറുങ്ങനെ ചിരിച്ചു.

അപ്പോൾ അച്ഛാച്ഛൻ മുറിയിൽ കടന്നുവന്നു. അദ്ദേഹത്തിൻെറ കണ്ണുകൾ ചുവന്നിരുന്നു. അമ്മ എന്നെ ഒരു ഭാഗത്തേക്ക നീക്കിയുംകൊണ്ടു അച്ഛാച്ഛനോടു ചോദിച്ചു.

"ശരി, ഞാൻ എന്തുചെയ്യണം? അച്ഛാ! ഞാൻ പോകേണമോ?"

അദ്ദേഹം ജനലിന്നടുത്തുനിന്നു, കതകിനു പററിനിൽക്കുന്ന മഞ്ഞു നഖംകൊണ്ടടർത്തിക്കൊണ്ടിരുന്നു. അദ്ദേഹം മറുപടി പറഞ്ഞില്ല. ശ്വാസംമുട്ടുന്ന ആ അന്തരീക്ഷത്തിൽ എൻെറ കണ്ണുകൾ വലുതാകുന്നുണ്ടെന്നു ഞാൻ വിചാരിച്ചു. എൻെറ ഹൃദയം വീങ്ങി പൊട്ടിപ്പോകുമെന്നു ഞാൻ ഭയപ്പെട്ടു എനിക്ക നിലവിളിക്കുവാൻ തോന്നി.

"പുറത്തുപോകൂ, അലക്ഷ്യേയി!" അച്ഛാച്ഛൻ എന്നോടു കൽപിച്ചു.

"എന്തിന്നു്?" അമ്മ എന്നെ പിടിച്ചുട്ടപ്പിച്ചുംകൊണ്ടദ്ദേഹ ത്തോടു ചോദിച്ചു.

"നീ പോകരുത്. പോകരുതെന്നു ഞാൻ നിന്നോടു പറ യുന്നു."

അമ്മ എഴുന്നേററുനിന്നു. സായംകാലത്തെ, മനോഹരമായ ഒരു മേഘംപോലെ, അവർ മുറിയിൽ ചുററിനടന്നുകൊണ്ടിരുന്നു.

''കേറംക്കു, അച്ഛാ,'' അമ്മ അച്ഛാച്ഛന്റെ പിന്നിൽചെന്നു നിന്നപേക്ഷിച്ചു.

''മിണ്ടരുത്.'' അദ്ദേഹം ഗജ്ജിച്ചു.

"നിങ്ങറം ഇങ്ങിനെ എന്നോടു ഒച്ചയെടുക്കവാൻ ഞാൻ അനുവദിക്കുകയില്ല." അമ്മ ശാന്തമായിപ്പറഞ്ഞു.

''വാർവാരാ!'' കട്ടിലിന്മേൽനിന്നെഴുന്നേററു വിരൽചൂണ്ടി യുംകൊണ്ടു അമ്മമ്മ അമ്മയെ ശാസിച്ചു. അച്ഛാച്ഛൻ പരവശ നായി കസേലയിൽ വീണു. അദ്ദേഹം തന്നെത്താൻ പറഞ്ഞു.

''എന്താണിത്? എന്താണിത്? ഞാൻ ആരാണ്? ഇതിനെ എന്താണ് വിളിക്കേണ്ടത്?" മുറിയേററ ഒരു മൃഗത്തെപ്പോലെ അദ്ദേഹം ഗർജ്ജിച്ചു.

"നീ എന്നെ അപമാനിച്ചു. അതാണ് നീ ചെയ്തിട്ടുള്ളതു. വാരികാ!"

"ഫോ! ദൂരെ.'' അമ്മമ്മ എന്നോടു പറഞ്ഞു—ഞാൻ വിഷാ ദത്തോടെ അടുക്കളയിലേക്കു പോയി. അടുപ്പിൻതട്ടിൽ കയറിയി രുന്നു. മുറിയിൽനിന്നു അവർ സംസാരിക്കുന്നതു ഞാൻ ശ്രദ്ധിച്ചു. കുറേനേരം അവർ വാശിയോടെ സംസാരിക്കും. പിന്നെ കുറേ നേരത്തേക്കൊന്നും മിണ്ടുകയില്ല. പെട്ടന്നെല്ലാവരും ഉറങ്ങിപ്പോ

യപോലെ. അമ്മ പ്രസവിച്ച ഒരു കുട്ടിയെക്കുറിച്ചാണ് അവർ സംസാരിച്ചിരുന്നത്. അമ്മ ആ കുട്ടിയെ വേറെ ആരുടേയോ കൂടെ വിട്ടിരിക്കുകയാണ്. അമ്മ കുട്ടിയെ പ്രസവിച്ചതിന്നോ, പ്രസവിച്ച കുട്ടിയെ കൊണ്ടുവരാത്തതിന്നോ, എന്തിന്നാണ് അച്ഛാച്ഛൻ കോപിച്ചതെന്നു എനിക്കു തീച്ചപ്പെടുത്തുവാൻ കഴിഞ്ഞില്ല.

ഒടുവിൽ അദ്ദേഹം അടുക്കളയിൽ വന്നു. അദ്ദേഹത്തിൻെറ തലമുടി ചിതറിക്കിടക്കുന്നു. അദ്ദേഹം വല്ലാതെ പരവശനായിരിക്കുന്നു. ഉടനെ അമ്മമ്മയും അടുക്കളയിൽവന്നു. അവർ ബ്ലൌസിൻെറ ഒരററംകൊണ്ടു കവിളുത്തുകൂടി ഒഴുകുന്ന കണ്ണുനീർ തുടച്ചു. അച്ഛാച്ഛൻ ബെഞ്ചിന്മേൽ ഇരുന്നു. അദ്ദേഹം ചുണ്ടു അമരെ കടിച്ചു. അമ്മമ്മ അദ്ദേഹത്തിൻെറ കാൽക്കൽ മുട്ടുകുത്തിയിരുന്നു.

"അവാംക്കു മാപ്പുകൊടുക്കു, യേശുവെ വിചാരിച്ചു മാപ്പുകൊടുക്കു, ഇതിലും വലിയ കുററം ആളുകാം ചെയ്യാറില്ലെ? ധനമുള്ള കുടുംബങ്ങളിലും ഇതെല്ലാം സംഭവിക്കാറില്ലെ? കച്ചവടക്കാരുടെയും പ്രഭുക്കന്മാരുടേയും വീടുകളിൽ ഇങ്ങിനെ പലതും ഉണ്ടാകാറില്ലെ? അവാം എത്രനല്ല ഒരു സ്ത്രീയാണെന്നു നിങ്ങാം നോക്കു. അവാംക്കു മാപ്പുകൊടുക്കു. നമ്മളിൽ ആരുംതന്നെ പരമാത്ഥികളല്ല............"

അച്ഛാച്ഛൻ ചുമരോടു ചാഞ്ഞിരുന്നു. അമ്മമ്മയുടെ മുഖത്തു നോക്കിയുംകൊണ്ട് അദ്ദേഹം പറഞ്ഞു.

"അതെ, അതെ, എന്തുകൊണ്ടു പാടില്ല? നീ എല്ലാവക്കും മാപ്പുകൊടുക്കും. നീ ഏതു കുററവും പൊറുക്കും. ഫൂ! നിൻെറ വേദാന്തം!"

പിന്നെ അദ്ദേഹം അമ്മമ്മയുടെ ചുമലിന്നു പിടിച്ചു അവരെ ശക്തിയിലൊന്നു കുലുക്കി.

“ഈശ്വരൻ മാപ്പാക്കേണ്ടേ?” അദ്ദേഹം ബദ്ധപ്പാടോടെ ചോദിച്ചു. “അദ്ദേഹം ഒന്നും മാപ്പാക്കുകയില്ല. നമ്മൾ രണ്ടുപേരും കുഴിയിൽ കാൽനീട്ടിനില്ക്കുകയാണ്. നമുക്കിവിടെക്കിട്ടുന്ന ശിക്ഷ തന്നെ എത്ര ഭയങ്കരമാണ്? ഈ വയസ്സുകാലത്തു നമുക്കു യാതൊരു സമാധാനവുമില്ല. സന്തോഷമില്ല, ആരുമൊരാശ്രയമില്ല. എരപ്പാളികളായിട്ടാണ് നാം മരിക്കുക. ഈ വാക്കുകൾ നീ മറക്കേണ്ട- എരപ്പാളികൾ!”

അമ്മമ്മ അച്ഛാച്ഛൻെറ അരികെ ഇരുന്നു, അദ്ദേഹത്തിൻെറ കൈകൾ പിടിച്ചുംകൊണ്ടു ശാന്തമായിച്ചിരിച്ചു.

“അതുകൊണ്ടെന്താണ്? എരപ്പാളിയാകുന്നതിൽ നിങ്ങൾക്കെന്താണിത്രഭയം? നമുക്കിരന്നു ജീവിക്കാം. നിങ്ങൾ വീട്ടിലിരുന്നാൽമതി. ഞാൻ ഭിക്ഷപ്പാത്രവുമായി ഇരന്നുനടക്കും. ആരും എനിക്കു വല്ലതും തരാതിരിക്കയില്ല. നാം പട്ടിണികിടക്കേണ്ടതായി വരികയില്ല. ഇതെല്ലാം വിചാരിച്ചു നിങ്ങൾ പരിഭ്രമിക്കേണ്ട ആവശ്യമില്ല.”

അദ്ദേഹം ഒരു വല്ലാത്ത ശബ്ദംപുറപ്പെടുവിച്ചു. ഒരാടിനെപ്പോലെ തലയാട്ടിയുംകൊണ്ടിരുന്നു. അദ്ദേഹം അമ്മമ്മയെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു.

“വിസ്സി! അനുഗ്രഹീതയായ വിസ്സി! നീയെങ്കിലും എനിക്കു ഒരു തണലുണ്ടായിരിക്കുമല്ലോ? എല്ലാം നഷ്ടപ്പെടാൻ നീ തയ്യാറാണ്. എന്തൊരു സാധു! നാം നമ്മുടെ മക്കൾക്കുവേണ്ടി എത്ര കഷ്ടപ്പെട്ടിട്ടുണ്ടെന്നു നീ ഓൎമ്മിച്ചുനോക്കു! അവരെ വിചാരിച്ചു എന്തെല്ലാം ദുഷ്കൃത്യങ്ങൾ ചെയ്തു? ഒടുക്കം ഒന്നും വേണ്ടാ, എന്നു നീ പറയുകയാണ്........”

എനിക്കു അതിലപ്പുറം സഹിച്ചിരിക്കാൻ കഴിഞ്ഞില്ല. ഞാൻ അടുപ്പിൻപുറത്തുനിന്നു ചാടിയിറങ്ങി. എൻെറ കവിളത്തുകൂടി

കണ്ണുനീർ ഒഴുകി. ഞാൻ അമ്മയുടെ അടുക്കലേക്കോടി. അമ്മ വന്നു ചേർന്നതിൽ എനിക്കതിയായ സന്തോഷംതോന്നി. അച്ഛാച്ഛനും അമ്മമ്മയും ഇത്രയും സൌഹാർദ്ദത്തോടെ സംസാരിക്കുന്നതു കണ്ട തിലും എനിക്കു സന്തോഷംതോന്നി. അവരുടെ ദുഃഖത്തിൽ പങ്കു ചേരാൻ എന്നെയും അനുവദിച്ചതിൽ എനിക്കു സന്തോഷംതോന്നി. അമ്മയും അമ്മമ്മയും എന്നെ ആശ്ലേഷിച്ചു കണ്ണുനീരിൽ മുക്കി. ഞാൻ അഭിമാനംകൊണ്ടു; ആനന്ദപരവശനായി.

"നീ ഇവിടെത്തന്നെ നില്ക്കുന്നുണ്ടോ? തെമ്മാടി!" അച്ഛാച്ഛൻ എൻെറ ചെകിട്ടിൽ തമാശയായി മന്ത്രിച്ചു. "നിൻെറ അമ്മ വന്നതുകൊണ്ടു നിനക്കിനി എന്നെ വലിയ കാര്യമായിരിക്കയില്ല. ഞാനൊരു കിഴവനല്ലെ? നിന്നെ ചീത്തയാക്കുവാൻ മാത്രം പഠിച്ചിട്ടുള്ള നിൻെറ അമ്മമ്മയെയും നിനക്കിനി വിലയുണ്ടാകയില്ല. അല്ലെ?"

അദ്ദേഹം ഞങ്ങൾ എല്ലാവരുടെയും നേരെ കൈവീശിയും കൊണ്ടെഴുന്നേററു.

"എല്ലാവരും ഞങ്ങളെ വിട്ടുപോകുന്നു. എല്ലാവരും അകലെ പോകാൻ ശ്രമിക്കുന്നു. ഓരോരുത്തനും തൻെറ കാര്യം നോക്കുന്നു ശരി. അവളെ ഇങ്ങോട്ടുവിളിക്കു, വേഗം" അദ്ദേഹം അമ്മമ്മയോടു കല്പിച്ചു.

അമ്മമ്മ അടുക്കളയിൽനിന്നു പുറത്തേക്കുപോയി. അച്ഛാച്ഛൻ പ്രതിമകളുടെ മുമ്പിൽ ചെന്നുനിന്നു.

"ദയാലുവായ ദൈവമെ! ഇതു അങ്ങുന്നു കാണുന്നില്ലെ?" അച്ഛാച്ഛൻ തലതാഴ്ത്തി മാററു കൈവെച്ചുംകൊണ്ടു ആവലാതി പ്പെട്ടു—അതെനിക്കിഷ്ടമായില്ല. അദ്ദേഹത്തിൻെറ അഹങ്കാരിയായ ദൈവത്തോടു അദ്ദേഹം സംസാരിക്കുന്ന സമ്പ്രദായം എനിക്കൊ രിക്കലും ഇഷ്ടമാകാറില്ല അമ്മ അകത്തു കയറിവന്നു. അവരുടെ

ഉടുപ്പുകളുടെ ഭംഗി മുറിയിൽ മുഴുവനും വ്യാപിച്ചതുപോലെ തോന്നി. അമ്മ, മേശക്കരികെ, ഒരു ബെഞ്ചിന്മേൽ, അമ്മമ്മയുടെയും അച്ഛാച്ഛൻെറയും മദ്ധ്യത്തിൽ ഇരുന്നു. അമ്മയുടെ കുപ്പായത്തിൻെറ കൈകൾ അവരുടെ ദേഹത്തിൽ ഉരസുന്നുണ്ടായിരുന്നു. അമ്മ അവരോടു ശാന്തമായി, സാവധാനത്തിൽ സംസാരിച്ചു. അവർ ഓരോ വാക്കും ശ്രദ്ധിച്ചുകേട്ടു. ഒന്നും മറുപടി പറഞ്ഞില്ല. അമ്മയുടെ അടുത്തിരിക്കുമ്പോൾ അവർ രണ്ടുപേരും, വളരെ ചെറുതായിപ്പോയെന്നെനിക്കുതോന്നി. അമ്മ അവരുടെ അമ്മയും അവർ അമ്മയുടെ മക്കളും ആണെന്നു ഞാൻ വിചാരിച്ചു.

വികാരങ്ങളുടെ സമ്മർദ്ദനമേററു ഞാൻ ഇരുന്നേടത്തുതന്നെ ഇരുന്നുറങ്ങിപ്പോയി.

അന്നു വൈകുന്നേരം അച്ഛാച്ഛനും അമ്മമ്മയും അവരുടെ ഏററവും നല്ല ഉടുപ്പുകളണിഞ്ഞു, പള്ളിയിൽ പ്രാൎത്ഥിക്കുവാൻ പോയി. അമ്മമ്മ അച്ഛാച്ഛനെ നോക്കി കണ്ണുചിമ്മി. അച്ഛാച്ഛൻ അദ്ദേഹത്തിൻെറ നല്ല ഉടുപ്പുകൾ ധരിച്ചപ്പോൾ ഒരു യോഗ്യനായ ആളായിത്തീൎന്നിരുന്നു.

"നിൻെറ അച്ഛൻ എത്ര യോഗ്യനായ ആളാണെന്നു നോക്കു" അമ്മമ്മ അമ്മയെ തമാശയാക്കി.

അമ്മ സന്തോഷിച്ചു ചിരിച്ചു.

മുറിയിൽ ഞാനും അമ്മയും മാത്രമായി. അവർ കട്ടിലിൽചെന്നിരുന്നു. അവർ എന്നെ അവരുടെ അടുത്തു വിളിച്ചു.

"ഇതാ, വരൂ, ശരി. എല്ലാം എങ്ങിനെയിരിക്കുന്നു? വളരെ സുഖംതോന്നുന്നില്ല; അല്ലേ?"

"എനിക്കറിയുകയില്ല."

"അച്ഛാച്ഛൻ നിന്നെ അടിക്കാറുണ്ടോ?"

KOTTAYAM PUBLIC LIBRARY KOTTAYAM

"അത്രയധികമൊന്നും ഇപ്പോരം അടിക്കാറില്ല.''

"അതെ? നിനക്കിഷ്ടംതോന്നുന്ന എന്തെങ്കിലും കാര്യത്തെക്കുറിച്ചെന്നോടു പറയൂ!''

അച്ഛാച്ഛനെക്കുറിച്ചു വല്ലതും പറയാൻ എനിക്കിഷ്ടമുണ്ടായിരുന്നില്ല. അതുകൊണ്ടു ഞാൻ ആ മുറിയിൽ ഒരു നല്ല മനുഷ്യൻ താമസിച്ചിരുന്നു എന്നു അമ്മയോടു പറഞ്ഞു -"എന്നാൽ അവരിൽ ആരും അദ്ദേഹത്തെ ഇഷ്ടപ്പെട്ടില്ല. ഒടുക്കം അച്ഛാച്ഛൻ അയാളെ വീട്ടിൽനിന്നും പറഞ്ഞയച്ചുകളഞ്ഞു" ഈ കഥ അമ്മയെ രസം പിടിപ്പിച്ചില്ല. അവർ എന്നോടാവശ്യപ്പെട്ടു.

''വേറെ എന്തെങ്കിലും പറയൂ!"

ഞാൻ അമ്മയോടു ആ ചെറിയ മൂന്നുകുട്ടികളെപ്പററിയും, കേണൽ എന്നെ അയാളുടെ മുററത്തുനിന്നു ഓടിച്ചുകളഞ്ഞതിനെപ്പററിയും പറഞ്ഞു.

"എന്തൊരു നീചൻ!'' അമ്മ എന്നെ പിടിച്ചടുപ്പിച്ചുംകൊണ്ടു പറഞ്ഞു.

കുറെനേരം അവർ നിശ്ശബ്ദമായിരുന്നു. കണ്ണുകരം പകുതി ചിമ്മി തറയിൽതന്നെ നോക്കിയിരുന്നു.

"അച്ഛാച്ഛനു നിങ്ങളോടെന്താണിത്ര ദ്വേഷ്യം?'' ഞാൻ ചോദിച്ചു.

"കുററം എൻേറതാണ്."

''നിങ്ങരം കുട്ടിയെ അദ്ദേഹത്തിന്നു കൊണ്ടുവന്നു കൊടുക്കേണ്ടതായിരുന്നു."

അവർ പെട്ടെന്നു ഞെട്ടി. ചുണ്ടുകരം കടിച്ചു പൊട്ടിച്ചിരിച്ചു. എന്നെ ഗാഢമായാശ്ലേഷിച്ചു.

"കള്ളക്കുറക്കാ! അതിനെക്കുറിച്ച് ഇനിയൊരക്ഷരം പറഞ്ഞു പോകരുത്. കേട്ടോ, ഒരൊററവാക്കും പറയരുത്. വിചാരിക്കുകയും ചെയ്യരുത്."

കുറെനേരം അവർ എനിക്കു മനസ്സിലാകാത്ത ചില വാക്കുകഠം പറഞ്ഞുകൊണ്ടിരുന്നു. പിന്നെ അവർ എഴുന്നേററു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അവർ പുരികം ചുളിച്ചു.

മേശമേൽ ഒരു മെഴുകുതിരി കത്തിത്തീന്നു. കണ്ണാടിയിൽ അതു നിഴലിച്ചുകണ്ടു. തറയിൽ നിഴലുകഠം പതിഞ്ഞു നിൽക്കുന്നു. ഒരു മൂലയിൽ പ്രതിമകളുടെ അടുത്തു ഒരു വിളക്കു കത്തുന്നുണ്ട്. ജനലിൻെറ കതകുകളിൽ മഞ്ഞുവീണുകിടക്കുന്നു. ചന്ദ്രികയിൽ ആ കതകുകഠം വെള്ളിപൂശിയപോലെ പ്രകാശിച്ചു. എന്തോ തിരയുന്നതുപോലെ അമ്മ ചുററംനോക്കി.

"നീ എത്രമണിക്ക് ഉറങ്ങാറുണ്ട്?"

"കുറച്ചുകൂടി കഴിഞ്ഞിട്ടു."

"അതു ശരിയാണ്. നീ ഇന്നുച്ചക്കു കുറേനേരം ഉറങ്ങിയിട്ടുണ്ട്."

അവർ നെടുവീപ്പിട്ടുംകൊണ്ടു എന്തോ ഓമ്മിച്ചു.

"നിങ്ങഠം പോയ്ക്കളയാൻ ആഗ്രഹിക്കുന്നു, ഇല്ലെ?'' ഞാൻ ചോദിച്ചു.

''എവിടേക്കു?" അവർ ആശ്ചര്യത്തോടെ എന്നോടു ചോദിച്ചു. പിന്നെ അവർ എൻെറ ശിരസ്സ് കയ്യിലെടുത്തു എൻെറ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി. എൻെറ കണ്ണിൽനിന്നു വെള്ളമൊഴുകാൻ തുടങ്ങി.

''നീ എന്തിനാണ് കരയുന്നത്?''

"എൻെറ കഴുത്തു വേദനിക്കുന്നു."

എൻെറ ഹൃദയത്തിലാണ് അധികം വേദനതോന്നിയിരുന്നത്. അവക്ക ഞങ്ങളുടെ വീട്ടിൽ താമസിക്കുവാൻ സാദ്ധ്യമല്ലെന്നു എനിക്ക അസ്സലായറിയാം. അവർ തീച്ചയായും പോയ്ക്കളയുമെന്നു ഞാൻ തീച്ചപ്പെടുത്തി.

"ഒരുകാലത്തു നീ നിൻെറ അപ്പൻെറ അതേ രൂപംതന്നെ ആയിരിക്കും." തറയിൽ വിരിച്ചിരുന്ന പരവതാനി കാലുകൊണ്ടു മറിച്ചിട്ടുംകൊണ്ടവർ അഭിപ്രായപ്പെട്ടു.

"അമ്മമ്മ അദ്ദേഹത്തെക്കുറിച്ചു നിന്നോടു പറയാറുണ്ടോ?"

"ഉവ്വ്."

"അവക്ക് മേക്സിമിനെ വലിയ ഇഷ്ടമായിരുന്നു, വളരെ. അദ്ദേഹത്തിന്നു അവരേയും ഇഷ്ടമായിരുന്നു."

"എനിക്കറിയാം!"

അമ്മ മെഴുകുതിരിയുടെനേരെ നോക്കി, പുരികം ചുളിച്ചു, അതു ഊതിക്കെടുത്തുകളഞ്ഞു.

"അതു തരക്കേടില്ല." അവർ പറഞ്ഞു.

മെഴുകുതിരി കെട്ടപ്പോഠം മുറിയിൽ കൂടുതൽ ശുചിയും സുഖവും ഉള്ളതായി തോന്നി. തറയിൽ കാണാനുണ്ടായിരുന്ന നിഴലുകഠം അപ്രത്യക്ഷമായി. അവിടവിടെ ചന്ദ്രൻെറ രശ്മികഠം വീണുനിൽക്കുന്നു. ജനലിൻെറ കതകുകഠം ചന്ദ്രികയിൽ വളരെ മനോഹരമായിത്തോന്നി.

"നിങ്ങഠം ഇവിടെ വരുന്നതിന്നു മുൻപ് എവിടെയാണ് താമസിച്ചത്?"

വളരെക്കാലമായി മറന്നുകഴിഞ്ഞിട്ടുള്ള ഏതാനും കാര്യങ്ങളെന്നപോലെ അവർ പല പട്ടണങ്ങളുടെയും പേരുകൾ പറഞ്ഞു. സംസാരിച്ചുകൊണ്ടിരിക്കെ, ഒരു കഴുകനെപ്പോലെ അവർ മുറിയിൽ അങ്ങുമിങ്ങും ചുററിത്തിരിഞ്ഞുകൊണ്ടിരുന്നു.

"ഇത്രനല്ല വസ്ത്രം നിങ്ങൾക്കെവിടെനിന്നാണ് കിട്ടിയത്?"

"ഞാൻതന്നെ അതു തുന്നിയുണ്ടാക്കിയതാണ്. എനിക്കു വേണ്ടതെല്ലാം ഞാൻതന്നെ ചെയ്യുകയാണ്."

അമ്മുകു, മററ എല്ലാവരെക്കാൾ ചില യോഗ്യതകളുണ്ടെന്നു കണ്ടതിൽ ഞാൻ അഭിമാനംകൊണ്ടു. എന്നാൽ അവർ എന്നോടു അധികമൊന്നും സംസാരിച്ചില്ല. ഞാൻ അങ്ങോട്ടു ചോദ്യങ്ങൾ ചോദിച്ചില്ലെങ്കിൽ അവർ ഒന്നും പറയാതെ ഇരുന്നുകളയും.

അമ്മ കട്ടിലിൽ എൻെറ അരികത്തിരുന്നു. ഒന്നും മിണ്ടാതെ, അനേകം നിമിഷങ്ങൾ കടന്നുപോയി. അപ്പോഴെക്കും അപ്പാപ്പനും അമ്മമ്മയും തിരിച്ചുവന്നു. അവരുടെ വസ്ത്രങ്ങൾ വാസനിക്കുന്നുണ്ടായിരുന്നു.

അത്താഴം ശാന്തമായും സമാധാനത്തോടെയുമാണ് ഞങ്ങൾ കഴിച്ചതു്. വളരെക്കുറിച്ചുമാത്രമെ സംഭാഷണം ഉണ്ടായുള്ളു. മയക്കം പൂണ്ടുകിടക്കുന്ന ആരെയോ, ഉണർത്താതിരിക്കാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയാണോ എന്നു തോന്നും.

വളരെനാൾ ചെല്ലുന്നതിനു മുമ്പു, അമ്മ എൻെറ പഠിത്തത്തിൻെറ എല്ലാ ഉത്തരവാദിത്തങ്ങളും ഏറെറടുത്തു. അവർ എനിക്കുവേണ്ടി ചില പുതിയ പുസ്തകങ്ങൾ വാങ്ങിച്ചു. ഒരു പുസ്തകത്തിൻെറ പേർ ശിശുപാഠം എന്നായിരുന്നു. ഈ പുസ്തകത്തിൽനിന്നു, കുറച്ചുദിവസങ്ങൾകൊണ്ടു ഞാൻ അക്ഷരമാല മുഴുവനും എഴുതിപ്പഠിച്ചു. അമ്മ എന്നെക്കൊണ്ടു പദ്യങ്ങൾ മന:പാഠമാക്കി

ക്കാൻ ശ്രമിച്ചു. അതു സകല പരിശ്രമങ്ങളെയും അവതാളത്തിൽ കലാശിപ്പിച്ചു.

ചില വാക്കുകൾ ഉച്ചരിക്കുന്നതിൽ എനിക്കു വിഷമം നേരിട്ടു. ഉച്ചാരണം മനസ്സിലായ വാക്കുകൾതന്നെയും ഞാൻ തമാശക്കു വേണ്ടി തെററിച്ചുംകൊണ്ടാണ് വായിക്കുക

അമ്മക്കു ക്രോധംവന്നു. ഞാൻ ധിക്കാരിയും മഠയനുമാണെന്നു അവർ തീൎത്തുപറഞ്ഞു-അതൊരു വലിയ അപരാധമായിരുന്നു. അതുകൊണ്ടു അമ്മ പഠിക്കാൻ ഏല്പിക്കുന്ന പദ്യങ്ങൾ എങ്ങിനെയെങ്കിലും മനഃപാഠമാക്കാൻ ഞാൻ ഉള്ളഴിഞ്ഞു പ്രയത്നിച്ചു. വരികൾ മനസ്സിൽ ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ എനിക്കു തെററു പററുകയില്ല എന്നാൽ ഉച്ചത്തിൽ ചൊല്ലുമ്പോൾ വാക്കുകൾ കുഴഞ്ഞുമറിഞ്ഞുപോകും. പദ്യശകലങ്ങളെ ഞാൻ വെറുക്കാൻ തുടങ്ങി. വരികൾ തിരിച്ചുമറിച്ചു ചൊല്ലാനും തുടങ്ങി അൎത്ഥം നോക്കാതെ, പ്രാസംമാത്രം ഗൌനിച്ചുകൊണ്ടു വരികൾ മാററിച്ചൊല്ലാൻ കഴിയുന്നതിൽ ഞാൻ ഊററംകൊണ്ടു

ഇതു വലിയ വിഷമങ്ങൾക്കിടയാക്കി. ഒരുദിവസം പാഠങ്ങൾ എല്ലാം പഠിച്ചുകഴിഞ്ഞശേഷം അമ്മ എന്നോടു ഒരു പദ്യംചൊല്ലാൻ പറഞ്ഞു. ഞാൻ ഓക്കാതെ, അനുപ്രാസം വരുന്ന എന്തെല്ലാമോ വാക്കുകൾ കൂട്ടിച്ചേൎത്തു രാഗമൊപ്പിച്ചു ഏതാനും വരികൾ ചൊല്ലിക്കൊടുത്തു

എന്താണ് സംഭവിക്കുന്നതെന്നു കുറെനേരത്തേക്കു എനിക്കു മനസ്സിലായില്ല അമ്മ എഴുന്നേററു മേശമേൽ കൈകൾ കുത്തി നിന്നു, ഞാൻ ചൊല്ലിയ വാക്കുകൾ വഴിക്കുവഴിയായുച്ചരിച്ചു

“ഇതെല്ലാം നീ എങ്ങിനെയാണ് പഠിച്ചതു?” അവർ ചോദിച്ചു

"എനിക്കറിയുകയില്ല'' ഞാൻ പരിഭ്രമത്തോടെ മറുപടി പറഞ്ഞു.

''നിനക്കറിയാം-വേഗം പറയൂ''

"ഞാൻ അങ്ങിനെ ചൊല്ലി."

''അങ്ങിനെ ചൊല്ലി?''

"അതെ, തമാശക്ക."

"മൂലയിൽ നടക്കൂ."

"എന്തിന്നു;''

"പോ, മൂലയിലേക്ക.'' അമ്മ ഗജ്ജിച്ചു.

''ഏതു മൂലയിലേക്ക?'' ഞാൻ ചോദിച്ചു.

മറുപടി പറയാതെ, അവർ എന്നെ പകച്ചുനോക്കി. ഞാൻ വല്ലാതെ ഭയന്നു. പ്രതിമകറംവെച്ചിരുന്ന മൂലയിൽ ഒരു മേശമേൽ, ഒരു പളുങ്കുപാത്രത്തിൽ വാസനയുള്ള ഏതാനും പുഷ്പങ്ങറം വെച്ചിട്ടുണ്ടു. മറെറാരു മൂലയിൽ ഒരു ചൌക്കാളംകൊണ്ടു മൂടിയ ഒരു ഇരുമ്പുപെട്ടിയാണുള്ളതു. മൂന്നാമത്തെ മൂലയിലാകട്ടെ ഒരു കട്ടിലും കിടക്കയുമുണ്ടു നാലാമത്തെ മൂലക്കട്ടെത്താണ് മുറിയിലേക്ക പ്രവേശിക്കുവാനുള്ള വാതിൽ നില്ക്കുന്നതു്.

''നിങ്ങറം എന്നോടു എന്തുചെയ്യാനാണാവശ്യപ്പെടുന്നതു്? എനിക്ക മനസ്സിലായില്ല.'' അവർ പറയുന്നതിൻെറ അത്ഥം മനസ്സിലാക്കുവാൻ ആത്മാത്ഥമായി ആഗ്രഹിച്ചുംകൊണ്ടു ഞാൻ ചോദിച്ചു

അവർ ഒരു കസേലയിൽ ചാരിക്കിടന്നു, നെററിയും കവിളുകളും തലോടിക്കൊണ്ടിരുന്നു.

"അപ്പാച്ഛൻ നിന്നെ ഒരിക്കലും മൂലയിൽ നിൎത്തിയിട്ടില്ലേ?"

"എപ്പോഴാ?"

"വല്ലപ്പോഴും." മേശമേൽ രണ്ടുപ്രാവശ്യം ഊക്കോടെ ഇടിച്ചുംകൊണ്ടു അവർ അക്ഷമയോടെ ചോദിച്ചു.

"ഇല്ല. എനിക്കങ്ങിനെ ഓൎമ്മിക്കാൻ കഴിയുന്നില്ല"

"അതൊരു ശിക്ഷയാണെന്നു നിനക്കറിയുകയില്ലേ?-മൂലക്കു നിൎത്തുകയെന്നതു?"

"ഇല്ല. എങ്ങിനെയാണ് അതൊരു ശിക്ഷയാകുന്നതു?"

"ഞാൻ തോററു." അവർ ദീൎഘമായി നിശ്വസിച്ചു. "വാ, ഇവിടെ."

"നിങ്ങരം എന്തിനാണെന്നോടു ലഹളകൂട്ടുന്നതു?" ഞാൻ അമ്മയുടെ അടുത്തുചെന്നു ചോദിച്ചു.

"നീ പദ്യം ചൊല്ലുമ്പോരം ഇല്ലാത്ത വാക്കുകരം എന്തിനാണ് ചേൎത്തുചൊല്ലുന്നതു."

കണ്ണടച്ചുകൊണ്ട് ചൊല്ലുകയാണെങ്കിൽ പദ്യങ്ങരം എനിക്കു ശരിക്കോൎമ്മിക്കാൻ കഴിയുന്നുണ്ടെന്നും, ഉച്ചത്തിൽ ചൊല്ലാൻതുടങ്ങുമ്പോഴാണ് മററുവാക്കുകരം ഇടയിൽ കടന്നുകൂടുന്നതെന്നും ഞാൻ അമ്മയോടു വിസ്തരിച്ചുപറഞ്ഞു.

"നീ വേണ്ടാത്ത വാക്കുകരം കരുതിക്കൂട്ടി ഇടക്കു ചേൎക്കുകയാണ്."

അല്ലെന്നു ഞാൻ സത്യംചെയ്തു പറഞ്ഞു-ഞാൻ അറിഞ്ഞുംകൊണ്ടല്ലേ അങ്ങിനെ ചെയ്യുന്നതെന്നു സ്വയം സംശയിച്ചുപോയി. യാതൊരു തെററുംകൂടാതെ, ആ പദ്യം വീണ്ടും ചൊല്ലാൻ ഞാൻ ശ്രമിച്ചു. ആ പരിശ്രമം വിജയിച്ചു. ഇതെന്നെ ആശ്ചൎയ്യപ്പെടുത്തി. നിരാശപ്പെടുത്തുകയും ചെയ്തു.

എൻെറ മുഖം വിളറി. ചെവികൾ ചുകന്നുപോയെന്നു ഞാൻ വിചാരിച്ചു. ഞാൻ അമ്മയുടെ മുമ്പിൽ ലജ്ജിച്ചു തലതാഴ്ത്തിനിന്നു എൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. അമ്മക്കും വലിയ നിരാശതോന്നിയിരിക്കണമെന്നു ഞാൻ ഊഹിച്ചു-അവർ ചുണ്ടുകൾ കടിച്ചമത്തി. പുരികങ്ങൾ വളച്ചു.

"ഇതിൻെറ അർത്ഥമെന്താണ്?" അസാധാരണമായ സ്വരത്തിൽ അമ്മ എന്നോടു ചോദിച്ചു. "അപ്പോൾ നീ കരുതിക്കൂട്ടി തെററിച്ചുചൊല്ലിയതാണ്? അല്ലെ?"

"എനിക്കറിയുകയില്ല. എനിക്കാ ഉദ്ദേശം ഉണ്ടായിരുന്നില്ല."

"നിന്നോടിടപെടുന്നത് എളുപ്പമല്ല." അവർ തലതാഴ്ത്തി ഇരുന്നുകൊണ്ടു പറഞ്ഞു. "ഫോ, ദൂരെ!"

അവർ എന്നോടു അധികം പദ്യങ്ങൾ പഠിക്കേണമെന്നു പറഞ്ഞു. എൻെറ മനസ്സു പദ്യങ്ങളുമായി ബന്ധപ്പെടാൻ കൂട്ടാക്കിയില്ല. പദ്യങ്ങളിലെ വരികൾ ക്രമം തെററിച്ചു പുതിയ പദങ്ങൾ ചേർത്തുകൊണ്ടു ചൊല്ലിപ്പഠിക്കാനുള്ള എൻെറ ആഗ്രഹത്തിനു ശക്തികൂടി. അങ്ങിനെ ചെയ്യാൻ എനിക്കു യാതൊരു വിഷമവും തോന്നിയില്ല. അനാവശ്യമായ വാക്കുകൾ, വാസ്തവത്തിലുള്ള വാക്കുകൾക്കു പകരം വഴിക്കുവഴിയായി എൻെറ ഓർമ്മയിൽ തള്ളിവന്നുകൊണ്ടിരുന്നു. ഞാൻ എത്ര ശ്രമിച്ചിട്ടും അതാതു വരികൾ എൻെറ ദൃഷ്ടിയിൽ പെടുവാൻ കൂട്ടാക്കിയില്ല.

അമ്മ പരാജിതയായി. എൻെറ ഓർമ്മക്കുറവിനെക്കുറിച്ചു അവർ അപ്പൂപ്പനോടാവലാതിപ്പെട്ടു.

"അവനെ ചീത്തയാക്കിക്കളഞ്ഞതാണ്." അദ്ദേഹം ക്രോധത്തോടെ പറഞ്ഞു. അവൻെറ ബുദ്ധിക്കു യാതൊരു കുറവുമില്ല. അവനു എല്ലാ പ്രാർത്ഥനാഗീതങ്ങളും എന്നെക്കാൾ ഭംഗിയായ

റിയാം. അവൻെറ ഓർമ്മശക്തി കല്ലുപോലെ ദാർഢ്യമുള്ളതാണ്. ഒരു പ്രാവശ്യം വല്ലതും അവൻെറ മനസ്സിൽ പതിഞ്ഞുകഴിഞ്ഞാൽ അവൻ ഒരിക്കലും മറന്നുപോകയില്ല—അവന്നു നല്ല പ്രഹരം കൊടുത്തുനോക്കു!''

അപ്പാപ്പൻെറ അഭിപ്രായത്തെ അമ്മമ്മയും ശരിവെച്ചു.

''അവൻ യക്ഷികഥകളും പാട്ടുകളും ശരിക്ക് ഓർമ്മവെക്കുന്നുണ്ട്—പാട്ടുകളെന്താണ്, പദ്യങ്ങൾപോലെയല്ലെ?''

ഇപ്പറഞ്ഞതെല്ലാം പരമാർത്ഥമായിരുന്നു. ഞാനാണ് തെററുകാരനെന്നെനിക്കുതോന്നി. ഞാൻ ഏതെങ്കിലും ഒരു പദ്യശകലം പഠിക്കുവാൻ ഭാവിച്ചാൽ, കുരുകൾ കൂട്ടംകൂട്ടമായി ഓടിവരുന്നതുപോലെ, വാക്കുകൾ എൻെറ വായിൽ തള്ളിവരികയാണ്.

രാത്രി അമ്മമ്മയോടൊപ്പം ഉറങ്ങാൻ കിടന്നാൽ, പുസ്തകത്തിൽനിന്നു എനിക്കോർമ്മിക്കാൻ കഴിയുന്ന വരികളും, ഞാൻ തന്നത്താൻ കെട്ടിയുണ്ടാക്കുന്ന വരികളും അവരെ ചൊല്ലിക്കേൾപ്പിക്കും. ചിലപ്പോൾ അവർ പൊട്ടിച്ചിരിക്കും. മററുചില സന്ദർഭങ്ങളിൽ അവർ എന്നെ കഠിനമായി ശകാരിക്കുകയുംചെയ്യും.

''വേണമെന്നുവെച്ചാൽ, നിനക്കെന്തും ചെയ്യാൻകഴിയും. നിൻെറ സ്വന്തം പദ്യത്തിൽ നീ എരപ്പാളികളെ തമാശയാക്കുന്നുണ്ട്. അങ്ങിനെ ചെയ്യരുത്. കൃസ്തു ഒരെരപ്പാളിയായിരുന്നു. എല്ലാ പുണ്യവാളന്മാരും എരപ്പാളികളായിരുന്നു.

എരപ്പാളികളെയും അപ്പാപ്പനെയും തമാശയാക്കുന്ന ഒരു പദ്യം ഞാൻ ഉണ്ടാക്കിച്ചൊല്ലി.

"നിൻെറ നാവു ദഹിച്ചുപോകട്ടെ! തെമ്മാടി!" അമ്മമ്മ എന്നെ ശപിച്ചു. "നിൻെറ അപ്പാപ്പൻ ഇതു കേട്ടാലോ?''

''കേൾക്കട്ടെ.''

"നിൻെറ ദുഃഖിച്ചുംകൊണ്ടിരിക്കുന്ന അമ്മയെ നീ കൂടുതൽ വിഷമിപ്പിക്കുന്നതെന്തിനാണ്". മററവതന്നെ അവറംക്ക യാതൊരു സമാധാനവുമില്ല. "അമ്മമ്മ എൻെറ കുററം എന്നെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചു.

"അവർ എന്തിനാണ് ദുഃഖിക്കുന്നത്?"

"നിൻെറ നാവു നീ അല്പം അടക്കിവെക്കുമോ? അങ്ങിനെയുള്ള കാര്യങ്ങറം നിനക്കെങ്ങിനെ മനസ്സിലാകാനാണ്?"

"അപ്പാപ്പനാണ് അമ്മയെ ദുഃഖിപ്പിക്കുന്നതു........"

"നിന്നോടല്ലെ മിണ്ടരുതെന്നു പറഞ്ഞതു?"

എനിക്കെന്തെന്നില്ലാത്ത വല്ലായ്മതോന്നി. പക്ഷെ ഞാൻ പരിഭ്രമം മറച്ചുവെക്കാൻ ശ്രമിച്ചു. അതുകൊണ്ടു ഞാൻ കരുതിക്കൂട്ടി അനുസരണക്കേടു പ്രദശിപ്പിച്ചു-അമ്മ പഠിപ്പിക്കുന്ന പാഠങ്ങറം എനിക്കു വളരെ വിഷമമുള്ളവയായിത്തോന്നി. കണക്കു ഞാൻ വളരെ വേഗം പഠിച്ചു. വ്യാകരണനിയമങ്ങറം എഴുതാനും മനസ്സിലാക്കാനും എനിക്കു വലിയ പ്രയാസംതോന്നി. ഞങ്ങളുടെ വീട്ടിൽ, അമ്മക്കു യാതൊരു സുഖവും സമാധാനവും ഇല്ലെന്ന തോന്നൽ എന്നെ എല്ലാററിനേക്കാളും വേദനിപ്പിച്ചു. ദിവസങ്ങറം കഴിയുന്തോറം അമ്മയുടെ സ്ഥിതി കൂടുതൽ വിഷമമായിത്തീൎന്നു. അവർ എല്ലാവരെയും അന്യന്മാരായിക്കരുതി. അവർ ജനലിന്നടുത്തിരുന്നു വളരെനേരം തോട്ടത്തിലേക്കു നോക്കും—അവരുടെ ദേഹം ക്ഷീണിക്കുവാൻ തുടങ്ങി. അവർ വീട്ടിൽ എത്തിയ ഉടനെ കുറച്ചുദിവസങ്ങളോളം വലിയ ഉത്സാഹവും ഉന്മേഷവും പ്രദശിപ്പിച്ചിരുന്നു എന്നാൽ ക്രമേണ അവരുടെ കണ്ണുകറംക്കു ചുററം കറുത്ത വലയങ്ങറം കാണാൻ തുടങ്ങി. അവർ വസ്ത്രത്തിൻെറ കാര്യത്തിൽ വലിയ ശ്രദ്ധചെലുത്താതെയായി. മുടി ചീകിവെക്കാൻ കൂട്ടാക്കിയില്ല. മുഷിഞ്ഞ കുപ്പായമിട്ടു നടക്കുവാൻ തുടങ്ങി. അമ്മയുടെ ആകൎഷ

കത്വം നശിച്ചുപോകുന്നതിൽ എനിക്കു വലിയ നിരാശതോന്നി. വൃത്തിയും സൌന്ദര്യവുമുള്ള അമ്മ, ലോകത്തിൽവെച്ച് ഏററവും സുന്ദരിയായ എൻെറ അമ്മ, ഇങ്ങിനെ മാറിപ്പോകുന്നതു കണ്ട പ്പോഠം ഞാൻ വല്ലാതെ വ്യസനിച്ചു.

എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കെ എന്നെ കാണാത്തതു പോലെ, അമ്മ ജനലിൽക്കൂടി, പുറത്തേക്കു നോക്കിയിരിക്കും. അവർ എന്നോടു വളരെ ക്ഷീണിച്ചസ്വരത്തിലാണ് ചോദ്യങ്ങഠം ചോദി ക്കുന്നതു. എൻെറ ഉത്തരങ്ങഠം കേഠക്കാൻ മറന്നുപോകയും ചെയ്യുന്നു. അമ്മക്കു വേഗം ക്രോധംവരാൻ തുടങ്ങി; എന്നെ ശകാ രിക്കാൻ തുടങ്ങി. ഇതെല്ലാം എൻെറ മനസ്സിനെ അലട്ടി. അമ്മയാ യിരുന്നു മററെല്ലാവരേക്കാഠം എന്നോടു സ്നേഹം കാണിക്കേണ്ടി യിരുന്നതു്. സ്നേഹമയികളായ അമ്മമാരെക്കുറിച്ചാണ് ഞാൻ കഥ കളിൽ പറഞ്ഞുകേട്ടിട്ടുള്ളതു്.

ഒരുദിവസം ഞാൻ അമ്മയോടു പറഞ്ഞു.

"ഞങ്ങളോടൊപ്പമുള്ള ജീവിതത്തിൽ നിങ്ങഠംക്കു ഇഷ്ടംതോ ന്നുന്നില്ലേ?"

"നീ നിൻെറ ജോലിനോക്കു." അവർ എന്നോടു ശാസിച്ചു.

അമ്മയെയും, അമ്മമ്മയെയും പരിഭ്രമിപ്പിച്ചിട്ടുള്ള എന്തോ ഒരു കാര്യം ചെയ്യാനാണ് അപ്പാപ്പൻ ഭാവിക്കുന്നതെന്നു ഞാൻ മനസ്സിലാക്കി. പലപ്പോഴും അപ്പാപ്പൻ മുറിയിൽ വാതിലടച്ചി രുന്നു അമ്മയുമായി കലഹിക്കുന്നതുകേഠക്കാം. ഒരു ദിവസം അങ്ങിനെ തക്കിച്ചുകൊണ്ടിരിക്കെ വീട്ടിലുള്ള എല്ലാവരും കേഠക്കെ അമ്മ ഉച്ചത്തിൽ പറഞ്ഞു.

"ഒരിക്കലുമില്ല! ഒരിക്കലും!" അവർ വാതിൽ പിറകോട്ടു കൊട്ടിയടച്ചു. അപ്പാപ്പൻ ബഹളംകൂട്ടി.

അമ്മമ്മ അടുക്കളയിലിരുന്നു അപ്പൂപ്പന്നുവേണ്ടി ഒരു കുപ്പായം തുന്നുകയായിരുന്നു അവർ എന്തെല്ലാമോ പിറുപിറുക്കുന്നുണ്ട്. വാതിലടകുന്ന ശബ്ദം കേട്ടപ്പോറം അവർ ഇങ്ങിനെ പറഞ്ഞു.

"ദൈവമെ, അവറം തന്നത്താൻ മറന്നുകഴിഞ്ഞിരിക്കുന്നു."

അപ്പൂപ്പൻ അടുക്കളയിലേക്കോടിവന്നു. അദ്ദേഹം അമ്മമ്മയുടെ തലക്കു ഊക്കോടെ ഇടിച്ചു. വേദനിച്ച കൈകറം തടവിയും കൊണ്ട് അദ്ദേഹം ഗർജ്ജിച്ചു.

"നിൻെറ നാവടക്കിവെക്കാൻ നിനക്കു സാധിക്കുകയില്ലെ മൂധേവി!"

"നിങ്ങറം ഒരു വിഡ്ഢിയാണ്. അവർ ശാന്തമായി മറുപടി പറഞ്ഞു. നിങ്ങറം എന്നെ മിണ്ടാതാക്കാൻ കൊതിക്കേണ്ടാ, നിങ്ങളുടെ കുരുട്ടുവിദ്യകളെക്കുറിച്ചു എനിക്കു മനസ്സിലാകുന്നേടത്തോളം സംഗതികറം ഞാൻ അവളോടു പറയാതിരിക്കുകയില്ല."

അദ്ദേഹം അമ്മമ്മയുടെ മേൽ ചാടിവീണു. അവരുടെ തലയിൽ പ്രഹരിക്കുവാൻ തുടങ്ങി. അമ്മമ്മ അദ്ദേഹത്തെ തടഞ്ഞില്ല. അവർ പറഞ്ഞുകൊണ്ടിരുന്നു.

"അടിക്കു, അടിക്കു, വിഡ്ഢീ! വേണ്ടത്ര അടിക്കു!"

ഞാൻ തലയണകളും കമ്പിളികളും പെരിപ്പുകളും വലിച്ചെടുത്തു അപ്പൂപ്പനെ എറിയുവാൻ തുടങ്ങി. കോപിച്ചു വിറക്കുന്ന അദ്ദേഹം ഇതു ശ്രദ്ധിച്ചില്ല. അമ്മമ്മ തറയിൽ മറിഞ്ഞുവീണു. വീണുകിടക്കുന്നേടത്തുനിന്നും അപ്പൂപ്പൻ അവരുടെ തലക്കു ചവിട്ടി. അദ്ദേഹം പെട്ടെന്നു തടഞ്ഞുവീണു; ഒരുകിണ്ടി വെള്ളം തട്ടിമറിച്ചു. അദ്ദേഹം മേലോട്ടു തുള്ളിപ്പോയി. ക്രോധത്തോടെ കാക്കിച്ചു തുപ്പി. ചുററം മിഴിച്ചുനോക്കിയുംകൊണ്ടു അദ്ദേഹം അടുക്കളയിൽനിന്നും അദ്ദേഹത്തിൻെറ മുറിയിലേക്കോടിപ്പോയി. അമ്മമ്മ

മുരണ്ടുകൊണ്ടുഴന്നേറ്റ ഒരു ബെഞ്ചിന്മേൽ പോയിരുന്നു. അവരുടെ ചിതറിക്കിടക്കുന്ന തലമുടി വാരിക്കെട്ടി. ഞാൻ അടുപ്പിൻ തട്ടിൽനിന്നും താഴത്തേക്കു തുള്ളിയിറങ്ങി.

"തലയണയും മററുമെടുത്തു അതാതിന്റെ സ്ഥാനത്തു കൊണ്ടുവെക്കു" അവർ കോപത്തോടെ എന്നോടാജ്ഞാപിച്ചു. "തലയണയെടുത്തിട്ടാണെറിയുന്നതു? നീ നിന്റെ കാര്യങ്ങൾ നോക്കിയാൽ പോരെ?–ആ കിഴവന്നു ഭ്രാന്തുപിടിച്ചതു കണ്ടില്ലെ?"

പെട്ടെന്നവർ പുരികംചുളിച്ചുംകൊണ്ടു എന്നെ അടുക്കെ വിളിച്ചു.

"ഇവിടെ നോക്കു" അവർ തലതാഴ്ത്തിയുംകൊണ്ടു പറഞ്ഞു. "ഇവിടെ എന്താണു് വല്ലാതെ വേദനിക്കുന്നതെന്നു നോക്കു!"

ഞാൻ അവരുടെ തലമുടി ചികഞ്ഞുനോക്കി. അവരുടെ തലയിൽ ഒരു മുടിപ്പൊന്നു തറച്ചുനില്ക്കുന്നതു ഞാൻ കണ്ടു. എന്റെ തല കറങ്ങുന്നതായി തോന്നി.

"ഞാൻ അമ്മയെ വിളിച്ചുകൊണ്ടുവരാം." ഞാൻ പറഞ്ഞു "എനിക്കു പേടിയാകുന്നു."

"നീ എന്താണു് പറഞ്ഞതു? അമ്മയെ വിളിക്കാമെന്നോ?" കൈവീശിയുംകൊണ്ടവർ ചോദിച്ചു. അവൾ ഇതു കാണുകയും കേൾക്കുകയും ചെയ്യാത്തതു വലിയ ഭാഗ്യമായിപ്പോയി. നീ അവളെ വിളിച്ചുകൊണ്ടുവരുമത്രെ? ഫോ! പുറത്തു!"

നാടമടയുന്നതിൽ സമത്ഥയായ അവർ അവരുടെ ഇടതൂർന്നു വളരുന്ന തലമുടിക്കിടയിൽനിന്നും മുടിപ്പൊന്നുകൾ വലിച്ചെടുത്തുംകൊണ്ടിരുന്നു. ഞാൻ എന്റെ മുഴുവൻ ശക്തിയും ധൈര്യവുമുപയോഗിച്ചുംകൊണ്ടു, രണ്ടെണ്ണം വലിച്ചെടുത്തു.

"വേദന തോന്നുന്നുണ്ടോ?"

"അത്രയൊന്നുമില്ല. ഞാൻ ചൂടുവെള്ളം മുക്കിപ്പിടിച്ചു വേദന പോക്കിക്കൊള്ളാം. അദ്ദേഹം എന്നെ അടിച്ചതു നീ നിൻെറ അമ്മയോടു പറയരുതു." അമ്മമ്മ എന്നോടു നിർബ്ബന്ധമായി പറഞ്ഞു. "മററുതന്നെ അവരന്യോന്യം കലഹിച്ചുകൊണ്ടിരിക്കുകയാണ്. നീ പറയുമോ? ഇല്ലല്ലൊ?"

"ഇല്ല."

"മറന്നുപോകരുതു. ഇവിടെ സാധനങ്ങഠം ശരിക്കുവെക്കട്ടെ. എൻെറ മുഖത്തു എന്തെങ്കിലും കാണാനുണ്ടോ? ഇല്ല? വളരെ നല്ലതു എല്ലാം ശരിതന്നെയല്ലെ?"

അവർ മുറി വൃത്തിയാക്കി ഞാൻ വ്യസനത്തോടെ പറഞ്ഞു. "നിങ്ങഠം ഒരു സന്യാസിനിയാണ്. അദ്ദേഹം നിങ്ങളെ അടിച്ചു; ഭേദ്യംചെയ്തു. നിങ്ങഠം അതൊന്നും കാര്യമായെടുക്കുന്നില്ല."

"എന്തു വിഡ്ഢിത്തമാണ് നീ പറയുന്നതു. സന്യാസിനി! സന്യാസിനിയെ കാണാൻ കിട്ടുന്ന ഒരു സ്ഥലമല്ലെ ഇതു!"

അമ്മ മുറിയിലുള്ള സാധനങ്ങഠം ശരിക്കുവെച്ചുകൊണ്ടിരിക്കെ, ഞാൻ വാതില്ക്കലിരുന്നു അച്ഛാച്ഛനോടു ഇതിന്നെല്ലാം എങ്ങിനെ പ്രതികാരം വീട്ടുമെന്നു ആലോചിച്ചുംകൊണ്ടിരിക്കുകയായിരുന്നു.

അമ്മമ്മയെ അച്ഛാച്ഛൻ എൻെറ മുമ്പാകെ, അതിന്നുമുമ്പ്, അത്രയും ക്രൂരമായി മദ്ദിച്ചിട്ടുണ്ടായിരുന്നില്ല. ചുവന്ന കണ്ണുകളോടെ ചുകന്ന തലമുടി പറിച്ചിട്ടുംകൊണ്ടുള്ള അദ്ദേഹത്തിൻെറ രൂപം എൻെറ ഓമ്മയിൽ വന്നു. എൻെറ മനസ്സിൽ കോപം ആളിക്കത്തി. കാര്യമായ ഒരു പ്രതികാരം കണ്ടുപിടിക്കാൻ കഴിയാഞ്ഞതിൽ എനിക്കു നിരാശതോന്നി.

രണ്ടുദിവസം കഴിഞ്ഞപ്പോഠം ഞാൻ അച്ഛാച്ഛൻെറ മുറിയിൽ കടന്നുചെന്നു. അദ്ദേഹം തറയിലിരുന്നു, ഒരു പെട്ടി തുറന്നുവെച്ചു,

ഏതാനും ചില കടലാസ്സുകഠം, നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. പുണ്യവാളന്മാരുടെ സുദിനങ്ങഠം കാണിക്കുന്നതും, അവരുടെ ചിത്രങ്ങളുള്ളതുമായ അദ്ദേഹത്തിൻെറ പഞ്ചാംഗം ഒരു കസേലമേൽ വേറെ എടുത്തുവെച്ചിട്ടുണ്ടു. ഈ പുസ്തകം അച്ഛാച്ഛൻ ഒരു വിലപിടിച്ച സമ്പത്തായിട്ടാണ് കരുതിയിരുന്നതു. എന്നോടു വളരെ പ്രീതിതോന്നിയ അവസരങ്ങളിൽമാത്രമെ, ആ പുസ്തകത്തിലെ ചിത്രങ്ങഠം നോക്കുവാൻ അദ്ദേഹം എന്നെ അനുവദിച്ചിരുന്നുള്ളു. അതിൽ കാണാറുള്ള പുണ്യവാളന്മാരുടെ ചിത്രങ്ങഠം ഞാൻ വളരെ ഭക്തിയോടുകൂടിമാത്രമെ നോക്കാറുണ്ടായിരുന്നുള്ളു. അവരിൽ പലരുടെയും ജീവിതകഥകഠം എനിക്കു മനഃപാഠമായിരുന്നു. അലക്സേയിയെക്കുറിച്ചുള്ള കീൎത്തനം ഞാൻ സാധാരണ ചൊല്ലാറുണ്ടു. പുണ്യവാളന്മാരുടെ ചിത്രങ്ങഠം കാണുമ്പോഠം, സൽക്കാര്യങ്ങഠംക്കുവേണ്ടി ജീവത്യാഗം ചെയ്ത അനേകം രക്തസാക്ഷികഠം ഈ ലോകത്തിൽ ഉണ്ടായിട്ടുണ്ടല്ലോ എന്നു ഞാൻ ആശ്വസിക്കാറുണ്ട്.

അച്ഛാച്ഛന്നു ഏററവും പ്രിയപ്പെട്ട ഈ പുസ്തകം കീറിക്കളയുവാൻ ഞാൻ തീൎച്ചപ്പെടുത്തി. ഒരു നല്ല പ്രതികാരമാണതെന്നു ഞാൻ വിചാരിച്ചു. അച്ഛാച്ഛൻ ഏതോ ഒരു നീലക്കടലാസ്സു ജനലിന്നരികെനിന്നു വായിക്കുകയായിരുന്ന തക്കംനോക്കി, ഞാൻ പഞ്ചാംഗത്തിലെ ചില ചിത്രങ്ങഠം വലിച്ചെടുത്തു താഴത്തേക്കോടി. അമ്മമ്മയുടെ മേശയിൽനിന്നു കത്രികയെടുത്തു അടുപ്പിന്നടുത്തു ചെന്നിരുന്നു ഞാൻ പുണ്യവാളന്മാരുടെ കഴുത്തിന്നു നോക്കി, ആ ചിത്രങ്ങഠം കഷണിക്കുവാൻ തുടങ്ങി. കുറെ ചിത്രങ്ങഠം ഇങ്ങിനെ രണ്ടായി മുറിച്ചുകഴിഞ്ഞപ്പോഠം നിരപരാധികളായ പുണ്യവാളന്മാരെക്കുറിച്ചു എനിക്കു വലുതായ അനുകമ്പതോന്നി. അതുകൊണ്ടു അവരെ വേദനിപ്പിക്കാതെ ബാക്കിയുള്ള ചിത്രങ്ങളുടെ പാൎശ്വങ്ങഠംമാത്രം മുറിച്ചുകളയുവാൻ ഞാൻ തീരുമാനിച്ചു. അപ്പോഴേക്കും അച്ഛാച്ഛൻ അടുക്കളയിലേക്കോടിവന്നു.

"പഞ്ചാംഗം എടുക്കുവാൻ നിന്നോടാരാണ് പറഞ്ഞതു്?"

പെട്ടെന്നദ്ദേഹം നിലത്തു മുറിഞ്ഞു വീണുകിടക്കുന്ന ചിത്രങ്ങൾ കാണാൻ ഇടയായി. ആദ്യം അദ്ദേഹം അവ മററു കടലാസ്സു കഷണങ്ങളാണെന്നു വിചാരിച്ചിരിക്കണം. പിന്നീടു കാര്യം മനസ്സിലായപ്പോൾ അദ്ദേഹത്തിൻെറ താടിയെല്ലു കിടുകിടെ വിറച്ചു; അദ്ദേഹം ശക്തിയോടെ നെടുവീർപ്പിട്ടു. അദ്ദേഹത്തിൻെറ ശ്വാസത്തിൻെറ ഊക്കിൽ, കടലാസ്സുകഷണങ്ങൾ പറന്നുപോയി.

"നീ എന്താണീച്ചെയ്തതു്?" അദ്ദേഹം എന്നെ ഒരു കാലിന്നു പിടിച്ചുവലിച്ചു പൊക്കിയുംകൊണ്ടു ചോദിച്ചു. അദ്ദേഹം എന്നെ നിലത്തേക്കെറിഞ്ഞു. ഞാൻ ഉരുണ്ടുരുണ്ടു ദൂരെ തെറിച്ചുവീണു. അമ്മമ്മ എന്നെ വാരിയെടുത്തു.

"ഞാൻ നിന്നെ കൊല്ലും" എന്നെയും അമ്മമ്മയെയും കഠിനമായി പ്രഹരിച്ചുംകൊണ്ടു അച്ഛാച്ഛൻ ഗർജ്ജിച്ചു.

അപ്പോൾ അമ്മയും അവിടെ എത്തി. അവർ എന്നെ ഒരു മൂലയിലേക്കു തള്ളിനിർത്തി. അവർ എൻെറ മുമ്പിൽ കയറിനിന്നു.

"ഇനി മതിയാക്കണം" അടികൾ തടുത്തുംകൊണ്ടു അമ്മ അച്ഛാച്ഛനെ താക്കീതുചെയ്തു. "നിങ്ങളുടെ ബുദ്ധിക്കു സ്ഥിരതയില്ലാതായിപ്പോയോ?"

"ഞാൻ നശിച്ചു." അച്ഛാച്ഛൻ ജനലിന്നരികെ ബെഞ്ചിന്മേൽ പോയിരുന്നു അമ്മയോടു കയർത്തു.

"നിങ്ങളെല്ലാം എനിക്കെതിരാണ്–നിങ്ങളെല്ലാം."

"ഈ പേക്കൂത്തുകളെല്ലാം കാണിച്ചതിന്നു നിങ്ങൾ ലജ്ജിക്കുകയാണ് വേണ്ടതു." അമ്മ ശാന്തസ്വരത്തിൽ അഭിപ്രായപ്പെട്ടു.

അച്ഛാച്ഛൻ ബെഞ്ചിന്മേൽ ഇടിച്ചുംകൊണ്ടു പലതും പുലമ്പി. അമ്മയുടെ മുമ്പിൽവെച്ചു ഈ വിഡ്ഢിത്തങ്ങൾ കാണിച്ചതിൽ അദ്ദേ

ഹത്തിനു ലജ്ജതോന്നിയിട്ടുണ്ടെന്നു ഞാൻ കരുതി. അതുകൊണ്ടാണദ്ദേഹം കണ്ണടച്ചുകളഞ്ഞതെന്നും ഞാൻ ഊഹിച്ചു.

"ഞാൻ കഷണങ്ങളെല്ലാം ചേർത്തുവെച്ചു വേറെ തടിച്ച കടലാസ്സുകളിൽ, ഈ ചിത്രങ്ങൾ ഭംഗിയായയൊട്ടിച്ചുതരാം. എന്നാൽ ഈ ചിത്രങ്ങൾ മുമ്പെത്തെക്കാൾ മനോഹരമായിത്തോന്നും.'' അമ്മ ഞാൻ കീറിയിട്ട കടലാസ്സുകഷണങ്ങൾ പെറുക്കിയെടുത്തുംകൊണ്ടു അച്ഛാച്ഛനെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. "നോക്കു, മുമ്പു തന്നെ ഇവയെല്ലാം ചുളിഞ്ഞുപോയിരിക്കുന്നു. ഇതെല്ലാം ഒട്ടിച്ചു ചേക്കുമ്പോൾ ഞാൻ ഈ ചുളിവുകളെല്ലാം തീക്കുന്നതാണ്."

എനിക്കു പാഠങ്ങൾ മനസ്സിലാകാത്ത അവസരങ്ങളിൽ, എന്നോടു ദയയോടെ സംസാരിക്കാറുള്ള അതേസ്വരത്തിലാണ് അമ്മ അച്ഛാച്ഛനോടു ഇത്രയും സാന്ത്വനവാക്കുകൾ പറഞ്ഞതു്. അച്ഛാച്ഛൻ എഴുന്നേററുനിന്നു, കുപ്പായം നേരെയാക്കി, കണ്ണം ശരിപ്പെടുത്തി, പ്രമാണിത്തം നടിച്ചുംകൊണ്ടു പറഞ്ഞു.

"നീ ഇന്നുതന്നെ ചിത്രങ്ങളെല്ലാം ശരിയായി ഒട്ടിച്ചുതരണം. പഞ്ചാംഗത്തിലുള്ള ബാക്കി ചിത്രങ്ങളും ഞാൻ കൊണ്ടുവന്നുതരാം."

അദ്ദേഹം മുറിയിൽനിന്നും പോയി. വാതില്ക്കൽ എത്തിയപ്പോൾ അദ്ദേഹം തിരിഞ്ഞുനിന്നു എന്നെ ഭീഷണിപ്പെടുത്തിയുംകൊണ്ടു വിരൽചൂണ്ടി.

"അവന്നു നല്ല പ്രഹരംകിട്ടണം'' അദ്ദേഹം അമ്മയെ ഓമ്മിപ്പിച്ചു.

''ശരിയാണ്." അമ്മ അനുകൂലിച്ചു.

"നീ എന്തിനാണങ്ങിനെ ചെയ്തതു്?'' അമ്മ എന്നോടു ചോദിച്ചു.

"ഞാൻ കരുതിക്കൂട്ടി അങ്ങിനെ ചെയ്തതാണ്. അമ്മമ്മയെ അദ്ദേഹം ഇനി വല്ലപ്പോഴും അടിക്കുകയാണെങ്കിൽ, ഇതു മാത്രമല്ല ഞാൻ ചെയ്യുക, ഞാൻ അദ്ദേഹത്തിൻെറ താടിരോമങ്ങൾ മുഴുവനും മുറിച്ചുകളയാതിരിക്കയില്ല.''

കിറിയ തൻെറ ബ്ലൌസ്സ് ശരിയാക്കിക്കൊണ്ടിരിക്കെ അമ്മമ്മ തലയുയർത്തിനോക്കി.

"നീ എന്നോടു വാഗ്ദത്തംചെയ്തതു അതൊന്നും നീ അമ്മയോടു പറയുകയില്ല, എന്നല്ലെ?" അവർ എന്നെ കുററപ്പെടുത്തി. "നീ ചെയ്ത വാഗ്ദത്തം ലംഘിക്കുന്നതിൽ നിനക്കു ലജ്ജയില്ലെ?"

അമ്മ അവരെ സൂക്ഷിച്ചുനോക്കി പിന്നെ എൻെറ നേരെ തിരിഞ്ഞുംകൊണ്ടു ചോദിച്ചു.

''അദ്ദേഹം അമ്മയെ എപ്പോഴാണ് അടിച്ചതു?"

''നിനക്കു നാണമില്ലെ, വാർവാരാ, അവനോടു അതിനെക്കുറിച്ചു ചോദിക്കാൻ? അതു നീ ശ്രദ്ധിക്കേണ്ടതായ കാര്യമാണോ?''

"അനുഗൃഹീതയായ എൻെറ പ്രിയപ്പെട്ട അമ്മെ!" അമ്മ. അമ്മമ്മയെ കെട്ടിപ്പിടിച്ചു.

"ഊം-നിനക്കു നല്ല അമ്മതന്നെ-ഇതാ ഞാൻ പോകട്ടെ.''

ഒന്നും സംസാരിക്കാതെ അവരന്യോന്യം കുറച്ചു നിമിഷങ്ങൾ നോക്കിനിന്നു. അച്ഛാച്ഛൻ അപ്പോൾ മുറിയിലേക്കു വരുന്നുണ്ടായിരുന്നു.

അമ്മ വീട്ടിൽ എത്തിയ ദിവസംതന്നെ പട്ടാളക്കാരൻെറ ഭാര്യയുമായി വളരെ സ്നേഹത്തിലായി. എല്ലാം ദിവസവും വൈകുന്നേരം അമ്മ ആ സ്ത്രീയെ സന്ദർശിക്കും. അവിടെവെച്ചുതന്നെ, അമ്മ ബെററ്ലണ്ട് വീട്ടിലെ ആളുകളുമായി പരിചയപ്പെട്ടു.

അവർ സുന്ദരികളായ യുവതികളും ധൈര്യശാലികളായ പട്ടാളക്കാരുമായിരുന്നു. ഇതൊന്നും അച്ഛാച്ഛന്നു ഇഷ്ടമായില്ല. അത്താഴത്തിന്നിരിക്കുമ്പോൾ പലപ്പോഴും അദ്ദേഹം ആ വീട്ടിന്റെ നേരെ കരണ്ടി ചൂണ്ടിയുംകൊണ്ടു പറയും.

''സൽക്കാരത്തിന്റെ ഒരുക്കമൊണ് — ഇന്നു രാത്രി ഉറങ്ങാൻ കൊതിക്കേണ്ട."

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം വീട്ടിൽ വാടകതന്നു താമസിച്ചിരുന്നവരെയെല്ലാം പറഞ്ഞയച്ചു. അവർ പോയ ഉടനെ അദ്ദേഹം കുറേ പഴയ വീട്ടുസാമാനങ്ങൾ വണ്ടിയിൽ കയററിക്കൊണ്ടുവന്നു ആ മുറികളിൽ നിറച്ചു വാതിലുകൾ ബന്ധിച്ചു.

"ഇനി ഈ വീട്ടിൽ മററുള്ളവരെ താമസിക്കാൻ അനുവദിക്കുകയില്ല. എനിക്കും ചില സൽക്കാരങ്ങളെല്ലാം നടത്തേണമെന്നുണ്ട്." അദ്ദേഹം തന്റെ പ്രവൃത്തിയെ അങ്ങിനെയാണ് ന്യായീകരിച്ചത്

ആ ഞായറാഴ്ച, കുറെ വിരുന്നുകാർ വീട്ടിൽവന്നു. അതിഥികളുടെ കൂട്ടത്തിൽ അമ്മമ്മയുടെ ഒരുകന്ന സഹോദരിയായ മെട്ര്യോണാ ഐവ്നോവ്നയും ഉണ്ടായിരുന്നു. തുടച്ചയായി സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ത്രീ. അലക്കാണ് അവരുടെ ജോലി. വരയുള്ള ഒരു പട്ടുടുപ്പുധരിച്ചു തലയിൽ സ്വർണ്ണനിറത്തിലുള്ള ഒരു റുമാൽ കെട്ടിയിരിക്കയൊണ്. അങ്ങിനെയാണവരുടെ വസ്ത്രധാരണം. അവരോടൊപ്പം അവരുടെ രണ്ടു പുത്രന്മാരും വന്നിട്ടുണ്ട്. നല്ല വെടിപ്പിൽ വസ്ത്രധാരണംചെയ്തു ഉല്ലാസത്തോടെ, എല്ലാവരോടും പെരുമാറാൻ കഴിയുന്ന വേസലിയാണ് ഒരു മകൻ. അയാൾക്കു പടം വരക്കുകയാണ് ജോലി. വിക്ടർ എന്നു പേരായ മററെയാളുടെ തലമുടി നരച്ചിട്ടാണ്. മെലിഞ്ഞുനീണ്ട മുഖം,

വാതിൽക്കൽ എത്തിയപ്പോഠം അയാഠം ഒരു വിദൂഷകൻെറ സമ്പ്ര ദായത്തിൽ വിളിച്ചുപറഞ്ഞു.

''ആൻ്ടിപപ്പാ! ആൻ്ടിപപ്പാ!"

ഇതെന്നെ ആശ്ചര്യപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്തു. യാക്കോവമ്മാമൻ തൻെറ വീണയുമായി വന്നിട്ടുണ്ട്. അദ്ദേഹ ത്തോടൊപ്പം കഷണ്ടിത്തലയനും ഒററക്കണ്ണനും ആയ ഒരു വാച്ചു പണിക്കാരനും ഉണ്ടായിരുന്നു. അയാഠം ധരിച്ചിരുന്ന നീണ്ട കറുത്ത കോട്ടുകണ്ടാൽ ഒരു പാതിരിയച്ചനാണെന്നു തോന്നും. അയാഠം തല ഒരു ഭാഗത്തേക്കു ചരിച്ചു, പുഞ്ചിരിയിട്ടുംകൊണ്ടു ഒരു മൂലയിൽ ഒതുങ്ങിയിരുന്നു. ഒററക്കണ്ണുകൊണ്ടു അയാഠം എല്ലാവ രേയും മാറിമാറിനോക്കി. അധികം സംസാരിക്കുന്ന ഒരുമട്ടല്ല. ആരോടും എന്തിനും സമാധാനമായി ഒരേ വാചകംതന്നെ അയാഠം പറഞ്ഞുകൊണ്ടിരുന്നു.

"നിങ്ങഠം ബുദ്ധിമുട്ടേണ്ടതില്ല. അതു സാരമില്ല... ...." എന്നു.

മുമ്പു ഞങ്ങഠം നോവയാത്തെരുവിൽ താമസിച്ചിരുന്നകാലത്തു ചെണ്ടമുട്ടിയുംകൊണ്ടു പട്ടാളക്കാർ ചുററും നടന്നുകൊണ്ടു, കറുത്തു ഉയരമുള്ള ഒരു വണ്ടി, ജയിലിൽനിന്നും പുറപ്പെട്ടു തെരുവിൽക്കൂടി പോയിരുന്നതായ ആ കാഴ്ചയാണ്, അയാളെ കണ്ടപ്പോഠം പെട്ടെ ന്നെനിക്കോർമ്മവന്നത്. ഈ വണ്ടിയിൽ ഒരു ബെഞ്ചിന്മേൽ തല യിൽ ഒരു വട്ടത്തൊപ്പിധരിച്ചുംകൊണ്ടു ഒരാഠം ഇരിക്കുന്നുണ്ടായി രുന്നു—കൈകഠം ചങ്ങലകൊണ്ടു വരിഞ്ഞുകെട്ടിയിരിക്കുന്നു; അയാ ളുടെ ദേഹം ഇളകുന്നതിന്നനുസരിച്ചു ചങ്ങലയും കിലുങ്ങിക്കൊണ്ടി രിക്കുന്നു. കറുത്ത ഒരു തകിടു അയാളുടെ കഴുത്തിൽ തൂക്കിയിട്ടുണ്ടു്. അതിന്മേൽ വെളുത്ത അക്ഷരത്തിൽ എന്തോ എഴുതിയിട്ടുണ്ടു. ആ അക്ഷരങ്ങഠം വായിക്കാൻ ശ്രമിക്കുന്നതുപോലെ, അയാഠം തല താഴ്ത്തി ഇരിക്കുകയായിരുന്നു.

"ഇതു എൻെറ മകനാണ്." അമ്മ എന്നെ വാച്ചുപണിക്കാരനു പരിചയപ്പെടുത്തിക്കൊടുത്തു. ഞാൻ ഭയപ്പെട്ടു പിന്നാക്കംമാറിക്കളഞ്ഞു.

"നിങ്ങഠം ബുദ്ധിമുട്ടേണ്ടതില്ല." അയാഠം, വായ മലക്കെ തുറന്നുംകൊണ്ടു പറഞ്ഞു. അയാഠം എന്നെ പിടിച്ചു ചുററിത്തിരിച്ചുംകൊണ്ടു അഭിപ്രായപ്പെട്ടു.

"അവൻ നല്ല കായബലമുള്ള ഒരു കുട്ടിയാണ്." അയാഠം എന്നെ പോകാൻ അനുവദിച്ചു.

ഞാൻ ഒരു വലിയ ചാരുകസാലയിൽ ചെന്നിരുന്നു. ആ കസാല ഗ്രൂസിൻസ്കി രാജകുമാരൻെറതായിരുന്നു എന്നു അപ്പൂപ്പൻ വീമ്പുപറയാറുണ്ടായിരുന്നു. കസാലയിൽ ഇരുന്നുംകൊണ്ടു അവിടെ കൂടിയിരുന്ന ആളുകഠം തമാശപറഞ്ഞു രസിക്കുവാൻ എത്ര പാടുപെടുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി. വാച്ചുപണിക്കാരൻ, മുഖഭാവം പലവിധത്തിൽ മാററിക്കൊണ്ടിരുന്നു. അയാളുടെ മൂക്കു ഒരു വല്ലാത്ത ആകൃതിയാണ്. മുഖം മെലിഞ്ഞു എന്തോ ഒരുതരം കൊഴുപ്പുപുരട്ടിയപോലെയുണ്ടു്. ചിരിക്കുമ്പോഠം അയാളുടെ തടിച്ച ചുണ്ടുകഠം വലത്തുഭാഗത്തേക്കു വലിഞ്ഞു ചുരുളും. തള്ളിനില്ക്കുന്ന അയാളുടെ വലിയ ആ ചെവികഠം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുകയാണ്. വേണമെന്നുവെച്ചാൽ ചെവികഠം വലിച്ചുനീട്ടി മൂക്കിന്നടുത്തോളം എത്തിക്കുവാൻ യാതൊരു പ്രയാസവുമില്ലെന്നു ഞാൻ വിചാരിച്ചു. ചിലപ്പോഠം അയാഠം ദീർഘമായി നിശ്വസിച്ചുംകൊണ്ടു കറുത്തനിറമുള്ള അയാളുടെ ചെറിയ നാവ് പുറത്തേക്കു നീട്ടും. നാവുകൊണ്ടു ചുണ്ടുകഠം നനച്ചുകൊണ്ടിരിക്കും. ഇതു കണ്ടപ്പോഠം തമാശയേക്കാഠം ആശ്ചര്യമാണെനിക്കു തോന്നിയത്. എനിക്കയാളിൽനിന്നും കണ്ണു മറിക്കുവാൻ കഴിഞ്ഞില്ല.

വിരുന്നുകാരെല്ലാം ചായകഴിച്ചു. മദ്യവും കഴിച്ചു. ആ മദ്യത്തിന്നു വറുത്ത ഉള്ളിയുടെ മണമാണുണ്ടായിരുന്നത്. പലതരം

പലഹാരങ്ങളും ഉണ്ടാക്കിയിരുന്നു. അവർ അമ്മമ്മയെ പുകഴ്ത്തു കയും അനുമോദിക്കുകയും ചെയ്തു. വേണ്ടത്ര തിന്നുകയും കുടിക്കു കയും ചെയ്തശേഷം അവരവരുടെ കസാലകളിൽ ചാരിയിരുന്നു അയർ യാക്കോവമ്മാമനോടു പാട്ടുപാടുവാൻ പറഞ്ഞു.

അമ്മാമൻ ശോകരസപ്രധാനമായ ഒരു പാട്ടുപാടി. അമ്മമ്മ അദ്ദേഹത്തോടു പറഞ്ഞു.

"വേറെ ഒരു പാട്ടുപാടു. സത്യമായ, സന്തോഷകരമായ ഒരു പാട്ടു. പണ്ടൊക്കെ നാം പാടിക്കേറക്കാറുള്ള പാട്ടുകൾ ഓർമ്മയുണ്ടോ? മേടാ!"

"ഇക്കാലത്തെ പാട്ടുകൾ ഒരു പുതിയ രീതിയിലാണ്." വസ്ത്ര ങ്ങൾ ഉലച്ചു കുണുങ്ങിയുംകൊണ്ടു അമ്മമ്മയുടെ സഹോദരി അനു കൂലിച്ചു-കണ്ണുപകുതി ചിമ്മി അമ്മാമൻ അമ്മമ്മയെ നോക്കി, ആ നോട്ടം കണ്ടാൽ അവർ എവിടെയോ വളരെ ദൂരെ ഇരിക്കുകയാ ണെന്നാണ് അദ്ദേഹത്തിൻെറ വിചാരമെന്നു തോന്നും. അമ്മാമൻ അതെപാട്ടുതന്നെ അതേ രാഗത്തിൽ പാടാൻ ശ്രമിച്ചു.

വിരലുകൾകൊണ്ടു ചില ആംഗ്യങ്ങൾ കാണിച്ചു അച്ഛാച്ഛൻ വാച്ചുപണിക്കാരനോടു എന്തോ സ്വകാര്യം പറയുന്നുണ്ടായി രുന്നു. അയാൾ പുരികം വളച്ചു അമ്മയുടെ നേരെ നോക്കി; തല യാട്ടി. പെട്ടെന്നയാളുടെ മുഖഭാവം മാറുന്നതായി ഞാൻ മനസ്സി ലാക്കി.

അമ്മ വേസ്‌ലിയോടു വളരെ പതിഞ്ഞ സ്വരത്തിൽ ശാന്ത മായി എന്തോ പറയുകയായിരുന്നു.

"ഊം- അതിനെക്കുറിച്ചു നല്ലപോലെ ആലോചിക്കണം." അയാൾ നെടുവീർപ്പിട്ടുംകൊണ്ടു അമ്മയോടു പറഞ്ഞു. വിക്ടർ വെളു ക്കെച്ചിരിച്ചു കാലുകൾ ഇളക്കിയുംകൊണ്ടു ഒരു നേരിയ സ്വര ത്തിൽ പാടാൻ തുടങ്ങി.

''ആൻടിപാപ്പാ! ആൻടിപാപ്പാ!........" എല്ലാവരും സംഭാഷണംനിത്തി അയാളെ നോക്കി.

"അവൻ അതു നാടകശാലയിൽനിന്നു പഠിച്ചതാണ്." അയാളുടെ അമ്മ അഭിമാനത്തോടെ പറഞ്ഞു. ''നാടകശാലയിൽ പാട്ടുകാരം അങ്ങിനെയാണ് പാടുന്നതു."

ഇങ്ങിനെ മൂന്നുനാലുപ്രാവശ്യം അപ്പൂച്ചൻ സല്ക്കാരങ്ങരം നടത്തി. മട്ടപ്പുതോന്നിക്കുന്ന ആ അനുഭവം എനിക്കിപ്പോഴും ഓൎമ്മയുണ്ടു. ഒരു ഞായറാഴ്ച വാച്ചുപണിക്കാരൻ ഞങ്ങളുടെ വീട്ടിൽ വന്നു. ഞാൻ അമ്മയുടെ മുറിയിൽ ഇരുന്നു, ഒരു നാടയുടെ കുടുക്കു നിവൎത്തുന്നതിൽ അമ്മയെ സഹായിക്കുകയായിരുന്നു. അപ്പോരം വാതിൽ തള്ളിത്തുറന്നു, അമ്മമ്മ മുറിയിലേക്കെത്തിനോക്കി പരിഭ്രമത്തോടെ, അമ്മയോടു പറഞ്ഞു.

"വാര്യാ, അയാരം വന്നിട്ടുണ്ടു."

അമ്മ ഞെട്ടിപ്പോയില്ല. ഇരുന്നേടത്തുനിന്നും അനങ്ങിയില്ല ഒരു മിനുട്ടു കഴിഞ്ഞപ്പോരം വീണ്ടും വാതിൽ തുറക്കപ്പെട്ടു. അപ്പൂച്ചൻ മുറിയിൽ പ്രവേശിച്ചു.

"നല്ല വസ്ത്രങ്ങരം ധരിച്ചു ഇങ്ങോട്ടുവരൂ, വാർവാരാ!''

"എവിടെ പോകാൻ?'' ഇരുന്നേടത്തുനിന്നെഴുന്നേല്ക്കാതെ, അദ്ദേഹത്തിൻെറ മുഖത്തു നോക്കാതെ അമ്മ ചോദിച്ചു.

''വരൂ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ! നീ തക്കിക്കാൻ തുടങ്ങരുതു. അവൻ ഒരു നല്ല മനുഷ്യനാണ്. സമൎത്ഥനായ ഒരു വാച്ചുപണിക്കാരൻ. അവൻ അലക്സേയിക്കു ഒരു നല്ല പിതാവായിരിക്കുകയും ചെയ്യും."

സാധാരണയിൽ കവിഞ്ഞ പ്രാധാന്യം കല്പിച്ചുംകൊണ്ടാണ് അപ്പൂച്ചൻ സംസാരിച്ചതു്. അദ്ദേഹം കൈകരം തുടക്കടിച്ചും

കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കൈമുട്ടുകറം വിറക്കുന്നുണ്ടായിരുന്നു.

"ഞാൻ ആദ്യംതന്നെ നിങ്ങളോടു പറഞ്ഞു അതു സാദ്ധ്യമല്ലെന്നു." അമ്മ വളരെ ശാന്തസ്വരത്തിൽ പറഞ്ഞു.

അച്ഛാച്ഛൻ ഒരു കുരുടനെപ്പോലെ കൈ മുന്നോട്ടു നീട്ടിയും കൊണ്ടു അമ്മയുടെ മുമ്പിൽ ചെന്നുനിന്നു.

"നീ വേഗം വന്നോ! അല്ലെങ്കിൽ ഞാൻ നിന്നെ വലിച്ചിഴച്ചുകൊണ്ടുപോകും—തലമുടിക്കു പിടിച്ചുവലിച്ചുകൊണ്ടുപോകും." ദേഹമാസകലം വിറച്ചുംകൊണ്ടു അച്ഛാച്ഛൻ ഭീഷണിപ്പെടുത്തി.

"നിങ്ങറം എന്നെ വലിച്ചുകൊണ്ടുപോകും? അല്ലേ?" അമ്മ എഴുന്നേററുനിന്നു ചോദിച്ചു. അമ്മയുടെ മുഖം വിളറി. കണ്ണുകറം പകുതിയടഞ്ഞുപോയി. പെട്ടെന്നു അമ്മ പാവാടയും ബ്ലൌസും അഴിച്ചുവെച്ചു. അവർ മുട്ടോളമെത്തുന്ന അടിക്കുപ്പായംമാത്രം ധരിച്ചുംകൊണ്ടു അച്ഛാച്ഛനോടു പറഞ്ഞു

"ശരി, എന്നെ വലിച്ചുകൊണ്ടുപോയ്ക്കോളൂ!"

അദ്ദേഹം പല്ലിളിച്ചുകാട്ടി. അമ്മയുടെ നേരെ മുഷ്ടിയോങ്ങി.

"നീ ഉടുപ്പുകറം എടുത്തു ധരിക്കൂ, വാർവാരാ!"

അമ്മ അദ്ദേഹത്തെ തള്ളിനീക്കി, വാതിലിന്നടുത്തേക്കുപോയി.

"ശരി, നിങ്ങറം വരുന്നില്ലേ?" അമ്മ അദ്ദേഹത്തോടു ചോദിച്ചു.

"ഞാൻ നിനക്കു ഒരവകാശവും അനുവദിക്കുകയില്ല. നീ ഓർമ്മിച്ചോളൂ!" അച്ഛാച്ഛൻ അമ്മയെ ഭീഷണിപ്പെടുത്തി.

"അതൊന്നും ഞാൻ കാര്യമാക്കിയിട്ടില്ല." അമ്മ മറുപടി പറഞ്ഞു.

അവർ വാതിൽ തുറന്നു. അച്ഛാച്ഛൻ അമ്മയുടെ കുപ്പായ ത്തിൻെറ അററം കടന്നുപിടിച്ചു. അദ്ദേഹം മറിഞ്ഞുവീണുപോയി.

"നീ നശിച്ചുപോകും, മൂധേവി! എന്നെ നീ അപമാനിക്കു കയാണ്. എടോ! എടോ!" അദ്ദേഹം ഉറക്കെ വിളിച്ചു.

അമ്മമ്മ അമ്മയെ പുറത്തുപോകാൻ അനുവദിക്കാതെ വാതി ലിന്നടുക്കെ നില്ക്കുകയായിരുന്നു. അവർ അമ്മയെ ഒരു കോഴിക്കു ട്ടിയെപ്പോലെ, അകത്തോടിക്കുവാൻ ശ്രമിക്കുകയായിരുന്നു.

"വിഡ്ഢി! വാരികാ!" അമ്മമ്മ അമ്മയോടു പറഞ്ഞു "അക ത്തുപോക്കു, ലജ്ജയില്ലാത്തപെണ്ണേ!"

അമ്മ അകത്തേക്കു കയറിയപ്പോൾ അവർ വാതിലടച്ചു തഴു തിട്ടു. പിന്നെ അവർ അച്ഛാച്ഛൻെറ അടുത്തുചെന്നു. ഒരു കൈ കൊണ്ടദ്ദേഹത്തെ പൊക്കിയെടുത്തു മററെകൈകൊണ്ടു അദ്ദേഹ ത്തിൻെറ നേരെ ഓങ്ങിയുംകൊണ്ടു ഗ്രുണദോഷിച്ചു.

"ബുദ്ധിയില്ലാത്ത മനുഷ്യൻ! കിറുക്കൻകളിയാണ് കളിക്കു ന്നത്!"

അവർ അദ്ദേഹത്തെ ഒരു പാവയെയെന്നപോലെ കട്ടിലിൽ കൊണ്ടുപോയിരുത്തി. തലതാഴ്ത്തി വായപിളൎന്നുവെച്ചുംകൊണ്ട് അദ്ദേഹം അനങ്ങാതെ അവിടെത്തന്നെ ഇരുന്നു.

"നിൻെറ ഉടുപ്പുകൾ എടുത്തു ധരിക്കു," അവർ അമ്മയോടു കല്പിച്ചു.

"ഞാൻ അയാളുടെ അടുത്തുപോകയില്ല മനസ്സിലായോ?" അമ്മ തൻെറ വസ്ത്രങ്ങൾ കയ്യിലെടുത്തുംകൊണ്ടു പറഞ്ഞു.

അമ്മമ്മ എന്നെ കട്ടിലിൽനിന്നു താഴത്തേക്കു പിടിച്ചുതള്ളി.

"പോയി ഒരു കോപ്പയിൽ വെള്ളമെടുത്തുകൊണ്ടു വരൂ, വേഗം!"

അമ്മമ്മ പതിഞ്ഞസ്വരത്തിലാണ് സംസാരിച്ചത്. എന്നാൽ വളരെ അധികാരം അഭിനയിച്ചുംകൊണ്ടാണ് അവർ ആ കല്പനകാം പുറപ്പെടുവിച്ചത്.

ഞാൻ വാതില്ക്കലേക്കോടി. അടുത്തമുറിയിൽ ആരോ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്നതു ഞാൻ ശ്രദ്ധിച്ചു.

"ഞാൻ നാളെ ഇവിടംവിടുകയാണ്." അമ്മ അങ്ങിനെ പറഞ്ഞതു ഞാൻ കേട്ടു.

ഞാൻ അടുക്കളയിൽപോയി. ജനലിന്നടുക്കെ, ഒരു സ്വപ്നം കണ്ടിരിക്കുന്നതുപോലെ ഇരുന്നു.

അച്ഛാച്ഛൻ മുരളുകയും ഒച്ചയെടുക്കുകയും ചെയ്തു. അമ്മമ്മ മെല്ലെ പിറുപിറുത്തുകൊണ്ടിരുന്നു. ഉടനെ ഒരു വാതിൽ കൊട്ടിയടക്കുന്ന ശബ്ദംകേട്ടു. പിന്നെ എല്ലാം ശാന്തമായി. എനിക്കു ഭയംതോന്നി. എന്നെ പറഞ്ഞയച്ചതെന്തിനാണെന്നു എനിക്ക് ഓർമ്മവന്നു. ഞാൻ കുറച്ചുവെള്ളം മുക്കിയെടുത്തു അകത്തേക്കോടിച്ചെന്നു. വീട്ടിന്റെ മുൻഭാഗത്തുനിന്നും വാച്ചുപണിക്കാരൻ തലതാഴ്ത്തിയുംകൊണ്ടു കയറിവന്നു. അയാരം എന്തോ ഒരു ശബ്ദം പുറപ്പെടുവിച്ചു. അമ്മമ്മ അയാളുടെ പിന്നാലെ ചെന്നു അയാളോടു വിനീതമായപേക്ഷിച്ചു.

"നിങ്ങരംക്കുതന്നെ മനസ്സിലാകുന്നുണ്ടല്ലോ. നിങ്ങളെപ്പോലുള്ള ഒരാളെ നിർബ്ബന്ധിക്കുന്നതിൽ യാതൊരത്ഥവുമില്ലെന്ന്."

അയാരം മുററത്തേക്കിറങ്ങി, അമ്മമ്മ കരിശ്ശുവരച്ചു— അവർ ചിരിക്കുകയോ കരയുകയോ ചെയ്തതെന്നു എനിക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല.

"എന്തു സംഭവിച്ചു?" ഞാൻ ഓടിച്ചെന്നു അവരോടു ചോദിച്ചു.

അവർ എന്റെ കയ്യിൽനിന്നും കോപ്പ പിടിച്ചുവലിച്ചു. വെള്ളംമറിഞ്ഞു എന്റെ കാലടി നനഞ്ഞു.

"ഈ വെള്ളം കൊണ്ടുവരാൻ നീ എത്ര സമയമാണെടു ത്തതു! ,വാതിൽ അടക്കു!"

അവർ അമ്മയുടെ മുറിയിലേക്കു പോയി. ഞാൻ അടുക്കളയിൽ ചെന്നിരുന്നു. അവർ മൂന്നുപേരും ഘനമുള്ള എന്തോ ഒരു സാധനം തള്ളിനീക്കുമ്പോളെന്നപോലെ, ദീഘമായി നെടുവീപ്പിട്ടുംകൊണ്ടിരുന്നു.

ശിശിരകാലത്തു നല്ല പ്രകാശമുള്ള ഒരു ദിവസമായിരുന്നു അന്നു. ജനലിൽക്കൂടി സൂര്യന്റെ രശ്മികൾ അകത്തു തറയിൽ വീണു നില്ക്കുന്നു - മേശമേൽ മുത്താഴത്തിന്നുള്ള വിഭവങ്ങൾ തയ്യാറാക്കിവെച്ചിട്ടുണ്ടു. തളികകളിൽ, ഭക്ഷണസാധനങ്ങൾ വിളമ്പിയിട്ടുണ്ടു. പളുങ്കുപാത്രങ്ങളിൽ പല നിറത്തിലുള്ള മദ്യങ്ങൾ നിറച്ചുവെച്ചിരിക്കുന്നു. ജനലിൽക്കൂടി പുറത്തേക്കു നോക്കിയപ്പോൾ, മഞ്ഞുവീണു നില്ക്കുന്നതു ഞാൻ കണ്ടു—വേലിക്കു പിടിപ്പിച്ചിട്ടുള്ള ചെടികളുടെ കൊമ്പുകളും ഇലകളും മഞ്ഞുമൂടി വെളുപ്പായി മാറിയിരിക്കുന്നു. ജനലിന്നടുത്തു തൂങ്ങുന്ന കൂട്ടുകൾക്കുള്ളിൽ എന്റെ പക്ഷികൾ, നടന്നുകളിക്കുന്നു. അവ മനോഹരമായി പാടുകയും ചെയ്യുന്നു. ഇതെല്ലാം ഹൃദ്യമായ ചില സാഹചര്യങ്ങളായിരുന്നു. എന്നാൽ എനിക്കു അപ്പോൾ യാതൊരു സന്തോഷവും തോന്നിയില്ല. അന്നു പുലരേണ്ടിയിരുന്നില്ല എന്നും, ഒരു സംഭവവും ഉണ്ടാകേണ്ടിയിരുന്നില്ല എന്നും ഞാൻ വിചാരിച്ചു. ഞാൻ പക്ഷികളെ കൂട്ടിൽനിന്നും തുറന്നുവിടാൻ പുറപ്പെട്ടു. അപ്പോൾ അമ്മമ്മ അടുക്കളയിൽ കടന്നുവന്നു. അവർ പരിഭ്രമിച്ചു അടുപ്പിന്നടുത്തേക്കോടി.

"നിങ്ങൾ എല്ലാം നശിച്ചുപോകട്ടെ! നിന്നെ ചെകുത്താൻ പിടിച്ചുകൊണ്ടു പോകട്ടെ! നീ എന്തൊരു വിഡ്ഢിയാണ്? ആകുലിനാ!" അവർ സ്വയം ഇങ്ങിനെ അധിക്ഷേപിച്ചുംകൊണ്ടു ചട്ടി

യിൽനിന്നു കരിഞ്ഞുമണക്കാൻ തുടങ്ങിയ അപ്പം വലിച്ചെടുത്തു; കരിഞ്ഞ ഭാഗം വിരലുകൾകൊണ്ടു നുള്ളിനീക്കി.

"കരിഞ്ഞു കരിക്കട്ടയായിപ്പോയി. പാപികൾക്കു ഉണ്ടാകുന്ന അനുഭവം! നിങ്ങളെല്ലാം പൊട്ടിത്തെറിച്ചുപോകട്ടെ! നീ അവിടെയിരുന്നു മിഴിച്ചുനോക്കുന്നതെന്തിനാണ് മൂങ്ങേ! നിന്നെയെല്ലാം പൊളിഞ്ഞ കോപ്പകൾപോലെ അടിച്ചുടച്ചുകളയണം!"

അവർ കരയാൻ തുടങ്ങി. അപ്പം മറിച്ചിട്ടുനോക്കി. അവരുടെ കണ്ണുനീർ അപ്പത്തിന്മേൽ ഇററിററി വീണു.

അമ്മയും അപ്പൂപ്പനും അടുക്കളയിൽ കടന്നുവന്നു. അമ്മമ്മ കരിഞ്ഞ അപ്പം മേശമേൽ വലിച്ചെറിഞ്ഞു.

"നോക്കൂ, എന്തുസംഭവിച്ചു എന്നു. ഇതെല്ലാം ആർക്കുവേണ്ടിയാണ്?"

അമ്മ വളരെ ശാന്തഭാവത്തിൽ, സന്തോഷത്തോടെ അമ്മമ്മയെ കെട്ടിപ്പിടിച്ചു—അമ്മ അവരെ സാന്ത്വനപ്പെടുത്തി. അപ്പൂപ്പൻ ക്ഷീണിച്ചു പരവശനായതുപോലെ മേശക്കരികെ ചെന്നിരുന്നു. വെയിലത്തു നോക്കി കണ്ണുചിമ്മിയുംകൊണ്ടദ്ദേഹം പറഞ്ഞു.

"അതു മറന്നുകളയൂ! നാം ഒരിക്കലും അപ്പംതിന്നാത്തവരാണോ? ഈശ്വരൻ മഹാപിശുക്കനാണ്. കൊല്ലങ്ങൾ അനുവദിക്കേണ്ടിടത്തു നിമിഷങ്ങൾ മാത്രമെ കൊടുക്കുകയുള്ളൂ. പലിശയുടെ കാര്യം ചിന്തിക്കുകയുമില്ല. ഇരിക്കൂ, വാര്യാ-എടോ, അതു മറന്നുകളയൂ!........"

അദ്ദേഹത്തിന്നു മാനസാന്തരം വന്നതായി ഞാൻ വിശ്വസിച്ചു. മുത്താഴം കഴിയുന്നതുവരെ അദ്ദേഹം ദൈവത്തെക്കുറിച്ചും ഒരു പിതാവിന്നു നേരിടേണ്ടിവരുന്ന വിഷമതകളെക്കുറിച്ചും പറഞ്ഞുകൊണ്ടിരുന്നു. അമ്മമ്മ ക്രോധത്തോടെ ഇടയിൽ കടന്നുപറഞ്ഞു. "തിന്നുമ്പോൾ അധികം സംസാരിക്കരുതു."

അമ്മ ചിരിച്ചു. അവരുടെ കണ്ണുകൾ പ്രകാശിച്ചു.

"ശരി, കുറച്ചു മുൻപ് നിനക്കു ഭയംതോന്നിയോ?" അമ്മ എൻെറ പുറത്തു തലോടിയുംകൊണ്ടു ചോദിച്ചു.

ഞാൻ വല്ലാതെ ഭയന്നുപോയിട്ടൊന്നുമുണ്ടായിരുന്നില്ല. പക്ഷെ എനിക്കൊരസഹ്യതതോന്നി. എന്താണ് സംഭവിച്ചതെന്നു എനിക്കു മനസ്സിലായതുമില്ല.

അവർ ധാരാളം ഭക്ഷിച്ചു. ധാരാളം സംസാരിക്കുകയും ചെയ്തു. അരമണിക്കൂർ മുമ്പ് അന്യോന്യം ശകാരിക്കുകയും, ദുഃഖിച്ചു കരയുകയും ചെയ്ത ആളുകളാണ് അവരെന്നു എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. വളരെ വിഷമിച്ചിട്ടാണ് അവർ സകലതും മറന്നതെന്നു എനിക്കു തോന്നിയില്ല. അവർ കരയുന്നതു ഞാൻ പലപ്രാവശ്യവും കണ്ടിട്ടുണ്ടു. പെട്ടെന്നു പൊട്ടിപ്പുറപ്പെടുകയും ഉടനെ തന്നെ തണുത്തുപോകയും ചെയ്യുന്ന അത്തരം രംഗങ്ങൾക്കു ഞാൻ ധാരാളം സാക്ഷ്യംവഹിച്ചിട്ടുണ്ടു. അതുകൊണ്ടു അന്നെത്തെ സംഭവത്തിന്നു ഞാൻ വലിയ പ്രാധാന്യം കല്പിച്ചില്ല.

അജ്ഞതയിലും ദാരിദ്ര്യത്തിലും പെട്ടുഴലുമ്പോൾ, റഷ്യക്കാർ ദുഃഖത്തിൽ ആശ്വാസം തേടാറുണ്ടായിരുന്നു എന്നു ഞാൻ പിന്നീടാണ് മനസ്സിലാക്കിയത്. അവരുടെ നിർഭാഗ്യത്തെക്കുറിച്ചു ലജ്ജിക്കാതെ, അവർ കുട്ടികളെപ്പോലെ ദുഃഖമയമായ രംഗങ്ങൾ അഭിനയിച്ചു.

ജീവിതത്തിൽ മടുപ്പുതോന്നുമ്പോൾ ദുഃഖം സ്വാഗതാർഹമാണ്, അഗ്നിബാധപോലും രസംപിടിപ്പിക്കുന്ന ഒരു പരിവർത്തനമാണ്. ശൂന്യമായ മുഖത്തു ഒരു മുഴ നല്ല ഒരലങ്കാരമായിത്തോന്നാറുണ്ടല്ലോ!

# XI

ഈ സംഭവത്തിന്നുശേഷം അമ്മക്കു വീട്ടിൽ വലിയ പ്രാധാന്യം ലഭിച്ചു. അവർ കുടുംബത്തിൻെറ നേതൃത്വം വഹിച്ചു. അച്ഛാച്ഛൻ ശാന്തത കൈക്കൊണ്ടു, ഒരു കാര്യത്തിലും കയ്യിടാതെ, അകന്നൊഴിഞ്ഞ ഒരു സമ്പ്രദായം അംഗീകരിച്ചു. അദ്ദേഹം ഒരു പുതിയ ആളായതുപോലെ തോന്നി.

അദ്ദേഹം വളരെ ചുരുക്കമായിട്ടുമാത്രമെ പുറമെപോയുള്ളു. സ്വന്തം മുറിയിൽ ഇരുന്നു "എൻെറ അച്ഛൻ എഴുതിയകുറിപ്പുകൾ" എന്ന പുസ്തകം വായിച്ചുകൊണ്ടു അദ്ദേഹം സമയംപോക്കി. ഈ പുസ്തകം അദ്ദേഹം പെട്ടിയിൽ പൂട്ടിവെച്ചിരിക്കുകയായിരുന്നു. അതു പെട്ടിയിൽനിന്നും പുറത്തേക്കെടുക്കുന്നതിന്നു മുമ്പായി അദ്ദേഹം കൈകൾ കഴുകി വൃത്തിയാക്കുന്നതു കാണാം. നീലനിറമുള്ള അതിൻെറ പുറംചട്ടയിൽ ഇങ്ങിനെ എഴുതിയിട്ടുണ്ടായിരുന്നു.

"ബഹുമാനപ്പെട്ട വേസിലികാഷിറിൻ അവർകൾക്കു— ഭക്തിയോടും നന്ദിയോടുംകൂടി."

അടിയിൽ കാണുന്ന ഒപ്പ്, പറക്കുന്ന ഒരു പക്ഷിയുടെ രൂപംപോലെയുള്ള, എന്തോ ചിത്രപ്പണിയിൽ അവസാനിക്കുന്ന ഒരു പേരാണ്. പുസ്തകത്തിൻെറ പുറംചട്ട തോലുകൊണ്ടു കെട്ടിയതാണ്. പുസ്തകം എടുത്ത ഉടനെ, കണ്ണട ശരിപ്പെടുത്തിയുംകൊണ്ടു, അദ്ദേഹം ഈ വാക്കുകൾ കുറെനേരം നോക്കിയിരിക്കും. ആ പുസ്തകം

എന്താണെന്നു ഞാൻ പലപ്രാവശ്യമായി അദ്ദേഹത്തോടു ചോദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ എപ്പോഴും അദ്ദേഹം എന്നോടു ഇങ്ങിനെയാണ് മറുപടി പറഞ്ഞിരുന്നതു്.

"അതു നീ അറിയേണ്ട ആവശ്യമില്ല. ഞാൻ മരിക്കുമ്പോൾ ഈ പുസ്തകം നിനക്കുതരും, എൻെറ ആ നല്ല പട്ടുകുപ്പായവും."

അദ്ദേഹം വളരെ കുറച്ചുമാത്രമെ സംസാരിക്കുകയുള്ളൂ എന്ന നില കൈക്കൊണ്ടു. അമ്മയോടു വളരെ സാവധാനമായിമാത്രമെ വല്ലതും പറയുകയുള്ളൂ. അമ്മ അദ്ദേഹത്തോടു വല്ലതും പറയുമ്പോൾ അദ്ദേഹം വളരെ ശ്രദ്ധയോടെ കേൾക്കുകയും ചെയ്യും. ആംഗ്യങ്ങൾ കാണിച്ചു പതിഞ്ഞ സ്വരത്തിൽമാത്രം അദ്ദേഹം വാക്കുകൾ ഉച്ചരിക്കുമ്പോൾ, പ്യോട്ടർഅമ്മാമനെപ്പോലെ ഇടക്കിടെ കണ്ണുചിമ്മിക്കൊണ്ടിരിക്കും.

അപ്പൂപ്പൻെറ പെട്ടിയിൽ വിലപിടിച്ച പലതരം കുപ്പായങ്ങളും മററു ഉടുപ്പുകളും മടക്കി ശരിപ്പെടുത്തിവെച്ചിട്ടുണ്ടായിരുന്നു. ഈ ഉടുപ്പുകളിന്മേൽ മുത്തുമണികൾ തുന്നിപ്പിടിപ്പിച്ചിട്ടുണ്ടു. നല്ല ഉറുമാലും മാലകളും മററുഭംഗിയുള്ള സാധനങ്ങളും പെട്ടിയിൽ ധാരാളം ശേഖരിച്ചുവെച്ചിട്ടുണ്ട്. ഒരുദിവസം അദ്ദേഹം ഇവയെല്ലാംതന്നെ അമ്മയുടെ മുറിയിൽ കൊണ്ടുവന്നു, മേശമേലും കസേലകളിന്മേലും നിരത്തിവെച്ചു. അമ്മ അവയെക്കുറിച്ചു വാഴ്ത്തിപ്പറഞ്ഞു.

"ഞങ്ങളുടെ ബാല്യകാലത്തു ആളുകൾ, ഇന്നെത്തെക്കാൾ വിലപിടിച്ച വസ്ത്രങ്ങൾ ധരിച്ചിരുന്നു. അപ്പോൾ ആരും വസ്ത്രത്തിന്നുവേണ്ടി ധാരാളം പണം ചിലവുചെയ്യും. എന്നാൽ വീട്ടുചിലവ് വളരെ തുച്ഛവുമായിരുന്നു. അക്കാലം ഇനിയുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല—ഇതൊന്നു നീ ഉടുത്തുനോക്കു" അപ്പൂപ്പൻ അമ്മയോടു പറഞ്ഞു.

അമ്മ അടുത്തമുറിയിൽപോയി ഈ ഉടുപ്പുകളിൽ ഒന്നു ധരിച്ചു തലയിൽ ഒരു തൊപ്പിയുമിട്ടുംകൊണ്ടു തിരിച്ചുവന്നു.

"തിരുമേനിക്കു ഇതു ഇഷ്ടമായില്ലേ?" താണുവണങ്ങിയുംകൊണ്ടു അമ്മ അച്ഛാച്ഛനെ തമാശയാക്കി.

അച്ഛാച്ഛൻ അമ്പരന്നു. സന്തോഷിച്ചു ചിരിച്ചുംകൊണ്ടു അദ്ദേഹം അമ്മയുടെ ചുററും നടന്നു. കൈവീശിയുംകൊണ്ടു സ്വപ്നംകാണുന്നതുപോലെ അദ്ദേഹം അഭിപ്രായപ്പെട്ടു.

"ആ! വാർവാരാ, നീ ഒരു ധനികയായിരുന്നെങ്കിൽ! ആളുകൾക്കെല്ലാം വകതിരിവും ഉണ്ടായിരുന്നെങ്കിൽ!"

വീട്ടിൻെറ മുൻഭാഗത്തെ രണ്ടു മുറികളാണ് അമ്മ ഉപയോഗിച്ചിരുന്നതു്. പലപ്പോഴും അമ്മ അവരുടെ സ്നേഹിതന്മാരെ ക്ഷണിച്ചുകൊണ്ടുവന്നു ഈ മുറിയിൽവെച്ചു സല്ക്കരിക്കും. അധികവും അവരുടെ ആതിഥ്യം സ്വീകരിച്ചതു പട്ടാളഉദ്യോഗസ്ഥന്മാരായ മേക്സിമോവ് സഹോദരന്മാരായിരുന്നു. അവരിൽ ഒരാളായ പ്യോട്ടർ നീലക്കണ്ണുകളും, ഭംഗിയുള്ള താടിയുമുള്ള ഒരു സുമുഖനായിരുന്നു. അദ്ദേഹത്തിൻെറ മുമ്പിൽവെച്ചാണ് അച്ഛാച്ഛൻ എന്നെ, ആ പൂമൊട്ടത്തലയൻെറ ശിരസ്സിൽ തുപ്പിയതിന്നു കലശലായി പ്രഹരിച്ചിട്ടുണ്ടായിരുന്നതു–അയാളുടെ സഹോദരൻ കറുത്തു മെലിഞ്ഞു ദീഘകായനായ ഒരാളായിരുന്നു; യവ്ജനി എന്നാണ് പേരു. അയാളുടെ കണ്ണുകൾ ചെരിപ്പിൻെറ ആകൃതിയിലായിരുന്നു. പച്ചനിറത്തിലുള്ള കുപ്പായങ്ങൾക്കു സ്വർണ്ണനിറത്തിലുള്ള കുടുക്കുകൾ തുന്നിപ്പിടിപ്പിച്ചിട്ടുണ്ടു്–അയാൾ കൂടക്കൂടെ പുഞ്ചിരിയിട്ടുംകൊണ്ടു, നെററിയിൽ വീണുകിടക്കുന്ന തലമുടി പിറകോട്ടു വീശിക്കൊണ്ടിരിക്കും. എപ്പോഴും എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കണം. ഒരേവാചകം കൊണ്ടാണ് അയാൾ എന്തു വിഷയവും ആരംഭിക്കുക.

"നോക്കൂ, ഞാൻ അതിനെക്കുറിച്ചു വിചാരിക്കുന്നതു......."

അമ്മ കണ്ണുകറം പകുതികണ്ടടച്ചുംകൊണ്ടു അയാളുടെ വാക്കുകറം ശ്രദ്ധിക്കും. പലപ്പോഴും ചിരിച്ചുംകൊണ്ടു അമ്മ ഇടയിൽ കടന്നു പറയും.

"നിങ്ങറം ഇപ്പോഴും ഒരു കുട്ടിയാണ്. യവ്ജനിവാസിലേവിക്ക്! ഞാൻ അങ്ങിനെ പറയുന്നതിൽ നിങ്ങറം മുഷിയുകയില്ലല്ലൊ?"

"അതെ-കുട്ടി" ആ ഉദ്യോഗസ്ഥൻ കാൽമുട്ടിൽ കയ്യടിച്ചുംകൊണ്ടു ശരിവെച്ചു.

ക്രിസ്സ്മസ്സ് കാലം അങ്ങിനെ വളരെ സന്തോഷത്തിലും സമാധാനത്തിലും കഴിഞ്ഞുപോയി. എല്ലാ ദിവസവും വൈകുന്നേരം അമ്മയും അവരുടെ സ്നേഹിതന്മാരും ഭംഗിയുള്ള വസ്ത്രങ്ങറം ധരിച്ചു പല ദിക്കിലും വിരുന്നുപോകും. അമ്മയുടെ ഉടുപ്പുകളാണ് എപ്പോഴും ഏററവും ആകർഷകമായിരിക്കുക.

അമ്മയും മററും ഇങ്ങിനെ പുറമെ പോയാൽ, വീടു ഭൂമിക്കടിയിൽ താണുപോയതായിത്തോന്നും; വീടുറങ്ങിപ്പോയതായി എനിക്കനുഭവപ്പെടും-അമ്മമ്മ ഒരു കിഴവൻവാത്തിനെപ്പോലെയാണ് മുറികളിൽക്കൂടി നടക്കുക. അപ്പാപ്പൻ അടുപ്പിന്നടുത്തിരുന്നു പിറുപിറുക്കും.

"ശരി, തരക്കേടില്ല! അവളുടെ ഇഷ്ടംപോലെ കാര്യങ്ങറം നടക്കട്ടെ....ഫലമെന്തായിരിക്കുമെന്നു കാണാമല്ലൊ."

ക്രിസ്സ്മസ്സ് കഴിഞ്ഞപ്പോറം എന്നെയും മൈക്കേലിന്റെ സാഷയെയും അമ്മ സ്കൂളിൽ ചേർത്തു. മൈക്കേലമ്മാമൻ രണ്ടാമതും വിവാഹം ചെയ്തിട്ടുണ്ടായിരുന്നു. സാഷയുടെ ചിററമ്മ അവനെ ഉപദ്രവിച്ചു. ആ സ്ത്രീ അവനെ കണക്കിൽ പ്രഹരിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു അമ്മമ്മ അവനെ ഞങ്ങളുടെ വീട്ടിൽ കൊണ്ടുവരേണമെന്നു അപ്പാപ്പനെ നിർബ്ബന്ധിച്ചു ഞാനും സാഷ

യും ഒരു മാസത്തോളം സ്കൂളിൽ കൃത്യമായിപ്പോയിക്കൊണ്ടിരുന്നു. ആ കാലമത്രയും പഠിച്ചതിൽ ഒന്നുമാത്രം എനിക്കോർമ്മയുണ്ട്. നിൻെറ പേരെന്താണെന്നു ചോദിച്ചാൽ, "പെഷ്ക്കോവ്" എന്നു മാത്രം ഞാൻ മറുപടി പറഞ്ഞാൽ ശരിയല്ല. ഞാൻ പറയേണ്ട തിങ്ങിനെയാണ്.

"എൻെറ പേർ പെഷ്കോവ്" എന്നാണ്. മാസ്റ്ററോട് ഇങ്ങിനെ പറയാനും പാടില്ല. "മിസ്റ്റർ! എന്നോടങ്ങിനെ ഉറക്കെ സംസാരിക്കരുത്. നിങ്ങളെ എനിക്കു ഭയമൊന്നുമില്ല"

സ്കൂൾജീവിതം എനിക്കു വളരെ വേഗത്തിൽ മടുത്തുപോയി. എൻെറ മച്ചുനന്നു ആദ്യം ഈ പുതിയ ജീവിതം വലിയ ഇഷ്ടമായിരുന്നു. അവൻ സഹപാഠികളുടെ ഇടയിൽ വളരെ സ്നേഹിതന്മാരെ സമ്പാദിക്കുകയും ചെയ്തു. ഒരു ദിവസം പാഠംനടന്നുകൊണ്ടിരിക്കെ അവൻ ഉറങ്ങിപ്പോയി. ഉറക്കിൽ അവൻ പറഞ്ഞു.

"ഇല്ല ഞാൻ ചെയ്യില്ല"

മാത്രമല്ല ഉണൎന്ന ഉടനെ ക്ലാസ്സിൽനിന്നു പുറത്തുപോകുന്നതിന്നു അവൻ മാസ്റ്ററോടു അനുവാദം ചോദിച്ചു. എല്ലാ കുട്ടികളും പൊട്ടിച്ചിരിച്ചു, അവനെ വല്ലാതെ പരിഹസിച്ചു. പിറെറദിവസം പകുതിവഴിക്കെത്തിയപ്പോൾ പെട്ടെന്നു നിന്നുംകൊണ്ടു അവൻ എന്നോടു പറഞ്ഞു.

"നീ എന്നെക്കൂടാതെ പോകേണ്ടിവരും. ഞാൻ ഇന്നു സ്കൂളിൽ വരുന്നില്ല. ഞാൻ കുറെദൂരം നടന്നുവരട്ടെ."

അവൻ നിലത്തു കുത്തിയിരുന്നു, പുസ്തകങ്ങൾ മഞ്ഞതിൻകട്ടകൾക്കടിയിൽ കുഴിച്ചിട്ടു് എങ്ങോ പോയ്ക്കളഞ്ഞു. അതു നല്ല പ്രകാശമുള്ള ഒരു ദിവസമായിരുന്നു. ലോകം മുഴുവനും വെയിലിൽ മുങ്ങിനില്ക്കുകയായിരുന്ന ആഹ്ലാദകരമായ ഒരു സുദിനം. എൻെറ

മച്ചനനെക്കുറിച്ചെനിക്ക് അസൂയതോന്നി. എന്നാലും അമ്മയെ വിചാരിച്ചു ഞാൻ സ്കൂളിലേക്കു പോയി സാഷ മഞ്ഞിൽ കുഴിച്ചിട്ട പുസ്തകങ്ങൾ ആരോ കട്ടുകൊണ്ടുപോയ്ക്കളഞ്ഞു. അതുകൊണ്ടു പിറെറ ദിവസവും സ്കൂളിൽ പോകാതിരിക്കുവാൻ അവന്നു മതിയായ ഒരു കാരണം കിട്ടി. അവൻ സ്കൂളിൽപോകാറില്ലെന്ന വിവരം മൂന്നാമത്തെ ദിവസമാകുമ്പോഴേക്കും അപ്പൂപ്പൻ അറിഞ്ഞു കഴിഞ്ഞു.

ഞങ്ങൾ രണ്ടുപേരെയും വിചാരണചെയ്തു. അടുക്കളയിൽ മേശക്കു പിന്നിൽ അപ്പൂപ്പൻ, അമ്മമ്മ, അമ്മ ഇവർ ഇരുന്നു ഞങ്ങളോടു ചോദ്യങ്ങൾ ചോദിച്ചു. അപ്പൂപ്പന്റെ ചോദ്യങ്ങൾക്കു സാഷ കൊടുത്ത ഉത്തരം ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്.

"നീ സ്കൂളിൽ പോകാതിരിക്കാൻ കാരണമെന്താണ്?"

"സ്കൂൾ എവിടെയാണെന്നു ഞാൻ മറന്നുപോയി." അപ്പൂപ്പന്റെ മുഖത്തു നേരെനോക്കിയുംകൊണ്ടു അവൻ ഉത്തരം പറഞ്ഞു

"നീ മറന്നുപോയി?"

"അതെ സ്കൂൾ കാണാതെ ഞാൻ എല്ലായിടത്തും തിരഞ്ഞു നടന്നു."

"നീ അലക്സേയിയുടെ പിന്നാലെ പോയാൽ മതിയായിരുന്നല്ലൊ." അദ്ദേഹം ചൂണ്ടിക്കാണിച്ചു.

"എനിക്ക് അവനേയും കാണാൻ കഴിഞ്ഞില്ല."

"അലക്സേയിയേയൊ?"

"അതെ."

"അതെങ്ങിനെ?"

കുറഞ്ഞൊന്നാലോചിച്ചശേഷം സാഷ നെടുവീർപ്പിട്ടുംകൊണ്ടു പറഞ്ഞു.

"ഒരു വല്ലാത്ത ശീതക്കാററവന്നു. അതുകൊണ്ടു എനിക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല."

എല്ലാവരും ചിരിച്ചു. കാരണം നല്ല തെളിവുള്ള കാലാവസ്ഥയായിരുന്നു. അന്നു നല്ല വെയിലും ഉണ്ടായിരുന്നു. സാഷയും ചെറുതായൊന്നു ചിരിച്ചു. അപ്പൂപ്പൻ പല്ലിളിച്ചുംകൊണ്ടു പറഞ്ഞു.

"അവൻെറ കയ്യോ, അരപ്പട്ടയോ നിനക്കു പിടിക്കാമായിരുന്നില്ലേ?"

"ഞാൻ പിടിച്ചിരുന്നു. എന്നാൽ കാററ് എന്നെ അടിച്ചുകൊണ്ടുപോയ്ക്കളഞ്ഞു."

അവനു നിരാശതോന്നിയിരിക്കണം അർത്ഥമില്ലാത്ത, ഉപയോഗശൂന്യമായ അവൻെറ ന്യണകരം കേട്ടപ്പോരം, എനിക്ക് എന്തെന്നില്ലാത്ത അറപ്പുതോന്നി. യഥാർത്ഥം പറയാൻ കൂട്ടാക്കാതെ, അവൻ എന്തിനാണ് ഇങ്ങിനെ ഒഴിഞ്ഞുമാറുന്നതെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഞങ്ങരം രണ്ടുപേരും ശിക്ഷിക്കപ്പെട്ടു. നല്ല ചൂട്ടപ്രഹരങ്ങരം. ഞങ്ങളെ നിത്യം സ്കൂളിൽ കൊണ്ടുചെല്ലാൻ പെൻഷൻപററിയ ഒരു ശിപായിയെ നിയമിച്ചു. സാഷ ഓടിക്കളയാതെ നോക്കുവാനാണ് അയാളെ നിയോഗിച്ചിരുന്നത്. എന്നാൽ ഇതുകൊണ്ടൊന്നും കാര്യമുണ്ടായില്ല. സാധാരണ അവൻ ഓടിക്കളയാറുള്ള ആ സ്ഥലത്ത് എത്തിയപ്പോരം അവൻ പെട്ടെന്നു നിന്നു. ചെരിപ്പുകരം അഴിച്ചെടുത്തു ഓരോന്നും ഓരോ ഭാഗത്തേക്ക് എറിഞ്ഞു. കാലുറമാത്രം ധരിച്ചുകൊണ്ടു അവൻ ഓടി മറയുകയും ചെയ്തു. ശിപായി അമ്പരന്നുനിന്നു. ചെരിപ്പുകരം എടുക്കുവാൻ

പോയി. ചെരിപ്പുകരം എടുത്തുകൊണ്ടുവന്നശേഷം അയാരം എന്നേയുംകൂട്ടി വീട്ടിലേക്കു മടങ്ങി.

അന്നു മുഴുവൻ അച്ഛാച്ഛനും, അമ്മയും സാഷയെയും അന്വേഷിച്ചുകൊണ്ടു നഗരംമുഴുവൻ ചുററിത്തിരിഞ്ഞു. വൈകുന്നേരമായപ്പോരം അവർ, അവനെ പള്ളിക്കടുത്തു ചാക്കോവിൻെറ മദ്യഷാപ്പിന്നടുത്തു കണ്ടു. അവൻ ആളുകളെ രസിപ്പിക്കുവാൻ നിരത്തിന്മേൽനിന്നു നൃത്തംവെക്കുകയായിരുന്നു. അവർ അവനെ വീട്ടിലേക്കു പിടിച്ചുകൊണ്ടുവന്നു. അവന്നു അന്നു അടിയൊന്നും കിട്ടിയില്ല. അവൻ മൌനംപൂണ്ടിരിക്കുന്നതു കണ്ടപ്പോരം അവർ എന്തോ ശങ്കിച്ചിരിക്കണം. അവൻ അടുപ്പിൻതട്ടിന്മേൽ എൻെറ അടുത്തിരുന്നു കാലാട്ടിയുംകൊണ്ടു പറഞ്ഞു.

"എൻെറ ചിററമ്മ എന്നെ സ്നേഹിക്കുന്നില്ല. എൻെറ അച്ഛൻ എന്നെ സ്നേഹിക്കുന്നില്ല. അച്ഛാച്ഛനും എന്നെ സ്നേഹിക്കുന്നില്ല. പിന്നെ അവരോടൊപ്പം ഞാനെന്തിന്നു ജീവിക്കണം? കള്ളന്മാരും കൊള്ളക്കാരും എവിടെയാണ് താമസിക്കുന്നതെന്നു, ഞാൻ അമ്മമ്മയോടു ചോദിച്ചു മനസ്സിലാക്കട്ടെ. ഞാൻ കൊള്ളക്കാരുടെ കൂടെ ജീവിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. നിങ്ങരം എന്നെക്കുറിച്ചു അപ്പോരഴെങ്കിലും വ്യസനിക്കാതിരിക്കുകയില്ല—അല്ലെങ്കിൽ നമുക്കൊപ്പം പോകാം. നീ വരുന്നോ എൻെറ കൂടെ?"

എനിക്കവനോടൊപ്പം ഒളിച്ചുപോകാൻ സാദ്ധ്യമായിരുന്നില്ല. അപ്പോരം എൻെറ ഭാവിയെക്കുറിച്ചു എനിക്കു മറെറാരുദ്ദേശമാണുണ്ടായിരുന്നതു. ഭംഗിയുള്ള താടിയും, വിലപിടിച്ച വസ്ത്രങ്ങളുമുള്ള ഒരു നല്ല പട്ടാളഉദ്യോഗസ്ഥനാവാനായിരുന്നു എൻെറ ആഗ്രഹം. അതുകൊണ്ടു സ്കൂളിൽപോയി പഠിച്ചു മിടുക്കനാകേണ്ടതു വളരെ ആവശ്യമാണെന്നു ഞാൻ കരുതി. ഈ ഉദ്ദേശത്തെക്കുറിച്ചു ഞാൻ സാഷയോടു പറഞ്ഞപ്പോരം, അവൻ കുറഞ്ഞൊന്നാലോചിച്ചു, അനുകൂലഭാവത്തിൽ തലയാട്ടിയുംകൊണ്ടു പറഞ്ഞു.

"അതും തരക്കേടില്ല. നീ പട്ടാളഉദ്യോഗസ്ഥനാകുക; ഞാൻ ഒരു കള്ളത്തലവനാകുക. അപ്പോൾ നീ എന്നെ പിടിക്കേണ്ടിവരും. നമ്മളിൽ ആരെങ്കിലും മററെ ആളെ കൊല്ലേണ്ടിവരും. അല്ലെങ്കിൽ തടവുകാരനായി പിടിക്കേണ്ടിവരും-എന്നാൽ എന്തുതന്നെവന്നാലും ഞാൻ നിന്നെ കൊല്ലുകയില്ല."

"ഞാൻ നിന്നെയും കൊല്ലുകയില്ല." ഇത്രയും പറഞ്ഞുകൊണ്ടു ഞങ്ങൾ ഈ സംഭാഷണം മതിയാക്കി.

അപ്പോൾ അമ്മമ്മ അടുപ്പിൻതട്ടിലേക്കു കയറിവന്നു. ഞങ്ങളോടു പലതും ചോദിച്ചു.

"എന്താ ചുണ്ടെലികളെ, കുട്ടിക്കുറുക്കന്മാരെ! എന്തുപറയുന്നു നിങ്ങൾ?"

ഞങ്ങളോടുള്ള സ്നേഹംകൊണ്ടു, അമ്മമ്മ സാഷയുടെ ചിററമ്മയെ കുററംപറഞ്ഞു നടേഴ്സാ എന്നു പേരായ ആ സ്ത്രീ, ഒരു ഹോട്ടൽക്കാരൻെറ മകളായിരുന്നു. അവർ എല്ലാ ചിററമ്മമാരെയും ചിററപ്പന്മാരെയും അധിക്ഷേപിക്കുവാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അവർ ബുദ്ധിമാനായ ഐവൻ എന്ന മഹർഷിയെക്കുറിച്ചു സംസാരിച്ചു. അദ്ദേഹം ഒരു ചെറുകുട്ടിയായിരിക്കുമ്പോൾ ക്രൂരയായ തൻെറ ചിററമ്മയെ ദൈവത്തിൻെറ ന്യായാസനത്തിന്നു മുമ്പിൽ കൊണ്ടുവരികയുണ്ടായത്രെ.

അടുത്ത ദിവസം ഞാൻ ഉറക്കമുണർന്നപ്പോൾ ദേഹമാസകലം എന്തോ പൊന്തിവന്നിട്ടുള്ളതായിക്കണ്ടു. ഞാൻ വസൂരിപിടിച്ച് കിടപ്പിലായി. എന്നെ മുകളിലത്തെ നിലയിൽ പിൻഭാഗത്തു ഒരു മുറിയിൽ അടച്ചുപൂട്ടി. അവിടെ കുറെആഴ്ചകൾ കുരുടനെപ്പോലെ, ഞാൻ ഏകനായിക്കിടക്കേണ്ടിവന്നു. എൻെറ കയ്യും കാലും കട്ടിലിനോടു വീതിയുള്ള നാടകൾകൊണ്ടു കെട്ടിയിട്ടുണ്ടായിരുന്നു. എന്തെല്ലാമോ സ്വപ്നങ്ങൾ കണ്ടുംകൊണ്ടു ഞാൻ ദിവസങ്ങൾ

KOTTAYAM

പോക്കി. ഒരുദിവസം ഞാൻ വല്ലാതെ ഭയപ്പെട്ടുപോയി. അമ്മമ്മ മാത്രമെ എന്നെ വന്നു കാണുവാൻ ധൈര്യപ്പെട്ടുള്ളു. അവർ ഒരു ശിശുവിനെന്നപോലെ എന്റെ വായിൽ ഒരു കരണ്ടികൊണ്ടു് ദ്രവരൂപത്തിലുള്ള ഭക്ഷണപദാൎത്ഥങ്ങൾ ഒഴിച്ചുതന്നു. അവർ എനിക്കു പല കഥകളും പറഞ്ഞുതന്നു. രോഗം ഏതാണ്ടു സുഖപ്പെട്ടപ്പോൾ എന്റെ കയ്യും കാലും അഴിച്ചുവിട്ടു. അപ്പോൾ ഒരുദിവസം ഞാനൊരു വല്ലാത്ത സ്വപ്നംകണ്ടു. സാധാരണ സമയത്തിന്നു അമ്മമ്മ എന്റെ മുറിയിൽ വന്നതായി കണ്ടില്ല. അവർ ഏണിപ്പടിക്കു താഴെ കൈനീട്ടി കവിണ്ണുകിടക്കുന്നുണ്ടെന്നു എനിക്കു തോന്നി. അവരുടെ കഴുത്തു അററുവീഴാൻ ഭാവിക്കുകയാണെന്നു ഞാൻ ധരിച്ചു. ഒരു പൂച്ച മുന്നോട്ടുവന്നു കണ്ണുമിഴിച്ചുംകൊണ്ടു അവരെ കടിക്കുവാൻ ഭാവിച്ചു.

ഞാൻ കിടക്കയിൽനിന്നും ചാടി എഴുന്നേററ, ജനലിന്റെ കതകുകൾ ചുമലുകൊണ്ടു തള്ളിപ്പൊളിച്ചു. പെട്ടെന്നു ഞാൻ കാൽ പതറി ജനലിൽകൂടി താഴെ വീണുപോയി. അടുക്കളയിൽവെച്ചു അമ്മ അവരുടെ വിരുന്നുകാരെ സല്ക്കരിക്കുകയായിരുന്നു. അതുകൊണ്ടു ഞാൻ ജനലിന്റെ കതകുകൾ തല്ലിപ്പൊളിക്കുന്ന ശബ്ദം ആരും കേൾക്കാൻ ഇടയായില്ല. ആരും കാണാതെ, കുറെനേരം ഞാൻ മഞ്ഞിൽതന്നെ കിടക്കേണ്ടിവന്നു. എന്റെ എല്ലുകൾക്കൊന്നും ഹാനിതട്ടിയില്ല. പക്ഷെ ചുമലിന്നടുത്തു വല്ലാത്ത വേദനതോന്നി. കൂടാതെ പൊട്ടിയ കണ്ണാടിച്ചില്ലുകൾ തട്ടി ദേഹത്തിൽ അവിടവിടെ മുറിഞ്ഞിട്ടുണ്ടായിരുന്നു. കാലിന്റെ ശക്തി തീരെ പോയ്പ്പോയതായും തോന്നി ഏതാണ്ടു മൂന്നുമാസത്തോളം എനിക്കു നടക്കാൻ കഴിഞ്ഞില്ല. പുറമെനിന്നും മുറികളിൽനിന്നും കേൾക്കുന്ന പലതരം ശബ്ദങ്ങൾ ശ്രദ്ധിച്ചുംകൊണ്ടു ഞാൻ എന്റെ മുറിയിൽതന്നെ കിടക്കേണ്ടിവന്നു. വാതിലുകൾ അടക്കുന്നതും തുറക്കുന്നതും, ആളുകൾ വരുന്നതും പോകുന്നതും ശ്രദ്ധിച്ചുകൊണ്ടു ഞാൻ അനങ്ങാതെ കിടന്നു.

വെളിയിൽ ശീതക്കാററടിക്കുന്നുണ്ടായിരിക്കും. ജനലിൻെറ കതകുകൾ ഇടക്കിടെ ശക്തിയായടഞ്ഞുംകൊണ്ടിരിക്കും പകൽ സമയത്തു ഞാൻ കാക്കകൾ കരയുന്നതുംകേട്ടു കിടക്കും. രാത്രിയാകട്ടെ, അകലെ വയലിൽ ചെന്നായ്ക്കൾ ഓരിയിടുന്ന ശബ്ദം കേൾക്കാം. ഈ ശബ്ദങ്ങൾ ശ്രദ്ധിച്ചുകൊണ്ടു ഞാൻ വളൎന്നുവരുന്നതായി എനിക്കു തോന്നി. കുറച്ചു കഴിഞ്ഞപ്പോൾ വസന്തത്തിൻെറ എഴുന്നള്ളത്തായി. പൂച്ചകൾ വേലിമേൽ കയറിയിരുന്നു മൂളാൻ തുടങ്ങി. ചെറുപക്ഷികളുടെ മനോഹര ഗാനങ്ങൾ ചുമരുകളേയും കടന്നുകൊണ്ടു എൻെറ മുറിയിലും മാറെറാലിക്കൊണ്ടു. പള്ളിയിൽനിന്നും മുഴങ്ങിക്കേൾക്കുന്ന മണിനാദത്തിന്നു അസാധാരണമായ ഒരു രാഗം ഉണ്ടായതുപോലെ തോന്നി.

അമ്മമ്മ എന്നെ കാണാൻ വന്നു. ആയിടക്കു അവർ വോഡ്കു കുടിക്കാറുണ്ടായിരുന്നു എന്നു ഞാൻ മനസ്സിലാക്കി. ചിലപ്പോൾ അവർ ഒരു വലിയ ചായപ്പാത്രമെടുത്തുംകൊണ്ടാണ് എൻെറ മുറിയിലേക്കു കടക്കുക. അവർ അതു എൻെറ കിടക്കക്കടിയിൽ ഒളിച്ചുവെച്ചുംകൊണ്ടു പറയും.

"നീ ഇതു നിൻെറ അച്ഛാച്ഛനോടു പറയരുത്. കേട്ടോ!"

"നിങ്ങൾ എന്തിനാണ് മദ്യം കഴിക്കുന്നതു്?"

"ശ്ശ്! നീ വലുതായാൽ മാത്രമെ നിനക്കതു മനസ്സിലാകയുള്ളൂ."

അവർ ചായപ്പാത്രത്തിൽനിന്നു ഒരിറക്കു വോഡ്കു വലിച്ചു കുടിച്ചു. കുപ്പായത്തിൻെറ കൈകൊണ്ടു മുഖം തുടച്ചു. എന്നെ നോക്കി പുഞ്ചിരിയിട്ടുംകൊണ്ടു ചോദിച്ചു.

"ശരി, ഞാൻ ഇന്നലെ നിന്നോടെന്താണ് പറഞ്ഞതു്?"

"എൻെറ അച്ഛനെക്കുറിച്ചു ചില സംഗതികൾ."

"ഞാൻ എവിടെയാണ് പറഞ്ഞുവെച്ചത്?"

ഞാൻ സന്ദർഭം അവരോടു പറഞ്ഞു. അവർ കഥ തുടൎന്നു.

ഒരു ദിവസം, അവർ എൻെറ അച്ഛനെക്കുറിച്ചു എന്നോടു പല കാര്യങ്ങളും പറഞ്ഞു. അവൎക്കു വല്ലാത്ത ക്ഷീണവും ദുഃഖവും ഉണ്ടെന്നു വ്യക്തമായിരുന്നു.

"ഞാൻ ഇന്നലെ നിൻെറ അച്ഛനെക്കുറിച്ചൊരു സ്വപ്നം കണ്ടു. അയാറം ചൂളം വിളിക്കുന്നുണ്ട്; കയ്യിൽ ഒരു വലിയ വടിയുമെടുത്തു വയലിൽക്കൂടി നടക്കുകയാണ്. പുള്ളിക്കുത്തുകളുള്ള ഒരു നായ നാവുനീട്ടിയുംകൊണ്ടു അയാളുടെ പിന്നാലെ നടക്കുന്നു. ഈയിടെയായി മേക്സിം സേവിറേവ്യവിക്കിനെക്കുറിച്ചു ഞാൻ ഇടക്കിടെ സ്വപ്നങ്ങറം കാണുന്നുണ്ട്. അയാളുടെ ആത്മാവ് ഇവിടെയെല്ലാം ചുററിനടക്കുന്നുണ്ടായിരിക്കണം."

കുറെ മണിക്കൂറുകറം ഇങ്ങിനെ അച്ഛനെക്കുറിച്ചുള്ള കഥകറം പറഞ്ഞുംകൊണ്ടു അമ്മമ്മ എന്നോടൊപ്പം കഴിച്ചുകൂട്ടി. അവരുടെ യക്ഷികഥകളെപ്പോലെ അച്ഛൻെറ ജീവിതകഥയും വളരെ രസംപിടിപ്പിക്കുന്നതായിരുന്നു. എൻെറ അച്ഛൻ ഒരു പട്ടാളക്കാരൻെറ മകനാണ്. അദ്ദേഹത്തെ ഒരു വലിയ ഉദ്യോഗസ്ഥനായി നിയമിച്ചെങ്കിലും, കീഴിലുള്ള പട്ടാളക്കാരോടു നിർദ്ദയം പെരുമാറിയ കുററത്തിനു അദ്ദേഹത്തെ സൈബീരിയയിലേക്കു നാടുകടത്തി. സൈബീരിയയിൽ എവിടെയോ വെച്ചാണ് അച്ഛൻ ജനിച്ചത്. അച്ഛൻെറ കുട്ടിക്കാലം കഷ്ടതകറം നിറഞ്ഞതായിരുന്നതുകൊണ്ടു അദ്ദേഹം എവിടെയെങ്കിലും ഓടിപ്പോകാൻ തക്കം നോക്കിയിരുന്നു. ഒരു ദിവസം അച്ഛനെ കാണാതായപ്പോറം അച്ഛാച്ഛൻ ഒരു നായയേയും കൂട്ടി, കാടുമുഴുവനും തിരഞ്ഞുനടന്നുവത്രെ! മറെറാരിക്കൽ മകനെ കണ്ടുകിട്ടിയപ്പോറം അദ്ദേഹം അച്ഛനെ കലശലായടിച്ചു. അയൽപക്കക്കാർ ഓടിവന്നു അച്ഛനെ രക്ഷപ്പെടുത്തി എവിടെയോ ഒളിപ്പിക്കേണ്ടിവന്നു.

"ഇങ്ങിനെ എല്ലാ കുട്ടികളേയും നമ്മുടെ നാട്ടിൽ പ്രഹരിക്കുന്നതു സാധാരണയാണോ?"

ഞാൻ അമ്മമ്മയോടു ഇടക്കുകടന്നു ചോദിച്ചു.

"തീച്ചയായും." അമ്മമ്മ മറുപടി പറഞ്ഞു.

അപ്പൂൻെറ അമ്മ അപ്പൂൻ ഒരു ശിശുവായിരിക്കുമ്പോഠംതന്നെ മരിച്ചു. അദ്ദേഹത്തിന്നു ഒമ്പതു വയസ്സായപ്പോഠം, അപ്പൂൻെറ അപ്പനും മരിച്ചുപോയി. അപ്പൂൻെറ തലതൊട്ടപ്പൻ അദ്ദേഹത്തെ ദത്തെടുത്തു. അദ്ദേഹം ഒരു ആശാരിപ്പണിക്കാരനായിരുന്നതു കൊണ്ടു, അപ്പൂനെയും ആ പണി പഠിപ്പിക്കുവാനാണ് തീരുമാനിച്ചത്. എന്നാൽ അപ്പൂൻ അവിടെയും സ്ഥിരമായി താമസിച്ചില്ല. എവിടേയൊ ഓടിപ്പോയിക്കളഞ്ഞു. ആദ്യം അദ്ദേഹം കുരുടന്മാരുടെകൂടെ, അവക്കു വഴികാണിച്ചുകൊടുത്തുംകൊണ്ടു ജീവിതം നയിച്ചു. പതിനാറു വയസ്സായപ്പോഠം അപ്പൂൻ നിഴിനി നവഗറോഡിൽ വന്നു. ഒരു തീബോട്ടുണ്ടാക്കുന്ന സ്ഥലത്തു അദ്ദേഹം ആശാരിപ്പണിയിൽ ഏർപ്പെട്ടു. ഇരുപതുവയസ്സാകുമ്പോഴേക്കും അപ്പൂൻ ഒരു ഒന്നാന്തരം മരപ്പണിക്കാരനായിത്തീൻ. കുറെ കഴിഞ്ഞപ്പോഠം അദ്ദേഹം ഞങ്ങഠം ആദ്യം താമസിച്ചിരുന്ന വീട്ടിൻെറ അടുത്തു ഒരു ഷാപ്പു തുറന്നു പണിനടത്താൻ തുടങ്ങി.

"വേലിക്കാണെങ്കിൽ ഉയരം കുറവാണ്–അയാഠംക്ക് വേലി ചാടിക്കടക്കാൻ ഏററവും പററിയ നീളമുള്ള കാലുകളുമുണ്ട്." അമ്മമ്മ ചിരിച്ചുംകൊണ്ടു പറഞ്ഞു. "ഞാനും വാർവാരയും തോട്ടത്തിൽനിന്നു ആപ്പിഠംപഴം പെറുക്കുകയായിരുന്നു–ഞാൻ പെട്ടെന്നു തിരിഞ്ഞുനോക്കി. മേക്സിം വേലിക്കരികെ നില്ക്കുന്നു. ഞാൻ അമ്പരന്നു. അയാഠം ആപ്പിഠംമരങ്ങഠംക്കിടയിൽക്കൂടി ഞങ്ങളുടെ അടുത്തേക്കു നടന്നുവന്നു. അയാഠം ഒരു വെള്ളഷട്ടും രോമക്കാൽസ്രായിയും ധരിച്ചിട്ടുണ്ട്. തലയിൽ തൊപ്പിയില്ല; കാലിൽ ചെരിപ്പുമില്ല. തലമുടി പിന്നാക്കം ചായ്ച്ചു ഒരു നാടകൊണ്ടടക്കിക്കെട്ടി

യിരിക്കുന്നു. വളരെ ശക്തിയും പുഷ്ടിയുമുള്ള ഒരു ദേഹം. അയാരം കടന്നുവന്നതെന്തിനാണെന്നല്ലെ? നിൻെറ അമ്മയെ അയാരംക്കു വിവാഹം ചെയ്തുകൊടുക്കേണമെന്നു എന്നോടാവശ്യപ്പെടാൻ. നമ്മുടെ ജനാലിന്നടുത്തുകൂടി അയാരം ഇടക്കെല്ലാം കടന്നുപോകുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഞാൻ അയാളെ കാണുമ്പോഴെല്ലാം വിചാരിക്കും ഒരു നല്ല ചെറുപ്പക്കാരൻ! എന്നു. അയാരം എൻെറ മുമ്പിൽ ആ അപേക്ഷയുമായി വന്നപ്പോരം ഞാൻ പറഞ്ഞു "നിങ്ങരംക്കു ശരിയായ അധികാരി ആരാണെന്നു അറിയുകയില്ലെ?." അയാരം എൻെറ കാല്ക്കൽ മുട്ടുകുത്തി വണങ്ങി. "ആകുലിനാ ഐവനോവ്നാ!" അയാരം പറഞ്ഞു. "ഇതാ, ഞാൻ എൻെറ സർവ്വസ്വവും നിങ്ങളുടെ മുമ്പാകെ സമർപ്പിച്ചുംകൊണ്ടപേക്ഷിക്കുന്നു—നിങ്ങരം നിങ്ങളുടെ വാര്യയെ കാണുന്നില്ലെ? ഞങ്ങളുടെ വിവാഹം നടത്തിത്തരാൻ നിങ്ങരംക്കുമാത്രമെ കഴിയുകയുള്ളൂ— നിങ്ങരം ഞങ്ങളെ സഹായിക്കണം. യേശുവിനെ വിചാരിച്ചു്." ഇതു വളരെ ആത്മാർത്ഥമായ ഒരഭ്യർത്ഥനയായിരുന്നു. ഞാൻ അമ്പരന്നു. എനിക്കു വാക്കുകരം തോന്നിയില്ല; ഞാൻ തലയുയർത്തി നോക്കി. വൃക്ഷത്തിന്നു പിന്നിൽ ഒളിച്ചു കണ്ണിൽ വെള്ളം നിറച്ചു അയാളോടാംഗ്യങ്ങരം കാണിച്ചുകൊണ്ടു, നിൻെറ അമ്മ പരവശപ്പെട്ടുനില്ക്കുകയാണു്. "ആ! സാധുക്കുട്ടികളെ! നിനക്കു ഭ്രാന്തായിപ്പോയോ, വാർവാരാ ഇങ്ങിനെ തുടങ്ങിയാൽ കാര്യം എവിടെ എത്തും?" ഞാൻ മാക്സിമിനോടു ചോദിച്ചു "നിങ്ങരം സ്വന്തമായാലോചിച്ചുനോക്കൂ, അങ്ങിനെ ചെയ്യുന്നതു ശരിയാണെന്നു നിങ്ങരം വിചാരിക്കുന്നുണ്ടോ?" അക്കാലത്തു നിൻെറ അച്ഛാച്ഛൻ വലിയ പണക്കാരനായിരുന്നു. മക്കരംക്കു സ്വത്തുക്കരം ഒന്നും വീതിച്ചുകൊടുത്തിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്നു നാലു വീടുകരം സ്വന്തമായുണ്ടായിരുന്നു. ധാരാളം പണവും. അദ്ദേഹത്തെ എല്ലാവരും ബഹുമാനിക്കും. ഒമ്പതുകൊല്ലം തൻെറ പ്രവൃത്തിശാല ഭംഗിയായും ലാഭകരമായും നടത്തിയതിന്നു അദ്ദേഹത്തിന്നു പല ബഹു

മതികളും ലഭിച്ചിട്ടുണ്ടായിരുന്നു. ഇതെല്ലാംകൊണ്ടു അച്ഛാച്ഛന്നു വലിയ അഹംഭാവംതോന്നി. അതുകൊണ്ടു നിൻെറ അച്ഛൻെറ അപേക്ഷ സ്വീകരിക്കപ്പെടുമെന്നു എനിക്കു വിശ്വാസമുണ്ടായിരുന്നില്ല. അവരെക്കുറിച്ചെനിക്കു വലിയ അനുകമ്പയുണ്ടു. എന്നാൽ എനിക്കു നിൻെറ അച്ഛാച്ഛനെ വലിയ ഭയമാണ്. നിൻെറ അച്ഛൻ പറഞ്ഞു ''വേസിലിവേസിലേവിക്ക് സ്വമനസ്സാലെ വാർവാരയെ എനിക്കു തരാൻ ഇഷ്ടപ്പെടുകയില്ലെന്നെനിക്കറിയാം! അതുകൊണ്ടു ഞാൻ അവളെ കട്ടുകൊണ്ടുപോകാൻ ഏൎപ്പാടുചെയ്യുകമാത്രമെ ഒരു മാൎഗ്ഗമുള്ളു. അക്കാൎയ്യത്തിലാണ് ഞങ്ങൾക്കു നിങ്ങളുടെ സഹായം ആവശ്യമായിരിക്കുന്നതു്." "എൻെറ സഹായം? നിങ്ങൾ ഓൎത്തുനോക്കു,'' ഞാൻ അയാളെ ആ ഉദ്യമത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ അയാൾ ഒരുതരത്തിലും പിൻവാങ്ങാൻ തയ്യാറായില്ല. "നിങ്ങൾ വേണമെങ്കിൽ എന്നെ കല്ലുകൊണ്ടെറിഞ്ഞുകൊള്ളു. എന്നാൽ നിങ്ങൾ ഞങ്ങളെ സഹായിക്കാതിരിക്കരുതു." അയാൾ ഊന്നിപ്പറഞ്ഞു. "ഞാൻ ഈ ഉദ്യമത്തിൽനിന്നും പിൻവാങ്ങുകയില്ല." വാർവാര മുമ്പോട്ടുവന്നു. അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചുംകൊണ്ടു പറഞ്ഞു. "നാം ഭാൎയ്യാഭൎത്താക്കന്മാരായിട്ടു കുറെ മാസങ്ങളായി. മേമാസംമുതൽക്കു. ഇനി നാം വിവാഹം ചെയ്യണം, അത്രമാത്രം'' ഞാൻ ചെകിട്ടത്തടികൊണ്ടപോലെ അമ്പരന്നുപോയി.

അമ്മമ്മ ശരീരമാസകലം വിറപ്പിച്ചുംകൊണ്ടു പൊട്ടിച്ചിരിച്ചു. അവർ ഒരു നുള്ളുപൊടിയെടുത്തു വലിച്ച് കണ്ണുനീർ തുടച്ച്, ദീൎഘശ്വാസം വിട്ടുംകൊണ്ടു തുടൎന്നു. ''ഞാൻ അവരോടു പറഞ്ഞു ''ഭാൎയ്യാഭൎത്താക്കന്മാരാകുന്നതും വിവാഹബന്ധത്തിൽ ഏൎപ്പെടുത്തുന്നതും തമ്മിലുള്ള വ്യത്യാസമെന്താണെന്നു മനസ്സിലാക്കുവാൻമാത്രം നിനക്കു പ്രായമായിട്ടില്ല. വിവാഹംചെയ്യാത്ത ഒരു സ്ത്രീ ഒരു കുട്ടിയെ പ്രസവിക്കുകയെന്നതു വലിയ അപമാനമാണ്. ഇതു നീ മറക്കരുതു. നിനക്കു പ്രായമായാൽ നീ ഒരിക്കലും ഒരു യുവതിയെ

അങ്ങിനെയുള്ള കാര്യങ്ങൾക്ക പ്രേരിപ്പിക്കരുതു. അതു മഹാപാപമാണ്. അങ്ങിനെയുള്ള ഒരു ദയനീയമായ അവസ്ഥയിൽ ഒരു സ്ത്രീയെ വിട്ടുകളയുന്നതും, ആ കുട്ടിക്ക നിയമപ്രകാരമുള്ള ഒരച്ഛനില്ലെന്നു വരുന്നതും വലിയ കഷ്ടമാണ്. ഇതു നീ ഒരിക്കലും മറന്നുപോകരുതു. സ്ത്രീകളോടു എപ്പോഴും അനുകമ്പകാണിക്കണം. ഉള്ളഴിഞ്ഞു അവളെ സ്നേഹിക്കണം. അവളെക്കൊണ്ടു കിട്ടാനുള്ള സുഖത്തിൽമാത്രം കാംക്ഷവെക്കരുതു. ഞാൻ ഈ പറയുന്നതു ഒരു കാര്യമായ പരമാൎത്ഥമാണ്.''

അവർ കുറച്ചുനേരം മിണ്ടാതിരുന്നു. പിന്നെ കഥ തുടൎന്നു.

"ഞാൻ എന്തുചെയ്യും. ഞാൻ മാക്സിമിനെ അധിക്ഷേപിച്ചു. വാർവാരയെ തലമുടിപിടിച്ചിഴച്ചു. മേക്സിം വളരെ ബുദ്ധിപൂൎവ്വം എന്നെ ഓൎമ്മിപ്പിച്ചു "ഞങ്ങളെ ശകാരിച്ചതുകൊണ്ടും പ്രഹരിച്ചതുകൊണ്ടും യാതൊരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. ആദ്യം വേണ്ടതു ഒരു പോംവഴി കണ്ടുപിടിക്കുകയാണ്. പിന്നെ എത്രവേണമെങ്കിലും ഞങ്ങളെ അടിച്ചുകൊള്ളൂ, ശകാരിച്ചുകൊള്ളൂ." ഞാൻ അയാളോടു ചോദിച്ചു. "നിങ്ങളുടെ കയ്യിൽ പണമുണ്ടോ?" ''കുറച്ചുണ്ടായിരുന്നു'' അയാൾ മറുപടി പറഞ്ഞു. "എന്നാൽ ആ സംഖ്യമുഴുവൻ വാർവാരക്ക സമ്മാനിക്കുവാൻവേണ്ടി ഒരു മോതിരം വാങ്ങുന്നതിന്നു ഞാൻ ചിലവാക്കി. "എത്ര? മൂന്നു റുബിളോ?" "അല്ല, ഏതാണ്ടു നൂറുറുബിൾ.'' അക്കാലത്തു സാധനങ്ങൾക്ക വില കുറവായിരുന്നു. പണത്തിന്നു വിഷമവുമായിരുന്നു. നിൻെറ അച്ഛനും അമ്മയും വിഷാദത്തോടെ നില്ക്കുന്നതു കണ്ടുസഹിക്കുവാൻ എനിക്ക കഴിഞ്ഞില്ല. എത്രനല്ല കുട്ടികൾ, സാധുക്കളായ വിഡ്ഢികൾ! "ഞാൻ മോതിരം ഒളിപ്പിച്ചുവെച്ചിരിക്കുകയാണ്, നിങ്ങൾ കണ്ടുപോകുമെന്ന ഭയംകൊണ്ടു." നിൻെറ അമ്മ എന്നെ അറിയിച്ചു. "ഞങ്ങൾ അതു വിററു പണമുണ്ടാക്കാം. വെറും കുട്ടികളെപ്പോലെയാണ് അവർ രണ്ടുപേരും സംസാരിച്ചതു. ഏതു നിലക്കും ആ ആഴ്ചയിൽതന്നെ അവരുടെ വിവാഹം നടത്തേണമെന്നു ഞങ്ങൾ

തീരുമാനിച്ചു. പാതിരിയച്ചനുമായി കാര്യങ്ങരം ശട്ടംചെയ്യുവാൻ ഞാൻ ഏല്ലുകയും ചെയ്തു. ഞാൻ വ്യസനിച്ചു കരഞ്ഞതിന്നു കണക്കുംകയ്യുമില്ല. അച്ചാച്ചനെ ഞാൻ വല്ലാതെ ഭയപ്പെട്ടു വാർവാരയും വല്ലാതെ പരിഭ്രമിച്ചു. ഞങ്ങരംഎല്ലാം ശരിപ്പെടുത്തി."

"നിൻെറ അച്ഛനോടു ഒരാരംക്കമാത്രമെ ശത്രുതയുണ്ടായിരുന്നുള്ളൂ. ഒരു മേസ്ത്രിക്കു-അയാരം മഹാ അസൂയാലുവായ ഒരു നീചനായിരുന്നു. കുറച്ചുനാളായി ആ മനുഷ്യൻ മേക്സിമിനെയും വാർവാരയെയും സൂക്ഷിക്കുന്നുണ്ടായിരുന്നു. അയാരംക്കു എല്ലാ സംഗതികളും മനസ്സിലായി. ഞാൻ എൻെറ ഏകപുത്രിയെ ഏററവും നല്ല ഉടുപ്പുകരം അണിയിച്ചു പടിവാതിലിൽകൂടി പുറത്തേക്കു കൂട്ടിക്കൊണ്ടുപോയി അവിടെ ഒരു കുതിരവണ്ടി തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു. അവരം വണ്ടിയിൽ കയറി. മേക്സിം ഒരു ചൂളംവിളിച്ചു. വണ്ടി വേഗത്തിൽ ഓടിച്ചുപോയി.

ഞാൻ കണ്ണുനീർ വാത്തുംകൊണ്ടാണ് വീട്ടിലേക്കു തിരിച്ചു വന്നതു. ആദ്യം കണ്ടതു ആ ദുർമ്മുഖനായ മേസ്ത്രിയെയാണ്. അയാരം പറഞ്ഞു "ഞാൻ അനുകമ്പയില്ലാത്ത ഒരാളല്ല. അവരുടെ സന്തോഷത്തിന്നു മുമ്പിൽ വിലങ്ങടിച്ചുനില്ക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങരം ഒരു കാര്യം ചെയ്യണം; ആകുലീനാ ഐവനോവ്നാ! എനിക്കു നിങ്ങരം അമ്പതു റൂബിരം തരണം." എൻെറ കയ്യിൽ പണമുണ്ടായിരുന്നില്ല. ഞാൻ പണം ചിലവുചെയ്യുമ്പോരം യാതൊരു കണക്കും സൂക്ഷിക്കാറില്ല. പണം സമ്പാദിക്കുവാൻ ശ്രമിക്കാറുമില്ല. ഇതു വലിയ കഷ്ടമായിപ്പോയി. ഞാൻ അയാളോടു പറഞ്ഞു. "എൻെറ കയ്യിൽ പണമില്ല. അതുകൊണ്ടു നിങ്ങരം ആവശ്യപ്പെടുന്ന സംഖ്യ തരപ്പെടുത്തുവാൻ എന്നെക്കൊണ്ടു സാധിക്കുകയില്ല." "എന്നാൽ ആ സംഖ്യ പിന്നീടു തന്നുകൊള്ളാമെന്നു നിങ്ങരം എന്നോടു വാഗ്ദത്തംചെയ്യു" അയാരം നിർബ്ബന്ധിച്ചു. "ഞാൻ നിങ്ങളോടു വാഗ്ദത്തംചെയ്താൽ എവിടെനിന്നാണ് പണം ഉണ്ടാക്കേണ്ടതു?" ഞാൻ ചോദിച്ചു "ധനികനായ നിങ്ങളുടെ

ഭർത്താവിൽനിന്നു അത്ര ചെറുതായ ഒരു സംഖ്യ കാണാതെ എടുത്തു കൊണ്ടുവരാൻ അത്രയൊന്നും പ്രയാസമില്ല.'' ഞാൻ കുറെനേരം അയാളെ എന്തെങ്കിലും സംസാരിച്ചു അവിടെത്തന്നെ നിർത്തേണ്ട തായിരുന്നു. എന്നാൽ ഞാൻ അറപ്പോടെ അയാളുടെ മുഖത്തു കാക്കിച്ചുതുപ്പുകയാണ് ചെയ്തതു. ഞാൻ ഉടനെ വീട്ടിലേക്കു പോ കയും ചെയ്തു. പക്ഷെ എന്നേക്കാൾ മുമ്പ് അയാളാണ് നമ്മുടെ വീട്ടിൽ എത്തിയതു്. അയാളെക്കൊണ്ടു എന്തെല്ലാം തകരാറാണ് പിന്നീടുണ്ടായതെന്നു വിവരിക്കാൻ പ്രയാസമാണ്.''

അമ്മമ്മ കണ്ണടച്ചു. അവരുടെ ചുണ്ടുകളിൽ ഒരു നേരിയ പുഞ്ചിരി കളിയാടി.

''തുടർന്നുണ്ടായ സംഭവങ്ങൾ ഓർമ്മിക്കുമ്പോൾ ഇപ്പോഴും വലിയ നടുക്കംതോന്നുന്നുണ്ടു്. നിന്റെ അച്ചാച്ചൻ ഒരു ക്രൂരമൃ ഗത്തെപ്പോലെ ഗർജ്ജിച്ചു. അദ്ദേഹത്തിന്നു ഈ വിവാഹം ഒരു വലിയ ഇടിയായിരുന്നു. അദ്ദേഹം വാർവാരയെ ഒരു ധനികനു മാത്രമെ വിവാഹംചെയ്തുകൊടുക്കുകയുള്ളൂ എന്നു ഊററംകൊള്ളാറു ണ്ടായിരുന്നു. ''നിങ്ങൾ ധനികനെയും പണ്ഡിതനെയും തിരഞ്ഞെ ടുക്കും എന്നാൽ ആരെയാണ് ഭാര്യാഭർത്താക്കന്മാരാക്കേണ്ടതെന്നു തീരുമാനിക്കുന്നതു കന്യാമറിയമാണ്.'' വീട്ടിന്നു തീപ്പിടിച്ചപോലെ നിന്റെ അച്ചാച്ചൻ നാലുപാടും ഓടി. അദ്ദേഹം മൈക്കേലി നെയും യാക്കോവിനെയും വിളിച്ചു; വണ്ടിക്കാരനെയും മേസ്ത്രി യെയും വിളിച്ചു. അദ്ദേഹം ഒരു വലിയ വടി കയ്യിലെടുത്തു, മൈ ക്കേൽ ഒരു തോക്കെടുത്തുകൊണ്ടുവന്നു. അച്ചാച്ചന്റെ കുതിരകൾക്കു വേഗതയിൽ ഓടാൻ കഴിയും. വണ്ടി ഘനവും കുറവാണ്. ''അദ്ദേഹം അവരെ പിടിച്ചുകളയും തീർച്ച,'' എന്നു ഞാൻ ഭയപ്പെട്ടു. എന്നാൽ തക്കസമയത്തിന്നു, വാർവാരയുടെ ഭാഗ്യം കൊണ്ടായിരിക്കാം എനിക്കൊരു യുക്തിതോന്നി. ഞാൻ ഒരു പേന ക്കത്തിയെടുത്തു കുതിരകളെ വണ്ടിയോടു ചേർത്തുകെട്ടുന്ന തോൽ പട്ട പകുതികണ്ടു മുറിച്ചുവെച്ചു. വഴിയിൽവെച്ചു ആ പട്ട പൊട്ടി

പ്പോകയാണെങ്കിൽ അവരുടെ യാത്രക്ക താമസം നേരിട്ടുമെന്നു ഞാൻ ആശിച്ചു. അങ്ങിനെതന്നെ സംഭവിക്കുകയും ചെയ്തു. പട്ട പൊട്ടി വണ്ടി മറിഞ്ഞുപോയി. അച്ഛാച്ഛനും മൈക്കേലും വണ്ടിക്കാരനും മരിച്ചുപോകാഞ്ഞതു എന്തോ ഭാഗ്യംകൊണ്ടുമാത്രമാണ്. പുതിയ പട്ടകെട്ടി യാത്ര തുടരുവാൻ അവക്ക കുറെസമയം വേണ്ടിവന്നു. അവർ പള്ളിയിൽ എത്തിയപ്പോഴേക്കും മേക്സിമും വാർവാരയും വിവാഹിതരായി കഴിഞ്ഞിരുന്നു—ഈശ്വരകടാക്ഷംകൊണ്ടു."

"അതെ, അവരെല്ലാം ഒപ്പം മേക്സിമിൻെറ നേരെ തിരിഞ്ഞു. എന്നാൽ മേക്സിം ശക്തനായ ഒരു നല്ല യുവാവായിരുന്നുവല്ലൊ. അയാറം മൈക്കേലിനെ നിഷ്പ്രയാസം തള്ളിവീഴ്ത്തി അവൻെറ കയ്യിന്നു നല്ലപോലെ വേദനപററി. വണ്ടിക്കാരനെയും അയാറം അടിച്ചുവീഴ്ത്തിക്കളഞ്ഞു. അച്ഛാച്ഛനും യാക്കോവും മേസ്ത്രിയും ഇതു കണ്ടപ്പോറം, മേക്സിമിൻെറ അടുത്തു പോകാൻ ധൈര്യപ്പെട്ടില്ല. "എന്നാൽ മേക്സിം അപ്പോഴും യുക്തിപൂർവ്വം പ്രവൃത്തിച്ചു. അയാറം നിൻെറ അച്ഛാച്ഛനോടു പറഞ്ഞു "നിങ്ങറം ആ വടി താഴെവെക്കൂ. ഞാൻ കലഹത്തിന്നു തയ്യാറില്ല. ഞാൻ ദൈവത്തിൻെറ കല്പന പ്രകാരമാണ് ഇവളെ സ്വീകരിച്ചിട്ടുള്ളതു്. അവളെ ഉപേക്ഷിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഇത്രമാത്രമെ എനിക്ക നിങ്ങളോടു ഒരപേക്ഷയായി അറിയിക്കുവാനുള്ളു.'' എല്ലാവരും പിറകോട്ടു മാറി. നിൻെറ അച്ഛാച്ഛൻ വണ്ടിയിൽ കയറിയുംകൊണ്ടു ഗർജ്ജിച്ചു "വാർവാരാ, നീ പൊയ്ക്കോളൂ; ഇന്നു മുതൽ നീ എൻെറ മകളല്ല. നിൻെറ മുഖം ഇനി എനിക്ക കാണേണ്ടതില്ല. നീ ചത്താലും ജീവിച്ചാലും എനിക്കൊരുപോലെയാണ."

അദ്ദേഹം വീട്ടിൽ വന്നു എന്നെ കണക്കിൽ പ്രഹരിച്ചു. ഞാൻ കുറെ കരഞ്ഞു. ഒന്നും പറഞ്ഞില്ല. എല്ലാം കാലക്രമത്തിൽ ശരിപ്പെട്ടുകൊള്ളുമെന്നു ഞാൻ ആശിച്ചു. സംഭവിക്കേണ്ടതു സംഭവിച്ചുകഴിഞ്ഞു. പിന്നെ അദ്ദേഹം എന്നോടു താക്കീതുചെയ്തു "ഇതു മറക്കരുതു, ആകുലിനാ. നിൻെറ മകറം പൊയ്ക്കളഞ്ഞതു നന്നായി.

നിനക്ക ഇവിടെയോ മററാരിടത്തോ ഇനി മകനം ഇല്ല. മനസ്സി ലായോ?'' ഞാൻ വിചാരിച്ചു "നിങ്ങരം അങ്ങിനെ പറഞ്ഞോളു! നിങ്ങളുടെ കോപം തല്ക്കാലത്തേക്ക അനിയന്ത്രിതംതന്നെയാണ്. എന്നാൽ അതു അധികനേരം നില്ക്കുകയില്ല.''

ഞാൻ ശ്വാസം അടക്കിപ്പിടിച്ചുംകൊണ്ടു ശ്രദ്ധിച്ചു. അവർ പറഞ്ഞുകൊണ്ടിരുന്ന ഈ കഥയിൽ ചില ഭാഗങ്ങരം എന്നെ ആശ്ച ര്യപ്പെടുത്തി. അമ്മയുടെ വിവാഹത്തെക്കുറിച്ചു മററാരു വിവരണ മാണ് അച്ഛാച്ഛൻ എനിക്ക നല്കിയിട്ടുണ്ടായിരുന്നത്. അദ്ദേഹം ആ വിവാഹത്തിന്നനുകൂലിയായിരുന്നില്ല. വിവാഹത്തിനുശേഷം അച്ഛനെയും അമ്മയെയും അദ്ദേഹത്തിൻെറ വീട്ടിൽ പ്രവേശിക്ക വാൻ അനുവദിച്ചിട്ടും ഉണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹം പറ ഞ്ഞതു വിവാഹം രഹസ്യമായിട്ടല്ല നടന്നതു എന്നായിരുന്നു. വിവാഹസമയത്തു അദ്ദേഹം പള്ളിയിൽ ഹാജരാകയും ചെയ്തി രുന്നു. ആർ പറഞ്ഞതാണ് സത്യമെന്നു അമ്മമ്മയോടു ചോദിക്ക വാൻ എനിക്ക ശങ്കതോന്നി. അമ്മമ്മ പറഞ്ഞതായിരിക്കണം പര മാൎത്ഥമെന്നു ഞാൻ ഉറപ്പിച്ചു. അവർ പറഞ്ഞതാണ് കേരംക്കാനും രസംതോന്നിയതു. അവർ കഥ പറയുമ്പോരം മുമ്പോട്ടും പിമ്പോട്ടും ആടിക്കൊണ്ടിരുന്നു. കഥയിൽ വ്യസനകരമായ രംഗങ്ങരം വരു മ്പോരം, ആരുടെയോ ഒരു പ്രഹരംതടുക്കാൻ ശ്രമിക്കുന്നതുപോലെ അവർ കൈ ഉയൎത്തിയുംകൊണ്ടു ദേഹം വല്ലാതെ ഇളക്കും. അധി കവും അവർ കണ്ണടച്ചുകൊണ്ടാണ് സംസാരിക്കുക. പുരികം വിറ ച്ചുകൊണ്ടിരിക്കയും ചെയ്യും-അവരുടെ കവിളുകളിലുള്ള ചുഴിവുക രംക്ക എന്തെന്നില്ലാത്ത ഒരാകൎഷകത്വം തോന്നും. അവർ എല്ലാ വൎക്കും, എല്ലാ കുററങ്ങരംക്കും മാപ്പുകൊടുത്തുകളയുന്നതു എനിക്ക സമ്മതമായില്ല. അവർ ആവശ്യമുള്ള സന്ദൎഭങ്ങളിൽ കഠിനമായ പ്രതിഷേധം രേഖപ്പെടുത്തേണമെന്നായിരുന്നു ഞാൻ ആഗ്രഹി ച്ചതു.

"ആദ്യത്തെ രണ്ടാഴ്ചകരം മേക്സിമും വാർവാരയും എവിടെ യാണുള്ളതെന്ന വിവരംപോലും ലഭിക്കാതെ, കഴിഞ്ഞുപോയി.

പിന്നെ അവർ വിവരങ്ങൾ പറയുവാൻവേണ്ടി ഒരു കുട്ടിയെ എൻെറ അടുക്കെ അയച്ചു-അടുത്ത ശനിയാഴ്ച പള്ളിയിൽ പോകയാണെന്ന നാട്യത്തിൽ ഞാൻ അവരുടെ താമസസ്ഥലത്തേക്കു പോയി. സൂയററിൻസ്റ്റിത്തെരുവിൽ, ഒരു വലിയ വീടിൻെറ ഒരു ഭാഗത്തു അവർ താമസിക്കുകയായിരുന്നു. അവിടെ പല ജോലിയിലും ഏർപ്പെട്ടിരുന്ന തൊഴിലാളികളാണ താമസിച്ചിരുന്നതു. അവരെല്ലാം എപ്പോഴും ബഹളംകൂട്ടിക്കൊണ്ടു വൃത്തികെട്ട ഒരു ജീവിതം നയിക്കുകയായിരുന്നു. എന്നാൽ നിൻെറ അച്ഛനും അമ്മയും അതൊന്നും ശ്രദ്ധിച്ചില്ല. രണ്ടു പൂച്ചക്കുട്ടികളെപ്പോലെ അവർ സന്തോഷത്തോടെ ജീവിതം നയിച്ചു-ഞാൻ അവക്കുവേണ്ടി ചില സമ്മാനങ്ങൾ കൊണ്ടുപോയിരുന്നു. ചായപ്പൊടി, പഞ്ചസാര, പരിപ്പ്, ഉണങ്ങിയ കുമിറം, ഗോതമ്പമാവ് മുതലായ സാധനങ്ങൾ. കുറച്ചു പണവും. എത്രയാണെന്നെനിക്കിപ്പോൾ ഓമ്മയില്ല; നിൻെറ അച്ഛാച്ഛൻ അറിയാതെ, എടുത്തുകൊണ്ടുപോകാൻ കഴിയുന്നത്ര ഞാൻ എടുത്തു;-അവനാവനു വേണ്ടിയല്ലാതെ, മററുള്ളവരെ വിഷമങ്ങളിൽനിന്നും രക്ഷപ്പെടുത്താൻവേണ്ടി കക്കുകയാണെങ്കിലും അതൊരു തെററാണോ? എന്നാൽ നിൻെറ അച്ഛൻ ഒന്നുംതന്നെ സ്വീകരിക്കുവാൻ തയ്യാറായിരുന്നില്ല. “ഞങ്ങൾ എന്താണ് എരപ്പാളികളാണോ?” അയാളെ ഞാൻ അപമാനിച്ചതുപോലെ അയാൾ ചോദിച്ചു. വാര്യാ അതിനെക്കുറിച്ചഭിപ്രായപ്പെട്ടതിങ്ങിനെയാണ്. “അമ്മെ നിങ്ങൾ എന്തിനാണ് ഇതെല്ലാം കൊണ്ടുവന്നതു?” എന്നാലും ഞാൻ എങ്ങിനെയെങ്കിലും അവരെക്കൊണ്ടു മുഴുവൻ സാധനങ്ങളും സ്വീകരിപ്പിച്ചു. “ദൈവം നിങ്ങൾക്കു നല്കിയ അമ്മയാണ് ഞാൻ” ഞാൻ മാക്സിമിടനോടു പറഞ്ഞു. “ഞാൻ എത്രയായാലും നിന്നെ പ്രസവിച്ച അമ്മയല്ലെ?” ഞാൻ വാർവാരയോടു ചോദിച്ചു. “നിൻെറ അമ്മയെ നിങ്ങൾ ഇങ്ങിനെ അപമാനിക്കാൻ വിചാരിക്കുന്നതു ശരിയാണോ? നിങ്ങൾ എന്നെ ഇവിടെവെച്ചു ദുഃഖിപ്പിച്ചാൽ സ്വർഗ്ഗത്തിൽ ദൈവമാതാവും ദുഃഖിച്ചു കരയാൻതുടങ്ങും.”

ഇത്രയും കേട്ടപ്പോൾ മേക്സിം എന്നെ പൊക്കിയെടുത്തുംകൊണ്ട് മുറിയിൽ മുഴുവനും ചുററിനടന്നു. അയാൾ ഒരു കരടിയോളം ശക്തനായിരുന്നു. വാര്യക്കാണെങ്കിൽ അവളുടെ അമ്മയായ എന്നെക്കുറിച്ചു വലിയ അഭിമാനംതോന്നി. അവർ അവരുടെ വീടിനെക്കുറിച്ചും ദിനചര്യകളെക്കുറിച്ചും സംസാരിക്കുവാൻ തുടങ്ങി. അവർ എന്തെല്ലാം അപൂർവ്വസാധനങ്ങൾ തന്നു എന്നെ സല്ക്കരിച്ചു! അവൾ ഒരൊന്നാന്തരം കുടുംബിനിയെപ്പോലെ പെരുമാറി."

"അങ്ങിനെ കുറെ നാളുകൾ കഴിഞ്ഞു. നിന്നെ പ്രസവിക്കാറായി. എന്നാലും അപ്പാപ്പൻ പശ്ചാത്തപിക്കുന്ന ലക്ഷണങ്ങൾ കണ്ടില്ല. ഒരു വല്ലാത്ത ശാഠ്യക്കാരനാണദ്ദേഹം; ഒരു പിശാച്. ഞാൻ ഇടക്കിടക്കു അവരെ കാണുവാൻ പോയിക്കൊണ്ടിരുന്നു. നിന്റെ അപ്പാപ്പൻ അതു മനസ്സിലാക്കിയെങ്കിലും, ഒന്നുംതന്നെ അറിഞ്ഞതായി നടിച്ചില്ല ആരും വീട്ടിൽവെച്ചു വാർവാരയുടെ പേർ ഉച്ചരിക്കരുതെന്നു അദ്ദേഹം കല്പിച്ചിട്ടുണ്ടായിരുന്നു. ആരും ആ കല്പന ലംഘിക്കുവാൻ ധൈര്യപ്പെട്ടതുമില്ല. ഞാൻതന്നെ അവളെക്കുറിച്ചു ഒന്നും പറയാറില്ല. ഒരച്ഛനു കാലക്രമംകൊണ്ടു മാനസാന്തരം വന്നുകൊള്ളുമെന്നു ഞാൻ വിശ്വസിച്ചു-അതു ശരിയായിരുന്നു. അദ്ദേഹം അവൾക്കു മാപ്പുകൊടുക്കുവാൻ തീരുമാനിച്ചു. ഒരുദിവസം രാത്രി ഭയങ്കരമായ ഒരു കൊടുങ്കാററടിച്ചു. കാററ്, ചെന്നായ്ക്കളെപ്പോലെ, ജനലിൽവന്നലച്ചുകൊണ്ടിരുന്നു. അന്തരീക്ഷം മുഴുക്കെ ഭയങ്കരമായ ഒരു രൂപം കൈക്കൊണ്ടു. ഞാനും നിന്റെ അപ്പാപ്പനും ഉറക്കംവരാതെ അടുത്തടുത്തു കിടക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. "സാധുക്കൾ ഇങ്ങിനെയുള്ള ഒരു രാത്രി എങ്ങിനെ പുലർത്താനാണ്? മനസ്സിൽ വലിയ ദുഃഖവുമുണ്ടെങ്കിൽ പിന്നെ പറയേണ്ടതുണ്ടോ?" പെട്ടെന്നു നിന്റെ അപ്പാപ്പൻ ചോദിച്ചു. "അവൾക്കു സുഖംതന്നെയല്ലെ?" "സുഖം തന്നെ." ഞാൻ ആരെക്കുറിച്ചാണ് ചോദിക്കുന്നതെന്നാണ് വിചാരിക്കുന്നതു?" "നമ്മുടെ മകൾ വാർവാരയെക്കുറിച്ചും മകളുടെ ഭർത്താവ് മേക്സിമിനെക്കുറിച്ചും."

"ആ ചോദ്യം അവരെക്കുറിച്ചാണെന്നു നീ എങ്ങിനെ മനസ്സിലാക്കി?'' ''ഈ ഒളിച്ചുകളി മതിയാക്കണം കേട്ടോ,'' ഞാൻ പറഞ്ഞു. "ഇതുകൊണ്ടാർക്കാണൊരു സുഖമുള്ളതു?" അദ്ദേഹം ദീർഘമായൊന്നു നെടുവീർപ്പിട്ടു. "നിങ്ങളെല്ലാം ചെകുത്താന്മാരാണ്! ചുകന്ന ചെറിയ ചെകുത്താന്മാർ!" തുടർന്നുകൊണ്ടദ്ദേഹം ചോദിച്ചു. ''നീ ആ വിഡ്ഢിയെക്കുറിച്ചെന്തു പറയുന്നു?–നിന്റെ അച്ഛനെക്കുറിച്ചാണദ്ദേഹം ചോദിച്ചതു–അവൻ ഒരു വിഡ്ഢിയാണോ, വാസ്തവത്തിൽ?" ഞാൻ പറഞ്ഞു. ''ഒരു പണിയുമെടുക്കാതെ, മടിയനായിരിക്കുന്നവനാണ് വിഡ്ഢി! നിങ്ങളുടെ യാക്കോവും മൈക്കേലും. അവരാണ് വിഡ്ഢികൾ. ഇവിടെ പണിയെടുത്തു പണംകൊണ്ടുവരുന്നതാരാണ്? നിങ്ങൾ. അവർ നിങ്ങൾക്കു എന്തൊരു സഹായമാണ് ചെയ്തുതരുന്നതു?" അദ്ദേഹത്തിന്നു ക്രോധംവന്നു; എന്നെ പന്നിഎന്നു വിളിച്ചു. പല അധിക്ഷേപവാക്കുകളും പറഞ്ഞു. ഞാൻ അങ്ങോട്ടൊന്നും തന്നെ പറഞ്ഞില്ല. "അവൻ ആരാണെന്നും ഏതു ദിക്കുകാരനാണെന്നും അറിയാതെ, നിന്റെ മകളുടെ ഭർത്താവായി നീ അവനെ സ്വീകരിക്കാൻ തയ്യാറാകുന്നതെങ്ങിനെ?'' അദ്ദേഹം എന്നോടു ചോദിച്ചു. ഞാൻ ആ ചോദ്യത്തിന്നും ഉത്തരംകൊടുത്തില്ല. അദ്ദേഹത്തിന്റെ കോപം ശമിക്കുന്നതുവരെ ഞാൻ കാത്തിരുന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. "അവർ എത്ര സന്തോഷത്തോടെ ജീവിക്കുകയാണെന്നു നിങ്ങൾ ഒന്നു പോയിനോക്കണം അവർ വളരെ സംതൃപ്തരായി, സുഖമായി ജീവിക്കുകയാണ്.'' ''ഞാൻ അങ്ങോട്ടു പോയി, അവക്കു അത്ര വലിയ പ്രാമാണ്യം വകവെച്ചുകൊടുക്കുന്നതെന്തിനാണ്?" അദ്ദേഹം കീഴടങ്ങി. ''വേണമെങ്കിൽ അവർ ഇങ്ങോട്ടു വന്നുകൊള്ളട്ടെ." അപ്പാപ്പൻ അത്രയും സമ്മതിച്ചുകഴിഞ്ഞപ്പോൾ, ഞാൻ സന്തോഷംകൊണ്ടു തന്നെത്താൻ മറന്നു. ഞാൻ അറിയാതെ കരഞ്ഞുപോയി. അദ്ദേഹം എന്റെ തലമുടി തലോടിക്കൊണ്ടിരുന്നു. മുടിക്കെട്ടു പിടിച്ചു കളിച്ചുംകൊണ്ടിരുന്നു. "വെറുതെ കരയരുതു'' അദ്ദേഹം എന്നെ സാന്ത്വനപ്പെടുത്തി. "എനിക്കു ഏറ്റ

യമില്ലെന്നാണോ നീ വിചാരിച്ചതു?'' താൻ വലിയ സമൎത്ഥനാണെന്നു മനസ്സിലായിക്കഴിഞ്ഞതതാണ് അദ്ദേഹത്തിന്നു പററിയ വലിയ അമളി. അതിന്നു മുമ്പ് അദ്ദേഹം വളരെ നല്ല ഒരാളായിരുന്നു. അഹംഭാവമാണ് അദ്ദേഹത്തെ അല്പനും കോപിയുമാക്കി മാററിയതു."

അങ്ങിനെ നിന്റെ അമ്മയും അച്ഛനും ഞങ്ങളെ കാണാൻ വന്നു. ഒരു ഞായറാഴ്ച. അവർ വലിയ ആളുകളായിരിക്കുന്നു. തടിച്ച കൊഴുത്തു ഭംഗിയുള്ള വസ്ത്രങ്ങൾ ധരിച്ച സൌന്ദൎയ്യമൂൎത്തികളായിരിക്കുന്നു. മേക്സിം നിന്റെ അച്ഛാച്ഛന്റെ അടുത്തു നില്ക്കുമ്പോൾ അദ്ദേഹം മേക്സിമിന്റെ കഴുത്തോളംമാത്രമെ ഉണ്ടായിരുന്നുള്ളു. "നിങ്ങൾ തെററിദ്ധരിക്കരുതു; വേസിലി വേസിലേവിക്ക" മേക്സിം പറഞ്ഞു. "ഞാൻ വാർവാരയുടെ സ്ത്രീധനം വാങ്ങുവാൻ വന്നതാണെന്നു-തീൎച്ചയായും അതിന്നല്ല ഞാൻ വന്നതു. ഞാൻ എന്റെ ഭാൎയ്യയുടെ അപ്പനെ വണങ്ങാൻവേണ്ടിമാത്രമാണ് വന്നിട്ടുള്ളതു്."
ഇതു നിന്റെ അച്ഛാച്ഛനെ, സന്തോഷിപ്പിച്ചു. അദ്ദേഹം ചിരിച്ചുംകൊണ്ടു പറഞ്ഞു. "ആ അപ്പോൾ, നീ ഒരു വികൃതിയാണ് അല്ലെ? ശരി ഇനി വിഡ്ഢിത്തമൊന്നും പറയരുതു. നീ ഞങ്ങളോടൊപ്പം താമസിക്കണം.'' മേക്സിം പുരികം ചുളിച്ചു. "അതു തീൎച്ചപ്പെടുത്തേണ്ടതു വാര്യാ ആണ്. അവളുടെ ഇഷ്ടംപോലെയാവാം. എനിക്കതിൽ യാതൊരു നിർബ്ബന്ധവുമില്ല. പിന്നെ അവർ പലതിനെക്കുറിച്ചും തൎക്കിച്ചുകൊണ്ടിരുന്നു. നിന്റെ അപ്പനെ അച്ഛാച്ഛനുമായി തൎക്കിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുവാൻ വളരെ പണിപ്പെടേണ്ടിവന്നു. ഞാൻ അയാളെ നോക്കി കണ്ണുചിമ്മി. അയാളുടെ കാലിന്മേൽ എന്റെ കാൽകൊണ്ടു ഊക്കോടെ തട്ടി. എന്നാലും അയാൾ വിട്ടുകൊടുത്തില്ല. അയാളുടെ കണ്ണുകൾ എത്ര മനോഹരമായിരുന്നു. വലിയ കറുത്ത പുരികങ്ങളും! ചിലപ്പോൾ മേക്സിം പുരികം ചുളിക്കും. അപ്പോൾ ആ മുഖത്തു പെട്ടെന്നു ശൌൎയ്യം തുളുമ്പുന്നതായിത്തോന്നും. അങ്ങിനെയുള്ള സന്ദൎഭങ്ങളിൽ മേക്സിം എന്നെയ

ല്ലാതെ മററാരെയും അനുസരിക്കുകയില്ല. ഞാൻ അയാളെ എൻെറ മക്കളെക്കാറം സ്നേഹിച്ചു. അതയാറംക്ക ബോദ്ധ്യവുമായിരുന്നു. അദ്ദേഹം എന്നെ ആത്മാർത്ഥമായി ഇങ്ങോട്ടും സ്നേഹിച്ചു. ചില പ്പോറം അയാറം എന്നെ പൊക്കിയെടുത്തു മുറിയിൽ ചുററിനടന്നും കൊണ്ടു പറയും. "എൻെറ ശരിയായ അമ്മ നിങ്ങളാണ്". അയാറം ഉൽഘോഷിക്കും. "ഞാൻ നിങ്ങളെ വാർവാരയെക്കാറം സ്നേഹി ക്കുന്നു." വാർവാര ഇതു കേറംക്കുമ്പോറം അയാളോട് കയക്കും. "നിങ്ങറം ഇങ്ങിനെ പറയാൻ പാടുണ്ടോ?" അക്കാലത്തു നിൻെറ അമ്മ ഏററവും സന്തോഷത്തോടെ, സുഖിച്ചിരിക്കുന്ന കാലമായി രുന്നു. മേക്സിം ഭംഗിയായി നൃത്തംവെക്കും. പാട്ടുപാടും. അയാറം കുരുടന്മാർ പാടുന്നതു കേട്ടാണ് ആ പാട്ടുകറം മന:പാഠമാക്കി യതു്—കുരുടന്മാരെപ്പോലെ മററാക്കാണ് ഭംഗിയായി പാടാൻ കഴിയുക?"

"അവർ ഞങ്ങളൊപ്പം താമസമാക്കി. കുറച്ചു കഴിഞ്ഞ പ്പോറം നിന്നെ പ്രസവിച്ചു. ഒരുച്ചസമയം. നിൻെറ അച്ഛൻ ചായ കഴിക്കുവാൻ വീട്ടിൽ വന്നിരിക്കയായിരുന്നു. നീ അയാളെ സ്വാഗതംചെയ്യാൻ ഒരുങ്ങിയെത്തിയിരിക്കുന്നു. അയാറം നിന്നെ ച്ചൊല്ലിയും നിൻെറ അമ്മയെച്ചൊല്ലിയും അത്യധികം സന്തോ ഷിച്ചു. ഒരു കുഞ്ഞിനെ പ്രസവിക്കുകയെന്നതു വളരെ പ്രയാസ മായ ഒരു കാര്യമാണെന്നപോലെ, അയാറം വാർവാരയെ പുകഴ്ത്തി. അയാറം എന്നെ ചുമലിലെടുത്തു, ഒരു പുതിയ പൌത്രൻെറ ആഗ മനത്തെക്കുറിച്ചറിയിക്കുവാൻ നിൻെറ അപ്പാപ്പൻെറ മുമ്പിലേ ക്കോടി. ഇതുകണ്ടപ്പോറം നിൻെറ അപ്പാപ്പൻ പൊട്ടിച്ചിരിച്ചു പോയി. "നീ എന്തൊരു ചെകുത്താനാണ് മേക്സിം?" അദ്ദേഹം മേക്സിമിനെ തമാശയാക്കി."

"നിൻെറ അമ്മാമന്മാക്ക നിൻെറ അച്ഛനെ കണ്ടുകൂടായി രുന്നു മേക്സിം മദ്യം കഴിക്കുകയില്ല. കണ്ടാൽ കണ്ടതു പറയും. പല കുസൃതികളും കണ്ടുപിടിക്കും. അയാളുടെ ഈ കുസൃതികളാണ്

സകല കുഴപ്പങ്ങറംക്കും കാരണമാക്കിത്തീത്തു. ഒരുദിവസം ഒരു കൊടുങ്കാററു മൂളിക്കൊണ്ടു വരുന്നതായിത്തോന്നി. എന്തു സംഭവിക്കുമെന്നറിയാതെ വീട്ടിൽ എല്ലാവരും പരിഭ്രമിച്ചു. അച്ഛാച്ഛൻ ഞങ്ങളോടു പ്രതിമകളുടെ മുമ്പിലുള്ള എല്ലാ വിളക്കുകളും കത്തിച്ചുകൊണ്ടു പ്രാത്ഥിക്കുവാൻ കല്പിച്ചു. എന്നാൽ പെട്ടന്നു അന്തരീക്ഷം ശാന്തമായി. അതു എല്ലാവരെയും കൂടുതൽ ഭയപ്പെടുത്തുകയും ചെയ്തു. നിൻെറ യാക്കോവമ്മാമൻ പരമാത്ഥം ഊഹിച്ചു "അതു മേക്സിമിൻെറ കുസൃതിയാണ്" അതു ശരിയായിരുന്നു. കൊടുങ്കാററു വരുന്നുണ്ടെന്ന തോന്നിച്ചു ഉണ്ടാക്കിയതെങ്ങിനെയാണെന്നു മേക്സിം ഞങ്ങറംക്കു വിവരിച്ചുതന്നു. കാററു വായയിൽക്കൂടി ഉള്ളിലേക്കു കടക്കത്തക്കവണ്ണം കുറെ കുപ്പികറം ജനലിൽ നിരത്തിവെച്ചിട്ടാണ് അയാറം ശബ്ദമുണ്ടാക്കിയതു." "നീ ചെയ്യുന്നതു എന്താണെന്നു ആലോചിക്കണം മേക്സിം" അയാളെ അച്ഛാച്ഛൻ താക്കീതു ചെയ്തു, "അല്ലെങ്കിൽ നിൻെറ കുസൃതിയുംകൊണ്ടു നീ സൈബീരയയിലേക്കു ഓടേണ്ടിവരും.

"ശിശിരകാലം. വല്ലാത്ത തണുപ്പ്. വടക്കുനിന്നും ചെന്നായ്ക്കറം കൂട്ടംകൂട്ടമായിവന്നു. ഇന്നു ഒരു നായയെക്കാണാതാകും. നാളെ കുതിര മിരണ്ടോടിക്കളയും. മറെറന്നാറം കാവൽക്കാരനെ കൊന്നിട്ടുണ്ടായിരിക്കും. ഇങ്ങിനെ ചെന്നായ്ക്കറം പല നാശനഷ്ടങ്ങറം വരുത്തിവെച്ചു. നിൻെറ അച്ഛൻ തോക്കുമെടുത്തു പുറത്തേക്കുപോകും. ഒന്നോ രണ്ടോ ചെന്നായ്ക്കളെ വെടിവെച്ചുകൊണ്ടു വരും. അവയുടെ തോൽ പൊളിച്ചെടുത്തു ഉമിനിറച്ചു, കണ്ണിന്നു പകരം കണ്ണാടിക്കഷ്ണംവെച്ചു നിത്തിയതുകണ്ടാൽ, ജീവനുള്ള ചെന്നായ്ക്കളാണെന്നു തോന്നും ഒരുദിവസം നിൻെറ മൈക്കേലമ്മാമൻ വെളിയിൽപോയി, പെട്ടന്നു കിതച്ചുകൊണ്ടു വീട്ടിലേക്കോടിവന്നു. അവൻ പരിഭ്രമിച്ചു, നാവുനീട്ടി സംസാരിക്കാൻ കഴിയാതെ വിഷമിച്ചു. ഉടനെ കാലുകറം തളന്നു നിലത്തുവീണു. "ഒരു ചെന്നായ" അവൻ നിലവിളിച്ചു. കയ്യിൽകിട്ടിയ ആയുധ

മെടുത്തു എല്ലാവരും പുറത്തേക്കോടി. അപ്പോഠം അവിടെ ഒരു ചെന്നായ നിൽക്കുന്നതു എല്ലാവരും കാണുകയും ചെയ്തു. അവർ ചെന്നായയെ അടിക്കുകയും വെടിവെക്കുകയും ചെയ്തു. എന്നാൽ അതു നിന്നിടത്തുനിന്നു അനങ്ങിയില്ല. അവർ മെല്ലെ പതുങ്ങി ക്കൊണ്ടു അതിൻെറ അടുത്തുചെന്നു. അതു വെറും ഉമിനിറച്ചു കുത്തനെ നിൎത്തിയ തോൽമാത്രമാണെന്നു അപ്പോഴാണ് എല്ലാ വൎക്കും മനസ്സിലായതു. നിൻെറ അപ്പൂപ്പന്നു കലശലായ കോപം വന്നു. വളരെക്കഴിയാതെ യാക്കോവും ഇത്തരം കുസൃതികഠം ഏൎപ്പാടു ചെയ്യുന്നതിൽ നിൻെറ അച്ഛൻെറക്കൂടെച്ചേൎന്നു. മേക്സിം തടിച്ച കടലാസ്സുകൊണ്ടു ഒരു മനുഷ്യൻെറ തലയുണ്ടാക്കി, അടുത്ത വീട്ടിലെ ജനലിന്മേൽ കൊണ്ടുപോയി വെച്ചു. ആ വീട്ടി ലുള്ളവർ ഭയപ്പെട്ടുപോയി. ഇതു വലിയൊരു കലഹത്തിന്നു കാര ണമായി. ചിലപ്പോഠം അവർ വേഷംമാറി ആളുകളെ പേടി പ്പിക്കും. ഒരുദിവസം അവർ പാതിരിഅച്ഛനെ ഇങ്ങിനെ ഭയപ്പെ ടുത്തി. പാതിരിയച്ഛൻ കാവൽക്കാരനെ വിളിച്ചുണൎത്തി. അയാഠം ഭയപ്പെട്ടു കാഹളം വിളിച്ചു. ഇങ്ങിനെ മേക്സിമും യാക്കോവും പല കുഴപ്പങ്ങളും ഉണ്ടാക്കി അവരെ ഈ കുസൃതികളിൽനിന്നു പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. ഞാൻ അവരോടു അങ്ങിനെ ചെയ്യരുതെന്നു പറഞ്ഞുനോക്കി. വാൎയ്യായും അവരെ ഗുണദോ ഷിച്ചുനോക്കി. മററുള്ളവർ പരിഭ്രമിക്കുന്നതു കാണാൻ വലിയ രസമാണെന്നാണ് മേക്സിം ഇതിന്നു മറുപടിയായി വാദിക്കാറുണ്ടാ യിരുന്നതു. അയാഠം ആവേശത്തോടെ തൻെറ കുസൃതികളെല്ലാം വിസ്തരിച്ചു പറയും!

ഈ കുസൃതികളാണ് മേക്സിമിന്നു വലിയ ആപത്തുകഠം വലി ച്ചുവെച്ചതു. നിൻെറ അമ്മാമൻ മൈക്കേൽ നിൻെറ അപ്പൂ പ്പനെപ്പോലെയാണ്. അല്പനും നീചനുമായ മൈക്കേൽ, നിൻെറ അച്ഛനോടു പകവെച്ചുകൊണ്ടിരുന്നു. മേക്സിമിനെ വീട്ടിൽനിന്നു പുറത്താക്കുവാൻ പല മാൎഗ്ഗങ്ങളും ആലോചിച്ചുകൊണ്ടിരുന്നു. ഒരു

ദിവസം അവർ നാലുപേരും എവിടെയോപോയി തിരിച്ചുവരിക യായിരുന്നു. മേക്സിം, നിൻെറ അമ്മാമന്മാർ, ഒരു പാതിരിയച്ഛൻ (ആ പാതിരിയച്ഛൻ ഒരു വണ്ടിക്കാരനെ അടിച്ചുകൊന്നുകളഞ്ഞു. അതുകൊണ്ടയാാം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു.) അവർ നിൻെറ അച്ഛനെ യൂക്കോവ്കുളത്തിന്നരികെ പോകാൻ പ്രേരിപ്പിച്ചു. അവിടെച്ചെന്നു കുറെസമയം വെടിപറഞ്ഞു കഴിക്കാമെന്നാണ് അമ്മാമന്മാർ നിൻെറ അച്ഛനോടു പറഞ്ഞിരുന്നതു. എന്നാൽ കുളത്തിന്നടുത്തെത്തിയപ്പോാം അവർ നിൻെറ അച്ഛനെ കുളത്തിൽ തള്ളിയിട്ടു. ഞാൻ അതിനെക്കുറിച്ചു നിന്നോടു പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നു.

"എൻെറ അമ്മാമന്മാർ എന്തുകൊണ്ടാണിത്ര ക്രൂരന്മാരാ യിപ്പോയതു?"

"അവർ ക്രൂരന്മാരായതുകൊണ്ടല്ല." ഒരുനുള്ള പൊടിയെ ടുത്തു വലിച്ചുംകൊണ്ടും അവർ പറഞ്ഞു "അവർ വിഡ്ഢികളാണ്. അത്രമാത്രം. മിഷ്ഡാ മഹാ വിഡ്ഢിയാണ് മടിയനുമാണ്. യാക്കോവ് ഒരു വെറും കന്നമാണ്. അവർ മേക്സിമിനെ കുള ത്തിൽ തള്ളിയിട്ടെന്നുമാത്രമല്ല, അയാാം കരക്കുപിടിച്ചു കയറാൻ ശ്രമിച്ചപ്പോാം അയാളുടെ വിരലുകാം ചെരിപ്പിട്ട കാലുകാം കൊണ്ടു ചവിട്ടി മുറിയേല്പിക്കുകയും ചെയ്തു. മേക്സിം ഒരുവിധ ത്തിൽ കുളത്തിൻെറ മദ്ധ്യത്തിൽ തലപൊക്കിനിന്നു കുറെനേരം കഴിച്ചുകൂട്ടി. ശ്വാസംമുട്ടിപ്പോകാതെ, ദൈവാനുകൂല്യംകൊണ്ടു, അദ്ദേഹം അങ്ങിനെ വെള്ളത്തിൽ പൊങ്ങിനിന്നു. അയാളെ അവർ മഞ്ഞിൻകട്ടകളെടുത്തെറിഞ്ഞുകൊണ്ടിരുന്നു. എന്നാൽ അതൊന്നും അയാളുടെ ദേഹത്തിൽ കൊണ്ടില്ല. കുറച്ചുകഴിഞ്ഞപ്പോാം അവർ സ്ഥലം വിട്ടുപോയി. അയാാം മുങ്ങിച്ചത്തുകൊള്ളുമെന്നു അവർ വിചാരിച്ചിരിക്കണം. മേക്സിം ഇഴഞ്ഞുകയറി അടുത്തുണ്ടായിരുന്ന കെട്ടിടത്തിന്നഭിമുഖമായി നടന്നു. അതു പോലീസ്സ്സ്റ്റേഷനായ

രുന്നു. ഇൻസ്പെക്ടൎക്ക മേക്സിമിനെ അറിയാമായിരുന്നു. മേക്സിമിൻെറ വിരലുകളിൽനിന്നു രക്തമൊലിക്കുന്നതും, വെള്ളിൽവീണു ദേഹ മാസകലം വിറങ്ങലിച്ചുപോയതും മനസ്സിലാക്കി, അതെല്ലാം സംഭ വിച്ചതെങ്ങിനെയാണെന്നു അദ്ദേഹം മേക്സിമിനോടു ചോദിച്ചു.

അമ്മമ്മ കുരിശു വരച്ചുംകൊണ്ടു പറഞ്ഞു.

"ദൈവം അയാളുടെ ആത്മാവിന്നു നിത്യശാന്തി നൽകട്ടെ. മേക്സിം സേവിറേറ്വവിക്ക് വിശാലഹൃദയനായ ചെറുപ്പക്കാരനാ യിരുന്നു. എന്തു സംഭവിച്ചു എന്നൊന്നും അയാൾ ഇൻസ്പെക്ട രോടു പറയാൻ കൂട്ടാക്കിയില്ല. "എല്ലാം എൻെറ കുററമാണ്. ഞാൻ കുടിച്ചു മത്തനായി അവിടെ പോയതാണ്. കാൽ വഴുതി കുളത്തിൽ വീണുപോയതാണ്. ഇൻസ്പെക്ടർ ഇതൊന്നും വിശ്വ സിച്ചില്ല. കാരണം മേക്സിം മദ്യം കഴിക്കാറില്ലെന്നു ഇൻസ്പെക്ടൎക്ക റിയാമായിരുന്നു. അവർ വോഡ്ക കൊണ്ടുവന്നു അയാളുടെ ദേഹം മുഴുവനും തടവി. അവർ മേക്സിമിന്നു, മാറാൻ വസ്ത്രങ്ങൾ കൊടുത്തു. ഇൻസ്പെക്ടരും മററു രണ്ടുപേരുംകൂടി, മേക്സിമിനെ വീട്ടിലേക്ക കൊണ്ടുവന്നു. മൈക്കേലും യാക്കോവും വീട്ടിൽ എത്തിയിരുന്നില്ല. മദ്യഷാപ്പിൽപോയി കുടിച്ചുകൊണ്ടിരിക്കുക യായിരുന്നു. എനിക്കും നിൻെറ അമ്മക്കും മേക്സിമിനെ കണ്ട പ്പോൾ ആദ്യം തിരിച്ചറിയുവാൻ കഴിഞ്ഞില്ല. ദേഹമാസകലം നീലനിറമായി; വിരലുകൾ കീറിമുറിഞ്ഞു രക്തമൊലിച്ചുംകൊ ണ്ടിരിക്കുന്നുണ്ടായിരുന്നു. നെററിയിൽ എന്തോ വെളുത്തു നിൽക്കുന്ന തായി കണ്ടു. മേക്സിമിൻെറ മുടി കുറെ നരച്ചുപോയതായിരുന്നു അതു.

"വാർവാരാ നിലവിളിച്ചു." അവർ നിങ്ങളെ എന്തുചെയ്തു മേക്സിം? ഇൻസ്പെക്ടരെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്തോ സംഭവിക്കാൻ പോകയാണെന്നു ഞാനും മനസ്സിലാക്കി. ഞാൻ വാർവാരയെ സാന്ത്വനപ്പെടുത്തി, മേക്സിമിൽനിന്നും പരമാൎത്ഥം

മനസ്സിലാക്കുവാൻ ശ്രമിച്ചു. "വേഗംപോയി, മൈക്കേലിനെയും യാക്കോവിനെയും കണ്ടുപിടിക്കു" അയാഠം എന്നോടു പറഞ്ഞു. "ഞങ്ങഠം അന്യോന്യം യാമസ്ക്ക്യാ തെരുവിൽനിന്നു വിട്ടുപിരിഞ്ഞു എന്നും; അവർ വ്രാഡിൽനിത്തെരുവിലേക്കും, ഞാൻ ഫെക്രോവ്ക്കാത്തെരുവിലേക്കും പോയി എന്നും പറയുവാൻ അവരെ ഏല്പിക്കുക. അവർ പറയുമ്പോഠം തെററിപ്പോകരുതു. ശരിക്കു പറഞ്ഞില്ലെങ്കിൽ പോലീസ്സുകാർ അവരെ ബുദ്ധിമുട്ടിക്കും." ഞാൻ ഉടനെ അച്ഛാച്ഛനെ വിളിച്ചു "ഇൻസ്പെക്ടരുടെക്കൂടെ ഇരിക്കു." ഞാൻ അദ്ദേഹത്തോടുപറഞ്ഞു "ഞാൻ പടിക്കൽപോയി നിങ്ങളുടെ മക്കഠം വരുന്നതും കാത്തിരിക്കട്ടെ." സംഭവങ്ങഠം മുഴുവനും ഞാൻ അച്ഛാച്ഛനോടു പറഞ്ഞു. അദ്ദേഹം പരിഭ്രമിച്ചു ഉടുപ്പുകഠം മാററി എൻെറക്കൂടെ വന്നു. "എനിക്കതെറിയാമായിരുന്നു. ഇങ്ങിനെ വല്ലതും സംഭവിമെന്നു എനിക്കറിയാമായിരുന്നു." എന്നാൽ ആ പറഞ്ഞതു വെറുതെയാണ്. അദ്ദേഹത്തിന്നു ഒന്നും അറിയാമായിരുന്നില്ല. ഞാൻ പടിക്കൽ ചെന്നിരുന്നു. നിൻെറ അമ്മാമന്മാർ വന്നു അവരെ ഞാൻ കണക്കിൽ ശകാരിച്ചു. മിഷ്ണാ പേടിച്ചു പരിഭ്രമിച്ചു. അവൻെറ ലഹരിയെല്ലാം പോയി. യാക്കോവിന്നു തലക്കു വെളിവുണ്ടായില്ല. "ഞാൻ ഒന്നും അറിയുകയില്ല." അവൻ പറഞ്ഞുകൊണ്ടിരുന്നു. "എല്ലാം മൈക്കേൽ ചെയ്തതാണ്. അയാഠംക്കാണ് എന്നെക്കാഠം പ്രായം." ഇൻസ്പെക്ടരെ ഞങ്ങഠം ഒരു വിധത്തിൽ സമാധാനിപ്പിച്ചു പറഞ്ഞയച്ചു. അയാഠം ഒരു നല്ല മനുഷ്യനായിരുന്നു. "സൂക്ഷിച്ചോ" അയാഠം താക്കീതുചെയ്തു. "ഇനി വല്ലതും സംഭവിക്കുകയാണെങ്കിൽ ആരെയാണ് ഉത്തരവാദികളാക്കേണ്ടതെന്നു എനിക്കറിയാം." അയാഠം പോയപ്പോഠം അച്ഛാച്ഛൻ മേക്സിമിൻെറ അടുത്തുചെന്നു. അദ്ദേഹം മേക്സിമിനോടു പറഞ്ഞു. മകനെ! ഞാൻ നിനക്കു നന്ദിപറയുന്നു. നീയല്ലെങ്കിൽ ഇതൊന്നുമല്ല സംഭവിക്കുക. അതെനിക്കറിയാം. ഇത്ര നല്ല ഒരു ഭത്താവിനെ നീ തിരഞ്ഞെടുത്തതിൽ, വാർവാരാ, ഞാൻ നിനക്കും നന്ദി പറയുന്നു." വേണമെന്നുവെച്ചാൽ നിൻെറ

അച്ഛാച്ഛന്നു വളരെ നല്ല വാക്കുകൾ പറയാനും അറിയാം. അദ്ദേഹത്തിൻെറ സ്വഭാവം പിന്നീടു ചീത്തയായിപ്പോയതാണ്. മേക്സിം കരഞ്ഞുകൊണ്ടു പറഞ്ഞു. "അവർ എന്തിന്നങ്ങിനെ ചെയ്യണം? ഞാൻ അവരെ എന്തുചെയ്തു? അമ്മെ! അവർ എന്തിനെന്നെ ഇങ്ങിനെ ദ്രോഹിച്ചു." മേക്സിം എപ്പോഴും എന്നെ അമ്മെ എന്നു മാത്രമെ വിളിക്കുകയുള്ളു. ഒരു കുട്ടിയെപ്പോലെ—അയാൾക്കു ഒരു കുട്ടിയുടെ സ്വഭാവമായിരുന്നു. ഞാനും അയാളോടൊപ്പം കരഞ്ഞു പോയി. മററന്തുചെയ്യാനാണ്. എന്തായാലും അവർ എൻെറ മക്കളല്ലെ. ഞാൻ അവരെ എന്തുചെയ്യാനാണ്. നിൻെറ അമ്മ ക്രോധത്തോടെ പറഞ്ഞു "മേക്സിം നമുക്കിവിടെനിന്നും പോകാം. എൻെറ സഹോദരന്മാർ എൻെറ ശത്രുക്കളാണ്. എനിക്കവരെ ഭയമാകുന്നു. നമുക്കു എവിടെയെങ്കിലും പോകാം." ഞാൻ അവളെ ശകാരിച്ചു. "നീ കത്തുന്ന തീയ്യിൽ എണ്ണ ഒഴിക്കരുത്. മററുതന്നെ തീ ആളിക്കത്തുകയാണ്." നിൻെറ അച്ഛാച്ഛന്നു നിൻെറ അമ്മാമന്മാരെ, അവളോടു മാപ്പുചോദിക്കുവാൻ കല്പിച്ചുംകൊണ്ടു മുറിയിലേക്കു പറഞ്ഞയച്ചു. അവർ അവക്കു മാപ്പുകൊടുക്കുന്നതിന്നു പകരം മിഷ്കയുടെ ചെകിടത്തു ഒരടിയാണ്വെച്ചുകൊടുത്തതു. "ഇതാണ് നിങ്ങൾക്കുള്ള മാപ്പ്." അവർ പറഞ്ഞു നിൻെറ അച്ഛൻ അവളോടു ചോദിച്ചു. "സഹോദരന്മാരേ! നിങ്ങൾ എന്തിനാണ് അങ്ങിനെ ചെയ്തത്? നിങ്ങൾ എൻെറ വിരലുകൾ ചവിട്ടി ഒടിക്കുവാൻ ശ്രമിച്ചു. പിന്നെ ഞാൻ എങ്ങിനെയാണ് എൻെറ ജോലിചെയ്യുക?" എങ്ങിനെയെല്ലാമൊ അവർ അന്യോന്യം യോജിച്ചു. അടുത്ത അഞ്ചാറാഴ്ചകൾ നിൻെറ അച്ഛൻ സുഖമില്ലാതെ കിടന്നു. കിടന്നിടത്തുനിന്നു അയാൾ എന്നോടു പറഞ്ഞുകൊണ്ടിരുന്നു. "വേറെ ഏതെങ്കിലും സ്ഥലത്തേക്കുപോകാൻ അനുവദിക്കു—ഇവിടെ എനിക്കു മടുത്തു." കുറച്ചു കഴിഞ്ഞപ്പോൾ അവർ ആസ്ട്രഖാനിലേക്കു പോകയുംചെയ്തു. ഡാർ ചക്രവത്തി ആ നഗരം സന്ദർശിക്കുന്നതുകൊണ്ടു ഒരു മനോഹരമായ കമാനം നിർമ്മിക്കുവാൻ മേക്സിമിനെ നിയോഗിച്ചതായി

രുന്നു. നിൻെറ അമ്മയും അച്ഛനും തീബോട്ടിലാണ് അവിടേക്കു പോയതു. വസന്തകാലം ആദ്യത്തിൽ എൻെറ ആത്മാവിൽ പങ്കുതിയും എന്നെ വിട്ടുപോയതായി എനിക്കനുഭവപ്പെട്ടു. മേക്സിമിന്നും വലിയ വ്യസനംതോന്നിയിരിക്കണം. ഞാനും കൂടെപോകേണമെന്നു അയാരം വളരെ നിർബ്ബന്ധിച്ചുനോക്കി. വാർവാരക്കു ഞങ്ങളുടെ വീട്ടിൽനിന്നു പോയ്ക്കളയുന്നതിൽ വലിയ സന്തോഷംതോന്നി. ലജ്ജയില്ലാത്ത പെണ്ണ്!

"അതെ അവർ ഞങ്ങളെ വിട്ടുപോയി.''

അമ്മമ്മ ഒരിറക്കു വോഡ്ക വലിച്ചുകുടിച്ചു. ഒരു നുള്ള് പൊടിയെടുത്തു വലിച്ചു. ജനലിൽക്കൂടി പുറത്തേക്കു നോക്കിയും കൊണ്ടവർ പറഞ്ഞു. ''ഞാനും നിൻെറ അച്ഛനും തമ്മിൽ, യാതൊരു രക്തബന്ധവും ഉണ്ടായിരുന്നില്ല. എന്നാൽ ഞങ്ങരം രക്തബന്ധമുള്ള അമ്മയും മകനുമായിരുന്നു.''

ചിലപ്പോരം അമ്മമ്മ കഥപറഞ്ഞുകൊണ്ടിരിക്കെ അച്ഛാച്ഛൻ കയറിവരും. അമ്മമ്മയുടെ നേരെ സംശയത്തോടെ നോക്കും. കുറച്ചുനേരം ശ്രദ്ധിച്ചുകേട്ടശേഷം പിന്നെ പിറുപിറുക്കും.

"കളവു, കളവു, എല്ലാം കളവു!'' ഒരിക്കൽ അദ്ദേഹം അപ്രതീക്ഷിതമായി ചോദിച്ചു.

"അലക്സ്റ്റേയി! അവരം ഇവിടെവെച്ചു മദ്യം കഴിക്കാറുണ്ടോ?"

"ഇല്ല."

"നീ കളവുപറയുകയാണ്. നിൻെറ കണ്ണുകരം കണ്ടാൽ തന്നെ അതു വ്യക്തമാണ്."

ഞാൻ പറഞ്ഞതു ബോദ്ധ്യമാകാതെ അദ്ദേഹം മുറിയിൽ നിന്നും പോയി. അമ്മമ്മ അദ്ദേഹം പോകുന്നതുനോക്കിയുംകൊണ്ടു പറഞ്ഞു.

"നീ സമത്ഥനാണ്......."

ഒരുദിവസം അദ്ദേഹം നിലത്തുനോക്കിയുംകൊണ്ടു പറഞ്ഞു.

"എടോ"

"ഓ"

"എന്താണ് സംഭവിക്കാൻപോകുന്നതെന്നു മനസ്സിലാകുന്നുണ്ടോ?"

"ഞാൻ എല്ലാം മനസ്സിലാക്കുന്നുണ്ട്."

"നീ എന്തു വിചാരിക്കുന്നു."

"വിഡ്ഢി. ആ മനുഷ്യനെക്കുറിച്ചു നിങ്ങൾ പറയാറുള്ളതെന്താണെന്നു ഓൎമ്മിച്ചുനോക്കു."

"ഉം."

"നിങ്ങൾ പറയുന്നതു ശരിയാണ്."

"ദീപാളി!"

"അതവളുടെ കാര്യമാണ്."

അച്ഛാച്ഛൻ പുറത്തേക്കുപോയി. എന്തോ ആപത്തുസംഭവിക്കുവാൻ പോകയാണെന്നു മനസ്സിലാക്കി, ഞാൻ അമ്മമ്മയോടു ചോദിച്ചു.

"നിങ്ങൾ എന്തിനെക്കുറിച്ചാണ് സംസാരിച്ചതു?"

"സകലതും നിനക്കറിയണം. അല്ലേ?" എന്റെ കാലുകൾ തടവിയുംകൊണ്ടവർ പറഞ്ഞു. "കുട്ടിയായിരിക്കുമ്പോൾതന്നെ എല്ലാം അറിഞ്ഞുപോയാൽ വലുതാകുമ്പോൾ ഒന്നും അറിയാൻ ബാക്കിയുണ്ടാകയില്ല." അവർ ചിരിച്ചുകൊണ്ടു തലയാട്ടി.

"ആ, അച്ഛാച്ഛാ, അച്ഛാച്ഛാ, നിങ്ങഠം ദൈവത്തിൻെറ ദൃഷ്ടിയിൽ ആകൃതിപ്പെടുത്താൻ കഴിയാത്ത ഒരു ബിന്ദുമാത്രമാണ്......... ഒന്നും ആരോടും പറഞ്ഞുപോകരുതു. അലക്സ്സേയി! ഇതാണ് കാര്യം. നിൻെറ അച്ഛാച്ഛൻെറ പണം മുഴുവനും നഷ്ടപ്പെട്ടുപോയി. അദ്ദേഹം ഒരാഠംക്കു പണം കടംകൊടുത്തു. ആയിരക്കണക്കായി. അയാഠം ദീപാളിയായിപ്പോയി."

അവർ കുറെനേരം ആലോചനാമഗ്നയായിരുന്നു—ഒരു ചലനവുമില്ലാതെ. ക്രമേണ അവരുടെ മുഖം ഇരുണ്ടുപോകുന്നതായി ക്കണ്ടു.

"നിങ്ങഠം എന്താണ് ആലോചിക്കുന്നതു?"

"നിന്നോടെന്താണ് പറയേണ്ടതെന്നു."

കുറെക്കഴിഞ്ഞപ്പോഠം അവർ എനിക്കൊരു കഥ പറഞ്ഞുതന്നു.

അമ്മ എന്നെ കാണുവാൻ വളരെ ചുരുക്കമായിട്ടുമാത്രമെ മുകളിലെ നിലയിൽ വരാറുണ്ടായിരുന്നുള്ളു. വന്നാൽതന്നെയും ഒന്നുരണ്ടു വാക്കുകഠം മാത്രം പറഞ്ഞു അവർ വേഗം പോകയും ചെയ്യും. അവരുടെ സൌന്ദര്യം കൂടിവരുന്നതായിത്തോന്നി. വൃത്തിയുള്ള വസ്ത്രങ്ങഠംമാത്രമെ അവർ ധരിച്ചുള്ളു. എന്നാൽ എന്തോ ഒരു രഹസ്യം അവർ എന്നിൽനിന്നും മറച്ചുവെക്കുന്നുണ്ടെന്നെനിക്കുതോന്നി. ആ രഹസ്യം എന്താണെന്നു കണ്ടുപിടിക്കുവാൻ ഞാൻ ശ്രമിച്ചു.

അമ്മമ്മ പറഞ്ഞുതരാറുള്ള കഥകളിൽ എനിക്കു താല്പര്യം കുറയാൻ തുടങ്ങി. എന്തോ ഒരു ഭയം എൻെറ മനസ്സിൽ കടന്നുകൂടി. അച്ഛനെക്കുറിച്ചുള്ള കഥകഠം കേഠംക്കുമ്പോഠം പോലും ആ ഭയം എന്നെ അസ്വാസ്ഥ്യനാക്കി.

"എന്റെ അച്ഛന്റെ ആത്മാവിനെ അലട്ടുന്നതെന്താണ്?" ഞാൻ അമ്മമ്മയോടു ചോദിച്ചു.

"എനിക്കെങ്ങിനെ അറിയാം. അവർ കണ്ണുടച്ചുംകൊണ്ടു് പറഞ്ഞു.

"അതു ദൈവത്തിന്റെ കാര്യമാണ്. നമുക്കു മനസ്സിലാക യില്ല."

രാത്രി, ആകാശത്തിൽ നക്ഷത്രങ്ങൾ നിരന്നു പ്രകാശിക്കു ന്നതും നോക്കി കിടക്കുമ്പോൾ, എന്റെ അച്ഛൻ കഥാനായക നായി വരുന്ന വ്യസനകരമായ പല കഥകളും ഞാൻ ഭാവനയിൽ സൃഷ്ടിച്ചുകൊണ്ടിരുന്നു; ഒരു നല്ല നായയാൽ അനുഗതനായി, ഒരു വടിയുമെടുത്തു അദ്ദേഹം ഏകനായി നടക്കുന്നതായിട്ടാണ് ഞാൻ സങ്കല്പിച്ചതു.

## XII

ഒരു ദിവസം വൈകുന്നേരം ഞാൻ കുറച്ചുനേരം ഉറങ്ങി പ്പോയി. ഉണൎന്നപ്പോൾ എന്റെ കാലുകൾക്കു ഉണൎവ്വ് വന്നിട്ടുള്ള തായിതോന്നി. ഞാൻ കാലുകൾ കട്ടിലിന്നു താഴെ നീട്ടി. കാലുകൾ വീണ്ടും മരവിച്ചുപോയി. എന്നാലും ഞാൻ മുടന്തനാകയില്ലെന്നും, എനിക്കു നടക്കാൻ കഴിയുമെന്നും എനിക്കു ബോദ്ധ്യമായി. ഈ തോന്നിച്ച വന്നപ്പോൾ എനിക്കെന്തെന്നില്ലാത്ത ആഹ്ലാദം തോന്നി. ഞാൻ കട്ടിലിൽനിന്നു താഴെ ഇറങ്ങി. ഞാൻ മറിഞ്ഞുവീണുപോയി. ഉടനെ പിടഞ്ഞെഴുന്നേററു ഇഴഞ്ഞിഴഞ്ഞു വാതിൽക്കലേക്കും

ഏണിപ്പടിയിറങ്ങി താഴത്തെ നിലയിലേക്കും നീങ്ങി. എന്നെ കാണുമ്പോഠം വീട്ടിലുള്ളവക്ക് ആശ്ചര്യംതോന്നുമെന്നോത്തപ്പോഠം എനിക്കു വലിയ രസംതോന്നി.

അമ്മയുടെ മുറിയിൽ എന്നെ അമ്മമ്മയുടെ മടിയിൽ കിടത്തിയതെങ്ങിനെയാണെന്നു് എനിക്ക് ഓർമ്മയില്ല. എനിക്കു ബോധം വന്നപ്പോഠം ഞാൻ അവരുടെ മടിയിൽ കിടക്കുകയായിരുന്നുവെന്നു മാത്രം എനിക്ക് അറിയാം. അപരിചിതരായ പലരും ചുററും നില്ക്കുന്നു. അവരുടെ കൂട്ടത്തിൽ മെലിഞ്ഞു പച്ചനിറത്തിലുള്ള വസ്ത്രങ്ങഠം ധരിച്ചുകൊണ്ടു ഒരു കിഴവിയും നില്ക്കുന്നുണ്ടായിരുന്നു

"അവന്നു കുറച്ചു പഴക്കട്ടിയും ചായയും കൊടുത്തു അവനെ ഒരു കമ്പിളി മൂടിപ്പുതപ്പിക്കുക." ആ സ്ത്രീ ഉച്ചത്തിലാണ് സംസാരിച്ചത്.

അവരുടെ വസ്ത്രങ്ങളും തൊപ്പിയും മുഖവും, മുഖത്തുണ്ടായിരുന്ന ഒരു മുഴയും, എന്തിന്നു, അവരെസംബന്ധിക്കുന്ന എല്ലാം തന്നെ പച്ചനിറത്തിലായിരുന്നു. ആ മുഴയിന്മേലുള്ള രോമംപോലും പച്ചനിറത്തിലായിരുന്നു. മേൽച്ചുണ്ടു് ഉയത്തി, കീഴ്ച്ചുണ്ട് താഴ്ത്തി, പച്ചനിറത്തിലുള്ള പല്ലുകഠം വെളിക്കു കാണിച്ചുംകൊണ്ടു, അവർ എന്നെ മിഴിച്ചുനോക്കി.

"അതാരാണ്." ഞാൻ സംശയത്തോടെ ചോദിച്ചു.

"അതു നിൻെറ പുതിയ അമ്മമ്മയാണ്." എൻെറ അമ്മമ്മ ഏതുമല്ലാത്ത ഒരു സ്വരത്തിൽ പറഞ്ഞു.

അമ്മ ചിരിച്ചു. യവ്ജനി മേക്സിമോവിനെ എൻെറ നേരെ തള്ളിയുംകൊണ്ടു അവർ പറഞ്ഞു. "ഇതാണ് നിൻെറ പുതിയ അച്ഛൻ."

അവർ എനിക്കു മനസ്സിലാകാത്ത മററു കുറെ വാക്കുകൾ പറഞ്ഞു. മേക്സിമോവ് കണ്ണുകൾ പകുതി ചിമ്മി, എൻെറ അരികെ കുനിഞ്ഞുനിന്നുംകൊണ്ടു പറഞ്ഞു.

"ഞാൻ നിനക്കു കുറച്ചു ചായങ്ങൾ വാങ്ങിത്തരാം"

മുറിയിൽ നല്ല പ്രകാശമുണ്ടായിരുന്നു. മേശമേൽ മെഴുകുതിരികൾ കത്തിച്ചുവെച്ചിരിക്കുന്നു. അവയുടെ മദ്ധ്യത്തിൽ അച്ഛാച്ഛൻെറ ഇഷ്ടദേവതയുടെ പ്രതിമ വെച്ചിട്ടുണ്ട് — പ്രതിമയുടെ ചുററും പതിച്ചിരിക്കുന്ന പവിഴമണികൾ വെളിച്ചംതട്ടി മിന്നിക്കൊണ്ടിരുന്നു. അപ്പക്കഷണങ്ങൾ ജനൽകണ്ണാടികളുള്ളിൽക്കൂടി എത്തിനോക്കുന്നുണ്ട്. കതകുകളിന്മേൽ ആരോ മൂക്കുകൾ അമർത്തിവെച്ചിരിക്കുന്നു. എൻെറ ചുററും എല്ലാ വസ്തുക്കളും തിരിഞ്ഞുകൊണ്ടിരിക്കയാണ്, പച്ചനിറക്കാരിയായ ആ കിഴവി തൻെറ തണുത്തുവിറങ്ങലിച്ച വിരലുകൾകൊണ്ടു, എൻെറ ചെവിക്കു കീഴെ സ്പർശിച്ചു. അവർ പറഞ്ഞു

"തീച്ചയായും, തീച്ചയായും."

"അവൻ ബോധംവിട്ടുപോയതാണ്." അമ്മമ്മ പറഞ്ഞു. അവർ എന്നെ മുകളിലെനിലയിലേക്ക് എടുത്തുകൊണ്ടുപോയി. വാസ്തവത്തിൽ എനിക്കു നല്ല ബോധമുണ്ടായിരുന്നു. ഞാൻ കണ്ണുകൾ അടച്ചു അനങ്ങാതെ കിടന്നു എന്നേയുള്ളു - ഏണിപ്പടി കയറുമ്പോൾ ഞാൻ പറഞ്ഞു.

"നിങ്ങൾ എന്തുകൊണ്ട് എന്നോടു പറഞ്ഞില്ല?"

"ശരി, ശരി, ഇപ്പോൾ അതൊന്നും ചോദിക്കേണ്ട, കേട്ടോ!"

"എന്നെ ഇങ്ങിനെ വിഡ്ഢിയാക്കുക. നിങ്ങൾ എല്ലാവരും കൂടി"

അവർ എന്നെ കിടക്കയിൽ കിടത്തി; തലയണയിന്മേൽ തല ചാച്ചുംകൊണ്ട് പൊട്ടിക്കരഞ്ഞു. അവരുടെ ദേഹം മുഴുവനും വിറക്കുന്നുണ്ടായിരുന്നു. അവർ എന്നോടു പറഞ്ഞു.

"കരഞ്ഞു കരഞ്ഞു ദുഃഖം തീക്കുക."

ഞാൻ കരയാൻ ആഗ്രഹിച്ചില്ല. മേൽതട്ടിൽ ഇരുട്ടായിരുന്നു. വല്ലാത്ത തണുപ്പും. എൻെറ കട്ടിലും വിറക്കുവാൻ തുടങ്ങി. ആ കിഴവിയുടെ രൂപം എൻെറ കണ്ണിന്നുമുമ്പിൽതന്നെ നിൽക്കുന്നതായി തോന്നി ഞാൻ ഉറക്കം നടിച്ചതായി കിടന്നു. ' അമ്മമ്മ എന്നെ അവിടെ വിട്ടുംകൊണ്ടു പുറത്തേക്കു പോയി.

അടുത്ത കുറെ ദിവസങ്ങൾ അങ്ങിനെ കടന്നുപോയെന്നു മാത്രം. അമ്മയുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞ ഉടനെ അവരെല്ലാം എവിടേയൊ പോയി. വീട്ടിൽ ഒരു വല്ലാത്ത നിശ്ശബ്ദത വ്യാപിച്ചു.

ഒരുദിവസം അച്ഛാച്ഛൻ ഒരുളിയുമെടുത്തു എൻെറ മുറിയിൽ വന്നു. അദ്ദേഹം ജനലിൻെറ കണ്ണാടിച്ചില്ലുകളുടെ വക്കിലുള്ള പശ അടത്തിക്കളഞ്ഞു. അമ്മമ്മ ഒരു കിണ്ണത്തിൽ കുറെവെള്ളവും, കയ്യിൽ കുറെ തുണിക്കഷണങ്ങളുമായി മുറിയിൽ കയറിവന്നു.

"എന്താ, ചങ്ങാതി!" അച്ഛാച്ഛൻ അവരോടു ചോദിച്ചു.

"എന്താ?"

"ഇപ്പോൾ നിനക്കു തൃപ്തിയായയോ?"

എന്നോടു ശാസിച്ചതുപോലെ അവർ അച്ഛാച്ഛനെയും താക്കീതുചെയ്തു.

"ശരി, ശരി, ഇപ്പോൾ അതൊന്നും ചോദിക്കേണ്ട. കേട്ടോ!"

ഈ വാക്കുകൾക്കു പ്രത്യേകമായ എന്തോ അൎത്ഥമുണ്ടായിരിക്കണം. പ്രധാനമായ, ഹൃദ്യമല്ലാത്ത എന്തോ ഒരു കാര്യം ആ വാക്കുകളിൽ ഒളിഞ്ഞുനില്ക്കുന്നുണ്ടായിരുന്നു. എല്ലാവൎക്കും അതറിയുകയും ചെയ്യാം. എന്നാൽ ആരും അതിനെക്കുറിച്ചു സൂചിപ്പിക്കുവാൻപോലും ധൈര്യപ്പെട്ടില്ല.

അച്ഛാച്ഛൻ കണ്ണാടിച്ചില്ലുകൾ നീക്കംചെയ്തു പുറത്തേക്കു കൊണ്ടുപോയി. അമ്മമ്മ ജനലിൻെറ കതകു തുറന്നു. ചില പക്ഷികൾ തോട്ടത്തിൽനിന്നും മനോഹരമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. മണ്ണിൻെറ മണം അകത്തേക്കടിച്ചുകയറുന്നുണ്ടു-അടുപ്പിൻെറ നേരെ മുകളിലായുള്ള ഓടുകൾക്കു എന്തോ ഒരു നിറവ്യത്യാസം വന്നിട്ടുണ്ടു. എൻെറ ശരീരം വിറക്കാൻ തുടങ്ങി. ഞാൻ കിടക്കയിൽനിന്നും നിരങ്ങിയിറങ്ങി.

“ചെരിപ്പിടാതെ നടക്കരുതു” അമ്മമ്മ എന്നെ ശാസിച്ചു.

“ഞാൻ തോട്ടത്തിലേക്കു പോകയാണ്.”

“തണുപ്പു പോകുന്നതുവരെ ക്ഷമിക്കു”

അവരുടെ കല്പന അനുസരിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. മുതിൎന്നവരെ കാണുന്നതുപോലും എനിക്കപ്പോൾ ഇഷ്ടമായിരുന്നില്ല.

തോട്ടത്തിൽ പുൽക്കൊടികൾ മുളച്ചുവരികയാണ്. ആപ്പിൾ വൃക്ഷങ്ങളിന്മേൽ പൂമൊട്ടുകൾ തൂങ്ങിനില്ക്കുന്നുണ്ടു. പെഡോവ്നയുടെ മേൽപുരമേൽ, പരവതാനിവിരിച്ചതുപോലെ, ഒരുതരം പൂപ്പുമൂടിനില്ക്കുന്നു. എല്ലായിടത്തും പക്ഷികളെ കാണാനുണ്ടു. വായുവിൽ ചേൎന്നുവരുന്ന മണം ശ്വസിച്ചു എനിക്കു തലചുററാൻതുടങ്ങി. ച്യോട്ടർ മരിച്ചുവീണ കുഴിയിൽ പലതരം കാട്ടുചെടികൾ വളൎന്നുമൂടിനില്ക്കുന്നു. ഇതെല്ലാം കണ്ടപ്പോൾ എനിക്കു വല്ലാത്ത അറപ്പു

തോന്നി കുഴിയിൽ കാണുന്ന ചെടികൾക്കാകട്ടെ, അവിടെ വീണു കിടക്കുന്ന കരിപുരണ്ട മരക്കഷണങ്ങൾക്കാകട്ടെ വസന്തകാലത്തിൻെറ യാതൊരു ചാർച്ചയും സംഭവിച്ചിട്ടുള്ളതായിത്തോന്നിയില്ല. ആ കുഴിക്കു, തോട്ടത്തിലെ മററവയവങ്ങളുമായി യാതൊരു പൊരുത്തവും ഉണ്ടായിരുന്നില്ല. ആ ചെടികളെല്ലാം പറിച്ചെറിഞ്ഞു, ആ മരക്കഷണങ്ങൾ വലിച്ചുനീക്കി, ആ കുഴിയും പരിസരവും വൃത്തിയാക്കിവെക്കാനുള്ള ഒരാഗ്രഹം എന്നിൽ അങ്കുരിച്ചു. തോട്ടത്തിൽ ആകർഷകമായി ഒരു കോണിൽ, വേനൽക്കാലം മുഴുവൻ കഴിച്ചുകൂട്ടാൻ സാധിക്കേണ്ടതായിരുന്നു എന്നു ഞാൻ ആഗ്രഹിച്ചു. ഉടനെ ഞാൻ ആ പ്രവൃത്തിയിൽ ഏർപ്പെട്ടു. വീട്ടിൽ നടന്നുകൊണ്ടിരുന്ന സംഭവങ്ങളെ തല്ക്കാലത്തേക്കു മറന്നുകളയാൻ ഇതു സഹായകമായിത്തീൎന്നു. എന്നാലും ഒരു വല്ലാത്ത ദുഃഖം എൻെറ മനസ്സിനെ ബാധിച്ചു ഓരോ ദിവസം കഴിയുന്തോറും ആ ദുഃഖം വൎദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

"നീ എന്താണീചെയ്തുകൊണ്ടിരിക്കുന്നതു?" അമ്മയും, അമ്മമ്മയും എന്നോടു ചോദിച്ചുകൊണ്ടിരുന്നു. ആ ചോദ്യം എന്നെ വല്ലാതെ അലട്ടി. എന്നാലും എനിക്കവരോടു ദേഷ്യംതോന്നിയില്ല. വീട്ടിനെസംബന്ധിക്കുന്ന് എല്ലാ കാര്യങ്ങളും എന്നെ ശല്യപ്പെടുത്തുകയായിരുന്നു. പച്ചനിറത്തോടുകൂടിയ ആ കിഴവി, പലപ്പോഴും ഞങ്ങളോടൊപ്പം ചായക്കും, അത്താഴത്തിന്നും മുത്താഴത്തിന്നും പങ്കുചേരാൻവരും. അവർ ഒരു പഴയവേലിയുടെ അവശിഷ്ടമായ ഒരു നീണ്ട കുററിപോലെ മേശക്കരികെ നിവൎന്നിരിക്കും. അവരുടെ കണ്ണുകൾ, അദൃശ്യമായ ഒരു ചരടിനെക്കൊണ്ടു അവരുടെ മുഖത്തു കെട്ടിനിൎത്തിയതാണെന്നു ഞാൻ സംശയിച്ചു. ആ കണ്ണുകൾ തിരിഞ്ഞുമറിഞ്ഞു, എല്ലാം പരിശോധിക്കും; എല്ലാം കാണും. ദൈവത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ആ സ്ത്രീ മച്ചിന്മേലേക്കുനോക്കും, ഭൂമിയിലുള്ള കാര്യങ്ങളെക്കുറിച്ചു പറയുമ്പോൾ, അവർ താഴെ തറയിൽതന്നെ നോക്കിക്കൊണ്ടിരിക്കും. അവരുടെ

പൂരികങ്ങറം ഒരുതരം പശയിൽ തവിട്ടുകുഴച്ചു പററിച്ചതാണെന്നു തോന്നും. അവർ വായിലിടുന്ന ഭക്ഷണസാധനങ്ങറം, ആ പച്ചപ്പല്ലുകറംകൊണ്ടു, ശബ്ദമുണ്ടാക്കാതെ ചവച്ചരക്കും. അവർ കത്തിയും മുള്ളും പിടിക്കുന്നതു ഒരു പ്രത്യേക സമ്പ്രദായത്തിലാണ്. അവരുടെ ചെവികറംക്കു താഴെ എന്തോ ചുരുണ്ടുകൂടിയിട്ടുണ്ടു. അവരുടെ ചെവികളിൽ ചുളിവുകറം നിറഞ്ഞിരിക്കുന്നു. മുഖത്തെ പേശികറം ഇളകുന്നതിന്നനുസരിച്ചു ആ മുഴയുടെ മേലുള്ള രോമങ്ങളും ഇളകുന്നുണ്ടു്. അവരും അവരുടെ മകനും നല്ല വസ്ത്രങ്ങറം വൃത്തിയായി ധരിച്ചിരിക്കുന്നു. അതുകൊണ്ടു അവരുടെ അടുത്തുപോകാൻ എനിക്കു ഭയം തോന്നും-ഞങ്ങറം പരിചയിച്ചുകഴിഞ്ഞിട്ടു ദിവസങ്ങറം കുറച്ചുകഴിഞ്ഞതേയുള്ളു. അപ്പോഴേക്കും അവർ എന്നെക്കൊണ്ടു അവരുടെ വിരലുകറം ചുംബിപ്പിക്കുവാൻ ശ്രമിച്ചു-ആ കൈകറംക്കു സോപ്പിൻെറയും സെൻറിൻെറയും മണമുണ്ടായിരുന്നു. ഞാൻ അവർ പറയുംപോലെ ചെയ്യാതെ ദൂരെ ഓടിക്കളയും.

"ആ കുട്ടിയെ പലതും പരിശീലിപ്പിക്കുവാനുണ്ടു്. കേട്ടോ യവ്ജനീ!'' അവർ മകനോടാവർത്തിച്ചുകൊണ്ടിരുന്നു.

അയാറം ബഹുമാനത്തോടെ തലകുനിച്ചു പുരികങ്ങറം ചുളിക്കും. ഒന്നും മറുപടിപറയുകയില്ല. എല്ലാവരും ആ പച്ചനിറക്കാരിയുടെ മുമ്പിൽ പുരികംചുളിക്കുന്നതു കാണാം

ഞാൻ ആ കിഴവിയെ വെറുത്തു. അവരുടെ മകനെയും—ഇതിൻെറ ഫലമായി എനിക്കു പ്രഹരങ്ങറം കിട്ടിക്കൊണ്ടിരുന്നു. ഒരുദിവസം മുത്താഴം കഴിച്ചുകൊണ്ടിരിക്കെ, അവർ കണ്ണുരുട്ടിയുംകൊണ്ടുപറഞ്ഞു.

"എൻെറ പ്രിയപ്പെട്ട അലക്സേയി! നീ തിന്നുമ്പോറം എന്തിനാണിത്ര തിരക്കുകൂട്ടുന്നതു? ഇത്രവലിയ കഷണങ്ങറം വായിൽ തിരുകുന്നതെന്തിനാണ്? ഭക്ഷണം വിലങ്ങി നീ ചത്തുപോകുമല്ലൊ?"

ഞാൻ ഇറച്ചിക്കഷണം വായിൽനിന്നെടുത്തു മുള്ളുകൊണ്ടു് കുത്തിപ്പിടിച്ചു അവരുടെ നേരെ നീട്ടി.

"നിങ്ങൾക്കത്രവലിയ ആശയുണ്ടെങ്കിൽ ഇതു നിങ്ങൾക്കെടുക്കാം" ഞാൻ പറഞ്ഞു.

അമ്മ എന്നെ താഴെ തള്ളിയിട്ടു ഞാൻ മുകളിലെ നിലയിൽ ഒരു തടവുകാരനാക്കപ്പെട്ടു.

കുറെക്കഴിഞ്ഞപ്പോൾ അമ്മമ്മ മുറിയിൽവന്നു. അവർ വായ പൊത്തി ഉച്ചത്തിൽ ചിരിച്ചു.

"എൻറീശ്വര! നീ എന്തൊരു ചെകുത്താനാണ്? അലക്സേയി!"

അവർ വായപൊത്തിയതെനിക്കിഷ്ടമായില്ല. ഞാൻ അവരുടെ മുമ്പിൽനിന്നും ഓടി. മേൽപുരമേൽ ഇഴഞ്ഞുകയറി. പുകക്കുഴലിൻെറ പിറകിൽ കുറേനേരം ഇരുന്നു. എന്തെങ്കിലും കുസൃതികാണിച്ചുകൊണ്ടു അവരെയെല്ലാം ധിക്കരിക്കേണമെന്നു ഞാൻ ആഗ്രഹിച്ചു. ഈ ആഗ്രഹത്തെ ജയിക്കുവാൻ എനിക്കു വലിയ പ്രയാസംതോന്നി. ഞാൻ ഒരുദിവസം മേക്സിമോവിൻെറയും അയാളുടെ അമ്മയുടെയും കസേലകളിൽ ഒരുതരം പശതേച്ചുവെച്ചു. അവർ കസേലകളിൽ ഒട്ടിപ്പിടിച്ചുപോയി. അച്ഛാച്ഛൻ എന്നെ കണക്കിൽ പ്രഹരിച്ചു. അമ്മ മുകളിൽവന്നു എന്നെ പിടിച്ചുട്ടപ്പിച്ചുംകൊണ്ടു ചോദിച്ചു.

"നീ എന്തിനാണിങ്ങിനെ കുസൃതികാണിക്കുന്നത്? ഇതെല്ലാം എന്നെ എത്രമേൽ വിഷമിപ്പിക്കുന്നുണ്ടെന്നു നീ മനസ്സിലാക്കുന്നില്ല."

അവരുടെ കണ്ണുകൾ നിറഞ്ഞു. അവർ എൻെറ തല അവരുടെ കവിളത്തു ചേർത്തുവെച്ചു. അവർ എന്നെ പ്രഹരിച്ചെങ്കിൽ

എത്ര നന്നായിരുന്നു. അവർ കരയാതിരിക്കുകയാണെങ്കിൽ, മേക്സിമോവ് കുട്ടരോടു അങ്ങിനെ പെരുമാറുന്നതല്ലെന്നു ഞാൻ സത്യം ചെയ്തു പറഞ്ഞു.

"നല്ലതു" അവർ പറഞ്ഞു "നീ വികൃതികളിക്കരുത്. ഞങ്ങൾ വളരെ കഴിയാതെ വിവാഹിതരാകും. പിന്നെ ഞങ്ങൾ മോസ്കോവിലേക്കു പോകും. ഞങ്ങൾ തിരിച്ചുവന്നാൽ നിനക്കും ഞങ്ങളോടൊപ്പം താമസിക്കാം. യവ്ജനി വാസ്‌ലെവിക്ക് ഒരു നല്ല ആളാണ്; സമർത്ഥനാണ്- നീ അയാളെ ഇഷ്ടപ്പെട്ടുമെന്നു എനിക്കറിയാം. നീ സ്കൂളിൽപോയി അദ്ദേഹത്തെപ്പോലെ പഠിക്കണം. അതിനുശേഷം നിനക്ക് ഒരു ഡോക്ടരാകാം. അല്ലെങ്കിൽ നിനക്ക് ഇഷ്ടമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനാകാം. പഠിച്ച ഒരാൾക്ക് എന്തും ചെയ്യാൻ സാധിക്കും. നീ ഇനി പുറത്തുപോയി കളിച്ചോളൂ."

"പിന്നെ" "അതിനുശേഷം" എന്നെല്ലാം അവർ പറയുന്നതു കേൾക്കുമ്പോൾ അകലത്തേക്കു, ഇരുട്ടിലേക്കു, അജ്ഞതയിലേക്കു അവരെ വിട്ടുപിരിഞ്ഞുംകൊണ്ടു, ഞാൻ ഇറങ്ങിപ്പോകാനിരിക്കുന്ന ഒരു ഏണിപ്പടിയുടെ പടവുകളാണ് ആ വാക്കുകളെന്നു തോന്നിപ്പോകും. അവർ വിവരിച്ചുതന്ന ആ ഭാവി സുഖകരമായിരിക്കുകയില്ലെന്നു ഞാൻ വിചാരിച്ചു. അമ്മയോടു ഇങ്ങിനെ പറയണമെന്നും ഞാൻ ആഗ്രഹിച്ചു.

"നിങ്ങൾ വിവാഹം ചെയ്യേണ്ട. ഞാൻ ജോലിചെയ്തു നിങ്ങളെ രക്ഷിക്കും."

എന്നാൽ ഞാൻ അതു അവരോടു പറഞ്ഞില്ല. അമ്മയുടെ സാന്നിദ്ധ്യം എപ്പോഴും മൃദുലങ്ങളായ വികാരങ്ങളാണ് എന്നിൽ ഉളവാക്കാറുണ്ടായിരുന്നതു. എന്നാൽ ആ വികാരങ്ങളെ വാക്കുകളിൽ ഉൾക്കൊള്ളിച്ചു അമ്മയെ മനസ്സിലാക്കിക്കുവാൻ എനിക്കു ധൈര്യമുണ്ടായില്ല.

തോട്ടത്തിൽ ഞാൻ ആരംഭിച്ച മരാമത്തുപണി മുന്നോട്ടു പോയ്ക്കൊണ്ടിരുന്നു. ആ കുഴിയിലെ കാട്ടുചെടികൾ ഞാൻ പറിച്ചു നീക്കി. മരക്കഷണങ്ങൾ ദൂരെ എടുത്തുകൊണ്ടുപോയി എനിക്കു ചാഞ്ഞിരിക്കുവാനും കിടക്കുവാനും പറ്റുന്ന ഒരു കൽത്തറ അവിടെ കെട്ടിയുണ്ടാക്കി. കോപ്പക്കഷ്ണങ്ങളും പല നിറത്തിലുള്ള കണ്ണാടിച്ചില്ലുകളും പതിച്ച ആ ഇരിപ്പിടത്തിനു മോടികൂട്ടി വെയിൽ തട്ടുമ്പോൾ എൻെറ ആ കൽത്തറ പല നിറത്തിലുള്ള രശ്മികൾ ചൊരിഞ്ഞുംകൊണ്ടിരുന്നു.

"നീ ആൾ സമത്ഥനാണ്." എൻെറ ഇരിപ്പടം കണ്ടപ്പോൾ അപ്പാപ്പൻ അഭിപ്രായപ്പെട്ടു. "കാട്ടുചെടികൾ വീണ്ടും മുളക്കും. കാരണം നീ വേരുകൾ പറിച്ചുകളഞ്ഞിട്ടില്ല. നോക്കു വാഷ്ക്കോട്ടെടുത്തു കൊണ്ടുവരൂ. നിനക്കുവേണ്ടി ഞാൻ കുററിയും വേരും പൊരിച്ചുതരാം."

ഞാൻ വാഷ്ക്കോട്ടെടുത്തുകൊണ്ടുവന്നു. അദ്ദേഹം ഉള്ളംകയ്യിൽ തുപ്പി, രണ്ടു കൈകളും തമ്മിലുരസി വാഷ്ക്കോട്ടെടുത്തു നിലത്താഞ്ഞുകൊത്തി."

"ഈ വേരുകളെല്ലാം ദൂരെ കൊണ്ടുപോയിട്ടു. ഇവിടെ നിനക്കു ഞാൻ സൂര്യകാന്തിയുടെ ചെടികൾ നട്ടുതരാം. കാണാൻ നല്ല ഭംഗിയുണ്ടായിരിക്കും.

പെട്ടെന്നു അദ്ദേഹം വാഷ്ക്കോട്ടിന്മേൽ ഊന്നിനിന്നു. ഒന്നും പറയാതെ ഞാൻ അദ്ദേഹത്തെ നോക്കിനിന്നു. അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു വെള്ളം ധാരയായി ഒഴുകുന്നുണ്ടായിരുന്നു. ആ കണ്ണുകൾ ഒരു നായയുടെ കണ്ണുകൾപോലെ ചെറുതായിരുന്നു. ക്രുമ്മബുദ്ധിക്കൊരു ലക്ഷണവുമായിരുന്നു.

"എന്തുപററി."

അദ്ദേഹം തലയാട്ടി കൈകൊണ്ടു മുഖം തുടച്ചു എന്നെതന്നെ സൂക്ഷിച്ചുനോക്കി.

"ഉൗം. എനിക്കു വല്ലാതെ വിയക്കുന്നു. നോക്കു, ഇവിടെ എന്തെല്ലാം പുഴുക്കാം ആണു് ഉള്ളതു."

അദ്ദേഹം വീണ്ടും കിളക്കുവാൻ തുടങ്ങി. പെട്ടെന്നു നിവൎന്നു നിന്നു ഇങ്ങിനെ പറഞ്ഞു.

"ഇതൊക്കെ ചെയ്യുന്നതിൽ യാതൊരൎത്ഥവുമില്ല; ഒരൎത്ഥവുമില്ല. വളരെക്കഴിയുന്നതിന്നു മുമ്പ് ഞാൻ ഈ വീടു വിററുകളയും. നിൻെറ അമ്മക്കു സ്ത്രീധനംകൊടുക്കുവാൻ എനിക്കു പണം വേണം. ഒന്നുമില്ലെങ്കിൽ അവരം മാനത്തോടുകൂടി ജീവിക്കുകയെങ്കിലും ചെയ്തുകൊള്ളട്ടെ."

അദ്ദേഹം വാഴ്ക്കോട്ടു ഒരു ഭാഗത്തേക്കു വീശിയെറിഞ്ഞു വീട്ടിൻെറ പിൻഭാഗത്തുപോയി. ഞാൻ വാഴ്ക്കോട്ടെടുത്തു കിളക്കുവാൻ തുടങ്ങി. എൻെറ കാൽവിരലുകറംക്കു വാഴ്ക്കോട്ടിൻെറ വായിത്തല ഏററ കാൎയ്യമായ മുറിഏററു.

കാൽവിരലുകറംക്കു പററിയ മുറി ഉണങ്ങാത്തതുകൊണ്ടു് എനിക്കു അമ്മയുടെ വിവാഹത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഞാൻ പടിക്കലോളം പോയി. മേക്സിമോവു അമ്മയുടെ കൈയ്യും പിടിച്ചു നടക്കുന്നതു ഞാൻ നോക്കിനിന്നു. തലതാഴ്ത്തി പുൽക്കൊടികറം നോക്കി ചവിട്ടിയുംകൊണ്ടു അവർ സാവധാനം നടക്കുന്നതു കണ്ടാൽ വഴിയിലങ്ങോളം കൂത്ത ഇരുമ്പാണികറം തറച്ചിട്ടുണ്ടോ എന്നു കാണുന്നവർ സംശയിക്കും.

ഒച്ചപ്പാടില്ലാതെ കഴിഞ്ഞ ഒരു വിവാഹമായിരുന്നു അതു. ചടങ്ങുകറംക്കുശേഷം ഉണ്ടായ ചായസല്ക്കാരത്തിന്നും യാതൊരു പ്രത്യേകതയും ഉണ്ടായിരുന്നില്ല. ചായ കഴിച്ചു ഉടനെ അമ്മ അവ

രുടെ മുറിയിൽപോയി അവരുടെ പെട്ടികളിൽ യാത്രക്കാവശ്യമായ സാധനങ്ങറം ശരിപ്പെടുത്തിവെക്കാൻ തുടങ്ങി. എൻെറ ചിററച്ഛൻ എൻെറ അടുത്തുവന്നു എന്നെ സാന്ത്വനപ്പെടുത്തി.

"നിനക്കു കുറച്ചു ചായങ്ങറം തരാമെന്നു വാഗ്ദത്തംചെയ്തതു ഞാൻ മറന്നിട്ടില്ല. ഇവിടെ നല്ല ചായങ്ങളില്ല. എൻെറ കയ്യിലുള്ളതു നിനക്കു തരാൻപററുകയില്ല. ഞാൻ മോസ്കോവിലെത്തിയാൽ നിനക്കു വേറെ ചായങ്ങറം അയച്ചുതരാം."

"ഞാൻ ചായങ്ങറംകൊണ്ടു എന്താണ് ചെയ്യുക?"

"നിനക്കു ചിത്രങ്ങറം വരക്കാൻ ഇഷ്ടമില്ലേ?"

"എനിക്കു ചിത്രങ്ങറം വരക്കാൻ അറിയുകയില്ല."

"എന്നാൽ ഞാൻ വേറെ വല്ല സാധനവും അയച്ചുതരാം."

അപ്പോറം അമ്മ അകത്തേക്കു വന്നു.

"ഞങ്ങറം വേഗം തിരിച്ചുവരും." അവർ പറഞ്ഞു. "നിൻെറ അച്ഛൻ പരീക്ഷ പാസായിക്കഴിഞ്ഞ ഉടനെ ഞങ്ങറം തിരിച്ചുവരും."

മുതിന്ന ഒരാളോടെന്നപോലെ അവരെല്ലാവരും എന്നെ നോക്കി സംസാരിക്കാൻ തുടങ്ങിയതിൽ എനിക്കു സന്തോഷം തോന്നി. താടിമുളച്ചു പ്രായമായിക്കഴിഞ്ഞ ഒരാറം അപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണെന്നു കേട്ടപ്പോറം എനിക്കു ആശ്ചയ്യം തോന്നി.

"നിങ്ങളെന്താണ് പഠിക്കുന്നതു." ഞാൻ ചോദിച്ചു.
"നിലമളുക്കുവാൻ."

അതെന്താണെന്നു ചോദിക്കുവാൻ എനിക്കുധൈര്യംതോന്നിയില്ല. വീട്ടിൽ മനംമടുപ്പിക്കുന്ന ഒരു നിശ്ശബ്ദത കളിയാടി രാത്രി

യാകട്ടെ എന്നു ഞാൻ ആശിച്ചു. അച്ഛാച്ഛൻ ജനലിനടുത്തു പുറത്തേക്കു നോക്കിനില്ക്കുകയായിരുന്നു. പച്ചവസ്ത്രങ്ങൾ ധരിച്ച സ്ത്രീ എന്തൊ പിറുപിറുത്തുകൊണ്ടു സാമാനങ്ങൾ പെട്ടിയിൽ വെക്കുന്നതിൽ അമ്മയെ സഹായിച്ചു. അമ്മമ്മ അന്നു വല്ലാതെ കുടിച്ചു ബോധംകെട്ടു കിടക്കുകയാണ്. മററുള്ളവർ കാണുന്നതു പോരായ്മയാണെന്നു വിചാരിച്ചു അമ്മമ്മയെ മേലേ നിലയിൽ ഞങ്ങളുടെ മുറിയിൽ പൂട്ടിയിട്ടിരിക്കയായിരുന്നു.

പിറേറദിവസം രാവിലെ അമ്മ വീട്ടിൽനിന്നു പോയി. പോകാൻപുറപ്പെട്ടപ്പോൾ അവർ എന്നെക്കെട്ടിപ്പിടിച്ചു. തറയിൽ നിന്നും പൊക്കിയെടുത്തു എൻെറ കണ്ണുകളിൽ നോക്കി. അങ്ങിനെ ഒരു നോട്ടം പണ്ടൊരിക്കലും ഞാൻ കണ്ടിട്ടുണ്ടായിരുന്നില്ല.

"ശരി, ഞാൻ പോയ്വരട്ടെ." അമ്മ എന്നെ ചുംബിച്ചുംകൊണ്ടു യാത്രപറഞ്ഞു.

ആകാശത്തിൽ നോക്കിയുംകൊണ്ടു അച്ഛാച്ഛൻ അമ്മയോടു പറഞ്ഞു. "അവനോടു എന്നെ അനുസരിക്കേണമെന്നു പറയുക."

"നീ അച്ഛാച്ഛനെ എപ്പോഴും അനുസരിക്കണം." എൻെറ മേലെ കരിശുവരച്ചുംകൊണ്ടു അവർ എന്നോടു ശാസിച്ചു. അവർ മററുവല്ലതും പറയുമെന്നാണ് ഞാൻ ആശിച്ചതു. അച്ഛാച്ഛൻ ഇടക്കു അങ്ങിനെ കടന്നുപറഞ്ഞതു എനിക്കു ഇഷ്ടമായില്ല.

അവർ വണ്ടിയിൽ കയറി അമ്മയുടെ പാവാട എന്തിനോടൊ കുടുങ്ങിപ്പോയി. പാവാട വിടുവിക്കുവാൻ അവർ കുറെ വിഷമിക്കേണ്ടിവന്നു.

"നീ കാണുന്നില്ലെ. അവളെ ചെന്നു സഹായിക്കു" അച്ഛാച്ഛൻ എന്നോടു പറഞ്ഞു. എന്നാൽ (അപ്പോഴത്തെ നിരാശയിൽ എനിക്കു എൻെറ അമ്മക്കു സഹായംചെയ്യാൻ തോന്നിയില്ല.

LIBRARY

നീലനിറത്തിലുള്ള കാൽസറായി ധരിച്ചു മേക്സിമോവ് വണ്ടിയിൽ ഒതുങ്ങിയിരുന്നു. അമ്മമ്മ അയാൾക്കു ചില കെട്ടുകൾ കൊണ്ടുപോയിക്കൊടുത്തു. അയാൾ ആ കെട്ടുകൾ തന്റെ മടിയിൽ അട്ടിയായ് വെച്ചു താടികൊണ്ടു താങ്ങിപ്പിടിച്ചു നെററി ചുളിച്ചുംകൊണ്ടു പറഞ്ഞു.

"ധാരാളം"

പച്ചനിറമുള്ള ആ സ്ത്രീയും പട്ടാളഉദ്യോഗസ്ഥനായ അവരുടെ മറേറമകനും വേറൊരു വണ്ടിയിൽക്കയറി. ഒരു പ്രതിമയെപ്പോലെ ആ കിഴവി വണ്ടിയിൽ കുത്തനെ ഇരുന്നു. അയാൾ വാളിന്റെ പിടികൊണ്ടു താടിക്കു ഉരസിയുംകൊണ്ടു കോട്ടുവായിട്ടു.

"അപ്പോൾ നിങ്ങൾ യുദ്ധത്തിന്നു പോകയാണ്?"

"അതെ, തീച്ചയായും."

"അതു തരക്കേടില്ല. ആ തുക്കികളെ ഒരു നല്ല പാഠം പഠിപ്പിക്കണം."

വണ്ടികൾ കാഴ്ചയിൽനിന്നു മറഞ്ഞു. അമ്മ ഉറമാൽ വീശിക്കൊണ്ടു പല പ്രാവശ്യവും തിരിഞ്ഞുനോക്കി. അമ്മമ്മ ചുമരിൽ ചാരിയിരുന്നു പൊട്ടിക്കരഞ്ഞു. കണ്ണുനീർ തുടച്ചുകൊണ്ടു അച്ഛാച്ഛനും ഉറമാൽവീശി.

"ഇതുകൊണ്ടു........യാതൊരു........നന്മയും...........വരാൻ........പോകുന്നില്ല." അദ്ദേഹം പറഞ്ഞു.

ഞാൻ ഒരു പീഠത്തിന്മേൽ ഇരുന്നു വണ്ടിപോകുന്നതുനോക്കി. അമ്മ കാഴ്ചക്കപ്പുറം എത്തിയപ്പോൾ എന്റെ ഹൃദയത്തിൽ എന്തോ കൊട്ടിയടക്കപ്പെട്ടതായി എനിക്കു തോന്നി.

നേരം പുലൻ വളരെ സമയമായിക്കഴിഞ്ഞിരുന്നില്ല. തെരുവിൽ ആളുകളില്ല. ജനലുകളുടെ കതകുകൾ തുറന്നിട്ടില്ല. ഒരു വല്ലാത്ത

വിജനത എനിക്കനുഭവപ്പെട്ടു. ദൂരെ എവിടനിന്നോ ഒരാട്ടിടയൻ ഓടക്കുഴൽ വിളിക്കുന്നുണ്ടായിരുന്നു.

"വരൂ നമുക്കു പ്രാതൽകഴിക്കാം." എൻെറ ചുമലിൽ പിടിച്ചുകൊണ്ടു അപ്പൂപ്പൻ പറഞ്ഞു. "ഈശ്വരേച്ഛ, നീ എപ്പോഴും എൻെറ കൂടെ താമസിച്ചുകൊള്ളണമെന്നാണ്. ഇഷ്ടികമേൽ തീപ്പെട്ടിക്കോൽ ഉരസുന്നതുപോലെ എന്നെ സദാ അലട്ടിക്കൊണ്ടിരിക്കാൻ."

"രാവിലെതൊട്ടു വൈകുന്നേരംവരെ ഞാനും അപ്പൂപ്പനും കിളപ്പണി നടത്തിക്കൊണ്ടിരുന്നു. അദ്ദേഹം തോട്ടത്തിൽ പല പ്രവൃത്തികളിലും ഏർപ്പെട്ടു. ആപ്പിൾ വൃക്ഷങ്ങളുടെ മേൽ വളരുന്ന ഇത്തിക്കണ്ണികൾ അദ്ദേഹം മുറിച്ചുനീക്കി. തുള്ളുനേയും മറവും കൊന്നുകളഞ്ഞു. ഞാൻ എൻെറ കൽത്തറക്കു ഭംഗികൂട്ടി. അപ്പൂപ്പൻ മരക്കഷണങ്ങൾ വെട്ടിയെടുത്തു നിലത്തു കുററികളാക്കി കുഴിച്ചിട്ടു. ആ കുററികളിൽ ഞാൻ എൻെറ പക്ഷിക്കൂടുകൾ കെട്ടിത്തൂക്കി. മഞ്ഞും വെയിലും ഏല്ക്കാതിരിക്കാൻ ഞാൻ എൻെറ ഇരിപ്പിടത്തിന്മേൽ ഇലകൾകൊണ്ടും ചില്ലകൾകൊണ്ടും ഒരു ചെറിയ പന്തൽ നിർമ്മിച്ചു. ആകപ്പാടെ ആ സ്ഥലം വളരെ ആകർഷകമായിത്തോന്നി.

"നിൻെറ ആവശ്യങ്ങൾക്കു വേണ്ടതെല്ലാം നീതന്നെ ചെയ്യുവാൻ പഠിക്കുന്നതു നല്ലതാണ്." അപ്പൂപ്പൻ പറഞ്ഞു.

ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഞാൻ വളരെ വിലമതിക്കാറുണ്ടു. അദ്ദേഹം എൻെറ കൽത്തറയിന്മേൽ വന്നിരുന്നു. അദ്ദേഹം സാവധാനത്തിൽ എന്നോടു പറഞ്ഞു.

"ഇപ്പോൾ നീ നിൻെറ അമ്മയിൽനിന്നും അകററപ്പെട്ട ഒരു അംശംമാത്രമാണ്. അവൾക്കു വേറെ മക്കളുണ്ടാകും. അവരെ അവൾക്കു നിന്നെക്കാൾ പ്രിയമായിരിക്കും. നിൻെറ അമ്മമ്മ മദ്യം അധികമായി, കഴിക്കാൻ തുടങ്ങിയിട്ടുണ്ടെന്നു നിനക്കറിയാമല്ലോ."

എന്തോ ശ്രദ്ധിക്കുന്നതുപോലെ അദ്ദേഹം കുറെനേരം നിശ്ശബ്ദതപൂണ്ടു. പിന്നെ വീണ്ടും തുടൻ.

"അവരം അധികമായിക്കുടിക്കാൻ തുടങ്ങീട്ടുള്ളതു ഇതു രണ്ടാമത്തെപ്രാവശ്യമാണ്. മൈക്കേലിനെ നിർബ്ബന്ധപട്ടാളസേവനത്തിന്നു വിളിക്കുമെന്നു കേട്ടപ്പോഴാണ് അവരം ആദ്യം അങ്ങിനെ കുടിച്ചുകൊണ്ടിരുന്നതു. അവന്നു പട്ടാളത്തിൽ ചേരേണ്ടതില്ലെന്ന ഒരു സട്ടിഫിക്കററ വാങ്ങിക്കൊടുക്കുവാൻ അവളെന്നെ നിർബ്ബന്ധിച്ചു. അവൻ പട്ടാളത്തിലായിരുന്നുവെങ്കിൽ ഒരുപക്ഷെ നല്ലവനാകുമായിരുന്നു. കഷ്ടം! ഞാൻ ഇനി വളരെക്കാലം ജീവിക്കുകയില്ല. അതിൻെറ അൎത്ഥം നീ ഏകനായിത്തീരുവാൻപോകുന്നുവെന്നാണ്. മനസ്സിലായോ? നിൻെറ ജീവിതമാൎഗ്ഗം നീതന്നെ നേടേണ്ടിവരും. ഊം! മററുള്ളവർ നിന്നെ സഹായിക്കുന്നതും കാത്തിരിക്കാതെ നിൻെറ കാൎയ്യങ്ങരം നീതന്നെ നോക്കാൻ പഠിക്കണം. ശാന്തമായും സമാധാനമായും പെരുമാറുവാൻ പഠിക്കുക. നീ തിരഞ്ഞെടുക്കുന്ന മാൎഗ്ഗം പിഴച്ചതായിരിക്കരുതു. എല്ലാവരും പറയുന്നതു ശ്രദ്ധിക്കണം. പക്ഷെ നിനക്കു ശരിയാണെന്നു തോന്നുന്നതുമാത്രം ചെയ്യുവാൻ ശ്രമിക്കുക."

മഴയില്ലാത്ത ദിവസങ്ങളൊഴിച്ചു വേനല്ക്കാലം മുഴുവൻ ഞാൻ തോട്ടത്തിൽതന്നെ കഴിച്ചുകൂട്ടി. ഉഷ്ണമുള്ളപ്പോരം രാത്രിയും അവിടത്തന്നെ ഉറങ്ങി. അമ്മമ്മ അവിടെക്കിടന്നുറങ്ങാൻ എനിക്കു ഒരു ചെറുക്കാളുംതന്നു. അവരും മിക്ക രാത്രികളും എന്നോടൊപ്പം തോട്ടത്തിൽ കഴിച്ചുകൂട്ടി. കുറെ വൈക്കോൽ കൊണ്ടുവന്നു വിരിച്ചു അവർ എൻെറ അരികത്തു കിടക്കും. പല കഥകളും അവർ എനിക്ക് പറഞ്ഞുതരും. ഇടക്കവർ ആശ്ചൎയ്യത്തോടെ പ്രസ്താവിക്കും.

"നോക്കു, ഒരു നക്ഷത്രം മുറിഞ്ഞുവീഴുന്നതു! ഭൂമിയിലേക്കു വരാൻ ആഗ്രഹിക്കുന്ന ആരുടെയൊ ആത്മാവാണതു. ഒരു നല്ല

ജീവൻ എവിടെയൊ പിറന്നിട്ടുണ്ടു്. "ഒരു പുതിയ നക്ഷത്രം പൊന്തിവന്നതു നോക്കു. എത്ര ഭംഗിയായിരിക്കുന്നു. ആകാശം എത്ര അകലെയാണ്! ഈശ്വരൻെറ രത്നം പതിച്ച വിരിപ്പു."

"വിഡ്ഢികളെ നിങ്ങഠം ഇങ്ങിനെ കിടന്നാൽ കള്ളന്മാർ വന്നു നിങ്ങളുടെ കഴുത്തറുത്തുകളയും." അച്ഛാച്ഛൻ ഒരുദിവസം ഞങ്ങളെ ഭീഷണിപ്പെടുത്തി.

ആകാശം മുഴുവൻ ചുകപ്പിൽ മുക്കിയുംകൊണ്ടു സൂര്യൻ അസ്തമിക്കുവാൻ ഭാവിക്കും. സൂര്യൻെറ ചുകന്ന രശ്മികഠം പച്ചവിരിച്ച തോട്ടത്തിൽ വീണുകിടക്കും. തുടന്നു ലോകം ഇരുളാൻ തുടങ്ങും. ഇരുട്ടു നാലുപാടും തടിച്ചുകൂടും. കരിയിലകഠം കൊഴിഞ്ഞുവീഴും. പുല്ലിൻകൊടികഠം തലതാഴ്ത്തിനില്ക്കും. എല്ലാം ശാന്തമാകും, നിശ്ശബ്ദവുമാകും. അകലത്തു പട്ടാളക്കൈനിലകളിൽനിന്നു സംഗീതം കേഠംക്കുന്നുണ്ടായിരിക്കും. രാത്രി, അമ്മയോളം വാത്സല്യംനിറഞ്ഞതാണ്. നിശ്ശബ്ദതക്കു ഒരമ്മയുടെ ചുംബനത്തിൻെറ മാന്ത്രികശക്തിയുണ്ടു. അതു ഹൃദയത്തെ തലോടി, മറക്കേണ്ട കാര്യങ്ങളെല്ലാം മറക്കാൻ സംഗതിയാക്കും. പകലത്തെ സകല വിഷാദങ്ങളും അങ്ങിനെ മാഞ്ഞുപോകും. ആകാശത്തിൽ നോക്കി നക്ഷത്രങ്ങഠം ഉദിക്കുന്നതും കണ്ടു നിലത്തു മലൎന്നുകിടക്കുന്നതു ഒരു സുഖമാണ്. ആ കാഴ്ചകഠം നമ്മെ ഭൂമിയിൽനിന്നും ഉയൎത്തുവാനുള്ളതാണെന്നു തോന്നും. ഭൂമി തന്നെ അപ്പോഠം നമ്മോളം ചുരുങ്ങിയതായിതോന്നും. അല്ലെങ്കിൽ നാം ബ്രഹ്മാണ്ഡത്തോളം വലുതായിട്ടുണ്ടെന്നു തോന്നും. നിശ്ശബ്ദത വൎദ്ധിച്ചു. ഇരുട്ടിന്നു കൊഴുപ്പുകൂടി. അദൃശ്യമായ വീണക്കമ്പികഠം മനോഹരമായ ചില ശബ്ദങ്ങഠം പുറപ്പെടുവിച്ചു. പക്ഷിയുടെ പാട്ടു, മുള്ളൻപന്നിയുടെ ചാട്ടം, മനുഷ്യരുടെ ശബ്ദം ഇവക്കെല്ലാം തന്നെ പകൽ സമയത്തില്ലാത്ത ഒരു പുതിയ മനോഹാരിത കൈവന്നതായി അനുഭവപ്പെട്ടു.

വീണയുടെ മീട്ടൽ, ഒരു സ്ത്രീയുടെ ചിരി, ഒരു നായയുടെ കുര, ഇവയെല്ലാം പകലിൻെറ കൊഴിഞ്ഞുവീഴാൻ ഭാവിക്കുന്ന ഇലകൾപോലെ ആയിരുന്നു.

ചിലപ്പോൾ കുറെ കുടിയന്മാർ ഒത്തുചേൎന്നു ബഹളംകൂട്ടുന്നതു കേൾക്കാം. ആളുകൾ ഓടിപ്പോകുന്ന ശബ്ദം കേൾക്കാം. അങ്ങിനെയുള്ള ശബ്ദങ്ങൾ ആരും ഗൌനിക്കുകയില്ല. അവ അത്രക്കും സാധാരണമാണ്.

കൈകൾ തലക്കടിയിൽ പിണച്ചുവെച്ചു എന്തൊ താഴ്ന്ന സ്വരത്തിൽ ഉരുവിട്ടുംകൊണ്ടു, ഞാൻ അടുത്തുകിടക്കുന്നുണ്ടെന്ന കാൎയ്യം ഗൌനിക്കാതെ, അമ്മമ്മ വളരെ മണിക്കൂറുകളോളം ഉറങ്ങാതെ മലൎന്നുകിടക്കും. ചിലപ്പോൾ രാത്രിയുടെ മനോഹാരിതക്കു മാററുകൂട്ടുന്ന എന്തെങ്കിലും കഥകൾ അവർ എനിക്കു പറഞ്ഞുതരികയും ചെയ്യും.

അവരുടെ രാഗത്തോടുകൂടിയ വാക്കുകൾ കേട്ടുംകൊണ്ടു ഞാൻ ഉറങ്ങിപ്പോകും. വെയിൽ മുഖത്തു തട്ടുകയും പക്ഷികളുടെ പാട്ടുകൾ കേൾക്കുകയും ചെയ്യുമ്പോൾ മാത്രമെ എൻെറ ഉറക്കം ഞെട്ടുകയുള്ളൂ. വെയിലിൻെറ ചൂടുതട്ടി വായു ചലിക്കുന്നുണ്ടായിരിക്കും. ആപ്പിൾവൃക്ഷത്തിൻെറ ഇലകളിൽനിന്നു മഞ്ഞുതുള്ളികൾ വീണുകൊണ്ടിരിക്കും. മൂടൽമഞ്ഞിൽ പച്ചനിറത്തിലുള്ള പുല്ലിൻകൊടികൾ നിഴലിച്ചുകാണും. സൂൎയ്യൻെറ രശ്മികളിൽ കുളിച്ച ആകാശത്തിൽ ഭംഗിയുള്ള നിറങ്ങൾ നിറഞ്ഞുകാണും. പ്രഭാതത്തിൻെറ ഭംഗിയുള്ള ശബ്ദങ്ങളും നിറങ്ങളും എൻെറ ആത്മാവിൽ തുളഞ്ഞുകയറും; എന്നെ ആനന്ദിപ്പിക്കും; ഉണൎന്നെഴുന്നേല്ക്കാൻ പ്രേരിപ്പിക്കും; എല്ലാ ജീവജാലങ്ങളോടും കൂട്ടുചേൎന്നു സൌഹാൎദ്ദത്തോടെ ജീവിതംനയിക്കുവാൻ ആഹ്വാനം ചെയ്യും.

എൻെറ ജീവിതത്തിൽ ഏററവും ശാന്തവും ആലോചനാമൃതവുമായ ഒരു മനോഹരഘട്ടമായിരുന്നു അതു. എൻെറ കഴി

വുകളെപ്പററിയുള്ള ബോധം എന്നിൽ രൂഢമൂലമായിത്തീന്നതു അപ്പോളായിരുന്നു. ഞാൻ മററുള്ളവരിൽനിന്നു ഒഴിഞ്ഞുമാറുവാൻ തുടങ്ങി. ഓാസിയാനിക്കോവ് വീട്ടിലെ കുട്ടികളുടെ ശബ്ദവും കരച്ചിലുകളും കേറംക്കുമ്പോറം അവരോടൊപ്പംചേരാൻ എനിക്ക് ആഗ്രഹം തോന്നിയില്ല. അവർ എന്നെ കാണാൻവന്നാൽ എനിക്കു തീരെ സന്തോഷംതോന്നിയില്ലെന്നു മാത്രമല്ല അവർ എൻെറ തോട്ടത്തിലുള്ള വല്ല സാധനവും നശിപ്പിച്ചുകളയുമെന്നു ഞാൻ ഭയപ്പെട്ടുവാനും തുടങ്ങി. ഞാൻ സ്വന്തമായി ഉണ്ടാക്കിയ സാധനങ്ങളായിരുന്നു അവ.

അപ്പാച്ചൻെറ പ്രസംഗങ്ങറം എന്നെ ആകർഷിക്കാതെ ആയി. അദ്ദേഹത്തിൻെറ വാക്കുകറം വെറും ആവലാതികറം മാത്രമാണെന്നു ഞാൻ വിചാരിച്ചു. അദ്ദേഹം അമ്മയുമായി പലപ്പോഴും കലഹിച്ചുകൊണ്ടിരുന്നു. ചിലപ്പോറം അമ്മമ്മയെ പുറത്താക്കി അദ്ദേഹം വാതിൽ കൊട്ടിയടക്കും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവർ മൈക്കേലമ്മാമൻെറയൊ, യാക്കോവമ്മാമൻെറയൊ വീട്ടിലേക്കു പോകും. ചിലപ്പോറം കുറെ ദിവസങ്ങളോളം വീട്ടിലേക്കു അവർ തിരിച്ചുവരികയില്ല. അപ്പാച്ചൻതന്നെ, ശപിച്ചുകൊണ്ടും അധിക്ഷേപവാക്കുകറം പറഞ്ഞുകൊണ്ടും, ഞങ്ങളുടെ ഭക്ഷണം പാകം ചെയ്യും. അദ്ദേഹത്തിൻെറ വിരലുകറം പൊള്ളിപ്പോകും. കോപ്പുകറം അബദ്ധത്തിൽ ഉടഞ്ഞുപോകും. ദിവസംചെല്ലുംതോറും കാര്യങ്ങറം കൂടുതൽ വഷളായിത്തീരാൻ തുടങ്ങി. തോട്ടത്തിൽ എൻെറ കൽത്തറക്കരികെ നിലത്തു പുല്ലിൽ അദ്ദേഹം പടിഞ്ഞിരിക്കും. ഒന്നും സംസാരിക്കാതെ എന്നെത്തന്നെ നോക്കും. അദ്ദേഹം പെട്ടെന്നു ചോദിക്കും. ‘‘നീ എന്തുകൊണ്ടു ഒന്നും പറയുന്നില്ല.’’

“എനിക്കു ഒന്നും പറയാൻ തോന്നുന്നില്ല.”

‘‘നമ്മറം ഒന്നിനുംകൊള്ളുന്ന ആളുകളല്ല. മനസ്സിലായൊ?” അദ്ദേഹം ഉപദേശരൂപത്തിൽ പറയാൻ തുടങ്ങി. ‘‘ആരും നമ്മെ

ഒന്നും പഠിപ്പിക്കുകയില്ല. എല്ലാം നാംതന്നെ പഠിക്കാൻ ശ്രമിക്കണം. പുസ്തകങ്ങളെല്ലാം മററുള്ളവക്കുവേണ്ടിയാണ് എഴുതപ്പെട്ടിട്ടുള്ളത്. സ്കൂളുകളും അവക്കുവേണ്ടിയാണ് നടത്തുന്നതു; നമുക്കുവേണ്ടിയല്ല. നമുക്കു വേണ്ടതെല്ലാം നാംതന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു."

അദ്ദേഹം വളരെനേരം നിശ്ശബ്ദമായി, നിശ്ചലമായി ഇരുന്നു.

ആ വസന്തകാലത്തു അദ്ദേഹം ഞങ്ങളുടെ വീടു വിററു കളഞ്ഞു. വില്ക്കുന്നതിനു മുൻപ് ഒരു ദിവസം രാവിലെ അദ്ദേഹം വ്യസനംസ്ഫുരിക്കുന്ന സ്വരത്തിൽ അമ്മമ്മയോടു പറഞ്ഞു.

"എടൊ, ഞാൻ നിന്നെ വളരെക്കാലമായി ഭക്ഷണംതന്നു രക്ഷിക്കുന്നു. ഇനി അതു സാദ്ധ്യമല്ല മേലാൽ നിൻെറ ചിലവു നീതന്നെ വഹിക്കേണ്ടിവരും."

അമ്മമ്മയിൽ യാതൊരു ഭാവഭേദവും കണ്ടില്ല. അപ്പാപ്പൻ അങ്ങിനെ പറയുമെന്നു അവർ വളരെക്കാലമായി പ്രതീക്ഷിച്ചിട്ടുണ്ടായിരിക്കണമെന്നു ഞാൻ ഊഹിച്ചു. അവർ സാവധാനത്തിൽ പൊടിഅളുക്കു പുറത്തേക്ക് എടുത്തു മൂക്കിൽ പൊടി കുത്തിനിറച്ചുംകൊണ്ടു മറുപടി പറഞ്ഞു.

"ശരി .അതിൽ പരിഭ്രമിക്കാനൊന്നുമില്ല. ഏററവും ഭംഗിയായി ഏതു പരിതഃസ്ഥിതിയേയും നേരിടുവാൻ ഞാൻ ഒരുക്കമാണ്."

ഒരു ഇരുണ്ട തെരുവിൽ ഒരു മൂലക്ക് അപ്പാപ്പൻ രണ്ടു ചെറിയ മുറികൾ വാടകക്ക് എടുത്തു. ഞങ്ങൾ വീടുമാറുമ്പോൾ അമ്മമ്മ ഒരു പഴയ ചെരിപ്പെടുത്തു, അടുപ്പിൽ തിരുകിവെച്ചു, നിലത്തു കുത്തിയിരുന്നു അടുപ്പിൻെറ പ്രേതത്തെ ആഹ്വാനംചെയ്തു.

"പ്രേതമേ വരൂ, വരൂ, അകത്തു കയറു! മററെ വീട്ടിൽ ഞങ്ങൾക്ക ക്ഷേമംവരുത്തുവാൻവേണ്ടി ഞങ്ങളോടൊപ്പം സവാരി ചെയ്യാൻ ഒരുങ്ങുക."

മുററത്തു നില്ക്കുകയായിരുന്ന അച്ഛാച്ഛൻ ജനലിൽക്കൂടി എത്തി നോക്കി.

"പ്രേതങ്ങളേയും നിൻെറകൂടെ കൊണ്ടുപോകുന്നോ? അവി ശ്വാസി! എന്നെ ഇങ്ങിനെ അപമാനിക്കുക! ഞാൻ നിനക്ക കാണിച്ചുതരാം."

"നിങ്ങൾ നല്ലപോലെ സൂക്ഷിക്കണം. ഇതു നിങ്ങൾക്ക നല്ലതിനല്ല." അമ്മമ്മ താക്കീതുചെയ്തു. അച്ഛാച്ഛൻ ക്രോധിച്ചു പ്രേതത്തെ കൂടെ കൊണ്ടുപോകരുതെന്നു കല്പിച്ചു.

മൂന്നു ദിവസങ്ങൾകൊണ്ടു അദ്ദേഹം വീട്ടുസാമാനങ്ങൾ ഓരോന്നായി വിററു. വിലപേശിയും കലഹിച്ചും വില്പന തുടൎന്നു കൊണ്ടിരുന്നു. അമ്മമ്മ ജനലിന്നടുത്തുനിന്നു ഇതെല്ലാം നോക്കി ക്കണ്ടു. ചിലപ്പോൾ അവർ കരഞ്ഞു. ചിലപ്പോൾ ചിരിച്ചു.

"എല്ലാം വിറേറാളൂ! വിറേറാളൂ! എല്ലാം ഉടച്ചു കളഞ്ഞോളൂ!" റതാട്ടത്തിൽ എൻെറ കളിപ്പന്തൽ ഉപേക്ഷിച്ചുപോകേണ്ടിവന്ന തിൽ എനിക്ക് വലിയ കുണ്ഠിതംതോന്നി.

ഞങ്ങളെ കൊണ്ടുപോകാൻ രണ്ടു വണ്ടികൾ ഏൎപ്പാടുചെയ്തി രുന്നു. ഞാൻ കയറിയ വണ്ടി വല്ലാതെ ഇളകിക്കൊണ്ടിരുന്നു. കെട്ടുകളിന്മേൽ ഇരിക്കുന്നേടത്തുനിന്നു തെറിച്ചുപോകുമോ എന്നു ഞാൻ ഭയപ്പെട്ടു.

അടുത്ത രണ്ടു കൊല്ലങ്ങൾ ഏതു നിമിഷവും ഇങ്ങിനെ എവി ടെയെങ്കിലും തെറിച്ചുപോകുമെന്ന ഭയത്തോടുകൂടിയാണ് ഞാൻ എൻെറ ജീവിതം തുടൎന്നതു—അമ്മയുടെ മരണംവരെ.

ഞങ്ങൾ വീടുമാറിയ ഉടനെ അമ്മ ഞങ്ങളെ കാണാൻ വന്നു. അവർ മെലിഞ്ഞു വല്ലാതെ വിളറിയിരുന്നു. വേദനനിറഞ്ഞു ആശ്ചര്യം സ്ഫുരിക്കുന്ന അവരുടെ കണ്ണുകൾ വലിപ്പംകൂടിയതായി തോന്നി. ഞങ്ങളെ ആദ്യമായി കാണുന്നതുപോലെ അമ്മ അച്ഛാച്ഛനേയും അമ്മമ്മയേയും എന്നേയും മാറിമാറി നോക്കിക്കൊണ്ടിരുന്നു. എന്നാൽ അവർ ഒന്നും പറഞ്ഞില്ല. ചിററച്ഛൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. കൈ പിന്നിൽ പിണച്ചുവെച്ചു തൊണ്ട ശരിപ്പെടുത്തിക്കൊണ്ടു അയാൾ ഇടക്കിടെ ചൂളംവിളിച്ചു.

"നീ എത്ര വലുതായിരിക്കുന്നു!" എൻെറ രണ്ടു കവിളുകളും കൈകളിലെടുത്തുംകൊണ്ടു അമ്മ ആശ്ചര്യത്തോടെ അഭിപ്രായപ്പെട്ടു. അവർ നല്ല തൊള്ളയുള്ള, വൃത്തികെട്ട തവിട്ടുനിറമുള്ള ഒരു ഉടുപ്പാണ് ധരിച്ചിരുന്നത്. അവരുടെ വയർ വളരെ വലുതായിട്ടുണ്ടായിരുന്നു.

"അല്ലാ!" ചിററച്ഛൻ എൻെറ നേരെ കൈനീട്ടിയുംകൊണ്ടു പറഞ്ഞു "സുഖംതന്നെയൊ?"

അയാൾ മുഖംചുളിച്ചുംകൊണ്ടു കുററപ്പെടുത്തി.

"ഇവിടെ വല്ലാതെ തണുപ്പുതോന്നുന്നു." അമ്മ വല്ലാതെ ക്ഷീണിച്ചു പരവശയായിട്ടുണ്ടു. വളരെ ദൂരം ഓടിത്തളൎന്നു ഒരിടത്തു വീണുറങ്ങുവാൻ അവർ വെമ്പുകയാണെന്നുതോന്നി.

ചായ കഴിച്ചുകൊണ്ടിരിക്കെ ആരും ഒന്നും പറഞ്ഞില്ല അച്ഛാച്ഛൻ ജനലിൻെറ കതകുകളിൽ മഴവെള്ളം വീഴുന്നതും നോക്കിയിരുന്നു. അദ്ദേഹം ചോദിച്ചു.

"അപ്പോൾ തീപിടുത്തംകൊണ്ടു മുഴുവൻ സാധനങ്ങളും നഷ്ടപ്പെട്ടു അല്ലെ?"

"എല്ലാം" എൻെറ ചിററച്ഛൻ ഉറപ്പിച്ചുപറഞ്ഞു. "ഞങ്ങരം രക്ഷപ്പെട്ടതുതന്നെ വലിയ ആശ്ചര്യമാണ്."

"ഊം- തീപിടുത്തമെന്നാൽ ഒരു തമാശയൊന്നുമല്ല." അമ്മ അമ്മമ്മയുടെ അടുത്തുചെന്നു അവരുടെ ദേഹത്തിൽ ചാരിയിരുന്നു കൊണ്ടു ചെവിട്ടിൽ എന്തൊ മന്ത്രിച്ചു. പ്രകാശമുള്ള എന്തൊ വെളിച്ചം കണ്ടതുപോലെ അവർ കണ്ണുകരം പകുതി ചിമ്മി. അവിടെ എല്ലാം നിരാശാജനകമായിത്തീൎന്നു. പെട്ടെന്നു അപ്പൂപ്പൻ ഉച്ച ത്തിൽ ക്രോധത്തോടെ പറഞ്ഞു.

"തീപിടുത്തമൊന്നുമുണ്ടായിട്ടില്ലെന്നും പണം മുഴുവൻ നീ ശീട്ടുകളിച്ചു നശിപ്പിച്ചതാണെന്നും ഞാനറിയും, യവ്ജനി വാസി ലേവിക്ക്!"

എല്ലാം നിശ്ശബ്ദമായി. സമാവറിൽ വെള്ളംതിളക്കുന്നതും ജന ലിന്മേൽ മഴത്തുള്ളികരം വീഴുന്നതും മാത്രമേ കേരംക്കാനുള്ളു.

"അച്ഛാ!" അമ്മ ഒടുവിൽ അപ്പൂച്ചനെ വിളിച്ചു.

"അച്ഛാ!" അപ്പാച്ഛൻ ഗൎജ്ജിച്ചു. "ശരി. ഇനി എന്താണ് ഭാവം. മൂപ്പതും ഇരുപതും തമ്മിലുള്ള വിവാഹബന്ധം വെറും ഭ്രാന്താണെന്നു ഞാൻ നിന്നോടു പറഞ്ഞിട്ടില്ലെ. ശരി ഇപ്പോരം ഫലം കണ്ടില്ലെ. ഒരു നല്ല മാതൃക! അല്ലെ? നീ ഒരു കുലീന സ്ത്രീ ആയല്ലോ! ഇപ്പോരം നീ എന്തുപറയുന്നു? മകളെ!"

"പിന്നെ അവർ നാലുപേരും കലഹിക്കുവാൻ തുടങ്ങി. ചിററ ച്ഛനാണ് ഏററവും ഒച്ചയെടുത്തു സംസാരിച്ചതു. ഞാൻ വാതി ല്ക്കൽ മരക്കഷണങ്ങരം കെട്ടിവെച്ചതിന്മേൽ ഇരുന്നു. അതെൻെറ അമ്മയാണെന്നു എനിക്കൂഹിക്കുവാൻ കഴിഞ്ഞില്ല. അവർ അത്രയും മാറിപ്പോയിരുന്നു. അവരുടെ മുമ്പെത്തെ രൂപം എൻെറ മനസ്സിൽ തെളിഞ്ഞുകണ്ടു.

എങ്ങിനെയാണെന്നിപ്പോൾ എനിക്കോൎമ്മയില്ല, ഞാൻ സൊൎമ്മോവൊ എന്ന സ്ഥലത്തു മരംകൊണ്ടുണ്ടാക്കിയ ഒരു വീട്ടിൽ താമസിക്കുകയായിരുന്നു. ചുമരുകൾ തടികൾ അടുത്തടുത്തു കുഴിച്ചിട്ടുണ്ടാക്കിയതാണ്. വിടവുകൾക്കിടയിൽ ക്കുറകൾ നിറഞ്ഞുനില്ക്കുന്നു. തെരുവിന്നഭിമുഖമായി രണ്ടു മുറികൾ ചിററപ്പനും അമ്മയും ഉപയോഗിച്ചു. ഞാനും അമ്മമ്മയും അടുക്കളയിൽ താമസിച്ചു. അടുക്കളക്കു ഒരൊററ ജനൽമാത്രമെ ഉണ്ടായിരുന്നുള്ളു. മേല്പുരകൾക്കപ്പുറം, ദൂരെ തൊഴിൽശാലകളുടെ പുകക്കുഴലുകൾ കാണാനുണ്ടു. ആ കുഴലുകളിൽക്കൂടി തടിച്ചു ചുരുണ്ട പുകക്കൂട്ടം ആ പ്രദേശത്തെങ്ങും പരക്കുന്നുണ്ടു. നന്നരാവിലെ തൊഴിൽശാലയിലെ ഹൂങ്ക ഒരു ചെന്നായയെപ്പോലെ ഓരിയിടും.

"ഊ—ഊ—ഊ."

ഒരു ബെഞ്ചിന്മേൽ കയറിനിന്നു ജനലിൽക്കൂടി എത്തിനോക്കിയാൽ തൊഴിൽശാലയുടെ പടിവാതിൽ കാണാൻ കഴിയും. ഒരു ഇരപ്പാളിയുടെ പല്ലില്ലാത്ത വായപോലെ ആ വാതിൽ മലക്കെ തുറന്നു അനേകം ആളുകളെ വിഴുങ്ങുന്നതു കാണാം. ഉച്ചക്ക് വേറെ ഒരു കുഴൽവിളികേൾക്കാം. പടിവാതിലിന്റെ കറുത്ത ചുണ്ടുകൾ വീണ്ടും മലൎന്നുനില്ക്കും. അങ്ങിനെ തുറന്നുകാണുന്ന ദ്വാരത്തിൽക്കൂടി അതെ ആളുകൾ പുറംതള്ളപ്പെട്ടും അവർ തെരുവിൽക്കൂടി ഒരു കറുത്ത അരുവി ഒഴുകുന്നതുപോലെ പോകും. വീടുകളുടെ അകത്തേക്കു കാററടിച്ചുകയറും, എല്ലാ കെട്ടിടങ്ങളെക്കാൾ മീതെയായി ചാരനിറത്തിലുള്ള ഒരു മേല്പുരയുണ്ടു്. അതു ഒരു തരത്തിലും ആകൎഷകമായി എനിക്കു തോന്നിയില്ല.

വൈകുന്നേരമായാൽ തൊഴിൽശാലക്കു മീതെ ഒരു മങ്ങിയ ചുകന്ന വെളിച്ചം മുനിഞ്ഞുകത്തുന്നതു കാണാം. ആ വെളിച്ചം മേഘങ്ങളിൽനിന്നു അവിടെ ഉതിൎന്നുവീണതാണ്, ഭൂമിയിൽനിന്നു കത്തിപ്പൊങ്ങിയതല്ല, എന്നു എനിക്കു തോന്നി. ഒരേ കാഴ്ചകൾ

തന്നെ എല്ലാ ദിവസവും കാണുന്നതിൽ ഒരു രസവും തോന്നിയില്ല. എൻെറ മനസ്സിൽ ഒരു വല്ലാത്ത വ്യാകുലത വ്യാപിച്ചു. അമ്മമ്മ യാണ് വീട്ടുജോലികരം മുഴുവനും ചെയ്തതു. രാവിലെതൊട്ടു രാത്രി വരെ ഭക്ഷണം പാകംചെയ്തും മുറികരം അടിച്ചുവാരിയും വിറകുകീ റിയും വെള്ളംകോരിയും അമ്മമ്മ ജോലിചെയ്തുകൊണ്ടിരുന്നു. വൈ കുന്നേരമായാൽ ക്ഷീണിച്ചു പരവശയായി അവർ എന്തോ പിറു പിറുക്കുന്നുണ്ടായിരിക്കും. ചിലപ്പോരം അത്താഴം തയ്യാറായിക്കഴി ഞ്ഞാൽ അമ്മമ്മ ഒരു ചെറിയ കുപ്പായവും ധരിച്ചു അങ്ങാടിയി ലേക്കുപോകും. "കിഴവൻ എന്താണ് ചെയ്യുന്നതെന്നു പോയി നോക്കട്ടെ." അവർ പറയും.

"ഞാനും കൂടെവരാം."

"നീ തണുപ്പുകൊണ്ടു മരവിച്ചു മരിച്ചുപോകും. നോക്കൂ എന്തൊരു വല്ലാത്ത കാററ്!"

അവർ നിരത്തിൽക്കൂടിയും വയലിൽക്കൂടിയും ആ ദൂരമത്രയും നടന്നുപോകും. ഗർഭിണിയായി വയർ തടിച്ചു ക്ഷീണിച്ചു മഞ്ഞനി റമായിക്കഴിഞ്ഞ എൻെറ അമ്മ വൃത്തികെട്ട പുതപ്പു പുതച്ചു ഒരു മൂലയിൽ പതുങ്ങിയിരിക്കും. ആ പുതപ്പുകാണുന്നതുതന്നെ അറ പ്പാണ്. അവരുടെ സൌന്ദര്യമുള്ള ആ വലിയ ദേഹത്തെ അതു വൃത്തിയില്ലാതാക്കി. അതു പറിച്ചുകീറുവാൻ ഞാൻ ആലോചിച്ചു. ആ വീടും തൊഴിൽശാലയും ആ പ്രദേശവും ഞാൻ ഒരുപോലെ വെറുത്തു. അമ്മ അവരുടെ വീർത്തവയർ കുലുങ്ങുംവണ്ണം ഇടക്കിടെ ദീർഘമായി ചുമക്കുന്നുണ്ടായിരുന്നു. അവരുടെ ചെരിപ്പുകരം പഴകി കീറിയതാണ്. അവർ വളരെ നേരം ചുമരിൽ ദൃഷ്ടികളുറപ്പിച്ചു ഇരിക്കുന്നതു കാണാം. അവരുടെ കണ്ണുകളിൽനിന്നു ക്രോധംകൊണ്ടു തീപ്പൊരികരം പാറും. ചിലപ്പോരം അവർ ഒരു മണിക്കൂർ മുഴു വൻ തെരുവിലേക്കു നോക്കി അനങ്ങാതെ ഇരിക്കും. തെരുവാണെ ങ്കിൽ ഒരു കിഴവൻെറ അണ്ണികരംപോലെ ആണ്. ചില പല്ലുകരം

കരുത്തു മുറിഞ്ഞു വൃത്തികെട്ടിരിക്കുന്നു മററു കുറെ പല്ലുകൾ കൊഴിഞ്ഞുവീണിരിക്കുന്നു. പകരം വൃത്തികെട്ട കള്ളപ്പല്ലുകൾ അവിടെ പിടിപ്പിച്ചിരിക്കുന്നു.

"നാം ഇവിടെ എന്തിനാണ് താമസിക്കുന്നതു?" ഞാൻ ചോദിച്ചു.

"ആ, അതു ചോദിക്കരുതു." അവർ മറുപടി പറഞ്ഞു.

അടുത്തകാലത്തായി വളരെ കുറച്ചായി മാത്രമെ അവർ എന്നോടു സംസാരിക്കാറുണ്ടായിരുന്നുള്ളു. അവർ ഇടക്കു വല്ലതും എന്നോടു കല്പിക്കും; അല്ലെങ്കിൽ താണപേക്ഷിക്കും. അത്രമാത്രം.

"അതിങ്ങോട്ടെടുക്കു; ഇതു ചെയ്താൽ നന്നായിരുന്നു; ആ പീടികയിലൊന്നു പോയിവരു" എന്നിങ്ങിനെ അവർ ഏതാനും വാക്കുകൾ പറയും.

അമ്മമ്മ എന്നെ വെളിയിൽപോയി കളിക്കാൻ അനുവദിച്ചില്ല. കാരണം പുറമെ പോയാൽ ഞാൻ തല്ലുകൊണ്ടു തകന്നനിലയിലാണ് തിരിച്ചുവരാറുള്ളതു കലഹത്തിനു പുറപ്പെടുകമാത്രമായിരുന്നു അപ്പോൾ എനിക്കൊരു വിനോദം. അതുകൊണ്ടു മുഴുവൻ ശക്തിയും ആവേശവും ഞാൻ അക്കാര്യത്തിൽ വിനിയോഗിച്ചു. എൻെറ ഈ വിക്രിയകൾക്കു അമ്മയിൽനിന്നും എനിക്കു നല്ല പ്രഹരംലഭിക്കും. എന്നാൽ ഈ ശിക്ഷകൾ എന്നിൽ കൂടുതൽ വാശിയാണ് ഉണ്ടാക്കിയതു. അടുത്ത സന്ദർഭത്തിൽ ഏററവും ആവേശത്തോടെ, ലഹളക്കൊരുങ്ങാൻ ഞാൻ ആഗ്രഹിക്കും. അമ്മ കൂടുതൽ ക്രൌര്യത്തോടെ എന്നെ ശിക്ഷിക്കുകയും ചെയ്തു എന്നെ എപ്പോഴും അങ്ങിനെ പ്രഹരിക്കുകയാണെങ്കിൽ, അമ്മയുടെ കൈക്കു കടിച്ചു മുറിവേല്പിച്ചു, പുറത്തേക്കോടി, തണുപ്പിൽ വീണുകിടന്നു, മരവിച്ചു ഞാൻ മരിച്ചുകളയുമെന്നു, ഒരുദിവസം ഞാൻ അമ്മയെ ഭീഷണി

പ്പെട്ടത്തി. അമ്മ അമ്പരന്നു എന്നെ തള്ളിനീക്കി കുറെനേരം മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

"കൊച്ചുമൃഗമെ!" തളൎന്ന കിതച്ചുംകൊണ്ട് അവർ എന്നെ ശകാരിച്ചു.

വികാരങ്ങളുടെ മഴവില്ലെന്നു വിളിക്കേണ്ടതായ, സ്നേഹത്തിൻെറ ഉറവ് മുഴുവനും, എൻെറ ഹൃദയത്തിൽ, വററിക്കൊണ്ടിരിക്കയാണെന്നു എനിക്കു തോന്നി. പകരം എനിക്ക് എല്ലാവരോടും എല്ലാററിനോടും അതൃപ്തിതോന്നി. പകതോന്നി. ഞാൻ ഏകാകിയാണ്; എനിക്ക് ഒരു സുഖവും ഉണ്ടാകാനില്ല എന്നു ഞാൻ കരുതി. ഈ അൎത്ഥമില്ലാത്ത ലോകത്തേയും, ഇവിടെ ഉള്ള എല്ലാ ഏൎപ്പാടുകളേയും ഞാൻ വെറുത്തുപോയി.

എൻെറ ചിററച്ഛൻ എന്നോടു വളരെ കൎശനമായി പെരുമാറും. അമ്മയോടു വളരെ മിതമായി മാത്രം സംസാരിക്കും. അയാൾ അധികസമയവും കണ്ണാടിക്കു മുമ്പിൽനിന്നു, ചൂളംവിളിച്ചുകൊണ്ടു,പല്ലുകൾക്കിടയിൽ മൊട്ടുസൂചി കുത്തിക്കൊണ്ടിരിക്കും. അയാൾ പലപ്പോഴും അമ്മയുമായി കലഹിച്ചു. അവരോട് അസഭ്യമായി സംസാരിച്ചു. അയാളുടെ വാക്കുകൾ കേൾക്കുമ്പോൾ എനിക്ക് അസഹ്യമായ കോപം തോന്നി. അവർ കലഹിക്കുമ്പോൾ അയാൾ അടുക്കളയുടെ വാതിൽ അടച്ചുകളയും. അയാൾ പറയുന്നതു ഞാൻ കേൾക്കരുതെന്നു വെച്ചാണ് ഇങ്ങിനെ ചെയ്തതെന്നു എനിക്കു അറിയാമായിരുന്നു. അതുകൊണ്ടു അയാൾ പറയുന്നതെല്ലാം ഒളിച്ചുനിന്നു കേൾക്കാൻ എനിക്കു നിൎബ്ബന്ധവുമായിരുന്നു.

ഒരുദിവസം അയാൾ നിലത്തു ചവിട്ടിയുംകൊണ്ടുച്ചത്തിൽ ആക്രോശിച്ചു.

"നിൻെറ ശപിക്കപ്പെട്ട ഗദ്യത്തിൻെറ പേരിൽ, ആരെയും ഈ വീട്ടിൽ കൊണ്ടുവന്നു പാപ്പിക്കുവാൻ എന്നെകൊണ്ടാകയില്ല. തൊണ്ടിശ്ശവമെ!"

ആശ്ചര്യംകൊണ്ടും കോപംകൊണ്ടും ഞാൻ തന്നത്താൻ മറന്നുപോയി. ഞാൻ അടുപ്പിൻതട്ടിൽ കയറി, എൻെറ തല മച്ചിനോടുവെച്ചടിച്ചു. ഞാൻ എൻെറ നാവു കടിച്ചുപോയി.

എല്ലാ ശനിയാഴ്ചയും, അനേകം തൊഴിലാളികൾ ചിററപ്പനെ കാണാൻവേണ്ടി വീട്ടിൽവരും. അവർ കമ്പനിയിൽനിന്നു കിട്ടുന്ന ശീട്ടുമുറികൾ, പുറമെനിന്നു വേറെ സാധനങ്ങൾ വാങ്ങാൻവേണ്ടി, അവർ അയാൾക്കു വില്ക്കുകയായിരുന്നു. കൂലിക്കു പകരം തൊഴിൽശാലയിൽനിന്നു തൊഴിലാളികൾക്കു ഈ ശീട്ടുമുറിയാണ് ലഭിച്ചിരുന്നതു. ചിററപ്പൻ പകുതിവിലക്കാണ് തൊഴിലാളികളോടു ശീട്ടുമുറികൾ വാങ്ങാറുള്ളത്. അയാൾ അടുക്കളയിൽ മേശക്കരികെ, വലിയ പ്രമാണിത്തംനടിച്ചിരിക്കും. ഓരോ ശീട്ടുമുറിയും സൂക്ഷിച്ചുനോക്കിയുംകൊണ്ട് അയാൾ പറയും.

"ഒന്നര റൂബിൾ"

"യവ്ജനി വാസിലേവിക്ക്, യേശുവിനെ വിചാരിച്ചു......"

"ഒന്നര റൂബിൾ."

കഴഞ്ഞുമറിഞ്ഞിരുളുറഞ്ഞ ഈ ജീവിതം വളരെക്കാലം നീണ്ടുനിന്നില്ല. അമ്മയുടെ പ്രസവം അടുത്തപ്പോൾ എന്നെ അപ്പാപ്പൻെറ വീട്ടിലേക്കയച്ചു. കനാവിനോവിൽ പെഡ്ചാന്യാത്തെരുവിൽ, ഒരു രണ്ടു നിലക്കെട്ടിടത്തിൽ, ഒരു മുറിയിലാണ് അദ്ദേഹം താമസിച്ചിരുന്നത്. പള്ളിക്കു തൊട്ടുള്ള ശവപ്പറമ്പിൻെറ ഒരതിർത്തിയിലാണ് ഈ കെട്ടിടം. ആ മുറിയിൽ തനി റഷ്യൻമട്ടിലുള്ള ഒരടുപ്പിൻതട്ടുണ്ട് രണ്ടു ചുമരുകളിലായി രണ്ടു ചെറിയ ജനലുകളും ഉണ്ട്.

"ശരി.'' എന്നെ കണ്ടപ്പോഠം അച്ഛാച്ഛൻ കുലുങ്ങിച്ചിരിച്ചുംകൊണ്ടു പറഞ്ഞു. പണ്ടാരോ പറഞ്ഞതുപോലെ, നിനക്കേററവും ഉററബന്ധു, നിൻെറ അമ്മതന്നെയാണ്. എന്നാൽ നിൻെറ അച്ഛാച്ഛനാണ് നിന്നെസംബന്ധിക്കുന്ന സകല ചിലവുകളും വഹിക്കേണ്ടതായിവരുന്നത്. ഛൂ! എന്തൊരുവർഗ്ഗം!"

ഞാൻ ഈ പുതിയവീട്ടിൽ വന്നു, വളരെ ദിവസം കഴിയുന്നതിന്നു മുമ്പായി, അമ്മയും, അമ്മമ്മയും, ചെറിയൊരു കുട്ടിയേയും കൊണ്ട് അവിടെ വന്നു. തൊഴിലാളികളെ തോല്പിച്ചതിന്നു ശിക്ഷയായി ചിററച്ഛൻ തൻെറ ജോലിയിൽനിന്നും പിരിച്ചയക്കപ്പെട്ടു. കുറച്ചു കഴിഞ്ഞപ്പോഠം മാത്രമാണ് അദ്ദേഹത്തിന്നു ചില സ്നേഹിതന്മാരുടെ ഒത്താശകൊണ്ടു റെയിൽവെ സ്റ്റേഷനിൽ ഒരു ചെറിയ ജോലികിട്ടിയതു്.

അമ്മയോടൊപ്പം താമസിക്കുവാൻ എന്നെ വീണ്ടും അങ്ങോട്ടയച്ചു. അമ്മ എന്നെ സ്കൂളിൽ പറഞ്ഞയച്ചു. ആദ്യത്തെ ദിവസം മുതല്ക്കുതന്നെ ഞാൻ സ്കൂളിനെ വെറുത്തു. അമ്മയുടെ പഴയ ചെരിപ്പുകഠം, അമ്മമ്മയുടെ ഒരു പഴയ ബ്ലൌസു മുറിച്ചുണ്ടാക്കിയ ഒരു കുപ്പായം, നീളമുള്ള ഒരു കാൽസ്രായി, ഇവയെല്ലാമായിരുന്നു എൻെറ ഉടുപ്പുകഠം. എൻെറ വേഷം കണ്ടപ്പോഠം കുട്ടികളെല്ലാം എന്നെ തമാശയാക്കി. എൻെറ മഞ്ഞക്കുപ്പായം കണ്ടപ്പോഠം, കുട്ടികഠം എനിക്കു "മഞ്ഞക്കുപ്പായം" എന്നു പേരിട്ടു. കുട്ടികളെയെല്ലാം ഞാൻ വളരെ വേഗത്തിൽ കീഴടക്കി. എന്നാൽ പാതിരിയച്ഛനും അദ്ധ്യാപകനും മാത്രം എന്നെ വെറുത്തു.

മഞ്ഞനിറമുള്ള മുഖവും പൂമൊട്ടുമുള്ള ഒരാളായിരുന്നു അദ്ധ്യാപകൻ. അയാളുടെ മൂക്കിൽനിന്നു എപ്പോഴും വെള്ളം ഒലിച്ചുംകൊണ്ടിരിക്കും. മൂക്കിൽ പരുത്തി തിരുകിയുംകൊണ്ടാണ് അയാഠം ക്ലാസ്സിൽകയറിവരിക. കസേലയിൽ ഇരുന്നു മൂക്കു കറങ്ങുന്ന ശബ്ദത്തിൽ അയാഠം കുട്ടികളോടു ഏതാനും ചോദ്യങ്ങഠം ചോദിക്കും.

ഇടക്കു, മൂക്കിൽനിന്നു പരുത്തി പുറത്തേക്കെടുത്തു അയാറം തലയാട്ടിയുംകൊണ്ടു അതു പരിശോധിക്കും. പരന്നു ചുളിവുകറം നിറഞ്ഞ ആ പരുക്കൻ മുഖത്തു, ഏററവും വൃത്തികെട്ട ഭാഗം അയാളുടെ ചെറിയ കണ്ണുകളായിരുന്നു. ആ കണ്ണുകറംക്കു അയാളുടെ മുഖത്തു വേണ്ടത്ര സ്ഥലമില്ലെന്നു തോന്നും. അയാറം എന്നെ തുറിച്ചുനോക്കുമ്പോഴെല്ലാം ഞാൻ എൻെറ കവിളുകറം കൈകൊണ്ടു തുടച്ചു വൃത്തിയാക്കാൻ ശ്രമിക്കും.

ആദ്യത്തെ കുറച്ചു ദിവസങ്ങറം ഞാൻ മുൻഭാഗത്തെ ബെഞ്ചിൽ തന്നെയാണിരുന്നത്. അദ്ധ്യാപകൻെറ നേരെമുമ്പിൽ. അയാറം എന്നെ മാത്രമെ കണ്ടിരുന്നുള്ളു എന്നു ഞാൻ ധരിച്ചു. അയാറം മൂക്കിൽകൂടി പറഞ്ഞുംകൊണ്ടിരിക്കും.

"പെസ്ക്കോവ്! നിൻെറ സട്ട് മാററണം. പെസ്ക്കോവ്! നിൻെറ പഴയ ചെരിപ്പിൽനിന്നും വെള്ളം ഒഴുകി മുറിയിൽ തളം കെട്ടിയിരിക്കുന്നു."

അയാളോടു പകരംവീട്ടുവാൻ ഞാൻ പല കുസൃതികളും കണ്ടുപിടിച്ചു. ഒരു ദിവസം ഞാൻ ഒരു വത്തക്ക കൊണ്ടുവന്നു, അതു പിളൎന്നു കഴമ്പു ചുരണ്ടിയെടുത്തു ഒരു പിളപ്പ് തോട് വാതിൽക്കൽ കെട്ടിത്തൂക്കി. വാതിൽ തുറന്നപ്പോറം അതു അദ്ധ്യാപകൻെറ തലയിൽ ഒരു തൊപ്പിപോലെ കുടുങ്ങിപ്പോയി. അന്നു ഞാൻ വീട്ടിലേക്കു പോകുമ്പോറം, ഒരു കുറിപ്പുമായി ശിപായിയേയും എന്നോടൊപ്പം അയച്ചു. എനിക്കു അമ്മയുടെ കയ്യിൽനിന്നു കണക്കിൽ പ്രഹരം ലഭിച്ചു.

മറെറാരിക്കൽ, ഞാൻ അദ്ധ്യാപകൻെറ മേശവലിപ്പിൽ കുറെ നാസികചൂൎണ്ണം ചിതറിയിട്ടു. വലിപ്പു തുറന്ന ഉടനെ അദ്ദേഹം തുമ്മാൻ തുടങ്ങി. അയാറം ക്ലാസ്സുമുറി വിട്ടുപോകേണ്ടി വന്നു. പകരം അയാളുടെ മകളുടെ ഭൎത്താവായ ഒരു പട്ടാളഉദ്യോ

ഗസ്ഥനാണ് പാഠങ്ങൾ എടുക്കുവാൻ വന്നത്. അയാൾ കുട്ടികളെക്കൊണ്ടു "സാർചക്രവർത്തിയെ ദൈവം രക്ഷിക്കട്ടെ!'' എന്ന പാട്ടു പല പ്രാവശ്യം ചൊല്ലിച്ചു. താളം തെററിക്കുന്ന കുട്ടിയെ അയാൾ ഒരു റൂൾവടികൊണ്ടു തലക്കു പ്രഹരിച്ചു. അയാൾ അങ്ങിനെ അടിക്കുന്നതു കാണാൻ വലിയ രസമായിരുന്നു. മാത്രമല്ല ഞങ്ങൾക്കു വേദനതോന്നിയതുമില്ല.

ധാരാളം തലമുടിയുള്ള സുന്ദരനായ ഒരു പാതിരിയച്ചനാണ് മതം പഠിപ്പിച്ചത്. അയാൾക്കു എന്നെ തീരെ ഇഷ്ടമുണ്ടായിരുന്നില്ല. കാരണം എനിക്കു "സുവിശേഷകഥകൾ" എന്ന പുസ്തകം ഉണ്ടായിരുന്നില്ല. കൂടാതെ ഞാൻ അയാളുടെ വാക്കുകൾ അനുകരിച്ചു അയാളെ തമാശയാക്കുകയുംചെയ്തു.

അയാൾ ക്ലാസ്സിൽ പ്രവേശിച്ചഉടനെ പറയും.

"പെഷ്ക്കോവ്, നീ പുസ്തകം കൊണ്ടുവന്നിട്ടുണ്ടോ? ഇല്ലാ. അതെ, പുസ്തകം."

"ഇല്ല. ഞാൻ കൊണ്ടുവന്നിട്ടില്ല. അതെ."

''നീ അതെ, എന്നു പറഞ്ഞതെന്താണ്?''

"ഇല്ല."

"ഫോ! വീട്ടിലേക്കു. അതെ, വീട്ടിലേക്കു. നിന്നെ പഠിപ്പിക്കേണ്ട ആവശ്യം എനിക്കില്ല. ലേശംപോലും ഉദ്ദേശമില്ല."

വീട്ടിലേക്കു പോകുന്നതിൽ എനിക്കു യാതൊരു വൈമനസ്യവും ഉണ്ടായിരുന്നില്ല. വൈകുന്നേരം സ്കൂൾ വിടുന്നതുവരെ, വൃത്തികെട്ട തെരുവുകളിൽ, ഒച്ചപ്പാടോടുകൂടിയ സംഗതികൾ വീക്ഷിച്ചുംകൊണ്ടു ഞാൻ അലഞ്ഞുനടക്കും.

പാതിരിയച്ചന്റെ മുഖത്തിനു യേശുവിന്റെ മുഖത്തോളം സൌന്ദര്യമുണ്ടായിരുന്നു. പുസ്തകമോ റൂൾവടിയോ എടുക്കുമ്പോൾ,

അയാരം തൻെറ ചെറിയ കൈകരംകൊണ്ടു വളരെ സാവധാന ത്തിലാണ് അവയെ സ്പർശിക്കുക. എല്ലാ വസ്തുക്കളെയും അയാരം വളരെ സ്നേഹിക്കുന്നതായി തോന്നി. എല്ലാററിനും ജീവനുണ്ടെ ന്നായിരിക്കണം അയാളുടെ ഭാവം. കുട്ടികളോടു മാത്രം അയാരംക്കു യാതൊരു ദയയുമുണ്ടായിരുന്നില്ല. എന്നാലും കുട്ടികരംക്കു അയാളെ വളരെ ഇഷ്ടമായിരുന്നു.

എനിക്കു എല്ലാ വിഷയങ്ങളിലും നല്ല മാക്കുകരം ലഭിക്കും. പക്ഷെ സ്വഭാവദൂഷ്യത്തിൻെറ പേരിൽ എന്നെ സ്കൂളിൽനിന്നും പുറത്താക്കാൻ പോകയാണെന്നു ഞാൻ അറിഞ്ഞു. ഇതെന്നെ വല്ലാതെ വേദനിപ്പിച്ചു. ഇതിൻെറ ഫലം ഭയങ്കരമായിരിക്കും എന്ന് എനിക്കറിയാമായിരുന്നു. അമ്മക്കു ദിവസംചെല്ലുംതോറും എന്തുകാരണത്തിനും കോപംവരുന്നതൊരു പതിവായിക്കഴിഞ്ഞിരുന്നു. പലപ്പോഴും അവർ എന്നെ ശിഥിലകാരണങ്ങരംക്കു പോലും പ്രഹരിക്കാറുമുണ്ടായിരുന്നു.

എന്നാൽ ഈ ആപത്തിൽനിന്നും ഞാൻ ആശ്ചര്യകരമാം വണ്ണം രക്ഷപ്പെട്ടു. കേവലം അപ്രതീക്ഷിതമായി ക്രൂനനായ ക്രിസാന്തു് എന്നു പേരുള്ള മെത്രാൻ ഞങ്ങളുടെ സ്കൂരം സന്ദർശിച്ചു.

ക്ലാസ്സിൽ അസാധാരണമായവിധം, ഒരു ഭയവും, അതോടൊപ്പം എന്തെന്നില്ലാത്ത ഒരു സന്തോഷവും വ്യാപിച്ചിട്ടുള്ളതായി തോന്നി. കറുത്ത വസ്ത്രങ്ങളണിഞ്ഞ ആ ചെറിയ മനുഷ്യൻ മേശക്കരികെ വന്നിരുന്നു.

"കുട്ടികളെ! നമുക്കു കുറച്ചുനേരം കുശലംപറയാം." വലിയ തൻെറ കുപ്പായക്കൈയ്യിൽനിന്നും കൈ പുറത്തേക്കു പൊക്കിയും കൊണ്ടു് അയാരം പറഞ്ഞു.

എന്നെയാണ് അയാരം അവസാനമായി മേശക്കരികെ വിളിച്ചത്. "നിനക്കെത്ര വയസ്സായി?" അദ്ദേഹം എന്നോടു ചോ

ദിച്ചു. "വാസ്തവം? നിന്റെ പ്രായത്തിൽകവിഞ്ഞ നീളമുണ്ട് നീ മഴയത്തു കളിക്കാറുണ്ടോ?"

ഒരു കൈ മേശമേൽ ഊന്നിയും, മററെകൈകൊണ്ടു താടി ഉഴിഞ്ഞും, അദ്ദേഹം എന്നെ വാത്സല്യത്തോടെ നോക്കി.

"സുവിശേഷത്തിൽനിന്നും നിനക്കിഷ്ടമുള്ള ഒരു കഥ പറയൂ."

എനിക്കു പുസ്തകമില്ലെന്നും അതുകൊണ്ടു കഥപറയാൻ എനിക്കറിയുകയില്ലെന്നും ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം തന്റെ തൊപ്പി ശരിപ്പെടുത്തിയുംകൊണ്ടു ചോദിച്ചു.

"അതെങ്ങിനെ? അതൊക്കെ നീ പഠിക്കണം. മനസ്സിലായോ? ശരി പുസ്തകമില്ലാതെയും ചിലതെല്ലാം നീ പഠിച്ചിട്ടുണ്ടായിരിക്കും ചില കഥകൾ ആരെങ്കിലും പറഞ്ഞുകേട്ടിരിക്കും. നിനക്കു അങ്ങിനെ വല്ല കഥയും അറിയാമോ? നല്ലത്. പ്രാർത്ഥനാഗീതങ്ങൾ അറിയാമോ? അപ്പോൾ ശരി, പുണ്യവാളന്മാരിൽ ആരുടേയെങ്കിലും ജീവചരിത്രം അറിയാമോ? പദ്യത്തിൽ? ശരി, അപ്പോൾ നീ ഒരു നല്ല പണ്ഡിതനാണെന്നു തോന്നുന്നുണ്ടല്ലൊ?"

അപ്പോഴാണ് പാതിരിയച്ഛൻ മുറിയിൽ കടന്നുവന്നത്. മൈത്രാൻ അദ്ദേഹത്തെ അനുഗ്രഹിച്ചു. പാതിരിയച്ഛൻ എന്നെ കുറിച്ചു പറയാൻതുടങ്ങി.

"നില്ലൂട്ടെ!" പാതിരിയച്ഛൻ ആംഗ്യംകാണിച്ചുംകൊണ്ടു് ഇടക്കു തടഞ്ഞു-അദ്ദേഹം എന്റെ നേരെ നോക്കി.

"ശരി, നീ പുണ്യവാളനായ അലക്സേയിയുടെ കഥ പറയൂ!"

"ആശ്ചര്യകരമായ പദ്യം! ഇല്ലെ? മകനെ?" ഒരു വരി ഓർമ്മ വരാതെ ഞാൻ ഇടക്കു നിർത്തിയപ്പോൾ മൈത്രാൻ എന്നെ പ്രോത്സാഹിപ്പിച്ചു. "മററു ചില പദ്യങ്ങളും നിനക്കറിയും. ഡേവിഡ്

രാജകുമാരനെക്കുറിച്ചു? നല്ലതു. നീ അതെല്ലാം ചൊല്ലുന്നതു കേരം ക്കാൻ സാധിച്ചതിൽ വലിയ സന്തോഷം."

എൻെറ കഥകളും പദ്യങ്ങളും കേരംക്കുന്നതു അയാരംക്കു വളരെ ഇഷ്ടമായിരുന്നു എന്നെനിക്കു മനസ്സിലായി. ഞാൻ കുറെ പാടിയതിന്നുശേഷം മാത്രമെ അദ്ദേഹം തുടൎന്നു വല്ലതും പറഞ്ഞുള്ളു.

"നീ സങ്കീൎത്തനങ്ങളിൽനിന്നാണോ അക്ഷരങ്ങരം പഠിച്ചതു? നിന്നെ ഇതെല്ലാം ആരാണ് പഠിപ്പിച്ചതു. നിൻെറ നല്ല അപ്പാപ്പനോ? ചീത്തഅപ്പാപ്പനോ? ചീത്തയാണെന്നു നീ തമാശയായി പറയുന്നതാണ് അല്ലെ? നീ എപ്പോഴും കുസൃതികളിക്കുന്നു എന്നു ഇവർ ആവലാതിപ്പെടുന്നുണ്ടല്ലൊ?''

എൻെറ മുഖം വിളറി. ഞാൻ എൻെറ കുററം സമ്മതിച്ചു- അദ്ധ്യാപകനും പാതിരിയച്ഛനും മൈത്രാനോടു എന്നെക്കുറിച്ചു പല ആക്ഷേപങ്ങളും പറഞ്ഞു. മൈത്രാൻ താഴോട്ടു നോക്കിയിരുന്നു എല്ലാം ശ്രദ്ധിച്ചുകേട്ടു.

"അവർ നിന്നെപ്പററി പറയുന്നതു കേട്ടോ" ഒടുക്കം അദ്ദേഹം ദീൎഘശ്വാസം വിട്ടുകൊണ്ടു എന്നോടു പറഞ്ഞു. ''ഇവിടെവരൂ.''

അദ്ദേഹം എൻെറ ശിരസ്സിൽ കൈവെച്ചു പറഞ്ഞു.

"നീ എന്തിനാണ് ഇങ്ങിനെ കുസൃതികളിക്കുന്നതു?"

സ്കൂളിൽ എനിക്കു വല്ലാതെ മടുപ്പുതോന്നുന്നു.

"മടുപ്പോ?'' ഇവിടെ എന്തോ തകരാറുണ്ടു. മകനെ നിൻെറ കുറവാണെങ്കിൽ നീ ഒരു മോശം വിദ്യാൎത്ഥിയായിരിക്കണം. നിനക്കു നല്ല മാൎക്കുകിട്ടുന്നുണ്ടല്ലൊ? മറെറന്തോ തരക്കേടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു."

അദ്ദേഹം കുപ്പായത്തിൻെറ ഉള്ളിൽനിന്നും ഒരു ചെറിയ പുസ്തകം പുറത്തെടുത്തു അതിൽ എന്തോ എഴുതി.

"പെഷ്ക്കോവ് അലക്സേയി, നീ നിൻെറ കുസൃതികൾ മതിയാക്കണം. മകനെ! കുറച്ചു കുസൃതികാണിച്ചാൽ തരക്കേടൊന്നുമില്ല. അധികമായിപ്പോയാൽ ആരും പൊറുക്കുകയില്ല. ഞാൻ പറയുന്നതു ശരിയാണോ? കുട്ടികളെ!"

"അങ്ങുന്നു പറയുന്നതു ശരിയാണ്" എല്ലാ കുട്ടികളും ഒപ്പം പറഞ്ഞു."

"നിങ്ങൾ വളരെ കുറച്ചുമാത്രമെ കുസൃതികൾ കളിക്കാറുള്ളു എന്നു ഞാൻ വിശ്വസിക്കുന്നു."

"ഓ, അല്ല. ധാരാളം!" എല്ലാ കുട്ടികളും പൊട്ടിച്ചിരിച്ചു.

മൈത്രാൻ എന്നെ പിടിച്ചടുപ്പിച്ചുംകൊണ്ടു കസേലയിൽ ചാരിയിരുന്നു. അദ്ധ്യാപകനെയും പാതിരിയച്ചനെയും ആശ്ചര്യപ്പെടുത്തുന്ന ഒരു സ്വരത്തിൽ അദ്ദേഹം പറഞ്ഞു.

"നോക്കു, നിൻെറ പ്രായത്തിൽ ഞാനും ഒരു വലിയ കുസൃതിക്കാരനായിരുന്നു. എന്തുകൊണ്ടാണ് നമ്മളെല്ലാം കുസൃതിക്കാരായിത്തീരുന്നതെന്നാണ് നീ വിചാരിക്കുന്നതു?"

കുട്ടികളെല്ലാം പൊട്ടിച്ചിരിച്ചു. അദ്ദേഹം എല്ലാ കുട്ടികളോടും കുറെ ചോദ്യങ്ങൾ ചോദിച്ചു. അവരുടെ ഉത്തരങ്ങൾകൊണ്ടുതന്നെ അവരെ അദ്ദേഹം വിഷമിപ്പിച്ചുകളഞ്ഞു-ആകെക്കൂടി രസംപിടിപ്പിക്കുന്ന ഒരു രംഗം. ഒടുവിൽ അദ്ദേഹം എഴുന്നേറ്റുംകൊണ്ടു പറഞ്ഞു.

"കുസൃതിക്കുട്ടുകകളെ, നിങ്ങളെ വിട്ടുപോകുന്നതിൽ എനിക്കു സങ്കടമുണ്ട്. പക്ഷെ എനിക്കു പോകാൻ സമയമായി."

കൈകൾ പൊക്കി, ക്ലാസ്സിനെ മുഴുവനുമായുദ്ദേശിച്ചുംകൊണ്ടു കുരിശുവരച്ചു, അദ്ദേഹം ഞങ്ങളെ അനുഗ്രഹിച്ചു.

"നിങ്ങൾ നീണാൾ വാഴട്ടെ! ദൈവത്തിൻെറ പേരിലും, ദൈവപുത്രൻെറ പേരിലും, വിശുദ്ധാത്മാവിൻെറപേരിലും നിങ്ങൾ എല്ലാ നന്മകളും ചെയ്യാൻ ഇടവരട്ടെ! നമസ്കാരം."

"നമസ്കാരം തിരുമേനി! അങ്ങുന്നു ഇനിയും വരണേ!" കുട്ടികളെല്ലാം ഒപ്പം ചേർന്നു നിലവിളിച്ചു.

"ഞാൻ വരും. ഞാൻ വരും." അദ്ദേഹം തൊപ്പിയാട്ടിയുംകൊണ്ടു പറഞ്ഞു. "ഞാൻ നിങ്ങൾക്കുവേണ്ടി കുറെ പുസ്തകങ്ങളുംകൊണ്ടുവരും" പിന്നെ അദ്ദേഹം അദ്ധ്യാപകൻെറ നേരെ തിരിഞ്ഞു. "അവർ വീട്ടിൽ പോയ്ക്കൊള്ളട്ടെ."

വാതില്ക്കൽ, എന്നെ തടഞ്ഞുനിർത്തി താഴ്ന്നസ്വരത്തിൽ അദ്ദേഹം എന്നോടു പറഞ്ഞു.

"നീ മേലാൽ അധികം കുസൃതികളിക്കയില്ലെന്നു എന്നോടു വാഗ്ദത്തം ചെയ്യു! ശരി. ഓ. നീ അങ്ങിനെ ചെയ്യുന്നതെന്തുകൊണ്ടാണെന്നെനിക്കറിയാം ശരി. നമസ്കാരം.''

ഈ വാക്കുകൾ എൻെറ മനസ്സിൽ പതിഞ്ഞു. എൻെറ ഹൃദയത്തിൽ എന്തോ ഒരു വികാരം തള്ളിവന്നു. ക്ലാസ്സ് വിട്ടതിന്നുശേഷം അദ്ധ്യാപകൻ എന്നെ തടഞ്ഞുനിർത്തി. ഞാൻ മേലാൽ ഒരാട്ടിൻകുട്ടിയെപ്പോലെ പെരുമാറേണമെന്നു അദ്ദേഹം എന്നെ ശാസിച്ചപ്പോൾ ഞാൻ ആ വാക്കുകൾ വളരെ താല്പര്യത്തോടെ ശ്രദ്ധിച്ചുകേട്ടു.

പാതിരിയച്ചൻ എന്നോടു കല്പിച്ചു. "നീ ഇന്നുമുതൽ എൻെറ പാഠങ്ങൾ ശരിക്കു പഠിക്കണം. അതെ! അതു നീ ചെയ്യണം. എന്നാൽ അനങ്ങാതിരിക്കു·അതെ അനങ്ങാതെ!"

സ്കൂളിൽ സ്ഥിതിഗതികൾ എനിക്കനുകൂലമായിത്തീർന്നു. എന്നാൽ വീട്ടിൽ എനിക്കൊരു വൈഷമ്യം നേരിട്ടു. ഞാൻ അമ്മ

വെച്ച ദിക്കിൽനിന്നും ഒരു റുബിറം എടുത്തുകളഞ്ഞു. ഇതു മുൻകൂട്ടി ആലോചിച്ചുറച്ചുംകൊണ്ടു ചെയ്തതായിരുന്നില്ല. ഒരുദിവസം വൈകുന്നേരം എന്നെയും ചെറിയ കുട്ടിയെയും വീട്ടിൽ തനിച്ചുവിട്ടുംകൊണ്ടു അമ്മ എവിടെയോ പോയതായിരുന്നു. മററൊന്നും ചെയ്യാനില്ലാതിരുന്നതുകൊണ്ടു ഞാൻ ചിററപ്പന്റെ ഒരു പുസ്തകം എടുത്തുനോക്കി. "ഒരു വൈദ്യന്റെ കുറിപ്പുകരം" എന്ന പുസ്തകമായിരുന്നു അതു. പുസ്തകത്തിൽ ഒരു ഭാഗത്തു പത്തു റുബിളിന്റെയും ഒരു റുബിളിന്റെയും ഓരോ നോട്ടുകരം ഉണ്ടായിരുന്നു—പുസ്തകം വായിക്കുവാൻ എനിക്കു കഴിഞ്ഞില്ല. വാചകങ്ങരം അത്ര കട്ടപ്പമായിരുന്നു. ഞാൻ പുസ്തകം അടച്ചുവെക്കാൻ ഭാവിക്കുകയായിരുന്നു. അപ്പോരം എനിക്കൊരു വിദ്യതോന്നി. ഒരു റുബിറം എടുക്കുകയാണെങ്കിൽ പാതിരിയച്ചൻ നിബ്ബന്ധിച്ചുകൊണ്ടിരുന്ന പുസ്തകം മാത്രമല്ല, "റോബിൻസൺ ക്രൂസോ" എന്ന കഥാപുസ്തകവും വാങ്ങാൻ സാധിക്കുമെന്നു എനിക്കു തോന്നി. കുറച്ചു മുമ്പാണ് അങ്ങിനെയൊരു പുസ്തകമുണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നതു. ഒരുദിവസം വിടുതൽ സമയത്തു ഞാൻ എന്റെ സഹപാഠികരംക്കു ഒരു കഥ പറഞ്ഞുകൊടുക്കുകയായിരുന്നു. പെട്ടെന്നു അവരിലൊരുവൻ പറഞ്ഞു.

"യക്ഷികഥകരം രസമില്ല. റോബിൻസൻക്രൂസോവിന്റെ കഥ ഒരു യഥാത്ഥ സംഭവമാണ്."

അവരിൽ ചിലരെല്ലാം റോബിൻസൺക്രൂസോവിന്റെ കഥ വായിച്ചിട്ടുണ്ടായിരുന്നു. അവരെല്ലാം ആ പുസ്തകത്തെക്കുറിച്ചു വാഴ്ത്തിപ്പറഞ്ഞു. അമ്മമ്മ പറഞ്ഞുതന്ന കഥകളെക്കുറിച്ച് അവർ എന്നെ താമശയാക്കി. എനിക്ക് അവരോട് നീരസം തോന്നി. എങ്ങിനെയെങ്കിലും റോബിൻസൺക്രൂസോവിന്റെ കഥ വായിച്ചു അതു ഒരു നല്ല കഥയല്ലെന്നു തെളിയിക്കേണമെന്നു ഞാൻ തീച്ച്പ്പെടുത്തിയിട്ടുണ്ടായിരുന്നു.

പിറെറ ദിവസം ഞാൻ സ്കൂളിൽപോകുമ്പോരം ''സുവിശേഷകഥകരം'' എന്ന പുസ്തകവും, എണ്ടേർസൻെറ കഥകരം എന്ന വേറൊരു പുസ്തകവും, മൂന്നുറാത്തൽ അപ്പവും, ഒരുറാത്തൽ ഇറച്ചിക്കറിയും വാങ്ങിയിട്ടുണ്ടായിരുന്നു. വ്ലാഡിമീർപള്ളിയുടെ അടുത്തുള്ള പുസ്തകഷാപ്പിൽ റോബിൻസൺക്രൂസോ എന്ന പുസ്തകം വിൽക്കാൻ വെച്ചിരുന്നതു ഞാൻ കണ്ടിട്ടുണ്ടായിരുന്നു. അതൊരു മഞ്ഞക്കവറുള്ള ചെറിയ പുസ്തകമായിരുന്നു. കവറിന്മേൽ തൊപ്പിവെച്ച ഒരു താടിക്കാരൻെറ ചിത്രമുണ്ട്. അയാളുടെ കഴുത്തിൽ ഒരു നരിത്തോലുമുണ്ട്. ഇതൊന്നും എന്നെ ആകഷിച്ചില്ല. കെട്ടും മട്ടും മോശമായ എണ്ടേർസൻെറ കഥകളാണ് വാസ്തവത്തിൽ എന്നെ കൂടുതൽ ആകഷിച്ചത്.

ഉച്ചക്കു വിട്ടപ്പോരം, അപ്പവും ഇറച്ചിക്കറിയും മററു കുട്ടികളും ഞാനുംകൂടി ഭക്ഷിച്ചു. പിന്നെ "രാപ്പാടി'' എന്ന കഥയിൽനിന്നു ചില ഭാഗങ്ങരം ഞാൻ കുട്ടികളെ വായിച്ചു കേരംപ്പിച്ചു.

"ചൈനയിൽ എല്ലാ ആളുകളും ചീനന്മാരാണ്. ചക്രവത്തിപോലും ഒരു ചീനനാണ്." ഈ വാചകം എന്നെ എത്രത്തോളം രസിപ്പിച്ചു എന്നു ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു. അതിൽ ആശ്ചര്യകരമായി എന്തോ ഒന്നുണ്ടെന്നു ഞാൻ കരുതി.

''രാപ്പാടി'' എന്ന കഥ സ്കൂളിൽവെച്ചു വായിച്ചുതീക്കാൻ എനിക്കു സമയംകിട്ടിയില്ല. വീട്ടിൽ എത്തിയപ്പോരം, എന്തോ പാകംചെയ്തുകൊണ്ടിരിക്കെ അമ്മ എന്നോടു പരുഷമായി ചോദിച്ചു.

"നീ ഒരു റുബിരം എടുത്തിട്ടുണ്ടോ?"

"ഉണ്ട്. പുസ്തകങ്ങരം ഇതാ."

അമ്മ ചട്ടുകംകൊണ്ടു എൻെറ തലക്കൊരു കൊട്ടുതന്നു. പുസ്തകങ്ങളെല്ലാം എടുത്തുകൊണ്ടു ഒളിപ്പിച്ചുവെക്കുകയുംചെയ്തു.

പ്രഹരംകൊണ്ടതിലല്ല എനിക്കു വേദനതോന്നിയത്. പുസ്തകങ്ങഠം എടുത്തു കളഞ്ഞതായിരുന്നു വലിയ ശിക്ഷ.

ഞാൻ പിന്നെ വളരെ ദിവസങ്ങളോളം സ്കൂളിലേക്കു പോയില്ല. ചിററപ്പൻ അദ്ദേഹത്തിൻെറകൂടെ ജോലിചെയ്തിരുന്നവരോടു ഇതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ടായിരിക്കണം. അവർ അവരുടെ കുട്ടികളോടും പറഞ്ഞിരിക്കണം. കുട്ടികഠം ഈ വിവരം സ്കൂളിൽ എത്തിച്ചു. അതുകൊണ്ടു ഞാൻ സ്കൂളിൽ ചെന്നപ്പോഠം കുട്ടികളെല്ലാംകൂടി എനിക്ക് ഒരു വികടപ്പേർ സമ്മാനിച്ചു. "കള്ളൻ." ഒരു ചെറിയ വ്യക്തമായ പേർ. പക്ഷെ അതെന്തൊരനീതിയായിരുന്നു. റൂബിഠം എടുത്തതു ഞാൻ മറച്ചുവെച്ചിട്ടില്ല. ഞാൻ സംഗതികഠം വിവരിക്കാൻ ഭാവിച്ചു. എന്നാൽ കുട്ടികളാരും എൻെറ വാക്കുകഠം കേഠംക്കാൻ കൂട്ടാക്കിയില്ല. അതുകൊണ്ടു ഞാൻ വീട്ടിൽതിരിച്ചുവന്നു, മേലാൽ സ്കൂളിൽ പോകയില്ലെന്നു അമ്മയോടുറപ്പിച്ചു പറഞ്ഞു.

വീണ്ടും ഗർഭിണിയായിക്കഴിഞ്ഞ അമ്മ ജനലിന്നടുത്തിരുന്നു എൻെറ അനുജൻ സാഷക്കു ഭക്ഷണം കൊടുക്കുകയായിരുന്നു. അവർ എന്നെ മിഴിച്ച് നോക്കി. ഒരു മത്സ്യത്തെപ്പോലെ അവർ വായപൊളിച്ചു.

"നീ കളവു പറയുകയാണ്." അവർ പറഞ്ഞു "നീ റൂബിഠം എടുത്ത വിവരം ആരും കേട്ടിരിക്കാൻ ഇടയില്ല."

"നിങ്ങഠം അവരോടു പോയി ചോദിക്കൂ."

"നീതന്നെ അവരോടു പറഞ്ഞതായിരിക്കണം. നീ സത്യം പറയൂ, നീയല്ലെ അവരോടു പറഞ്ഞത്? നാളെ ആരാണതു പറഞ്ഞതെന്നു കണ്ടുപിടിക്കാൻ ഞാൻതന്നെ സ്കൂളിൽ വരുന്നുണ്ട്."

ഞാൻ എന്നെ കള്ളൻ എന്നു വിളിച്ച വിദ്യാർത്ഥിയുടെ പേർ പറഞ്ഞു. അവരുടെ മുഖം ചുളിപ്പോയി. അവർ പൊട്ടിക്കരഞ്ഞു.

ഞാൻ അടുക്കളയിൽപോയി അടുപ്പിൻതട്ടിന്മേൽ എൻെറ വിരിപ്പിൽ ഇരുന്നു. പഴയ മരപ്പെട്ടികൾ അടുത്തടുത്തുവെച്ച ഒരു കട്ടിലാക്കിയാണ് ഞാൻ കിടന്നിരുന്നത്. അമ്മ അടുത്ത മുറിയിൽ നിന്നും വിങ്ങിക്കരഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

"ഓ, ദൈവമെ! ഓ ദൈവമെ!"

അഴുക്കുപുരണ്ട പഴയ തുണിക്കഷണങ്ങളുടെ മണം സഹിക്കാൻ കഴിയാതെ ഞാൻ വെളിയിലേക്കിറങ്ങിപ്പോയി.

"നീ എവിടെയാണ് പോകുന്നത്?" അമ്മ എന്നെ വിളിച്ചു. "ഇവിടെ എൻെറ അടുത്തുവരൂ."

ഞാനും അമ്മയും തറയിൽ അടുത്തടുത്തായിരുന്നു. സാഷ അമ്മയുടെ മടിയിൽ കിടക്കുന്നുണ്ട്. കുട്ടി അമ്മയുടെ കുപ്പായക്കുടുക്കുകൾ പിടിച്ചുവലിച്ചുംകൊണ്ടു അവ്യക്തമായുച്ചരിക്കുകയാണ്.

"തുട്ടത്തു." കുടുക്കു എന്നാണ് അവൻ ഉദ്ദേശിച്ചിരിക്കുക.

ഞാൻ അമ്മയുടെ ദേഹത്തിൽ ചേർന്നിരുന്നു. അവർ എൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു.

"നാം വല്ലരെ ദരിദ്രരാണ്. ഓരോ കൊപെക്കും........ഓരോ കൊപെക്കും........"

അമ്മ എന്നെ മുറുകെ തലോടി. ആ വാചകം മുഴുമിക്കുവാൻ അവർക്കു കഴിഞ്ഞില്ല.

"എന്തൊരു മൃഗം! എന്തൊരു മൃഗം!" അവർ പെട്ടെന്നു ഉറക്കെ പറഞ്ഞു.

"മികം" സാഷ അനുകരിച്ചു.

അവൻ ഒരു വല്ലാത്ത കുട്ടിയായിരുന്നു. വൃത്തികെട്ട വലിയ തലയോടുകൂടിയ ഒരു കുട്ടി. കണ്ണുകൾ നീലനിറമാണ്. എന്തോ

പ്രതീക്ഷിക്കുന്നപോലെയുള്ള നോട്ടവും. വളരെ ചെറുപ്പത്തിൽ തന്നെ അവൻ സംസാരിക്കുവാൻ തുടങ്ങി. ഒരിക്കലും കരയുക യില്ല. എപ്പോഴും സന്തോഷിച്ചുല്ലസിക്കും. ദേഹത്തിന്നു തീരെ ശക്തിയില്ലാത്തതുകൊണ്ടു അവന്നു നടക്കാൻ കഴിഞ്ഞില്ല. ഒരിട ത്തുതന്നെ മലൻകിടക്കും. എന്നെ കാണുന്നതു അവന്നു വലിയ സന്തോഷമായിരുന്നു. എന്നെ കണ്ടുകൂടുമ്പോഠം അവൻ രണ്ടു കൈകളും പൊക്കിപ്പിടിക്കും. അവൻ മൃദുവായ അവൻെറ കൈ കൊണ്ടു എൻെറ ചെവിക്കു പിടിച്ചുകളിക്കും.

അവൻ പെട്ടെന്നു മരിച്ചുപോയി. ഒരു രോഗവും ഉണ്ടായി രുന്നില്ല. രാവിലെ സാധാരണപോലെ അവൻ വളരെ ഉല്ലാസ ത്തോടെ കളിച്ചുംകൊണ്ടിരുന്നു. വൈകുന്നേരം പള്ളിയിൽ മണി മുട്ടിക്കൊണ്ടിരിക്കെ അവനെ മേശമേൽ കിടത്തിയ നിലയിലാണ് ഞാൻ കണ്ടതു്. ഇതു രണ്ടാമത്തെ കുട്ടി നിക്കൊലായി ജനിച്ചു അല്പം കഴിഞ്ഞ ഉടനെയായിരുന്നു.

അമ്മ വാഗ്ദത്തംചെയ്തതുപോലെ എൻെറ സ്കൂളിൽവന്നു സംഗതികഠം വ്യക്തമാക്കി. അതുകൊണ്ടു ഞാൻ വീണ്ടും സ്കൂളിൽ പോയി പാഠങ്ങഠം കൃത്യമായി പഠിക്കാൻ തുടങ്ങി. എന്നാൽ കുറച്ചു കഴിഞ്ഞപ്പോഠം ഞാൻ വീണ്ടും അപ്പൂപ്പനോടൊപ്പം താമ സിക്കേണ്ടതായിവന്നു.

ഒരു ദിവസം ചായയുടെ സമയത്തു ഞാൻ മുററത്തുനിന്നും അടുക്കളയിലേക്കു കടന്നുചെല്ലുകയായിരുന്നു. അപ്പോഠം അമ്മ ദയനീയമായി പൊട്ടിക്കരയുന്നതു ഞാൻ കണ്ടു.

"യവ്ജനി! യവ്ജനി! പോകരുത്! ഞാൻ നിങ്ങളോടു കേണപേക്ഷിക്കുകയാണ്."

"വിഡ്ഢിത്തം!" ചിററപ്പൻ മറുപടിപറഞ്ഞു.

"നിങ്ങഠം അവളുടെ അടുക്കെ പോകയാണെന്ന് എനിക്ക് അറിയാം."

"ശരി, എന്നാലെന്താ?"

അവർ രണ്ടുപേരും കുറെനേരം മിണ്ടിയില്ല. അമ്മ ചുമച്ചും കൊണ്ടു പറഞ്ഞു.

"എത്ര നീചനായ, കൊള്ളരുതാത്ത ഒരു മൃഗമാണ് നിങ്ങൾ!"

അയാൾ അമ്മയെ അടിക്കുന്നതു ഞാൻ കണ്ടു. ഞാൻ മുറിയിലേക്കോടിച്ചെന്നു. അമ്മ തറയിൽ മുട്ടുകുത്തി ഒരു കസേലയോടു ചാരി, തല പിന്നാക്കം ചരിച്ചു പരവശയായിരിക്കുകയാണ്. അയാൾ നല്ല ഭംഗിയുള്ള ഉടുപ്പുകൾ ധരിച്ചു ചെരിപ്പിട്ട കാലു കൊണ്ടു അമ്മയുടെ മാറത്തു ചവിട്ടുകയും ചെയ്യുന്നു. ഞാൻ അപ്പം മുറിക്കാൻ ഉപയോഗിക്കുന്ന ഒരു കത്തി വലിച്ചെടുത്തു. അച്ഛൻെറ സ്മാരകമായി അമ്മയുടെ കയ്യിൽ അവശേഷിച്ചിരുന്ന ഒരേ ഒററ സ്മാരകം. മുഴുവൻ ശക്തിയുമുപയോഗിച്ചുകൊണ്ടു ഞാൻ ആ കത്തി ചിററച്ഛൻെറനേരെ എറിഞ്ഞു.

ഭാഗ്യവശാൽ അമ്മ അയാളെ ഒരു വശത്തേക്കു തള്ളിമാററിക്കളഞ്ഞു. അതുകൊണ്ടു കത്തി അയാളുടെ വസ്ത്രങ്ങളിൽ ഉരസി ദേഹത്തിൽ ഒരു ഭാഗത്തു കുറഞ്ഞൊന്നു സ്പർശിക്കുകമാത്രമെ ചെയ്തുള്ളു. അയാൾ കത്തികൊണ്ട ഭാഗം താങ്ങിപ്പിടിച്ചു നിലവിളിച്ചും കൊണ്ടു പുറത്തേക്കോടി. അമ്മ കരഞ്ഞുംകൊണ്ടു എന്നെ തറയിൽ തള്ളിയിട്ടു. ചിററച്ഛൻ മുററത്തുനിന്നും തിരിച്ചുവന്നു. എന്നെ ബലാൽ അമ്മയുടെ അടുത്തുനിന്നു വലിച്ചു പൊക്കി.

അന്നു വൈകുന്നേരം, അയാൾ പുറത്തുപോയപ്പോൾ, അമ്മ ഞാൻ കിടക്കുന്നിടത്തു വന്നു എന്നെ കെട്ടിപ്പിടിച്ചു തെരുതെരെ ചുംബിച്ചു.

"എനിക്കു മാപ്പുതരു! മകനെ! ഞാൻ നിന്നോടു അപരാധം ചെയ്തിരിക്കുന്നു. എന്നാലും നീ എന്തിനാണതു ചെയ്തതു? ഒരു കത്തിയെടുത്തെറിയുക!"

ചിററപ്പനെ കൊന്നുകളഞ്ഞു ഞാനും മരിക്കുമെന്നു അമ്മയുടെ മുമ്പിൽവെച്ചു ഞാൻ ശപഥംചെയ്തു. ഞാൻ അങ്ങിനെ ചെയ്തിട്ടുണ്ടാകുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഒന്നുമില്ലെങ്കിൽ അങ്ങിനെചെയ്യാൻ ഞാൻ ഒരു ശ്രമമെങ്കിലും നടത്തുമായിരുന്നു. ഇപ്പോഴും അയാളുടെ ആ കാൽസ്രായിയിട്ട കാൽ അമ്മയുടെ മാറത്തു പതിക്കുന്നതു കാണുന്നതുപോലെയുണ്ട്.

അപ്പോഴത്തെ അപരിഷ്കൃതമായ ആ ജീവിതത്തെക്കുറിച്ചു പറയുന്നതെന്തിനാണെന്നെനിക്കുതോന്നാറുണ്ടു. എന്നാലും അതെല്ലാം തുറന്നുകാട്ടേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഇന്നും നിലനില്ക്കുന്ന വൃത്തികെട്ട ചില പരമാർത്ഥങ്ങളാണവ. സമുദായത്തിൽനിന്നും കടപുഴക്കി എറിയേണ്ടതായ ഈ കാര്യങ്ങൾ, നഗ്നമായി തൊലിയുരിച്ചുകാട്ടേണ്ടതാവശ്യമാണ്. മനുഷ്യൻെറ ഓർമ്മയിൽനിന്നും അത്തരം നീചത്തരങ്ങൾ എന്നേക്കുമായി മാർജ്ജനംചെയ്യേണ്ടതാവശ്യമാണ്.

ഈ മൃഗീയതകൾ വിവരിച്ചുകാണിക്കുന്നതിൽ എനിക്ക് മറെറാരുദ്ദേശമുണ്ടു. അവയുടെ ക്രൌര്യവും, അവ വലിച്ചുവെക്കുന്ന ദുരവസ്ഥകളും എന്നേക്കുമായവസാനിപ്പിക്കുവാനുള്ള ശേഷിയും ആവേശവും റഷ്യക്കാരനുണ്ടു. അവ ഉന്മൂലനാശം ചെയ്യാൻ അവനു സാധിക്കുകയും ചെയ്യും

നീചത്തരങ്ങളുടെ ക്രൌര്യംകൊണ്ടുമാത്രമല്ല നമ്മുടെ ജീവിതം ആശ്ചര്യകരമായിരിക്കുന്നതു. എല്ലാററിൻെറയും അടിയിൽ മിന്നിത്തിളങ്ങിനില്ക്കുന്ന ക്രിയാത്മകമായ, മനോഹരമായ, ശക്തികളെയും നാം അംഗീകരിക്കേണ്ടതുണ്ട്. നന്മയുടെ സ്വാധീനം നമ്മെ ജാഗരൂകരാക്കാതിരിക്കയില്ല. സൌന്ദര്യവും മനുഷ്യസ്നേഹവും നിറഞ്ഞ ഒരു ജീവിതപന്ഥാവിലേക്കു, ആഞ്ഞുകയറുന്നതിനു അതു ജനങ്ങളെ ആവേശംകൊള്ളിക്കാതിരിക്കയില്ല.

# XIII

അങ്ങിനെ ഞാൻ വീണ്ടും അച്ഛാച്ഛനോടൊപ്പം താമസിക്കാൻ തുടങ്ങി.

"ശരി, തെമ്മാടി!" മേശമേൽ ഇടിച്ചുംകൊണ്ടു അച്ഛാച്ഛൻ എന്നെ സ്വാഗതംചെയ്തു. "ഞാൻ ഇനി നിനക്കു ഭക്ഷണംതന്നു നിന്നെ പൊറുപ്പിക്കുവാൻ വിചാരിക്കുന്നില്ല. ഇനി നിൻെറ അമ്മമ്മയാണ് നിന്നെ രക്ഷിക്കേണ്ടതു.''

"ഞാൻ എങ്ങിനെയെങ്കിലും കാര്യം ഒപ്പിച്ചുകൊള്ളാം.'' അവർ ഏററുപറഞ്ഞു.

"അതത്ര പ്രയാസമുള്ള ഒരു സംഗതിയൊന്നുമല്ല."

"ശരി, അങ്ങിനെയാകട്ടെ." അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു. അദ്ദേഹം തുടന്നുകൊണ്ടു സംഗതികൾ വിശദമാക്കി.

"ഞങ്ങൾ ഇപ്പോൾ അതാതാൾ അതാതാളുടെ ചിലവുകൾ വഹിക്കുകയാണ് സ്വയം സഹായം സഹായം!''

അമ്മമ്മ ജനലിന്നടുത്തിരുന്നു നാടമടയുകയായിരുന്നു. അവർ തൻെറ പ്രവൃത്തിയിൽ ജാഗരൂകയായിരിക്കുകയാണ്. ആ നിലയിൽ അവർ ഓട്ടുകൊണ്ടുണ്ടാക്കിവെച്ച ഒരു പ്രതിമപോലെയുണ്ടു. അവക്കു ഇത്രയും കാലംകൊണ്ടു യാതൊരു മാററവും ഉണ്ടായിട്ടില്ല. അച്ഛാച്ഛൻ വല്ലരെ മെലിഞ്ഞിരിക്കുന്നു. മുഖത്തു ചുളിവുകൾ വർദ്ധിച്ചി

ട്ടുണ്ട്. തലനാരിഴകൾ നേർമ്മയായിരിക്കുന്നു. പഴയ ആ മാന്യതയോടുകൂടിയ നടത്തത്തിന്നു പകരം വെറിപിടിച്ച ഒരു മട്ടാണ് കാണുന്നത്. അദ്ദേഹം എല്ലാ കാര്യങ്ങളും സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്. അച്ഛാച്ഛനും അമ്മമ്മയും തമ്മിൽ സാത്തുക്കൾ ഭാഗിച്ചതിൻെറ കഥകൾ അവർ ചിരിച്ചുംകൊണ്ടെനിക്കു വിവരിച്ചുതന്നു. അദ്ദേഹം അവൾക്കു കിണ്ണം, കിണ്ടി, കത്തി മുതലായ പാത്രങ്ങളും ഉപകരണങ്ങളുമാണ് കൊടുത്തതു്. അദ്ദേഹം വാദിച്ചുവത്രെ.

"അതെല്ലാം നിൻെറ ഓഹരിക്കിരിക്കട്ടെ. മററു വല്ലതിന്നും എന്നോടു ചോദിച്ചുപോകരുതു."

അദ്ദേഹം അവരുടെ എല്ലാ നല്ല വസ്ത്രങ്ങളും തിരഞ്ഞെടുത്തു. മുഴുവനും എഴുന്നൂറു റുബിളിന്നു വിററു. പഴക്കച്ചവടക്കാരനായ ഒരു ജൂതന്നു അദ്ദേഹം ആ പണം പലിശക്കു കൊടുത്തു. അച്ഛാച്ഛന്നു പണത്തിന്നുള്ള കൊതി നാൾതോറും വളൎന്നുവന്നു. അദ്ദേഹം നാണമില്ലാത്ത കൊതിയാണ് കാണിച്ചതു്. പലതരത്തിലും അദ്ദേഹം പരിചയിച്ചിരുന്ന കച്ചവടക്കാരെയും മുതലാളികളെയും അദ്ദേഹം ചെന്നുകണ്ടു. അദ്ദേഹത്തിൻെറ മക്കൾ അദ്ദേഹത്തെ തുലച്ചുകളഞ്ഞു എന്ന് ആവലാതിപ്പെട്ടുകൊണ്ടു അവരോടു അദ്ദേഹം സംഭാവനകൾക്ക് അപേക്ഷിച്ചു. അദ്ദേഹത്തിൻെറ പഴയകാലത്തെ പദവിയോൎത്തുംകൊണ്ടു അവരെല്ലാം അദ്ദേഹത്തിന്നു ധനസഹായംചെയ്തു. അദ്ദേഹം വീട്ടിൽ തിരിച്ചെത്തിയാൽ അമ്മമ്മയുടെ മുമ്പാകെ നോട്ടുകൾ വീശിയുംകൊണ്ടു, ഒരു സ്കൂൾകുട്ടിയുടെ അഹംഭാവത്തോടെ വമ്പുപറയും.

"ഇതുനോക്കൂ, വിഡ്ഢി! ആരും നിനക്കു അത്രവലിയ ഒരു സംഖ്യ തരികയില്ല! തീച്ച്!

ഈ സംഖ്യയും അച്ഛാച്ഛൻ അദ്ദേഹത്തിൻെറ ഒരു പുതിയ പരിചയക്കാരന്നു പലിശക്കു കൊടുത്തു. "കൊരടാവ്" എന്ന്

പേരുള്ള ഒരു പൂമൊട്ടക്കാരനും അയാളുടെ ഒരു സഹോദരിയും അച്ഛാച്ഛനോടു പണം കടംവാങ്ങി.

വീട്ടിൽ എല്ലാ കാര്യങ്ങളിലും ഒരു വിഭജനം നടന്നിരിക്കയായിരുന്നു. ഇന്നു അമ്മമ്മയാണ് ഭക്ഷണത്തിന്നുള്ള വകകൾ പണം കൊടുത്തു വാങ്ങേണ്ടതെങ്കിൽ, നാളെ അച്ഛാച്ഛൻ അപ്പവും മറവ സാധനങ്ങളും വാങ്ങിക്കൊണ്ടുവരും. അച്ഛാച്ഛൻെറ ഊഴമായി വരുന്ന ദിവസങ്ങളിൽ, മുത്താഴം വളരെ മോശമായിരിക്കും. അമ്മമ്മ ഇറച്ചി നല്ലതു നോക്കി വാങ്ങും. അച്ഛാച്ഛൻ അസ്ഥിയോടുകൂടിയ മാംസം താണ വിലക്കു വാങ്ങും. രണ്ടാളും ചായപ്പൊടിയും പഞ്ചസാരയും വെവ്വേറെ സൂക്ഷിക്കും. ചായവെള്ളം തയ്യാറാക്കിയതു ഒരേപാത്രത്തിലായിരുന്നു. അച്ഛാച്ഛൻ ഇടക്കെല്ലാം ലഹളകൂട്ടും.

"നിൽക്കു, നോക്കട്ടെ, എത്ര പൊടിയാണ് പാത്രത്തിൽ ഇട്ടിട്ടുള്ളതു?"

ചായഇലകൾ പെറുക്കി എടുത്തു അദ്ദേഹം എണ്ണിനോക്കും. "നീ വാങ്ങിയ ചായപ്പൊടി എൻെറ ചായപ്പൊടിയേക്കാൾ കട്ടി കുറവാണ്. എൻെറതു കട്ടി അധികമാണ്. അതുകൊണ്ടു എൻെറ ചായവെള്ളം നല്ല കടുപ്പമുണ്ടായിരിക്കും. നീ എൻെറ പൊടി കുറച്ചുമാത്രമെ എടുക്കുവാൻ പാടുള്ളു."

അമ്മമ്മ അച്ഛാച്ഛന്നു കൊടുക്കുന്ന ചായക്കു, അവർ കഴിക്കുന്ന ചായയോളം കടുപ്പമില്ലെ എന്നു അദ്ദേഹം പരിശോധിച്ചുനോക്കും. രണ്ടുപേരും ഒരേ എണ്ണം കോപ്പച്ചായതന്നെ കഴിക്കേണമെന്നു അദ്ദേഹത്തിന്നു വലിയ നിർബ്ബന്ധമായിരുന്നു.

"ഒരു കോപ്പകൂടി ഒഴിക്കട്ടെയോ?" പാത്രത്തിലുള്ള ചായവെള്ളം മുഴുവൻ ഒഴിച്ചുകളയുന്നതിന്നുമുമ്പായി അമ്മമ്മ ചോദിക്കും.

"ശരി നമുക്കു രണ്ടുപേൎക്കും ഓരോ കോപ്പ കുടിക്കാൻ ഉണ്ടാകുമോ എന്നു നോക്കു." ചായപ്പാത്രത്തിൽ നോക്കിയുംകൊണ്ടു അച്ഛാച്ഛൻ ചോദിക്കും.

പ്രതിമകളുടെ മുമ്പിൽ കത്തിക്കുന്ന വിളക്കുകളിലേക്കു, എണ്ണ പോലും അവർ ഊഴമിട്ടാണ് വാങ്ങാറുണ്ടായിരുന്നതു. ഇതെല്ലാം നടത്തുന്നതാകട്ടെ, അമ്പതുകൊല്ലക്കാലം ഒപ്പം അദ്ധ്വാനിക്കയും ജീവിക്കുകയും ചെയ്തതിന്നുശേഷമാണ് താനും.

അച്ഛാച്ഛന്റെ ഈ ചെററത്തരങ്ങൾ കണ്ടപ്പോൾ എനിക്കു വലിയ തമാശതോന്നി. വല്ലാത്ത അറപ്പും തോന്നി. അമ്മമ്മക്കു ഇതെല്ലാം വെറും തമാശമാത്രമായിരുന്നു.

"അതു മറന്നുകളയ്യൂ" അമ്മമ്മ എന്നോടു പറയും "അതു കൊണ്ടെന്താണ്? അയാൾക്കു വയസ്സായി. എന്തെല്ലാമോ അസാ ധാരണമായി പെരുമാറുകയാണ്. അദ്ദേഹം അങ്ങിനെ പെരുമാ റിക്കൊള്ളട്ടെ. ആക്കാണൊരു നഷ്ടമുള്ളതു? എന്റെയും നിന്റെയും കാര്യമാണെങ്കിൽ-നമുക്കു രണ്ടാൾക്കും ജീവിക്കാൻമാത്രം ഞാൻ അദ്ധ്വാനിച്ചു സമ്പാദിച്ചുകൊള്ളാം."

ഞാനും എന്റെ ഉപജീവനത്തിന്നുവേണ്ടി കുറച്ചെല്ലാം സമ്പാദിക്കുവാൻ തുടങ്ങി. എല്ലാ ഞായറാഴ്ചയും രാവിലെ ഒരു ചാക്കുമെടുത്തു ഞാൻ പുറപ്പെടും. തെരുവുകളിലും പറമ്പുകളിലും കയറിയിറങ്ങി, എല്ലിൻകഷണങ്ങൾ, തുണിക്കഷണങ്ങൾ, ആണി കൾ, കടലാസ്സുകഷണങ്ങൾ മുതലായവ ഞാൻ പെറുക്കി ശേഖ രിക്കും. തുണിക്കഷണങ്ങൾക്കും കടലാസ്സിന്നും പുഡിന്നു ഇരുപതു കൊപെക്കും, എല്ലിൻകഷണങ്ങൾക്കു പുഡിന്നു പത്തുകൊപെക്കും ഞങ്ങൾക്കു വിലകിട്ടാറുണ്ടായിരുന്നു. സ്കൂളുള്ള ദിവസങ്ങളിൽ വൈ കുന്നേരവും ഇങ്ങിനെ വല്ലതും പെറുക്കിക്കൊണ്ടുവരുന്നതിൽ ഞാൻ ഏർപ്പെടും. ഞായറാഴ്ചകളിൽ ഞാൻ മുപ്പതും നാല്പതും കൊപെക്കു കൾ സമ്പാദിക്കും. വിജയകരമായ ശേഖരണം നടത്താൻ കഴി യുന്ന ദിവസങ്ങളിൽ അധികവും കിട്ടും. ഞാൻ ഇങ്ങിനെ സമ്പാ ദിക്കുന്ന പണം അമ്മമ്മ അവരുടെ കുപ്പായക്കീശയിൽ സൂക്ഷിക്കും.

എന്നെ പുകഴ്ത്തിപ്പറയുമ്പോഠം അമ്മമ്മ എൻെറ മുഖത്തു നേരെ നോക്കുകയില്ല.

"വല്ലരെ ഉപകാരം. മോനെ! ഞാനും നീയും പട്ടിണിയാകയില്ല. ആകുമോ? ആലോചിച്ചു പറയൂ!"

ഒരുദിവസം അമ്മമ്മ എൻെറ ഒരു അഞ്ചു കൊപെക്കു നാണ്യം സൂക്ഷിച്ചുനോക്കുന്നതു ഞാൻ കണ്ടു. അവർ കരഞ്ഞുപോയി. കണ്ണുനീർ അവരുടെ കവിളുകളിൽക്കൂടി ഒഴുകി.

തുണിക്കഷ്ണങ്ങളും മററും പെറുക്കുന്നതിനെക്കാഠം ആദായകരമായ മറെറാരേപ്പാടുണ്ടായിരുന്നു. ഓക്കാനദിയുടെ കരയിലുള്ള മരച്ചാപ്പുകളിൽനിന്നു പലകകഠം കട്ടുകൊണ്ടുപോയിവിററാൽ അധികം പണം കിട്ടുമെന്നു ഞാൻ മനസ്സിലാക്കി. പുഴക്കരയിൽ ഒരിടത്തു കൊല്ലത്തിലൊരിക്കൽ ഒരു വലിയ ചന്ത നടക്കാറുണ്ടായിരുന്നു. ചന്തയുടെ ആവശ്യാർത്ഥം കെട്ടിയുണ്ടാക്കാറുള്ള മരച്ചാപ്പുകഠം പൊളിച്ചു പലകകഠം വരുന്ന കൊല്ലത്തേക്കുവേണ്ടി പുഴക്കരയിൽതന്നെ സൂക്ഷിച്ചുവെക്കും. ഒരു നല്ല പലക കട്ടുകൊണ്ടുപോയി വിററാൽ, നല്ല വിലകിട്ടും. ഒരു പലകക്കു പത്തു കൊപെക്കുകിട്ടും. ഒരുദിവസംതന്നെ രണ്ടും മൂന്നും പലകകഠം എടുക്കാനും കഴിയും. എന്നാൽ മഴയോ മൂടൽമഞ്ഞോ ഉള്ള ദിവസങ്ങളിൽമാത്രമെ പലകകഠം കക്കാൻ കഴികയുള്ളു. അപ്പോഠംമാത്രമെ, കാവല്ക്കാരൻ കാവൽപുരയുടെ ഉള്ളിൽ അടച്ചിരിക്കുകയുള്ളു.

ഈ ജോലിയിൽ ഏർപ്പെട്ടിരുന്ന കുട്ടികഠം വലിയ ചങ്ങാതികളായിരുന്നു.

മോർഡൊവിയക്കാരിയായ ഒരു ഇരപ്പാളിസ്ത്രീയുടെ മകനായ ശംകാവ്യാഖിർ;–ദയാലുവും ശാന്തനുമായ ഇവനെ ഞങ്ങഠം "പ്രാവ്" എന്നാണ് വിളിച്ചിരുന്നതു–വലിയ കണ്ണുകളുള്ള ധിക്കാരിയായ കോസ്ട്രോമാ—രണ്ടു പ്രാവുകളെ കട്ടതിന്നു ശിക്ഷയായി

ഇവനെ സ്വഭാവപരിഷ്ക്കരണസ്കൂളിലേക്കയച്ചിരുന്നു. അവിടെ വെച്ചു, അവൻ ആത്മഹത്യചെയ്തുകളഞ്ഞു. അപ്പോൾ അവന്നു പതിമൂന്നു വയസ്സ് പ്രായമായിരുന്നു-താത്തരിക്കാരനായ കാമ്പി- ഇവൻ വളരെ ശക്തിയും ദയാശീലവുമുള്ള ഒരു പന്ത്രണ്ടുവയസ്സ് കാരനായിരുന്നു-ചുടലകാവല്ക്കാരൻെറ മകനായ എട്ടുവയസ്സുള്ള യാസ്സ്-ഇവൻ അധികവും മൌനിയായിരിക്കും-ഇവക്കെല്ലാം പുറമെ, ഞങ്ങളാരേക്കാൾ പ്രായമുള്ള ഗ്രിഷ്ക്കാചക്കാ-വിധവയായ ഒരു തുന്നൽകാരിയുടെ മകനായിരുന്നു. അവൻ മത്സ്യംപിടിക്കുന്നതിലും മുഷ്ടിയുദ്ധത്തിലും വളരെ സമത്ഥനമായിരുന്നു-അങ്ങിനെ ഞങ്ങൾ കുറെ കുട്ടികൾ, ഒരേതെരുവിൽ താമസിക്കുന്ന കുറെ കുട്ടികൾ-ഒരു സംഘമായി സ്വയം സംഘടിച്ചതായിരുന്നു.

ഞങ്ങളുടെ പ്രദേശത്തു കക്കുന്നതു ഒരു കുററമായി കണക്കാക്കിയിരുന്നില്ല. ചെറുതരം കച്ചവടക്കാർ സാധാരണയായി സ്വീകരിച്ചിരുന്ന ഒരു ഉപജീവനമാർഗ്ഗമായിരുന്നു അതു. ചന്തയാണെങ്കിൽ ഒന്നരമാസക്കാലമെ ഉണ്ടായിരിക്കുകയുള്ളു. അപ്പോൾ ചെയ്യുന്ന കച്ചവടംകൊണ്ടു ഒരു കൊല്ലം മുഴുവനും ജീവിക്കാനുള്ള വരുമാനം ഉണ്ടാകയില്ല. മാന്യന്മാരായ പലരും "പുഴക്കരയിൽനിന്നു ലാഭമുണ്ടാക്കി" ജീവിക്കാൻ നോക്കും. അതായതു അവർ പുഴയിൽ ക്കൂടി ഒഴുകിവരുന്ന പലകകളും മരത്തടികളും എടുത്തുകൊണ്ടുപോയി വിറകുകളയും പുഴക്കരയിൽ അവിടവിടെയായിക്കാണുന്ന തടികളോ പലകകളോ, തോണികളോ, അവർ അപഹരിച്ചുകൊണ്ടു പോയ്ക്കളയും. ഞായറാഴ്ച മുതിന്നവർ അവരുടെ ഈ വിക്രിയകളെക്കുറിച്ചു വിവരിക്കുന്നതു കേൾക്കാം. കുട്ടികൾ അതു താല്പയ്യത്തോടെ ശ്രദ്ധിക്കും.

വസന്തകാലത്തു ചന്തതുടങ്ങുന്നതിന്നു കുറേമുമ്പ് ചാപ്പകളും മറവും കെട്ടിതയ്യാറാക്കുന്ന അവസരത്തിൽ, തൊഴിലാളികൾ പ്രവൃത്തിമതിയാക്കി, ഞങ്ങളുടെ തെരുവിൽ വന്നുകൂടും. അപ്പോൾ തെരുവിലുള്ള കുട്ടികൾ അവരെ ചുറഞ്ഞുകൂടി, അവരുടെ കീശക

ള്ളിൽനിന്നു പണം കട്ടെടുത്തുകളയും. ഇതു ന്യായമായ പ്രവൃത്തിയായികരുതപ്പെട്ടിരുന്നു. മുതിന്നവർ കണ്ടുനില്ക്കേതന്നെ കുട്ടികൾ ഈ കളവുകൾ നടത്തുന്നതു വളരെ സാധാരണയായിരുന്നു.

കുട്ടികൾ ആശാരിമാരുടെ ഉളികളും, കൊല്ലന്മാരുടെ മുട്ടികളും വണ്ടിപ്പണിക്കാരുടെ ആണികളും അപഹരിക്കും. ഞാനും കൂട്ടാളികളും അതിന്നൊന്നും പോയില്ല.

"ഞാൻ കക്കാൻ തയ്യാറല്ല. അമ്മ സമ്മതിക്കുന്നില്ല." ഒരു ദിവസം ചക്ക് ഞങ്ങളെ അറിയിച്ചു.

"എനിക്കും പേടിയാകുന്നു." കാമ്പിയും അഭിപ്രായപ്പെട്ടു.

കോസ്ട്രോമാക്കു, കള്ളന്മാരെ വലിയ ഭയമാണ്. കള്ളൻ എന്ന വാക്കു ഒരു പ്രത്യേകസമ്പ്രദായത്തിലാണവൻ ഉച്ചരിക്കുക. കുടിയന്മാരെ കുട്ടികളാരെങ്കിലും "പോക്കററടിക്കു"ന്നതു കണ്ടാൽ അവൻ കുട്ടികളുടെ പിന്നാലെ ഓടി, അവരെ പ്രഹരിക്കാൻ നോക്കും. ഈ പൊക്കിളക്കണ്ണന്നു മുതിന്ന ഒരാളാണെന്ന നാട്യമായിരുന്നു; ആടിക്കൊണ്ടാണ് നടത്തം. വളരെ ഗൌരവത്തിലുള്ള സംസാരവും. എല്ലാംകൊണ്ടും അവന്നു കുറെ പ്രായംമതിക്കുന്ന ഒരു ഭാവമുണ്ടായിരുന്നു. കക്കുന്നതു പാപമാണെന്നു, "പ്രാവും" വിശ്വസിച്ചു.

എന്നാൽ പുഴക്കരയിൽനിന്നും പലകകൾ അപഹരിക്കുകയെന്നതു മറെറാരുകാര്യമാണ്. അതു ചെയ്യാൻ ഞങ്ങൾക്കാർക്കും ഭയമുണ്ടായിരുന്നില്ല; സങ്കോചവുമുണ്ടായിരുന്നില്ല. വൈകുന്നേരം ഇരുട്ടാകാൻ ഭാവിക്കുമ്പോൾ, മൂടൽമഞ്ഞുനിറഞ്ഞുനിൽക്കുന്ന തക്കം നോക്കി, "പ്രാവും" യാസുംക്കൂടി, ഹിമക്കട്ടയിന്മേൽക്കൂടിയുള്ള യാത്രക്കു തയ്യാറാകും. അവർ പരസ്യമായി കാവല്ക്കാരുടെ ശ്രദ്ധയെ ആകർഷിച്ചുംകൊണ്ടു കടന്നുചെല്ലും. അതേസമയംതന്നെ ഞങ്ങൾ നാലുകുട്ടികൾ നാലുഭാഗത്തുനിന്നും ആരും കാണാതെ മുന്നോട്ടു

നീങ്ങുന്നുണ്ടായിരിക്കും. കാവൽക്കാർ "പ്രാവിനെ''യും യാസി നേയും ശ്രദ്ധിച്ചുകൊണ്ടിരിക്കെ ഞങ്ങറം ഒപ്പം എത്തി പലകകറം വലിച്ചെടുത്തു ദൂരെ ഓടിക്കളയും. ഞങ്ങളുടെ ചങ്ങാതികറം കാവ ല്ക്കാരെ കബളിപ്പിച്ചുംകൊണ്ട് ഓടുമ്പോറം, ഞങ്ങറം പലകകളു മായി തിരിച്ചുവരും. ഓരോരുത്തൻേറയും കയ്യിൽ ഒരാണിയും ഒരു കയറും ഉണ്ടായിരിക്കും. പലകമേൽ ആണിഅടിച്ചു കയർ കെട്ടി, ഹിമക്കട്ടയിൽക്കൂടി വലിച്ചുകൊണ്ടുവരികയാണ് ഞങ്ങറം ചെയ്യുക. കാവൽക്കാർ ഞങ്ങളെ കാണുകയില്ല. കണ്ടാൽതന്നെയും ഞങ്ങളെ പിടിക്കാൻ സാധിക്കുകയുമില്ല. പലക വിററുകിട്ടുന്ന കാശു ഞങ്ങറം ആറുപേരും തുല്യമായി പങ്കിട്ടെടുക്കും. ഓരോ ആറംക്കും അഞ്ചും ആറും കൊപെക്കുകറം ലഭിക്കും

ഒരു ദിവസത്തെ ഭക്ഷണത്തിന്നു ഇതു ധാരാളം മതിയായി രുന്നു. "പ്രാവി"ൻെറ അമ്മക്കു, അവൻ വോഡ്കകൊണ്ടുപോയി കൊടുത്തില്ലെങ്കിൽ അവന്നു നല്ല പ്രഹരം കിട്ടും. കോസ്ട്രോമാ എള്ളയെ നായാട്ടുവാൻ ഒരുക്കംകൂട്ടുകയായിരുന്നു. അതുകൊണ്ടു അവൻ കിട്ടുന്ന പണം അതിന്നുവേണ്ടി സ്വരൂപിച്ചുവെക്കും. ചക്ക യുടെ അമ്മ രോഗത്തിൽകിടക്കുകയായിരുന്നു. അതുകൊണ്ടു അവന്നു കിട്ടുന്ന പണംമുഴുവൻ അമ്മക്കുവേണ്ടി ചിലവിടേണ്ടിവരും. കാബി യും പണം സ്വരൂപിച്ചുവെക്കാൻ ശ്രമിച്ചു. അവനെ അവൻെറ അമ്മാമൻ മറേറതോ പട്ടണത്തിൽനിന്നും നിഴിനി നവഗറോഡിൽ കൊണ്ടുവന്നതായിരുന്നു. അയാറം നിഴിനിയിൽ എത്തി കുറച്ചു കഴിഞ്ഞപ്പോറം വെള്ളത്തിൽവീണു മരിച്ചുപോയി. അതുകൊണ്ടു കാബി അവന്നു തിരിച്ചുപോകാൻ അത്യാവശ്യമായ സംഖ്യ ഉണ്ടാ ക്കാൻ ശ്രമിക്കുകയായിരുന്നു. അവൻെറ സ്വദേശമായ ആ പട്ട ണത്തിൻെറ പേർതന്നെയും അവന്ന് ഓർമ്മയില്ല. കാമ എന്ന പുഴയുടെ കരക്കാണ് പട്ടണമെന്നു മാത്രമെ അവന്നു പറയാൻ കഴിഞ്ഞുള്ളു.

ഈ പട്ടണത്തെക്കുറിച്ചു പലതുംപറഞ്ഞു ഞങ്ങൾ കാബിയെ തമാശയാക്കി. ആദ്യമെല്ലാം കാബിക്കു വല്ലാതെ ക്രോധംവരും. എന്നാൽ ഒരു ദിവസം "പ്രാവ്" കൂവിയുംകൊണ്ടു അവനോടു പറഞ്ഞു. ആ കൂവൽ കേട്ടാൽ പ്രാവ് എന്ന പേർ അനന്വത്ഥമാണെന്നു ആരും സമ്മതിക്കും.

"നോക്കു, നോക്കു, ചങ്ങാതികൾ അന്യോന്യം കോപം കാണിക്കുന്നതു ആരെങ്കിലും കണ്ടിട്ടുണ്ടോ?''

താത്തരിക്കാരൻ വല്ലാതെ ലജ്ജിച്ചുപോയി. അതിന്നുശേഷം കാബിയും ഞങ്ങളോടൊപ്പംചേൎന്നു കാമനദിയുടെ കരക്കുള്ള പട്ടണത്തെപ്പററി തമാശകൾ പറയാൻതുടങ്ങി.

ഞങ്ങൾ പഴയസാധനങ്ങൾ ശേഖരിക്കുകയും, പലകകൾ അപഹരിക്കുകയുംചെയ്തുകൊണ്ടിരുന്നു. വിശേഷിച്ചും വസന്തത്തിൽ ഇതെല്ലാം രസംപിടിപ്പിക്കുന്ന ഒരു പ്രവൃത്തിയായിരുന്നു. മഞ്ഞുരുകിക്കഴിഞ്ഞു. മഴപെയ്തു നിലം വൃത്തിയായിരിക്കുന്നു-നീൎച്ചാലുകളിലും മററും ആണിയും പലതരം ലോഹത്തകിടുകളും ധാരാളം പെറുക്കിയെടുക്കാനുണ്ടായിരിക്കും. ചിലപ്പോൾ ഞങ്ങൾക്കു ചെമ്പുനാണയങ്ങളും വെള്ളിനാണയങ്ങളും വീണുകിട്ടും. കാവൽക്കാർ ഞങ്ങളെ പിടിക്കാതിരിക്കാനും ഞങ്ങളുടെ ചാക്കുകൾ തട്ടിയെടുക്കാതിരിക്കാനുംവേണ്ടി, ഞങ്ങൾ അവൎക്കു ഇടക്കെല്ലാം രണ്ടു കൊപെക്കുവീതം കൈക്കൂലികൊടുക്കും

പണമുണ്ടാക്കാനുള്ള ഈ ശ്രമത്തിൽ കുട്ടികളായ ഞങ്ങൾ വലിയ ചങ്ങാതികളായി കഴിഞ്ഞുകൂടി. ചിലപ്പോൾ ഞങ്ങൾ കലഹിച്ചെങ്കിലും ഒരിക്കലും ഞങ്ങൾ അടികലശലിൽ ഏൎപ്പെട്ടില്ല.

"പ്രാവ്" ഞങ്ങളെ സമാധാനിപ്പിക്കും ഞങ്ങളെ സമാധാനിപ്പിക്കുവാൻ പററുന്ന വാക്കുകൾ അവൻ എപ്പോഴും കണ്ടുപിടിക്കും. അവൻെറ വാക്കുകൾ ലളിതമാണ്. എന്നാൽ ആ വാക്കു

കരം കേട്ടാൽ ഞങ്ങരംക്കു ആശ്ചര്യവും ലജ്ജയും തോന്നും. യാസ് കാണിക്കാറുള്ള ചെററത്തരങ്ങരം മനസ്സിലായാലും "പ്രാവിന്നു" ക്രോധംവരികയില്ല. മോശമായ സകലത്തിനേയും നിരുപയോഗമായി അവൻ വ്യാഖ്യാനിക്കും.

"നീ എന്തിനാണ് അങ്ങിനെ ചെയ്തത്?" അവൻ ചോദിക്കും. ആ ചോദ്യം കേട്ടാൽ എല്ലാവക്കും അവൻെറ വാക്കുകളുടെ അത്ഥമില്ലായ്മ ബോദ്ധ്യപ്പെട്ടും.

അവൻ അവൻെറ അമ്മയെ "ഈ മോഢോവിയക്കാരി" എന്നാണ് പറയുക. അങ്ങിനെ അമ്മയെ വിളിക്കുന്നതിൽ എന്തു രസമാണ് ഉള്ളതെന്നു ഞങ്ങരംക്കു മനസ്സിലായില്ല.

"ഇന്നലെ രാത്രി എൻെറ ഈ മോഢോവിയക്കാരി, നനഞ്ഞു വീർത്തുംകൊണ്ടാണ് വീട്ടിൽ വന്നത്." അവൻ ചിരിച്ചുംകൊണ്ടു പറഞ്ഞു. അവൻെറ കണ്ണുകരം പ്രകാശിച്ചു. "അവർ വാതിൽക്കൽവന്നുവീണു. അവിടെത്തന്നെ കിടന്നുംകൊണ്ടു പാട്ടുപാടാൻ തുടങ്ങി. കിഴവിയായ പീടക്കോഴി!"

"അവർ എന്താണ് പാടിയത്?" ചക്ക കാര്യത്തിൽ ചോദിച്ചു. "പ്രാവ്" തുടമേൽ താളമടിച്ചുംകൊണ്ടു ഒരു പാട്ടുപാടി.

അങ്ങിനെയുള്ള കുറെ പാട്ടുകരം അവന്നു് അറിയാമായിരുന്നു. അവയെല്ലാം അവൻ വഴിക്കുവഴിയായി വളരെ ആവേശത്തോടുകൂടി പാടുകയുംചെയ്തു.

"അതെ" അവൻ തുടന്നു. അവർ അവിടെത്തന്നെ കിടന്നുറങ്ങിപ്പോയി. വാതിൽ അടക്കാൻ കഴിയാത്തതുകൊണ്ടു ഞാൻ ശീതംപിടിച്ചു വിറച്ചുപോയി. അവരെ അകത്തേക്കു വലിച്ചിഴച്ചു കൊണ്ടുപോകാനും എനിക്കു കഴിഞ്ഞില്ല. ഇന്നു രാവിലെ ഞാൻ അവരോടു പറഞ്ഞു "നിങ്ങരം എന്തിനാണ് ഇത്ര അധികം

കടിക്കുന്നത്?'' ''അതുകൊണ്ടു തരക്കേടില്ല.'' അവർ മറുപടി പറഞ്ഞു. ''കുറച്ചുകൂടി ക്ഷമിച്ചുകളയു. ഞാൻ വളരെക്കഴിയാതെ മരിച്ചുപോകും.''

"ശരിയാണ്, അവരുടെ ദേഹപ്രകൃതി കണ്ടാൽ, അവർ ഇനി അധികകാലം ജീവിച്ചിരിക്കുകയില്ലെന്നു ആക്കും മനസ്സിലാകും." ചക്ക് തൻെറ അഭിപ്രായം പ്രകടിപ്പിച്ചു.

"നിനക്കു അപ്പോഠം ദുഃഖം തോന്നുകയില്ലേ?'' ഞാൻ ചോദിച്ചു.

"തീച്ചയായും." പ്രാവ് വളരെ ആശ്ചര്യത്തോടെ പറഞ്ഞു. "അവർ എനിക്കൊരു നല്ല അമ്മയായിരുന്നു."

ആ സ്ത്രീ ''പ്രാവിനെ" അടിക്കാറുണ്ടായിരുന്നെങ്കിലും അവർ ഒരു നല്ല സ്ത്രീയാണെന്നു ഞങ്ങഠം മനസ്സിലാക്കി. സമ്പാദ്യം കുറഞ്ഞുപോകുന്ന ദിവസങ്ങളിൽ ചക്ക് പറയും.

"നമ്മളോരോരുത്തരും ഓരോ കൊപ്പെക്കെടുത്തു പ്രാവിൻെറ അമ്മക്കുവേണ്ടി വോഡ്ക വാങ്ങാം. അല്ലെങ്കിൽ അവർ അവനെ കലശലായി പ്രഹരിക്കും."

ചക്കും എനിക്കും മാത്രമെ എഴുതാനും വായിക്കാനും വശമുണ്ടായിരുന്നുള്ളു. ഇതിനെക്കുറിച്ചു പ്രാവിന്നു ഞങ്ങളോടസൂയ തോന്നി.

''എൻെറ ഈ മോഡീവിയക്കാരി മരിച്ചാൽ'' അവൻ തൻെറ ചുണ്ടെലിയുടെതുപോലുള്ള ചെവി പിടിച്ചുവലിച്ചുംകൊണ്ടു പറയും. ''ഞാനും സ്കൂളിൽപോകും. ഞാൻ അദ്ധ്യാപകൻെറ കാലിൽ ചുംബിച്ചുംകൊണ്ടു എന്നെ പഠിക്കാൻ അനുവദിക്കേണമെന്നപേക്ഷിക്കും. പഠിച്ചുകഴിഞ്ഞാൽ ഞാൻ മെത്രാൻെറ തോട്ടക്കാരനാകും അല്ലെങ്കിൽ സാർചക്രവത്തിയുടെ തോട്ടക്കാരനാകും."

ആ വസന്തത്തിൽ ''പ്രാവി''ൻെറ അമ്മ മരിച്ചു. മരത്തടികൾ അട്ടിവെച്ചതു മറിഞ്ഞുവീണ് അതിന്നുള്ളിൽപെട്ടാണ് ആ സ്ത്രീ മരണമടഞ്ഞതു. ഒരു പള്ളി പണിയിക്കുവാൻ പണം ശേഖരിക്കുകയായിരുന്ന ഒരു കിഴവനും ആ അത്യാഹിതത്തിൽപെട്ടു മരിച്ചു. പ്രാവിൻെറ അമ്മ മരിക്കുമ്പോഴും കയ്യിൽ ഒരു കുപ്പി വോഡ്ക പിടിച്ചിട്ടുണ്ടായിരുന്നു-ആ സ്ത്രീയെ ആസ്പത്രിയിലേക്കു കൊണ്ടുപോയി. ചക്ക് "പ്രാവി"നോടു പറഞ്ഞു.

''നീ എൻെറ കൂടെ താമസിച്ചോളു. അച്ഛൻ നിനക്കു അക്ഷരങ്ങൾ പഠിപ്പിച്ചുതരും."

ഒരുദിവസം "പ്രാവ്" ഒരു പീടികയുടെ മുമ്പിൽനിന്നു.

"പചലരക്കു പീടിക" അവൻ വായിച്ചു, അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ചു.

"പല ചരക്കു പീടിക! അണ്ടിമൂക്കാ!'' ചക്ക് തെററുതീൎത്തു കൊടുത്തു.

''എനിക്കറിയാം. പക്ഷെ എനിക്കു അക്ഷരങ്ങൾ സ്ഥാനം മാറിത്തോന്നുകയാണ്. അക്ഷരങ്ങൾ കറങ്ങിക്കൊണ്ടിരിക്കുകയാണ്. അവ വായിക്കുന്നതു ഒരു വലിയ ആനന്ദമാണ്.''

വൃക്ഷങ്ങളോടും പുല്ലുകളോടും "പ്രാവി''ന്നുണ്ടായിരുന്ന സ്നേഹം ഞങ്ങളെ ആശ്ചര്യപ്പെടുത്തി.

ഞങ്ങളുടെ വാസസ്ഥലം ഒരു പൂഴിപ്രദേശമായിരുന്നു. അതുകൊണ്ടു അവിടവിടെ ചില കുററിച്ചെടികൾ മാത്രമെ കാണാനുണ്ടായിരിക്കയുള്ളു. ചിലേടത്തു കുറെ പുല്ലുകൾ മുളച്ചുകാണാനുണ്ടായിരിക്കും. ഞങ്ങളാരെങ്കിലും ഈ പുല്ലിന്മേൽ ഇരുന്നുപോകയാണെങ്കിൽ, ''പ്രാവ്'' ഞങ്ങളെ കലശലായി ശകാരിക്കും.

"നിങ്ങളെന്തിനാണ് പുല്ലു ചീത്തയാക്കിക്കളയുന്നതു? നിങ്ങൾക്കു പൂഴിയിൽ ഇരുന്നാൽപോരെ, എവിടെയെങ്കിലും ഇരിക്കണമെന്നല്ലേയുള്ളൂ''

അവൻ കാൺകെ ഏതെങ്കിലും ഒരു ചെടിയുടെ കൊമ്പു മുറിക്കാനോ, ഇല നുള്ളിയെടുക്കാനോ ഞങ്ങളാരും ധൈര്യപ്പെട്ടു കയില്ല.

"നിങ്ങൾ എന്തിന്നു എപ്പോഴും ചെടികൾ നശിപ്പിക്കുന്നു? ചെകുത്താന്മാരെ!'' അവൻ വെറുപ്പോടെ ചുമലിളക്കിയുംകൊണ്ടു ചോദിക്കും.

അവൻെറ ഈ ആവേശം ഞങ്ങളെ വല്ലാതെ ലജ്ജിപ്പിച്ചു.

ഞങ്ങൾ കാണുന്നിടത്തുനിന്നെല്ലാം പഴയ ചെരിപ്പുകൾ ശേഖരിച്ചുവെക്കും. ശനിയാഴ്ച, താത്തരിക്കാർ ആ വഴിക്കു പോകുമ്പോൾ, ഞങ്ങൾ അവരുടെ നേരെ, ഈ പഴയചെരിപ്പുകൾ വലിച്ചെറിയും. ആദ്യമൊക്കെ അവർ ക്രോധിച്ചു ഞങ്ങളുടെ പിന്നാലെ ഓടി. എന്നാൽ വളരെക്കഴിയാതെ അവരും ഈ തമാശയിൽ പങ്കെടുക്കുവാൻ തുടങ്ങി. ഞങ്ങളുടെ ആക്രമണത്തെ പ്രതീക്ഷിച്ചുംകൊണ്ടു അവരും ചെരിപ്പുകൾ കരുതിയുംകൊണ്ടാണ് വരിക. ഒന്നുരണ്ടു പ്രാവശ്യം അവർ ഞങ്ങൾ ഒളിപ്പിച്ചുവെച്ച "വെടിക്കോപ്പുകൾ" കൈവശപ്പെടുത്തി. ഞങ്ങളിതിൽ കഠിനമായി പ്രതിഷേധിച്ചു.

"അതു കളിയിൽ പററാത്തതാണ്.''

അവർ ചെരിപ്പുകൾ പങ്കുവെച്ചുകൊണ്ടു ഞങ്ങളോട് യുദ്ധത്തിന്നു വന്നു. സാധാരണയായി തുറന്നസ്ഥലത്താണ് അവർ സ്ഥാനമുറപ്പിക്കുക. ഞങ്ങൾ ചെരിപ്പുകൾ എറിയുമ്പോൾ അവർ ചുററിത്തിരിഞ്ഞു നൃത്തംവെക്കും. അവരുടെ ഏറുകൊണ്ട് ഞങ്ങളിലാരെങ്കിലും മൂക്കുകുത്തി മറിഞ്ഞുവീണാൽ അവരെല്ലാം പൊട്ടിച്ചിരിച്ചു ബഹളംകൂട്ടും.

ചിലപ്പോൾ ഈ "സമരം" ഇരുട്ടാകുന്നതുവരെ തുടൎന്നുപോകും. കച്ചവടക്കാർ ഞങ്ങളുടെ ഈ "പരാക്രമങ്ങൾ'' മനസ്സിലാക്കി,

മര്യാദയുടെ പേരിൽ ഞങ്ങളെ കുററപ്പെടുത്തും. കറുത്ത പക്ഷികളെപ്പോലെ ചെരിപ്പുകൾ അങ്ങോട്ടുമിങ്ങോട്ടും പറന്നുകൊണ്ടിരിക്കും. ചിലപ്പോൾ ഞങ്ങളിൽ ആക്കെങ്കിലും നല്ല കണക്കിൽ ഏററുകൊള്ളുകയുംചെയ്യും. കളിയുടെ തമാശയിൽ വേദന മറന്നുകളയുവാൻ ഞങ്ങൾക്കു പ്രയാസംതോന്നിയില്ല.

താത്തരികൾക്കും ഇതിൽ വലിയ തമാശതോന്നിയിരിക്കണം. യുദ്ധം അവസാനിച്ചാൽ അവർ ഞങ്ങളെ വീട്ടിലേക്കു ക്ഷണിക്കും. ഞങ്ങൾക്കു അവർ കുതിരയിറച്ചിയും പച്ചക്കറികൾകൊണ്ടുണ്ടാക്കിയ ചില പദാത്ഥങ്ങളും തിന്നാൻതരും. ചായയും അണ്ടിയപ്പവും വേണ്ടുവോളം കിട്ടും. ശക്തന്മാരായ ഈ താത്തരികളെ ഞങ്ങൾക്കു വലിയ ഇഷ്ടമായിരുന്നു. അവരിൽ ഓരോ ആളും മററെ ആളെക്കാൾ ശക്തനാണെന്നുതോന്നും. അവരുടെ പെരുമാററത്തിൽ കൂട്ടിത്തമാണ് മുന്തിനില്ക്കാറുള്ളത്. അവർ അന്യോന്യം ഒരിക്കലും കോപിച്ചില്ലെന്നുള്ളതിൽ എനിക്കു വലിയ ആശ്ചര്യം തോന്നി. അവർ എപ്പോഴും ദയകാണിക്കുകയും വളരെ സ്നേഹത്തോടെ പെരുമാറുകയുംചെ`.

താത്തരികൾ കണക്കില്ലാതെ ചിരിക്കും. അവർ കണ്ണിൽനിന്നു വെള്ളം ഒഴുകുന്നതുവരെ ചിരിക്കും. ഒരു ദിവസം അവരിൽ ഒരാൾ ഇരുപത്തേഴുപൂഡുതൂക്കമുള്ള ഒരു വലിയ പള്ളിമണി പുഴക്കരയിലോളം ഏകനായി എടുത്തുകൊണ്ടുപോയി. അയാൾ ഒരിക്കൽ "പ്രാവി''നെ ഉള്ളംകയ്യിലിരുത്തി ആകാശത്തിലേക്കുപൊക്കി.

''ആകാശത്തിൽ പാത്തുകൊള്ളു!" അയാൾ പറഞ്ഞു.

മഴയുള്ള ദിവസങ്ങളിൽ ഞങ്ങൾ, യാസിന്റെ വീട്ടിൽ ഒത്തുചേരും. അവനും അവന്റെ അച്ഛനും ശവപ്പറമ്പിന്നടുത്താണ് താമസിച്ചിരുന്നത്. അവന്റെ അച്ഛന്റെ കൈകൾ വളരെ നീളമുണ്ട്. തലയിൽ ഇടതൂർന്നു വളരുന്ന മുടിയുമുണ്ട്. അയാൾ

മഞ്ഞനിറത്തിലുള്ള തൻെറ കണ്ണുകഠം പകുതി ചിമ്മിയുംകൊണ്ടു പിറുപിറുക്കും.

"ദൈവം നമ്മെ രക്ഷിക്കട്ടെ."

ഞങ്ങഠം കുറച്ചു ചായയും പഞ്ചസാരയും അപ്പവും വോഡ്കയും യാസിൻെറ അച്ഛന്നു സമ്മാനിച്ചു.

"സമാവർ ശരിപ്പെടുത്തു" ചക്ക കല്പിക്കും.

യാസിൻെറ അച്ഛൻ ഈ കല്പന ചിരിച്ചുംകൊണ്ടു് അനുസരിക്കും. വെള്ളം തിളച്ചുകൊണ്ടിരിക്കെ, ഞങ്ങഠം പലതിനെക്കുറിച്ചും സംസാരിച്ചുകൊണ്ടിരിക്കും. അയാഠം ഞങ്ങളെ ഉപദേശിക്കും.

"നോക്കു, മററന്നാഠം രസ്സോവ്‌വീട്ടിൽ ഒരു ചാവടിയന്തരം ഉണ്ടു്. ധാരാളം എല്ലിൻകഷണങ്ങഠം പെറുക്കാനുണ്ടായിരിക്കും."

"രസോവ്‌വീട്ടിലെ വെപ്പുകാരി സാധാരണ എല്ലുകഠം ശേഖരിക്കാറുണ്ടു്." സവ്വജ്ഞനായ ചക്ക കടന്നുപറഞ്ഞു.

"കാട്ടിൽ പോകാൻ ഒക്കുന്ന കാലാവസ്ഥയാണ് വരാൻ പോകുന്നതു്." പുറമെ ശവപ്പറമ്പിൽ നോക്കിയുംകൊണ്ടു "പ്രാവ്" പ്രവചിച്ചു.

യാസ് വളരെ കുറച്ചുമാത്രമെ സംസാരിക്കയുള്ളൂ. അവൻ സങ്കടത്തോടുകൂടി ഞങ്ങളെ നോക്കിക്കൊണ്ടിരിക്കും. അവൻ കുപ്പത്തൊട്ടികളിൽനിന്നും പെറുക്കിയെടുത്ത ചില കളിക്കോപ്പുകഠം ഞങ്ങളെ കാണിച്ചു. ഒരു പട്ടാളക്കാരൻെറ മരംകൊണ്ടുള്ള പ്രതിമ, കാലില്ലാത്ത ഒരു കുതിര, കുറെ കുടുക്കിൻകഷണങ്ങഠം, പിച്ചളത്തകിടുകഠം ഇവയെല്ലാം അവൻ സൂക്ഷിച്ചുവെച്ചിട്ടുണ്ടായിരുന്നു.

യാസിൻെറ അച്ഛൻ പഴയ കോപ്പുകഠം മേശമേൽ നിരത്തി. അദ്ദേഹം സമാവർ എടുത്തുകൊണ്ടുവന്നു. കോസ്ട്രോമ ചായ

ഒഴിച്ചു. കിഴവൻ വോഡ്ക കുടിച്ചു അടുപ്പിൻതട്ടിൽ കയറി ഇരുന്നു. അയാരം ഒരു മൂങ്ങയെപ്പോലെ ഞങ്ങളെ നോക്കി.

"നിങ്ങളെല്ലാം നശിച്ചുപോകട്ടെ! നിങ്ങരം മനുഷ്യരാണോ? ഫൂ—ഒരുകൂട്ടം കള്ളന്മാർ—ദൈവം നമ്മെ രക്ഷിക്കട്ടെ."

"ഞങ്ങരം കള്ളന്മാരല്ല." "പ്രാവ്" പ്രതിഷേധിച്ചു.

"ചെറിയ കള്ളന്മാർ—എങ്ങിനെ?'' യാസിൻെറ അച്ഛനെ ക്കൊണ്ടു ഞങ്ങരംക്ക പൊറുതിമുട്ടിയാൽ ചക്ക് അയാളോടു തട്ടി ക്കയറും.

"മിണ്ടാതിരിക്കു, കുഗ്രാമിയായ "മൂഴിക്കെ!''

അയാരം ആ പ്രദേശത്തു ആക്കെല്ലാം രോഗമുണ്ടെന്നും, ആരാണ് ആദ്യം മരിക്കാൻപോകുന്നതെന്നും കണക്കുകൂട്ടും. എനിക്കും, ചക്കിനും, പ്രാവിന്നും ഇതുകേരംക്കുമ്പോരം ക്ഷമനശിക്കും. അയാരം എപ്പോഴും നാവുകൊണ്ടു ചുണ്ടുകരം നനച്ചുകൊണ്ടിരിക്കും. ഞങ്ങരംക്ക അയാളുടെ വാക്കുകരം കേരംക്കുന്നതു ഇഷ്ടമാകുന്നില്ലെന്നു കണ്ടാൽ അയാരം ഞങ്ങളെ കൂടുതൽ പ്രകോപിക്കുവാൻ ശ്രമിക്കും

"ആഹാ! നിങ്ങരംക്ക ഭയംതോന്നുന്നു, അല്ലെ. തടിച്ച ഒരു മനുഷ്യൻ അടുത്തു മരിക്കാനുണ്ട്—എന്നാലും കുറെ ദിവസങ്ങരം കഷ്ടപ്പെടേണ്ടിവരുമെന്നാണ് തോന്നുന്നത്.''

ഞങ്ങരം അയാളെ തടയാൻ ശ്രമിക്കും. എന്നാൽ അയാളെ സംഭാഷണത്തിൽനിന്നും വിരമിപ്പിക്കുവാൻ ഞങ്ങരംക്ക സാധിക്കു കയില്ല.

"നിങ്ങളുടെ ഊഴവും എത്തിപ്പോയി. വളരെക്കാലമൊന്നും കുപ്പത്തൊട്ടികളിൽനിന്നും കൊട്ടിൻകഷണങ്ങരം പെറുക്കിയെടുത്തു ജീവിതം നയിക്കുവാൻ സാധിക്കുമെന്നു കരുതേണ്ട.''

"ശരി, ഞങ്ങരം മരിച്ചുകൊള്ളാം. എന്നാൽ ഞങ്ങരം ദൈവദൂതന്മാരായി ഉയർത്തപ്പെടും'' പ്രാവ് മറുപടിപറയും.

''നിങ്ങളെയോ? ദൈവദൂതന്മാരായിട്ടോ?'' യാസിൻെറ അച്ഛൻ ആശ്ചര്യത്തോടെ പൊട്ടിച്ചിരിച്ചു. പിന്നെ അദ്ദേഹം അറപ്പുതോന്നിക്കുന്നവിധത്തിൽ ശവത്തെപ്പററി വിവരിച്ചുപറയും. അയാറം ഞങ്ങളെ വല്ലാതെ ഭയപ്പെടുത്തും.

ചിലപ്പോറം അയാറം, ഒരു വല്ലാത്ത സ്വരത്തിൽ, അസാധാരണമായി എന്തെല്ലാമോ വാക്കുകറം ഉരുവിട്ടുംകൊണ്ടിരിക്കും.

"നോക്കൂ, പിള്ളരെ, മിനിഞ്ഞാന്നു ഞാൻ ഒരു സ്ത്രീയെ മറവുചെയ്തു. ഞാൻ അവളെക്കുറിച്ചുള്ള എല്ലാ രഹസ്യങ്ങളും മനസ്സിലാക്കി. നിങ്ങറം എന്തുപറയുന്നു?"

അയാറം എപ്പോഴും സ്ത്രീകളെക്കുറിച്ചാണ് സംസാരിക്കുക. വളരെ അശ്ലീലമായ ഭാഷയിൽ—ചില സംശയങ്ങറംക്കു പരിഹാരം കാണാൻ അയാറം ഞങ്ങളോടപേക്ഷിക്കുകയാണെന്നു തോന്നും. അയാളുടെ കഥകറം ഞങ്ങറം ശ്രദ്ധിച്ചുകേറംക്കും. നിർത്തി നിർത്തിയുംകൊണ്ടാണ് അയാറം സംസാരിക്കുക. ഇടക്ക് ഞങ്ങളോട് ചോദ്യങ്ങറം ചോദിക്കും. അയാറം ഉപയോഗിക്കാറുള്ള ചില വാക്കുകറം ഞങ്ങളുടെ ഓർമ്മയിൽ മുള്ളുപോലെ തറച്ചു നിൽക്കും.

"ആരാണ് തീവെച്ചത്?" അവർ അവളോടു ചോദിച്ചു. ''ഞാൻ" അവറം പറഞ്ഞു. "അതെങ്ങിനെ? വിഡ്ഢി? അന്നു രാത്രി നീ ആസ്പത്രിയിലായിരുന്നില്ലെ?"

"ഞാനാണ് തീവെച്ചത്" എന്നവറം ആവർത്തിച്ചുംകൊണ്ടിരുന്നു. അവറം എന്തിനാണ് അങ്ങിനെ പറഞ്ഞത? ദൈവം നമ്മെ രക്ഷിക്കട്ടെ!''

ആ ശവപ്പറമ്പിൽ അയാറം കഴിച്ചിട്ടു എല്ലാ ആളുകളുടെയും ജീവചരിത്രം അയാറംക്കറിയാം. രാത്രി മുഴുവനും സംസാരിച്ചു കഴി

ക്കവാൻ അയാാംക്ക കഴിയും. എന്നാൽ ഇരുട്ടിന്നു കട്ടിക്കൂടുന്നതോ ടുകൂടി ചക്ക് എഴുന്നേററുനിന്നു പറയും.

"ഞാൻ വീട്ടിലേക്കു പോകുന്നു. അമ്മ പരിഭ്രമിക്കുന്നുണ്ടായി രിക്കും. ആരൊക്കെയാണ് എൻെറ കൂടെ വരുന്നതു?"

ഞങ്ങാം എല്ലാവരും അവൻെറ കൂടെ പോകും. വേലിവ രെക്കും യാസ് ഞങ്ങളെ അനുഗമിക്കും. പിന്നെ അവൻ പടിയ ടച്ചുംകൊണ്ടു ഞങ്ങളോടു യാത്രപറയും.

അവനെ ഒററക്കു ശവപ്പറമ്പിന്നരികെ വിട്ടുപോകുന്നതിൽ ഞങ്ങാംക്കു കുണ്ഠിതം തോന്നി. ഒരുദിവസം കോസ്ട്രോമാ തിരി ഞ്ഞുനിന്നുംകൊണ്ടു പറഞ്ഞു.

"ഒരു പ്രഭാതത്തിൽ നാം ഉണൎന്നെഴുന്നേല്ക്കുമ്പോാം അവൻ മരിച്ചുപോയതായിക്കാണാം."

യാസിൻെറ ജീവിതം ഞങ്ങളുടെതിനേക്കാാം കഷ്ടതരമായി രിക്കണമെന്നു ചക്ക് അഭിപ്രായപ്പെട്ടു. എന്നാൽ "പ്രാവ്" ഇതി നോടു യോജിച്ചില്ല.

"നമ്മളാരുംതന്നെ കഷ്ടപ്പെട്ട ഒരു ജീവിതമല്ല നയിക്കുന്നതു" അവൻ അവകാശപ്പെട്ടു.

ഞാനും അവനോടു യോജിച്ചു. ഞാൻ തെരുവിൽ ഞങ്ങാം നയിച്ച ആ സ്വതന്ത്രമായ ജീവിതം ഇഷ്ടപ്പെട്ടു. ഞാൻ എൻെറ സഖാക്കളെ ഉള്ളഴിഞ്ഞു സ്നേഹിച്ചു. അവരുടെ സാഹചര്യം എന്നെ ആവേശംകൊള്ളിച്ചു. എല്ലാവിധത്തിലും അവരെ സഹായിച്ചു കൊണ്ടിരിക്കണമെന്നു ഞാൻ ആശിച്ചു.

വീണ്ടും സ്കൂളിൽ എനിക്കു ചില വിഷമതകളെ നേരിടേണ്ടി വന്നു. കുട്ടികാം എന്നെ "പൊറുക്കി" എന്നും "കുപ്പച്ചിള്ളി" എന്നും

വിളിക്കാൻ തുടങ്ങി. എന്നെ ചളിനാറുന്നുണ്ടെന്നും എൻെറ അടുത്തിരിക്കാൻ സാദ്ധ്യമല്ലെന്നും അവർ അദ്ധ്യാപകനോടാവലാതിപ്പെട്ടു. ഇതെന്നെ എങ്ങിനെയെന്നില്ലാതെ വേദനിപ്പിച്ചു. അതിൽ പിന്നെ സ്കൂളിലേക്കു പോകുകയെന്നതു ഒരു വലിയ പ്രശ്നമായിത്തീൎന്നു. കുട്ടികളുടെ ഈ ആക്ഷേപം ഒരു വെറും കണ്ടുപിടുത്തം മാത്രമായിരുന്നു. ഞാൻ ദിവസേന രാവിലെ വൃത്തിയായി കുളിക്കും. സാധനങ്ങൾ പെറുക്കാൻ പോകുമ്പോൾ ധരിക്കുന്ന വസ്ത്രങ്ങൾ ഞാൻ സ്കൂളിൽപോകുമ്പോൾ ഒരിക്കലും ധരിക്കാറുണ്ടായിരുന്നില്ല.

ഒടുക്കം ഞാൻ മൂന്നാംതരം പാസ്സായി. അധികം മാൎക്കുനേടിയതിന്നു സമ്മാനമായി ഒരു ബഹുമതി സൎട്ടിഫിക്കെററ, ഒരു ബൈബിൾ, ക്രൈലോവിൻെറ കഥകൾ എന്ന ഒരു പുസ്തകം, "ഫതാമോർഗാനാ" എന്നു പേരുള്ള മറെറാരു പുസ്തകം ഇവയെല്ലാം എനിക്കു ലഭിച്ചു. ഈ സാധനങ്ങളെല്ലാം വീട്ടിൽ കൊണ്ടുചെന്നപ്പോൾ അച്ഛ[illegible]ന്നു വലിയ സന്തോഷംതോന്നി എന്നെപ്പററി വലിയ മതിപ്പുംതോന്നി. ആ പുസ്തകങ്ങളെല്ലാം സൂക്ഷിച്ചുവെക്കേണ്ടതാണെന്നും അദ്ദേഹത്തിൻെറ പെട്ടിയിൽ ഭദ്രമായി അടച്ചുവെക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. കുറെദിവസമായി അമ്മമ്മക്കു സുഖമില്ലായിരുന്നു. അതുകൊണ്ടു അവരുടെ കയ്യിൽ പണം തീരെ ഉണ്ടായിരുന്നില്ല. വീട്ടുചിലവുകളെക്കുറിച്ചു അപ്പാപ്പൻ പിറുപിറുത്തുംകൊണ്ടിരുന്നു.

"നിങ്ങൾ എന്നെ മുടിക്കും—നിങ്ങൾ എൻെറ പണം മുഴുവൻ തിന്നു നശിപ്പിക്കും."

ഞാൻ എനിക്കു സമ്മാനം കിട്ടിയ പുസ്തകങ്ങളെല്ലാം ഒരു പുസ്തകഷാപ്പിൽകൊണ്ടുപോയി വിററു. എല്ലാംകൂടി അമ്പത്തഞ്ചു കൊപെക്കു വിലകിട്ടി. ഞാൻ ഈ പണം അമ്മമ്മക്കു കൊണ്ടുപോയികൊടുത്തു. എൻെറ സൎട്ടിഫിക്കെററിൽ കുറെയെല്ലാം കുത്തിവ

രഞ്ഞു അതു അപ്പാപ്പനെ ഏല്പിച്ചു. ഞാൻ വരഞ്ഞിട്ടതൊന്നും നോക്കാതെ അദ്ദേഹം അതു സൂക്ഷിച്ചുവെക്കുകയും ചെയ്തു.

സ്കൂൾ പൂട്ടിയപ്പോൾ എന്റെ ചങ്ങാതികളോടൊപ്പമുള്ള തെരുവിലെ ജീവിതത്തിൽ ഞാൻ ആകണ്ഠം മുഴുകി. എനിക്കാ ജീവിതം ഏററവും ആകൎഷകമായിത്തോന്നി. ഞങ്ങൾക്കു അധികം പൈസ്സകിട്ടാനും തുടങ്ങി. ഞായറാഴ്ചകളിൽ ഞങ്ങളെല്ലാം ചേൎന്നു കാട്ടിലും വയലിലും അലഞ്ഞുനടക്കും. വൈകുന്നേരം മാത്രമെ മടങ്ങുകയുള്ളു. അപ്പോൾ ഞങ്ങൾ വല്ലാതെ ക്ഷീണിച്ചു പരവശരായിത്തീൎന്നിട്ടുണ്ടായിരിക്കും എന്നാൽ ഓരോ ദിവസം കഴിയുന്തോറും ഞങ്ങളുടെ മൈത്രി ദൃഢതരമായിത്തീൎന്നു.

ഈ ജീവിതവും വളരെ നാളുകൾ നിലനിന്നില്ല. എന്റെ ചിററച്ഛന്നു ജോലി വീണ്ടും നഷ്ടപ്പെട്ടു. അയാൾ നാടുവിട്ടുപോയ്ക്കളഞ്ഞു അമ്മയും എന്റെ അനുജൻ നിക്കൊലായിയും ഞങ്ങളോടൊപ്പം താമസിക്കുവാൻ വന്നു. അമ്മമ്മ അപ്പോൾ പണക്കാരനായ ഒരു കച്ചവടക്കാരന്നു ഒരു തട്ടം തുന്നിയുണ്ടാക്കാൻ അയാളുടെ വീട്ടിൽ താമസിക്കുകയായിരുന്നു. അതുകൊണ്ടു നിക്കൊലായിയെ ശുശ്രൂഷിക്കേണ്ടതായ ഭാരം ഞാൻ ഏല്ക്കേണ്ടിവന്നു.

അമ്മ രോഗംപിടിച്ചു നന്നെ ക്ഷീണിച്ചിരുന്നു. അവൾക്ക് നടക്കാൻതന്നെ വിഷമമായിരുന്നു. കുട്ടിയാണെങ്കിൽ ചൊറിയും ചുരങ്ങും പിടിച്ചു വൃത്തികേടായിരിക്കുന്നു; കരയാൻപോലും ശക്തിയില്ല. വിശപ്പുതോന്നുമ്പോൾ അവൻ വളരെ പതിഞ്ഞസ്വരത്തിൽ നിലവിളിക്കും; വിശപ്പില്ലാത്തപ്പോൾ, തളൎന്നുകിടന്നു, മയങ്ങിയുറങ്ങി ഒരു പൂച്ചക്കുട്ടിയെപ്പോലെ "ബർ-ബർ'' എന്നു ശബ്ദം പുറപ്പെടുവിക്കും.

"അവന്നു ആരോഗ്യമുണ്ടാകാൻ, നല്ല ഭക്ഷണമാണാവശ്യം— എന്നാൽ നിങ്ങളെയെല്ലാം തീററാൻ ആവശ്യമായ പണത്തിന്നു

ഞാൻ എവിടെയാണ് പോകേണ്ടത്?" ഒരു ദിവസം അച്ഛാച്ഛൻ കുട്ടിയെ നല്ലപോലെ പരിശോധിച്ചശേഷം അഭിപ്രായപ്പെട്ടു.

"അവന്നു ഇനി വളരെയൊന്നും നിങ്ങറം കൊടുക്കേണ്ടതായി വരികയില്ല" അമ്മ നെടുവീർപ്പിട്ടുംകൊണ്ടു പറഞ്ഞു.

"ഇവന്നു വളരെയൊന്നും വേണ്ട–അവന്നും വളരെയൊന്നും വേണ്ട–എല്ലാവക്കുംകൂടി ധാരാളംവേണം........"

അദ്ദേഹം കൈവീശി, അറപ്പുതോന്നിയപോലെ പറഞ്ഞു. ഉടനെ അദ്ദേഹം എന്നോടു കല്പിച്ചു.

"നിക്കൊലായിയെ വെയിൽകൊള്ളിക്കണം. പൂഴിയുടെ ചൂടേൽപിക്കണം. അതു ചൊറിപോകാൻ നല്ലതാണ്—"

ഞാൻ ചാക്കമെടുത്തു വെളിയിൽപോയി കുറെ പൂഴി കൊണ്ടു വന്നു — ജനലിന്നുതാഴെ വെയിൽ നല്ലപോലെ വീഴുന്ന ഒരു സ്ഥലത്തു അതു ഞാൻ വൃത്തിയായി വിതറി. കുട്ടിയെ ഞാൻ പൂഴിയിൽ കൊണ്ടുപോയി കിടത്തി. കുട്ടിക്കതു വളരെ ഇഷ്ടമായി. അവൻ കോങ്കണ്ണിട്ടു എന്നെ ആശ്ചര്യത്തോടെ നോക്കി. അവൻെറ കണ്ണുകറം, കരിമിഴിപോലും തികച്ചും നീലനിറമാണെന്നു എനിക്കു തോന്നി.

എനിക്കെൻെറ അനുജനെ വലിയ ഇഷ്ടമായിരുന്നു. അവന്നു എൻെറ വിചാരങ്ങളെല്ലാം മനസ്സിലായി എന്നു ഞാൻ ധരിച്ചു. ഞാൻ വളരെനേരം അവൻെറ അരികെ ഇരിക്കും. അച്ഛാച്ഛൻ പറയുന്നതെല്ലാം ജനലിൽക്കൂടി എനിക്കു കേറംക്കാൻ കഴിയും.

"മരിക്കാൻ വലിയ ബുദ്ധിശക്തിയൊന്നും ആവശ്യമില്ല. ജീവിക്കേണ്ടതെങ്ങിനെയാണെന്നു് അറിയുമെങ്കിൽ........"

ഉടൻകൊണ്ടു അമ്മ വളരെനേരം ചുമച്ചുകൊണ്ടിരിക്കുന്നതു കേറംക്കാം.

നിക്കൊലായി തലയാട്ടിയുംകൊണ്ടു അവൻെറ ചെറുകൈകഠം എൻെറ നേരെ നീട്ടി. അവൻെറ തലമുടി നേരിയതായിരുന്നു; വെള്ളിനിറത്തിലുമായിരുന്നു. അവൻെറ മുഖം കണ്ടാൽ വളരെ പ്രായം മതിക്കും. ബുദ്ധിശക്തിയുടെ വിളനിലമാണെന്നും തോന്നും.

ഒരു പൂച്ചയോ, കോഴിക്കുട്ടിയോ അടുത്തുവന്നാൽ നിക്കൊലായി അതിനെ സൂക്ഷിച്ചുനോക്കും. പിന്നെ എന്നെ നോക്കി പുഞ്ചിരിയിടും. ഈ പുഞ്ചിരി എന്നെ വല്ലാതെ അലട്ടും. അവൻെറ അടുത്തിരുന്നു എനിക്കു മടുപ്പുതോന്നിയിരിക്കയാണെന്നു അവൻ വിചാരിക്കുന്നുണ്ടോ, ആവോ? തെരുവിൽ എൻെറ ചങ്ങാതികളോടൊപ്പം കളിക്കുവാൻ ഞാൻ വെമ്പുകയാണെന്നു അവൻ മനസ്സിലാക്കിയിരിക്കണം.

മുററം വളരെ ചെറുതായിരുന്നു. അഴുക്കുകഠം നിറഞ്ഞുനിൽക്കുകയുമാണ്. വീട്ടിൻെറ പിൻഭാഗംതൊട്ടു പടിവാതിൽക്കൽ വരെ ചെറിയ ചാപ്പകളും മററു കെട്ടിടങ്ങളും ഉണ്ട്. വീട്ടിൻെറ മേൽത്തട്ടിൽ മരക്കഷണങ്ങളും മററു സാധനങ്ങളും ശേഖരിച്ചുവെച്ചിരിക്കുന്നു. ഈ മരക്കഷണങ്ങഠം പുഴക്കരയിൽനിന്നും ഞാൻ കട്ടുകൊണ്ടുവന്ന എൻെറ സമ്പാദ്യമായിരുന്നു. കുറെ പലകക്കഷണങ്ങഠം മുററത്തും കിടക്കുന്നുണ്ട്. വെയിൽതട്ടി ഒ‍ു വല്ലാത്തമണം ഈ മരക്കഷണങ്ങഠം പുറപ്പെടുവിക്കുന്നു.

അയൽപക്കത്തു ഒരു കാക്കാണിയാണ്. എല്ലാ ദിവസവും രാവിലെ കന്നുകുട്ടികളുടേയും ആടുകളുടേയും കരച്ചിൽ കേഠക്കാം. രക്തത്തിൻെറ മണം വായുവിൽ നിറഞ്ഞുനില്ക്കുന്നുണ്ടായിരിക്കും.

മഴകൊണ്ടുള്ള വെട്ടുകളേററു മൃഗങ്ങളുടെ നിലവിളി നിലക്കുമ്പോഠം നിക്കൊലായി പുരികംചുളിച്ചു ചുണ്ടുകഠം പൂട്ടി, ആ മൃഗങ്ങളെപ്പോലെ അതേ കരച്ചിലുകഠം പുറപ്പെടുവിക്കാൻ ശ്രമിക്കും.

ഉച്ചക്ക അച്ഛാച്ഛൻ ജനലിൽക്കൂടി തലനീട്ടി എന്നോടു വിളിച്ചുപറയും "മുത്താഴം."

അച്ഛാച്ഛൻ നിക്കൊലായിയെ മടിയിൽ കിടത്തും. ഭക്ഷണ പദാർത്ഥങ്ങൾ തൻെറ വായിലിട്ടു ചവച്ചു പതംവരുത്തി, കുട്ടിയുടെ വായിൽ തുപ്പിക്കൊടുക്കും. അങ്ങിനെ കുറച്ചുനേരം കുട്ടിയെ തീററിയശേഷം കുട്ടിയുടെ കുപ്പായം വലിച്ചുനേരെയാക്കി, അവനെ പൊക്കിപ്പിടിച്ചുംകൊണ്ടു പറയും.

"മതിയോ? അതോ കുറച്ചുകൂടി വേണമോ?''

"അവൻ അപ്പത്തിന്നു കൈനീട്ടുകയാണെന്നു കാണുന്നില്ലേ?" ഇരുട്ടിൽ ഒരു മൂലയിൽ കിടന്നേടത്തുനിന്നും അമ്മ ആവലാതിപ്പെട്ടു.

"മതിയായി എന്നു കുട്ടിക്ക പറയാൻ കഴിയുമോ?"

അച്ഛാച്ഛൻ ഒരുരുളകൂടി കുട്ടിയുടെ വായിൽ കുത്തിത്തിരുകി. ഇങ്ങിനെ കുട്ടിയെ തീററുന്നതു കാണുമ്പോൾ എനിക്ക ലജ്ജ തോന്നും. എന്തോ എൻെറ തൊണ്ടയിൽ വന്നുവീഴുന്നതായെനിക്ക തോന്നും.

"ശരി'' ഒടുവിൽ അച്ഛാച്ഛൻ പറയും ''അവനെ അമ്മയുടെ അടുക്കെക്കൊണ്ടുപോകൂ."

ഞാൻ നിക്കൊലായിയെ പൊക്കിയെടുക്കുമ്പോൾ, അവൻ നിലവിളിച്ചു മേശയുടെ നേരെ ചൂണ്ടും. ക്ഷീണിച്ചു പരവശയായിക്കിടക്കുന്ന എൻെറ അമ്മ, അസ്ഥിമാത്രമായ തൻെറ കരങ്ങൾ നീട്ടിയുംകൊണ്ടു കുട്ടിയെ വാങ്ങി അവരുടെ അരികിൽ കിടത്തും.

അമ്മ അധികമൊന്നും സംസാരിക്കാതായി. അവർ പറയുന്ന ചുരുക്കം വാക്കുകളാകട്ടെ മാറിന്നുള്ളിൽനിന്നും പ്രയാസപ്പെട്ടു വലിച്ചെടുക്കുകയാണെന്നു തോന്നും. അവർ പകൽ മുഴുവനും ഒരു മൂലയിൽ തളർന്നുകിടക്കും. അമ്മ മരിച്ചുകൊണ്ടിരിക്കുകയാണെന്നു എനിക്കുബോദ്ധ്യമായി. ഇടക്കിടെ മരണത്തെക്കുറിച്ചുള്ള തത്വങ്ങൾ

പറഞ്ഞുംകൊണ്ടു അച്ഛാച്ഛൻ അക്കാര്യം എന്നെ ഓൎമ്മപ്പെടുത്തുക യാണെന്നെനിക്കുതോന്നി. വൈകുന്നേരം എന്തോ ചീത്തമണം അകത്തേക്കടിച്ചുകയറുമ്പോഠം, അദ്ദേഹം മരണത്തെക്കുറിച്ചുമാത്ര മെ പറയുകയുള്ളു.

അച്ഛാച്ഛന്റെ കട്ടിൽ പ്രതിമകഠം വെച്ചിരുന്ന മൂലയിൽ ആയിരുന്നു. ജനലിന്നുനേരെ തലവെച്ചുംകൊണ്ടാണ് അദ്ദേഹം ഉറങ്ങുക ഉറങ്ങുന്നതിന്നുമുമ്പു അദ്ദേഹം തന്നത്താൻ പറയും.

"ശരി, മരിക്കുവാനുള്ള സമയമായാൽ സ്രഷ്ടാവിന്നു നമ്മളെ ക്കാണുമ്പോഠം തമാശതോന്നും. നാം എന്തു പറയും? ഞാൻ ജീവകാലം മുഴുവനും അദ്ധ്വാനിച്ചുകൊണ്ടിരുന്നിട്ടുണ്ട്. എപ്പോ ഴും എന്തെങ്കിലും ജോലിയിൽ ഏൎപ്പെട്ടുകൊണ്ടിരുന്നിട്ടുണ്ട്. എന്നി ട്ടു കാര്യമെന്താണ്?"

ഞാൻ അടുപ്പിൻതട്ടിന്നും ജനലിന്നും മദ്ധ്യേ തറയിലാണ് കിടന്നിരുന്നത്. വളരെ കുറച്ചു സ്ഥലംമാത്രമെയുള്ളു. കാലുകഠം അടുപ്പിൻതട്ടിന്റെ ഉള്ളിലേക്കു നീട്ടേണ്ടിവരും. ക്ഷുറകഠം കാലി ന്മേൽക്കൂടി ഇഴയുന്നുണ്ടായിരിക്കും.

എന്നാൽ അവിടെ കിടന്നുംകൊണ്ടു എനിക്കു പല സംഗതി കളും മനസ്സിലാക്കാൻ കഴിഞ്ഞു. ഭക്ഷണം പാകംചെയ്യാൻ ശ്രമിക്കെ, അച്ഛാച്ഛൻ കോപ്പകളും കലങ്ങളും പൊളിക്കും. വിറ കിന്റെ അററംതട്ടി ജനലിന്റെ കണ്ണാടിച്ചില്ലുകഠം പൊളിഞ്ഞു പോകും. അത്രയൊക്കെ സമൎത്ഥനാണെന്നു ഞാൻ ധരിച്ചിരുന്ന അച്ഛാച്ഛന്നു ഇങ്ങിനെയുള്ള വിഡ്ഢിത്തങ്ങഠം പററുന്നതുകാണുമ്പോഠം എനിക്കു തമാശതോന്നും.

ഒരുദിവസം അടുപ്പത്തു എന്തോ തിളച്ചുകൊണ്ടിരിക്കെ അദ്ദേ ഹം കലത്തിനു തട്ടിപ്പോയി. കലം താഴെവീണു പൊളിഞ്ഞു. നിൎഭാഗ്യകരമായ എന്തോ സംഭവിച്ചതുപോലെ, അദ്ദേഹം തറ യിലിരുന്നു കരഞ്ഞു.

"ദൈവമെ! ദൈവമെ!"

ആഗസ്തുമാസം ഒരു ഞായറാഴ്ച അമ്മ മരിച്ചു. ചിററപ്പൻ തിരിച്ചുവന്നശേഷം അയാൾക്കു ഒരു ജോലികിട്ടിയിരുന്നു. സ്റ്റേഷന്നടുത്തു അയാൾ താമസിച്ചിരുന്ന ഒരു മുറിയിലേക്കു, അപ്പാപ്പനും നിക്കൊലായിയും മാറിത്താമസിക്കുന്നുണ്ടായിരുന്നു. കുറച്ചുദിവസത്തിന്നുള്ളിൽ അമ്മയും അവിടേക്കു പോകേണമെന്നായിരുന്നു തീരുമാനിച്ചിട്ടുണ്ടായിരുന്നതു്. അമ്മ മരിച്ചുപോയ ദിവസം രാവിലെ, അവർ എന്നോടു വളരെ ശക്തികുറഞ്ഞ സ്വരത്തിൽ, പറയുകയുണ്ടായി.

"നീ പോയി, യവ്ജനിവേസിലേവിക്കിനെ എനിക്കു കാണേണമെന്നു പറയൂ."

അവർ കൈകുത്തിയെഴുന്നേററു ചുമരിൽ ചാരിയിരുന്നു.

"വേഗം ഓടൂ" അവർ തലയിണയിൽ ചാഞ്ഞുവീണുംകൊണ്ടു് തുടർന്നു.

അവർ ചിരിക്കുകയാണെന്നു ഞാൻ വിചാരിച്ചു. അവരുടെ കണ്ണുകളിൽ ഒരു പുതിയ പ്രകാശംവീശി. ചിററപ്പൻ പള്ളിയിൽ പ്രാത്ഥിക്കാൻ പോയിരിക്കയായിരുന്നു. ഞാൻ അയാളെ വിവരം അറിയിച്ചു. അമ്മമ്മ എന്നെ കുറച്ചു പൊടിവാങ്ങാൻ ഏല്പിച്ചിരുന്നു. പൊടി തയ്യാറില്ലാതിരുന്നതുകൊണ്ടു് പൊടി പൊടിച്ചുണ്ടാക്കുന്നതുവരെ ഞാൻ കാത്തിരിക്കേണ്ടിവന്നു.

ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അമ്മ നല്ല വൃത്തിയുള്ള ഉടുപ്പുകളുടുത്തു മേശക്കരികെ ഇരിക്കുന്നതായിട്ടാണ് കണ്ടതു. അവരുടെ തലമുടി ഭംഗിയായി ചീകിവെച്ചിരിക്കുന്നു. സൌന്ദര്യ്യവും അഭിമാനവും തുളുമ്പുന്ന അവരുടെ ആ നോട്ടം എന്നെ അത്യധികം ആനന്ദിപ്പിച്ചു.

"സുഖം തോന്നുന്നുണ്ടോ?" ഞാൻ ചോദിച്ചു.

എനിക്കു വല്ലാത്ത ലജ്ജ തോന്നിയതു എന്തുകൊണ്ടാണെന്നു മനസ്സിലായില്ല.

"ഇവിടെ വാ!" എനിക്കു ഭയംതോന്നിക്കുന്ന ഒരു നോട്ടത്തോടെ അമ്മ എന്നോടു കല്പിച്ചു. "നീ ഇത്രനേരം എവിടെയാണു് തെണ്ടിയതു്?"

ഞാൻ മറുപടി പറയുന്നതിന്നുമുമ്പായി അവർ എന്നെ മുടിക്കുപിടിച്ചിഴച്ചു, മേശമേൽനിന്നും ഒരു നീളമുള്ള പേനക്കത്തി വലിച്ചെടുത്തു കത്തിയുടെ വീതിയുള്ള അലകുകൊണ്ടു എന്നെ പ്രഹരിച്ചു. കത്തി കയ്യിൽനിന്നും വീണുപോകുന്നതുവരെ അവർ എന്നെ അടിച്ചുംകൊണ്ടിരുന്നു.

"അതിങ്ങെടുക്കു, ഇങ്ങോട്ടുതരൂ''.

ഞാൻ പേനക്കത്തിയെടുത്തു മേശപ്പുറത്തുവെച്ചു. അമ്മ എന്നെ തള്ളിയിട്ടു. ഞാൻ അടുപ്പിൻതട്ടിൽ കയറി അവർ ചെയ്യാൻപോകുന്നതെന്താണെന്നു ഭയത്തോടെ നോക്കിയിരുന്നു.

അമ്മ കസേലയിൽനിന്നെഴുന്നേററു. സാവധാനം മൂലയിലേക്കു നടന്നു. കിടക്കയിൽവീണു മുഖത്തുനിന്നു വിയപ്പു തുടച്ചു. അവരുടെ കൈകൾ ലാക്കില്ലാതെ തപ്പിക്കളിച്ചു. ഒടുക്കം അവർ തളൎന്നു. തലയിണയിന്മേൽ തലവെച്ചു നിശ്ചലമായിക്കിടന്നു.

''കുറച്ചു വെള്ളം!" അമ്മ ആവശ്യപ്പെട്ടു. ഞാൻ ഒരു കോപ്പയിൽ വെള്ളം കൊണ്ടുവന്നു. വളരെ വിഷമിച്ചു കൈകുത്തി നിവൎന്നിരുന്നു അവർ കുറച്ചു വെള്ളം കുടിച്ചു. തണുപ്പുകേറിയ കൈകൊണ്ടു എന്നെ ഒരു ഭാഗത്തേക്കു തള്ളി; ദീൎഘമായൊന്നു നിശ്വസിച്ചു. അവർ പ്രതിമകളെ നോക്കി, എന്നെ നോക്കി, പുഞ്ചിരിയിടാനെന്നപോലെ ചുണ്ടുകൾ അനക്കി. പിന്നെ സാവധാന

ത്തിൽ കണ്ണടച്ചു. അവർ കൈമുട്ടുകൾ ദേഹത്തോടടുപ്പിച്ചുവെച്ചിരിക്കുന്നു. കൈപ്പടം മാറത്തും കണ്ഠത്തിലും ഉയർത്തിക്കൊണ്ടിരിക്കുന്നു. അവരുടെ മുഖത്തു ഇരുട്ടുവ്യാപിച്ചു. മുഖത്തുള്ള തോൽ ചുളുങ്ങുന്നതായിത്തോന്നി. മൂക്കിന്നു നീളം കൂടി എന്തോ ആശ്ചര്യം തോന്നിയപോലെ വായതുറന്നു. എന്നാൽ അവരുടെ ശ്വാസം പുറത്തേക്കു വന്നില്ല

കോപ്പ കയ്യിൽ പിടിച്ചുംകൊണ്ടു ഞാൻ വളരെ കൊല്ലങ്ങളോളം അവിടെ നില്ക്കുകയായിരുന്നു എന്നെനിക്കുതോന്നി. എൻെറ അമ്മയുടെ മുഖം വിറങ്ങലിച്ചു ചാരനിറമായി മാറുന്നതു ഞാൻ കണ്ടു.

അച്ഛാച്ഛൻ മുറിയിൽ പ്രവേശിച്ചു.

"അമ്മ മരിച്ചുപോയി." ഞാൻ പറഞ്ഞു.

"നീ എന്തിനാണ് കളവുപറയുന്നതു?" അമ്മ കിടന്നേടത്തേക്കു നോക്കിയുംകൊണ്ടദ്ദേഹം ചോദിച്ചു.

അദ്ദേഹം അടുപ്പിന്നടുത്തുചെന്നു എന്തോ ചെയ്തുകൊണ്ടിരുന്നു. അമ്മ മരിച്ചുപോയെന്ന പരമാർത്ഥം അദ്ദേഹം മനസ്സിലാക്കുന്നതും കാത്തുകൊണ്ടു ഞാൻ അവിടെത്തന്നെനിന്നു.

ചിററപ്പനും എത്തി. അദ്ദേഹം നല്ല ഉടുപ്പുകളും തൊപ്പിയും ധരിച്ചിരിക്കുന്നു. അദ്ദേഹം സാവധാനം ഒരു കസേല നീക്കി അമ്മയുടെ കിടക്കക്കരികെ ചെന്നിരിക്കാൻ ഭാവിച്ചു. പെട്ടെന്നയാൾ കസേല നിലത്തിട്ടുകളഞ്ഞു—ഒരു കാഹളം വിളിക്കുംപോലെ അദ്ദേഹം പരിഭ്രമത്തോടെ പറഞ്ഞു.

"അവൾ മരിച്ചുപോയി. നോക്കു!"

കയ്യിൽ ഒരു വിറകുകൊള്ളിയും പിടിച്ചു മിഴിച്ചുനോക്കിയുംകൊണ്ടു അച്ഛാച്ഛൻ കിടക്കക്കരികെ ഓടിയെത്തി.

അമ്മയുടെ ശവക്കുഴിയിൽ പൂഴികോരിയിട്ടുംകൊണ്ടിരിക്കെ, അമ്മമ്മ മററു ശവക്കല്ലറകളുടെ ഇടയിൽ നടന്നുംകൊണ്ടിരുന്നു.

അവർ ഒരു കുരിശിനോടു തട്ടിമറിഞ്ഞു വീണു. അവക്കു മുഖത്തു ചെറിയ ഒരു മുറിപററി.

യാസിൻെറ അച്ഛൻ അവരെ അയാളുടെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. മുറി കഴുകിക്കെട്ടുത്തുകൊണ്ടിരിക്കെ അയാറം അമ്മമ്മയെ സമാധാനിപ്പിച്ചു.

"ദൈവം നമ്മെ രക്ഷിക്കട്ടെ! നിങ്ങറംക്കു എന്തുപററി? ഇങ്ങിനെയൊന്നും ദുഃഖിക്കരുതു. ശരിയല്ലേ ഞാൻ പറയുന്നതു? ധനികനും ദരിദ്രനും എല്ലാവരും മണ്ണോടുചേരും. ഞാൻ പറയുന്നതു ശരിയല്ലേ? അച്ഛമ്മേ!"

അയാറം ജനലിൽക്കൂടി പുറത്തേക്കു നോക്കി. പെട്ടെന്നു വെളിയിലേക്കോടി. അയാറം "പ്രാവി"നെയുംകൂട്ടി ചിരിച്ചുംകൊണ്ടു മുറിയിലേക്കു വന്നു.

"ഇതു നോക്കു" പൊട്ടിയ ഒരു കുതിരമുള്ള കാണിച്ചുംകൊണ്ടു കിഴവൻ പറഞ്ഞു. "എന്തൊരു ഭാഗ്യം! ഞാനും "പ്രാവും"കൂടി ഇതു നിനക്കു സമ്മാനിക്കാം. ആ ചെറിയ ചക്രം നോക്കു, ഏതോ ഒരു പട്ടാളക്കാരൻെറ കാലിൽനിന്നും വീണുപോയതാണ്, തീച്ച. "പ്രാവി"നോടു ഞാൻ അതു വിലക്കുവാങ്ങാൻ വിചാരിക്കുകയായിരുന്നു. ഞാൻ രണ്ടുകൊപെക്കു അതിന്നു വിലപറഞ്ഞു.

"നിങ്ങളെന്തിനാണ് കളവുപറയുന്നതു?" "പ്രാവ്" ക്രോധത്തോടെ ചോദിച്ചു. യാസ്സിൻെറ അച്ഛൻ വിട്ടില്ല.

"പ്രാവിൻെറ" ശൌര്യം കണ്ടോ? അവൻ അങ്ങിനെയൊന്നും പിന്മാറുകയില്ല. അവനാണ് നിനക്കു ഈ സമ്മാനം തരുന്നതു ഞാനല്ല. അവൻ."

അമ്മമ്മയുടെ മുറി കഴുകി വൃത്തിയാക്കിയശേഷം അവിടെ ഒരുറുമാൽ ചുററിക്കെട്ടി അവർ വീട്ടിലേക്കു പുറപ്പെട്ടു. അവർ എന്നെ വിളിച്ചു. ഞാൻ പോകാൻ കൂട്ടാക്കിയില്ല. ചാവടിയന്ത

രത്തിന്നു കുടിയും കലഹവും ഉണ്ടായിരിക്കുമെന്നു എനിക്കറിയാമായിരുന്നു. ഞങ്ങൾ പള്ളിയിൽനിന്നും മടങ്ങിവരുമ്പോൾ മൈക്കേലമ്മാമൻ യാക്കോവമ്മാമനോടു പറയുന്നതു ഞാൻ കേട്ടു.

"ശരി, നമുക്കിന്നു വേണ്ടുവോളം കുടിക്കണം."

"പ്രാവ്" എന്നെ ചിരിപ്പിക്കുവാൻ ശ്രമിച്ചു. കുതിരമുള്ള താടിമേൽവെച്ചു അവൻ അതു നാവുകൊണ്ടു തൊടാൻ ശ്രമിച്ചു. യാസിൻെറ അച്ഛൻ കുരുതിക്കുട്ടി പൊട്ടിച്ചിരിച്ചു.

"അവൻ ചെയ്യുന്നതു നോക്കു, നോക്കു."

ഇതൊന്നും എന്നെ രസിപ്പിക്കുന്നില്ലെന്നു കണ്ടപ്പോൾ, അയാൾ ഗൌരവത്തോടെ പറഞ്ഞു.

"മതി, മതി. കുറച്ചൊക്കെ ധൈര്യം വേണം. ആരും മരിക്കാതെയില്ല. പക്ഷികൾപോലും മരിച്ചുപോകും. വേണമെങ്കിൽ ഞാൻ നിൻെറ അമ്മയുടെ ശവക്കുഴിയിന്മേൽ, പുൽത്തകിടുകൾ പിടിപ്പിച്ചു ഭംഗിയാക്കാം. പോരെ? വയലിൽപോയി, നീയും, "പ്രാവും" ഞാനും കൂടി പുൽത്തകിടുകൾ ശേഖരിക്കും. എൻെറ യാസ്സും നമ്മളോടൊപ്പം വരാതിരിക്കയില്ല. നമുക്കെല്ലാംകൂടി ശവക്കുഴിയുടെ മേൽഭാഗം മോടിപിടിപ്പിക്കാം. ഇവിടെ അത്ര നല്ല ഒരു ശവക്കുഴി വേറെ ഉണ്ടാകരുതു."

ഇതെനിക്കിഷ്ടമായി. ഞങ്ങളെല്ലാം വയലിലേക്കു പോയി.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ അച്ഛാച്ഛൻ എന്നോടു പറഞ്ഞു.

"അലക്സേയി, നീ എൻെറ കഴുത്തിൽ തൂങ്ങുന്ന ഒരാഭരണമൊന്നുമല്ല. ഇനി നിനക്കിവിടെ സ്ഥാനമില്ല. ഇനി ഈ വിസ്തൃതമായ ലോകത്തേക്കു നീ ഇറങ്ങേണ്ടിയിരിക്കുന്നു.

അങ്ങിനെ ഞാൻ ഉപജീവനമാർഗ്ഗം തേടിയുംകൊണ്ടു ഈ പരന്ന ലോകത്തിലേക്കിറങ്ങി.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M08 NAI-K Acc. No. 82501

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M108
NAI-K

82501

നായർ, കെ. കെ.

കുട്ടിക്കാലം

KOTTAYAM PUBLIC LIBRARY

Call No M08 Acc. No [illegible]501

Author നായർ, കെ.കെ

Title കുട്ടിക്കാലം.

Indic Digital Archive Foundation

gpura.org